# മാധ്യമപഠനം

**COURSE CODE: M21ML01DE**

Discipline Specific Elective Course
Postgraduate Programme in
Malayalam Language and Literature



SELF LEARNING MATERIAL

SREENARAYANAGURU
OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# മാധ്യമപഠനം

Course Code: M21ML01DE

Semester - III

## Discipline Specific Elective Course
## Postgraduate Programme
## Malayalam Language and Literature
## Self Learning Material

SGOU

SREENARAYANAGURU OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

 മാധ്യമപഠനം
**Course Code: M21ML01DE**
**Discipline Specific Elective Course**
**MA Malayalam**
**Semester - III**

വിദ്യകൊണ്ട് സ്വതന്ത്രരാവുക
SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-967271-2-3
9 788196 727123

# DOCUMENTATION

## Academic Committee

Prof. Dr. V. A Valsalan
Prof. Dr. R. B. Sreekala
Dr. T. Anithakumary
Dr. Santhosh Manichery
Dr. Rajani N.
Dr. Santhoshkumar T. K.
Dr. Ajith G. Krishna
Prof. Thomas Thamarassery

## Development of the Content

S. A. Shujad, Deepam S.

## Review

Content : Prof. Thomas Thamarassery, Prof. Reghunathan Pillai G.
Format : Dr. I. G. Shibi
Linguistics : S. A. Shujad

## Edit

Prof. Thomas Thamarassery, Prof. Reghunathan Pillai G.

## Scrutiny

Dr. Jaya R. S., Deepam S.

## Co-ordination

Dr. I. G. Shibi and Team SLM

## Design Control

Azeem Babu T. A.

## Cover Design

Jobin J.

## Production

March 2024

## Copyright

© Sreenarayanaguru Open University 2024

YouTube

# MESSAGE FROM VICE CHANCELLOR

Dear

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum 'access and quality define equity'. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India. His name is a reminder for us to ensure quality in the delivery of all academic endeavours.

Sreenarayanaguru Open University rests on the practical framework of the popularly known "blended format". Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities. The PG programme in Malayalam Language and Literature is benchmarked with similar programmes of other state universities in Kerala. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

The University is committed to provide you stimulating learning experience. The Self Learning Materials have been drawn up with a very clear prescription. It recognizes the autonomy of an adult learner and a journey through the treasures of the curriculum structured with provisions for interactive learning, interrogative reflections on the content and didactic discussion through illustrative scenarios. The University takes a strong position that the learner is to be engaged in a dialogue with the content and the materials are shaped to elicit reflections in the form of questions. The questions of the learner are considered to be the vital milestones in the pedagogy of the system of the University as well as the trajectory of the learner's progression. I would like to request you to bestow your personal attention in generating questions after having an intense dialogue with the content, as it has connection with the internal assessment.

Feel free to write to us about anything that you feel relevant regarding the academic programme.

Wish you the best.

Regards,
Dr. P. M. Mubarak Pasha 01.03.2024

# CONTENTS


**Block-01** വിനിമയവും ബഹുജന സമ്പർക്കമാധ്യമങ്ങളും 01

**Block-02** അച്ചടിമാധ്യമങ്ങളും സന്ദേശനിർമ്മിതിയും 71

**Block-03** ഇലക്ട്രോണിക് മാധ്യമങ്ങളും വിനിമയത്തിന്റെ രാഷ്ട്രീയവും 110

**Block-04** നെറ്റ്‌വർക്ക് മാധ്യമങ്ങളും ഡിജിറ്റൽ പൊതുമണ്ഡലവും 146

# വിനിമയവും ബഹുജന സമ്പർക്കമാധ്യമങ്ങളും

## BLOCK-01

SGOU

Unit 1

# വിനിമയവും ബഹുജന സമ്പർക്കമാധ്യമങ്ങളും

## Learning Outcomes

- പത്രങ്ങളുടെ ആദ്യരൂപമായ ന്യൂസ് ലെറ്ററുകൾ പ്രസിദ്ധീകരിച്ചതിന്റെ ചരിത്രം വിശദമാക്കുന്നു
- ലോകത്ത് ആദ്യമായി അച്ചടി രംഗത്ത് വന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുന്നു
- രാജ്യത്തെ ഭരണകൂടങ്ങൾക്കെതിരെ ശക്തമായ നിലപാടെടുത്ത പത്രങ്ങളെ വിലക്കിയ സംഭവം വിശദീകരിക്കുന്നു
- ആധുനിക ഇലക്ട്രോണിക് യുഗത്തിന്റെ പ്രവാചകനായ മാർഷൽ മക് ലൂഹന്റെ സിദ്ധാന്തങ്ങൾ വിവരിക്കുന്നു
- ഹോട്ട് ആൻഡ് കൂൾ മീഡിയ ആശയം എന്താണെന്ന് വിശദമാക്കുന്നു
- പോപ്പ് ആർട്ട് ഇന്റലെക്ചലിസം വിമർശിക്കപ്പെട്ടതിന്റെ കാരണങ്ങൾ വിശദീകരിക്കുന്നു
- ടെലിവിഷൻ സംപ്രേഷണം ജനങ്ങളുടെ മുന്നിൽ എത്തിയ സാഹചര്യം വിശദീകരിക്കുന്നു
- ജനങ്ങൾക്ക് ഒഴിവാക്കാൻ പറ്റാത്ത ദൃശ്യമാധ്യമമായി ടെലിവിഷൻ മാധ്യമം മാറിയത് എങ്ങനെ എന്ന് വിശദീകരിക്കുന്നു
- ഘട്ടംഘട്ടമായി കണ്ടുപിടിക്കപ്പെട്ട ടെലിവിഷൻ സാങ്കേതികവിദ്യ ഇന്നത്തെ നിലയിൽ എത്തിയത് എങ്ങനെയെന്ന് വിശദീകരിക്കുന്നു
- ജോൺ എൽ ബയേർഡ് ടെലിവിഷൻ കണ്ടുപിടിത്തത്തിൽ വഹിച്ച പങ്ക് വിശദപഠനത്തിന് വിധേയമാക്കുന്നു

## Background

ഇന്ത്യയിൽ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഉടലെടുത്ത പത്രപ്രവർത്തനത്തിന്റെ ചരിത്രം തുടങ്ങുന്നത് പതിനാറാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തിലാണ്. കയ്യെഴുത്ത് പ്രതിയിൽ തുടങ്ങിയ പത്രപ്രവർത്തനത്തിന്റെ ചരിത്രം വിപ്ലവകരമായ വഴിയിലൂടെ ഇന്ന് ഡിജിറ്റൽമീഡിയയിൽ എത്തിനിൽക്കുകയാണ്. ചൈനയിലാണ് ലോകത്തെ ആദ്യത്തെ പത്രം ആരംഭിക്കുന്നത്. 'പെക്കിങ് ഗസറ്റ്' എന്നായിരുന്നു ആദ്യത്തെ വൃത്താന്തപത്രത്തിന്റെ നാമധേയം. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾവരെ ഈ പത്രം നിലനിന്നിരുന്നു. തുടർന്ന് റോമാസാമ്രാജ്യത്തിലും ജർമ്മനിയിലും ഫ്രാൻസിലും ഇംഗ്ലണ്ടിലും ന്യൂസ് ലെറ്റർ എന്നപേരിൽ പത്രങ്ങൾ നിലവിലുണ്ടായിരുന്നു.

മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ ആകെ വാണിജ്യവികസനം ശക്തി പ്രാപിച്ചു. അന്യനാടുകളുമായുള്ള വ്യാപാരബന്ധം അഭിവൃദ്ധിപ്പെട്ടു. വിദേശരാജ്യങ്ങളിലെ കച്ചവടസാധ്യതകളെക്കുറിച്ചും വാണിജ്യ ആവശ്യങ്ങൾക്കായി യാത്ര ചെയ്ത വ്യക്തികളെക്കുറിച്ചുമുള്ള പൂർണ്ണവിവരങ്ങൾ അറിയേണ്ടത് അനിവാര്യമായി. അങ്ങനെയാണ് ന്യൂസ് ലെറ്ററുകൾ അവശ്യഘടകമായി മാറുന്നത്. ഇതേ മാതൃകയിലുള്ള ന്യൂസ് ലെറ്ററുകൾ ഇന്ത്യയിലും വ്യാപിക്കാൻ തുടങ്ങി. ഇന്ത്യയിലെ പ്രഥമസാമ്രാജ്യമായ മൗര്യരാജവംശം ദൂരദേശങ്ങളിൽ നടക്കുന്ന സംഭവവികാസങ്ങൾ രാജകൊട്ടാരത്തിൽ അറിയിക്കുന്നതിനായി രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ നിയമിതരായിരുന്ന ഭരണാധികാരികളെയും സൈന്യങ്ങളെയും, കൂടാതെ പ്രജകളെയും രാജകല്പനകളും ശാസനങ്ങളും അറിയിക്കുന്നതിനായി ന്യൂസ് ലെറ്ററുകൾ ഉപയോഗിച്ചിരുന്നു. മുഗൾ സാമ്രാജ്യകാലത്ത് ന്യൂസ് ലെറ്റർ സമ്പ്രദായം ശക്തമായി ഉപയോഗിക്കപ്പെട്ടു. ഈ കാലയളവിൽ അത് കൂടുതൽ പരിഷ്കരിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് സഞ്ചാരിയായ നിക്കോള മനൂച്ചി ചില വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയിൽ ആദ്യമായി പത്രം ആരംഭിച്ചത് ബംഗാളിൽ നിന്നായിരുന്നു. മലയാളത്തിലെ ആദ്യത്തെ പത്രം 'രാജ്യസമാചാരം' തലശ്ശേരിയിൽ നിന്നാണ് പ്രസിദ്ധീകരിച്ചിരുന്നത്. കേരളത്തിൽ സ്ത്രീകൾ മാധ്യമരംഗത്തേക്ക് വ്യാപകമായി കടന്നുവന്നത് ഇരുപതാംനൂറ്റാണ്ടിൻെറ അവസാനദശകത്തോടെയായിരുന്നു. 1847 ജൂണിൽ രാജ്യസമാചാരം അച്ചടി ആരംഭിച്ചെങ്കിലും 1850-ൽ അടച്ചുപൂട്ടി. പശ്ചിമോദയം പത്രം 1847നും 1857നും ഇടയ്ക്ക് അച്ചടി തുടർന്നു. ക്രിസ്ത്യൻ മിഷനറികളായിരുന്നു മതമൂല്യങ്ങൾ പ്രചരണലക്ഷ്യമാക്കി ആദ്യകാല പത്രങ്ങൾ പ്രചരിപ്പിച്ചത്. 1848 ൽ പ്രസിദ്ധീകരിച്ച ജ്ഞാനനിക്ഷേപം അത്തരത്തിലൊന്നാണ്. 1937 സെപ്റ്റംബർ 30-ാം തീയതിയോടെയാണ് തിരുവനന്തപുരത്ത് ഒരു റേഡിയോനിലയം സ്ഥാപിക്കാൻ തിരുവിതാംകൂർ രാജാവ് അനുമതി നല്കിയത്. സാംസ്കാരികമായ വിനിമയോപാധിയായി മാറിയ ഈ ജനകീയ മാധ്യമം വളരെ വേഗം പടർന്ന് പന്തലിച്ചു. 1936 ൽ ടെലിവിഷൻ കണ്ടുപിടിച്ചെങ്കിലും കേരളത്തിലേക്ക് എത്തിപ്പെടാനായി പിന്നെയും ദശകങ്ങൾ കാത്തിരിക്കേണ്ടിവന്നു.

## Keywords

ആശയവിനിമയ പ്രക്രിയ - വിനിമയ മാധ്യമങ്ങൾ- ഗുട്ടൻബർഗും അച്ചടിയന്ത്രവും - അച്ചടി വിനിമയവും വിവിധ ഘട്ടങ്ങളും - പത്രം - ഇലക്ട്രോണിക് മാധ്യമങ്ങൾ - വിവരസാങ്കേതിക വിദ്യയും മാധ്യമങ്ങളും - സമൂഹമാധ്യമങ്ങൾ - മാധ്യമങ്ങൾ വിനിമയം ചെയ്യുന്ന സാംസ്കാരിക രാഷ്ട്രീയം - മാധ്യമങ്ങളും പോസ്റ്റ്ട്രൂത്തും

## Discussion

### വിനിമയം

സംസ്കാരവുമായി ബന്ധപ്പെട്ട പഠനമാണ് വിനിമയം. പൊതുവേ ആശയവിനിമയം എന്ന തലത്തിലാണ് ഈ പദം ഉപയോഗിക്കുന്നത്. സൈദ്ധാന്തികമായ വിനിമയത്തിന് വിവിധ അർത്ഥതലങ്ങളുണ്ട്. 'വിശേഷേണ നിമയം' ആണ് വിനിമയം. നിമയം എന്നാൽ കൈമാറ്റം എന്നർത്ഥം. ഒന്നു കൊടുത്തു മറ്റൊന്നുവാങ്ങൽ അല്ലെങ്കിൽ പങ്കുവയ്ക്കൽ. വാക്കുകളും ഭാഷയും ചേർന്നുണ്ടാകുന്ന വെറുമൊരു പ്രതിഭാസമല്ല വിനിമയം. ഇതിനു പല തലങ്ങൾ ഉണ്ട്. ആശയതലം, സംസ്കാരതലം, സർഗ്ഗാത്മകതലം, വിജ്ഞാനതലം എന്നിവ വിനിമയോപാധികളാണ്. ശാസ്ത്രസാങ്കേതികവിദ്യയുടെ വികാസം സാധ്യമായതോടെ ഈ മേഖലയിൽ വലിയ പുരോഗതി ഇന്ന് നേടിയിട്ടുണ്ട് റേഡിയോ, ടെലിവിഷൻ, അച്ചടി, ഇന്റർനെറ്റ് തുടങ്ങി ധാരാളം മാധ്യമങ്ങൾ വിനിമയത്തിന്റെ ഭാഗമാണ്.

- സംസ്കാരവുമായി ബന്ധപ്പെട്ട പഠനമാണ് വിനിമയം

### ആശയവിനിമയപ്രക്രിയ

വാക്കുകൾ കണ്ണികളായി ചേർത്ത് അതിലൂടെ അർത്ഥസമ്പുഷ്ടമായ മുഹൂർത്തം സൃഷ്ടിക്കുന്ന പ്രക്രിയയാണ് ആശയവിനിമയം. ആശയങ്ങൾ, ചിന്തകൾ, വികാരങ്ങൾ, അഭിപ്രായങ്ങൾ എന്നിവയുടെ രൂപത്തിലുള്ള സന്ദേശം രണ്ടോ അതിലധികമോ വ്യക്തികൾക്കിടയിൽ പങ്കിടുന്ന ധാരണ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയയാണിത്.

- വ്യക്തികൾക്കിടയിൽ പരസ്പരം പങ്കിടുന്ന ധാരണ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം

പലതരം ഉപാധികളിലൂടെ ആശയവിനിമയപ്രക്രിയ പൂർത്തിയാകുന്നു. അതിൽ ഏറ്റവും മുഖ്യം ഭാഷയാണ്. ഉച്ചാരണം, ശബ്ദം വർണ്ണം, വെളിച്ചം, കൃത്രിമശബ്ദങ്ങൾ എന്നിവയും ഭാഷയ്ക്ക് പകർത്താൻ കഴിയാത്ത ഒച്ചകൾ, പ്രകൃതിയിൽനിന്നും ഉണ്ടാകുന്ന സ്വാഭാവികശബ്ദങ്ങൾ തുടങ്ങിയവയും ആശയവിനിമയോപാധികളാണ്. വളരെയേറെ വ്യാപ്തിയുള്ള പദപ്രയോഗമാണ് ആശയവിനിമയപ്രക്രിയ. മനുഷ്യരിൽ മാത്രമല്ല തിര്യക്കുകളിലും ആശയവിനിമയപ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. അവറ്റകൾ അർത്ഥസമ്പുഷ്ടമായ തരത്തിൽ ആശയവിനിമയപ്രക്രിയയിൽ പങ്കാളികളാകുന്നുണ്ട്. ഇതിനെയാണ് നാം മൃഗഭാഷ എന്ന് വിളിക്കുന്നത്. മനുഷ്യേതരജീവികളുടെ ആശയവിനിമയരീതികളെ ഭാഷയുമായി ബന്ധിപ്പിക്കാറില്ല. പക്ഷികളും മൃഗങ്ങളും ചിലയ്ക്കുമ്പോൾ ചില പ്രത്യേകശബ്ദങ്ങൾ പുറപ്പെടുവിക്കാറുള്ളത് ശ്രദ്ധയിൽപ്പെടാറുണ്ടല്ലോ. തീറ്റ കണ്ടെത്തുമ്പോഴും ശത്രുക്കൾ ആക്രമിക്കുന്ന വേളയിലും അവ ശബ്ദം സൃഷ്ടിക്കാറുണ്ട്. ശബ്ദതരംഗങ്ങളിലൂടെ അതേ വർഗ്ഗത്തിലുള്ള ജീവികൾക്ക് മാത്രമേ ആശയവിനിമയം സാധ്യമാവുകയുള്ളൂ.

- വളരെയേറെ വ്യാപ്തിയുള്ള പദപ്രയോഗമാണ് ആശയവിനിമയ പ്രക്രിയ

വിനിമയപ്രക്രിയയ്ക്ക് മൂന്ന് അടിസ്ഥാനഘടകങ്ങളാണുള്ളത്. പ്രേഷകൻ-സന്ദേശം-സ്വീകർത്താവ്. പ്രേഷകൻ അയയ്ക്കുന്നയാളാണ് പ്രേഷകനാണ് ആശയവിനിമയപ്രക്രിയയുടെ മുഖ്യഘടകം. വിനിമയ

> ▶ സന്ദേശം അയയ്ക്കുന്ന ആളും സ്വീകരിക്കുന്ന ആളും തമ്മിൽ നടത്തുന്ന പ്രക്രിയയാണ് വിനിമയം

പ്രക്രിയയുടെ ഉറവിടമായ പ്രേഷകൻ തന്റെ ഉള്ളിലുള്ള ഒരാശയം മറ്റുള്ളവരുമായി പങ്കിടാൻ ആഗ്രഹിക്കുന്നു. ആ സന്ദേശം സ്വീകരിക്കാൻ ഒരു സ്വീകർത്താവ് അവിടെ ഉണ്ടായിരിക്കണം. സന്ദേശത്തിലെ ആശയം ഗ്രഹിച്ചശേഷം അതിനുമറുപടി അയയ്ക്കാൻ അദ്ദേഹത്തിന് കഴിയണം. ഇത്തരത്തിൽ സന്ദേശം സ്വീകരിക്കുന്ന ആളിനെ സ്വീകർത്താവ് എന്ന് വിളിക്കുന്നു.

## വിനിമയ പ്രക്രിയയുടെ ഘടകങ്ങൾ

ആശയവിനിമയം എന്നത് വാക്കുകളുടെ കൈമാറ്റം മാത്രമല്ല. അത് നമ്മുടെ സാംസ്കാരിക ഘടനയുടെ പ്രതിഫലനം കൂടിയാണ്. ജീവിതത്തിന്റെ സമസ്തമേഖലകളിലും അത് വ്യാപിക്കുന്നു, നമുക്ക് ചുറ്റുമുള്ള ലോകത്തെ എങ്ങനെ നമുക്ക് ബന്ധിപ്പിക്കാനും, മനസ്സിലാക്കാനും, കഴിയുന്നു എന്നതിന്റെ കാതൽ, ആശയവിനിമയം വഴി ഭാഷയെ എങ്ങനെ മറികടക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.

> ▶ ആശയ വിനിമയം അതുല്യമായ ഉൾക്കാഴ്ചകൾ വാഗ്ദാനം ചെയ്യുന്നു

ആശയവിനിമയം പല തലങ്ങളിൽ പ്രവർത്തിക്കുന്നു. ഇത് വാക്കാലുള്ള കൈമാറ്റങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല, മറിച്ച് ആശയപരവും സാംസ്കാരികവും സർഗ്ഗാത്മകവും വൈജ്ഞാനികവുമായ മേഖലകളിലേക്ക് അത് വ്യാപിക്കുന്നു. ഓരോ ആശയവിനിമയരീതിയും മാനുഷിക അനുഭവത്തെക്കുറിച്ചുള്ള അതുല്യമായ ഉൾക്കാഴ്ചകൾ വാഗ്ദാനം ചെയ്യുന്നു. വികാരങ്ങളും ആശയങ്ങളും വിശ്വാസങ്ങളും വ്യത്യസ്തമായ രീതിയിൽ പ്രകടിപ്പിക്കാൻ അത് സാധ്യമാക്കുന്നു.

> ▶ അറിവിന്റെ വ്യാപനം സുഗമമാക്കുന്നു

ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പരിണാമം ആശയവിനിമയത്തിൽ വലിയ വിപ്ലവം തന്നെ സൃഷ്ടിച്ചു. പരസ്പരബന്ധിതമായ ഇന്നത്തെ ലോകത്ത്, റേഡിയോ, ടെലിവിഷൻ, പ്രിന്റ്, ഇന്റർനെറ്റ് തുടങ്ങിയ വിവിധ മാധ്യമപ്ലാറ്റ്ഫോമുകൾ അതിദൂരങ്ങളിലേക്കും പലതരത്തിലുള്ള പ്രേക്ഷകരിലേക്കും വിവരങ്ങൾ കൈമാറുന്നതിനുള്ള ചാലകങ്ങളായി വർത്തിക്കുന്നു. ഇവ അറിവിന്റെ വ്യാപനം സുഗമമാക്കുക മാത്രമല്ല, അർത്ഥവത്തായ ബന്ധങ്ങൾ വളർത്തുകയും സാംസ്കാരികവിഭജനം ഒഴിവാക്കുകയും ചെയ്യുന്നു.

> ▶ ആശയവിനിമയമാണ് മനുഷ്യബന്ധങ്ങളുടെയും സാമൂഹികഘടനകളുടെയും ആണിക്കല്ലായി വർത്തിക്കുന്നത്

ആശയവിനിമയം വികസിച്ചുകൊണ്ടേയിരിക്കുമ്പോൾ, അത് ആഗോളവൽക്കരിക്കപ്പെട്ട സമൂഹത്തിന്റെ സങ്കീർണ്ണതകളിലൂടെ യാത്ര ചെയ്യാൻ നമ്മെ പ്രാപ്തരാക്കുന്നു. മനുഷ്യ ഇടപെടലിനെ സാർത്ഥകമാക്കുന്നു. അതുകൊണ്ടു ആശയവിനിമയം കേവലം ഒരു ഉപകരണമല്ല; അത് പുരോഗതിക്കും പുതുമയ്ക്കും ഉതകുന്നു. അതിരുകൾക്കും തലമുറകൾക്കുമപ്പുറം നിരന്തരമായി പലതും ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നു. ആശയവിനിമയമാണ് മനുഷ്യബന്ധങ്ങളുടെയും സാമൂഹികഘടനകളുടെയും ആണിക്കല്ലായി വർത്തിക്കുന്നത്. ഫലപ്രദമായ ആശയവിനിമയത്തിലൂടെയാണ് വ്യക്തികൾ ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതും സംഘർഷങ്ങൾ പരിഹരിക്കുന്നതും സഹാനുഭൂതി വളർത്തിയെടുക്കുന്നതും. വാക്കാലുള്ളതോ അല്ലാത്തതോ ആയാലും, ആശയവിനിമയം നമ്മുടെ ധാരണകളെ രൂപപ്പെടുത്തുകയും മറ്റുള്ളവരുമായുള്ള നമ്മുടെ ഇടപെടലുകളെ സ്വാധീനിക്കുകയും ചെയ്യുന്നു.

അയയ്ക്കുന്നയാളും സ്വീകർത്താവും തമ്മിലുള്ള സന്ദേശങ്ങളുടെ സങ്കീർണ്ണമായ കൈമാറ്റമാണ് ആശയവിനിമയപ്രക്രിയ. ഫലപ്രദമായ വിനിമയം വിവരങ്ങളുടെ ധാരണ ഉറപ്പാക്കുന്നതിനു സഹായിക്കുന്നു. ഒരുമിച്ച് പ്രവർത്തിക്കുന്ന നിരവധി ഘടകങ്ങളും ഘട്ടങ്ങളും ഇതിൽ ഉൾപ്പെടുന്നു. ആശയവിനിമയപ്രക്രിയ ആരംഭിക്കുന്നത് സന്ദേശം അയച്ചയാളിൽനിന്നാണ്. സ്വീകർത്താവിന് മനസ്സിലാക്കാൻ കഴിയുന്ന ഒരു ഭാഷാരീതി സന്ദേശത്തിൽ സന്നിവേശിപ്പിക്കന്നതിനുള്ള ഉത്തരവാദിത്തം അയച്ചയാൾക്കാണ്. ഉദ്ദേശിച്ച അർത്ഥം അറിയിക്കുന്നതിന് ഉതകുന്ന ആശയം, വാക്കുകൾ, ചിഹ്നങ്ങൾ എന്നിവ കൃത്യമായി വിന്യസിച്ചു ഉൾപ്പെടുത്തണം. അയക്കുന്നയാൾ സ്വീകർത്താവുമായി ആശയവിനിമയം നടത്താൻ ആഗ്രഹിക്കുന്ന വിവരമോ ആശയമോ വികാരമോ ആണ് സന്ദേശം. വാക്കാലുള്ളതോ രേഖാമൂലമോ ദൃശ്യമോ അല്ലാത്തതോ ആയ മാർഗങ്ങൾ ഉൾപ്പെടെ വിവിധരീതികളിലൂടെ ഇത് കൈമാറാൻ കഴിയും. അയച്ചയാളിൽനിന്ന് സ്വീകർത്താവിലേക്ക് സന്ദേശം കൈമാറുന്നതിന് ഏതെങ്കിലും മാധ്യമം ആവശ്യമാണ്. മുഖാമുഖമുള്ള സംഭാഷണം, ടെലിഫോൺ കോളുകൾ, രേഖകൾ, ഇമെയിലുകൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, ദൃശ്യ അവതരണങ്ങൾ എന്നിവ പൊതുവായ ആശയവിനിമയമാധ്യമങ്ങളിൽ ഉൾപ്പെടുന്നു.

> ▶ പൊതുവായ ആശയവിനിമയ മാധ്യമങ്ങൾ

അയച്ചയാൾ കൈമാറിയ സന്ദേശത്തെ സ്വീകർത്താവ് വ്യാഖ്യാനിക്കുകയും അർത്ഥമാക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ഡീകോഡിംഗ്. സന്ദേശത്തിൽ ഉപയോഗിച്ചിരിക്കുന്ന ചിഹ്നങ്ങളോ വാക്കുകളോ സിഗ്നലുകളോ മനസ്സിലാക്കുന്നതും സ്വീകർത്താവിന്റെ അറിവ്, അനുഭവം, സാംസ്കാരികപശ്ചാത്തലം എന്നിവയെ അടിസ്ഥാനമാക്കി അവയിൽ നിന്ന് അർത്ഥം വേർതിരിച്ചെടുക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

> ▶ അർത്ഥം വേർതിരിച്ചെടുക്കുന്നു

സ്വീകർത്താവ്: സന്ദേശം ഏതു വ്യക്തിയെയോ ഗ്രൂപ്പിനെയോ ആണ് ഉദ്ദേശിച്ചതു അതാണ് സ്വീകർത്താവ്. സന്ദേശം ഡീകോഡ് ചെയ്യുന്നതിനും അവരുടെ ധാരണയുടെയും കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിൽ അതിന്റെ അർത്ഥം വ്യാഖ്യാനിക്കുന്നതിനും അവർ ഉത്തരവാദികളാണ്.

പ്രതികരണം: അയച്ചയാളുടെ സന്ദേശത്തിന് സ്വീകർത്താവ് നൽകുന്ന പ്രതികരണം പ്രധാനമാണ്. അയയ്ക്കുന്നയാൾക്ക് ആശയവിനിമയത്തിന്റെ ഫലപ്രാപ്തി മനസിലാക്കാനും ആവശ്യമെങ്കിൽ ക്രമീകരിക്കാനും ഇത് അനുവദിക്കുന്നു. വാക്കാലുള്ളതോ അല്ലാത്തതോ ആകാം ഈ പ്രതികരണം. ആശയവിനിമയത്തിൽ പരസ്പരധാരണയും വ്യക്തതയും ഉറപ്പാക്കാൻ ഇത് സഹായിക്കുന്നു.

തടസ്സങ്ങൾ: ആശയവിനിമയപ്രക്രിയയെ തടസ്സപ്പെടുത്തുകയും സന്ദേശത്തിന്റെ വ്യക്തതയെയോ കൃത്യതയെയോ ബാധിക്കുന്ന ഏതെങ്കിലും ഇടപെടലിനെയോ വികലതയെയോ ആണ് വിനിമയ തടസ്സങ്ങൾ എന്ന് പറയുന്നത്. ശാരീരികശ്രദ്ധ, ഭാഷാതടസ്സങ്ങൾ, സാങ്കേതിക തകരാറുകൾ, പക്ഷപാതങ്ങൾ അല്ലെങ്കിൽ മുൻധാരണകൾപോലുള്ള മാനസികഘടകങ്ങൾ എന്നിവ ഉൾപ്പെടെ, വിനിമയതടസ്സങ്ങൾക്കു വിവിധരൂപങ്ങൾ ഉണ്ടാകാം.

> ▶ ആശയവിനിമയത്തിന്റെ പൂർണ്ണത

നാം കാണുന്ന കാഴ്ചകളിലൂടെയും പ്രവൃത്തികളിലൂടെയും അനുഭവങ്ങളിലൂടെയും ആശയവിനിമയം സാധ്യമാകുന്നുണ്ട്. ആശയവിനി

മയത്തിന് ശാസ്ത്രീയമായ സങ്കൽപ്പങ്ങളുടെ സാക്ഷാത്കാരവുമായി ബന്ധമുണ്ട്. ഈ സങ്കൽപ്പത്തിൽ വിവിധഘടകങ്ങൾ നാം അറിയാതെ പ്രവർത്തിക്കുന്നുണ്ട്. ആശയം ഉൽഭവിക്കുന്ന പ്രക്രിയയാണ് ഒരു ഘടകം. കൂടാതെ ആശയം എത്തിച്ചേരുന്ന ഘടകവും പ്രധാനമാണ്. ഭാഷണത്തിൽ ഏർപ്പെടുന്ന വ്യക്തി ഉത്ഭവസ്ഥാനവും, ശ്രോതാവ് പ്രാപ്യസ്ഥാനവും ആയിരിക്കും എന്ന് നാം കണ്ടു. ശാസ്ത്രീയമായി വിശദീകരിക്കുകയാണെങ്കിൽ ഉത്ഭവസ്ഥാനത്തിൽനിന്നുള്ള സന്ദേശം പ്രാപ്യസ്ഥാനത്ത് എത്തിച്ചേരുമ്പോൾ ആശയവിനിമയപ്രക്രിയ പൂർണ്ണമാകുന്നു. പക്ഷേ ഇതിനിടയിൽ ഒരു മാധ്യമം പ്രവർത്തിക്കേണ്ടിയിരിക്കുന്നു ഈ മാധ്യമത്തെ സഞ്ചാരപഥം എന്ന് വിളിക്കുന്നു ശബ്ദമോ സമാനമായ ഘടകമോ തരംഗരൂപത്തിൽ വിനിമയം ചെയ്യുന്നത് ആശയങ്ങളാണ്. ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് സന്ദേശത്തെ കൊണ്ടുചെന്നെത്തിക്കുന്ന പ്രക്രിയ രൂപപരിണാമത്തിലൂടെ മാത്രമേ നടക്കുകയുള്ളൂ. ഏതെങ്കിലും സാങ്കേതികമാർഗ്ഗങ്ങളിലൂടെയാണ് ആശയവിനിമയം നടക്കുന്നത്.

▶ ആശയ വിനിമയ പ്രക്രിയയ്ക്കിടയിലുള്ള മാധ്യമം

ഒരു ലോഹക്കമ്പിയിലൂടെ വൈദ്യുതതരംഗമായും ആശയങ്ങളുടെ വിനിമയം നടക്കുന്നുണ്ട്. ഇതെല്ലാം സംഭവിക്കുന്നത് സന്ദേശം എന്ന വിനിമയമാർഗത്തിലൂടെയാണ്. അന്തരീക്ഷത്തിലൂടെയുള്ള തരംഗങ്ങളുടെ രൂപത്തിലും സന്ദേശങ്ങൾ കൈമാറ്റം ചെയ്യാറുണ്ട്. ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് സന്ദേശങ്ങൾ അയക്കുമ്പോൾ അവയ്ക്ക് രൂപപരിണാമം സംഭവിക്കുന്നു. സന്ദേശത്തെ രൂപമാറ്റം വരുത്തുന്നതിന് സങ്കേതനം എന്നും അത് സാധ്യമാക്കുന്ന ഘടകത്തെ പ്രേക്ഷകം എന്നും വിളിക്കുന്നു. രൂപാന്തരപ്പെടുത്തുന്ന സന്ദേശത്തെ കോഡ് എന്നാണ് പറയുന്നത്. സന്ദേശങ്ങൾക്കല്ല പകരം സങ്കേതചിഹ്നങ്ങളാണ് പ്രാപ്യസ്ഥാനത്തെ ലക്ഷ്യംവെച്ച് കുതിക്കുന്നത്. ഈ ചിഹ്നങ്ങളെല്ലാംതന്നെ നിശ്ചിതആശയങ്ങളെ സൂചിപ്പിക്കുന്നുണ്ട്. ഭാഷാചിഹ്നങ്ങളാണ് ഇത് നിർവഹിക്കുന്നത്. പുസ്തകമെന്ന് മലയാളത്തിലും ബുക്ക് എന്ന് ആംഗലേയത്തിലും കിതാബ് എന്ന് ഹിന്ദിയിലും ഉള്ള വ്യത്യസ്തങ്ങളായ സ്വനസമൂഹങ്ങളാണ് സമാനമായ ആശയത്തെ വ്യഞ്ജിപ്പിക്കുന്ന ഭാഷാചിഹ്നങ്ങൾ. ഭാഷയിലൂടെ അടയാളപ്പെടുത്താൻ കഴിയാത്ത ചിഹ്നങ്ങളും പ്രയോഗത്തിലുണ്ട്. ഉദാഹരണം പക്ഷികളുടെയും മൃഗങ്ങളുടെയും കരച്ചിലിന്റെ ശബ്ദം. പ്രാപ്യസ്ഥാനത്തേക്ക് അതേപടി അയച്ചാൽ ആശയവ്യക്തത ഉണ്ടാവുകയില്ല എന്നതാണ് വസ്തുത. ഇങ്ങനെ സങ്കേതജന്യങ്ങളെ വീണ്ടും സന്ദേശങ്ങൾ ആക്കി മാറ്റുന്നതിന് വിസങ്കേതനം (decoding) എന്ന് പറയുന്നു.

▶ ഭാഷാചിഹ്നങ്ങൾ നിശ്ചിത ആശയങ്ങളെ സൂചിപ്പിക്കുന്നു

## വാക്കാലുള്ള ആശയവിനിമയം

വാക്കാലുള്ള ആശയവിനിമയത്തിൽ സന്ദേശങ്ങൾ കൈമാറാൻ സംസാരിക്കുന്നതോ എഴുതിയതോ ആയ വാക്കുകളുടെ ഉപയോഗം ഉൾപ്പെടുന്നു. സ്വാഭാവികസംഭാഷണങ്ങൾ മുതൽ ഔപചാരിക അവതരണങ്ങൾവരെയുള്ള ദൈനംദിന ഇടപെടലുകളിലെ ഏറ്റവും സാധാരണമായ ആശയവിനിമയരീതിയാണിത്. രണ്ട് സുഹൃത്തുക്കൾ ഒരു കപ്പ് കാപ്പി കുടിക്കുകയും അവരുടെ ജീവിതത്തിൽ സംഭവിച്ച ചില സമീപകാല കഥകൾ പങ്കിടുകയും ചെയ്യുന്നുവെന്നു സങ്കൽപ്പിക്കുക. അവരുടെ ചടുലമായ സംഭാഷണവും, ചിരിയും ഉപകഥകളും, വാക്കാലുള്ള

ആശയവിനിമയത്തിന്റെ ചലനാത്മകസ്വഭാവത്തെ വ്യക്തമാക്കുന്നു.

### വാക്കേതര ആശയവിനിമയം

ആംഗ്യങ്ങൾ, മുഖഭാവങ്ങൾ, ശരീരഭാഷ, ശബ്ദത്തിന്റെ ഉയർച്ചതാഴ്ചകൾ എന്നിവ ഉൾക്കൊള്ളുന്നതാണ് വാക്കേതര ആശയവിനിമയം. പലപ്പോഴും ഇത് വാക്കാലുള്ള ആശയവിനിമയത്തെ പൂർത്തീകരിക്കുകയും വികാരങ്ങൾ, മനോഭാവങ്ങൾ, ഉദ്ദേശ്യങ്ങൾ എന്നിവ വാക്കുകളേക്കാൾ ഫലപ്രദമായി അറിയിക്കുകയും ചെയ്യും.

▶ വാക്കേതര ആശയവിനിമയം

ഒരു ഉദ്യോഗാർത്ഥി ആത്മവിശ്വാസത്തോടെ നേത്രസമ്പർക്കം പുലർത്തുകയും, ഉറച്ച രീതിയിൽ ഹസ്തദാനം നൽകുകയും, അഭിമുഖം നടത്തുന്നയാളുടെ ചോദ്യങ്ങൾക്ക് മറുപടിയായി ശ്രദ്ധയോടെ തലയാട്ടുകയും ചെയ്യുന്ന ഒരു തൊഴിൽ അഭിമുഖം വാക്കേതര ആശയ വിനിമയത്തിന്റെ ദൃഷ്ടാന്തമാണ്. ഈ വാക്കേതര സൂചനകൾ പ്രൊഫഷണലിസം, ആത്മവിശ്വാസം, ഇടപഴകൽ എന്നിവയെ സൂചിപ്പിക്കുന്നു, ഇത് ഉദ്യോഗാർത്ഥിക്കുറിച്ച് നല്ലമതിപ്പ് ഉളവാക്കുകയും ചെയ്യുന്നു.

### വിഷ്വൽ കമ്മ്യൂണിക്കേഷൻ

▶ ഗ്രാഫിക്സ് ചാർട്ടുകൾ ഉപയോഗിച്ച് ആശയങ്ങൾ വിനിമയം ചെയ്യുന്നു

വിഷ്വൽ കമ്മ്യൂണിക്കേഷൻ ആകട്ടെ, വിവരങ്ങളും ആശയങ്ങളും അറിയിക്കാൻ ചിത്രങ്ങൾ, ഗ്രാഫിക്സ്, ചാർട്ടുകൾ, മറ്റ് ദൃശ്യഘടകങ്ങൾ എന്നിവ ഉപയോഗിക്കുന്നു. സങ്കീർണ്ണമായ ആശയങ്ങൾ ലളിതമാക്കേണ്ടിവരുമ്പോഴും ഭാഷാതടസ്സങ്ങൾ നിലനിൽക്കുന്ന സന്ദർഭങ്ങളിലും ആശയവിനിമയത്തിനുള്ള ഫലപ്രദമായ മാർഗമാണിത്.

ആശയവ്യക്തതയുള്ള പോസ്റ്ററുകൾ, ആകർഷകമായ വീഡിയോകൾ, മനോഹരമായ ഇൻഫോഗ്രാഫിക്സ് എന്നിവ ഉൾക്കൊള്ളുന്ന, ഒരു പുതിയ ഉൽപ്പന്നത്തിനായുള്ള, പരസ്യ പ്രചരണം എടുക്കുക. ശ്രദ്ധേയമായ ദൃശ്യങ്ങളിലൂടെ, പ്രസ്തുത ഉൽപ്പന്നത്തിന്റെ സവിശേഷതകൾ, നേട്ടങ്ങൾ, മൂല്യങ്ങൾ എന്നിവ ആശയവിനിമയം നടത്തുകയും പ്രേക്ഷകരുടെ ശ്രദ്ധ പിടിച്ചുപറ്റുകയും അതുവഴി വിൽപ്പന വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

### രേഖാമൂലമുള്ള ആശയവിനിമയം

രേഖാമൂലമുള്ള ആശയവിനിമയത്തിൽ, വിവരങ്ങൾ കൈമാറുന്നതിനും ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനും കത്തുകൾ, ഇമെയിലുകൾ, റിപ്പോർട്ടുകൾ, മെമ്മോകൾ തുടങ്ങിയ രേഖാമൂലമുള്ള ലിഖിത ചിഹ്നങ്ങളുടെ ഉപയോഗം ഉൾപ്പെടുന്നു. ആശയങ്ങൾ രേഖപ്പെടുത്തുന്നതിനും കരാറുകൾ ഔപചാരികമാക്കുന്നതിനും റെക്കോർഡുകൾ പരിപാലിക്കുന്നതിനും ഇത് നിർണായകമാണ്.

▶ രേഖാമൂലമുള്ള ചിഹ്നങ്ങളുടെ ഉപയോഗങ്ങൾ

രേഖാമൂലമുള്ള ഇത്തരം ആശയവിനിമയത്തിൽ, വ്യക്തത, ഉത്തരവാദിത്തം, തുടർച്ച എന്നിവ ഉറപ്പാക്കുന്നു. ഫലപ്രദമായ ടീം വർക്കിനും പ്രോജക്റ്റ് മാനേജ്മെന്റിനും ഇത്തരം ആശയവിനിമയം അനിവാര്യമാണ്.

### പരസ്പരമുള്ള ആശയവിനിമയം

സാമൂഹികവും സാംസ്കാരികവുമായ വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യക്തികൾക്കിടയിൽ പരസ്പരമുള്ള ആശയവിനിമയം നടക്കുന്നു. ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിനും നിലനിർത്തുന്നതിനും അത്യന്താപേ

> ▶ ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിന്

ക്ഷിതമായ വാക്കാലുള്ളതും വാക്കേതരവുമായ ഇടപെടലുകൾക്കൊപ്പം സജീവമായ ശ്രവണവും സഹാനുഭൂതിയും ഇതിൽ ഉൾക്കൊള്ളുന്നു.

ദമ്പതികൾ തങ്ങളുടെ പ്രതീക്ഷകളെയും ആശങ്കകളെയും ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങളെയുംകുറിച്ച് സ്നേഹസംഭാഷണം നടത്തുന്നത് ഉദാഹരണമാണ്. വളരെ തുറന്നരീതിയിലുള്ള ഇത്തരം ആശയവിനിയം വഴിയാണ് അവർതമ്മിൽ പരസ്പരബഹുമാനം വളർത്തുന്നതും വൈകാരികമായ അടുപ്പം ഊട്ടിയുറപ്പിക്കുന്നതും അവർ തമ്മിലുള്ള ബന്ധം ആഴത്തിലാകുകയും ബന്ധം ശക്തിപ്പെടുകയും അടുപ്പവും വിശ്വാസവും വളരുകയും ചെയ്യുന്നു.

### ഓരോ ആശയവിനിമയമാധ്യമത്തിനും അനുയോജ്യമായ ഉദാഹരണങ്ങൾ ഇതാ:

#### വാക്കാലുള്ള ആശയവിനിമയം:

- **മുഖാമുഖസംഭാഷണങ്ങൾ:** ഉച്ചഭക്ഷണസമയത്ത് രണ്ട് സുഹൃത്തുക്കൾ വാരാന്ത്യപദ്ധതികൾ ചർച്ച ചെയ്യുന്നു.
- **ടെലിഫോൺ കോളുകൾ:** ഒരു ഉദ്യോഗാർത്ഥിയുമായി ഫോൺ അഭിമുഖം നടത്തുന്ന ഒരു ബിസിനസ് പ്രൊഫഷണൽ.
- **മീറ്റിംഗുകളും അവതരണങ്ങളും:** കമ്പനി എക്സിക്യൂട്ടീവുകൾ ത്രൈമാസ സാമ്പത്തിക ഫലങ്ങൾ ഓഹരി ഉടമകൾക്ക് മുന്നിൽ അവതരിപ്പിക്കുന്നു.

#### രേഖാമൂലമുള്ള ആശയവിനിമയം:

- **കത്തുകളും മെമ്മോകളും:** ജീവനക്കാർക്ക് നയപരമായ മാറ്റങ്ങൾ പ്രഖ്യാപിക്കുന്ന ഒരു കമ്പനിയുടെ സിഇഒയിൽ നിന്നുള്ള ഔപചാരിക കത്ത്.
- **ഇമെയിലുകൾ:** പ്രോജക്റ്റിന്റെ സമയപരിധിയും വിടുതലും ചർച്ച ചെയ്യുന്ന സഹപ്രവർത്തകർ തമ്മിലുള്ള ഇമെയിൽ കൈമാറ്റം.
- **റിപ്പോർട്ടുകളും രേഖകളും:** ഒരു പ്രത്യേകവ്യവസായത്തിലെ വിപണിപ്രവണതകളും ഉപഭോക്തൃ പെരുമാറ്റവും വിശകലനം ചെയ്യുന്ന ഒരു ഗവേഷണ റിപ്പോർട്ട്.
- **ടെക്സ്റ്റ് മെസേജുകൾ:** ടെക്സ്റ്റ് മെസേജുകൾവഴി ഒരു സാമൂഹിക ഒത്തുചേരലിനുള്ള കൂട്ടായ്മ ഏകോപിപ്പിക്കുന്ന സുഹൃത്തുക്കൾ.
- **ചാർട്ടുകളും ഗ്രാഫുകളും:** കഴിഞ്ഞ വർഷത്തെ വിൽപ്പന വരുമാനത്തിലെ വർദ്ധനവ് വ്യക്തമാക്കുന്ന ഒരു ലൈൻ ഗ്രാഫ്.
- **ഇൻഫോഗ്രാഫിക്സ്:** പ്രകൃതിദുരന്തമുണ്ടായാൽ പാലിക്കേണ്ട നടപടികൾ ചിത്രീകരിക്കുന്ന ഒരു വിഷ്വൽ ഇൻഫോഗ്രാഫിക്.
- **അവതരണങ്ങൾ:** ഒരു പുതിയ ഉൽപ്പന്നലോഞ്ചിന്റെ സവി

> ▶ ആശയവിനിമയ രീതികൾ

ശേഷതകളും നേട്ടങ്ങളും വിവരിക്കുന്ന ഒരു സ്ലൈഡ്ഷോ അവതരണം.

- **വീഡിയോകളും ആനിമേഷനുകളും:** ഒരു ജനപ്രിയ റീട്ടെയിലറിൽനിന്ന് ഫർണിച്ചറുകൾ എങ്ങനെ കൂട്ടിച്ചേർക്കാമെന്ന് കാണിക്കുന്ന ഒരു നിർദ്ദേശവീഡിയോ.

**ഡിജിറ്റൽ ആശയവിനിമയം:**

- **സോഷ്യൽ മീഡിയ:** അടുത്തിടെയുള്ള ഒരു അവധിക്കാലത്തെ ഫോട്ടോകളും അപ്ഡേറ്റുകളും പങ്കിടുന്ന ഒരു ഫേസ്ബുക്ക് പോസ്റ്റ്.
- **തൽക്ഷണ സന്ദേശമയയ്ക്കൽ:** വാരാന്ത്യപ്ലാനുകളെക്കുറിച്ചും സിനിമ ശുപാർശകളെക്കുറിച്ചും സുഹൃത്തുക്കൾ വാട്ട്സ്ആപ്പിൽ ചാറ്റ് ചെയ്യുന്നു.
- **വീഡിയോ കോൺഫറൻസിംഗ്:** പ്രോജക്റ്റ് അപ്ഡേറ്റുകൾ ചർച്ച ചെയ്യുന്നതിനായി സൂം വഴി ഒരു വെർച്വൽ ടീം മീറ്റിംഗിൽ സഹപ്രവർത്തകർ പങ്കെടുക്കുന്നു.
- **ബ്ലോഗുകളും ഓൺലൈൻ ഫോറങ്ങളും:** ജോലിസ്ഥലത്ത് ഫലപ്രദമായ സമയ മാനേജ്മെന്റിനുള്ള നുറുങ്ങുകൾ ചർച്ച ചെയ്യുന്ന ഒരു ബ്ലോഗ് പോസ്റ്റ്.

## മറ്റ് വിനിമയ മാധ്യമങ്ങൾ

- വ്യാപകമായി ഉപയോഗിക്കുന്ന വിനിമയ മാധ്യമം

ചരക്കുകൾക്കും സേവനങ്ങൾക്കും പകരമായി പരക്കെ സ്വീകാര്യമായ ഏതൊരു ഇനവും വിനിമയമാധ്യമമെന്ന് പറയാം. ആധുനികസമ്പദ്വ്യവസ്ഥകളിൽ, വ്യാപകമായി ഉപയോഗിക്കുന്ന വിനിമയമാധ്യമം കറൻസിയാണ്. ചരക്ക്, നാണയം, ക്രിപ്റ്റോകറൻസി, സാധാരണയായി ഫിയറ്റ് പണം എന്നിവയുൾപ്പെടെ പണത്തിന്റെ മിക്ക രൂപങ്ങളെയും വിനിമയമാധ്യമങ്ങളായി തരം തിരിച്ചിരിക്കുന്നു. സന്ദേശങ്ങൾ അല്ലെങ്കിൽ വാർത്തകൾ സംബന്ധിച്ച കൈമാറ്റങ്ങളെയും വാർത്താമാധ്യമവുമായി ബന്ധപ്പെട്ട വിനിമയങ്ങളെന്ന് വിളിക്കുന്നു.

ആശയവിനിമയമാധ്യമങ്ങൾ നിരവധിയുണ്ട്. സാങ്കേതികവിദ്യയുടെ പുരോഗതി അനുദിനം കുതിച്ചുയർന്നതോടെ വിനിമയമാധ്യമങ്ങളുടെ എണ്ണവും വർദ്ധിച്ചു. ഇലക്ട്രോണിക് മാധ്യമങ്ങൾ രംഗത്തുവന്നതോടെ അത് ശാസ്ത്രസാങ്കേതികവിദ്യയിൽ വൻവികസനങ്ങൾക്ക് വഴിതുറന്നു. ആധുനികവിനിമയത്തിന്റെ നൂതനമാർഗ്ഗങ്ങൾ ലോകമെമ്പാടുമുള്ള മനുഷ്യരെ പരസ്പരം ബന്ധിപ്പിക്കാൻ തുടങ്ങി. ഡിജിറ്റലൈസേഷൻ വികസിതരാജ്യങ്ങളെ മാത്രമല്ല, അവികസിതരാജ്യങ്ങളിലെ ജനതയെയും ഭൗതികമായും സാംസ്കാരികമായും പുരോഗതിയിലേക്ക് നയിച്ചു. ഡിജിറ്റൽ കറൻസി ഏറ്റവും പുതിയ വിനിമയമാർഗമായി സാധാരണക്കാരിലേക്ക് എത്തിയത് സാമ്പത്തികവിനിമയസ്വാതന്ത്ര്യത്തിന് പുതിയ മാനങ്ങൾ നൽകി. ബാർട്ടർ സമ്പ്രദായത്തിൽനിന്നും കറൻസിയിലേക്ക് എത്തിയ കാലഗണനയുടെ ദൈർഘ്യം വളരെ വലുതായിരുന്നു. എന്നാൽ ചെക്ക്, ഡ്രാഫ്റ്റ്, മണിയോർഡർ തുടങ്ങിയവയിൽ നിന്നും ഡിജിറ്റൽ കറൻസിയിൽ എത്തിയ ധനവിനിമയ സാധ്യതയ്ക്ക്

കേവലം ദശകങ്ങളുടെ വ്യത്യാസം മാത്രമാണ് ഉള്ളത്. ലോകത്തിന്റെ ഏതൊരു കോണിലിരുന്നും ആർക്കും ഏത് സമയത്തും പരസ്പരം വിനിമയം ചെയ്യാൻ കഴിയുന്ന മാധ്യമമാണ് ഡിജിറ്റൽ കറൻസി. ഇന്ന് ഡിജിറ്റൽ കറൻസി, ഇന്ത്യയുൾപ്പെടെ ഭൂരിപക്ഷം രാജ്യങ്ങളിലെയും ദിവസവേതന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് വരെ കൈകാര്യം ചെയ്യാൻ കഴിയുന്നത്ര ലളിതമായി. മാത്രമല്ല കൈമാറ്റം ചെയ്യപ്പെടുന്ന തുകയുടെ കണക്കുകൾ സംബന്ധിച്ച് വിശദാംശങ്ങൾ ഏതുസമയത്തും പരിശോധിക്കുവാൻ സർക്കാരിനും കഴിയുന്നു എന്ന സവിശേഷതയും ഇതിനുണ്ടായി.

▶ ഡിജിറ്റൽ കറൻസിയുടെ വ്യാപനം

ആശയവിനിമയസംവിധാനങ്ങൾക്ക് ഉത്തരാധുനികകാലത്ത് നിരവധി മാർഗ്ഗങ്ങൾ തുറന്നുകിട്ടി. വിദ്യാർത്ഥികളും യുവജനങ്ങളും വിവരസാങ്കേതികവിദ്യയുടെ പാരമ്യതയിലേക്ക് കുടിയേറ്റം നടത്തിയതോടെ നവതലമുറയുടെ ക്രിയാത്മകമായ എല്ലാ മേഖലകളിലും അത് കൊടുങ്കാറ്റായി അത് ആഞ്ഞടിക്കുകയായിരുന്നു. ഗുണദോഷസമ്മിശ്രമായ വിനിമയമാർഗ്ഗങ്ങൾ ജാഗ്രതയോടെ കൈകാര്യം ചെയ്യാൻ നവതലമുറയെ സജ്ജരാക്കാൻ പ്രാപ്തമായ ഒരു പാഠ്യപദ്ധതിക്ക് രൂപംനൽകാനായി വിദ്യാഭ്യാസവിദഗ്ധരും പണ്ഡിതന്മാരും പ്രത്യേകം കരുതലോടെ ഇടപെടലുകൾ നടത്തിവരുന്നു. ഇതുമൂലം വിനിമയ മേഖലയ്ക്ക് ബോധനപ്രക്രിയയിലും പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ കഴിയുന്നു.

▶ വിനിമയ മേഖലയും ബോധനപ്രക്രിയയും



Fig 1.1.1 Currency



Fig 1.1.2 Telegraph

- ആശയവിനിമയത്തിന് ഉചിതരീതികൾ തിരഞ്ഞെടുക്കുന്നു

വിവരങ്ങൾ കൈമാറുന്നതിനും ആശയങ്ങൾ പങ്കിടുന്നതിനും ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിനും വിവിധസന്ദർഭങ്ങളിൽ ആശയവിനിമയത്തിന് വിവിധമാധ്യമങ്ങൾ എങ്ങനെ ഉപയോഗിക്കപ്പെടുന്നുവെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. ഫലപ്രദമായ ആശയവിനിമയം ചെയ്യുന്നവർ ഓരോ മാധ്യമത്തിന്റെയും സൂക്ഷ്മതകൾ മനസ്സിലാക്കുകയും അവരുടെ ആശയവിനിമയലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉചിതമായ രീതികൾ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.



Fig 1.1.3 പാപ്പിറസ് കടലാസ് ചുരുളുകൾ - ആദ്യ അച്ചടി

## അച്ചടിക്ക് മുമ്പുള്ള മാധ്യമങ്ങൾ

> ▶ ഡിബാവോ എന്ന ആദ്യകാലവാർത്താഷീറ്റുകൾ

പുരാതനറോമിലാണ് ആദ്യമായി വാർത്തകൾ മറ്റുള്ളവരിലേക്ക് എത്തിക്കുന്ന വിദ്യക്ക് തുടക്കംകുറിച്ചത്. ചക്രവർത്തിയുടെ അറിയിപ്പുകൾ ലോഹത്തിലോ കല്ലിലോ കൊത്തി പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചു. എ.ഡി. രണ്ടും മൂന്നും നൂറ്റാണ്ടുകളിലായി ചൈനയിൽ, ഹാൻ രാജവംശത്തിന്റെ അവസാനകാലത്ത് കോടതി ഉദ്യോഗസ്ഥർക്കിടയിൽ ഡിബാവോ എന്ന പേരിൽ സർക്കാർ നിർമ്മിച്ച ആദ്യകാലവാർത്താഷീറ്റുകൾ പ്രചരിച്ചിരുന്നു. 713-നും 734-നും ഇടയിൽ, ചൈനീസ് ടാങ് രാജവംശത്തിന്റെ കാലത്ത് കൈയുവാൻ സാബാവോ അഥവാ കോടതിയിലെ ബുള്ളറ്റിനിലൂടെ സർക്കാർ വാർത്തകൾ പ്രസിദ്ധീകരിച്ചു.



Fig 1.1.4 പാവപ്പെട്ടവന്റെ വേദപുസ്തകത്തിലെ ഒരു പേജ്

അച്ചടിവിദ്യയ്ക്കുമുമ്പ് കൊറിയയിലും ജപ്പാനിലും ചൈനയിലും ചില പ്രത്യേക സാങ്കേതികവിദ്യയിലൂടെ ലിപികൾ തയ്യാറാക്കുന്ന രീതി നിലവിലുണ്ടായിരുന്നു. ബി. സി. പതിനാറാംനൂറ്റാണ്ടുമുതൽ നാലാംനൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ ആശയവിനിമയമാർഗത്തിന് വരമൊഴിയാണ് ആശ്രയിച്ചിരുന്നത്. ചിത്രലിപികളും അക്ഷരമാലയും സങ്കീർണങ്ങളായ പല പരിവർത്തനങ്ങൾക്കും വിധേയമായി. ശിലാലിഖിതങ്ങളും ഇഷ്ടികപുസ്തകങ്ങളും താളിയോലഗ്രന്ഥങ്ങളുമാണ് അന്ന് ഉപയോഗിച്ചിരുന്നത്. കൊത്തുപണിക്കാരായ തൊഴിലാളികൾ എഴുത്തുപണികൾ നടത്തിപ്പോന്നു. എ. ഡി. ആദ്യശതകങ്ങളിൽ ചൈനാക്കാർ കടലാസ് കണ്ടുപിടിച്ചതോടെ എഴുത്തുവിദ്യയിൽ പുതിയ രീതികൾ അവലംബിച്ചുതുടങ്ങി. അവർ കടലാസിന്റെ ഒരു പേജ് വലുപ്പത്തിൽ മരപ്പലകകളിൽ അക്ഷരങ്ങൾ കൊത്തിയെടുത്ത് മഷി പുരട്ടി കടലാസ് അതിൽ അമർത്തി നിരവധി കോപ്പികൾ എടുത്തു.

> ▶ എ. ഡി. ആദ്യശതകങ്ങളിൽ ചൈനാക്കാർ കടലാസ് കണ്ടുപിടിച്ചു

SGOU



Fig 1.1.5 ഇഷ്ടികപ്പുസ്തകം

എ. ഡി. 768 – 70 ൽ ജപ്പാനിലെ രാജ്ഞിയായിരുന്ന ഷോട്ടോബോ പുറപ്പെടുവിച്ച കൽപ്പനയിൽ തയ്യാറാക്കപ്പെട്ടിരുന്ന ബൗദ്ധികമന്ത്രത്തിന്റെ ചിത്രമാണ് ഏറ്റവും പഴക്കമേറിയ മുദ്രിതരേഖയായി കണ്ടെത്തിയിട്ടുള്ളത്. പത്ത് ലക്ഷത്തോളം കോപ്പികൾ എടുത്തു. ഈ മുദ്ര അച്ചടിക്കുവാൻ ഉപയോഗിച്ച ബ്ലോക്കുകൾ എന്തുകൊണ്ടാണ് നിർമ്മിച്ചതെന്ന് ഇതുവരെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. എ.ഡി. 868 ൽ അച്ചടിച്ചതായി കരുതുന്ന വജ്രസൂത്രം ഒരു ബൗദ്ധസ്മാരകഗ്രന്ഥമാണ്. 6 താളുകളിലാണ് ഈ ഗ്രന്ഥം അച്ചടിച്ചിട്ടുള്ളത്. തുർക്കിസ്ഥാനിലെ ഒരു ഗുഹയിൽനിന്നും ഇത് കണ്ടെടുക്കുകയുണ്ടായി. ഇപ്പോൾ ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള വജ്രസൂത്രം എന്ന ഗ്രന്ഥം ഏറ്റവും പഴക്കമേറിയതാണെന്ന് കരുതപ്പെടുന്നു. അക്ഷരങ്ങൾ കൊത്തിയെടുത്ത മൺകട്ടകൾ അടുക്കിവെച്ച് അവയ്ക്കുമീതെ മഷിപുരട്ടി പി – ഷെങ് എന്ന ചൈനക്കാരൻ ആദ്യമായി ഒരു ഗ്രന്ഥം അച്ചടിച്ചു. ഈ കണ്ടുപിടുത്തം പിൽക്കാലത്ത് പരിഷ്കരിച്ചു.

- വജ്രസൂത്രം ഒരു ബൗദ്ധസ്മാരക ഗ്രന്ഥമാണ്

## ഗുട്ടൻബർഗും അച്ചടിയന്ത്രവും

അച്ചടിയിലൂടെ വിപ്ലവം സൃഷ്ടിച്ച ജർമ്മൻ പ്രസാധകനാണ് ജോഹന്നസ് ഗുട്ടൻബർഗ്. ലോകത്തെ മാറ്റിമറിച്ച കണ്ടെത്തലായിരുന്നു ഇത്. ചൈനക്കാർ മരഅച്ചുകൾ കൊണ്ട് അച്ചടിനടത്തിയിരുന്നെങ്കിലും ഗുട്ടൻബർഗിന്റെ സങ്കേതത്തിലൂടെയാണ് അച്ചടി ലോകവ്യാപകമായത്.

- അച്ചടിവിദ്യയുടെ പിതാവ് ജോഹന്നസ് ഗുട്ടൻബർഗ്

അച്ചടിവിദ്യയുടെ പിതാവ് എന്നറിയപ്പെടുന്ന ഗുട്ടൻബർഗിന് മുമ്പുതന്നെ അച്ചടി കണ്ടുപിടിച്ചിരുന്നു എന്നൊരു അവകാശവാദമുണ്ട്. ഗുട്ടൻബർഗിനു മുമ്പുതന്നെ ഹോളണ്ടിലെ ലോറൻസ് ജാൻസൂർ കോസ്റ്റർ എന്ന സാങ്കേതികവിദഗ്ധൻ അച്ചടിവിദ്യ കണ്ടെത്തി എന്ന് ചിലർ വാദിച്ചിരുന്നു. എന്നാൽ ഇളക്കിമാറ്റാവുന്നതും തിരുത്തലുകൾ നടത്താൻ കഴിയുന്നതുമായ ഒറ്റ അച്ചുകൾ നിർമ്മിച്ചത് ഗുട്ടൻബർഗാണ്. ഇദ്ദേഹം 1450 ൽ ഓരോ അക്ഷരങ്ങൾക്കും ഉള്ള അച്ചുകൾ പ്രത്യേകം വാർത്തെ

ടുക്കുകയും അവ ചേർത്തുണ്ടാക്കിയ പേജുകൾ മുദ്രണം ചെയ്യാൻ തടികൊണ്ട് അച്ചടിയന്ത്രം നിർമ്മിക്കുകയും ചെയ്തു. വാർക്കുന്നതിനുള്ള മൂശയുടെ നിർമ്മാണം, മൂശയിൽനിന്നും ആവശ്യമുള്ളത്ര അച്ചുകളുടെ നിർമ്മാണം, അച്ചുകൾക്ക് പറ്റിയ ലോഹസങ്കരങ്ങളുടെ നിർണയം, അച്ചടിയന്ത്രനിർമ്മാണം, അക്ഷരങ്ങൾ പേജ് അനുസരിച്ച് നിരത്തുന്ന സമ്പ്രദായം, അച്ചടി കഴിഞ്ഞ് അച്ചുകൾ വീണ്ടും തിരിച്ചെടുത്ത് ഉപയോഗിക്കുന്ന പദ്ധതി എന്നിവയായിരുന്നു ഗുട്ടൻബർഗിന്റെ സംഭാവനകൾ. 1455 ൽ ജർമ്മനിയിലെ മെയിൻസിൽ അച്ചടിച്ച ഒരു കലണ്ടറും 1456 ആഗസ്റ്റ് 24ന് 42 വരികൾ വീതം രണ്ട് കോളത്തിലായി സംവിധാനം ചെയ്ത 1282 പേജുകൾ ഉള്ള ഗുട്ടൻബർഗ് ബൈബിളും പിൽക്കാലത്ത് കണ്ടെത്തിയിട്ടുണ്ട്. 170 പശുക്കുട്ടികളുടെ തോലാണ് ഈ ബൈബിൾ അച്ചടിക്കാനായി ഉപയോഗിച്ചിട്ടുണ്ടാവുക എന്ന് കണക്കാക്കിയിരിക്കുന്നു. വൈകാതെ തന്നെ അച്ചടി മെയിൻസിൽനിന്നും മറ്റു നഗരങ്ങളിലേക്ക് വ്യാപിച്ചു. തുടർന്ന് ഇറ്റലി, ഫ്രാൻസ്, ആസ്ട്രിയ, തുർക്കി എന്നീ രാജ്യങ്ങളിലേക്കും പതിനഞ്ചാംനൂറ്റാണ്ടിന്റെ അന്ത്യത്തോടെ യൂറോപ്പിലാകമാനവും അച്ചടിവിദ്യ എത്തുകയുണ്ടായി.

▶ ഗുട്ടൻബർഗിന്റെ സംഭാവനകൾ



Fig 1.1.6 ജോഹന്നസ് ഗുട്ടൻബർഗ്

കടലാസിന്റെ കണ്ടുപിടിത്തം സാധ്യമായതോടെ ആഗോളതലത്തിൽ അച്ചടിയുടെ ചരിത്രവും ആരംഭിച്ചു. ഇതോടെ ആശയവിനിമയ സംവിധാനത്തിൽ വിപ്ലവകരമായമാറ്റങ്ങൾ അരങ്ങേറാൻ തുടങ്ങി. എ. ഡി. 793 ൽ ബാഗ്ദാദിലും എ ഡി 900 ൽ ഈജിപ്തിലെ കെയ്റോയിലും കടലാസുനിർമ്മാണവിദ്യ എത്തുകയുണ്ടായി. എ ഡി 1100 യൂറോപ്പിലും കടലാസ് നിർമ്മാണം ആരംഭിച്ചു. എ. ഡി. 594 ൽ ചൈനയിൽ അച്ചടിക്ക് തുടക്കം കുറിച്ചു. നെഗറ്റീവ് റിലീഫ് ഉപയോഗിച്ചാണ് അച്ചടി ആരംഭിച്ചത്. എ. ഡി. 594 ൽ ചൈനയിൽ നെഗറ്റീവ് റിലീഫ് ഉപയോഗിച്ച് അച്ചടിക്ക് തുടക്കംകുറിച്ചു.

▶ ചൈനയിലാണ് അച്ചടിക്ക് തുടക്കം കുറിച്ചത്

## അച്ചടിവിനിമയവും വിവിധഘട്ടങ്ങളും

1455 അച്ചടിയന്ത്രം കണ്ടുപിടിച്ചശേഷം അച്ചടിസാങ്കേതികവിദ്യ മറ്റ് രാജ്യങ്ങളിലേക്ക് വ്യാപിച്ചു. ഇറ്റലി, ഫ്രാൻസ്, ആസ്ട്രിയ, തുർക്കി തുടങ്ങിയ രാജ്യങ്ങളിലെ പട്ടണങ്ങളിൽ അച്ചടിശാലകൾ ആരംഭിച്ചു. 1464 സ്വിറ്റ്സർലാൻഡിൽ അച്ചടിമേഖല കാര്യക്ഷമമായി പ്രവർത്തിച്ചു. മതപരമായ ഗ്രന്ഥങ്ങളും സാഹിത്യഗ്രന്ഥങ്ങളും അച്ചടിമഷി പുരണ്ട് ജനങ്ങളിലേക്ക് എത്തിയത് കൗതുകം ഉണർത്തുന്ന കാഴ്ചയായിരുന്നു. 1465 ൽ ഫ്രാൻസിലും നെതർലാൻഡിലും 1476 ൽ സ്വീഡനിലും അച്ചുകൂടങ്ങൾ സ്ഥാപിതമായി. 1573 ൽ റഷ്യയിൽ ആദ്യത്തെ പ്രസ് സ്ഥാപിച്ചു. സ്പെയിനിലും ഹംഗറിയിലും 1473 ൽ തന്നെ അച്ചടിശാല നിലവിൽവന്നു. 1476 ഇംഗ്ലണ്ടിൽ ആദ്യത്തെ പ്രസ് സ്ഥാപിക്കപ്പെട്ടു. എ ഡി 1500 ൽ യൂറോപ്പിൽ 300 പട്ടണങ്ങളിലായി 1700 ഓളം പ്രസുകൾ ഉണ്ടായിരുന്നു. 1500 – ൽ 150 ലക്ഷത്തിനും 200 ലക്ഷത്തിനും മധ്യേവരുന്ന നാല്പതിനായിരം പതിപ്പുകൾ ഇവയിൽനിന്നും പുറത്തെത്തിക്കാൻ കഴിഞ്ഞു.

▶ മതപരമായ ഗ്രന്ഥങ്ങളും സാഹിത്യഗ്രന്ഥങ്ങളും അച്ചടിമഷിയിൽ

ഇംഗ്ലണ്ടിൽ അച്ചുകൂടം ആദ്യമായി സ്ഥാപിച്ചത് വില്യം കാക്സ്റ്റൺ ആയിരുന്നു. 1475 ൽ അച്ചടിച്ച The Recuyell of the Historyes of Troye ആയിരുന്നു ആദ്യമായി ഇംഗ്ലീഷിൽ അവതരിപ്പിച്ച ഗ്രന്ഥം. 1491നു മുമ്പുതന്നെ പ്രധാനപ്പെട്ട ആംഗലേയസാഹിത്യഗ്രന്ഥങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. 15, 16 നൂറ്റാണ്ടുകളിൽ വിശ്വപ്രസിദ്ധമായ ഇതിഹാസഗ്രന്ഥങ്ങൾ, ആധ്യാത്മികഗ്രന്ഥങ്ങൾ എന്നിവ അച്ചടിച്ചു. മാത്രമല്ല അവ കാശപത്രികകൾ പരസ്യങ്ങൾ, ഉടമ്പടികൾ, കലണ്ടറുകൾ തുടങ്ങിയവയും അച്ചടിമഷിപുരണ്ടു. സാമ്രാജ്യത്വശക്തികൾ നാട് അടക്കിവാഴുന്ന വേളയിലാണ് അച്ചടിവിദ്യയ്ക്ക് ലോകമെങ്ങും പ്രചാരം വർദ്ധിച്ചത്.

▶ വിശ്വപ്രസിദ്ധമായ ഇതിഹാസഗ്രന്ഥങ്ങൾ, ആധ്യാത്മികഗ്രന്ഥങ്ങൾ എന്നിവയുടെ അച്ചടി



Fig 1.1.7 The Recuyell of the Historyes of Troye

പതിനഞ്ചാംനൂറ്റാണ്ടിന്റെ അന്ത്യത്തോടെ അച്ചടിസാങ്കേതികവിദ്യയിൽ പുരോഗതികൾ കണ്ടു തുടങ്ങി. 15 – 17 നൂറ്റാണ്ടിലെ അച്ചടി നടത്തിയിരുന്നത് മരം ഉപയോഗിച്ചുകൊണ്ടുള്ള ചട്ടക്കൂടിൽ ആയിരു

ന്നു. ആനുപാതികചലനത്താലായിരുന്നു ഈ പ്രക്രിയ നടന്നത്. അതിനുമുമ്പ് മുകളിലേക്കും താഴേക്കും ഉയർത്തിയും അമർത്തിയുമായിരുന്നു ഈ വിദ്യ പരീക്ഷിച്ചത്. മുകളിലേയ്ക്കും താഴേക്കുമുള്ള ചലനം അച്ചുകളിൽ പതിച്ചിരിക്കുന്ന മഷി കടലാസിൽ പതിയുന്നതിനുള്ള മർദ്ദം നൽകുന്നു. ഉള്ളിലേക്കും പുറത്തേക്കുമുള്ള ചലനം കടലാസും അച്ചുമായുള്ള സ്ഥാനം ക്രമപ്പെടുത്തുന്നതിനാണ്. ലിവർ വലിക്കുമ്പോൾ ഒരു സ്പെൻഡിൽ (അച്ചുതണ്ട്) തിരിയുകയും മഷി പുരട്ടിയ അച്ചുകളുടെ മുകളിൽ ഒരു തകിട് വന്ന് അമരുകയും അവയ്ക്കിടയിൽ വയ്ക്കുന്ന കടലാസിൽ അച്ചിൽനിന്ന് മഷി പതിയുകയും ചെയ്യുന്നു. പൊക്കിയതിനുശേഷം അച്ചുകളും മുദ്രവീണ കടലാസും അടങ്ങിയ ഫോറം പുറത്തേക്ക് വലിച്ചെടുക്കുന്നു. മിനുസപ്പെടുത്തിയ തോൽകൊണ്ട് മറച്ചുള്ള ഒരു ഫോറത്തിൽ കടലാസ് വെച്ചിട്ടാണ് അച്ചടി നടത്തിയിരുന്നത്. കടലാസ് വെച്ചതിനുശേഷം അച്ചടിക്കുമ്പോൾ കോട്ടം വരാതിരിക്കാനായി പിരിയാണി ഇട്ട് ഫ്രെയിം മുറുക്കുന്നു. ഈ ഫോറം ടിംപാനുമായി ബന്ധിപ്പിക്കുകയും കടലാസിൽ ആവശ്യമില്ലാത്തയിടത്ത് മഷി പുരളുന്നത് തടയുകയും ചെയ്യുന്നു. നന്നായി മഷി പുരട്ടിയ രണ്ട് കിഴികൾ കൊണ്ടാണ് അച്ചുകളിൽ മഷി പുരട്ടുന്നത്. അതിനുശേഷം അതിന്റെ മുകളിൽ കടലാസ് വയ്ക്കുന്നു. പൗരാണികകാലത്തെ അച്ചടിവിദ്യയുടെ രീതി ഇതായിരുന്നു.

- നന്നായി മഷി പുരട്ടിയ രണ്ട് കിഴികൾ കൊണ്ടാണ് അച്ചുകളിൽ മഷി പുരട്ടുന്നത്

പോർച്ചുഗീസുകാരാണ് ഇന്ത്യയിൽ ആദ്യമായി അച്ചടിയന്ത്രം പരിചയപ്പെടുത്തിയത്. മതപരിവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഇന്ത്യയിൽ അച്ചടിവിദ്യ രംഗപ്രവേശം ചെയ്തത്. ഇന്ത്യയിൽ ആദ്യമായി അച്ചിൽ പതിഞ്ഞത് തമിഴ് ബൈബിൾ ആണ് എന്ന് രേഖകളിൽ കാണുന്നു. ജോൺ ഗോൺസാൽവ്സ് എന്ന പുരോഹിതനാണ് അച്ചടിക്ക് ആവശ്യമായ മര അച്ചുകൾ നിർമ്മിച്ചത്. 1579 ൽ എച്ച് ഹെൻട്രിക്ക് ഒരു പ്രാർത്ഥനാപുസ്തകം പ്രസിദ്ധീകരിച്ചു. കൊച്ചിക്ക് അടുത്ത് അമ്പഴക്കാട് എന്ന സ്ഥലത്താണ് കേരളത്തിൽ ആദ്യമായി തമിഴ് ബൈബിൾഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയത്. ബംഗാളിൽ 1778 ൽ ഒരു ബംഗാളി വ്യാകരണഗ്രന്ഥം അച്ചടിച്ചു. ചാൾസ് വിൽക്കിൻസാണ് ആവശ്യമുള്ളത്ര അച്ചുകൾ നിർമ്മിച്ചത്. അതേസമയം 1772 ൽ ബേസിലിൽ വില്യം ഹാസ് അച്ചടിയന്ത്രത്തിലെ മരംകൊണ്ടുള്ള ഭാഗം മുഴുവൻ ഇരുമ്പുകൊണ്ട് നിർമ്മിച്ചത് അച്ചടിയുടെ അടുത്തഘട്ടത്തിന് നാന്ദി കുറിച്ചു.

- പോർച്ചുഗീസുകാരാണ് ഇന്ത്യയിൽ ആദ്യമായി അച്ചടിയന്ത്രം പരിചയപ്പെടുത്തിയത്

1885 ൽ ടോൽബർട് ലാന്റ്സ്റ്റൺ മോണോടൈപ്പ് അച്ചുനിരത്തൽരീതിയും ഫെഡറിക് ഐസ് ഫോട്ടോ ബ്ലോക്കുകൾ എടുക്കുന്നതിനുള്ള ലൈൻസ്ക്രീനും കണ്ടുപിടിച്ചു. 1890 ൽ ഈ രീതി മാക്സി ലീവി കൂടുതൽ മെച്ചപ്പെടുത്തി. പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനത്തോടെ രൂപപ്രതിഫലന സമ്പ്രദായ അച്ചടിവിദ്യ കൈവരിച്ചത് വലിയൊരു നേട്ടമായിരുന്നു. ഓട്ട്മാർ മാർഗേന്താലർ എന്ന സാങ്കേതികവിദഗ്ധൻ ലൈനോടോപ്പ് കമ്പോസിംഗ് കണ്ടുപിടിച്ചു. ഇരുപതാംനൂറ്റാണ്ടിലെ മധ്യത്തോടെ അടുക്കിവയ്ക്കുന്ന കടലാസ് സ്വയം എടുത്ത് അച്ചടിച്ച് മറുവശത്ത് അടുക്കിവയ്ക്കുന്നത് അടക്കമുള്ള പുരോഗതി സമ്പൂർണ്ണമായശേഷം ടൈപ്പുകളുടെ അച്ചടികൂടാതെ ഫോട്ടോ ബ്ലോക്കുകളുടെ കണ്ടെത്തലുകളും നിലവിൽവന്നു. യന്ത്രങ്ങളിലൂടെയുള്ള അച്ചുനിരത്തൽസമ്പ്രദായം നിലവിൽവന്നതോടെ വർത്തമാനപത്രങ്ങൾ പ്രചാര

- ഓട്ട്മാർ മാർഗേന്താലർ എന്ന സാങ്കേതികവിദഗ്ധൻ ലൈനോടോപ്പ് കമ്പോസിംഗ് കണ്ടുപിടിച്ചു

ത്തിലായി. 1949 ലാണ് ആദ്യമായി ഇന്റർടൈപ്പ് കമ്പനിയുടെ ഫോട്ടോ ടൈപ്പ്സെറ്റിങ് യന്ത്രം പുറത്തിറങ്ങിയത്. 1960 കളിലാണ് കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള ടൈപ്പ്സെറ്റിംഗ് നിലവിൽവന്നത്. ഇതിനെയാണ് ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് അഥവാ ഡിടിപി എന്ന് പറയുന്നത്.

## ബഹുജനസമ്പർക്കമാധ്യമങ്ങൾ

ഒരു ദേശത്തിന്റെ പൊതുവായ പ്രശ്നങ്ങളെല്ലാംതന്നെ അതാത് രാജ്യത്തെ ജനങ്ങളെ അറിയിക്കാനായി മനുഷ്യൻ ഒരുക്കിയ സാംസ്കാരികസംവിധാനമാണ് മാധ്യമങ്ങൾ. അതിൽ സ്വകാര്യമാധ്യമങ്ങളും ബഹുജനമാധ്യമങ്ങളും എന്നിങ്ങനെ രണ്ട് ഘടകങ്ങളായി തിരിച്ചിട്ടുണ്ട്. അറിവുകളെയും ജനങ്ങളെയും സമൂഹത്തെയാകെ ബാധിക്കുന്ന മറ്റ് പ്രശ്നങ്ങളെല്ലാം തന്നെ പൊതുസമൂഹത്തെ അറിയിക്കാനായി നാം ഒരുക്കിയ സംവിധാനമാണ് ബഹുജനമാധ്യമങ്ങൾ. കത്തിടപാടുകൾ, ടെലഫോൺ, കമ്പിത്തപാൽ തുടങ്ങിയവ സ്വകാര്യമാധ്യമങ്ങളാണ്. പത്രങ്ങൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ, ഗ്രന്ഥങ്ങൾ, ടെലിവിഷൻ, റേഡിയോ, ഇൻറർനെറ്റ്, സിനിമാപരസ്യങ്ങൾ, പ്രസംഗങ്ങൾ, കലാപ്രകടനങ്ങൾ തുടങ്ങിയവയാണ് ബഹുജനമാധ്യമങ്ങൾ. വിവരവിജ്ഞാനങ്ങളെ ശേഖരിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനുമാണ് മാധ്യമങ്ങൾ ഉപയോഗിക്കുന്നത്. പത്രം, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയവ ബഹുജനമാധ്യമങ്ങളാണ്.

▶ ബഹുജനമാധ്യമങ്ങൾ

ബഹുജനമാധ്യമങ്ങളെ വാർത്താമാധ്യമങ്ങൾ എന്നും അല്ലാത്തവയെന്നും വീണ്ടും വിഭജിക്കാം. എങ്കിലും മിക്ക വാർത്താമാധ്യമങ്ങളും ഡിജിറ്റലൈസ് ചെയ്തതോടെ ബഹുജനങ്ങളുടെ ഇടപെടലുകളും കൂടുതൽ കാര്യക്ഷമമായി കഴിഞ്ഞിട്ടുണ്ട്. കാണികൾക്കും വായനക്കാർക്കും ഉത്തരാധുനികകാലത്തെ മാധ്യമങ്ങൾ വിനോദത്തിന് പുറമേ വിജ്ഞാനവും പ്രദാനം ചെയ്യുന്നുണ്ട്. കേവലം ജ്ഞാനബോധത്തിൽ അധിഷ്ഠിതമായിരുന്ന ഉപരിവർഗ്ഗം അറിവുകൾ കുത്തകയാക്കി പൂഴ്ത്തിവച്ചിരുന്ന കാലം ഒക്കെ ഇന്ന് വിസ്മൃതിയിലാണ്ടുകഴിഞ്ഞു. ഒരുകാലത്ത് പരമ്പരാഗതമാധ്യമങ്ങൾ അപ്രാപ്യമായിരുന്ന അടിസ്ഥാനവർഗ്ഗം ഇന്ന് വിജ്ഞാനത്തിന്റെ പടവുകളിലേക്ക് ഘട്ടംഘട്ടമായി കയറുകയാണ്. ദൃശ്യമാധ്യമങ്ങളും ശ്രാവ്യമാധ്യമങ്ങളും ലോകത്തിന്റെ എല്ലാ കോണുകളിലും എത്തിച്ചേർന്നതിന് പിന്നാലെയാണ് ഇൻറർനെറ്റ് വിപ്ലവം സാധ്യമായത്. ഡിജിറ്റലൈസേഷൻ സാധാരണക്കാർക്ക് വിനോദവും വിജ്ഞാനവും നൽകിയതോടെ മാതൃഭാഷയിലൂടെയുള്ള ബോധനമാർഗവും വികസിക്കാൻതുടങ്ങി. ജനങ്ങളുടെ സംസ്കാരം സാമൂഹ്യവികസനം, അഴിമതിക്കെതിരെയുള്ള പോരാട്ടം തുടങ്ങിയ മേഖലകളിൽ ഇടപെടലുകൾ നടത്താനും ആവശ്യമായ തിരുത്തലുകൾക്ക് പ്രേരണ നൽകാനും ജനസമൂഹത്തിന് കഴിയുന്നത് ഡിജിറ്റൽമാധ്യമം ശക്തി പ്രാപിച്ചതോടെയാണ്. ഡിജിറ്റൽ പുതുമണ്ഡലത്തിലൂടെ ജനാധിപത്യസമൂഹത്തിൽ ആത്മപരിശോധന നടത്താനും പൊതുവായ പ്രതിസന്ധികൾ ചർച്ചചെയ്യാനും ക്രിയാത്മകമായ തീരുമാനങ്ങളിൽ എത്തിച്ചേരാനും കഴിയുന്നത് വലിയൊരു നേട്ടം തന്നെയാണ്.

▶ ഡിജിറ്റലൈസേഷൻ സാധാരണക്കാർക്ക് വിനോദവും വിജ്ഞാനവും നൽകി

## വിവിധതരം മാധ്യമങ്ങൾ

ആധുനിക ജീവിതത്തിലെ അവിഭാജ്യഘടകമാണ് മാധ്യമങ്ങൾ, രൂ

പത്തിലും ഭാവത്തിലും വ്യത്യാസം പുലർത്തുന്ന മാധ്യമരൂപങ്ങൾ ഇന്ന് ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും സ്വഭാവത്തിലുള്ള വ്യത്യാസമാണ് പ്രധാനമായും വിനിമയ സ്വഭാവത്തേയും വ്യത്യസ്തമാക്കുന്നത്. മാധ്യമങ്ങൾക്കു സംഭവിക്കുന്ന ഭാവമാറ്റം സമൂഹത്തിലും പ്രതിഫലിക്കാം. ജനങ്ങളുടെ ചിന്തയെയും ഇച്ഛയെയും നയിക്കാനും നിയന്ത്രിക്കാനും മാധ്യമങ്ങൾക്കുള്ള കഴിവ് അപാരമാണ്. അതു സമൂഹത്തെ ഗുണപരമായി സ്വാധീനിച്ചിട്ടുണ്ട് എന്നത് ചരിത്രമാണ്. അതുപോലെതന്നെ മാധ്യമരംഗത്ത് സംഭവിക്കുന്ന അപചയം സമൂഹത്തെ വിപരീതദിശയിലേക്ക് നയിക്കാനും ഇടയാക്കും. അക്കാര്യത്തിൽ മാധ്യമലോകവും പൊതുസമൂഹവും ജാഗ്രത പുലർത്തേണ്ടതുണ്ട്. ആലേഖനവിദ്യ ആരംഭിച്ചതോടെ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള വിനിമയരീതിക്കും തുടക്കം കുറിച്ചു എന്നു പറയാം. എന്നാൽ, കടലാസിന്റെയും അച്ചടിവിദ്യയുടെയും കണ്ടുപിടുത്തം ഈ രംഗത്തെ കുതിപ്പിനുതന്നെ ഇടയാക്കി. ലോകവൈജ്ഞാനികമണ്ഡലത്തിൽ വിപ്ലവം നടത്തിയ ഈ രണ്ടു കണ്ടുപിടുത്തങ്ങളാണ് അച്ചടി മാധ്യമങ്ങൾക്ക് വഴിയൊരുക്കിയത്. അച്ചടിയന്ത്രം പ്രചരിച്ചതോടെ അച്ചടിമാധ്യമങ്ങളും ആവിർഭവിച്ചു. അച്ചടിമാധ്യമങ്ങളുടെ പട്ടികയിൽ പെടുന്നത് പ്രധാനമായും പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ, ലഘുലേഖകൾ, ന്യൂസ് ലെറ്ററുകൾ എന്നിവയാണുള്ളത്.

> ▶ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള വിനിമയ രീതി

പത്തൊമ്പതാംനൂറ്റാണ്ടിന്റെ ഒന്നാംപകുതിയിൽ ആരംഭിക്കുന്ന പുസ്തക - പത്ര - മാസികാ പ്രസിദ്ധീകരണസംസ്കാരം, രണ്ടാംപകുതിയിൽ സജീവമാകുന്നു. നവോത്ഥാന - ആധുനികതയുടെ ഇടപെടൽ മണ്ഡലങ്ങളായി കരുതിപ്പോരുന്ന നാനാതരം സാമൂഹ്യ പ്രസ്ഥാനങ്ങൾക്കു വഴിവച്ചത് മുഖ്യമായും അച്ചടിസാങ്കേതികതയും സാക്ഷരതയും വായനയുമായിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ഒന്നാംപകുതി അവസാനിക്കുന്നതാകട്ടെ, അച്ചടിക്കൊപ്പം റേഡിയോ, സിനിമ എന്നീ രണ്ടു പുതിയ മാധ്യമാനുഭവങ്ങളുടെ ആവിർഭാവത്തോടെയാണ്.

## പത്രങ്ങൾ

ലോകത്തിലെ ആദ്യത്തെ പത്രം ചൈനയിലെ 'പെക്കിങ് ഗജറ്റ്'ാണ്. ഏറ്റവും പഴക്കമുള്ള ബഹുജനസമ്പർക്കമാധ്യമമാണ് വർത്തമാനപത്രങ്ങൾ. യൂറോപ്പിന്റെ പത്രപ്രവർത്തനചരിത്രം ആരംഭിക്കുന്നത് പിന്നെയും കുറേക്കഴിഞ്ഞാണ്. 1609-ൽ പുറത്തിറങ്ങിയ 'ഫൈൽ' എന്ന ജർമ്മൻ പത്രമാണ് ആദ്യ യൂറോപ്യൻ പത്രം. ഇന്ത്യയിലെ ആദ്യത്തെ പത്രം ജന്മംകൊണ്ടത് ബംഗാളിലാണ്. "ബംഗാൾ ഗസറ്റ് അഥവാ കൽക്കട്ട ജനറൽ അഡ്വർടൈസർ" ആണ് ഇന്ത്യയിലെ പ്രഥമപത്രം, ഇംഗ്ലീഷിലായിരുന്നു ഇതിന്റെ പ്രസിദ്ധീകരണം.

> ▶ ബഹുജനസമ്പർക്കമാധ്യമം

## പത്രപ്രവർത്തനം മലയാളത്തിൽ

ഇന്ത്യയിൽ പത്രവിനിയോഗത്തിന്റെ കാര്യത്തിൽ പ്രഥമസ്ഥാനം കേരളത്തിനാണ്. ഉയർന്ന ജീവിതനിലവാരവും സാക്ഷരതയും പൊതുവിദ്യാഭ്യാസവും ഇതിനുകാരണമായി പറയപ്പെടുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണ് മലയാള പത്രപ്രവർത്തനത്തിന് തുടക്കമായത്. ക്രിസ്തുമതപ്രചരണാർത്ഥം കേരളത്തിലെത്തിയ പാശ്ചാത്യ മിഷണറിമാരുടെ പ്രവർത്തനഫലമായിട്ടായിരുന്നു അത്. ഡോ. ഹെർമൻ ഗു

ണ്ടർട്ടിന്റെ നേതൃത്വത്തിലുള്ള ബാസൽമിഷൻ തലശ്ശേരിയിൽനിന്ന് പ്രസിദ്ധീകരിച്ച രാജ്യസമാചാരമാണ് (1847 ജൂണിൽ) ആദ്യപത്രമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. പ്രതിമാസ പത്രികയായിട്ടായിരുന്നു ഇതിന്റെ പ്രസിദ്ധീകരണം. രാജ്യസമാചാരമെന്നാൽ ദൈവരാജ്യസമാചാരമാണ്. സുവിശേഷ പ്രചാരണമായിരുന്നു ലക്ഷ്യം. അതേവർഷം തന്നെ പ്രസിദ്ധീകരണമാരംഭിച്ച പത്രമാണ് 'പശ്ചിമോദയം' (1847 ഒക്ടോബർ). ഇതിൽ വൈജ്ഞാനികവിഷയങ്ങൾക്ക് മുൻതൂക്കം നല്കിയിരുന്നു. സാഹിത്യത്തിനുകൂടി സ്ഥലം അനുവദിച്ചുകൊണ്ട് പ്രസിദ്ധീകരണമാരംഭിച്ച 'ജ്ഞാനനിക്ഷേ'പത്തിനാണ് മൂന്നാം സ്ഥാനം. തുടർന്നുവന്ന വിദ്യാസംഗ്രഹത്തിന് കേരളത്തിലെ ആദ്യവിദ്യാലയ പ്രസിദ്ധീകരണം എന്ന സ്ഥാനം കൂടിയുണ്ട്. കോട്ടയം സി.എം.എസ്. കോളേജിൽ നിന്നായിരുന്നു അതിന്റെ പ്രസിദ്ധീകരണം. ഇവയെല്ലാം തന്നെ ക്രിസ്തുമതതത്വങ്ങൾ പ്രചരിപ്പിക്കുന്നതിലായിരുന്നു കൂടുതൽ ശ്രദ്ധ നല്കിയിരുന്നത്. മതനിരപേക്ഷ വാർത്തകളുമായി പ്രസിദ്ധീകരിക്കപ്പെട്ട ആദ്യമലയാളപത്രം എന്ന ബഹുമതി കൊച്ചിയിൽ നിന്നിറങ്ങിയ പശ്ചിമതാരകയ്ക്കാണ് (1864) ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് അതിനുമുമ്പുതന്നെ (1860) പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. 1881-ൽ കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ പത്രാധിപത്യത്തിൽ ദേവ്ജി ഭീംജി പുറത്തിറക്കിയ കേരളമിത്രമാണ് കേരളത്തിലെ ആദ്യവാരിക. ലക്ഷണമൊത്ത ആദ്യ വാർത്താപത്രം എന്നും ഇതിനെ വിശേഷിപ്പിച്ചുകാണാറുണ്ട്. മലബാറിൽ നിന്നിറങ്ങിയ ആദ്യ വർത്തമാനപ്പത്രമെന്ന ബഹുമതി കേരളപത്രികയ്ക്കാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പുറപ്പെട്ട ഈ പത്രത്തിന്റെ പത്രാധിപർ ചെങ്കുളത്ത് കുഞ്ഞിരാമമേനോനായിരുന്നു.

▶ ക്രിസ്തുമതതത്വങ്ങൾ പ്രചരിപ്പിച്ചു

19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകമാകുന്നതോടെ പത്രപ്രസിദ്ധീകരണ രംഗത്ത് വലിയ ബാഹുല്യം പ്രകടമാകുന്നുണ്ട്. 'കേരളം' (1866), 'സന്ദിഷ്ടവാദി' (1867), 'ട്രാവൻകൂർ ഹെറാൾഡ്' (1867), 'കേരളോപകാരി' (1874), 'സത്യനാദകാഹളം' (1876), 'മലയാളമിത്രം' (1878), 'തിരുവിതാംകൂർ അഭിമാനി' (1878), 'കേരളദീപകം' (1878), 'കേരള ചന്ദ്രിക' (1879), 'കേരളമിത്രം' (1881), 'കേരളപത്രിക' (1884), 'മലയാളി' (1886), 'കേരളസഞ്ചാരി' (1888), 'നസ്രാണിദീപിക' (1887), 'മലയാളമനോരമ' (1890) തുടങ്ങിയ ധാരാളം പത്രങ്ങൾ. ഇതിൽ മലയാളമനോരമ'യും 'സത്യനാദകാഹള'വും ദീപിക എന്ന പേരിൽ 'നസ്രാണിദീപിക'യും ഇപ്പോഴും നിലവിലുണ്ട്. 20-ാം നൂറ്റാണ്ടിന്റെ ഉദയം മലയാള പത്രപ്രവർത്തനരംഗത്തിന്റെ നവോദയം കൂടിയാണ്. പുതിയ ധാരാളം പത്രങ്ങൾ ഉണ്ടായി എന്നു മാത്രമല്ല, ചരിത്രം സൃഷ്ടിച്ച പത്രങ്ങളും ശ്രേഷ്ഠരായ പത്രാധിപൻമാരും ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്. പ്രതിബദ്ധതയും ദിശാബോധവും ആ കാലഘട്ടത്തിന്റെ പത്രങ്ങളുടെ മുഖമുദ്രകളായിരുന്നു. സ്വാതന്ത്ര്യം, ദേശീയോദ്ഗ്രഥനം, സമൂഹനിർമ്മാണം, സാമുദായിക പരിഷ്കരണം, ശാസ്ത്രബോധവൽക്കരണം തുടങ്ങിയവ ലക്ഷ്യങ്ങളായിരുന്നു. ഈ സന്ദർഭത്തിൽ ആദ്യം പരാമർശിക്കേണ്ട പത്രം കെ. രാമകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിലിറങ്ങിയ 'സ്വദേശാഭിമാനി'യാണ്. 1905 ലായിരുന്നു അതിന്റെ തുടക്കം. ഭരണവർഗ്ഗത്തിനെതിരെ തൂലിക പടവാളാക്കിയ ദേശാഭിമാനി'യായിരുന്നു സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. അതിന്റെ പേരിൽ അദ്ദേഹം നാടു കടത്തപ്പെട്ടു. അങ്ങനെ സ്വദേശാഭിമാനിയും രാമകൃഷ്ണപിള്ളയും കേരളചരിത്രത്തിന്റെ ഭാഗമായി. ആദ്യമായി പ്രതി

▶ മലയാള പത്രപ്രവർത്തനരംഗത്തിന്റെ നവോദയം

ദിനക്കുറിപ്പുകൾ ഇറക്കിയ പത്രം എന്ന നിലയിലും സ്വദേശാഭിമാനിക്ക് ചരിത്രപ്രാധാന്യമുണ്ട്.

സാമുദായിക പരിഷ്കരണത്തെ ലക്ഷ്യമാക്കി പ്രസിദ്ധീകരിക്കപ്പെട്ട പത്രങ്ങളിൽ പ്രമുഖങ്ങളാണ് തിരുവനന്തപുരത്തുനിന്നും ഇറങ്ങിയ 'വിവേകോദയ'വും (1904) മലബാറിൽ നിന്നും പുറത്തുവന്ന 'മിതവാദി'യും (1907). മൂർക്കോത്തു കുമാരനായിരുന്നു മിതവാദിയുടെ പത്രാധിപർ. എസ്. എൻ. ഡി. പി. യുടെ മുഖപത്രമായിരുന്ന വിവേകോദയം, മഹാകവി കുമാരനാശാന്റെ മേൽനോട്ടത്തിലായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്. എം. ഗോവിന്ദനായിരുന്നു ആദ്യ പത്രാധിപർ. പിന്നീട് ദീർഘകാലം കുമാരനാശാൻ ഇതിന്റെ പത്രാധിപത്യം വഹിക്കുകയുണ്ടായി. മുഹമ്മദ് അബ്ദുൾ ഖാദർ മൗലവിയുടെ ശ്രമഫലമായി മുസ്ലീം പത്രം രൂപംകൊണ്ടത് 1908 ലാണ്. ടി. കെ. മാധവന്റെ പത്രാധിപത്യത്തിൽ 1915-ൽ 'ദേശാഭിമാനി' പ്രസിദ്ധീകരണമാരംഭിച്ചു. പിൽക്കാലത്ത് കേസരി ബാലകൃഷ്ണപിള്ള പത്രാധിപത്യം വഹിച്ച 'സമദർശി'യുടെ കാലം ആരംഭിക്കുന്നത് 1918 മുതൽക്കാണ്.ഇന്നും കേരളത്തിലെ മുഖ്യധാരാ പത്രങ്ങളിലൊന്നായ കേരളകൗമുദിയുടെ ആരംഭം 1911 ലാണ്. പ്രസിദ്ധ സാഹിത്യകാരനായിരുന്ന സി.വി. കുഞ്ഞുരാമനായിരുന്നു സ്ഥാപകൻ. സാമൂഹിക പരിഷ്കർത്താവ് എന്ന നിലയിൽ പ്രസിദ്ധനായ സഹോദരൻ അയ്യപ്പന്റെ 'സഹോദരൻ' (1917) ആണ് ചരിത്രപ്രാധാന്യമുള്ള മറ്റൊരു പത്രം. സാമുദായികസമത്വം, സോഷ്യലിസം, മിശ്രവിവാഹം, യുക്തിവാദം എന്നീ വിഷയങ്ങൾ അതിൽ ചർച്ചചെയ്യപ്പെട്ടിരുന്നു. തൊഴിലാളികൾക്കുവേണ്ടി സംസാരിക്കുന്ന വേലക്കാരനും സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ച "സ്ത്രീയും' അദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങളാണ്.

> ▶ ചരിത്രപ്രാധാന്യമുള്ള പത്രങ്ങൾ

കേരളത്തിലെ സ്വാതന്ത്ര്യസമരനേതാക്കളിൽ പ്രമുഖരായിരുന്നു കെ.പി. കേശവമേനോനും മുഹമ്മദ് അബ്ദുൾ റഹ്മാനും. ദേശീയബോധം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇവരുടെ നേതൃത്വത്തിൽ പുറത്തുവന്ന പത്രങ്ങളാണ് 'മാതൃഭൂമി'യും (1923) 'അൽ അമീനും' (1924), രണ്ടിന്റെയും ആസ്ഥാനം കോഴിക്കോടായിരുന്നു. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് 1934-ൽ 'ചന്ദ്രിക' എന്ന പേരിൽ തലശ്ശേരിയിൽ നിന്ന് പത്രം പുറത്തിറക്കി. സീതിസാഹിബായിരുന്നു പത്രാധിപർ. മലയാളപത്രങ്ങളുടെ ചരിത്രത്തിലെ ദീപസ്തംഭങ്ങളായ ഈ പ്രസിദ്ധീകരണങ്ങളെല്ലാം തന്നെ മാസികകളും ദ്വൈമാസികകളും വാരികകളുമൊക്കെയായിരുന്നു. ഇവയിൽ ചിലതെല്ലാം ദിനപ്പത്രങ്ങളായി മാറുകയും ചെയ്തു.

> ▶ ചരിത്രത്തിലെ ദീപസ്തംഭങ്ങൾ

## ദിനപ്പത്രങ്ങൾ

1923-ൽ കോട്ടയത്തുനിന്ന് പ്രസിദ്ധീകരിക്കപ്പെട്ട 'പ്രതിദിന'മാണ് ആദ്യമലയാളദിനപ്പത്രം. അതിനുമുമ്പ് 'സ്വദേശാഭിമാനി'യും (1908 നവംബർ) മലയാളിയും (1911 ഡിസംബറിൽ ജോർജ്ജ് അഞ്ചാമൻ ചക്രവർത്തിയുടെ സ്ഥാനാരോഹണം പ്രമാണിച്ച് ഒരുമാസക്കാലം) ഹ്രസ്വകാലത്തേക്ക് പ്രതിദിനപ്പതിപ്പുകൾ ഇറക്കിയിരുന്നു. 1926-ൽ ബാരിസ്റ്റർ എ.കെ. പിള്ള തിരുവനന്തപുരത്തുനിന്നിറക്കിയ 'സ്വരാജ്' ആയിരുന്നു മറ്റൊരു ദിനപ്പത്രം. ഇതിന്റെ തുടർച്ചയായി നേരത്തെതന്നെ പ്രചാരത്തിലുണ്ടായിരുന്ന 'നസ്രാണിദീപിക' (1927) ദിനപ്പത്രമായി മാറി. ഇതിൽ ദീപികയൊഴിച്ച് മറ്റെല്ലാ പത്രങ്ങളും ഇന്ന് മൺമറഞ്ഞുകഴിഞ്ഞു.

> ▶ നസ്രാണി ദീപിക ദിനപത്രം ആയി

## ഇന്നത്തെ പത്രങ്ങൾ

പത്രമാധ്യമങ്ങളുടെ വിനിയോഗത്തിൽ മാത്രമല്ല, എണ്ണത്തിന്റെ കാര്യത്തിലും കേരളം പിന്നിലല്ല. പ്രചാരത്തിന്റെ കാര്യത്തിൽ ദേശീയതലത്തിൽ തന്നെ മുന്നിലാണ് മലയാളപത്രങ്ങൾ. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള പത്രം മലയാളമനോരമയും മാതൃഭൂമിയുമാണ്. കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ പത്രാധിപത്യത്തിൽ 1890-ൽ കോട്ടയത്തുനിന്ന് പ്രസിദ്ധീകരണമാരംഭിച്ച മനോരമ 1928 മുതലാണ് ദിനപ്പത്രമായത്. കെ.സി. മാമ്മൻ മാപ്പിളയായിരുന്നു പത്രാധിപർ. 1923-ൽ കെ.പി. കേശവമേനോന്റെ പത്രാധിപത്യത്തിൽ കോഴിക്കോട്ടുനിന്നാരംഭിച്ച മാതൃഭൂമി ദിനപ്പത്രമായത് 1930-ലാണ്. കെ.കേളപ്പനായിരുന്നു ആദ്യ പത്രാധിപർ. നിധീരിക്കൽ മാണിക്കത്തനാരുടെ പത്രാധിപത്യത്തിൽ 1887-ൽ ആരംഭിച്ച 'നസ്രാണി ദീപിക' 1927 ൽ ദിനപ്പത്രത്തിന്റെ രൂപത്തിലേക്കു മാറിയെങ്കിലും 1939 മുതലാണ് 'ദീപിക' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. ഇന്ന് നിലവിലുള്ള മലയാളപത്രങ്ങളിൽ ഏറ്റവും പഴക്കമുള്ള പത്രം ദീപികയാണ്. മുസ്ലീംലീഗിന്റെ മുഖപത്രമായ 'ചന്ദ്രിക' 1939 മുതലാണ് ദിനപ്പത്രമായത്. പ്രചാരത്തിൽ മൂന്നാമതെത്തിനില്ക്കുന്ന മലയാളപത്രമാണ് ദേശാഭിമാനി. 1942-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരണമാരംഭിച്ച ദേശാഭിമാനി മാർക്സിസ്റ്റ് പാർട്ടിയുടെ (സി.പി.ഐ.എം) മുഖപത്രമാണ്. 'ജനയുഗം' സി.പി.ഐയുടെയും, 'വീക്ഷണം' കോൺഗ്രസ് പാർട്ടിയുടെയും മുഖപത്രമാണ്. 1977-ൽ മാതൃക പ്രചരണാലയത്തിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച പത്രമാണ് 'ജന്മഭൂമി', പ്രൊഫ. എം.പി. മന്മഥനായിരുന്നു ആദ്യ പത്രാധിപർ.

- മലയാള ദിനപ്പത്രങ്ങൾ ദേശീയതലത്തിലെത്തി

കേരളത്തിൽ ഇന്ന് പ്രചാരത്തിലുള്ള പത്രങ്ങളിൽ പ്രമുഖമായ ഒന്നായ 'കേരളകൗമുദി', 1940-ലാണ് ദിനപ്പത്രമായത്. കെ.സുകുമാരനായിരുന്നു പത്രാധിപർ. പ്രചാരത്തിലുള്ള മറ്റു പത്രങ്ങൾ മാധ്യമവും (1987) മംഗളവും (1989) ആണ്. ന്യൂ ഇൻഡ്യൻ എക്സ്പ്രസും ഹിന്ദുവുമാണ് മലയാളിയുടെ ഗൃഹങ്ങളിൽ പതിവായെത്തുന്ന ഇംഗ്ലീഷ് പത്രങ്ങൾ. ഇവയ്ക്ക് പുറമെ കൊച്ചുകൊച്ചു പത്രങ്ങളും സായാഹ്നപത്രങ്ങളും ഇവിടെ പ്രചാരത്തിലുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷം പത്രപ്രവർത്തനരംഗത്തിന്റെ മുഖച്ഛായ തന്നെ മാറി. പത്രപ്രവർത്തനം എന്നത് ഒരു സാംസ്കാരിക പ്രവർത്തനം എന്ന നിലയിൽ നിന്ന് വ്യവസായമായി മാറി. പുതിയ സാങ്കേതികവിദ്യയുടെ വരവ് ഈ രംഗത്തെ മുതൽമുടക്ക് വർദ്ധിപ്പിച്ചു. പരസ്യം പ്രധാന വരുമാനമാർഗ്ഗമായി. ഇത് പത്രങ്ങൾ തമ്മിലുള്ളമാത്സര്യം വർദ്ധിപ്പിച്ചു. ഈ സാഹചര്യം ചെറുകിടപത്രങ്ങളെ പ്രതിസന്ധിയിലാക്കി. മുമ്പേ ഉണ്ടായിരുന്നതും ഇടക്കാലത്ത് ആരംഭിച്ചതമായ പല പത്രങ്ങളും രംഗത്തുനിന്ന് പിൻവാങ്ങി, 'ദേശബന്ധു', 'ദിനമണി', 'പ്രഭാതം', 'മലയാളരാജ്യം', 'കേരളപത്രിക', 'കേരള', 'മലബാർമെയ്ൽ', 'പൗരധ്വനി', 'പൗരപ്രഭ', 'പൗരശക്തി', 'നവജീവൻ, 'കേരളഭൂഷണം', 'ഈനാട്', 'കേരളധ്വനി', 'സദ്വാർത്ത' തുടങ്ങി വലിയൊരു പട്ടികതന്നെ ഈ വിഭാഗത്തിൽ പെടുന്നു.

- പത്രപ്രവർത്തനം ഒരു സാംസ്കാരികപ്രവർത്തനം

## ഇലക്ട്രോണിക് മാധ്യമങ്ങൾ

കമ്മ്യൂണിക്കേഷൻ എന്ന പദത്തിന്റെ ഉല്പത്തി കമ്മ്യൂണിസ് എന്ന ഇംഗ്ലീഷ് വാക്കിൽനിന്നുമാണ് പിറവിയെടുത്തത് പൊരുത്തപ്പെടുന്നത് 'പൊതുവായി ഐക്യപ്പെടൽ' തുടങ്ങിയ അർത്ഥങ്ങൾ ഈ വാക്കിന് കൽപ്പിച്ചിരിക്കുന്നു. രണ്ട് സ്രോതസ്സുകൾ തമ്മിലുള്ള യോജിപ്പാണ് കമ്മ്യൂണിസ് എന്ന പദത്തിന്റെ അർത്ഥം. ആശയവിനിമയത്തിന്റെ സ്വാഭാവികചലനത്തിന് അധികാരകേന്ദ്രങ്ങളും മതനേതൃത്വങ്ങളും തടസ്സം സൃഷ്ടിക്കാറുണ്ട്. ഈ സാഹചര്യത്തെ മറികടക്കാൻ ആണ് സാങ്കേതിക വിദ്യയുടെ വികാസത്തെക്കുറിച്ച് സാമൂഹ്യപരിഷ്കർത്താക്കളും ശാസ്ത്രലോകവും ചിന്തിച്ചുതുടങ്ങുന്നത്. ആധുനികമാധ്യമങ്ങളിലേക്കുള്ള വികാസത്തിന്റെ വരവോടെയാണ് ഇത് സാധ്യമായത്. സാമൂഹ്യപരിവർത്തനത്തിനായി ശാസ്ത്രജ്ഞരും ഉത്പതിഷ്ണുക്കളും ഐക്യത്തോടെ മുന്നോട്ടുനീങ്ങിയതിന്റെ ഫലമായാണ് നാം കമ്മ്യൂണിക്കേഷൻ യുഗത്തിലേക്ക് പാദമൂന്നിയത്.

> ▶ 'പൊതുവായി ഐക്യപ്പെടൽ' എന്നതാണ് കമ്മ്യൂണിക്കേഷൻ എന്ന പദത്തിന്റെ അർത്ഥം

പതിനെട്ടാംനൂറ്റാണ്ടിന്റെ അവസാനത്തിൽ ഉണ്ടായ ടെലിഗ്രാഫിന്റെ കണ്ടുപിടിത്തത്തോടെ ആശയവിനിമയത്തിന്റെ പുതിയൊരു അദ്ധ്യായം തുറക്കുകയായിരുന്നു. ഭൂമിയുടെ പ്രതലത്തിലൂടെ കമ്പികൾ വലിച്ചു കെട്ടി അവയിലൂടെ പ്രത്യേകം കോഡുകൾ നൽകി സന്ദേശം പ്രചരിപ്പിക്കുന്ന വാർത്താവിതരണസമ്പ്രദായമാണ് ടെലിഗ്രാഫ് അഥവാ കമ്പിത്തപാലെന്നു വിളിക്കുന്നത്. തുടർന്ന് കമ്പിയില്ലാകമ്പി അല്ലെങ്കിൽ വയർലെസ് ടെലിഗ്രാം കണ്ടുപിടിച്ചു. ഇതോടെ കമ്പികൾ വഴി അല്ലാതെയും സന്ദേശങ്ങൾ കൈമാറാൻ കഴിഞ്ഞു. വിദൂരദേശങ്ങളിൽ നിൽക്കുന്ന രണ്ടു പേർക്ക് പരസ്പരം ബന്ധപ്പെടുന്നതിന് വയർലെസ് ടെലഗ്രാഫി വലിയൊരു അനുഗ്രഹമായി. ശബ്ദസന്ദേശങ്ങൾ ഒരേസമയം പറയുവാനും സ്വീകരിക്കാനും കഴിയുന്ന തരത്തിലുള്ള ഉപകരണമായ ദൂരഭാഷിണി അഥവാ ടെലഫോൺ കണ്ടുപിടിച്ചതോടെ ഇലക്ട്രോണിക് യുഗത്തിന് ഉണർവ് പകർന്നുതുടങ്ങി. ശബ്ദങ്ങൾ അന്തരീക്ഷത്തിലൂടെ സഞ്ചരിച്ച് ശ്രോതാവിന്റെ ചെവികളിൽ എത്തുന്ന സംഗതിയാണ് ടെലഫോൺ വഴി സാധ്യമായത്. 1876 -ലാണ് അലക്സാണ്ടർ ഗ്രഹാംബെൽ ടെലഫോൺ സാങ്കേതികവിദ്യ കണ്ടുപിടിച്ചത്. 1910 -ൽ ടെലിപ്രിന്റർ കണ്ടുപിടിച്ചതോടെ ടെക്സ്റ്റ് സന്ദേശങ്ങൾ കൈമാറാൻ കഴിഞ്ഞു 1926 ജോൺ ലോഗിൻ ബയേഡ് ടെലിവിഷൻ വികസിപ്പിച്ചതോടെ ഇലക്ട്രോണിക് മാധ്യമരംഗത്ത് തുടക്കമായി. ഡിജിറ്റൽ മാധ്യമങ്ങളുടെ വരവ് ഇലക്ട്രോണിക് യുഗത്തിലെ വിപ്ലവകരമായ മാറ്റങ്ങൾക്ക് നാന്ദി കുറിച്ചു. കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ കടന്നുവരവ് സാങ്കേതികവിദ്യയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. നിരവധി ആപ്പുകളുടെയും സോഫ്റ്റ് വെയറുകളുടെയും രംഗപ്രവേശം ആശയവിനിമയമേഖലയുടെ സമാനതകളില്ലാത്ത വികസനത്തിന് സാക്ഷ്യം വഹിക്കാൻ കാരണമായി.

> ▶ ടെലിഗ്രാം, ടെലഫോൺ, ടെലിപ്രിന്റർ, ടെലിവിഷൻ, കമ്പ്യൂട്ടർ ഇവയുടെ കണ്ടുപിടിത്തം ഇലക്ട്രോണിക് യുഗത്തിന് ഉണർവ് പകർന്നു



Fig 1.1.8 ടെലിഗ്രാം

## റേഡിയോ: ചരിത്രം, വികാസം, പരിണാമം, സന്ദേശം, വിനിമയരീതി

▶ റേഡിയോ പ്രക്ഷേപണത്തിന്റെ പിതാവ് ഡോ. ലീ ഡി ഫോറസ്റ്റ്

1895ൽ ഇറ്റലിക്കാരനായ ഗൂഗ്ളി മാർക്കോണി വയർലെസ്സിലൂടെ സന്ദേശങ്ങൾ കൈമാറാനുള്ള സാങ്കേതികവിദ്യ കണ്ടെത്തിയതോടെ റേഡിയോ കണ്ടുപിടുത്തത്തിലേക്കുള്ള കവാടം തുറന്നുകിട്ടി. 1906 ൽ ഡോ. ലീ ഡി ഫോറസ്റ്റ് വാക്വം ട്യൂബ് ഉപയോഗിച്ച് അമേരിക്കയിൽനിന്ന് ആദ്യത്തെ ശബ്ദപ്രക്ഷേപണം നടത്തി. ഇതോടെ റേഡിയോപ്രക്ഷേപണത്തിന്റെ പിതാവ് എന്ന് ഫോറസ്റ്റ് അറിയപ്പെടാൻ തുടങ്ങി.

19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ ശാസ്ത്രം ലോകത്തിനു നല്കിയ ഏറ്റവും വലിയ സംഭാവന റേഡിയോയുടെ കണ്ടുപിടുത്തമായിരുന്നു. 1895-ൽ ആണ് മാർക്കോണി റേഡിയോ കണ്ടുപിടിക്കുന്നത്. ശബ്ദതരംഗങ്ങളെ വൈദ്യുതതരംഗങ്ങളാക്കി കമ്പികളുടെ സഹായമില്ലാതെ ദീർഘദൂരം സഞ്ചരിപ്പിക്കാൻ കഴിയും എന്ന ഈ കണ്ടെത്തൽ വിനിമയരംഗത്ത് വലിയ വിപ്ലവമാണ് വരുത്തിയത്. ഇതുപതാം നൂറ്റാണ്ടിൽ സംഭവിച്ച വിനിമയവിസ്ഫോടനത്തിന് തുടക്കം കുറിച്ചത് 1920 കളോടെ ആരംഭിച്ച റേഡിയോ പ്രക്ഷേപണത്തോടെയാണ്. ആദ്യ പ്രക്ഷേപണം പിറ്റ്സ് ബർഗിൽ ആയിരുന്നു. തുടർന്ന് ഇംഗ്ലണ്ടിലും 1922-ൽ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കമ്പനി രൂപംകൊണ്ടതോടെ റേഡിയോയുടെ വ്യാപ്തി വർദ്ധിച്ചു. ഡേവിഡ് സാർനോഫ് റേഡിയോയെ കരുത്തുറ്റ ബഹുജനമാധ്യമമാക്കി മാറ്റി. സർനോഫ് റേഡിയോ കോർപ്പറേഷൻ ഓഫ് അമേരിക്ക (RCA)യുടെ തലപ്പത്ത് എത്തിയതോടെ നാഷണൽ ബ്രോഡ്കാസ്റ്റിംഗ് കമ്പനി(NBC) തുടങ്ങി. ഇംഗ്ലണ്ടിൽ ബിബിസി രംഗത്ത് വന്നതോടുകൂടി ലോകമെമ്പാടും റേഡിയോയുടെ പ്രചാരണം സാധ്യമായി. 1922-ൽ റേഡിയോ ഇന്ത്യയിലെത്തി. 1922-ൽ ബോംബെ, കൽക്കട്ട എന്നിവിടങ്ങളും 1924-ൽ മദ്രാസിലും റേഡിയോ പ്രക്ഷേപണം നടന്നു. തുടർന്ന് 1927-ൽ ബോംബെ ആസ്ഥാനമാക്കി ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് കമ്പനി പ്രക്ഷേപണമാരംഭിച്ചത്. 1943-ൽ തിരുവിതാംകൂർ റേഡിയോ തിരുവനന്തപുരത്തു നിന്നു പ്രക്ഷേപണമാരംഭിച്ചു. 1939 മുതൽ മദ്രാസിൽ നിന്നും മലയാളത്തിലുള്ള പ്രക്ഷേപണങ്ങൾ നടത്തിയിരുന്നു. എങ്കിലും മലയാളമണ്ണിൽ പ്രേക്ഷേപണമാരംഭിക്കുന്നത് 1943-ൽ

തിരുവിതാംകൂർ റേഡിയോയുടെ ആവിർഭാവത്തോടെയാണ്. 1936-ൽ ഓൾ ഇന്ത്യ റേഡിയോ സ്ഥാപിതമാകുന്നതുവരെ ഇന്ത്യൻ ബ്രോഡ് കാസ്റ്റിങ് എജൻസി ആയിരുന്നു ഇന്ത്യയിലെ റേഡിയോ പ്രക്ഷേപണ ഏജൻസി. ഇന്ത്യയിലെ റേഡിയോ പ്രക്ഷേപണ നിലയങ്ങൾ കൂടി കേന്ദ്രസർക്കാർ ഏറ്റെടുത്തതോടെ ഇന്ത്യ മുഴുവൻ റേഡിയോ പ്രക്ഷേപണങ്ങൾ ആകാശവാണിയുടെ കീഴിലായി. അതോടൊപ്പം തന്നെ പ്രക്ഷേപണം കൂടുതൽ ജനങ്ങളിലെത്തിക്കാനുള്ള ഏർപ്പാടുകളുമുണ്ടായി. കേരളത്തിൽ പ്രാരംഭത്തിൽ തിരുവനന്തപുരത്തിനു പുറമേ 1950-ൽ കോഴിക്കോടും പിന്നീട് 1971-ൽ ആലപ്പുഴയിലും നിലയങ്ങൾ സ്ഥാപിക്കപ്പെട്ടു. 1989-ൽ കൊച്ചിയിലും 1991-ൽ കണ്ണൂരും 1994-ൽ ദേവികുളത്തും എഫ്. എം. നിലയങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഇതെല്ലാംതന്നെ സർക്കാർ നിയന്ത്രണത്തിലുള്ളതാണ്. പിൽക്കാലത്ത് പ്രക്ഷേപണ രംഗത്തേക്ക് സ്വകാര്യമേഖലയുടെ കടന്നുവരവുണ്ടായി. അക്ഷരാഭ്യാസമുള്ളവർക്കു മാത്രമേ അച്ചടിമാധ്യമങ്ങൾ പ്രാപ്യമാകൂഎന്നിരിക്കെ റേഡിയോ നിരക്ഷരർക്കും പ്രജോനപ്പെടും എന്നത് അതിന്റെ സ്വീകാര്യത വർദ്ധിപ്പിക്കാൻ ഇടയാക്കി. സാമാന്യേന ചിലവുകുറഞ്ഞ മാധ്യമം എന്ന പ്രത്യേകതയും അതിനുണ്ട്. വിദൂര ഗ്രാമങ്ങളുൾപ്പെടെ രാജ്യമാകമാനം സാങ്കേതികവിദ്യയുടെ വളർച്ചയോടൊപ്പം റേഡിയോയുടെ പ്രചാരവും സംഭവിച്ചു. ബാലയോഗം, യുവവാണി, മഹിളാലയം, തൊഴിലാളിമണ്ഡലം, കാർഷികരംഗം, ആരോഗ്യരംഗം എന്നിങ്ങനെ വൈവിധ്യം പുലർത്തുന്നതും വിഭിന്നപ്രായത്തിലും അവസ്ഥയിലും ഉള്ളവരെ ഉദ്ദേശിച്ചുള്ളതുമായ പരിപാടികൾ പ്രക്ഷേപണം ചെയ്തു എന്നത് ശ്രദ്ധേയമാണ്.

- ▶ ഇന്ത്യയിലെ റേഡിയോ പ്രക്ഷേപണ നിലയങ്ങൾ കേന്ദ്രസർക്കാർ ഏറ്റെടുത്തു

## ആകാശവാണി

കേന്ദ്രസർക്കാർ 1950-ൽ അതുവരെ നാട്ടുരാജ്യങ്ങളുടെ നിയന്ത്രണത്തിലായിരുന്ന റേഡിയോ നിലയങ്ങൾ ഏറ്റെടുക്കുകയും രാജ്യമൊട്ടുക്കുമുള്ള എല്ലാ റേഡിയോ നിലയങ്ങളും ആകാശവാണിയുടെ കീഴിലാക്കുകയും ചെയ്തു. കൂടുതൽ ജനങ്ങൾക്ക് പ്രാപ്യമാകുന്ന രീതിയിൽ പ്രക്ഷേപണ സമ്പ്രദായത്തെ 'ആകാശവാണി' വികസിപ്പിച്ചു. മറ്റു മാധ്യമങ്ങളിൽ നിന്ന് ശ്രവ്യമാധ്യമം എന്ന സവിശേഷതയാണ് റേഡിയോയെ വ്യത്യസ്തമാക്കുന്നത്. ശരീരമില്ലാത്ത ശബ്ദം എന്നാണ് ആകാശവാണി എന്ന പേരിന്റെ അർത്ഥം. അച്ചടിമാധ്യമങ്ങൾ അക്ഷരാഭ്യാസമുള്ളവരെ ലക്ഷ്യമാക്കിയാണെങ്കിൽ നിരക്ഷരരായവർക്കുപോലും ഉപയോഗപ്പെടുത്താൻ കഴിയും എന്നതാണ് ഈ മാധ്യമത്തിന്റെ പ്രത്യേകത. റേഡിയോയുടെ ജനപ്രിയതയ്ക്ക് ഒരു കാരണം ഇതാണ്. സാങ്കേതികവിദ്യയുടെ വളർച്ചയോടെ ഇന്ത്യയിലെ കുഗ്രാമങ്ങളിൽപ്പോലും എത്തിച്ചേരാൻ കഴിഞ്ഞു എന്നതും താരതമ്യേന ചെലവുകുറഞ്ഞ ഒരു സംവിധാനം എന്നതും ആകാശവാണിയുടെ പ്രചാരത്തിനു കാരണമായി. വിവരങ്ങൾ എത്തിക്കുക, വിജ്ഞാനം പകരുക, വിനോദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആകാശവാണി നിരവധി പരിപാടികൾ പ്രക്ഷേപണം ചെയ്തു പോരുന്നു. അവയെല്ലാം നിലവാരം പുലർത്തുന്നവയാണ്. കലാസാഹിത്യരംഗങ്ങളിൽ ആകാശവാണി നല്കുന്ന സേവനം നിസ്തുലമാണ്. ഒരു ശ്രവ്യമാധ്യമമെന്നനിലയിൽ പരിമിതികൾ പലതുമുണ്ടെങ്കിലും പരിമിതികൾക്കൊപ്പം സാധ്യതകളുമുണ്ട്. മുഖമില്ലാതെ ശബ്ദം എന്നത് ശ്രോതാക്കളുടെ ഭാവനയെ വികസിപ്പിക്കുന്നു. എന്നാൽ ഒരു ദൃശ്യ ലോകം

- ▶ ശരീരമില്ലാത്ത ശബ്ദം എന്നാണ് ആകാശവാണിയുടെ അർത്ഥം

നല്കുന്നില്ല എന്നത് പരിമിതിയുമാണ്. അതുകൊണ്ടാണ് ഒരുകാലത്ത് ജനസമൂഹത്തിന്റെ ദൈനംദിന പരിപാടികൾക്കൊപ്പം സഞ്ചരിച്ചിരുന്ന റേഡിയോ, ടെലിവിഷന്റെ വരവോടെ പിന്തള്ളപ്പെട്ടത്. എങ്കിലും, ദിനചര്യകളെ തടസ്സപ്പെടുത്താതെ പ്രവൃത്തി സമയം അപഹരിക്കാതെ ഒപ്പം നിന്ന് വിനോദവും വിജ്ഞാനവും പകരുന്ന ഒരു സുഹൃത്തായി ഇന്നും റേഡിയോ രംഗത്തുണ്ട്. പ്രത്യേകിച്ചും വാഹനങ്ങളിലും മറ്റും റേഡിയോ സ്ഥാപിക്കുന്ന പ്രവണത കൂടിവരുന്നുണ്ട്.



Fig 1.1.9 ലീ ഡി ഫോറസ്റ്റ്

മാർക്കോണിയുടെ കമ്പിയില്ലാക്കമ്പിയിലൂടെ റേഡിയോ പ്രക്ഷേപണസാങ്കേതികവിദ്യ വികസിച്ചതുകൊണ്ട് റേഡിയോ കണ്ടുപിടിച്ചതിന്റെ നേട്ടം അദ്ദേഹത്തിന്റെ പേരിൽ തന്നെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടക്കുന്ന കാലത്ത് 1916 ഡി ഫോറസ്റ്റ് ശബ്ദതരംഗങ്ങളിലൂടെ തിരഞ്ഞെടുപ്പ് വാർത്തകൾ പ്രക്ഷേപണം ചെയ്തത് ചരിത്രത്തിലെ പ്രധാനപ്പെട്ട ഏടായി കരുതുന്നു. ഒന്നാംലോകയുദ്ധത്തിന്റെ കരിനിഴലിൽ 1919 ൽ യുദ്ധ ആവശ്യങ്ങൾക്കായി റേഡിയോ പ്രക്ഷേപണം പ്രയോജനപ്പെടുത്തി. യുദ്ധത്തിനിടയിലെ കമ്മ്യൂണിക്കേഷൻ തന്ത്രങ്ങളുടെ ഭാഗമായാണ് അമേരിക്കയിൽ റേഡിയോ പ്രക്ഷേപണം സാധ്യമാക്കിയത്. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ അമേരിക്കയിലും യൂറോപ്പിലും വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നു എന്ന് ചരിത്രം പരിശോധിച്ചാൽ ബോധ്യപ്പെടും. ഈ ഘട്ടത്തിൽ ഭീതിയോടെയാണ് ഈ സാങ്കേതികവിദ്യ പൊതുസമൂഹം നോക്കിക്കാണാൻ തുടങ്ങിയത്.

- അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് വാർത്തകൾ ഡി ഫോറസ്റ്റ് ശബ്ദതരംഗങ്ങളിലൂടെ പ്രക്ഷേപണം ചെയ്തു

ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ മാധ്യമങ്ങളുടെ നിലപാടുകളിൽ മാറ്റം വരുന്നതിന്റെ സൂചനകൾ പ്രത്യക്ഷപ്പെട്ടു. എല്ലാത്തരം മാധ്യമങ്ങളും വാർത്തകൾ രൂപപ്പെടുത്തുന്നത് സാമൂഹ്യപ്രതിബദ്ധതയോടെയായിരുന്നു. പത്രമാധ്യമങ്ങൾ സംശയത്തോടെ റേഡിയോ പ്രക്ഷേപണങ്ങളെ കാണാൻ തുടങ്ങി. അവർ പരിവർത്തനത്തിന് തുടക്കം കുറിച്ച വ്യാവസായിക വിപ്ലവത്തിന്റെ ആശയത്തിൽ അധിഷ്ഠിതമായി ആധുനികസാമൂഹികക്രമത്തിന് രൂപം നൽകാനായി മുൻകൈയെടു

ത്തു. സമൂഹത്തിന്റെ നന്മ ലക്ഷ്യമിട്ട് മാധ്യമങ്ങൾ പ്രവർത്തിക്കണമെന്ന് സാമൂഹ്യപരിഷ്കർത്താക്കളുടെ നിലപാടുകൾ മാധ്യമപ്രവർത്തകരും ഏറ്റെടുക്കാൻ തുടങ്ങി. ഈ സാഹചര്യത്തിൽ സർക്കാർ നിയന്ത്രണങ്ങളിൽ മാത്രം പ്രക്ഷേപണ മേഖല ഒതുങ്ങി നിൽക്കേണ്ടതില്ല എന്ന തീർപ്പിൽ എത്തിച്ചേർന്നു. അതോടെ ധാരാളം സ്വതന്ത്ര മാധ്യമങ്ങൾ രംഗത്ത് വന്നു. റേഡിയോ സാധാരണക്കാരുടെ സങ്കേതങ്ങളിലേക്ക് എത്തിയത് പിന്നെയും ദശകങ്ങൾ പിന്നിട്ടശേഷമായിരുന്നു എങ്കിലും ബി ബി സി, അമേരിക്കയിലെ നാഷണൽ ബ്രോഡ്കാസ്റ്റിംഗ് കമ്പനി ( എൻ ബി സി), കൊളംബിയ ബ്രോഡ്കാസ്റ്റിംഗ് സിസ്റ്റം (സി ബി എസ്) തുടങ്ങിയവയും സ്വതന്ത്രമാധ്യമങ്ങളായി സജീവമായത് യൂറോപ്പിലും അമേരിക്കയിലും റേഡിയോയുടെ വിനിമയരീതി വ്യാപിക്കാൻ കാരണമായി. 1924 ജൂലൈ 31ന് മദ്രാസ് പ്രസിഡൻസി റേഡിയോ ക്ലബ്ബ് പ്രക്ഷേപണം തുടങ്ങിയതോടെ ഇന്ത്യയിലും റേഡിയോ പരിപാടികൾക്ക് തിരശ്ശീല ഉയർന്നു.

- ധാരാളം സ്വതന്ത്രമാധ്യമങ്ങൾ രംഗത്തുവന്നു

## ടെലിവിഷൻ : ചരിത്രം, വികാസം, പരിണാമം, സന്ദേശം, വിനിമയം

1884 പ്രൊഫസർ നിപ്കോവ് കണ്ടുപിടിച്ച ഡിസ്ക് സ്കാനർ ടെലിവിഷന്റെ ആദ്യരൂപം ആയിരുന്നു. 1931 ൽ അമേരിക്കക്കാരനായ ജോൺ ലോഗി ബയേർഡിന്റെ നേരിട്ടുള്ള സംപ്രേഷണം ആയിരുന്നു പുതിയ പരീക്ഷണം. അതിലും വിജയിച്ചതോടെ 1932 ൽ ബയേർഡിന്റെ സംവിധാനം ഉപയോഗിച്ച് ബിബിസി ദിവസേനയുള്ള സംപ്രേഷണം ആരംഭിച്ചു. 1907 ൽ ലി ഡി ഫോറസ്റ്റ് ഇലക്ട്രോൺ വാൽവ് പ്രവർധകങ്ങൾ (amplifiers) നിർമ്മിച്ചത് ടെലിവിഷൻ നിർമ്മാണത്തിലേക്കുള്ള പാത സുഗമമാക്കി. 1923 ൽ അമേരിക്കയിൽനിന്നുള്ള സി എഫ് ജൻ കിന്സുമായി കൂട്ടുചേർന്ന് ഡിസ്ക് സ്കാനിങ് സിസ്റ്റം വികസിപ്പിച്ചെടുത്തത് ഇംഗ്ലീഷുകാരനായിരുന്ന ജോൺ ലോഗി ബയേർഡായിരുന്നു. ലണ്ടനിലെ ഒരു കടയുടെ മുന്നിൽ ബയേർഡ് ഇമേജ് പ്രതിഫലിക്കുന്ന കുറേ കണ്ണാടിച്ചില്ലുകൾ അടങ്ങിയ വലിയൊരു ഡിസ്ക് പ്രദർശിപ്പിച്ചു. ഈ ഉപകരണത്തെ ബയേർഡ് ടെലിവൈസർ എന്നാണ് അറിയപ്പെടുന്നത്.

- ജോൺ ബയേർഡിന്റെ നേരിട്ടുള്ള സംപ്രേക്ഷണം

ടെലിവിഷന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടിയത് അമേരിക്കയിലെ വ്യവസായ പ്രമുഖരുടെ ഇടപെടലുകൾ ആയിരുന്നു. 1930 ൽ ഡേവിഡ് സർനോഫ് എന്ന യുഎസിലെ ഉദ്യോഗസ്ഥൻ ടെലിവിഷന്റെ വികാസത്തിന് വലിയ സംഭാവനകൾ നൽകി. അമേരിക്കയിലെ റേഡിയോ കോർപ്പറേഷന്റെ ഉയർന്ന ഉദ്യോഗസ്ഥൻ ആയിരുന്നു അദ്ദേഹം. 1916 ൽ റേഡിയോയുടെ സങ്കേതത്തിലൂടെ നടത്തിയ പരീക്ഷണങ്ങൾ തന്നെയാണ് ടെലിവിഷന്റെ കണ്ടുപിടിത്തത്തിന് വഴിതെളിച്ചത്. അനേകം കേബിളുകളും ട്യൂബുകളും ക്യാമറകളും റിസീവറുകളും സംപ്രേഷണ സംവിധാനങ്ങളുമൊക്കെ ടെലിവിഷൻ പ്രവർത്തനത്തിന് ആവശ്യമായിരുന്നു.

- ഡേവിഡ് സർനോഫിന്റെ സംഭാവനകൾ

ആദ്യത്തെ ടെലിവിഷൻതാരം ഒരു പാവയായിരുന്നു. കറങ്ങുന്ന ഒരു ഫോണോഗ്രാഫിക് മേശമേൽ ഒരു പാവയുടെ രൂപം പ്രതിഷ്ഠിച്ചു. ശക്തിയേറിയ പ്രകാശത്തിന് കീഴിൽ പത്തുവർഷത്തോളം പാവ കറക്കം തുടർന്നു. ഇത് സുപ്രധാനമായ പരീക്ഷണമായിരുന്നു. 1933ൽ നടത്തിയ പരീക്ഷണത്തിൽ ടെലിവിഷന്റെ അടുത്തഘട്ടവും വിജയിച്ചു. 1936 ൽ ടെലിവിഷനിലൂടെ നിരവധി ചലനചിത്രങ്ങളും കലാപരിപാടി

കളും നിർമ്മിച്ചു. 1937-ൽ അമേരിക്കൻ ടെലിവിഷൻ ഷെർലക്ഹോംസ് കഥയെ ഉപജീവിച്ച് ചില നാടകങ്ങൾ സംപ്രേഷണം ചെയ്തു. 1939 ലാണ് പരസ്യകമ്പനികളുടെ സ്പോൺസർഷിപ്പ് ലഭിച്ചു തുടങ്ങിയത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ വരവോടെ 1939-ൽ ബിബിസി ടെലിവിഷന്റെ സംപ്രേഷണം നിലച്ചു. മിക്കി മൗസ് കാർട്ടൂൺ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതിനിടയാണ് പ്രദർശനം നിലച്ചത്. 1946 ജൂൺ ഏഴാം തീയതി സംപ്രേഷണം പുനരാരംഭിച്ചത് നിർത്തിവച്ച മിക്കി മൗസിന്റെ തുടർന്നുള്ള ഭാഗങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടായിരുന്നു.

- മിക്കിമൗസ് സംപ്രേക്ഷണം

ഇരുപതാം നൂറ്റാണ്ടിൽ വാർത്താവിനിമയരംഗത്തുണ്ടായ ഏറ്റവും വലിയ വിപ്ലവം എന്ന് ടെലിവിഷനെ വിശേഷിപ്പിക്കാം. മറ്റു മാധ്യമങ്ങളെപ്പോലെതന്നെ വിവരവും വിനോദവും വിദ്യാഭ്യാസവുമൊക്കെയാണ് ടെലിവിഷന്റെയും അടിസ്ഥാനലക്ഷ്യം. ലോകക്കാഴ്ചകളെ വീട്ടിനകത്തേക്ക് ആദ്യമായി കൂട്ടിക്കൊണ്ടുവന്നത് ഈ ഉപകരണമാണ്. ശബ്ദവും ചിത്രവും ചലച്ചിത്രവും സമന്വയിക്കുന്ന മൾട്ടിമീഡിയ തത്വം അനുസരിച്ചാണ് ടെലിവിഷൻ പ്രവർത്തിക്കുന്നത്. ശബ്ദങ്ങൾ എന്നതുപോലെ ചലിക്കുന്ന ചിത്രങ്ങളെയും വൈദ്യുതതരംഗമാക്കാം എന്ന കണ്ടെത്തലാണ് ഈ മാധ്യമത്തിന്റെ പിറവിക്കു പിന്നിൽ. റേഡിയോയുടെ പരിമിതികളെ പരിഹരിച്ചുകൊണ്ട് ജനമധ്യത്തിലെത്തിയ ടെലിവിഷൻ വളരെവേഗം ജനപ്രിയത പിടിച്ചുപറ്റി. ആബാലവൃദ്ധജനങ്ങളെയും കാഴ്ചക്കാരാക്കാൻ ടെലിവിഷനു കഴിഞ്ഞു. 'വിഡ്ഢിപ്പെട്ടി' എന്ന ദുഷ്പേരുപോലും സമ്പാദിച്ചു. 1926 ജനുവരി 26ന് ടെലിവിഷൻ ലണ്ടനിലെ റോയൽ ഇൻസ്റ്റിറ്റ്യൂട്ട് മുമ്പാകെ പ്രദർശിപ്പിച്ച ജോൺ ബയേർഡ് പ്രശസ്തിയിലേക്ക് കുതിച്ചു. പക്ഷേ സാങ്കേതികമായി മാർക്കോണിയുടെ ഇഎംഐ ടീമിന്റെ സംവിധാനമാണ് ടെലിവിഷന്റെ പ്രവർത്തനത്തിന് കാരണമെന്ന് വിദഗ്ധർ വിലയിരുത്തി. ബയേർഡിന്റെ കണ്ടുപിടിത്തത്തിന് സാക്ഷ്യം വഹിച്ച പരീക്ഷണശാല തീപിടുത്തത്തിൽ നശിച്ചത് അദ്ദേഹത്തിന്റെ നേട്ടത്തിന്റെ അവകാശവാദം നിരാകരിക്കാൻ കാരണമായി. 1928-ൽ അമേരിക്കയിൽ സംപ്രേഷണം നടത്തി. ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കമ്പനി ഈ രംഗത്തേക്കു വന്നത് 1929- ലാണ്. ആദ്യകാലത്ത് ശബ്ദവും ദൃശ്യവും വെവ്വേറെയായിരുന്നു പുറത്തുവിട്ടിരുന്നത്. 1930 ആയപ്പോഴേക്കും രണ്ടും ഒന്നിച്ച് പ്രവർത്തിപ്പിക്കാനുള്ള സംവിധാനമായി. 1931-ലാണ് തത്സമയസംപ്രേഷണം ആദ്യമായി സാധ്യമായത്. 1936ൽ ബയേർഡ് തന്റെ പഠനങ്ങളിലൂടെ ഒരു ചിത്രത്തെ 240 വരികളായി തരംതിരിച്ച് സെക്കൻഡിൽ 24 ചിത്രങ്ങൾ വീതം വിശകലനം ചെയ്യാനുള്ള സംവിധാനമുണ്ടാക്കി. മാർക്കോണി ഇഎംഐ ടീം 405 വരികളും 25 ചിത്രങ്ങളും എന്ന സംവിധാനവും പരീക്ഷിച്ച് വിജയിപ്പിച്ചു. ബ്രിട്ടീഷ് ഗവൺമെന്റ് ഒടുവിൽ മാർക്കോണി ഇഎംഐ ടീമിന്റെ സംവിധാനത്തിനാണ് കണ്ടുപിടിത്തത്തിനുള്ള അംഗീകാരം നൽകിയത്.

- മാർക്കോണി ഇഎംഐ ടീമിന്റെ സംവിധാനം

ടെലിവിഷന്റെ ഉദ്ഭവത്തിനുശേഷം മൂന്നു ദശകങ്ങൾ കഴിഞ്ഞാണ് (1959 സെപ്തംബർ 15) അത് ഇന്ത്യയിൽ എത്തുന്നത്. 1959 ലാണ് ഇന്ത്യയിൽ ടെലിവിഷൻ സംപ്രേഷണമാരംഭിച്ചത്. ആഴ്ചയിൽ രണ്ടുതവണ വീതമുള്ള ഒരു മണിക്കൂർ സംപ്രേഷണം ആയിരുന്നു ബ്ലാക്ക് ആൻഡ് വൈറ്റിൽ സംപ്രേഷണം ചെയ്തത് ഇരുപത്തിയൊന്നാംനൂറ്റാണ്ട് ആയപ്പോഴേക്കും 200 ഓളം ചാനലുകൾ കാണാൻ കഴിയുന്ന തരത്തിലേക്ക്

ടെലിവിഷൻ വളർന്നുകഴിഞ്ഞു. ഡൽഹിയിലെ ആകാശവാണി കേന്ദ്രത്തിലായിരുന്നു ആദ്യ സംപ്രേഷണം. അതാണ് ദൂരദർശന്റെ തുടക്കം. ഡൽഹിക്കു പുറത്തേക്ക് ദൂരദർശൻ കടന്നുവരാൻ പിന്നെയും സമയമെടുത്തു. എഴുപതുകളിൽ, തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ ദൂർദർശൻ സംപ്രേഷണം ആരംഭിച്ചു. 1976 ലാണ്, അതുവരെ ആകാശവാണിയുടെ ഭാഗമായിരുന്ന ദൂരദർശൻ സ്വതന്ത്രമായി പ്രവർത്തനം ആരംഭിക്കുന്നത്. ആദ്യകാലത്ത് കറുപ്പും വെളുപ്പും മാത്രം ദൃശ്യമാകുന്ന ബ്ലാക്ക് ആന്റ് വൈറ്റ് ടി.വി. കളായിരുന്നു പ്രചാരത്തിലുണ്ടായിരുന്നത്. 1982 ഓടെ ബഹുവർണ്ണചിത്രങ്ങൾ ലഭ്യമായിത്തുടങ്ങി. ഭൂതലസംപ്രേഷണികൾ വഴിയായിരുന്നു സംപ്രേഷണം. തൊണ്ണൂറുകളിൽ ഉപഗ്രഹനിലയങ്ങൾ കടന്നു വന്നത് ഈ രംഗത്തെ മറ്റൊരു നാഴികക്കല്ലായിരുന്നു

▶ തൊണ്ണൂറുകളിൽ ഉപഗ്രഹനിലയങ്ങൾ കടന്നു വന്നു

കേരളത്തിൽ 1982-ൽ തിരുവനന്തപുരത്തുനിന്ന് ആദ്യമായി ടെലിവിഷൻ സംപ്രേഷണം ചെയ്തത് കെൽട്രോണിന്റെ നേതൃത്വത്തിലായിരുന്നു. പിന്നീടാണ് ദൂരദർശൻ സംപ്രേഷണം ആരംഭിക്കുന്നത്. 1985-ൽ ആദ്യമായി മലയാള ഭാഷയിൽ പരിപാടികൾ ആരംഭിച്ചു. 1990 കളോടെ ടെലിവിഷൻ സംപ്രേഷണരംഗത്തേക്ക് സ്വകാര്യചാനലുകൾ കടന്നുവന്നു. ഇത് പരിപാടികളുടെ വൈവിധ്യത്തിന് കാരണമായി. സ്പോർട്സ്, സംഗീതം, ചലച്ചിത്രം തുടങ്ങി പ്രത്യേകവിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്ന ചാനലുകൾ ലഭ്യമായി. 'ഇന്ത്യയുടെ ആകാശം സ്വതന്ത്രമാക്കപ്പെട്ടു' എന്നാണ് ഈ സ്വകാര്യവൽക്കരണത്തെ വിശേഷിപ്പിച്ചത്. എന്നാൽ, ചാനലുകൾ തമ്മിലുള്ള മാത്സര്യത്തിന് ഇത് വഴി തെളിച്ചു. പരിപാടികളുടെ നിർമ്മാണത്തിലും അവതരണത്തിലും കച്ചവടക്കണ്ണുകൾ പ്രവർത്തിച്ചു. പരസ്യമാണ് മുഖ്യ വരുമാനമാർഗ്ഗം എന്നത് പരസ്യങ്ങൾക്ക് കൂടുതൽ ഇടം നല്കുന്ന പ്രവണതയിലേക്കു നയിച്ചു. ഒരു വ്യവസായമെന്ന നിലയിൽ ലാഭം മുഖ്യലക്ഷ്യമായതോടെ വിനോദിപ്പിക്കുക എന്നതായി മുഖ്യധർമ്മം. വാർത്തകൾ സൃഷ്ടിക്കപ്പെടുകയും വൈകാരികോന്മത്തത ഉണ്ടാക്കുന്നതരത്തിലാക്കുകയും (Sensational) ചെയ്തു. ദൃശ്യമാധ്യമങ്ങൾ ധാർമ്മികതയിൽ നിന്നും മൂല്യബോധത്തിൽ നിന്നും അകലുന്നു എന്നും സാമൂഹിക ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞു മാറുന്നു എന്നതും അവയ്ക്കെതിരെയുള്ള വിമർശനങ്ങളാണ്. അതോടൊപ്പം വാർത്താചാനലുകളുടെ വികാസത്തെക്കുറിച്ചും നയരൂപീകരണത്തെക്കുറിച്ചും ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. ഭരണകൂടത്തിന്റെ പ്രീതിക്കുവേണ്ടി വാർത്തകളെ വളച്ചൊടിക്കുകയും ജനകീയപ്രശ്നങ്ങളുമായി ബന്ധപ്പെട്ട വാർത്തകളെ തമസ്കരിക്കുകയും ചെയ്യുന്ന രീതികൾ ഇന്ന് കോർപ്പറേറ്റ് മാധ്യമങ്ങളുടെ പതിവ് ശൈലിതന്നെയാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരംമൂലം വാർത്തകളുടെ നിജസ്ഥിതി സംബന്ധിച്ച് ബഹുജനങ്ങൾക്ക് ആശയക്കുഴപ്പം സൃഷ്ടിക്കുന്ന സ്ഥിതിയും സംജാതമാകുന്നുണ്ട്. ചാനലുകൾ ഒരേ വാർത്തകൾതന്നെ പല വീക്ഷണകോണുകളിലൂടെ റിപ്പോർട്ട് ചെയ്യുന്നതാണ് ആശയവൈരുദ്ധ്യത്തിന് വഴിതുറക്കുന്നത്.

▶ പല വീക്ഷണകോണിലുള്ള റിപ്പോർട്ട് ആശയവൈരുദ്ധ്യം സൃഷ്ടിക്കുന്നു

## മാധ്യമങ്ങൾ : ഉടമസ്ഥതയും അധികാരവും (മതം, ജാതി, ലിംഗം)

ഉത്തരാധുനികകാലത്തെ മാധ്യമങ്ങൾ നവീനപാതകളിലൂടെ രാഷ്ട്രീയ-ലിംഗ-ജാതി-മതപരമായ വിഭിന്നതകൾക്കിടയിലും ഒരു പരിഷ്കൃതസമൂഹത്തെ രൂപപ്പെടുത്തി. മനുഷ്യജീവിതത്തെ തങ്ങളുടെ അധികാരപരിധിക്കുള്ളിൽ നിയന്ത്രിക്കേണ്ടത് എന്നും ഭരണവർഗത്തിന്റെ ആവശ്യമായിരുന്നു. ഈ ആവശ്യത്തെ തൃപ്തിപ്പെടുത്തുവാൻ പരമ്പരാഗത അധികാരസ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ല. അധികാരകേന്ദ്രീകരണത്തിന്റെ പുത്തൻസാഹചര്യങ്ങളിലൂടെ മുന്നേറാനായി ഭരണവർഗത്തിന് കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിലാണ് മാധ്യമസ്ഥാപനങ്ങൾ ഉയർന്നുവന്നത്. വിപണിവൽക്കരിക്കപ്പെട്ട സമൂഹത്തിലെ മാധ്യമഉടമസ്ഥർ ഭരണകൂടത്തോട് വിധേയത്വം പുലർത്തിയത് വാർത്തകളുടെ വിശ്വാസ്യതയെ കെടുത്തി. മാധ്യമങ്ങൾ ഒരു അധികാരകേന്ദ്രമാണ്. ഫോർത്ത് എസ്റ്റേറ്റ് എന്ന പദത്തിന്റെ ഉത്ഭവം രാജ്യത്തിന്റെ മൂന്ന് എസ്റ്റേറ്റുകളുടെ പരമ്പരാഗതയൂറോപ്യൻ ആശയത്തിൽനിന്നാണ്. പുരോഹിതന്മാർ, പ്രഭുക്കന്മാർ, തുടങ്ങിയവർ ഉൾപ്പെടുന്നവരെ സൂചിപ്പിക്കുന്ന 'ഫോർത്ത് പവർ' എന്ന തത്തുല്യപദം ആംഗല ഭാഷയിൽ അപരിചിതമാണ്. എന്നാൽ ജർമ്മൻ, ഇറ്റാലിയൻ, സ്പാനിഷ്, ഫ്രഞ്ച്, സ്വീഡിഷ് ഉൾപ്പെടെ പല യൂറോപ്യൻഭാഷകളിലും അധികാരം എന്ന അർത്ഥത്തിൽ ഈ പദം ഉപയോഗിക്കുന്നുണ്ട്.

▶ ഫോർത്ത് എസ്റ്റേറ്റ് എന്ന സങ്കല്പം

1895 ൽ ഗൂഗ്ളി മാർക്കോണി വയർലെസ് വഴി സന്ദേശങ്ങൾ കൈമാറാമെന്ന് കണ്ടെത്തിയെങ്കിലും റേഡിയോയിലൂടെ മനുഷ്യശബ്ദം ആദ്യമായി പ്രക്ഷേപണം ചെയ്തത് ഡോ. ലി ഡി ഫോറസ്റ്റ് ആയിരുന്നു. 1884 പ്രൊഫസർ നിപ്കോവ് കണ്ടുപിടിച്ച ഡിസ്ക് സ്കാനർ ടെലിവിഷന്റെ ആദ്യരൂപം ആയിരുന്നു. പത്രങ്ങൾക്ക് സമാനമായി റേഡിയോയും ടെലിവിഷനും സാമൂഹ്യവീക്ഷണത്തോടെ പ്രക്ഷേപണങ്ങളിൽ മാറ്റം വരുത്തി. സാമൂഹ്യവളർച്ചയ്ക്ക് അനുകൂലമായ പരിഷ്കരണപദ്ധതികൾ വളരെ വേഗം ജനങ്ങളിലേക്ക് എത്തിക്കുക എന്നുള്ളതായിരുന്നു അവരുടെ ലക്ഷ്യം. ആധുനികസംവിധാനങ്ങൾ ആയതുകൊണ്ട് മിക്ക ടെലിവിഷൻ ചാനലുകളും നേരിട്ടുള്ള സംപ്രേഷണം വ്യാപകമാക്കി. ജനാധിപത്യസംവിധാനത്തെ സംരക്ഷിക്കുന്ന നാല് ഘടകങ്ങളിൽ ഒന്നാണ് മാധ്യമങ്ങൾ. ഭരണകൂടങ്ങളുടെ ഇടപെടൽ പത്രസ്വാതന്ത്ര്യത്തെ ദോഷകരമായി ബാധിക്കുമെന്ന് നമുക്കറിയാം. അടിച്ചേൽപ്പിക്കപ്പെടുന്ന പെരുമാറ്റ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി മാത്രമേ പത്രസ്ഥാപനങ്ങൾക്ക് പലപ്പോഴും പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. അതേസമയം ഭരണഘടനാപരമായി മാധ്യമ സ്വാതന്ത്ര്യത്തിന് പ്രാഥമികപരിഗണന നൽകിയ രാജ്യമാണ് ഇന്ത്യ. നമ്മുടേതുപോലുള്ള ഒരു വികസ്വരരാജ്യത്തിലെ സംവിധാനമനുസരിച്ച് ധീരമായി വാർത്തകൾ റിപ്പോർട്ട് ചെയ്യാനായി ഒരു മാധ്യമസ്ഥാപനത്തിനും കഴിയാറില്ല. ലാഭേച്ഛ മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണ് മാധ്യമങ്ങളിൽ ഭൂരിപക്ഷവും. സമൂഹത്തിലെ ഒരു തിരുത്തൽ ശക്തിയായി മാധ്യമമേഖല മുന്നോട്ടുകൊണ്ടുപോകണമെന്ന് ആഗ്രഹിക്കുന്നവർ വിരളമാണ്. അത്തരക്കാർ ഭരണകൂടവുമായി ഏറ്റുമുട്ടുമ്പോൾ തിരിച്ചടികൾ ഉണ്ടാകുമെന്ന് ആലോചിക്കാറില്ല. മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ച് വാചാലരാകുന്ന

മാധ്യമഉടമകൾ പ്രവർത്തനസ്വാതന്ത്ര്യത്തോടൊപ്പം അധികാരങ്ങളും കവർന്നെടുക്കാറുണ്ട്. നമ്മുടെ രാജ്യത്ത് വിദേശനാണയ നിയമലംഘനത്തിന്റെ പേരിൽ ഒരു പത്രമുടമ അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ പത്രസ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നാക്രമണമായി വ്യാഖ്യാനിക്കുകയുണ്ടായി. നീതിപീഠത്തിനുമുന്നിൽ മറ്റേത് മേഖലയിലും പ്രവർത്തിക്കുന്ന വിദഗ്ധരെപ്പോലെതന്നെ പത്രമുടമകളും നിയമനടപടികൾക്ക് വിധേയരാണ് എന്നുള്ള യാഥാർത്ഥ്യം മറച്ചുവയ്ക്കാനാവില്ല.

▶ ലാഭേച്ഛ മാത്രം ലക്ഷ്യം

ജനാധിപത്യവ്യവസ്ഥിതിയുടെ നിലനിൽപ്പിനായി സജീവമായ ഇടപെടലുകൾ നടത്തുന്ന സ്ഥാപനങ്ങളിലൊന്നാണ് മാധ്യമം. പക്ഷേ പത്രസ്വാതന്ത്ര്യനിഷേധത്തിനും പൗരസ്വാതന്ത്ര്യധ്വംസനത്തിനും എതിരെ പടപൊരുതിയ കാലയളവുകളിൽ മാധ്യമങ്ങൾക്കും പലതവണയും ഭീഷണികൾ നേരിട്ടിട്ടുണ്ട്. ഇന്ത്യയിൽ അടിയന്തരാവസ്ഥകാലത്ത് നടമാടിയ മനുഷ്യാവകാശധ്വംസനത്തിനും ഭരണകൂടഭീകരതയ്ക്കും എതിരെ പോരാടിയ പ്രസ്ഥാനങ്ങളും നേതാക്കളും അനവധിയാണ്. എന്നാൽ ഈ നേതാക്കൾ പിന്നീട് ഭരണകർത്താക്കളായ കാലത്തു പ്രമുഖരായ മാധ്യമപ്രവർത്തകർ പലരും ജയിലുകളിൽ അകപ്പെട്ടിട്ടുണ്ട്. പക്ഷേ ഇത്തരം ഭീഷണികൾ എല്ലാം അവഗണിച്ചുകൊണ്ട് മാധ്യമഉടമകളുടെ പിന്തുണനേടിക്കൊണ്ട് ധീരമായി പത്രപ്രവർത്തനം നടത്തുന്ന നിരവധി പത്രപ്രവർത്തകർ നമുക്കുണ്ട്. അതിലൊരാളാണ് റാണാ അയ്യൂബ്. ഗുജറാത്ത് കലാപത്തെക്കുറിച്ചുള്ള റാണയുടെ ഫീച്ചർ എക്കാലത്തെയും 20 മികച്ച മാസികാ ഫീച്ചറുകളിലൊന്നായി ഔട്ട്ലുക്ക് മാസിക തിരഞ്ഞെടുത്തിരുന്നു. ഈ ഫീച്ചർ പിന്നീട് അവർ ഗുജറാത്ത് ഫയൽസ്: അനാറ്റമി ഓഫ് എ കവർ അപ്പ് എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചു. ഒരു മാധ്യമപ്രവർത്തകൻ അറസ്റ്റ് ചെയ്യപ്പെടുമ്പോൾ സ്വയം കൂടുതൽ സെൻസർ ചെയ്യുന്ന മാധ്യമപ്രവർത്തകരാണ് എന്നുള്ളതെന്ന് റാണ അയ്യൂബ് പറഞ്ഞത് ചർച്ചയായിരുന്നു. ജനാധിപത്യക്രമത്തിന് സംരക്ഷണം നൽകേണ്ട ചുമതലയുള്ള ഫോർത്ത് എസ്റ്റേറ്റ് നമ്മുടെ രാജ്യത്തും പത്രസ്വാതന്ത്ര്യത്തിന് വിലകൽപ്പിക്കാത്ത അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. ജനാധിപത്യവ്യവസ്ഥിതിയുടെ നെടുംതൂണ് എന്ന് ഖ്യാതികേട്ട മാധ്യമലോകത്ത് അനീതിക്കെതിരെ പോരാടുന്ന പത്രപ്രവർത്തകരുടെയും പത്രമുടമകളുടെയും എണ്ണം ഇന്ന് കുറഞ്ഞുകൊണ്ടിരിക്കുന്നു. ഭൂരിപക്ഷം മാധ്യമവ്യവസായികളും ഇന്ന് മാധ്യമവാർത്താവില്പനക്കാരാണ്. ഭരണകൂടത്തിന്റെ പിന്തുണയോടെ നടമാടുന്ന അനീതിക്കെതിരെ പോരാടിയ സംഭവങ്ങൾ അവർക്ക് ഇന്ന് ചരിത്രം മാത്രമാണ്. ലോകം മുഴുവൻ വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങൾ മാധ്യമലോകം അടക്കി വാഴുകയാണ്. ഏതൊരു ഉൽപ്പന്നവും പോലെ ഒരു വില്പനചരക്കാണ് ഇന്ന് മാധ്യമവും വാർത്തകളും.

▶ മനുഷ്യാവകാശ ധ്വംസനവും ഭരണകൂട ഭീകരതയും

മാധ്യമങ്ങളുടെ നയരൂപീകരണത്തിന് നേതൃത്വം വഹിക്കുന്നത് മാധ്യമസ്ഥാപനത്തിന്റെ ഉടമസ്ഥർ തന്നെയാണ്. ജനാധിപത്യവ്യവസ്ഥയിൽ മാധ്യമങ്ങൾക്ക് സാമൂഹ്യമായ കടമകൾ ഉണ്ടെന്നത് ഉടമകൾ അംഗീകരിക്കാറില്ല. എല്ലാ മേഖലകളിലും നടമാടുന്ന അസമത്വത്തിനെതിരെയുള്ള ഇടപെടലുകൾക്കായി മാധ്യമങ്ങൾ രംഗത്തുവരേണ്ടിയിരിക്കുന്നു എന്ന് സാമൂഹ്യപരിഷ്കർത്താക്കൾ വിലയിരുത്തിയിട്ടുള്ളത് ഈ സന്ദർഭത്തിൽ നാം ഓർക്കണം. ഇത്തരമൊരു സാഹചര്യത്തിലാണ്

മാധ്യമസ്ഥാപനങ്ങളുടെ അധികാരഘടനയെക്കുറിച്ച് നാം ചിന്തിക്കുന്നത്. വളരെ പരിമിതമായ ഇടപെടലുകൾ മാത്രമേ മാധ്യമതൊഴിലാളി പ്രാതിനിധ്യത്തിന്റെ അനുപാതം എന്ന വിഷയങ്ങളെക്കുറിച്ച് സമൂഹത്തിൽ ചർച്ച നടന്നിട്ടുള്ളൂ.

മാധ്യമസ്വാധീനം വായനക്കാർക്ക് അതീതമായി വളരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. എന്നാൽ നവമാധ്യമങ്ങൾ ശക്തി പ്രാപിച്ചതോടെ വായനക്കാർക്ക് വിവിധമാർഗ്ഗങ്ങളിലൂടെ വാർത്തകൾ തേടാനും വിതരണം ചെയ്യപ്പെടാനുമുള്ള സംവിധാനങ്ങൾതന്നെ നിലവിൽ വന്നു. ഫോർത്ത് എസ്റ്റേറ്റ് എന്ന സങ്കല്പത്തിൽ അടങ്ങിയിരിക്കുന്ന നീതിയും നിഷ്പക്ഷതയും മുഖമുദ്രയാക്കിയിരുന്ന മാധ്യമസ്ഥാപനങ്ങളുടെ സത്യപ്രസ്താവനകൾ സംതൃപ്തി നൽകിയിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ആ സാഹചര്യം ഇന്ന് നിലവിലില്ല. മാധ്യമസ്ഥാപനങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങൾ ഇന്ന് വായനക്കാരെയും മാധ്യമങ്ങളിൽനിന്ന് അകറ്റുന്നു. നാനാവിധത്തിലും അപചയം നേരിടുന്ന മേഖലയായി ഇന്ന് മാധ്യമരംഗം മാറിയതായി ആക്ഷേപമുണ്ട്. സ്വതന്ത്രമായ മാധ്യമപ്രവർത്തനത്തെ അപകടപ്പെടുത്തുന്ന നിരവധി വെല്ലുവിളികളെ സമകാലികമാധ്യമങ്ങൾ അഭിമുഖീകരിക്കുന്നു. മതാധിഷ്ഠിതമായ അന്ധവിശ്വാസങ്ങളും ആശയങ്ങളും പ്രചരിപ്പിക്കുന്നതിലൂടെയോ, ഭരണകൂടത്തിന്റെ പിന്തുണയോടെയുള്ള ക്രിമിനലിസത്തിന് അനുകൂലമായ സെൻസിറ്റീവ് കേസുകളിലെ പക്ഷപാതപരമായ റിപ്പോർട്ടിംഗിലൂടെയോ മാധ്യമങ്ങൾ വിനാശകരമായ അവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്.

▶ അപചയം നേരിടുന്ന മാധ്യമങ്ങൾ

മാധ്യമഉടമകൾ വാണിജ്യപരമായ സമീപനത്തിലൂടെയാണ് ഈ വ്യവസായത്തിലൂടെ ലാഭം കൊയ്യുന്നത്. ലാഭവിഹിതത്തിന്റെ അഭൂതപൂർവ്വമായ വർധനവും അധികാരസ്ഥാപനങ്ങളിലെ ഇടപെടലുകളുടെ പങ്കാളിത്തവും മോഹിക്കുന്ന മാധ്യമ ഉടമകൾക്ക് ഫോർത്ത് എസ്റ്റേറ്റ് എന്ന് ആശയത്തിലൂന്നി പ്രവർത്തിക്കുവാൻ താല്പര്യമില്ലാതായിരിക്കുന്ന കാലമാണിത്. പരസ്യമില്ലാതെ ഒരു മാധ്യമവും നിലനിൽക്കില്ല എന്ന അടിയുറച്ച വിശ്വാസത്തിൽ പത്രവ്യവസായികൾ ഇന്ന് പുരോഗമനകരമായ പ്രത്യയശാസ്ത്രത്തിനും ബദലുകൾക്കും എതിരെ നിലനിൽക്കുന്ന, ഫോർത്ത് എസ്റ്റേറ്റ് സങ്കല്പത്തെ അസ്ഥിരപ്പെടുത്തുന്ന ഓരോ സംഭവങ്ങൾക്കും സാക്ഷിയാവുകയാണ് നാം.

▶ അധികാര സ്ഥാപനങ്ങളിലെ ഇടപെടലുകൾ

രാജ്യം സാമൂഹികമായി വളർച്ച കൈവരിക്കണമെങ്കിൽ എല്ലാ മേഖലകളിലും ജാതി, മത, ലിംഗപ്രാതിനിധ്യം ആവശ്യമായിവരുന്നു. ഇത് മാധ്യമങ്ങൾക്കും ബാധകമാണ്. ഇരുപത്തിയൊന്നാംനൂറ്റാണ്ടോടെ വികസ്വരരാജ്യങ്ങളിലും വികസിതരാജ്യങ്ങളിലും സംവരണവിഷയത്തിൽ നയപരമായി ഉദാരസമീപനം സ്വീകരിക്കുന്ന നടപടികൾക്ക് തുടക്കം കുറിച്ചിരുന്നു. എന്നാൽ പ്രായോഗികതലത്തിൽ പല മേഖലകളിലും ഇപ്പോഴും സ്ത്രീകളുടെയും ദളിതരുടെയും പിന്നോക്കവിഭാഗങ്ങളുടെയും പ്രാതിനിധ്യം നിലവിൽ വന്നിട്ടില്ല എന്നുള്ളത് എടുത്തുപറയേണ്ട വിഷയമാണ്. സമീപകാലത്ത് കേരളത്തിൽ വനിതാപത്രപ്രവർത്തകർ സജീവമായി രംഗത്തുവന്നുതുടങ്ങി. പക്ഷേ സമാനമായ നീക്കം ഉത്തരേന്ത്യയിലും മറ്റും നടന്നുകാണുന്നില്ല. മാധ്യമസ്ഥാപനങ്ങളിൽ

മാധ്യമപ്രവർത്തകരുടെ പ്രാതിനിധ്യപ്രശ്നം ഭാവിയിൽ രൂക്ഷമായ സാമൂഹ്യപ്രശ്നങ്ങൾക്ക് വഴിവെയ്ക്കുന്നതായിരുന്നു. മാധ്യമങ്ങളിലെ ജാതിമത പ്രാതിനിധ്യാനുപാതം അപകടകരമാംവിധം താഴ്ന്നതാണെന്ന് പ്രമുഖമാധ്യമപ്രവർത്തകനും മാധ്യമസംരംഭകനുമായ ശശികുമാർ ടെലിവിഷൻ വാർത്താമാധ്യമങ്ങളിലെ ജാതിസംബന്ധമായ പ്രാതിനിധ്യത്തെക്കുറിച്ച് രണ്ടു ദശകങ്ങൾക്കുമുമ്പ് തന്നെ പറഞ്ഞിട്ടുണ്ട്. ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തിയെങ്കിൽമാത്രമേ സാമൂഹ്യപരിഷ്കരണം പൂർണ്ണമായ തോതിൽ നടപ്പിലാവുകയുള്ളൂ.

- വനിതാപത്രപ്രവർത്തകർ സജീവമായി

## അഴിമതിക്കെതിരെ തൂലികയേന്തിയവർ ജയിലിൽ

ഭരണാധികാരികൾക്കെതിരെയുള്ള മാധ്യമങ്ങളുടെ ഇടപെടലുകൾ വളരെ പരിമിതമായ തോതിൽ മാത്രമേ മിക്ക രാജ്യങ്ങളിലും സാധ്യമാകുന്നത്. ഇത് സാമൂഹ്യ പരിഷ്കർത്താക്കൾ തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾക്ക് വിലങ്ങു തടിയാകുന്നു. പൊതുവേ മാധ്യമഉടമകൾ നിയന്ത്രിതമായ തോതിൽ മാത്രമാണ് അഴിമതി, ക്രമക്കേടുകൾ, മറ്റ് സാമൂഹികപ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ മാധ്യമങ്ങളിലൂടെ പ്രതികരിക്കാൻ അനുവാദം നൽകുന്നുള്ളൂ. ഉദാഹരണമായി ഇന്ത്യയിൽ എ ബി വാജ്പേയിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ ദ ഹിന്ദു പത്രത്തിനെതിരെ സ്വീകരിച്ച നിലപാടുകൾ നമുക്ക് സുപരിചിതമാണ്. ദ ഹിന്ദു എന്ന പത്രത്തിലെ റിപ്പോർട്ടർ ചിത്ര സുബ്രഹ്മണ്യത്തിന്റെ റിപ്പോർട്ടുകൾക്കെതിരെ നീക്കം ഉണ്ടായപ്പോൾ പത്രകുടുംബത്തിലെ എൻ റാം എന്ന സീനിയർ പത്രാധിപർ അതിനെതിരെ പത്രസമ്മേളനം നടത്തിയാണ് പ്രതിരോധിച്ചത്. പ്രധാനമന്ത്രിയുടെ ഓഫീസിനെക്കുറിച്ച് അശുഭകരമായ വാർത്തകൾ ശുദ്ധീകരിച്ചതിന് ദ ഹിന്ദുവിന്റെ ഉടമസ്ഥതയിലുള്ള ഔട്ട് ലുക്ക് ആനുകാലികത്തിന്റെ ഉടമകളുടെ സങ്കേതങ്ങളിലും വ്യാപകമായ ആദായ നികുതിവകുപ്പിന്റെ റെയ്ഡുകൾ നടന്നു. ഇത്തരത്തിൽ ഫോർത്ത് എസ്റ്റേറ്റ് എന്ന സങ്കല്പത്തെ തകർക്കാനും അവരെ വരുതിയിൽ നിർത്താനും അധികാരികൾ എല്ലായ്പ്പോഴും ശ്രമം നടത്താറുണ്ട്.

2013 ലെ യുപിഎ സർക്കാർ തെഹൽക ഡോട്ട് കോമിനെതിരെ സ്വീകരിച്ച നടപടികളും ഇവിടെ ഓർക്കേണ്ടിയിരിക്കുന്നു. തെഹൽക ഡോട്ട് കോമിന് എതിരെ മുൻകൂട്ടി പദ്ധതിയിട്ട ഓപ്പറേഷൻ ആയിരുന്നു നടന്നതെന്ന് റിപ്പോർട്ട് ഉണ്ടായിരുന്നു. കാരണം രാജ്യത്ത് നടന്ന നിരവധി അഴിമതിക്കഥകളും ക്രമക്കേടുകളും തെഹൽക അന്വേഷണാത്മക പത്രപ്രവർത്തനത്തിലൂടെ പുറത്തുകൊണ്ടുവന്നിരുന്നു. മാധ്യമ ധർമ്മം ശരിയായ ദിശയിൽ നിർവഹിക്കുക എന്ന കടമയായിരുന്നു സുതാര്യമായി പ്രവർത്തിച്ചിരുന്ന തെഹല്ക ഡോട്ട് കോം ചെയ്തുകൊണ്ടിരുന്നത്. അതനുസരിച്ച് ഈ മാധ്യമത്തെ കുടുക്കാനായി എല്ലാ വഴികളും അധികാരികൾ തേടുകയായിരുന്നു. രാഷ്ട്രീയനേതൃത്വം ഒരുക്കിയ കെണിയിൽ തെഹൽക്ക ഡോട്ട് കോം പത്രാധിപർ തരുൺ തേജ്പാൽ കുടുങ്ങുകയായിരുന്നു. ഒപ്പം മാധ്യമഉടമകളായ ശങ്കർ ശർമയെയും ദേവിന മെഹ്റയെയും അവർ അറസ്റ്റ് ചെയ്തു ജയിലിൽ അടച്ചു. അധികാര സ്ഥാപനങ്ങൾക്ക് ഭീഷണി ഉയർത്തുന്ന റിപ്പോർട്ടുകൾക്കെതിരെ വാർത്തകൾ പ്രസിദ്ധീകരിക്കുന്ന മാധ്യമസ്ഥാപനങ്ങൾക്കെതിരെയുള്ള മുന്നറിയിപ്പ് ആയിരുന്നു ഇത്തരത്തിലുള്ള നടപടികൾ. സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മാധ്യമ ഉടമകൾ കരുതലോടെ നയരൂപീകരണം നടത്തുന്ന കാലമാണിത്. അതുകൊണ്ടുതന്നെ അധികാരസ്ഥാപനങ്ങൾക്കെതിരെ ന്യൂസ് ഡെസ്കിൽനിന്നും വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് പത്രാധിപരുടെ മേശയിൽ കത്രികപ്രയോഗം സർവ്വസാധാരണമായി മാറുന്ന പ്രവണതകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്ന് പരക്കെ അഭിപ്രായമുണ്ട്.

വിവിധ കാരണങ്ങളാൽ മാധ്യമങ്ങളുടെ ഇന്നത്തെ നില ആഗോള തലത്തിലും ഇന്ത്യയിലും അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ഡിജിറ്റലൈസേഷൻ കാരണം ഫോർത്ത് എസ്റ്റേറ്റ് അസാധാരണമായ പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. വാർത്തകൾക്കായി വായനക്കാർ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്ക് കൂടുതൽ തിരിയുമ്പോൾ പരമ്പരാഗത അച്ചടി മാധ്യമങ്ങൾ വെല്ലുവിളികൾ നേരിടുന്നു. വാർത്താ ആവാസവ്യവസ്ഥയിൽ സ്വാധീനം ചെലുത്തുന്ന കളിക്കാരായി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉയർന്നുവന്നു. അവ സാധാരണ പൗര പത്രപ്രവർത്തനത്തെ പ്രാപ്തമാക്കുന്നു. മാത്രമല്ല തെറ്റായ വിവരങ്ങളുടെ വ്യാപനം, പരമ്പരാഗത പത്രപ്രവർത്തന നിലവാരത്തിന്റെ ശോഷണം തുടങ്ങിയ വെല്ലുവിളികളും ഫോർത്ത് എസ്റ്റേറ്റ് നേരിടുന്നു. വാർത്ത എന്നത് പത്രറിപ്പോർട്ടർമാരുടെ മാത്രം കൈപ്പിടിയിലാണ് എന്നത് തകിടം മറിക്കപ്പെട്ടു. ആർക്കും ഏതു വാർത്തയും സ്വയം സൃഷ്ടിച്ചു വിതരണം ചെയ്യാൻ സോഷ്യൽ മീഡിയ പ്ലാറ്റഫോംസ് വഴി സാധിക്കുന്നു. സെൻസേഷണലിസം, പക്ഷപാതപരമായ റിപ്പോർട്ടിംഗ്, വ്യാജ വാർത്തകളുടെ വ്യാപനം തുടങ്ങിയ ഘടകങ്ങൾ കാരണം പല രാജ്യങ്ങളിലും മാധ്യമ സ്ഥാപനങ്ങളിലുള്ള വിശ്വാസം കുറഞ്ഞു. ലോകമെമ്പാടും പത്രസ്വാതന്ത്ര്യം ഗണ്യമായി കുറഞ്ഞു വരുന്നു. ചില രാജ്യങ്ങൾ ശക്തമായ മാധ്യമസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുമ്പോൾ മറ്റു ചിലർ മാധ്യമപ്രവർത്തകർക്കെതിരെ സെൻസർഷിപ്പും പീഡനവും ഉൾപ്പെടെ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. കുറയുന്ന പരസ്യ വരുമാനവും മാധ്യമങ്ങളുടെ ഏകീകരണവും ഉൾപ്പെടെയുള്ള സാമ്പത്തിക സമ്മർദ്ദങ്ങൾ പല പ്രദേശങ്ങളിലും സ്വതന്ത്ര പത്രപ്രവർത്തനത്തിന്റെ പ്രവർത്തനക്ഷമതയെ സ്വാധീനിച്ചിട്ടുണ്ട്. ഡിജിറ്റൽ മീഡിയയുടെ ഉയർച്ച വാർത്താ പ്രചാരണത്തെ ജനാധിപത്യവൽക്കരിക്കുകയും പൗര പത്രപ്രവർത്തനത്തെ പ്രാപ്തമാക്കുകയും ചെയ്തു. എന്നിരുന്നാലും, തെറ്റായ വിവരങ്ങളുടെ വ്യാപനം, മാധ്യമ സ്ഥാപനങ്ങൾക്ക് പരമ്പരാഗത വരുമാന മാതൃകകളുടെ ഇടിവ് തുടങ്ങിയ വെല്ലുവിളികളും ഇത് കൊണ്ടുവന്നിട്ടുണ്ട്.

▶ മാധ്യമ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നു

ഒന്നിലധികം ഭാഷകളിലെ പ്രിന്റ്, ബ്രോഡ്കാസ്റ്റ്, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവ ഉൾക്കൊള്ളുന്ന വൈവിധ്യമാർന്നതും സജീവവുമായ ഒരു മീഡിയ ലാൻഡ്സ്കേപ്പ് ഇന്ത്യയിലുണ്ട്. പൊതുവ്യവഹാരം രൂപപ്പെടുത്തുന്നതിലും അധികാരത്തിന്റെ ഉത്തരവാദിത്തം നിലനിർത്തുന്നതിലും ഇത് നിർണായക പങ്ക് വഹിക്കുന്നു.ഇന്ത്യയ്ക്ക് അതിന്റെ ഭരണഘടനയിൽ ഒരു സ്വതന്ത്ര മാധ്യമ സംവിധാനമുണ്ടെങ്കിലും, മാധ്യമപ്രവർത്തകർക്ക് പലപ്പോഴും ഭീഷണികളും ഉപദ്രവങ്ങളും നേരിടേണ്ടിവരുന്നു, പ്രത്യേകിച്ച് സംഘർഷ മേഖലകളിൽ അല്ലെങ്കിൽ സെൻസിറ്റീവ് വിഷയങ്ങളിൽ റിപ്പോർട്ട് ചെയ്യുമ്പോൾ. വാണിജ്യപരമായ സമ്മർദ്ദങ്ങളും ഉയർന്ന വ്യൂവർഷിപ്പ് റേറ്റിംഗുകൾക്കായുള്ള മത്സരഓട്ടവും കാരണം ചില മാധ്യമങ്ങൾ സെൻസേഷണലിസത്തിലേക്കും പക്ഷപാതപരമായ റിപ്പോർട്ടിംഗിലേക്കും ചുവടു മാറി. ജേണലിസ്റ്റിക് ധാർമ്മികതയും സത്യസന്ധതയും ചിലപ്പോൾ ലാഭത്തിനുവേണ്ടി വിട്ടുവീഴ്ച ചെയ്യപ്പെടുന്നു.

▶ റേറ്റിങ്ങിനായി മത്സരയോട്ടം

ഇന്ത്യയിൽ സർക്കാരും പത്രങ്ങളും തമ്മിലുള്ള ബന്ധം സങ്കീർണ്ണ

മാണ്. പത്രസ്വാതന്ത്ര്യം ഭരണഘടനാപരമായി ഉറപ്പുനൽകുന്നുണ്ടെങ്കിലും, ഫോർത്ത് എസ്റ്റേറ്റിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ആശങ്കകൾ ഉയർത്തി, ആഖ്യാനത്തെ നിയന്ത്രിക്കാനുള്ള സർക്കാർ ഇടപെടലുകളും ശ്രമങ്ങളും ഉണ്ടായിട്ടുണ്ട്. ഫോർത്ത് എസ്റ്റേറ്റ് ജനാധിപത്യ സമൂഹങ്ങളിൽ നിർണായക പങ്ക് വഹിക്കുന്നത് തുടരുമ്പോൾ, അതിന്റെ നിലയും വെല്ലുവിളികളും ലോകമെമ്പാടും ഇന്ത്യയിലും വ്യത്യസ്തമാണ്. ജനാധിപത്യത്തിന്റെ ആരോഗ്യത്തിനും പൗരന്മാരുടെ അവകാശങ്ങളുടെയും സ്വാതന്ത്ര്യങ്ങളുടെയും സംരക്ഷണത്തിനും സ്വതന്ത്രവും ഉത്തരവാദിത്തമുള്ളതുമായ ഒരു മാധ്യമത്തെ നിലനിർത്തുന്നത് അത്യന്താപേക്ഷിതമാണ്.

## വിവരസാങ്കേതിക വിദ്യയും മാധ്യമങ്ങളും

വിവരസാങ്കേതികവിദ്യ സാമൂഹ്യ വികാസത്തിന്റെ ഉല്പന്നമാണ്. അറിവും അറിവിന്റെ കൈകാര്യ രീതികളും സമൂഹത്തോടൊപ്പം ഉത്ഭവിച്ച് വളർന്ന് വികസിച്ചതാണ്. അറിവിന്റെ അസംസ്കൃത രൂപമാണ് വിവരം. വിവരം കൈകാര്യം ചെയ്യുന്നതിനുള്ള സങ്കേതങ്ങൾ സാമൂഹ്യ ജീവിതത്തിന്റെ തുടക്കം മുതൽ തന്നെ ഉപയോഗിക്കപ്പെട്ടിരുന്നു. കാലത്തിനും ദൂരത്തിനും വിവരം കൈമാറാനുള്ള ശ്രമത്തിന്റെ ഭാഗമായി പല കൈവഴികളിലായി വളർന്നു വികസിച്ചുവന്ന വിനിമയ സങ്കേതങ്ങൾക്ക് ഇന്ന് വിപുലമായ ഒരു ശൃംഗല തന്നെയുണ്ട്.

▶ വിവരസാങ്കേതികവിദ്യ സാമൂഹ്യ വികാസത്തിന്റെ ഉല്പന്നം

## ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന ആശയം

സമകാലികസമൂഹത്തിലെ വാർത്തകളുമായി ബന്ധപ്പെട്ട സ്വതന്ത്ര കാഴ്ചപ്പാടുകൾ പുലർത്തുന്ന ഒരു വിഭാഗം ജനതയുടെ സാമൂഹിക–സാംസ്കാരിക ആവിഷ്കാരമാണ് ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന സങ്കല്പം. സാധാരണയായി ഇത് കൈകാര്യം ചെയ്യുന്നത് ബ്ലോഗർമാർ, മുഖ്യധാരാ ഇതര മാധ്യമങ്ങളിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന പത്രപ്രവർത്തകർ, സോഷ്യൽ മീഡിയ അല്ലെങ്കിൽ സോഷ്യൽ ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട വസ്തുതയാണ്. 'ഫിഫ്ത്ത്' എസ്റ്റേറ്റ് മണ്ഡലത്തിന്റെ മൂന്ന് ക്ലാസിക്കൽ എസ്റ്റേറ്റുകൾ, പ്രഭുക്കന്മാർ, പുരോഹിതന്മാർ, പ്രജകൾ, മുമ്പത്തെ ഫോർത്ത് എസ്റ്റേറ്റ്. ഇവ പ്രധാനമായും മുഖ്യധാരാമാധ്യമങ്ങളിൽനിന്നും തികച്ചും വേറിട്ടുനിൽക്കുന്ന വിപുലമായ വാർത്താവിതരണശൈലിയാണ് പുലർത്തിപ്പോരുന്നത്. 1960-കളിലെ പ്രതിസംസ്കാരത്തിന്റെതാണ് 'ഫിഫ്ത്ത് എസ്റ്റേറ്റിന്റെ' പ്രയോഗം. പ്രത്യേകിച്ചും 1965-ൽ ഡിട്രോയിറ്റിൽ ആദ്യമായി പ്രസിദ്ധീകരിച്ച ഒരു ഭൂഗർഭ പത്രമായ ദി ഫിഫ്ത്ത് എസ്റ്റേറ്റും അതിന്റെ തുടക്കത്തിലെ ബോട്ടിക് സാഹചര്യങ്ങളും.

▶ ഫിഫ്ത്ത് എസ്റ്റേറ്റിന്റെ പ്രയോഗം പ്രതിസംസ്കാരത്തിന്റെത്

രാഷ്ട്രീയ പണ്ഡിതന്മാർ ഒരു ഫിഫ്ത്ത് എസ്റ്റേറ്റ് ആണെന്ന് നിമ്മോ ആൻഡ് കോംബ്സ് ഉറപ്പിച്ചു പറയുന്നു. മാധ്യമ ഗവേഷകനായ സ്റ്റീഫൻ ഡി കൂപ്പർ, ബ്ലോഗർമാർ ഫിഫ്ത്ത് എസ്റ്റേറ്റ് മേഖലയിൽ പ്രവർത്തിക്കുന്നവരാണെന്ന് അവകാശപ്പെടുന്നു. ഫിഫ്ത്ത് എസ്റ്റേറ്റ് എന്നത് കേവലം ബ്ലോഗിംഗ് കമ്മ്യൂണിറ്റിയോ മീഡിയയുടെ വിപുലീകരണമോ അല്ലെന്നും, വ്യവസ്ഥാപിതമായ ശൈലിയിൽനിന്നും മാറ്റമില്ലാതെ തുടരുന്ന മറ്റ് നാല് എസ്റ്റേറ്റുകളെ തിരുത്തിക്കൊണ്ടുവരാനായി ശ്രമിക്കുന്ന തരത്തിലുള്ള ഇന്റർനെറ്റ് നെറ്റ്‌വർക്കാണ് ഇതെന്നും പറയപ്പെടുന്നു.

▶ മറ്റ് നാല് എസ്റ്റേറ്റുകളെ തിരുത്തിക്കൊണ്ടുള്ള നിലപാട്

സമകാലികമായി ദിശാവ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്ന മുഖ്യധാരമാധ്യമങ്ങൾ ജനങ്ങളുടെ വിശ്വാസ്യതയിൽനിന്നും അകന്നുകഴിയുന്ന സാഹചര്യത്തിൽ ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന സങ്കൽപ്പത്തിന് പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്. പ്രതിസംസ്കാരത്തിലൂടെ സാമൂഹിക മാറ്റത്തിനായി നിലകൊള്ളുന്ന ജനതയുടെ സംഖ്യ വർദ്ധിച്ചുവരികയാണെങ്കിലും ആശങ്കയിൽപെട്ടുഴലുന്ന മനുഷ്യർ സ്വാഭാവികമായി ഉടലെടുക്കുന്ന ഭയംമൂലം പൊതു ഇടങ്ങളിൽനിന്നും ഒഴിഞ്ഞുനിൽക്കുന്ന കാലമാണിത് മുഖ്യധാരയിൽനിന്നും അകന്നുകഴിയുകയോ വിരുദ്ധചേരിയിൽ നിൽക്കുകയോ ചെയ്യുന്ന ഉപസംസ്കാരങ്ങളെ (subculture) പ്രതിസംസ്കാരം (counterculture) എന്നു വിളിക്കാം. പലപ്പോഴും ഒരു പ്രത്യേക പ്രദേശത്തുജീവിക്കുന്ന ജനതയുടെ ആഗ്രഹങ്ങളേയും മൂല്യങ്ങളേയുമാണു ഇതു കുറിക്കുന്നത്. പ്രതിസംസ്കാരം മുഖ്യധാരയുമായി ഇടപെടുമ്പോൾ വൻതോതിലുള്ള സാംസ്കാരിക മാറ്റം സാധ്യമാവുന്നു.

> ▶ ഭയം മൂലം ഒഴിഞ്ഞുനില്ക്കുന്ന കാലം

സോഷ്യൽ മീഡിയകൾ, ബ്ലോഗുകൾ, പോഡ്കാസ്റ്റുകൾ, ഓൺലൈൻ ഫോറങ്ങൾ തുടങ്ങിയ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ വ്യാപകമായ പ്രവേശനം കാരണം, പൊതുജനാഭിപ്രായം, രാഷ്ട്രീയ വ്യവഹാരങ്ങൾ, സാമൂഹിക പ്രസ്ഥാനങ്ങൾ എന്നിവ രൂപപ്പെടുത്തുന്നതിൽ ഫിഫ്ത്ത് എസ്റ്റേറ്റ് കാര്യമായ സ്വാധീനം ചെലുത്തുന്നു.

**സിറ്റിസൺ ജേണലിസം:** പരമ്പരാഗത മാധ്യമ ഗേറ്റ്കീപ്പർമാരുടെ നിയന്ത്രണങ്ങളില്ലാതെ പൗര പത്രപ്രവർത്തകരായി പ്രവർത്തിക്കാനും സംഭവങ്ങൾ റിപ്പോർട്ട് ചെയ്യാനും വിവരങ്ങൾ പങ്കിടാനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും ഫിഫ്ത്ത് എസ്റ്റേറ്റ് വ്യക്തികളെ പ്രാപ്തരാക്കുന്നു. വിവരപ്രചാരണത്തിലെ ഈ ജനാധിപത്യവൽക്കരണം സാധാരണ പൗരന്മാരെ പൊതു വ്യവഹാരങ്ങളിൽ പങ്കെടുക്കാനും സ്ഥാപനങ്ങളെ ഉത്തരവാദികളാക്കാനും പ്രാപ്തരാക്കുന്നു.

> ▶ വിവരപ്രചാരണത്തിലെ ജനാധിപത്യവൽക്കരണം

**സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ:** ഫേസ്ബുക്ക്, ട്വീറ്റർ, ഇൻസ്റ്റഗ്രാം, യൂട്യൂബ്, വാട്ട്സ്ആപ്പ് തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഫിഫ്ത്ത് എസ്റ്റേറ്റിന്റെ പ്രധാന ചാനലുകളായി പ്രവർത്തിക്കുന്നു. ഈ പ്ലാറ്റ്ഫോമുകൾ ഉപയോക്താക്കളെ വാർത്തകൾ, അഭിപ്രായങ്ങൾ, മൾട്ടിമീഡിയ ഉള്ളടക്കം എന്നിവ തത്സമയം പങ്കിടാനും ശബ്ദങ്ങൾ വർധിപ്പിക്കാനും വിവരങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനം സാധ്യമാക്കാനും അനുവദിക്കുന്നു.

> ▶ വിവരങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനം

**തെറ്റായ വിവരങ്ങളുടെ വെല്ലുവിളികൾ:** ഫിഫ്ത്ത് എസ്റ്റേറ്റ് വിവരങ്ങളിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിച്ചിട്ടുണ്ടെങ്കിലും, അത് തെറ്റായ വിവരങ്ങൾ, വ്യാജ വാർത്തകൾ, ഗൂഢാലോചന സിദ്ധാന്തങ്ങൾ എന്നിവയുടെ വ്യാപനത്തിനും കാരണമായി. സോഷ്യൽ മീഡിയയിലെ ഉള്ളടക്കത്തിന്റെ വൈറൽ സ്വഭാവം ചിലപ്പോൾ കൃത്യതയെക്കാൾ സെൻസേഷണലിസത്തിന് മുൻഗണന നൽകുകയും മാധ്യമ സാക്ഷരതയ്ക്കും വിവര സ്രോതസ്സുകളിലെ പൊതു വിശ്വാസത്തിനും വെല്ലുവിളി ഉയർത്തുകയും ചെയ്യും.

> ▶ സെൻസേഷണലിസത്തിന് മുൻഗണന

**ഇതര വിവരണങ്ങൾ:** പരമ്പരാഗത മാധ്യമ സ്ഥാപനങ്ങൾ അവഗണിക്കുകയോ തെറ്റായി അവതരിപ്പിക്കുകയോ ചെയ്തേക്കാവുന്ന പാർ

ശ്രവൽക്കരിക്കപ്പെട്ട ശബ്ദങ്ങൾ, അടിത്തട്ടിലുള്ള പ്രസ്ഥാനങ്ങൾ, ബദൽ വിവരണങ്ങൾ എന്നിവയ്ക്ക് ഫിഫ്ത്ത് എസ്റ്റേറ്റ് ഒരു വേദിയൊരുക്കി. പുതിയ കാഴ്ചപ്പാടുകൾ, പ്രത്യയശാസ്ത്രങ്ങൾ, ആക്ടിവിസത്തിന്റെ രൂപങ്ങൾ എന്നിവയുടെ ഉദയത്തിന് ഇത് സഹായകമായി, പൊതുവ്യവഹാരത്തിൽ വലിയ വൈവിധ്യത്തിന് സംഭാവന നൽകി.

**നിയന്ത്രണത്തിലെ വെല്ലുവിളികൾ:** ഫിഫ്ത്ത് എസ്റ്റേറ്റിന്റെ ദ്രുതഗതിയിലുള്ള വളർച്ചയും സ്വാധീനവും നിയന്ത്രണം, ഉത്തരവാദിത്തം, അഭിപ്രായസ്വാതന്ത്ര്യവും ഉത്തരവാദിത്തമുള്ള പത്രപ്രവർത്തനവും തമ്മിലുള്ള സന്തുലിതാവസ്ഥ എന്നിവയെക്കുറിച്ച് ചോദ്യങ്ങൾ ഉയർത്തിയിട്ടുണ്ട്. ഡാറ്റാ സ്വകാര്യത, ഉള്ളടക്ക മോഡറേഷൻ, ഹാനികരമോ നിയമവിരുദ്ധമോ ആയ ഉള്ളടക്കം ഓൺലൈനിൽ പ്രചരിപ്പിക്കൽ തുടങ്ങിയ പ്രശ്നങ്ങളുമായി ഗവൺമെന്റുകളും നയരൂപീകരണക്കാരും സാങ്കേതിക കമ്പനികളും പിടിമുറുക്കുന്നു.

**ഗ്ലോബൽ കണക്റ്റിവിറ്റി:** ഫിഫ്ത്ത് എസ്റ്റേറ്റ് ഭൂമിശാസ്ത്രപരമായ അതിരുകൾ മറികടക്കുന്നു, വിവിധ പശ്ചാത്തലങ്ങളിൽ നിന്നും പ്രദേശങ്ങളിൽ നിന്നുമുള്ള വ്യക്തികളെ പരസ്പരം ബന്ധിപ്പിക്കാനും സഹകരിക്കാനും പങ്കുവയ്ക്കാനും താൽപ്പര്യങ്ങൾക്കും കാരണങ്ങൾക്കും ചുറ്റും അണിനിരത്താനും പ്രാപ്തരാക്കുന്നു. അന്തർദേശീയ പ്രസ്ഥാനങ്ങൾ, സാമൂഹിക പ്രതിഷേധങ്ങൾ, ആഗോള വിഷയങ്ങളിൽ കൂട്ടായ പ്രവർത്തനം എന്നിവ രൂപപ്പെടുത്തുന്നതിൽ ഇത് ഒരു പ്രധാന പങ്ക് വഹിച്ചു.

> ▶ ഫിഫ്ത്ത് എസ്റ്റേറ്റ് സമകാലിക മാധ്യമരംഗത്തെ ചലനാത്മകവും പരിവർത്തനാത്മകവുമായ ഒരു ശക്തിയെ പ്രതിനിധീകരിക്കുന്നു

ചുരുക്കത്തിൽ, ഫിഫ്ത്ത് എസ്റ്റേറ്റ് സമകാലിക മാധ്യമരംഗത്തെ ചലനാത്മകവും പരിവർത്തനാത്മകവുമായ ഒരു ശക്തിയെ പ്രതിനിധീകരിക്കുന്നു. വിവരങ്ങളുടെ ആവിഷ്കാരം, ഇടപെടൽ, ജനാധിപത്യവൽക്കരണം എന്നിവയ്ക്ക് ഇത് അഭൂതപൂർവമായ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, വിശ്വാസ്യത, ആധികാരികത, ഓൺലൈൻ വ്യവഹാരത്തിന്റെ സമഗ്രത എന്നിവയുമായി ബന്ധപ്പെട്ട കാര്യമായ വെല്ലുവിളികളും ഇത് മുന്നോട്ടു വെയ്ക്കുന്നു.

## ഉടമസ്ഥതയുടെ അഭാവം

മാധ്യമങ്ങളുടെ ഉടമസ്ഥത ഒരു പ്രധാന ആശങ്കയാണെങ്കിലും ലയന നിയന്ത്രണനിയമങ്ങൾ മുതൽ എഡിറ്റോറിയൽ സ്വാതന്ത്ര്യം, പൊതുസേവന പ്രേക്ഷകരുടെ നില എന്നിങ്ങനെ പലവശങ്ങളെയും സ്പർശിക്കുന്നതിനാൽ മാധ്യമബഹുസ്വരത എന്ന ആശയം വിശാലമാണ്. പത്രപ്രവർത്തകരുടെ തൊഴിൽസാഹചര്യങ്ങൾ, മാധ്യമങ്ങളും രാഷ്ട്രീയവും തമ്മിലുള്ള ബന്ധം, പ്രാദേശികസമൂഹങ്ങളുടെ പ്രാതിനിധ്യം, ന്യൂനപക്ഷങ്ങളുടെ ശബ്ദങ്ങൾ ഉൾപ്പെടുത്തൽ, വൈവിധ്യമാർന്ന ഉറവിടങ്ങളിലേക്കുള്ള പൗരന്മാരുടെ പ്രവേശനവും ഉറപ്പുനൽകുന്നു. ഉടമകൾ മാധ്യമപ്രവർത്തകരുടെ സ്വാതന്ത്ര്യത്തിലും എഡിറ്റോറിയൽ ലൈനിലും ഇടപെടുമ്പോൾ മാധ്യമ ഉടമസ്ഥത ഗുരുതരമായ വെല്ലുവിളികൾ നേരിടേണ്ടിവരും.

> ▶ മാധ്യമ ഉടമസ്ഥത ഗുരുതരമായ വെല്ലുവിളികൾ നേരിടേണ്ടിവരുന്നു

## ആശയാവിഷ്കാരം, പ്രസാധനം എന്നതിലെ സ്വാതന്ത്ര്യം

മാധ്യമങ്ങൾക്ക് ജനമധ്യത്തിൽ ഉയർന്ന സ്ഥാനമാണുള്ളത്. അവയുടെ ബൗദ്ധികമായ മേധാവിത്വം സാർവത്രികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഓരോ രാജ്യത്തും ഓരോ ജനതയും അതത് കാലത്തിൽ തങ്ങളുടെ പ്രിയപ്പെട്ട പത്രത്തെ താലോലിച്ചു വളർത്തിയിട്ടുണ്ട്. രാഷ്ട്രീയവും സാമൂഹികവും സാമുദായികവും സാംസ്കാരികവുമായ കാരണങ്ങളാണ് അവയെ സ്വീകാര്യമാക്കുന്നത്. അവ പകർന്നുതരുന്ന അറിവ് സമൂഹത്തിൽ ബലവും ഉപകാരവുമാകുന്നു. സാമൂഹിക-സാംസ്കാരിക രംഗങ്ങളെ സ്വാധീനിക്കാനും നയിക്കാനും കീഴ്പ്പെടുത്താനുമുള്ള അവസരം അറിവിനെ മേധാവിത്വം നേടാനുള്ള ഉപകരണമാക്കുന്നു.

> ▶ മാധ്യമങ്ങൾക്ക് ജനമധ്യത്തിൽ ഉയർന്ന സ്ഥാനമുണ്ട്

സമകാലിക സമൂഹത്തിൽ രണ്ടു സുപ്രധാന സംഗതികൾ നിർവഹിച്ചുകൊണ്ടാണ് പത്രങ്ങൾ സ്ഥാനമുറപ്പിക്കുന്നത്. ജനാധിപത്യ മര്യാദകളും പത്രധർമ്മവും നിലനിർത്തിക്കൊണ്ടാണ് പത്രങ്ങൾ സ്ഥാനമുറപ്പിക്കുന്നത്. ജനാധിപത്യമര്യാദകളും പത്രധർമ്മവും നിലനിർത്തിക്കൊണ്ട് വാർത്താവിനിമയം നിർവഹിക്കുക. മറ്റൊന്ന് പൊതുജനങ്ങൾക്ക് അറിവ് നൽകാനും അഭിപ്രായം പ്രകടിപ്പിക്കാനും അവസരം നൽകുക. പത്രങ്ങൾ, ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും അവകാശങ്ങൾ, അവകാശലംഘനങ്ങൾ, അധികാരങ്ങൾ, അധികാരദുർവിനിയോഗങ്ങൾ, നിയമങ്ങൾ, നിയമലംഘനങ്ങൾ, എന്നിവ തുലനംചെയ്തുകൊണ്ട് ഭാവിയെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. ചരിത്രത്തിലെ ധാർമ്മികപാഠങ്ങളാണ് കൃത്യനിവഹണത്തിൽ ഇവയ്ക്ക് മാതൃക. മാനവികതയെ മുൻനിർത്തി സംസ്കാരത്തെ സംരക്ഷിച്ച് ജനങ്ങളുടെ ചിന്തയെയും ശീലത്തെയും പെരുമാറ്റത്തെയും സ്വാധീനിച്ച് വളർത്തിയെടുക്കേണ്ടുന്ന ഒരു പത്രലോകമാണ് ഇന്നത്തെ സമൂഹത്തിന് ആവശ്യം.

> ▶ പത്രങ്ങൾ ജനാധിപത്യ മര്യാദകളും പത്രധർമ്മവും നിലനിർത്തണം

## സമൂഹമാധ്യമങ്ങൾ

സാമൂഹ്യവളർച്ച ആഗ്രഹിക്കുന്ന പൗരന്മാരുടെ അഭിപ്രായസ്വാതന്ത്ര്യം രേഖപ്പെടുത്താൻ ഉതകുന്ന ഒരു മാർഗ്ഗം എന്ന നിലയിൽ സമൂഹമാധ്യമങ്ങൾ വലിയ പ്രാധാന്യം അർഹിക്കുന്നു. പക്ഷേ വ്യാജവാർത്തകളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നതിനും വ്യക്തിഹത്യ നടത്തുന്നതിനും സാമുദായികസ്പർദ്ധ വർധിപ്പിക്കുന്നതിനും സമൂഹമാധ്യമങ്ങളിലൂടെ അനായാസം സാധിക്കുന്നു എന്നത് ഇതിന്റെ ന്യൂനതകളിൽ പ്രധാനമാണ്. ഇരുപത്തിയൊന്നാംനൂറ്റാണ്ടിന്റെ ആദ്യശതകം മുതൽ ഡിജിറ്റൽ പൊതുമണ്ഡലം ശക്തി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. വികസിതരാജ്യങ്ങളിലും വികസ്വരരാജ്യങ്ങളിലും പൊതുസമൂഹവും പൊതുഅധികാരസ്ഥാപനങ്ങളും സ്വകാര്യമേഖലകളിലെ സ്ഥാപനങ്ങളും സമൂഹമാധ്യമ ഇടങ്ങളിലൂടെ വ്യാപകമായ തോതിൽ ഇടപെടലുകൾ നടത്തുന്നുണ്ട്. വിദ്യാഭ്യാസരംഗത്ത് പഠനമാധ്യമം എന്ന നിലയ്ക്കും സമൂഹമാധ്യമങ്ങൾ അമൂല്യമായ നിലയിൽ സേവനങ്ങൾ കാഴ്ച്ചവയ്ക്കുന്നുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകൾ, ഐ.സി.ടി ഉപയോഗിച്ചുള്ള ക്ലാസുകൾ തുടങ്ങിയവയെല്ലാം കുട്ടികളുടെ പഠനനിലവാരം വളരെയധികം മെച്ചപ്പെടുത്തിയിട്ടുണ്ട് എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

> ▶ സമൂഹമാധ്യമം വ്യാപകമായ ഇടപെടലുകൾ നടത്തുന്നു

സ്ഥാപനവൽക്കരിക്കപ്പെട്ട ബഹുജനമാധ്യമങ്ങളിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് സ്വതന്ത്രമാധ്യമപ്രവർത്തനം നേരിടുന്ന വലിയ വെല്ലുവിളികളിൽ ഒന്നാണ്. ദൃശ്യമാധ്യമങ്ങളിൽ കാണുന്നതും അച്ചടിമാധ്യമങ്ങളിൽ വായിക്കുന്നതും പൂർണമായി വിശ്വസിക്കാൻ ജനങ്ങൾ ഇന്ന് തയാറാകുന്നില്ല. വസ്തുനിഷ്ഠമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽനിന്നും പലപ്പോഴും മാധ്യമങ്ങൾ ഒഴിഞ്ഞുമാറുന്നു. സംശയങ്ങൾ നിവാരണം ചെയ്യുന്നതിൽനിന്നും ചോദ്യങ്ങൾ ഉന്നയിക്കുന്നതിൽനിന്നും മാധ്യമങ്ങൾ പിന്നാക്കംപോകുന്നത് ജനവിശ്വാസം കുറയുന്നതിനു കാരണമാണ്. മാധ്യമസ്ഥാപനങ്ങളുടെ വിപണിവൽക്കരണവും ബഹുജനങ്ങൾക്ക് വലിയ തരത്തിലുള്ള വെല്ലുവിളിയാകുന്നുണ്ട്. മുഖ്യധാരയിൽനിന്നുമാറി മാധ്യമപ്രവർത്തനം നടത്തുന്ന ഓൺലൈൻ മാധ്യമങ്ങളുടെ പ്രധാനവരുമാനം പരസ്യങ്ങളിൽനിന്നു ലഭിക്കുന്ന തുകയാണ്. ഇതിന്റെ സിംഹഭാഗവും പ്ലാറ്റ്ഫോമുകൾതന്നെ കൈയടക്കുന്ന സ്ഥിതിയുണ്ട്. സർക്കാരുകളുടെ തിരുത്തൽശക്തിയായി പ്രവർത്തിക്കുന്ന സ്വതന്ത്രമാധ്യമസ്ഥാപനങ്ങൾക്ക് പലതരത്തിലുള്ള പ്രതിസന്ധികൾ നേരിടേണ്ടിവരുന്നു അതുകൊണ്ട് വസ്തുനിഷ്ഠമായി വാർത്തകൾ റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത അവസ്ഥ മാധ്യമങ്ങൾക്ക് ഉണ്ടാകുന്നു. ഈ പശ്ചാത്തലത്തിലാണ് സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച യഥാർത്ഥ വസ്തുതകൾ വിശ്വാസ്യതയുള്ള പൗരപ്രമുഖർ സമൂഹമാധ്യമങ്ങളിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത്. വരുംകാലങ്ങളിൽ സാമൂഹികപരിഷ്കരണത്തിനായി വലിയൊരു ജനസമൂഹം സമൂഹമാധ്യമങ്ങളിൽ സജീവമാകുമെന്ന് വിലയിരുത്തപ്പെടുന്നു.

▶ സാമൂഹ്യ പരിഷ്കരണത്തിന് സമൂഹമാധ്യമങ്ങൾ

ഡിജിറ്റൽമേഖലയിലെ പ്രമുഖരായ ഗൂഗിളിന്റെ ഉടമസ്ഥതയിലുള്ള ഇന്റർനെറ്റ് വീഡിയോ ഷെയറിംഗ് വെബ്സൈറ്റാണ് യൂട്യൂബ്. ഇൻറർനെറ്റ് കണക്ഷൻ ഉള്ള ആർക്കും ഈ സംവിധാനത്തിലൂടെ ലോകത്തെവിടെനിന്നും ഉപഭോക്താക്കൾക്ക് വീഡിയോ ശകലങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ കഴിയുന്നു. 2005 ഫെബ്രുവരിയിൽ പേയ്പാൽ എന്ന ഇ-വ്യാപാര കമ്പനിയിൽ ജോലി ചെയ്തിരുന്ന സ്റ്റീവ് ചെൻ, ചാഡ് ഹർലി, ജാവേദ് കരീം എന്നിവരാണ് ജനകീയ സംവിധാനമായ യൂട്യൂബ് സ്ഥാപിച്ചത്. കാലിഫോർണിയയിലെ സാൻ ബ്രൂണൊ അടിസ്ഥാനമാക്കി പ്രവർത്തനമാരംഭിച്ച ഈ വെബ് സേവന കമ്പനി അഡോബ് ഫ്ളാഷ് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയാണു പ്രവർത്തിക്കുന്നത്. വീഡിയോ ഖണ്ഡങ്ങൾ, സംഗീതം, ടെലിവിഷൻ പരിപാടികൾ തുടങ്ങിയവയെല്ലാം ഈ വെബ്സൈറ്റ് വഴി പങ്കുവയ്ക്കപ്പെടുന്നുണ്ട്. ലോകത്തിലെ എല്ലാ കോണുകളിലെയും കമ്പ്യൂട്ടറോ ഡിജിറ്റൽ ഫോണുകളോ ഉള്ള എല്ലാ ജനവിഭാഗങ്ങളും യൂട്യൂബിലൂടെ വീഡിയോ ആസ്വദിക്കാറുണ്ട്. യൂട്യൂബിൽ അംഗമായാൽ ആർക്കും വീഡിയോകൾ അപ്‌ലോഡ് ചെയ്യാവുന്നതേയുള്ളൂ. ഈ സംവിധാനത്തിലൂടെ സഭ്യമായ വീഡിയോകൾ മാത്രമാണ് അപ്‌ലോഡ് ചെയ്യാൻ അനുവദിക്കുക. പുതിയ ഉപഭോക്താക്കൾക്ക് പത്ത് മിനുട്ടിൽ കൂടുതൽ വീഡിയോ അപ്‌ലോഡ് ചെയ്യാൻ അനുമതി നൽകുന്നില്ല. ആദ്യകാലത്ത് ഉണ്ടായിരുന്ന ഓർക്കുട്ട് പോലെതന്നെ എല്ലാ രാജ്യങ്ങളിലും യൂട്യൂബിനു അനുമതി നൽകിയിട്ടില്ല. ഉപഭോക്താക്കൾക്ക് യൂട്യൂബിൽനിന്ന് വീഡിയോശകലങ്ങൾ ഡൗൺലോഡ് ചെയ്യാനും സാധിക്കുമെന്നത് വലിയൊരു നേട്ടമാണ്.

▶ യൂട്യൂബിന്റെ ചരിത്രവും സാധ്യതകളും

വെബ്സൈറ്റ്, മൊബൈൽ അപ്ലിക്കേഷനുകൾ എന്നിവ ഉൾപ്പെടെ വീഡിയോകൾ കാണാനും മറ്റ് വെബ്സൈറ്റുകൾ കൂട്ടിച്ചേർക്കാനായി യൂട്യൂബ് നിരവധി മാർഗങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നു. ലഭ്യമായ ഉള്ളടക്കത്തിൽ സംഗീത വീഡിയോകൾ, വീഡിയോ ക്ലിപ്പുകൾ, ഹ്രസ്വ ഡോക്യുമെന്ററി ഫിലിമുകൾ, ഓഡിയോ റെക്കോർഡിംഗുകൾ, മൂവി ട്രെയിലറുകൾ, തത്സമയസ്ട്രീമുകൾ, ആദ്യകാലത്തെ സിനിമകൾ, അധികം പഴക്കമില്ലാത്ത ചലച്ചിത്രങ്ങൾ, വീഡിയോ ബ്ലോഗുകൾ എന്നിവ ഉൾപ്പെടുന്നു. മിക്ക ഉള്ളടക്കവും സൃഷ്ടിക്കുന്നത് വ്യക്തികളാണ്. പക്ഷേ മീഡിയ കോർപ്പറേഷനുകളും വീഡിയോകൾ പ്രസിദ്ധീകരിക്കുന്നു. കാണുന്നതിനും അപ്‌ലോഡുചെയ്യുന്നതിനും പുറമെ, രജിസ്റ്റർ ചെയ്ത ഉപയോക്താക്കൾക്ക് വീഡിയോകളിൽ അഭിപ്രായമിടാനും റേറ്റുചെയ്യാനും പ്ലേലിസ്റ്റുകൾ സൃഷ്ടിക്കാനും മറ്റ് ഉപയോക്താക്കൾക്ക് സബ്സ്ക്രൈബ് ചെയ്യാനും കഴിയും. 2005 ൽ സ്ഥാപിതമായ യൂട്യൂബ് തൊട്ടടുത്ത വർഷം ഗൂഗിൾ 1.65 ബില്യൺ യുഎസ് ഡോളറിന് സ്വന്തമാക്കി. 2020 ൽ 19.8 ബില്യൺ ഡോളർ സമ്പാദിച്ച യൂട്യൂബ്, ഗൂഗിളിന്റെ ഏറ്റവും ലാഭകരമായ അനുബന്ധസ്ഥാപനങ്ങളിലൊന്നായി മാറി. ഗൂഗിളിന്റെ ആഡ്സെൻസ് പ്രോഗ്രാമിൽനിന്ന് യൂട്യൂബും തിരഞ്ഞെടുത്ത സ്രഷ്ടാക്കളും പരസ്യവരുമാനം നേടുന്നുണ്ട്. ഇക്കാരണത്താൽ ഭൂരിഭാഗം വീഡിയോകളും സൗജന്യമായി കാണാൻ അവസരം ലഭിക്കാറുണ്ട്. പക്ഷേ ചില സംഗീതവിരുന്നുകൾക്കു പ്രീമിയം സബ്സ്ക്രിപ്ഷൻ ആവശ്യമാണ് എന്നത് പ്രത്യേകം ഓർക്കേണ്ടതാണ്.

▶ യൂട്യൂബ് നിരവധി സാധ്യതകൾ ഉപഭോക്താക്കൾക്ക് നൽകുന്നു

## സാങ്കേതികവിദ്യ തുറന്നിടുന്ന വിഭിന്നവിനിമയ സമ്പർക്കവേദികൾ

ആപ്ലിക്കേഷൻ എന്നതിന്റെ ചുരുക്കെഴുത്താണ് ആപ്. മൊബൈൽ ആപ് എന്നത് പ്രധാനമായും ഒരു സോഫ്റ്റ്‌വെയർ പ്രോഗ്രാമാണ്. ദിനപ്പത്രങ്ങൾ വായിക്കുക, ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തുക ഇങ്ങനെ വിവിധ ഉപയോഗങ്ങൾ നിലവിലുണ്ട്. നമുക്കൊരു ആവശ്യം വന്നാൽ എത്രയും പെട്ടെന്ന് അത് പൂർത്തീകരിക്കാനായി ആപ്പുകളുടെ സേവനം ലഭ്യമാകുന്നു.

▶ വിവിധങ്ങളായ ആപ്ലിക്കേഷൻസ്

## ഫേസ്ബുക്ക്

ഇന്ന് മനുഷ്യന് അന്യോന്യം ബന്ധപ്പെടാൻ ഉപകരിക്കുന്ന ആപ്പുകളും വെബ്സൈറ്റുകളും നിരവധിയുണ്ട്. ബ്ലോഗ്, ഓർക്കുട്ട്, വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഗൂഗിൾ പ്ലസ്, സ്നാപ്പ് ചാറ്റ്, ഹലോ, ഇൻസ്റ്റാഗ്രാം, ടെലഗ്രാം, എക്സ്, യൂട്യൂബ്, ടിക്ടോക്, പിന്ററസ്റ്റ്, ലിങ്കഡ്ഇൻ എന്നീ പ്ലാറ്റ്ഫോമുകളും ആപ്പുകളും കോടിക്കണക്കിന് ഉപഭോക്താക്കൾ ഉള്ളവരാണ്. സമൂഹമാധ്യമങ്ങളിലൂടെ പരസ്പരം ബന്ധപ്പെടുകയും വിഭിന്നങ്ങളായ ആവശ്യങ്ങൾ നേടുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും ജനകീയമായ വെബ്സൈറ്റ് ആണ് ഫേസ്ബുക്ക്. 2004ൽ സ്വകാര്യഉടമസ്ഥതയിൽ ആരംഭിച്ച ഒരു സാമൂഹ്യമാധ്യമമാണ് ഫേസ്ബുക്ക്. വെബ്സൈറ്റിലൂടെയാണ് ഫേസ്ബുക്ക് പ്രവർത്തിക്കുന്നത്. അമേരിക്കയിലെ ഹാർവാർഡ് സർവ്വകലാശാല വിദ്യാർത്ഥികളാ യ മാർക്ക് സക്കർബർഗും, ദസ്ടിൻ മോസ്കൊവിത്സും, ക്രിസ് ഹ്യൂസും ചേർന്നാണ് ഈ വെബ്സൈറ്റ് ആരംഭിച്ചത്. 2015

> ▶ 118 കോടി ഉപഭോക്താക്കളാണ് ഫേസ് ബുക്കിന്

ആഗസ്റ്റ് വരെയുള്ള കണക്കനുസരിച്ച് 118 കോടി ഉപയോക്താക്കളുള്ള സൈറ്റാണിത്. ഓരോ ഉപയോക്താവിനും ശരാശരി 130 സുഹൃത്തുക്കൾ വീതമുണ്ട്. ഫേസ്ബുക്കിന്റെ ഉപയോക്താക്കളിൽ 70 ശതമാനവും അമേരിക്കക്ക് പുറത്താണ്.

ഇന്ന് സൈബർരംഗത്ത് ഏറ്റവുമധികം സമ്പത്ത് ഉണ്ടാക്കിയ രണ്ടു പേരിൽ ഒരാളാണ് മാർക്ക് സക്കർബർഗ്. ഫേസ്ബുക്കിന്റെ വളർച്ച അമ്പരപ്പിക്കുന്നതായിരുന്നു. ഇന്ന് ഫേസ്ബുക്കിന്റെ ചുവടുപിടിച്ച് വേറെ സോഷ്യൽ നെറ്റ്വർക്കിംഗ് വെബ്സൈറ്റുകൾ ധാരാളമായുണ്ട്. ഗൂഗിളിന്റെ ഗൂഗിൾ പ്ലസ് ആണ് മറ്റൊരുദാഹരണം. എങ്കിലും 2004-ൽ ആരംഭിച്ച ഫേസ്ബുക്ക് തന്നെയാണ് ഇന്ന് ലോകത്തിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്നത്. കൂടാതെ എക്സ് (ട്വിറ്റർ), ലിങ്ക്ഡ്ഇൻ എന്നിവ രണ്ടും മൂന്നും സ്ഥാനത്ത് നിലനിൽക്കുന്നു.

ലോകത്ത് ഗൂഗിളാണ് ഏറ്റവും മുന്നിൽ നിൽക്കുന്ന ജാലിക(വെബ്സൈറ്റ്). അത് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആൾക്കാർ ഉപയോഗിക്കുന്ന ജാലിക ഫേസ്ബുക്ക് ആണ്. ഇന്ത്യയിൽ ഫേസ്ബുക്കിന് മൂന്നാംസ്ഥാനമാണുള്ളത്. ഇന്ത്യയിലെ സാമൂഹ്യജാലികാ ഉപയോക്താക്കൾക്ക് സ്വന്തം ഭാഷയിൽതന്നെ ആശയവിനിമയം നടത്താനുള്ള സംവിധാനവുമായാണ് ഫേസ്ബുക്ക് ഇന്ത്യയിൽ രംഗത്തെത്തിയിരിക്കുന്നത്. നിലവിൽ ഇന്ത്യൻഭാഷകളായ ഹിന്ദി, പഞ്ചാബി, ബംഗാളി, തെലുങ്ക്, തമിഴ്, മലയാളം തുടങ്ങിയ ഭാഷകളിലും ഫേസ്ബുക്കിലൂടെ ആശയവിനിമയം നടത്താൻ കഴിയുന്നു. ലോകമെമ്പാടുമുള്ള ഏറ്റവും ജനപ്രിയമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൊന്നായ ഫേസ്ബുക്ക് അതിന്റെ ഉപയോക്താക്കൾക്ക് നിരവധി നേട്ടങ്ങൾ വാഗ്ദാനം ചെയ്യുന്നു:

> ▶ ലോകത്ത് ജനപ്രിയമായ സോഷ്യൽ മീഡിയ ഫേസ്ബുക്ക്

**കണക്റ്റിവിറ്റി:** ഭൂമിശാസ്ത്രപരമായ തടസ്സങ്ങൾ കണക്കിലെടുക്കാതെ സുഹൃത്തുക്കൾ, കുടുംബാംഗങ്ങൾ, സഹപ്രവർത്തകർ, പരിചയക്കാർ എന്നിവരുമായി ബന്ധപ്പെടാനും സമ്പർക്കം പുലർത്താനും ഫേസ്ബുക്ക് ഉപയോക്താക്കളെ പ്രാപ്തമാക്കുന്നു. ഇത് സന്ദേശമയയ്ക്കൽ, പോസ്റ്റുകൾ, അഭിപ്രായങ്ങൾ, പ്രതികരണങ്ങൾ എന്നിവയിലൂടെ ആശയവിനിമയം സുഗമമാക്കുന്നു, അർത്ഥവത്തായ ബന്ധങ്ങൾ വളർത്തിയെടുക്കുകയും സാമൂഹിക ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

> ▶ ഫേസ്ബുക്ക് ഉപയോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്ന നേട്ടങ്ങൾ

**വിവരങ്ങൾ പങ്കിടൽ:** ഉപയോക്താക്കൾക്ക് ഫോട്ടോകൾ, വീഡിയോകൾ, ലേഖനങ്ങൾ, സ്റ്റാറ്റസ് അപ്ഡേറ്റുകൾ എന്നിവയുൾപ്പെടെ നിരവധി ഉള്ളടക്കങ്ങൾ ഫേസ്ബുക്കിൽ പങ്കിടാനാകും. സുഹൃത്തുക്കളുടെയും അനുയായികളുടെയും നെറ്റ്വർക്കുകൾക്കിടയിൽ വ്യക്തിപരമായ അനുഭവങ്ങൾ, പ്രധാന അറിയിപ്പുകൾ, വാർത്തകൾ, വിദ്യാഭ്യാസ വിഭവങ്ങൾ എന്നിവ പ്രചരിപ്പിക്കാൻ ഇത് അനുവദിക്കുന്നു.

**കൂട്ടായ്മ:** സമാന ചിന്താഗതിക്കാരായ വ്യക്തികൾക്ക് ഒത്തുചേരാനും പങ്കിട്ട താൽപ്പര്യങ്ങൾ, ഹോബികൾ, കാരണങ്ങൾ അല്ലെങ്കിൽ പ്രൊഫഷണൽ വിഷയങ്ങൾ എന്നിവ ചർച്ച ചെയ്യാനും ഫേസ്ബുക്ക് ഗ്രൂപ്പുകൾ ഒരു പ്ലാറ്റ്ഫോം നൽകുന്നു. ഇത്തരം കമ്മ്യൂണിറ്റികൾക്ക് പിന്തുണയും ഉപദേശവും ഉറവിടങ്ങളും വാഗ്ദാനം ചെയ്യാൻ കഴി

യുകയും, അംഗങ്ങൾക്കിടയിൽ ഒരു വ്യക്തിത്വവും സൗഹൃദവും സൃഷ്ടിക്കുകയും ചെയ്യുന്നു.

**വ്യാപാര വ്യവസായ സംരംഭകത്വം:** ബിസിനസുകൾക്കും വ്യാവസായികൾക്കും അവരുടെ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, ഇവന്റുകൾ, സംരംഭങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഫേസ്ബുക്ക് ശക്തമായ സാധ്യതകൾ വാഗ്ദാനം ചെയ്യുന്നു. ബിസിനസ്സ് പേജുകൾ, പരസ്യ ഫീച്ചറുകൾ, ടാർഗെറ്റുചെയ്ത മാർക്കറ്റിംഗ് കാമ്പെയ്നുകൾ എന്നിവയിലൂടെ, ബിസിനസുകൾക്ക് വലിയ പ്രേക്ഷകരിലേക്ക് എത്താനും ബ്രാൻഡ് അവബോധം സൃഷ്ടിക്കാനും ഉപഭോക്തൃ ഇടപഴകൽ വർദ്ധിപ്പിക്കാനും കഴിയും.

**നെറ്റ്‌വർക്കിംഗ് അവസരങ്ങൾ:** പ്രൊഫഷണലുകൾ, സംരംഭകർ, തൊഴിലന്വേഷകർ, വ്യവസായ വിദഗ്ധർ എന്നിവർക്കുള്ള മൂല്യവത്തായ നെറ്റ്‌വർക്കിംഗ് ഉപകരണമായി ഫേസ്ബുക്ക് പ്രവർത്തിക്കുന്നു. സഹകാരികൾ, ഉപദേഷ്ടാക്കൾ, റിക്രൂട്ടർമാർ, വ്യവസായികൾ, എന്നിവരുമായി ബന്ധപ്പെടാൻ ഇത് ഉപയോക്താക്കളെ അനുവദിക്കുന്നു. ജോലിയിൽ വളർച്ചയാർജിക്കാനും, വിജ്ഞാനം പങ്കിടാനും, ബൗദ്ധികമായി വികസിപ്പിക്കാനും കഴിയുന്നു.

**അവബോധവും ബോധവൽകരണവും:** സാമൂഹിക കാരണങ്ങൾ, അഭിഭാഷക ക്യാമ്പെയ്നുകൾ, കമ്മ്യൂണിറ്റി സംരംഭങ്ങൾ എന്നിവയെക്കുറിച്ച് അവബോധം വളർത്തുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമായി ഫേസ്ബുക്ക് ഉപയോഗിക്കാവുന്നതാണ്.

**വിനോദവും വിവരവും:** വൈറലായ വീഡിയോകൾ, മീമുകൾ, തത്സമയ സ്ട്രീമുകൾ, ഗെയിമുകൾ, സംവേദനാത്മക ഉള്ളടക്കം എന്നിവയുൾപ്പെടെയുള്ള നിരവധി വിനോദ ഓപ്ഷനുകൾ ഫേസ്ബുക്ക് വാഗ്ദാനം ചെയ്യുന്നു. വൈവിധ്യമാർന്ന സാംസ്കാരിക പ്രവണതകളുടെയും സൃഷ്ടിപരമായ ആവിഷ്കാരങ്ങളുടെയും വിശ്രമം, വിനോദം, പര്യവേക്ഷണം എന്നിവയ്ക്കുള്ള അവസരങ്ങൾ ഇത് ഉപയോക്താക്കൾക്ക് നൽകുന്നു.

> ▶ വൈവിധ്യമാർന്ന നിരവധി വിനോദ വിജ്ഞാനരംഗങ്ങൾ ഫേസ്ബുക്ക് പ്രധാനം ചെയ്യുന്നു

**വിവരങ്ങൾ കണ്ടെത്തൽ:** ഫേസ്ബുക്കിന്റെ വാർത്താ ഫീഡ് അൽഗോരിതം ഉപയോക്തൃ മുൻഗണനകൾ, താൽപ്പര്യങ്ങൾ, ഇടപെടലുകൾ എന്നിവയെ അടിസ്ഥാനമാക്കി ഉള്ളടക്കം പരിശോധിക്കുന്നു. ഇത് പ്രസക്തിയുള്ള വിവരങ്ങളും പ്രവണതകളും കണ്ടെത്താൻ ഉപയോക്താക്കളെ സഹായിക്കുന്നു. ഉപയോക്താക്കൾക്ക് അറിവുനൽകുകയും താൽപ്പര്യമുള്ള വിഷയങ്ങളിൽ ഇടപഴകാൻ സഹായിക്കുകയും ചെയ്യുന്ന ഒരു വ്യക്തിഗത വാർത്താസംഗ്രഹമായി ഇത് പ്രവർത്തിക്കുന്നു.

**വിദ്യാഭ്യാസവും പഠനവും:** ഫേസ്ബുക്ക് ഗ്രൂപ്പുകൾ, പേജുകൾ, തത്സമയ വീഡിയോവിശേഷങ്ങൾ എന്നിവ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താം, അറിവ്പങ്കിടൽ, നൈപുണ്യവികസനം, പഠനകമ്മ്യൂണിറ്റികൾ എന്നിവ സുഗമമാക്കുന്നു. ഉപയോക്താക്കൾക്ക് ട്യൂട്ടോറിയലുകൾ, വെബിനാറുകൾ, ഓൺലൈൻ കോഴ്സുകൾ, വിവിധ വിഷയങ്ങളെയും വിഷയങ്ങളെക്കുറിച്ചുള്ള വിദഗ്ദ്ധ ഉൾക്കാഴ്ചകൾ എന്നിവ ലഭിക്കുന്നു.

സാമൂഹ്യബന്ധം ഊട്ടിഉറപ്പിക്കുന്നതും വിവരങ്ങൾ പങ്കിടുന്നതും തുടങ്ങി ബിസിനസ്സ് പ്രമോഷനും കമ്മ്യൂണിറ്റി ഇടപഴകലും വരെ നിരവധി നേട്ടങ്ങൾ ഫേസ്ബുക്ക് വാഗ്ദാനം ചെയ്യുന്നു. എന്നിരുന്നാലും, സ്വകാര്യത, സുരക്ഷ, തെറ്റായ വിവരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ ലഘൂകരിക്കുന്നതിന് ഉപയോക്താക്കൾ ജാഗ്രതയും ശ്രദ്ധയും, ഉത്തരവാദിത്തവും കൂടി ഉപയോഗിക്കേണ്ടത് ആവശ്യമാണ്.

## വാട്ട്സ്ആപ്പ്

- ആഗോളതലത്തിൽ സന്ദേശങ്ങൾ കൈമാറുന്ന പ്ലാറ്റ്ഫോം വാട്ട്സ്ആപ്പ്

ഇന്റർനെറ്റിലെ വിവിധ പ്ലാറ്റുഫോമുകളിൽ പ്രവർത്തിക്കുന്ന ആശയവിനിമയസംവിധാനം ആണ് വാട്ട്സ്ആപ്പ്. ആദ്യകാലങ്ങളിൽ സ്മാർട്ട് ഫോണുകളിൽ മാത്രമേ ഈ ആപ്പ് ഇൻസ്റ്റാൾ ചെയ്യാൻ കഴിയുമായിരുന്നുള്ളൂ. ലേഖനസന്ദേശം കൂടാതെ ഉപയോക്താവിന്റെ ചിത്രങ്ങളും ദൃശ്യങ്ങളും ശബ്ദസന്ദേശങ്ങളും അവരുടെ സ്ഥാനമുൾപ്പെടെ പരസ്പരം അയയ്ക്കാനാകും എന്നതാണ് മറ്റൊരു സവിശേഷത. മാത്രമല്ല നിരവധി ഗ്രൂപ്പുകളെ സൃഷ്ടിക്കാൻ വാട്സാപ്പിലൂടെ കഴിയുന്നു. ഇങ്ങനെയുള്ള ഗ്രൂപ്പിലൂടെ ഒരു മെസ്സേജ് ഇട്ടാൽ ഗ്രൂപ്പിലെ അംഗങ്ങൾക്കെല്ലാം അത് കാണാൻ കഴിയുന്നു.

ആഗോളതലത്തിൽതന്നെ സന്ദേശങ്ങൾ കൈമാറുന്ന പ്ലാറ്റ്ഫോമുകളിലൊന്നായ വാട്ട്സ്ആപ്പ്, ആധുനിക കാലത്ത് അതീവ പ്രയോജനകരമാണെങ്കിലും ചില വെല്ലുവിളികളും ഉയർത്തുന്നുണ്ട്

**പ്രയോജനങ്ങൾ:**

വേഗത്തിലുള്ള ആശയവിനിമയം: വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ തൽക്ഷണ സന്ദേശങ്ങൾ, ഫോട്ടോകൾ, വീഡിയോകൾ, വോയ്സ് സന്ദേശങ്ങൾ, ഡോക്യുമെന്റുകൾ എന്നിവ അയയ്ക്കാൻ ഉപയോക്താക്കളെ വാട്ട്സ്ആപ്പ് അനുവദിക്കുന്നു, ഇത് വിവിധ ഉപകരണങ്ങളിലും പ്ലാറ്റ്ഫോമുകളിലും വേഗത്തിലും സൗകര്യപ്രദവുമായ ആശയവിനിമയം സാധ്യമാക്കുന്നു.

ചെലവ് കുറഞ്ഞത് : വാട്ട്സ്ആപ്പ് സന്ദേശമയയ്ക്കലിനായി ഇന്റർനെറ്റ് ഡാറ്റ ഉപയോഗിക്കുന്നു. ഇത് പരമ്പരാഗത എസ്.എം.എസ സന്ദേശമയയ്ക്കലിന്, പ്രത്യേകിച്ച് അന്തർദ്ദേശീയ അല്ലെങ്കിൽ ദീർഘദൂര ആശയവിനിമയത്തിന് ചെലവ് കുറഞ്ഞ ബദലായി മാറുന്നു.

ആഗോളതലം : ലോകമെമ്പാടുമുള്ള രണ്ട് ബില്ല്യണിലധികം ഉപയോക്താക്കളുള്ളതുമൂലം സുഹൃത്തുക്കൾ, കുടുംബം, സഹപ്രവർത്തകർ, ബിസിനസ്സുകാർ എന്നിവരുമായി ബന്ധപ്പെടുന്നതിന് വാട്സ്ആപ്പ് ഒരു വലിയശൃംഖല സൃഷ്ടിക്കുന്നു.

എൻഡ്-ടു-എൻഡ് എൻക്രിപ്ഷൻ: വാട്ട്സ്ആപ്പ് സന്ദേശങ്ങൾക്കായി എൻഡ്-ടു-എൻഡ് എൻക്രിപ്ഷൻ ഉപയോഗിക്കുന്നു. അയയ്ക്കുന്നയാൾക്കും സ്വീകർത്താവിനും മാത്രമേ ഉള്ളടക്കങ്ങൾ വായിക്കാൻ കഴിയൂ എന്ന് ഉറപ്പാക്കുകയും ഉപയോക്താക്കളുടെ സ്വകാര്യതയും സുരക്ഷയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

വോയ്സ്, വീഡിയോ കോളുകൾ: വാട്ട്സ്ആപ്പ് വോയ്സ്, വീഡിയോ

കോളിംഗ് ഫീച്ചറുകൾ വാഗ്ദാനം ചെയ്യുന്നു. സെല്ലുലാർ നെറ്റ്‌വർക്ക് കവറേജ് മോശമായ പ്രദേശങ്ങളിൽപ്പോലും ഇന്റർനെറ്റിലൂടെ ഉയർന്ന നിലവാരമുള്ള കോളുകൾ ചെയ്യാൻ ഉപയോക്താക്കളെ അനുവദിക്കുന്നു.

ഗ്രൂപ്പ്ചാറ്റുകൾ: 256 അംഗങ്ങളുമായി ഗ്രൂപ്പ്ചാറ്റുകൾ സൃഷ്ടിക്കാനും അതിൽ പങ്കെടുക്കാനും വാട്ട്സ്ആപ്പ് ഉപയോക്താക്കളെ പ്രാപ്തമാക്കുന്നു, ഇത് സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും സഹപ്രവർത്തകർക്കും ഇടയിൽ സഹകരണം, ഏകോപനം, സാമൂഹിക ഇടപെടൽ എന്നിവ സുഗമമാക്കുന്നു.

- വിനോദത്തോടൊപ്പം വാണിജ്യഇടപാടുകൾക്കും സഹായകമാകുന്നു

മീഡിയ പങ്കിടൽ: ഉപയോക്താക്കൾക്ക് ഫോട്ടോകളും വീഡിയോകളും ഡോക്യുമെന്റുകളും ലൊക്കേഷനുകളും കോൺടാക്റ്റുകളുമായോ ഗ്രൂപ്പുകളുമായോ എളുപ്പത്തിൽ പങ്കിടാൻ കഴിയും, ഇത് തത്സമയം വിവരങ്ങളും ഫയലുകളും പങ്കിടുന്നതിന് സൗകര്യപ്രദമാക്കുന്നു.

ബിസിനസ്സ് ഇടപാടുകൾ : ഉപഭോക്തൃ ആശയവിനിമയത്തിനുള്ള ഉപകരണങ്ങൾ വാട്ട്സ്ആപ്പ് ബിസിനസ്സ് നൽകുന്നു, ഓട്ടോമേറ്റഡ് പ്രതികരണങ്ങൾ, ഉൽപ്പന്ന കാറ്റലോഗുകൾ, ബിസിനസ് പ്രൊഫൈലുകൾ, ഉപഭോക്തൃ ഇടപഴകലും പിന്തുണയും വർദ്ധിപ്പിക്കുന്നു.

**പ്രശ്നങ്ങൾ:**

സ്വകാര്യതക്ക് വെല്ലുവിളി : വാട്ട്സ്ആപ്പ് എൻഡ്-ടു-എൻഡ് എൻക്രിപ്ഷൻ ഉപയോഗിക്കുമ്പോൾ, ഡാറ്റാ സ്വകാര്യത, ഉപയോക്തൃ ട്രാക്കിംഗ്, മാതൃകമ്പനിയായ ഫേസ്ബുക്കിന്റെ മെറ്റാഡാറ്റ ശേഖരണം എന്നിവയെക്കുറിച്ച് ആശങ്കകൾ ഉയർന്നിട്ടുണ്ട്. ഇത് ഉപഭോക്തൃ വിവരങ്ങളുടെ സുരക്ഷയെക്കുറിച്ച് ചില ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്.

തെറ്റായവിവരങ്ങളും വ്യാജവാർത്തകളും: തെറ്റായ വിവരങ്ങൾ, വ്യാജ വാർത്തകൾ, കിംവദന്തികൾ എന്നിവ പ്രചരിപ്പിക്കുന്നതിൽ വാട്ട്സ്ആപ്പിന്റെ പങ്ക് വിമർശിക്കപ്പെട്ടിട്ടുണ്ട്, ഇത് സാമൂഹിക അശാന്തിയിലേക്കും പരിഭ്രാന്തിയിലേക്കും വ്യക്തികൾക്കും സമൂഹങ്ങൾക്കും ദോഷം ചെയ്യും.

- വാട്ട്സ്ആപ്പിന്റെ ദോഷം- സ്വകാര്യതയെ ബാധിക്കുന്നു

സുരക്ഷാകേടുപാടുകൾ: ഉപയോക്തൃ അക്കൗണ്ടുകളുടെ സമഗ്രത, ഡാറ്റാ ലംഘനങ്ങൾ, പ്ലാറ്റ്ഫോമിനെ ടാർഗെറ്റുചെയ്യുന്ന സൈബർ ആക്രമണങ്ങൾ എന്നിവയെക്കുറിച്ചുള്ള ആശങ്കകൾ ഉന്നയിക്കുന്ന വാട്ട്സ്ആപ്പ് മുമ്പ് സുരക്ഷാതകരാറുകളും ഹാക്കിംഗ് ശ്രമങ്ങളും അനുഭവിച്ചിട്ടുണ്ട്.

സ്പാമും അനാവശ്യസന്ദേശങ്ങളും: വാട്ട്സ്ആപ്പ് ഉപയോക്താക്കൾക്ക് അജ്ഞാതകോൺടാക്റ്റുകളിൽ നിന്നോ ഓട്ടോമേറ്റഡ് ബോട്ടുകളിൽ നിന്നോ ആവശ്യപ്പെടാത്ത സന്ദേശങ്ങളോ സ്പാമോ പ്രമോഷണൽ ഉള്ളടക്കമോ ലഭിച്ചേക്കാം, ഇത് ഇൻബോക്സുകളിലേക്കും സ്വകാര്യത ലംഘനങ്ങളിലേക്കും നയിച്ചേക്കാം.

ഇന്റർനെറ്റ് കണക്ഷനിലുള്ള ആശ്രിതത്വം: വാട്ട്സ്ആപ്പ് സന്ദേശമയയ്

ക്കലിനും കോളിംഗിനും സ്ഥിരതയുള്ള ഇന്റർനെറ്റ് കണക്ഷനെ ആശ്രയിക്കുന്നു, ഇത് പരിമിതമായതോ വിശ്വസനീയമല്ലാത്തതോ ആയ ഇന്റർനെറ്റ് ഉള്ള മേഖലകളിൽ വെല്ലുവിളികൾ സൃഷ്ടിച്ചേക്കാം, വിദൂര അല്ലെങ്കിൽ ഗ്രാമപ്രദേശങ്ങളിലെ ഉപയോക്താക്കൾക്ക് ആശയവിനിമയത്തെ തടസ്സപ്പെടുത്തുന്നു.

ആശയവിനിമയം, കണക്റ്റിവിറ്റി, സൗകര്യം എന്നിവയുടെ കാര്യത്തിൽ വാട്ട്സ്ആപ്പ് നിരവധിനേട്ടങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, സ്വകാര്യത, സുരക്ഷ, തെറ്റായ വിവരങ്ങൾ, പ്ലാറ്റ്ഫോം ദുരുപയോഗം എന്നിവയുമായി ബന്ധപ്പെട്ട വെല്ലുവിളികളും അഭിമുഖീകരിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, ഡിജിറ്റൽ യുഗത്തിൽ ആശയവിനിമയത്തിനുള്ള സുരക്ഷിതവും വിശ്വസനീയവും ഉത്തരവാദിത്തമുള്ളതുമായ ഉപകരണമായി പ്ലാറ്റ്ഫോം നിലനിൽക്കുന്നുവെന്ന് ഉറപ്പാക്കാൻ വാട്ട്സ്ആപ്പ്, ഉപയോക്താക്കൾ, റെഗുലേറ്റർമാർ, സിവിൽ സൊസൈറ്റി എന്നിവരിൽ നിന്നുള്ള യോജിച്ച ശ്രമം ആവശ്യമാണ്.

- വാട്ട്സ്ആപ്പ് നിരവധി വെല്ലുവിളികൾ അഭിമുഖീകരിക്കുന്നു

വാട്ട്സ്ആപ്പിന്റെ ക്ലയന്റ് ആപ്ലിക്കേഷൻ മൊബൈൽ ഉപകരണങ്ങളിൽ പ്രവർത്തിക്കുന്നു. എന്നാൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളിൽനിന്നും ആക്സസ്സു ചെയ്യാനാകും. ഡെസ്ക്ടോപ്പ് ആപ്ലിക്കേഷൻ ഉപയോഗിക്കുമ്പോൾ ഉപയോക്താവിന്റെ മൊബൈൽ ഉപകരണം ഇന്റർനെറ്റുമായി കണക്റ്റുചെയ്തിരിക്കണം. ഈ സേവനത്തിന് വേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് ഉപയോക്താക്കൾ മൊബൈൽ നമ്പർ നൽകേണ്ടതുണ്ട്. 2018 ൽ സ്റ്റാൻഡേർഡ് വാട്ട്സ്ആപ്പ് ക്ലയന്റ് ഉപയോഗിക്കുന്ന ഉപഭോക്താക്കളുമായി ആശയവിനിമയം നടത്താൻ കമ്പനികളെ അനുവദിക്കുന്നതിനായി വാട്ട്സ്ആപ്പ് ബിസിനസ് എന്ന് വിളിക്കുന്ന ചെറുകിട ബിസിനസ്സ് ഉടമകളെ ലക്ഷ്യംവച്ചുള്ള ഒരു ഒറ്റപ്പെട്ട ബിസിനസ് ആപ്ലിക്കേഷൻ ജനുവരിയിൽ പുറത്തിറക്കി. സമൂഹമാധ്യമങ്ങളിൽ ഇത് വലിയ ചർച്ചാവിഷയമായിരുന്നു. കാലിഫോർണിയയിലെ മൗണ്ടൻ വ്യൂവിലെ വാട്സ്ആപ്പ് ആണ് ക്ലയന്റ് ആപ്ലിക്കേഷൻ സൃഷ്ടിച്ചത്, ഇത് ഏകദേശം 1900 കോടി യുഎസ് ഡോളറിന് 2014 ഫെബ്രുവരിയിൽ ഫേസ്ബുക്ക് ഏറ്റെടുത്തു. 2015-ഓടെ ഇത് ലോകത്തിലെ ഏറ്റവും ജനപ്രിയമായ സന്ദേശമയയ്ക്കൽ ആപ്ലിക്കേഷനായി മാറി, ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച് 2020 ഫെബ്രുവരിയോടെ ലോകമെമ്പാടും 200 കോടി വാട്ട്സ് ആപ്പ് ഉപയോക്താക്കളുണ്ടായിരുന്നു.

- ലോകത്തിലെ ഏറ്റവും വലിയ ആപ്പായി വാട്സ് ആപ്പ് മാറി

## ആപ്പുകൾ : ഉപയോഗങ്ങൾ

മൊബൈൽ ഫോണുകളിലും ഐഫോണുകളിലും സ്മാർട്ട്ഫോണുകളിലും ടാബ്ലെറ്റുകളിലും സമാനമായ മൊബൈൽ ഉപകരണങ്ങളിലും ഉപയോഗിക്കാൻ ഉതകുന്ന തരത്തിൽ വികസിപ്പിച്ചെടുത്ത ഒരു സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ആണ് ആപ്പുകൾ എന്ന് പറയുന്നത്. ആപ്പ് എന്ന പദം ഉത്ഭവിച്ചത് ആപ്ലിക്കേഷൻ എന്നതിന്റെ ചുരുക്കെഴുത്ത് തന്നെയാണ്. 1993 ലാണ് ഐ ബി എം എന്ന സ്ഥാപനം സ്മാർട്ട് ഫോൺ ഡിസൈൻ ചെയ്തു പുറത്തിറക്കിയത്. ഐ ബി എം എന്നാൽ ഇൻറർനാഷണൽ ബിസിനസ് മെഷീൻസ് കോർപ്പറേഷൻ എന്നതിന്റെ ചുരുക്കെഴുത്താണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലെ പുതിയ ആപ്പുകൾ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു.

- ആപ്ലിക്കേഷന്റെ ചുരുക്കെഴുത്താണ് ആപ്പ്

വയർലെസ് ഇ-മെയിലിന്റെ സങ്കല്പങ്ങളിൽ ഊന്നിയ ബ്ലാക്ക് ബെറി സ്മാർട്ട് ഫോൺ 2002ൽ പുറത്തിറക്കി മൊബൈൽ ഫോണുകളുടെ നിർമ്മാണ ചരിത്രത്തിൽ ഈ സ്മാർട്ട് ഫോൺ വലിയ മാറ്റങ്ങളാണ് കൊണ്ടുവന്നത്. മൊബൈൽ ഫോൺ പരീക്ഷണങ്ങളിൽ നിരന്തരം ഏർപ്പെട്ടു കൊണ്ടിരിക്കുന്ന ബ്ലാക്ക്ബെറി എന്ന യുഎസ് ഗവേഷണ സ്ഥാപനമാണ് ബ്ലാക്ക്ബെറി സ്മാർട്ട്ഫോൺ രൂപകല്പന ചെയ്തത് പ്ലേസ്റ്റോറിൽ 40 ആപ്പുകൾ ഒരാൾക്ക് ഇൻസ്റ്റാൾ ചെയ്യാൻ കഴിയും. ലോകമെമ്പാടും നിലവിലുള്ള സ്മാർട്ട്ഫോൺ ആപ്പുകളുടെ എണ്ണം 8.93 ദശലക്ഷമാണ്. ഗൂഗിൾ പ്ലേ സ്റ്റോറിൽ 3. 553 ദശലക്ഷം ആപ്ലിക്കേഷനുകളും ആപ്പിൾ ആപ്പ് സ്റ്റോറിൽ 1.642 ദശലക്ഷം ആപ്പുകളും ഉപയോഗത്തിലുണ്ട്.

- ബ്ലാക്ക്ബെറിയാണ് സ്മാർട്ട് ഫോൺ ഡിസൈൻ

ആപ്പുകളിൽ ഏറ്റവും അധികം ഉപഭോക്താക്കൾ ഉള്ള വാട്സ്ആപ്പ് 2004ൽ രംഗത്തുവന്നെങ്കിലും പരിമിതമായ തോതിലുള്ള ഉപയോഗമായിരുന്നു ഈ ആപ്ലിക്കേഷന് ഉണ്ടായിരുന്നത്. യാഹുവുമായി ചേർന്നുകൊണ്ട് ജാൻകോമും ബ്രിയാൻ ആക്ടിനും തുടക്കം കുറിച്ച വാട്ട്സ്ആപ്പ് 2014 ഓടെ ഫേസ്ബുക്കുമായി ലിങ്ക് ചെയ്തു. പക്ഷേ സ്വതന്ത്രമായാണ് ഇപ്പോൾ വാട്സ്ആപ്പ് ഉപയോഗിക്കുന്നത്. ഉപയോക്താക്കൾക്ക് വാട്സാപ്പിലൂടെ ടെക്സ്റ്റ് മെസ്സേജുകളും ചിത്രങ്ങളും വീഡിയോകളും രേഖകളും എല്ലാം നിമിഷനേരംകൊണ്ട് ലോകത്തിന്റെ ഏത് കോണിലും അയക്കാൻ കഴിയും. 180 രാജ്യങ്ങളിൽ വാട്സ്ആപ്പ് ഉപയോഗിക്കാൻ അനുമതിയുണ്ട്.

- വാട്ട്സ്ആപ്പ് ഫേസ്ബുക്കുമായി ലിങ്ക് ചെയ്തു

## മാധ്യമങ്ങൾ വിനിമയം ചെയ്യുന്ന സാംസ്കാരികരാഷ്ട്രീയം

പത്തൊൻപതാംനൂറ്റാണ്ടിന്റെ ഒന്നാംപകുതിയിൽ ആരംഭിക്കുന്ന പുസ്തക-പത്ര - മാസികാപ്രസിദ്ധീകരണ സംസ്കാരം, രണ്ടാം പകുതിയിൽ സജീവമാകുന്നു. നവോത്ഥാന-ആധുനികതയുടെ ഇടപെടൽമണ്ഡലങ്ങളായി കരുതിപ്പോരുന്ന നാനാതരം സാമൂഹ്യപ്രസ്ഥാനങ്ങൾക്കു വഴിവച്ചത് മുഖ്യമായും അച്ചടി സാങ്കേതികതയും സാക്ഷരതയും വായനയുമായിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ഒന്നാംപകുതി അവസാനിക്കുന്നതാകട്ടെ, അച്ചടിക്കൊപ്പം റേഡിയോ, സിനിമ എന്നീ രണ്ടു പുതിയ മാധ്യമാനുഭവങ്ങളുടെ ആവിർഭാവത്തോടെയാണ്.

- അച്ചടി സാങ്കേതികതയും സാക്ഷരതയും

ആധുനികസംവിധാനങ്ങൾ നിലവിൽ വരുന്നതിനുമുമ്പേതന്നെ പല രൂപത്തിൽ സാമ്രാജ്യശക്തികളുടെ അധീനതയിൽ വാർത്താമാധ്യമങ്ങൾ പ്രചാരത്തിലാകാൻ തുടങ്ങി. എന്നാൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ അച്ചടിയും വർത്തമാനപത്രങ്ങളും യൂറോപ്പിലെങ്ങും വ്യാപകമായതോടെ ജനസമൂഹങ്ങളിൽ പുതിയൊരു സംസ്കാരത്തിന് വഴി തുറക്കുകയായിരുന്നു. പത്തൊമ്പതാംനൂറ്റാണ്ടിന്റെ രണ്ടാംപകുതിയോടെ പുസ്തക പത്രമാസികാപ്രസിദ്ധീകരണ സംസ്കാരത്തിലൂടെ നവോത്ഥാനകാലഘട്ടം സജീവമാകാൻ തുടങ്ങി. ഇതോടെ സാമൂഹ്യപ്രസ്ഥാനങ്ങൾക്കു പാതയൊരുങ്ങുകയായിരുന്നു. മുഖ്യമായും അച്ചടിസാങ്കേതികവിദ്യയും സാക്ഷരതയും വായനയുമായിരുന്നു സാംസ്കാരിക ഇടപെടലിന്റെ ആരംഭം കുറിക്കുന്നത്. ഇരുപതാംനൂറ്റാണ്ടിന്റെ ഒന്നാം പകുതി അവസാനിക്കുന്നതാകട്ടെ, അച്ചടിക്കൊപ്പം റേഡിയോ, സിനിമ തുടങ്ങിയ മാധ്യമങ്ങളും പുതിയൊരു സംസ്കാരത്തിന് തുടക്കം കുറിച്ചു. ഇരുപതാംനൂറ്റാണ്ടിന്റെ രണ്ടാം പകുതിയാകട്ടെ, ടെലിവിഷൻ, ഇന്റർ

നെറ്റ് എന്നിവയുടെ വരവിനും വളർച്ചയ്ക്കും സാക്ഷിയായി. അച്ചടി, ശ്രാവ്യ, ദൃശ്യമാധ്യമങ്ങളൊന്നടങ്കം, ഇന്റർനെറ്റ് തുടങ്ങിയവയുടെ ഇടപെടൽ സമൂഹത്തെ നവീകരിക്കുകയും പുതിയൊരു സംസ്കാരത്തിന് നാന്ദികുറിക്കുകയും ചെയ്തു. 1990 മുതലുള്ള ഘട്ടത്തിൽ നവമാധ്യമങ്ങളിലേക്കുള്ള തുടക്കം കുറിച്ചു. ആഗോളവൽക്കരണം ശക്തിപ്രാപിച്ചതോടെ നവമാധ്യമങ്ങളിലേക്കുള്ള കവാടം തുറക്കുകയായിരുന്നു. യൂറോപ്പിലും പൗരസ്ത്യദേശങ്ങളിലും മഹാപ്രതിഭകളായ ചലച്ചിത്രകാരന്മാർ ആധുനികതയിലേക്കുള്ള ചുവടുവെപ്പ് നടത്തിയത് പുതിയൊരു സംസ്കാരത്തിന് വഴിതുറന്നു.

- നവമാധ്യമങ്ങളുടെ ഇടപെടൽ സമൂഹത്തെ നവീകരിച്ചു

പാശ്ചാത്യ പൗരസ്ത്യദേശത്തിന്റെ സ്വാധീനത്തിൽപ്പെട്ട് ഇന്ത്യ ഉൾപ്പെടെയുള്ള മിക്ക രാജ്യങ്ങളിലും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യശതകങ്ങളോടെ സാംസ്കാരികനവോത്ഥാനപ്രസ്ഥാനത്തിന് ആരംഭം കുറിക്കുമ്പോൾ കേരളത്തിലെ സാഹിത്യരൂപങ്ങളും വർത്തമാനപത്രങ്ങളും അതിന് കരുത്ത് പകർന്നുനൽകി. അച്ചുകൂടത്തിന്റെ കാലമായ 1824 മുതൽ 1990 വരെയുള്ള നൂറ്റിയറുപത്തഞ്ചു വർഷങ്ങൾ അച്ചടിമാധ്യമരംഗത്തുണ്ടായ മാറ്റങ്ങൾ വിസ്മയകരമാണ്. കൊളോണിയൽ ആധുനികതയുടെ രാഷ്ട്രീയസാംസ്കാരികമേഖലകളും സാംസ്കാരികാനുഭവങ്ങളോട് കടപ്പെട്ടു. ആധുനികമലയാള സാഹിത്യരൂപങ്ങൾ മലയാളിയുടെ നവോത്ഥാനപ്രസ്ഥാനങ്ങളിലൂടെ സാമൂഹ്യമാറ്റത്തിന് വിത്ത് പാകി. ഈസ്റ്റിന്ത്യാകമ്പനിയുടെ നേതൃത്വത്തിലുള്ള കൊളോണിയൽ ഭരണകൂടത്തിനെതിരെ ദേശീയപ്രസ്ഥാനം പടപൊരുതിയപ്പോൾ സാംസ്കാരികപ്രസ്ഥാനങ്ങളിലൂടെ കേരളവും അതിന് പിന്തുണയും പ്രചാരണവും നൽകി. അറിവിന്റെയും വിനോദത്തിന്റെയും പാഠരൂപങ്ങൾ മുതൽ കേരളീയപൊതുമണ്ഡലങ്ങളുടെ നിർമ്മിതിവരെ മലയാളിയുടെ വായനാസംസ്കാരത്തിന് സാഹചര്യം സൃഷ്ടിച്ചു. ഐക്യകേരളത്തിന്റെ രാഷ്ട്രീയപരിണാമങ്ങൾക്കുമൊപ്പം ഇരുപതാംനൂറ്റാണ്ടിൽ അച്ചടിമാധ്യമങ്ങൾക്കുണ്ടായ വളർച്ചയുടെ അച്ചുതണ്ട് വർത്തമാനപ്പത്രങ്ങൾ തന്നെയായിരുന്നു. 1990 കളോടെ സാക്ഷരതാനിരക്കിലും പത്രപ്രചാരത്തിലും മലയാളത്തിന് കൈവരിക്കുന്ന പുതിയ നേട്ടങ്ങൾ ഇതരമാധ്യമങ്ങളുടെ പിന്തുണയോടെയുള്ള സാംസ്കാരികമുന്നേറ്റം ഇന്ത്യക്ക് തന്നെ മാതൃകയാവുകയായിരുന്നു.

- കൊളോണിയൽ ഭരണകൂടത്തിനെതിരെ ദേശീയ പ്രസ്ഥാനം

കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാംപകുതിയോടെയാണ് ശ്രാവ്യമാധ്യമസംസ്കാരത്തിന്റെ വരവിന് സാക്ഷ്യം വഹിച്ചത്. വാർത്തയും ഇതര റേഡിയോ പരിപാടികളും ഭരണകൂടവും ബഹുജനമാധ്യമങ്ങളും തമ്മിലുള്ള ഉടമ്പടിയുടെ ഭാഗമായിരുന്നിട്ടും വൻവിശ്വാസ്യത നേടിയെടുത്തു. ഒപ്പം സിനിമയെന്ന എക്കാലത്തെയും വലിയ ജനപ്രിയസംസ്കാരത്തോടു കണ്ണിചേർന്ന് ചലച്ചിത്രഗാനങ്ങളുടെ പ്രക്ഷേപണത്തിലൂടെ റേഡിയോ സ്വയം ഒരു ജനപ്രിയമാധ്യമമായി മാറുകയും ചെയ്തു. വിനോദപരിപാടികൾക്ക് പ്രോത്സാഹനം നൽകിയ ടെലിവിഷൻ വളരെ വേഗം ഗ്രാമഗ്രാമാന്തരങ്ങളിൽ ചേക്കേറിയതും ഇലക്ട്രോണിക് യുഗത്തിന് ആക്കം കൂട്ടി. സ്വാഭാവികമായിത്തന്നെ ടെലിവിഷനും പത്രത്തെക്കാൾ ജനപ്രീതി കൈവരിക്കുകയായിരുന്നു. 1984ൽ ആരംഭിക്കുന്ന ടെലിവിഷൻ കാലം രണ്ടു പതിറ്റാണ്ടുകൊണ്ട് ആറുചാനലുകളായി വികസിച്ചുവെങ്കിൽ മൂന്നാം പതിറ്റാണ്ടിൽ അത് നാല്പതിലധികം ചാനലുകളിലേക്കു വളർ

- ടെലിവിഷൻ ഗ്രാമങ്ങളിലേക്ക് ചേക്കേറി

ന്നു. ഇരുപത്തിയൊന്നാംനൂറ്റാണ്ടോടെ നൂറിലധികം ചാനലുകൾ കേരളത്തിലും ആധിപത്യം സ്ഥാപിച്ചു. അച്ചടിമാധ്യമങ്ങളും അവ സൃഷ്ടിച്ച രാഷ്ട്രീയപൊതുമണ്ഡലവും പുരുഷകേന്ദ്രിതമായിരുന്നുവെങ്കിലും സമൂഹത്തിന്റെ പൊതുഘടന ജനാധിപത്യപരമായി നിലനിർത്തുന്നതിലും സംവാദാത്മകമായി സാമൂഹികവിഷയങ്ങളിൽ പൊതുസമൂഹത്തിന്റെ ഇടപെടൽ ഉറപ്പാക്കുന്നതിലും ഇക്കാലയളവിൽ മാധ്യമങ്ങൾ കാണിക്കുന്ന താൽപര്യം അപൂർവമായ ഒന്നുതന്നെയാണ്.

▶ സമകാലമലയാളിയുടെ ജീവിതത്തെ മാധ്യമങ്ങൾ സാംസ്കാരികമായി സ്വാധീനിച്ചു

പുതിയ നൂറ്റാണ്ടിന്റെ തുടക്കം, നാലാംതലമുറ മാധ്യമങ്ങളുടെ വരവിനും സാക്ഷ്യം വഹിച്ചു. പ്രചാരത്തിന്റെ മൂർധന്യത്തിലായിട്ടും അച്ചടി മുതൽ ടെലിവിഷൻവരെയുള്ളവ സാങ്കേതികതലത്തിൽ പഴയ മാധ്യമങ്ങളായി മാറിയപ്പോൾ കംപ്യൂട്ടർ സാങ്കേതികതയും ഇന്റർനെറ്റ് സാധ്യതയും മുൻനിർത്തുന്ന മാധ്യമങ്ങൾ 'നവ'മാധ്യമങ്ങളായി രംഗത്തുവന്നു. എന്നു മാത്രമല്ല, മുഴുവൻ 'പഴയ' മാധ്യമങ്ങളെയും നവീകരിച്ചുകൊണ്ട് മാധ്യമമണ്ഡലം ഒട്ടാകെത്തന്നെ വിപ്ലവകരമായി അഴിച്ചുപണിയാനും നവമാധ്യമങ്ങൾക്കു കഴിഞ്ഞു. ഇത്തരമൊരു പശ്ചാത്തലത്തിൽ വേണം സമകാലമലയാളിയുടെ ജീവിതത്തെ മാധ്യമങ്ങൾ സാംസ്കാരികമായി സ്വാധീനിക്കുന്നതിന്റെ ചരിത്രം വിശകലനം ചെയ്യേണ്ടത്.

## മാധ്യമങ്ങളും പോസ്റ്റ് ട്രൂത്തും

▶ സത്യാനന്തരകാലത്തിന്റെ ജീർണ്ണത

സത്യാനന്തരകാലം അഥവാ പോസ്റ്റ് ട്രൂത്ത് ഇന്ന് അധികാരകേന്ദ്രങ്ങളിലേക്കുള്ള വഴിയായി ഉപയോഗിക്കുന്ന പ്രതിഭാസമാണ്. പ്രത്യേക രൂപങ്ങളുള്ള ഒരു മാധ്യമമായും ആശയവിനിമയ പഠനപ്രതിഭാസമായും വ്യാപകമായി പഠനവിധേയമാക്കുന്ന വിഭാഗമണിത്. വ്യാജവാർത്തകളും വ്യാജമായ നിർമിതികളും നിരന്തരം പ്രസിദ്ധീകരിക്കുന്നത് വഴി സമൂഹത്തിൽ തെറ്റായ സന്ദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് സത്യാനന്തരകാലത്തിന്റെ ജീർണ്ണത.

### 'മാർസ് കോളനി' ഗൂഢാലോചന

2019 ൽ, ഒരുകൂട്ടം സമ്പന്നരായ ഉന്നതർ ചൊവ്വയിൽ ഒരു രഹസ്യ കോളനി സ്ഥാപിച്ചുവെന്ന് അവകാശപ്പെടുന്ന ഒരു ഗൂഢാലോചന സിദ്ധാന്തം സമൂഹമാധ്യമങ്ങൾ വഴി പ്രചരിച്ചു. കോളനിയുടെ നിലനിൽപ്പിനെ പിന്തുണയ്ക്കുന്ന ആന്തരികവിവരങ്ങളും ചോർന്ന രേഖകളും ഉണ്ടെന്ന് ആരോപിക്കുന്ന വിവിധ പോസ്റ്റുകളും വീഡിയോകളും ബ്ലോഗുകളും ഉപയോഗിച്ച് ഈ സിദ്ധാന്തം അതിവേഗം പ്രചാരം നേടി. വിശ്വസനീയമായ തെളിവുകളുടെ അഭാവം ഉണ്ടായിരുന്നിട്ടും, ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളുടെ ഭാവനയെ കീഴടക്കി, കഥ വൈറലായി. മനുഷ്യരാശിയുടെ പ്രത്യാഘാതങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും അതിലെ കോളനി നിവാസികളെ കുറിച്ച് ഊഹാപോഹങ്ങൾ ഉയർത്തുകയും ചെയ്തുകൊണ്ട് ആളുകൾ പോസ്റ്റുകൾ ആവേശത്തോടെ പങ്കിട്ടു.

മുഖ്യധാരാമാധ്യമങ്ങൾ ആദ്യം ഈ സിദ്ധാന്തത്തെ അടിസ്ഥാനരഹിതവും സ്ഥിരീകരിക്കാവുന്ന തെളിവുകളില്ലാത്തതുമാണെന്ന് തള്ളിക്കളഞ്ഞു. എന്നിരുന്നാലും, ആഖ്യാനം നിലനിന്നിരുന്നു. ഭൂമിക്കപ്പുറമുള്ള ഒരു രഹസ്യാത്മക, ഭാവിസമൂഹത്തെക്കുറിച്ചുള്ള ചർച്ച വൻതോതിൽ ആളുകളെ ആകർഷിച്ചു. ഗൂഢാലോചന സിദ്ധാന്തം ശക്തി പ്രാപിച്ചതോടെ, ബഹിരാകാശ പര്യവേക്ഷണം, ഗവൺമെന്റ് രഹസ്യം, വരേണ്യവർഗത്തിന്റെ ശക്തിയുടെ ചലനാത്മകത എന്നിവയെക്കുറിച്ചുള്ള ചർച്ചകളെ സ്വാധീനിച്ചുകൊണ്ട് അത് പൊതു വ്യവഹാരങ്ങളെ രൂപപ്പെടുത്താൻ തുടങ്ങി. ഈ സിദ്ധാന്തത്തെ ചോദ്യം ചെയ്ത ആളുകളെ 'അജ്ഞർ' അല്ലെങ്കിൽ 'മണ്ടന്മാർ' എന്ന് മുദ്രകുത്തി ആക്ഷേപിക്കപ്പെട്ടു. ഇത് വിശ്വാസികളും സന്ദേഹവാദികളും തമ്മിലുള്ള ഭിന്നത കൂടുതൽ ആഴത്തിലാക്കാൻ ഇടയാക്കി. ഒടുവിൽ, ഒരു രഹസ്യ ചൊവ്വ കോളനിയുടെ സാധ്യതയെ നിരാകരിക്കുന്ന യുക്തിസഹമായ വാദങ്ങളും ശാസ്ത്രീയ തെളിവുകളും അവതരിപ്പിച്ചുകൊണ്ട് വിദഗ്ധരും ശാസ്ത്രജ്ഞരും അവകാശവാദങ്ങളെ നിരാകരിക്കാൻ മുന്നിട്ടിറങ്ങി. ഈ ശ്രമങ്ങൾക്കിടയിലും, അധികാരത്തിലുള്ളവർ ആസൂത്രണം ചെയ്ത മറച്ചുവെക്കലിന്റെ ഭാഗമായി പരസ്പരവിരുദ്ധമായ വിവരങ്ങൾ നിരസിച്ചുകൊണ്ട് പലരും ആഖ്യാനത്തിൽ മുറുകെ പിടിക്കുന്നത് തുടർന്നു.

'മാർസ് കോളനി' ഗൂഢാലോചന, സത്യാനന്തരപ്രതിഭാസത്തെ ഉദാഹരണമാക്കുന്നു, അവിടെ വൈകാരികതയും ആത്മനിഷ്ഠമായ വിശ്വാസങ്ങളും വസ്തുതാപരമായ തെളിവുകളെ മറികടക്കുന്നു. ഈ സാഹചര്യത്തിൽ, ഒരു സെൻസേഷണൽ സ്റ്റോറിയുടെ ആകർഷണം പൊതുജനങ്ങളുടെ ഭാവനയെ പിടിച്ചടക്കി, മാധ്യമ വ്യവഹാര മണ്ഡലത്തിൽ യാഥാർത്ഥ്യവും ഫിക്ഷനും തമ്മിലുള്ള വരികൾ മായ്ച്ചു കളയുന്നു.

## സത്യാനന്തര മാധ്യമപ്രവർത്തനരീതി

▶ വസ്തുതകളേക്കാൾ കപട വികാരങ്ങൾക്കും അയഥാർത്ഥ അഭിപ്രായങ്ങൾക്കും മുൻഗണന നൽകുന്ന പോസ്റ്റ് -ട്രൂത്ത് മീഡിയ

പരസ്പരബന്ധിതമായ ഇന്നത്തെ ലോകത്ത്, മാധ്യമ ചാനലുകളുടെ വ്യാപനം വിവരങ്ങൾ പ്രചരിപ്പിക്കുന്ന രീതിയെ മാറ്റിമറിച്ചു. എന്നിരുന്നാലും, വാർത്തകളുടെയും അഭിപ്രായങ്ങളുടെയും സോഷ്യൽ മീഡിയ ഇടപെടലുകളുടെയും പ്രളയത്തിനിടയിൽ, സത്യത്തെക്കുറിച്ചുള്ള സങ്കൽപ്പം കൂടുതൽ അവ്യക്തമായിരിക്കുന്നു. വസ്തുതകളേക്കാൾ കപട വികാരങ്ങൾക്കും അയഥാർത്ഥ അഭിപ്രായങ്ങൾക്കും മുൻഗണന നൽകുന്ന പോസ്റ്റ്-ട്രൂത്ത് മീഡിയയുടെ ഉയർച്ച, യാഥാർത്ഥ്യത്തെക്കുറിച്ചുള്ള നമ്മുടെ അടിസ്ഥാന ധാരണയെ വെല്ലുവിളിക്കുകയും പൊതു വ്യവഹാരങ്ങളെ അഗാധമായ രീതിയിൽ രൂപപ്പെടുത്തുകയും ചെയ്യുന്നു.

21-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 'പോസ്റ്റ് ട്രൂത്ത്' എന്ന പദത്തിന് പ്രാധാന്യം ലഭിച്ചു, വൈകാരികമായ ആഹ്വാനങ്ങളേക്കാളും വ്യക്തിപരമായ വിശ്വാസങ്ങളേക്കാളും വസ്തുനിഷ്ഠമായ വസ്തുതകൾക്ക് സ്വാധീനം കുറവാണ്. 'സത്യാനന്തര കാലഘട്ടം: സമകാലിക ജീവിതത്തിൽ സത്യസന്ധതയില്ലായ്മയും വഞ്ചനയും' (Ralph Keyes, "The Post-Truth Era: Dishonesty and Deception in Contemporary Life,") എന്ന കൃതിയുടെ രചയിതാവ് റാൽഫ് കീസിന്റെ വാക്കുകളിൽ, പോസ്റ്റ്-ട്രൂത്ത് സൂചിപ്പിക്കുന്നത് 'സത്യമെന്ന് തോന്നുന്ന' എന്നാൽ യഥാർത്ഥത്തിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത വാദങ്ങളെ ആശ്രയിക്കുന്നതിനെയാണ്.' തെളിവുകളെ അടിസ്ഥാനമാക്കിയുള്ള വ്യവഹാരത്തിൽ നിന്നുള്ള ഈ വ്യതിചലനം ആധുനിക മാധ്യമരംഗത്ത് വിവരങ്ങൾ എങ്ങനെ തെറ്റിദ്ധരിപ്പിക്കുകയും വഴിതെറ്റിപ്പിക്കുകയാണ് ചെയ്യുന്നു എന്നതിനെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നതിനെക്കുറിച്ചും പ്രതിപാദിക്കുന്നു.

▶ കപടവികാരങ്ങൾക്ക് പ്രാമുഖ്യം നല്കുന്നു

ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ തെറ്റായ വിവരങ്ങളും ഗൂഢാലോചന സിദ്ധാന്തങ്ങളും അതിവേഗം പ്രചരിപ്പിക്കുന്നതാണ് പോസ്റ്റ് ട്രൂത്ത് മീഡിയയുടെ സവിശേഷതകളിലൊന്ന്. സോഷ്യൽ മീഡിയ അൽഗോരിതങ്ങൾ കൃത്യതയെക്കാൾ ഇടപഴകലിന് മുൻഗണന നൽകുന്നു. ഉപയോക്താക്കളുടെ മുൻവിധിയുള്ള വിശ്വാസങ്ങളുമായി പ്രതിധ്വനിക്കുന്ന സെൻസേഷണലിസ്റ്റ് ഉള്ളടക്കം അത് വർദ്ധിപ്പിക്കുന്നു. തത്ത്വചിന്തകനായ ഹാരി ഫ്രാങ്ക്ഫർട്ട് സൂചിപ്പിച്ചതുപോലെ, 'സത്യം തന്നെ അപ്രസക്തമായിത്തീർന്നിരിക്കുന്നു എന്ന ആശയത്താൽ ഇത് നിർവചിക്കപ്പെട്ടിരിക്കുന്നു.' സത്യത്തിന്റെ ഈ ശോഷണം സുതാര്യതയുടെയും വിവരമുള്ള പൗരന്മാരുടെയും തത്ത്വങ്ങളിൽ കെട്ടിപ്പടുക്കുന്ന ജനാധിപത്യസമൂഹങ്ങൾക്ക് കാര്യമായ വെല്ലുവിളി ഉയർത്തുന്നു.

▶ സത്യം അപ്രസക്തമായി തീരുന്നു

വാഷിംങ്ടൺ, ഡി.സി.യിലെ പിസേറിയയിൽ നിന്ന് പ്രവർത്തിക്കുന്ന ഒരു കുട്ടിക്കടത്ത് സംഘമാണെന്ന് തെറ്റായി ആരോപിച്ച 'പിസാഗേറ്റ്' അഴിമതി പോലുള്ള ഗൂഢാലോചന സിദ്ധാന്തങ്ങളുടെ വ്യാപനമാണ് പോസ്റ്റ് ട്രൂത്ത് മീഡിയയുടെ പ്രതിഭാസത്തിന് ഉദാഹരണം. വിശ്വസനീയമായ സ്രോതസ്സുകൾ തള്ളിക്കളഞ്ഞിട്ടും, ഗൂഢാലോചന ഓൺലൈനിൽ സ്വാധീനം ചെലുത്തി, സ്ഥിരീകരണ പക്ഷപാതവും പരമ്പരാഗത മാധ്യമങ്ങളിലുള്ള അവിശ്വാസവും കാരണമായി. ജേണലിസ്റ്റ്

മരിയ കോന്നിക്കോവ നിരീക്ഷിക്കുന്നത് പോലെ, 'ഇന്റർനെറ്റ് വിശ്വാസങ്ങളെ ഹെർമെറ്റിക്കലി സീൽ ചെയ്യാൻ അനുവദിക്കുന്നു ... ആളുകൾ ഇതിനകം വിശ്വസിക്കുന്നതിനെ ശക്തിപ്പെടുത്തുന്നു.' മാത്രമല്ല, എക്കോ ചേമ്പറുകളുടെയും ഫിൽട്ടർ ബബിളുകളുടെയും ഉയർച്ച പൊതുവ്യവഹാരത്തിന്റെ ധ്രുവീകരണത്തെ കൂടുതൽ വഷളാക്കുന്നു, വ്യത്യസ്ത വീക്ഷണകോണുകൾ പാർശ്വവത്ക്കരിക്കപ്പെടുകയോ നിരാകരിക്കപ്പെടുകയോ ചെയ്യുന്ന പ്രത്യയശാസ്ത്ര പ്രതിധ്വനി അറകൾ വളർത്തുന്നു. ഈ എക്കോ ചേംബർ ഇഫക്റ്റ്, അൽഗോരിതമിക് ക്യൂറേഷനും വ്യക്തിഗതമാക്കിയ ഉള്ളടക്ക ശുപാർശകളും വഴി ഊർജിതമാക്കി, വൈജ്ഞാനിക പക്ഷപാതങ്ങളെ ശക്തിപ്പെടുത്തുകയും വിമർശനാത്മക ചിന്താശേഷിയെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. തത്ത്വചിന്തകനായ മാർഷൽ മക്ലൂഹാൻ ഉചിതമായി പ്രസ്താവിച്ചതുപോലെ, മാധ്യമ സാങ്കേതികവിദ്യകളും സാമൂഹിക മൂല്യങ്ങളും തമ്മിലുള്ള സഹവർത്തിത്വബന്ധത്തെ ഉയർത്തിക്കാട്ടിക്കൊണ്ട്, 'മാധ്യമം സന്ദേശമാണ്'.

> ▶ മാധ്യമം സന്ദേശമാണ്

സത്യാനന്തരമാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾക്ക് മറുപടിയായി, ഫിക്ഷനിൽ നിന്ന് വസ്തുതകൾ തിരിച്ചറിയാൻ വ്യക്തികളെ ശാക്തീകരിക്കുന്നതിനുള്ള ഒരു നിർണായക ഉപകരണമായി മാധ്യമ സാക്ഷരതാ വിദ്യാഭ്യാസത്തിനായി പണ്ഡിതന്മാരും പരിശീലകരും വാദിക്കുന്നു. നിർണായകമായ ചിന്താശേഷിയും ഡിജിറ്റൽ സാക്ഷരതാ കഴിവുകളും കൊണ്ട് പൗരന്മാരെ സജ്ജരാക്കുന്നതിലൂടെ, ഡിജിറ്റൽ യുഗത്തിന്റെ സങ്കീർണ്ണതകളെ നാവിഗേറ്റ് ചെയ്യാൻ കഴിവുള്ള വിവരവും ഇടപഴകുന്നതുമായ പൗരന്മാരെ വളർത്തിയെടുക്കാൻ മാധ്യമ സാക്ഷരതാസംരംഭങ്ങൾ ലക്ഷ്യമിടുന്നു. കൂടാതെ, തെറ്റായ വിവരങ്ങളുടെയും തെറ്റായ വിവര പ്രചാരണങ്ങളുടെയും പശ്ചാത്തലത്തിൽ പത്രപ്രവർത്തന നൈതികതയും മാനദണ്ഡങ്ങളും ഉയർത്തിപ്പിടിക്കുന്നതിൽ പത്രപ്രവർത്തകർ നിർണായക പങ്ക് വഹിക്കുന്നു. പുലിറ്റ്സർ പ്രൈസ് ജേതാവായ പത്രപ്രവർത്തകൻ കാൾ ബേൺസ്റ്റൈൻ ഊന്നിപ്പറയുന്നതുപോലെ, 'ജനപ്രിയ സംസ്കാരത്തിന്റെ ഏറ്റവും താഴ്ന്ന രൂപം... എല്ലാ വഴിതിരിച്ചുവിടലും വിനോദവും വൈകാരികതയും ആണ്... അത് യഥാർത്ഥമല്ല, ഗൗരവമുള്ളതല്ല.' കൃത്യത, നിഷ്പക്ഷത, ഉത്തരവാദിത്തം എന്നിവയുടെ തത്ത്വങ്ങൾ പാലിക്കുന്നതിലൂടെ, വർധിച്ചുവരുന്ന ഛിന്നഭിന്നമായ മാധ്യമരംഗത്ത് മാധ്യമപ്രവർത്തകർ സത്യത്തിന്റെ സംരക്ഷകരായി പ്രവർത്തിക്കുന്നു.

> ▶ മാധ്യമപ്രവർത്തകർ കൃത്യത, നിഷ്പക്ഷത, ഉത്തരവാദിത്തം എന്നിവയുടെ തത്ത്വങ്ങൾ പാലിക്കണം

മാധ്യമസാക്ഷരത വളർത്തിയെടുക്കുന്നതിലൂടെയും ധാർമ്മിക പത്രപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും പ്രത്യയശാസ്ത്രപരമായ ഭിന്നതകളിൽ സംവാദം വളർത്തുന്നതിലൂടെയും, സത്യാനന്തര മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ നേരിടേണ്ടതുണ്ട്. ജനാധിപത്യഭരണത്തിന്റെ ഇടപെടലും സത്യബോധമുള്ളവരുടെ ജാഗ്രതയും അടിസ്ഥാനശിലകളായി നിന്നാൽ സത്യത്തിന്റെ പ്രാധാന്യം ഉറപ്പിക്കാൻ കഴിയും. തത്ത്വചിന്തകനായ ഫ്രെഡറിക് നീച്ചെ പ്രസ്താവിച്ചതുപോലെ, 'വസ്തുതകളൊന്നുമില്ല, വ്യാഖ്യാനങ്ങൾ മാത്രമേയുള്ളൂ എന്നതാണ് ശരി.' മാധ്യമങ്ങളിലെ പോസ്റ്റ് ട്രൂത്ത്, വിവര വ്യാപനത്തിന്റെയും പൊതു വ്യവഹാരത്തിന്റെയും സമഗ്രതയെ തകർക്കുന്ന നിരവധി വൈകല്യങ്ങൾ സൃഷ്ടിക്കുന്നു. വസ്തുതാപരമായ കൃത്യതയെക്കാൾ വികാരങ്ങൾക്കും അഭിപ്രായങ്ങൾക്കും മുൻഗണന നൽകുന്നതിൽ വേരൂന്നിയ

> ▶ സത്യാനന്തര മാധ്യമരംഗത്ത് വസ്തുതകളൊന്നുമില്ല, വ്യാഖ്യാനങ്ങൾ മാത്രമേയുള്ളൂ

ഈ വൈകല്യങ്ങൾ, ജനാധിപത്യ സമൂഹങ്ങൾക്കും സത്യാന്വേഷണത്തിനും കാര്യമായ വെല്ലുവിളികൾ ഉയർത്തുന്നു.

**പോസ്റ്റ് ട്രൂത്തിന്റെ ചില പ്രധാന വൈകല്യങ്ങൾ ചർച്ചചെയ്യാം.**

സത്യാനന്തര മാധ്യമപ്രവർത്തനത്തിന്റെ ഏറ്റവും ദൂഷ്യവശം പത്രപ്രവർത്തന സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത വിവര സ്രോതസ്സുകളിൽ സാമാന്യജനങ്ങൾക്കുള്ള പൊതുവിശ്വാസം ഇല്ലാതാക്കുന്നു. സെൻസേഷണലിസത്തിനും സ്ഥിരീകരിക്കാത്ത വസ്തുതകൾക്കും അർഹമായ അവഗണന നൽകാതെ അവതരിപ്പിക്കപ്പെടുമ്പോൾ, തങ്ങൾക്ക് നൽകിയ വിവരങ്ങളെക്കുറിച്ച് പ്രേക്ഷകർ കൂടുതൽ സംശയാലുക്കളായി മാറുന്നു. ഇത് മാധ്യമസ്ഥാപനങ്ങളും പ്രേക്ഷകരും തമ്മിലുള്ള വിശ്വാസത്തകർച്ചയിലേക്ക് നയിക്കുന്നു. നിലവിലുള്ള വിശ്വാസങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയും അട്ടിമറിക്കുന്നതിലൂടെ സത്യാനന്തര മാധ്യമങ്ങൾ സാമൂഹികവും രാഷ്ട്രീയവുമായ ധ്രുവീകരണത്തെ വർദ്ധിപ്പിക്കുന്നു. വൈരുദ്ധ്യാത്മക വീക്ഷണങ്ങൾ പാർശ്വവൽക്കരിക്കപ്പെടുകയോ നിരാകരിക്കപ്പെടുകയോ ചെയ്യുന്ന ഒരു പരിതസ്ഥിതിയിൽ, വ്യക്തികൾ ക്രിയാത്മകമായ സംവാദങ്ങളിലും വിട്ടുവീഴ്ചകളിലും ഏർപ്പെടാനുള്ള സാധ്യത കുറവാണ്. ഇത് സമൂഹത്തെ കൂടുതൽ വിഷമസന്ധിയിലാഴ്ത്തുന്നു.

> ▶ സത്യാനന്തര മാധ്യമങ്ങൾ സാമൂഹികവും രാഷ്ട്രീയവുമായ ധ്രുവീകരണത്തെ വർദ്ധിപ്പിക്കുന്നു

തെറ്റായ വിവരങ്ങളുടെയും ഗൂഢാലോചന സിദ്ധാന്തങ്ങളുടെയും വ്യാപനത്തിലേക്കും ദ്രുതഗതിയിലുള്ള പ്രചരണത്തിനും പോസ്റ്റ് ട്രൂത്ത് മാധ്യമങ്ങൾ സഹായിക്കുന്നു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, ആകട്ടെ ഉപയോക്താക്കളുടെ വികാരങ്ങളുമായി പ്രതിധ്വനിക്കുന്ന സെൻസേഷണലിസ്റ്റ് ഉള്ളടക്കം വർധിപ്പിക്കുന്നു. വസ്തുതാപരമായ കൃത്യത കണക്കിലെടുക്കാതെ, പ്രതിരോധിക്കാൻ പ്രയാസമുള്ള തെറ്റായ വിവരങ്ങളുടെ ഒരു ചക്രം ശാശ്വതമെന്ന പോലെ ഒരിടത്തു നിന്ന് പലയിടത്തേയ്ക്കു അതിദ്രുതം വ്യാപിക്കുന്നു. ഇത് ജനാധിപത്യ വ്യവഹാരത്തെ തുരങ്കം വയ്ക്കുന്നു. സത്യാനന്തര മാധ്യമരംഗത്ത്, തെളിവുകളെ അടിസ്ഥാനമാക്കിയുള്ള പ്രഭാഷണവും യുക്തിസഹമായ സംവാദവും ഒക്കെ വൈകാരികമായ ആഹ്വാനങ്ങളാലും ആത്മനിഷ്ഠമായ വിശ്വാസങ്ങളാലും മാറ്റിസ്ഥാപിക്കപ്പെടുന്നു. കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിന് വിവരമുള്ള പൗരന്മാരെയും യുക്തിസഹമായ ആലോചനയെയും ആശ്രയിക്കുന്ന ജനാധിപത്യഭരണത്തിന്റെ അടിത്തറയെ ത്തന്നെ ഇത് തകർക്കുന്നു.

> ▶ ഈ വിവരമുള്ള പൗരന്മാരെയും യുക്തിസഹമായ ആലോചനയെയും ആശ്രയിക്കുന്ന ജനാധിപത്യഭരണത്തിന്റെ അടിത്തറയെ മാധ്യമരംഗം തകർക്കുന്നു

വ്യക്തികളും സംഘടനകളും അവരുടെ അജണ്ടകൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് വൈജ്ഞാനിക പക്ഷപാതങ്ങളെയും ദുർബലതകളെയും ചൂഷണം ചെയ്യുന്നതിനാൽ, പോസ്റ്റ് ട്രൂത്ത് മീഡിയ കൃത്രിമത്വത്തിനും പ്രചാരണത്തിനും വളക്കൂറുള്ള മണ്ണ് നൽകുന്നു. ചിലരെ ലക്ഷ്യമാക്കി, തെറ്റായ വിവര പ്രചാരണങ്ങളിലൂടെയോ വഞ്ചനാപരമായ പരസ്യതന്ത്രങ്ങളിലൂടെയോ, വസ്തുതാവിരുദ്ധമായ വിവരങ്ങളുടെ വ്യാപനം, പൊതുജീവിതത്തിൽ അർത്ഥപൂർണ്ണമായി പങ്കെടുക്കുകയും നൈതികത ജീവിതത്തിൽ കാത്തു സൂക്ഷിക്കുകയും ചെയ്യുന്ന ആളുകളുടെ സ്വസ്ഥത കെടുത്തും. സത്യാനന്തര മാധ്യമ പരിതസ്ഥിതിയിൽ, വഞ്ചനയും സത്യസന്ധതയില്ലായ്മയും സാധാരണവൽക്കരിക്കപ്പെടുക

യും വസ്തുതയും ഫിക്ഷനും തമ്മിലുള്ള വ്യത്യാസം ഇല്ലാതാകുകയും ചെയ്യുന്നു. അസത്യങ്ങളെ നിയമാനുസൃതമായ ആവിഷ്കാരരൂപങ്ങളായി കണക്കാക്കുമ്പോൾ, സത്യം കൂടുതൽ അവ്യക്തമാവുകയും സിവിൽ സമൂഹത്തിന്റെയും ജനാധിപത്യഭരണത്തിന്റെയും അടിത്തറ അത് ഇല്ലാതാക്കുകയും ചെയ്യുന്നു. ഈ പോരായ്മകൾ പരിഹരിക്കുന്നതിന് കഴിയാവുന്ന എല്ലാ മാർഗങ്ങളും ഉപയോഗിക്കേണ്ടതാണ്. മാധ്യമ സാക്ഷരതാ വിദ്യാഭ്യാസം, നൈതികബോധം കാത്തു സൂക്ഷിക്കുന്ന പത്രപ്രവർത്തന രീതികൾ പ്രചരിപ്പിക്കൽ, നിയമ നിയന്ത്രണവും മേൽനോട്ടവും, പൊതു ഉത്തരവാദിത്ത സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു ബഹുമുഖ സമീപനം ഇതിനു ആവശ്യമാണ്. വിമർശനാത്മക ചിന്താശക്തി പ്രോത്സാഹിപ്പിക്കുന്നതിലൂടെയും മാധ്യമസ്ഥാപനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും വളർത്തിയെടുക്കുന്നതിലൂടെയും പൗരത്വം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും സമൂഹത്തിനു പോസ്റ്റ്-ട്രൂത്ത് മീഡിയയുടെ പ്രതികൂലഫലങ്ങൾ ലഘൂകരിക്കാനും ജനാധിപത്യഭരണത്തിന്റെയും നാഗരികവ്യവഹാരത്തിന്റെയും അടിസ്ഥാനശിലയായി സത്യത്തിന്റെ പ്രാധാന്യം വീണ്ടും ഉറപ്പിക്കാനും കഴിയുന്നു.

▶ സത്യാനന്തര മാധ്യമരംഗത്തിന്റെ പ്രതികൂലഫലങ്ങൾ

## ലോകം മുഴുവൻ മാധ്യമസാക്ഷരത

വാർത്താ, വിനോദ, വിജ്ഞാനമാധ്യമങ്ങൾ ഒന്നടങ്കം സൃഷ്ടിക്കുന്ന ലോകബോധ്യങ്ങളുടെ മണ്ഡലത്തിൽ ആധുനികജനത വിരാജിക്കുകയാണ്. ഈ സാഹചര്യത്തിൽ മലയാളി എത്തിനിൽക്കുന്ന ഇടം, ഇന്ത്യൻ ശരാശരിയെക്കാൾ എത്രയോ ഉയരത്തിലാണ് എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു. മാധ്യമവ്യാപനം, പ്രചാരം, പ്രാപ്യത എന്നിവയോരോന്നും സാധ്യമാക്കുന്ന അടിസ്ഥാനതലം തന്നെയാണ് മാധ്യമസാക്ഷരതയെന്നത്. പൊതുവിദ്യാഭ്യാസത്തിന്റെയും ഭൂമിശാസ്ത്രപരവും സാമൂഹികവുമായ ഘടകങ്ങളുടെയും സാംസ്കാരികസൂചകങ്ങളുടെയും ക്രിയാത്മകനിർമ്മിതിയെന്ന നിലയിൽ മലയാളി കൈവരിക്കുന്ന മാധ്യമസാക്ഷരതയ്ക്ക്, മലയാളിയുടെ മാനവവികസനസൂചികയിൽ മുഖ്യപങ്കാണുള്ളത്.

▶ മാധ്യമ സാക്ഷരതയിൽ മലയാളി ഉയർന്നതലത്തിൽ

## സ്ത്രീകളുടെ മാധ്യമപ്രാപ്യതയും അതു സൃഷ്ടിക്കുന്ന ദൈനംദിനജീവിതമാറ്റങ്ങളും

അച്ചടിമാധ്യമങ്ങളും അവ സൃഷ്ടിച്ച രാഷ്ട്രീയപൊതുമണ്ഡലവും വൻതോതിൽ പുരുഷകേന്ദ്രിതമായിരുന്നുവെങ്കിലും ജനപ്രിയവാരികകൾ സൃഷ്ടിച്ച നോവൽ വായനാസംസ്കാരം ഭൂരിപക്ഷവും സ്ത്രീകേന്ദ്രിതമായിരുന്നു. അതുവഴി മലയാളസാഹിത്യപൊതുമണ്ഡലത്തിന്റെ പിൽക്കാലപ്രവണതകളിൽ ഏറ്റവും പ്രമുഖമായി മാറി, സ്ത്രീകളുടെ വായനാപങ്കാളിത്തം. പുരുഷപ്രാതിനിത്യം ഏറെ കൂടുതലുണ്ടായിരുന്ന വായനശാലകൾ സൃഷ്ടിച്ച വായനാസംസ്കാരത്തിൽനിന്നുപോലും ഭിന്നമായിരുന്നു ഇത്. ഈ ജനപ്രിയസാഹിത്യവായനയുടെ തുടർച്ചയാണ് തൊണ്ണൂറുകളിലാരംഭിക്കുന്ന ടെലിവിഷൻ പരമ്പരകൾക്കുണ്ടായ സ്ത്രീപ്രേക്ഷകരുടെ വൻപിന്തുണ. ടെലിവിഷൻ എന്ന മാധ്യമത്തിന്റെ നിലനിൽപ്പുതന്നെ സാധ്യമാക്കുന്ന പരസ്യവിപണിയും ഗാർഹികമാധ്യമം എന്ന നിലയിൽ ടെലിവിഷനു കൈവന്ന സാമൂഹ്യപദവിയും ഒരേനിലയിൽ ഈ സ്ത്രീപ്രേക്ഷകരെയാണ് ആധാരമാക്കുന്നത്. എൺപതുകളിൽ ഏതാണ്ടു പൂർത്തീകരിച്ച സാക്ഷരതാമുന്നേറ്റത്തിനും ശേഷമാണ്

▶ സ്ത്രീ പ്രേക്ഷകരെ ആകർഷിച്ച പരമ്പരകൾ

മലയാളിസ്ത്രീ ഈവിധം ഭിന്നമായ ഒരു മാധ്യമാനുഭവത്തിന്റെ പങ്കാളിത്തം തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുന്നത്. പൊതുജീവിതത്തിലെ സ്ത്രീസാന്നിധ്യം ഇത്രമേൽ പ്രത്യക്ഷവും കരുത്തുറ്റതുമാക്കുന്നതിനു പിന്നിലെ മാധ്യമസ്വാധീനം ഒട്ടും ചെറുതല്ല എന്നർത്ഥം.

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ എത്തുന്നതോടുകൂടി ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവയുടെ അഭൂതപൂർവ്വമായ വളർച്ചയ്ക്കും സാക്ഷിയായി. അച്ചടി, ശ്രാവ്യ, ദൃശ്യമാധ്യമങ്ങളൊന്നടങ്കം, ഇന്റർനെറ്റ് സൃഷ്ടിച്ച അപാരമായ ഇടപെടൽ സാധ്യതകൾ തുറന്നിട്ട് സ്വയം നവീകരിക്കുകയും പ്രതിനിധാനപരമായി ബഹുജനമാധ്യമകാലം (Mass media age) എന്നു വിളിക്കാവുന്ന ഒരവസ്ഥക്ക് 1990 മുതലുള്ള ഘട്ടത്തിൽ തുടക്കം കുറിക്കുകയും ചെയ്തു. നവമാധ്യമ സാങ്കേതികതയുടെ അടിസ്ഥാനഘടകംതന്നെയായ പങ്കാളിത്താനുഭവത്തിന്റെ വിപുലമായ പ്രയോഗസാധ്യതകളാണ് ഇവിടെ മുഴുവൻ മാധ്യമങ്ങളും ഉപയോഗപ്പെടുത്തുന്നത്. ഒരു സമൂഹത്തെ ജനാധിപത്യക്രമത്തിൽ നിലനിർത്തുന്നതിന്, മുൻപത്തെക്കാളും കേരളീയസമൂഹത്തിന്റെ മുഖ്യധാരയിൽ ദളിത്, ആദിവാസിപ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിൽ അതിനുള്ള ഏറ്റവും പ്രധാനകാരണം മാധ്യമങ്ങളുടെ ഇടപെടലാണ്. വിശേഷിച്ചും സ്വതന്ത്രരാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ആവിർഭാവവും മാധ്യമങ്ങളിൽ അവയ്ക്കു കിട്ടുന്ന വൻപ്രാതിനിത്യവും സൃഷ്ടിച്ച സാംസ്കാരികബാഹുല്യം പുതിയ മാറ്റങ്ങൾക്ക് വഴി തുറക്കുമെന്ന് പ്രത്യാശിക്കാം.

▶ ദളിത്, ആദിവാസി പ്രശ്നങ്ങൾ

## വിശദപഠനം

### പത്രത്തിന്റെ ആവിർഭാവം

**- പുതുപ്പള്ളി രാഘവൻ**

▶ സ്വാതന്ത്ര്യസമര സേനാനി, കോൺഗ്രസ് പ്രവർത്തകൻ, കമ്മ്യൂണിസ്റ്റ് നേതാവ്, സാഹിത്യകാരൻ

സ്വാതന്ത്ര്യസമരസേനാനി, കോൺഗ്രസ് പ്രവർത്തകൻ, കമ്മ്യൂണിസ്റ്റ് നേതാവ്, സാഹിത്യകാരൻ തുടങ്ങിയ നിലകളിലെല്ലാം പുതുപ്പള്ളി രാഘവൻ വ്യക്തിമുദ്ര പതിപ്പിച്ചു. പുതുപ്പള്ളിയിൽ മനയ്ക്കൽ നാരായണപിള്ളയുടെയും ലക്ഷ്മി അമ്മയുടെയും മകനായി ജനിച്ചു. പ്രയാർ ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ പഠിക്കുമ്പോൾ പതിന്നാലാം വയസ്സിൽ വൈക്കം സത്യഗ്രഹജാഥയ്ക്ക് പണം പിരിച്ചു. സൈമൺ കമ്മിഷനെ ബഹിഷ്ക്കരിക്കാനുള്ള പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് നിയമംലംഘിച്ച് ഉപ്പുവാരാൻ പയ്യന്നൂർക്കുപോയ ജാഥയോടൊപ്പം കൂടി. കോഴിക്കോട്ടെ കോൺഗ്രസ് വാളണ്ടിയർ ക്യാമ്പിൽ പങ്കെടുത്ത് കള്ളുഷാപ്പ് പിക്കറ്റിംഗിൽ അറസ്റ്റ് വരിച്ചു. നാലു വർഷം ഒളിവിലും പന്ത്രണ്ടുവർഷം പല ലോക്കപ്പുകളിലും ജയിലിലും കഴിഞ്ഞു. ഗാന്ധിജിയെ നേരിൽക്കണ്ട് വാർധാ ആശ്രമത്തിൽ അന്തേവാസിയായി. പിന്നീട് ഭാരതമെമ്പാടും സഞ്ചരിച്ചു.

പുരാതന റോമിലാണ് ആദ്യമായി സർക്കാർ അറിയിപ്പുകളുടെ പുരാരൂപം പ്രത്യക്ഷപ്പെട്ടത്. എ.ഡി 2, 3 നൂറ്റാണ്ടുകളിൽ ആക്ട് അല്ലെങ്കിൽ സർക്കാർ അറിയിപ്പുകൾ ബുള്ളറ്റിനിൽ വിശദീകരിച്ചിരുന്നു. ഈ അറിയിപ്പുകൾ എല്ലാം കല്ലിലോ മറ്റോ കൊത്തിയെടുത്ത് പൊതുസ്ഥലങ്ങ

ളിൽ സ്ഥാപിച്ചു. എ ഡി രണ്ടാംനൂറ്റാണ്ടോടെ ചൈനയിലെ ഹാൻഡ് രാജവംശത്തിന്റെ അന്ത്യകാലത്ത് കോടതി ഉദ്യോഗസ്ഥർക്കിടയിൽ ഡിബാ എന്ന പേരിൽ സർക്കാർ നിർമ്മിച്ച ആദ്യകാലവാർത്താഷീറ്റുകളും പ്രചരിച്ചിരുന്നു. മിംഗ് രാജവംശത്തിന്റെ അവസാനകാലത്ത് ബെയ്ജിങ്ങിൽ സ്വകാര്യമായി പ്രസിദ്ധീകരിച്ച ന്യൂസ്ഷീറ്റുകളെക്കുറിച്ചുള്ള ആദ്യപരാമർശം പുറത്തുവന്നു.

അധിനിവേശങ്ങൾ ശക്തമായ കാലം. ആധുനികയൂറോപ്പിന്റെ ആരംഭഘട്ടത്തിൽ വിവര വിനിമയത്തിന്റെ വർദ്ധിച്ചുവരുന്ന ആശയം സൃഷ്ടിച്ചു. 1556-ൽ ഇറ്റലിയിലെ വെനീസ് സർക്കാർ ആദ്യമായി പ്രതിമാസ നോട്ടി സ്ക്രിപ്റ്റ് പ്രസിദ്ധീകരിച്ചു. ഇതിന് ഒരു ഗസറ്റ, ഒരു ചെറിയ നാണയം വില വരുമായിരുന്നു. രാഷ്ട്രീയസൈനികസാമ്പത്തികവാർത്തകൾ ഇറ്റാലിയൻ നഗരങ്ങളിലേക്ക് എത്തിക്കാനായി കൈയ്യെഴുത്ത് വാർത്താപത്രികകൾ ഉപയോഗിച്ചിരുന്നു. ഇതിനെ 'ഇറ്റാലിയൻ അവ്വിസികൾ' എന്നാണ് വിളിച്ചിരുന്നത്. അവ്വിസികളെ ചരിത്രകാരന്മാർ പത്രമായി അംഗീകരിച്ചിരുന്നെങ്കിലും ഇത് പത്രങ്ങളുടെ ചില സവിശേഷസ്വഭാവരീതികൾ നിലനിർത്തിയിരുന്നു. പത്രങ്ങൾ പൊതുവേ പുലർത്തി പോന്നിരുന്ന മാനദണ്ഡങ്ങൾ ഒന്നും ഇറ്റാലിയൻ ബുള്ളറ്റിനുകൾ പാലിക്കാതിരുന്നതിനാൽ അക്കാലത്ത് ഇറങ്ങിയ വാർത്താക്കുറിപ്പുകൾക്ക് പത്രങ്ങൾ എന്ന ഖ്യാതിനേടാൻ കഴിഞ്ഞിരുന്നില്ല. മാത്രമല്ല അവ പൊതുജനങ്ങളെ ലക്ഷ്യമാക്കി പ്രസിദ്ധീകരിച്ചിരുന്ന പത്രികകൾ അല്ലായിരുന്നു. ലിപികൾ, ചിത്രങ്ങൾ, ചിഹ്നങ്ങൾ, വരകൾ, വർണ്ണങ്ങൾ തുടങ്ങിയവ ആലേഖനം ചെയ്യാനായി പ്രാചീനകാലത്ത് നിരവധി അച്ചുകൂടങ്ങൾ ഉണ്ടായിരുന്നെങ്കിലും അത്തരം സാങ്കേതികവിദ്യകൾ ഒന്നും ഇന്ത്യയിലെത്തിയിരുന്നില്ല. യൂറോപ്പിലും ചൈന ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലും അച്ചടിപ്രചരിച്ചിരുന്നു. ഭരണാധികാരികൾ ആയിരുന്നു ഇത് ഉപയോഗിച്ചിരുന്നത്. അച്ചടി സാങ്കേതികവിദ്യ വ്യാപകമായതോടെ പത്രങ്ങളുടെ എണ്ണവും വളരെ വേഗത്തിൽതന്നെ വർദ്ധിക്കുകയായിരുന്നു. ഇന്ത്യയിലും പ്രാചീന കാലം മുതൽക്ക് തന്നെ വാർത്താവിനിമയെ സമ്പ്രദായത്തിന്റെ ആദ്യരൂപങ്ങൾ നിലനിന്നിരുന്നു.

> ▶ കൈയ്യെഴുത്ത് വാർത്തപത്രികയായ ഇറ്റാലിയൻ അവ്വിസികൾ

മൗര്യസാമ്രാജ്യത്തിലെ ന്യൂസ് ലെറ്റർ സമ്പ്രദായത്തിനുശേഷം മുഗൾ ഭരണകാലഘട്ടത്തിലും ന്യൂസ് ലെറ്ററിന് വലിയ പ്രാധാന്യം കിട്ടിയിരുന്നു. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ കോളനിവാഴ്ച കാലത്തും ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കുന്ന ശൈലിക്ക് മാറ്റം വന്നിരുന്നില്ല. കടലാസിന്റെ കണ്ടുപിടിത്തം സാധ്യമായതോടെ ആഗോളതലത്തിൽ അച്ചടിയുടെ ചരിത്രവും ആരംഭിച്ചു. ഇതോടെ ആശയവിനിമയസംവിധാനത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ അരങ്ങേറാൻ തുടങ്ങി. എഡി 793-ൽ ബാഗ്ദാദിലും എ.ഡി 900-ൽ ഈജിപ്തിലെ കെയ്റോയിലും കടലാസു നിർമ്മാണവിദ്യ എത്തുകയുണ്ടായി. എ.ഡി. 1100-ൽ യൂറോപ്പിലും കടലാസ് നിർമ്മാണം ആരംഭിച്ചു. ഏകദേശം എ.ഡി 594-ൽ ചൈനയിൽ നെഗറ്റീവ് റിലീഫ് ഉപയോഗിച്ച് അച്ചടിക്ക് തുടക്കംകുറിച്ചു. തുടർന്ന് അച്ചടിയന്ത്രത്തിലെ ടൈപ്പുകൾ ചൈനയിൽ വികസിപ്പിച്ചെടുക്കുകയാണ് ഉണ്ടായത്. ലോകത്ത് ആദ്യമായി അച്ചടിച്ച ഗ്രന്ഥം ചൈനയിൽ നിന്നുള്ള 'ഹിരാകസൂത്ര'മാണ്. 1456 ആഗസ്റ്റ് 29ന് ഗുട്ടൻ ബെർഗിന്റെ അച്ചടിയുടെ ആദ്യസന്താനമായ ലത്തീൻ ഭാഷാബൈബിൾ പുറത്തിറ

> ▶ അച്ചടിക്കുള്ള ടൈപ്പുകൾ ചൈനയിൽ വികസിപ്പിക്കുന്നു

ങ്ങി. ഗ്രന്ഥത്തിന് 1282 പേജുകൾ ഉണ്ടായിരുന്നു. തുടർന്ന് വിവിധ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും അച്ചടി ആരംഭിച്ചു.

## അച്ചടിവിദ്യ ഇന്ത്യയിലേക്ക്

ചൈനയിൽ ആരംഭിച്ച് 10 നൂറ്റാണ്ട് കൂടി കഴിഞ്ഞാണ് അച്ചടിവിദ്യയുടെ പ്രാഥമിക രൂപം ഇന്ത്യയിലേക്കെത്തിയത്. 1556-ൽ യൂറോപ്പിൽ നിന്നാണ് അച്ചടിവിദ്യ ഇന്ത്യയിലേക്ക് എത്തുന്നത്. അബിസീനിയയിൽ ക്രിസ്തുമതപ്രചരണം നടത്തുന്നതിനായി സന്യാസികൾക്ക് പോർത്തുഗീസ് രാജാവ് ഒരു അച്ചടിയന്ത്രം സമ്മാനിച്ചു. സന്യാസിസംഘം ഗോവയിൽ എത്തിയപ്പോൾ യാദൃശ്ചികമായാണ് അച്ചടിയന്ത്രവും ഒപ്പം കൊണ്ടുവന്നത്. ആദ്യത്തെ പുസ്തകം 'ഡോക്ട്രീന ക്രിസ്റ്റീന' പോർത്തുഗീസ് ഭാഷയിലാണ് ഗോവയിൽ അച്ചടിച്ചത്. അതേസമയം പതിനേഴാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പ്രസിദ്ധീകരിച്ച 'ഹോർത്തൂസ് മലബാറിക്കസ്' എന്ന ശാസ്ത്രഗ്രന്ഥമാണ് മലയാളലിപികളിൽ അച്ചടിച്ച ആദ്യഗ്രന്ഥം. പക്ഷേ ഈ ഗ്രന്ഥം നെതർലാൻഡിൽനിന്നുമായിരുന്നു അച്ചടിച്ചത്. പത്തൊമ്പതാം നൂറ്റാണ്ട് ആയപ്പോഴേക്കും ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും അച്ചടിശാലകൾ ആരംഭിച്ചു.

> ▶ ആദ്യ പുസ്തകം 'ഡോക്ട്രീന ക്രിസ്റ്റീന' ഗോവയിലാണ് അച്ചടിച്ചത്

## പത്രസ്വാതന്ത്ര്യത്തിനായി അമേരിക്കയിലെ പോരാട്ടം

1609-ൽ ജർമ്മനിയിലാണ് യൂറോപ്പിലെ ആദ്യത്തെ പത്രം പിറവിയെടുത്തത്. വീണ്ടും ഒരു നൂറ്റാണ്ടുകൂടി കഴിഞ്ഞാണ് റഷ്യയിൽ വർത്തമാനപത്രം ആരംഭിക്കുന്നത്. 1690-ൽ 'പൊതുവാർത്തകൾ' എന്ന ആദ്യപത്രം പ്രസിദ്ധീകരിച്ചു. എന്നാൽ വളരെ വേഗം തന്നെ അധികാരികൾ ഉരുക്കുമുഷ്ടി ഉപയോഗിച്ച് പത്രത്തെ അടിച്ചമർത്തി. ഒറ്റ ലക്കത്തോടെ ആ പത്രത്തിന് വിലക്ക് വന്നു. നീണ്ട 14 വർഷം കഴിഞ്ഞതിനുശേഷമാണ് അമേരിക്കയിൽ വീണ്ടും മറ്റൊരു പത്രം പ്രസിദ്ധീകരിക്കുന്നത്. അമേരിക്കയിൽ ആരംഭിച്ച നാലാമത്തെ പത്രമായ ന്യൂയോർക്ക് വീക്കിലിയുടെ പത്രാധിപർ ജോൺ പീറ്റർ സെങ്കർ നടത്തിയ മഹത്തായ സമരമാണ്, അമേരിക്ക സ്വാതന്ത്ര്യം നേടിയതിനുശേഷം രൂപംകൊണ്ട ഭരണഘടനയിൽ പത്രസ്വാതന്ത്ര്യത്തിന് സ്ഥാനം നേടിക്കൊടുത്തത്. പത്രസ്വാതന്ത്ര്യം നിലനിർത്താനായി ജയിലിനുള്ളിലും കോടതിയിലും തെരുവിലും സെങ്കർ നടത്തിയ പോരാട്ടങ്ങൾ പത്രപ്രവർത്തനചരിത്രത്തിൽ മറക്കാനാവാത്ത ഒരു സംഭവമായി ഇപ്പോഴും അവശേഷിക്കുന്നു.

> ▶ ന്യൂയോർക്ക് വീക്കിലി പത്രാധിപരുടെ പോരാട്ടമാണ് വഴിത്തിരിവായത്

1702-ൽ ബ്രിട്ടനിൽ 'ഡെയിലി കൂറന്റ്' ദിനപത്രം പ്രസിദ്ധീകരിക്കപ്പെട്ടു. പിന്നാലെവന്ന 'ഡെയിലി പോസ്റ്റ്' എന്ന പത്രം സാഹിത്യരംഗം കൂടി കൈകാര്യം ചെയ്തു. പ്രശസ്തസാഹിത്യകാരനായ ഡാനിയൽ ഡിഫോ ആയിരുന്നു അതിനു നേതൃത്വം നൽകിയത്. തുടർന്ന് യു.കെയിൽ നിരവധി പത്രങ്ങൾ പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. ഇരുപതാംനൂറ്റാണ്ട് ആയതോടെ പത്രങ്ങൾ അതുല്യശക്തിയായി ആധിപത്യം സ്ഥാപിച്ചിരുന്നു. പലയിടത്തും പുതിയ പത്രങ്ങൾ തുടങ്ങിയത് യൂറോപ്പിൽ ആകെ വലിയൊരു ഉണർവാണ് പ്രധാനം ചെയ്തത്.

> ▶ യൂറോപ്പിൽ ഉണർവുണ്ടാക്കിയ പത്രങ്ങൾ

## ഇന്ത്യയിലെ പത്രപ്രവർത്തനം

ഇംഗ്ലീഷുകാരുമായി ബന്ധപ്പെട്ടായിരുന്നു ഇന്ത്യയിലെ പത്രപ്രവർ

ത്തനചരിത്രത്തിന്റെ ആരംഭകാലം. ഇതേക്കുറിച്ച് സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള എഴുതുന്നു. 'പാശ്ചാത്യ രാജ്യങ്ങളിൽനിന്ന് ഇന്ത്യയിൽ കൊണ്ടുവന്നു നട്ടുപിടിപ്പിച്ചിട്ടുള്ള ചെടികളിൽ ഒന്നാണ് വൃത്താന്തപത്രം. ദേശസാമ്യകരണത്താൽ ഈ മറുനാടൻചെടി ഇന്ത്യൻമണ്ണിൽ നല്ലവണ്ണം പിടിച്ചുതഴച്ചുവളരുകയും ചെയ്തിരിക്കുന്നു'.

ഇന്ത്യയിൽ കച്ചവടത്തിനായിവന്ന ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കാർ രാജ്യത്തിന്റെ ഭരണാധികാരികളായി മാറുകയായിരുന്നു. 1757-ലെ പ്ലാസിയുദ്ധത്തോടുകൂടി അവർ ഇന്ത്യയുടെ പരമാധികാരവും കച്ചവടക്കുത്തകയും ഉറപ്പിച്ചു. എങ്ങനെയും സമ്പത്ത് വർദ്ധിപ്പിക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രം മുൻനിർത്തി അതിനുവേണ്ടി നിയമങ്ങൾ നടപ്പിലാക്കിത്തുടങ്ങി. ആ കാലഘട്ടത്തിലെ ബംഗാൾ ഭരണാധികാരി ആയിരുന്ന നവാബ് മിർ കാസിം ഈസ്റ്റിന്ത്യാ കമ്പനിയുടെ പാവയായി പ്രവർത്തിക്കുകയായിരുന്നു. ബ്രിട്ടീഷുകാർ നാട്ടുകാർക്കെതിരെ നടത്തിയ ചൂഷണവും കൊള്ളയും നീതിബോധമുള്ള ആർക്കും അംഗീകരിക്കാൻ കഴിയുന്നതായിരുന്നില്ല. ഈ കാലയളവിൽ ഡച്ചുകാരനായിരുന്ന വില്യം ബോൾട്ട് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഒരു ഉദ്യോഗസ്ഥനായി നിയമിതനായി. ബംഗാളിഭാഷ നന്നായി പഠിച്ചശേഷം അദ്ദേഹം നാട്ടുകാരുമായി അടുത്തിടപഴകുകയുണ്ടായി. അയാൾ കമ്പനിയുടെ ഉപനഗരാധ്യക്ഷനും കൽക്കട്ട മേയറുടെ കോടതിയിൽ ജഡ്ജിയുമായി. വൈകാതെതന്നെ അദ്ദേഹത്തിന്റെ വ്യാപാര മേഖല ബംഗാൾ, ബീഹാർ, ഒറീസ എന്നീ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിച്ചു. ബംഗാൾ കൗൺസിൽ പലവിധത്തിൽ അയാളെ നിയന്ത്രിക്കാൻ ശ്രമിച്ചു. പക്ഷേ നവാബുമായി സഖ്യം ഉണ്ടാക്കിയതിനുശേഷം അതെല്ലാം പരാജയപ്പെടുത്തി മുന്നോട്ടു പോവുകയായിരുന്നു. തുടർന്ന് കൗൺസിൽ അദ്ദേഹത്തെ സസ്പെൻഡ് ചെയ്തു. ഈ കാലയളവിൽ ഒരു പത്രം തുടങ്ങുകയും ശേഖരിച്ച രേഖകളെല്ലാം പ്രസിദ്ധീകരിച്ചുകൊണ്ട് അയാൾ കമ്പനിക്കെതിരെ പോസ്റ്ററുകളിലൂടെ വാർത്ത പ്രസിദ്ധീകരിച്ചു തുടങ്ങുകയും ചെയ്തു. ഇത് കമ്പനി മേലധികാരികളെയും മറ്റു ഉദ്യോഗസ്ഥരെയും ചൊടിപ്പിച്ചു. കമ്പനി അദ്ദേഹത്തെ നവാബിന്റെ സഹായത്തോടെ മദ്രാസിലേക്ക് നാടുകടത്തി. അതുവഴി യൂറോപ്പിലേക്ക് പോകണമെന്നും കൽപ്പിച്ചു. അങ്ങനെ ആദ്യമായി പത്രം തുടങ്ങാൻ ശ്രമിച്ച വ്യാപാരിയെ പത്രം പ്രസിദ്ധീകരിക്കുന്നതിനുമുമ്പുതന്നെ നാടുകടത്തുകയുണ്ടായി. ഔദ്യോഗികമായി പത്രം തുടങ്ങിയില്ല എങ്കിലും ഇന്ത്യൻ പത്രപ്രവർത്തനത്തിന്റെ ചരിത്രം തുടങ്ങുന്നത് വില്യം ബോൾട്ടിന്റെ നാടുകടത്തലോടെയാണ്.

- ആദ്യമായി പത്രം തുടങ്ങാൻ ശ്രമിച്ച വില്യം ബോൾട്ടിനെ നാടുകടത്തി

## രാജ്യത്തെ ആദ്യത്തെ പത്രനിരോധനം

1780 ജനുവരി 29 -ാം തീയതി ശനിയാഴ്ച ഇന്ത്യയിലെ പ്രഥമപത്രമായ 'ബംഗാൾ ഗസറ്റ്' പ്രസിദ്ധീകരിച്ചു. ആർക്കും സ്വാധീനിക്കാൻ കഴിയാത്ത ഒരു രാഷ്ട്രീയവാണിജ്യവാരിക എന്ന പ്രഖ്യാപനവുമായാണ് ജെയിംസ് അഗസ്റ്റസ് ഹിക്കി എന്ന വ്യക്തി രംഗത്തുവരുന്നത്. പത്രത്തിന്റെ 200 കോപ്പികളാണ് പ്രസിദ്ധീകരിച്ചിരുന്നത്. ബംഗാൾ ഗസറ്റിന്റെ വായനക്കാർ കമ്പനി ഉദ്യോഗസ്ഥരല്ലാത്ത യൂറോപ്യന്മാരും വ്യാപാരികളുമായിരുന്നു. കമ്പനി ഉദ്യോഗസ്ഥരെയും ഉന്നതാധികാരികളെയും ഹിക്കി തന്റെ പത്രത്തിലൂടെ ശക്തമായ വിമർശിച്ചിരുന്നു. ഗവർണർ ജനറലി

ന്റെ ഭാര്യ അവിഹിതമായി ഭരണത്തിൽ കൈകടത്തുന്ന പ്രവണതയെയും ഇന്ത്യയിലെ ഒരു സുപ്രീംകോടതി ജഡ്ജി എലജ ഇംഫിയുടെ അഴിമതിയെയും അദ്ദേഹം തന്റെ പത്രത്തിലൂടെ വിചാരണ ചെയ്തു. ഇതോടെ ഭരണാധികാരികളും കമ്പനിമേധാവികളും ഹിക്കിയെ തുരത്താനുള്ള വഴികൾ സ്വീകരിക്കാൻ തുടങ്ങി. പത്രം ആരംഭിച്ച് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിനെതിരെ നടപടികൾ എടുക്കുകയുംചെയ്തു. അങ്ങനെ ആദ്യമായി രാജ്യത്ത് ഒരു പത്രത്തിന്റെ നിരോധനം നിലവിൽവന്നു. ഹിക്കിക്കെതിരെ നിരവധി കേസുകളും ചാർജ് ചെയ്യുകയുണ്ടായി. ജനറൽ പോസ്റ്റ് ഓഫീസ് വഴിയുള്ള പത്രവിതരണം നിർത്തിവയ്പ്പിച്ചു. എന്നാൽ ഈ കൽപ്പന ഹിക്കിയെ ഒട്ടുംതന്നെ തളർത്തിയില്ല, മാത്രമല്ല അദ്ദേഹം കൂടുതൽ കരുത്തോടെ ഭരണാധികാരികൾക്കെതിരെ ആക്രമണം അഴിച്ചുവിട്ടു. അധികാരികൾ വീണ്ടും ഹിക്കിയുടെ പേരിൽ വിവിധതരത്തിലുള്ള കേസുകൾ ചാർജ് ചെയ്തു. വൻതുകകളാണ് പിഴ ചുമത്തിയത്. 80000 രൂപയ്ക്കുള്ള ജാമ്യവും അയാളോട് ആവശ്യപ്പെട്ടു. സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം സായുധരായ യൂറോപ്പ്യൻ പട്ടാളക്കാരും നാനൂറോളം വരുന്ന കമ്പനി ശിപായികളും ചേർന്ന് ഹിക്കിയുടെ പ്രസ്സ് പിടിച്ചെടുക്കുകയും അദ്ദേഹത്തെ ജയിലിൽ അടയ്ക്കുകയും ചെയ്തു. 1782-ൽ അനുബന്ധഉപകരണങ്ങളും പട്ടാളം പിടിച്ചെടുത്തു അങ്ങനെ ഇന്ത്യയിലെ ആദ്യത്തെ പത്രം ദാരുണമായി അകാലചരമമടഞ്ഞു. ഇന്ത്യയിലെ പ്രഥമപത്രത്തിന്റെ ഉടമയും പത്രാധിപരുമായ ഹിക്കി അധികാരികളുടെ ക്രൂരതയുടെ ഇരയായി മാറി. ഹിക്കിയുടെ സ്മാരകമായി ഇന്ന് അവശേഷിക്കുന്നത് ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയിലും കൽക്കട്ട നാഷണൽ ലൈബ്രറിയിലും സൂക്ഷിച്ചിട്ടുള്ള ബംഗാൾ ഗസറ്റിന്റെ ബൈൻഡ് ചെയ്ത രണ്ട് വാല്യങ്ങൾ മാത്രമാണ്.

> ▶ ബംഗാൾ ഗസറ്റ് അകാലചരമമടഞ്ഞു

### വീണ്ടും നാടുകടത്തൽ

1780-ൽ ഇന്ത്യയിലെ രണ്ടാമത്തെ പത്രമായ 'ഇന്ത്യ ഗസറ്റ്' പ്രസിദ്ധീകരിച്ചു. മൂന്നാമത്തെ പത്രം 'കൽക്കത്ത ഗസറ്റാ'ണ്. ഇന്ത്യയിലെ ആദ്യത്തെ മാസിക 'ഓറിയൻറൽ മാഗസിനും' ആദ്യവാരിക 'കൽക്കത്ത ക്രോണിക്കിളും' ആണ്. ഇതേത്തുടർന്ന് ബോംബെയിലും മദ്രാസിലും ഓരോ പത്രങ്ങൾ ആരംഭിച്ചു. 1785-ലാണ് 'മദ്രാസ് കൊറിയർ' എന്ന പത്രം പ്രസിദ്ധീകരിച്ചത്. വീണ്ടും ഒരു ദശകം കഴിഞ്ഞതിനുശേഷം 'മദ്രാസ് ഗസറ്റ്' എന്ന പത്രം ആരംഭിച്ചു. ആർ. വില്യംസ് ആയിരുന്നു പത്രത്തിന്റെ ഉടമയും പത്രാധിപരും. മദ്രാസ് ഗസറ്റും മദ്രാസ് കൊറിയറും സർക്കാരിന് വിധേയമായാണ് വാർത്തകൾ പ്രസിദ്ധീകരിച്ചിരുന്നത്. അതേസമയം ഇംഗ്ലണ്ട്കാരനായ ഹംഫ്രീ എന്നയാൾ ആരംഭിച്ച ഹെറാൾഡ് എന്ന പത്രം സർക്കാരിനും വെയിൽസ് രാജകുമാരനും എതിരായി വാർത്തകൾ പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് ഹംസരി ഹംഫ്രീയെ അറസ്റ്റ് ചെയ്തു ഇംഗ്ലണ്ടിലേക്ക് നാടുകടത്തി. ഇന്ത്യയിൽ ആദ്യമായി പത്രസെൻസർഷിപ്പ് ഏർപ്പെടുത്തിയത് മദ്രാസിലാണ്. ഗവൺമെന്റിനെ പരാമർശിക്കുന്ന വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ഗവൺമെൻറ് മിലിട്ടറി സെക്രട്ടറിയെ കാണിച്ച് അനുവാദം വാങ്ങിയിരിക്കണം എന്ന കൽപ്പനയാണ് ഇന്ത്യയിൽ സെൻസർഷിപ്പ് ഉടലെടുക്കാൻ കാരണമായത്.

> ▶ 'ഹെറാൾഡ്' പത്രാധിപർ ഹംഫ്രീയെയും നാടുകടത്തി

ബോംബെയിൽ 1789-ൽ 'ബോംബെ ഹെറാൾഡ്' പുറത്തിറങ്ങി. രണ്ടാമത്തെ 'കൊറിയർ' 1790-ൽ പ്രസിദ്ധീകരണം തുടങ്ങി. ഇതിൽ ഗുജറാത്തിഭാഷയിലുള്ള പരസ്യങ്ങൾ ചേർത്തിരുന്നു. പ്രാദേശികഭാഷയിൽ ആദ്യമായി പരസ്യം നൽകിയ പത്രം ആണ് കൊറിയർ. ആദ്യകാലത്തെ ഇംഗ്ലീഷ് പത്രങ്ങളെല്ലാം ഇന്ത്യയുടെ വിവിധഭാഗങ്ങളിൽനിന്നുമാണ് പ്രസിദ്ധീകരിച്ചത്. ചിലതൊക്കെ സർക്കാരിനെതിരെ മറ്റു ചിലത് സർക്കാറിന്റെ ആനുകൂല്യത്തോടുകൂടിയുമാണ് പ്രവർത്തിച്ചിരുന്നത്.

1816-ൽ പ്രസിദ്ധീകരിച്ച 'ബംഗാൾ ഗസറ്റ്' എന്ന പത്രത്തോടുകൂടിയാണ് ഇന്ത്യയിൽ പത്രപ്രവർത്തനം ആരംഭിക്കുന്നത്. രാജാറാം മോഹൻ റായിയുടെ നേതൃത്വത്തിൽ 'ആത്മീയ സമാജ'ത്തിന് തുടക്കംകുറിച്ചു. റായി ഈ പത്രത്തിൽ സജീവമായി എഴുതിയിരുന്നു. ഈ കാലഘട്ടത്തിൽ സെറാമ്പൂർ ആസ്ഥാനമാക്കി നിരവധി മിഷനറിമാർ ക്രിസ്തുമതപ്രചാരണം ലക്ഷ്യമാക്കി പത്രപ്രവർത്തനരംഗത്തേക്ക് കടന്നുവന്നു. ദീഗ് ദർശൻ, ഫ്രണ്ട്സ് ഓഫ് ഇന്ത്യ, സമാചാരദർപ്പൺ തുടങ്ങി വിവിധ പ്രസിദ്ധീകരണങ്ങൾ ഈ കാലത്ത് പുറത്തുവന്നു. രാജാറാം മോഹൻറായിയെ പിന്തുടർന്ന് ദേശവ്യാപകമായി വിവിധനഗരങ്ങളിൽ പത്രപ്രവർത്തനം ഊർജ്ജസ്വലമായി തുടർന്നു. ഇന്ത്യൻസ്വാതന്ത്ര്യസമര പ്രസ്ഥാനം ഇന്ത്യയുടെ പത്രങ്ങളെയും പുഷ്ടിപ്പെടുത്തി. 1878 സെപ്റ്റംബർ ഇരുപതാംതീയതി ജി. സുബ്രഹ്മണ്യഅയ്യരും കൂട്ടരും 'ദ ഹിന്ദു'വിന്റെ പ്രസിദ്ധീകരണത്തിന് തുടക്കംകുറിച്ചത് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനു ഒരു മുതൽക്കൂട്ടായി മാറി.

▶ ക്രിസ്ത്യൻ മിഷണറികളുടെ കടന്നുവരവ്

### പന്ത്രണ്ട് വയസ്സുകാരനായ പോരാളി

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിക്കെതിരെ പൊരുതിയ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രക്ഷോഭത്തോടൊപ്പം അണിചേർന്ന ബാലനായ പോരാളിയായിരുന്നു പുതുപ്പള്ളി രാഘവൻ. അന്നത്തെ അനുഭവം പിൽക്കാലത്ത് അദ്ദേഹം ഓർമ്മക്കുറിപ്പിൽ പങ്കുവെക്കുന്നു-'ഭാരത് മാതാ കീ ജയ്... വീടിന്റെ തെക്കുപുറത്തെ ഇടവഴിയിൽ ആ ശബ്ദം മുഴങ്ങി. അതൊരു ജാഥയായിരുന്നു. ഒരാൾ വഴിയിൽ നിന്നവർക്കെല്ലാം നോട്ടീസ് നൽകി. എനിക്കും കിട്ടി ഒരെണ്ണം. അറിയാതെ ഞാനുമാജാഥയിൽചേർന്നു. ഈ ജാഥയാണ് സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്കു എടുത്തുചാടാൻ എനിക്കു പ്രചോദനമായത്'. 12 വയസ്സുകാരനായ പുതുപ്പള്ളി രാഘവൻ അങ്ങനെ ആദ്യമായി സ്വാതന്ത്ര്യസമരപോരാളിയായി രംഗപ്രവേശം ചെയ്തു. സാമൂഹ്യ ദുരാചാരങ്ങൾക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി മാറിയ അയിത്തോച്ചാടന മഹായോഗത്തിലും മിശ്രഭോജനത്തിലും നേരത്തേ പങ്കെടുത്തിരുന്നു. തീപാറുന്ന പോരാട്ട വീര്യവുമായി ഒരു രാത്രി വീട്ടിൽനിന്ന് ഒളിച്ചുകടന്നു. ഫീസടയ്ക്കാനും പുസ്തകം വാങ്ങാനുമായി ലഭിച്ച പത്തുരൂപയുമായി ബോട്ടിൽ ആലപ്പുഴയിലെത്തി അവിടെനിന്നു കോഴിക്കോട്ടേക്കുപോയി. അവിടെയെത്തി കള്ളുഷാപ്പ് പിക്കറ്റിങ്ങിലും വിദേശവസ്ത്രബഹിഷ്കരണത്തിലും പങ്കെടുത്തു. ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് നിയമം ലംഘിച്ച് ഉപ്പുവാരാൻ പയ്യന്നൂർക്കുപോയ ജാഥയോടൊപ്പം കൂടി. കോഴിക്കോട്ടെ എട്ടാം നമ്പർ കള്ളുഷാപ്പ് പിക്കറ്റു ചെയ്തപ്പോൾ പുളിച്ചുനാറി പുഴുവരിക്കുന്ന കള്ള്, പുളിച്ച തെറിയുടെ അകമ്പടിയോടെ ഷാപ്പ് ഉടമകളും ഗുണ്ടകളും പോലീസും ചേർന്നു പുതുപ്പള്ളി ഉൾപ്പെടെയുള്ള സമരക്കാരുടെ തലയിലൊഴിച്ചു. ഈ കേസുമായി ബന്ധപ്പെട്ട് ആറുമാസം കണ്ണൂർ സെൻട്രൽ ജയിലിൽ കിടന്നു. നാലുവർഷം ഒളിവിലും 12 വർഷം ജയിലിലും അദ്ദേഹം കഴിഞ്ഞിട്ടുണ്ട്.

# വിശദപഠനം

## ടെലിവിഷൻ: ആമുഖം

**- ബൈജു ചന്ദ്രൻ**

ലോകജനതയെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന വിനിമയോപാധിയായി മാറിയിരിക്കുന്ന ദൃശ്യമാധ്യമമാണ് ടെലിവിഷൻ. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ടെലിവിഷന്റെ ചരിത്രത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുകയാണ് ബൈജു ചന്ദ്രൻ ഈ ലേഖനത്തിലൂടെ.

'ഒരു വീടിൻെറ സ്വീകരണമുറി. അവിടെ ഫയർ പ്ളെയ്സിന്റെ അരികിലിരുന്ന് തീ കായുന്ന ദമ്പതികൾ വലിയൊരു സ്ക്രീനിൽ ടെന്നീസ് മത്സരം കണ്ടുകൊണ്ടിരിക്കുന്നു. കളിക്കാരോട് സംസാരിക്കുന്നുമുണ്ട്. ഇരുപത്തിയൊന്നാംനൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ 'പഞ്ച്' എന്ന വിഖ്യാതമായ കാർട്ടൂൺ മാസികയിൽവന്ന കാർട്ടൂണാണിത്. വരച്ചത് ജോർജ് ദുമോറിയോ. '(ബൈജു ചന്ദ്രന്റെ തന്നെ 'അശ്രാന്തപരിശ്രമത്തിന്റെ ഫലശ്രുതി'യിൽനിന്നും)നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഈ കുഞ്ഞ് ദൃശ്യപ്പെട്ടി ആസ്വദിക്കുന്ന മനുഷ്യനെ ഭാവനാസമ്പന്നരായ പ്രതിഭകൾ ദീർഘവീക്ഷണത്തോടെ കണ്ടിരിക്കുന്നു. ശാസ്ത്രസാങ്കേതികരംഗത്ത് വന്നുകൊണ്ടിരിക്കുന്ന വിപ്ലവകരമായ മാറ്റങ്ങൾക്ക് കലാകാരന്മാരുടെ ഭാവനയിലൂടെ പൂർവ്വകാലസൂചനകൾ ലഭിച്ചിരുന്നു എന്നത് തിരിച്ചറിയുമ്പോൾ മനുഷ്യവംശത്തിനാകെ അഭിമാനിക്കാവുന്ന സംഗതിയായി മാറുകയാണ്.

ആധുനിക ഇലക്ട്രോണിക് യുഗത്തിന്റെ പ്രവാചകനെന്ന് അറിയപ്പെടുന്ന ചിന്തകനാണ് മാർഷൽ മക്ലൂഹാൻ. ആർക്കും സംശയമുണ്ടാകാത്ത തരത്തിൽ ബുദ്ധിയെ നിയന്ത്രിച്ചുകൊണ്ട് പ്രത്യേകതരത്തിലുള്ള ചിന്തകളും ധാരണശേഷിയും അടിച്ചേൽപ്പിക്കുന്നതിലൂടെ ഓരോ പുതിയ മാധ്യമവും മനുഷ്യന്റെ മാനസികപരിസ്ഥിതിയെ മാറ്റിമറിക്കുകയാണ് എന്ന് മാധ്യമപഠനങ്ങളിൽ നിരവധി ആശയങ്ങൾ സംഭാവനചെയ്ത മാർഷൽ മക്ലൂഹാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അച്ചടിമാധ്യമങ്ങൾ ആയിരുന്നു തലമുറകളോളം നമ്മുടെ സാംസ്കാരികവിനിമയോപാധി. പടിപടിയായാണ് അറിവും ആശയങ്ങളും ഒരു നേർരേഖയിൽ എന്നപോലെ കൈമാറിയത്. മാധ്യമത്തിലൂടെ പകർന്നുനൽകുന്ന സന്ദേശത്തേക്കാൾ മാധ്യമം തന്നെയാണ് പ്രധാനം. അല്ലെങ്കിൽ മാധ്യമം തന്നെയാണ് സന്ദേശം എന്ന് മക്ലൂഹൻ വെളിപ്പെടുത്തി. ലോകത്തിന്റെ അവസ്ഥയെ മാറ്റിമറിച്ചുകൊണ്ടുള്ള 'മസ്തിഷ്കപ്രക്ഷാളന'മാണ് മാധ്യമങ്ങൾ ഇതുവരെ ചെയ്തുകൊണ്ടിരുന്നത് എന്നും അദ്ദേഹം കണ്ടെത്തി.

> ▶ മക്ലൂഹൻ നിരവധി ആശയങ്ങൾ സംഭാവന ചെയ്തു

'ഹോട്ട് ആൻഡ് കൂൾ മീഡിയ' എന്ന ആശയം മക്ലൂഹാൻ മുന്നോട്ടുവെച്ച സിദ്ധാന്തമാണ്. ഇതിന് വശംവദരാകുന്ന ആർട്ടിസ്റ്റുകൾ പ്രേക്ഷകന്റെ പക്ഷത്തുനിന്നുകൂടി അറിവ് നൽകുന്നതോടെ കൂടുതൽ ഇഴുകിച്ചേരൽ സംഭവിക്കുന്നു. ഒരു സിനിമ കാണികളെ അനുഭവിപ്പിക്കുന്നതിനേക്കാൾ ആഴത്തിലുള്ള ഇഴുകിച്ചേരൽ ഇവിടെ ടെലിവിഷൻ നൽകുന്നു. അതുകൊണ്ടാണ് ഇതിനെ ഒരു 'ശൈത്യമാധ്യമം'(cool

medium) എന്ന് വിളിക്കുന്നത്. ഇതാണ് മക്‌ലൂഹൻ സ്ഥാപിക്കുന്നത്. ഒരു സിനിമ കണ്ടുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് ഒരു ക്യാമറയുടെ സ്ഥാനമാണ് ഉള്ളതെങ്കിൽ ടിവി കാണുന്ന നേരത്ത് നിങ്ങൾ ടെലിവിഷന്റെ സ്ക്രീൻ തന്നെ ആയിത്തീരുകയാണ്. അതിൽ കാണുന്ന ദൃശ്യങ്ങളിൽനിന്ന് പ്രോജക്ട് ചെയ്യപ്പെടുകയല്ല പകരം നിങ്ങളിലേക്ക് ചാർജ് ചെയ്യപ്പെടുകയാണ്. ചലച്ചിത്രങ്ങൾ ബഹിർമുഖത്വമുള്ള മദിരോത്സവമാകുമ്പോൾ ടെലിവിഷൻ ആഴത്തിലുള്ള അനുഭവമായിത്തീരുകയാണ് ചെയ്യാറുള്ളത്. ഈ ആഴത്തിലുള്ള ഇഴുകിച്ചേരലാണ് സാധാരണയായി പരമ്പരാഗതമൂല്യങ്ങളെക്കാൾ പ്രസക്തം എന്ന് മക്‌ലൂഹൻ വാദിക്കുന്നു. പ്രേക്ഷകന്റെ വലിയ പങ്കാളിത്തം ആവശ്യപ്പെടുന്ന ടെലിവിഷൻ കുട്ടികളുടെയും ചെറുപ്പക്കാരുടെയും സമൂഹത്തിലുണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ച് വളരെ പ്രവചനസ്വഭാവത്തോടെ സംസാരിച്ച ആഗോളഗ്രാമത്തെ(Global village)ക്കുറിച്ച് വിഭാവനം ചെയ്തിരുന്നു. ഈ പ്രവചനം കഴിഞ്ഞ് മുപ്പതാണ്ട്കൂടി പിന്നിടുമ്പോൾ ഇത് യാഥാർത്ഥ്യമാകുന്ന കാഴ്ചയാണ് നാമെല്ലാം കണ്ടത്.

▶ ശൈത്യമാധ്യമങ്ങളുടെ നിർവചനം

സമൂഹമാധ്യമങ്ങൾ ഏറെ സ്വാധീനിക്കുന്നുണ്ടെങ്കിലും നാം ആവശ്യപ്പെടുന്ന വാർത്തകൾ നമ്മുടെ അഭിരുചികളിൽ ഉള്ള മാറ്റങ്ങൾ ഇതെല്ലാം പരിഗണിക്കുമ്പോൾ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളെ അപേക്ഷിച്ച് അത് സമയം കൂടുതൽ നഷ്ടപ്പെടുത്തുന്നു എന്ന് പലരും വിലയിരുത്താറുണ്ട്. നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും ജനകീയമായ ഒരു വാർത്താമാധ്യമമായി ടെലിവിഷൻ മാറിക്കഴിഞ്ഞു. ജനങ്ങളുടെ രാഷ്ട്രീയവീക്ഷണങ്ങളെ ഏറെക്കുറെ ടെലിവിഷൻ സ്വാധീനിക്കാറുണ്ട് എന്നുള്ളത് യാഥാർഥ്യമാണ്. മാത്രമല്ല രൂപമാതൃകകളെയും വഴികാട്ടികളെയും ടെലിവിഷൻ പരിചയപ്പെടുത്തുന്നതുകൊണ്ട് നമ്മുടെ സ്വഭാവരൂപീകരണത്തിലും ചെറിയൊരളവിൽ പങ്കുവഹിക്കുന്നു എന്ന് പറയുന്നതിൽ തെറ്റില്ല.

▶ ഏറ്റവും ജനകീയമായ വാർത്താമാധ്യമം

ഈ ദൃശ്യോപകരണത്തെ വിഡ്ഢിപ്പെട്ടി എന്ന് നാം പരിഹാസപൂർവ്വം വിളിക്കുന്നുണ്ട്. അർത്ഥശൂന്യങ്ങളായ നിരവധി നേരമ്പോക്കുകൾ പടച്ചുവിടാറുണ്ടെങ്കിലും ബുദ്ധിജീവികൾ ഉൾപ്പെടെയുള്ള സമൂഹത്തിനും ഒഴിവാക്കാനാവാത്ത അവസ്ഥയിലേക്ക് ടെലിവിഷൻ മാറിക്കഴിഞ്ഞിരിക്കുന്നു. മാത്രമല്ല പരമ്പരകളിലെ വൈകാരികരംഗങ്ങളിൽ അഭയം പ്രാപിക്കുന്ന വീട്ടമ്മമാരും മറ്റു പ്രായംചെന്ന സ്ത്രീകളും അതിലെ കഥാപാത്രങ്ങളിൽ അലിഞ്ഞുചേർന്നിരിക്കുകയാണ്. മറ്റൊരു വിഭാഗം നിരന്തരമായി സംപ്രേഷണം ചെയ്യുന്ന വാർത്തകളിലാണ് അഭയം പ്രാപിക്കുന്നത്. വിവിധചാനലുകളിൽ ഒരേ വാർത്തതന്നെ പല തരത്തിലുള്ള ഉള്ളടക്കങ്ങളോടെ സ്വന്തം നിഗമനങ്ങൾ അവതരിപ്പിക്കുകയാണ്. വാർത്തകൾ മാത്രമല്ല വാർത്താചിത്രങ്ങൾ ഉൾപ്പെടുന്ന പലതരം ഫീച്ചറുകളും ജനങ്ങൾക്കിടയിലേക്ക് ചർച്ചയ്ക്കായി തുറന്നുകൊടുക്കുന്ന ഒരു ജാലകമായി ടെലിവിഷൻ മാറുന്ന കാഴ്ചയ്ക്കും നാം സാക്ഷിയാകുന്നു.

അറുപതുകളുടെ അവസാനം അമേരിക്കയിൽനടന്ന ഒരു ചിൽഡ്രൻസ് ടെലിവിഷൻ വർക്ക്ഷോപ്പിൽ കുട്ടികൾക്ക് അക്ഷരങ്ങളുടെ ലോകത്ത് എത്തിക്കാൻ ഒരു ടിവി സീരീസിന് രൂപംനൽകി. ടെലിവിഷൻ വിപണികളുടെയും കാർട്ടൂൺചിത്രങ്ങളുടെയും ഒക്കെ ശൈലി കടമെടുത്തു കളികളിലൂടെയും കഥകളിലൂടെയും കുഞ്ഞുങ്ങൾക്ക് വിജ്ഞാനം പകർ

> ▶ ടെലിവിഷൻ മാധ്യമചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായി നിൽക്കുന്നു

ന്നുകൊടുക്കുകയാണ്. പുറംലോകം നമ്മെ കാട്ടിത്തരുവാനായി എന്നും മുന്നിൽനിൽക്കുന്ന മാധ്യമമാണ് ടെലിവിഷൻ. ഇന്ത്യയിലെ സാറ്റലൈറ്റ് ഇൻസ്ട്രക്ഷണൽ ടെലിവിഷൻ എക്സ്പിരിമെന്റും മറ്റൊരു നാഴികക്കല്ലായി നിലനിൽക്കുന്നു. 1975 ൽ ആറു സംസ്ഥാനങ്ങളിലായി 2400 ഗ്രാമങ്ങളിലെ നിരക്ഷരരായ ജനങ്ങൾക്ക് അക്ഷരം പരിചയപ്പെടുത്തുക എന്ന ദൗത്യം നിറവേറ്റിയത് ടെലിവിഷനാണ്.

## ടെലിവിഷന്റെ കണ്ടുപിടിത്തത്തിലേക്കുള്ള വഴികൾ

സാഹിത്യത്തിലും ചിത്രകലയിലുമെല്ലാം നൂറ്റാണ്ടുകൾക്ക് മുൻപു തന്നെ ഇമേജുകളുടെയും കഥകളുടെയും ക്രിയാത്മകമായ സങ്കലനം യാഥാർത്ഥ്യമായി. അതോടൊപ്പംതന്നെ സാങ്കേതിക രംഗത്തും വൻകുതിപ്പുണ്ടായി. ഫ്ലാങ്ക്ളിന്റെയും ഫാരഡേയുടെയും വൈദ്യുതി പരീക്ഷണങ്ങൾക്കൊപ്പം വോൾട്ട(Volta)യുടെ ബാറ്ററി, ഓം(Ohm) , ആമ്പിയർ (Ampere), ഹെൻട്രി എന്നിവരുടെ സിദ്ധാന്തങ്ങൾ, മോർസിന്റെ ടെലിഗ്രാഫ്, കത്തെഴുതുന്നയാളിന്റെ കൈയക്ഷരം പുന:സൃഷ്ടിക്കുന്ന കാസല്ലിയുടെ ഫോട്ടോടെലിഗ്രാമുകൾ, ഗ്രഹാംബെല്ലിന്റെ ടെലഫോൺ (സംസാരിക്കുന്ന യന്ത്രം,) ചലച്ചിത്രം, വൈദ്യുതിവെളിച്ചം തുടങ്ങി നിരവധി കണ്ടുപിടിത്തങ്ങൾ എല്ലാം സിനിമ-ടെലിവിഷൻ സങ്കല്പങ്ങൾക്ക് അടിസ്ഥാനമിട്ടു. 1884-ൽ പ്രൊഫസർ നിപ്കോവ് കണ്ടുപിടിച്ച 'ഡിസ്ക് സ്കാനർ ടെലിവിഷന്റെ ആദ്യരൂപം ആയിരുന്നു. ഹെർട്സ് തരംഗങ്ങൾ കണ്ടുപിടിച്ചതും മാർക്കോണി അവയിലൂടെ സന്ദേശങ്ങൾ അയച്ചുതുടങ്ങിയതും ഡിഫോറസ്റ്റ് ഓസിലേറ്ററുകളെ വികസിപ്പിച്ചെടുത്തതും ഇക്കൂട്ടത്തിൽപ്പെടും. ടെലിവിഷൻ ഇമേജുകൾ പിടിച്ചെടുക്കാനും സംപ്രേഷണം ചെയ്യാനും ശേഷിയുള്ള ഇക്കണോസ്കോപ്പിന്റെയും കിനാസ്കോപ്പിന്റെയും വരവും ഇതിന് സഹായകരമായി.

> ▶ ടെലിവിഷന്റെ ആദ്യരൂപം ആയിരുന്നു ഡിസ്ക് സ്കാനർ

ഇനി ടെലിവിഷന്റെ സാങ്കേതികവിദ്യ നോക്കാം. ഒരു ചിത്രത്തെ വിശകലനം അഥവാ സ്കാൻ ചെയ്തു വീണ്ടും സംയോജിപ്പിക്കുമ്പോഴാണ് ടെലിവിഷൻ കാഴ്ചയായി മാറുന്നത്. 18 ചതുരദ്വാരങ്ങൾ ഉള്ള ഒരു വൃത്താകാരത്തകിടായിരുന്നു പ്രൊഫ. നിപ്കോവ് കണ്ടുപിടിച്ച ഡിസ്ക് സ്കാനർ. തകിടിന്റെ ഒരു ഭ്രമണത്തിൽ ഒരു നിശ്ചലച്ചിത്രം വീതം ക്രമവീക്ഷണം ചെയ്യപ്പെടുന്ന തൃപ്തികരമായ ചിത്രങ്ങൾ നിർമ്മിക്കാൻ, ഒരു ക്രമവീക്ഷണ സമ്പ്രദായത്തിന് ചുരുങ്ങിയത് ഒരു ലക്ഷം ദ്വാരങ്ങൾ എങ്കിലും വേണ്ടതുണ്ട്. 2 ലക്ഷം ആണെങ്കിൽ അത്രയും മെച്ചം. എന്നാൽ ഇത്രയും ദ്വാരങ്ങൾ ഒരു ചെറിയ തകിടിൽ ഉണ്ടാക്കാൻ അന്ന് വിഷമമായിരുന്നു. ഇലക്ട്രോണിക് വിശകലനോപാധികൾ വഴി ഈ സാങ്കേതികവിദ്യ സാധിക്കുകയും അതിവേഗത്തിലുള്ള വീക്ഷണ ചലനങ്ങൾ പ്രത്യക്ഷമാവുകയും ചെയ്തു. ലി ഡി ഫോറസ്റ്റ് 1907-ൽ ഇലക്ട്രോൺ വാൽവ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചതും ടെലിവിഷനിലേക്കുള്ള വഴി സുഗമമാക്കി. എന്നാലും അത്യധികം ക്രിയാത്മകമായ പ്രവർത്തനം സാധ്യമായില്ല. വീണ്ടും കുറച്ചുവർഷങ്ങൾ കൂടി കാത്തിരിക്കേണ്ടിവന്നു. ആധുനികടെലിവിഷൻയുഗത്തിലേക്ക് പിന്നീടാണ് എത്തിച്ചേരുന്നത്.

> ▶ ലി ഡി ഫോറസ്റ്റിന്റെ കണ്ടുപിടിത്തം




Fig 1.1.10 ടെലിവിഷന്റെ ആദ്യരൂപവുമായി ജോൺ ബയേർഡ്

1923-ൽ അമേരിക്കയിൽനിന്നുള്ള സി എഫ് ജെൻകിൻസുമായി ചേർന്ന് ഡിസ്ക് സ്കാനിങ് സിസ്റ്റം വികസിപ്പിച്ചെടുത്തു. തുടർന്ന് ജോൺ ലോഗി ബയേർഡ് എന്ന ഇംഗ്ലീഷുകാരൻ സ്വന്തമായി കണ്ടുപിടിച്ച ഒരു ഒരുപകരണം വയർലെസ്സിന്റെ പ്രാഗ് രൂപമായി മാറി. അടുത്ത വർഷം ബയേർഡ് മറ്റ് ശാസ്ത്രജ്ഞരുടെ മുമ്പാകെ വീണ്ടും ഒരു പാവയുടെ പ്രദർശനം നടത്തി. ഒരു വെന്റി ലോക്ക്സ്റ്റിന്റെ ചലിക്കുന്ന തല. ടെലിവൈസർ എന്നാണ് ബയേർഡ് ഇതിന് പേരിട്ടത്. തുടർന്ന് 1931-ൽ നേരിട്ടുള്ള സംപ്രേഷണം ആയിരുന്നു ബയേർഡിന്റെ പുതിയ പരീക്ഷണം. അതിലും വിജയിച്ചതോടെ 1932-ൽ ബയേർഡിന്റെ സംവിധാനം ഉപയോഗിച്ച് ദിവസേനയുള്ള സംപ്രേഷണം ബി ബി സി ആരംഭിച്ചു. 1936-ൽ തന്റെ പഠനങ്ങളിലൂടെ ഒരു ചിത്രത്തെ 240 വരകളായി തരംതിരിച്ച് സെക്കൻഡിൽ 24 ചിത്രങ്ങൾ എന്നതോതിൽ വിശകലനം ചെയ്യാനുള്ള സംവിധാനമുണ്ടാക്കി. (High definition system). മാർക്കോണി ഇ എം ഐ ടീം 405 വരികളും 25 ചിത്രങ്ങളും എന്ന സംവിധാനത്തിന് തുടക്കമിട്ടു. ഇതേക്കുറിച്ച് പഠിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് നിയോഗിച്ച ടെൻസ്ഡൺ പ്രഭു കമ്മിറ്റിയുടെ ശുപാർശകൾ അനുസരിച്ച് പുതിയ രണ്ട് ഹൈഡെഫിനിഷനർ സംവിധാനങ്ങളും ഇടവിട്ട് പരീക്ഷിക്കാൻ ബി ബി സി തീരുമാനിച്ചു. റേഡിയോ ഒളിമ്പിയ എന്ന വിഖ്യാതവ്യവസായവാണിജ്യമേളയിലാണ് സംപ്രേഷണമാരംഭിച്ചത്. രണ്ടാഴ്ചക്കാലം നീണ്ടുനിന്ന മറ്റ് പരിപാടികളുടെയും സംപ്രേഷണം കുറ്റമറ്റതായിരുന്നു. കൊട്ടാരത്തിൽ സ്ഥാപിച്ച ട്രാൻസ്മിറ്റർ വഴി ബി ബി സി ലണ്ടൻ നഗരങ്ങളിലാകെ സംപ്രേഷണം വ്യാപിപ്പിച്ചു.

- മാർക്കോണി ഇ എം ഐ ടീമിന്റെയും ബയേർഡിന്റെയും സംവിധാനങ്ങൾ പരീക്ഷിച്ചു



Fig 1.1.11 ടെലിവിഷൻ ഉപകരണങ്ങളുമായി (1925) ബയേർഡ്

ടെലിവിഷൻ കണ്ടുപിടിച്ചതിന്റെ നേട്ടം ജോൺ എൽ ബയേർഡിനാണെങ്കിലും മാർക്കോണിയുടെ ഇ എം ഐ സംവിധാനമാണ് ഒടുവിൽ സ്വീകാര്യമായത്. എങ്കിലും ചരിത്രത്തിൽ ബയേർഡിന്റെ നാമം അർഹമായ തോതിൽത്തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്റ്റൽ കൊട്ടാരത്തിലുള്ള തീപിടുത്തത്തിൽപെട്ട് തന്റെ പരീക്ഷണശാല നശിച്ചത് അദ്ദേഹത്തിന് തിരിച്ചടിയായിരുന്നു. അമേരിക്കയിലെ ശാസ്ത്രജ്ഞനായ ഡോക്ടർ ഹെർബർട്ട് ഐവ്സ് തന്റെ പരീക്ഷണങ്ങളുടെ ഭാഗമായി ചലിക്കുന്ന ഒരാൾരൂപം വാഷിംഗ്ടണിലെ ഓഫീസ് റൂമിൽനിന്ന് ലൈവായി ന്യൂയോർക്കിലെ പ്രേക്ഷകർക്ക്മുന്നിൽ പ്രദർശിപ്പിച്ചു. ന്യൂയോർക്കിൽനിന്നും ഒരു നാടകംപോലും തൽസമയം സംപ്രേഷണം ചെയ്തിരുന്നു.

- ന്യൂയോർക്കിൽനിന്നുള്ള ആദ്യത്തെ ലൈവ്



Fig 1.1.12 ആദ്യകാലത്തെ ടെലിവിഷൻ

റേഡിയോയുടെ മാതൃകതന്നെയാണ് ടെലിവിഷന്റെ സാങ്കേതികവികസനത്തിന് സഹായകരമായത്. വൈദ്യുതിയുടെ ആവശ്യമില്ലാതെതന്നെ ക്രിസ്റ്റൽ സെറ്റുകളിൽ റേഡിയോ തരംഗങ്ങൾ ശേഖരിക്കാൻ കഴിയുമായിരുന്നെങ്കിൽ ടെലിവിഷൻ ധാരാളം കേബിളുകളും ക്യൂബുകളും ക്യാമറകളും റിസീവറുകളും സംരക്ഷണസംവിധാനവും എല്ലാംതന്നെ ആവശ്യമായിരുന്നു. ഇക്കണോസ്കോപ്പിന്റെയും കിനാസ്കോപ്പിന്റെയും പേറ്റന്റുമായി ഡോ. വ്ളാഡിമീർ സോറിക്കിൻ RCA യിൽ ചേർന്നത് അദ്ദേഹത്തിന്റെ പ്രതീക്ഷകൾക്ക് ഗുണകരമായി.

▶ പേറ്റന്റുമായി ഡോ. വ്ളാഡിമീർ സോറിക്കിൻ

ഫെലിക്സ് ക്യാറ്റ് എന്ന പാവയായിരുന്നു ആദ്യടെലിവിഷൻതാരം. ഓട്ടോ മീസ്മറിന്റെ കാർട്ടൂൺ കഥാപാത്രത്തിന്റെ ഒരു ചെറിയ പാവരൂപമുണ്ടാക്കി കറങ്ങിക്കൊണ്ടിരിക്കുന്ന ഫോണോഗ്രാഫിക് മേശയുടെ മുകളിൽ പ്രതിഷ്ഠിച്ചു. ശക്തമായ പ്രകാശത്തിന് കീഴിൽ ഏതാണ്ടൊരു 10 വർഷത്തോളം പാവ കറങ്ങിക്കൊണ്ടിരുന്നു. ചിത്രത്തിന്റെ സാങ്കേതികമായ നിലവാരം കുറ്റമറ്റതാക്കാനായി സാങ്കേതികവിദഗ്ധർ നിരന്തരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. ശക്തമായ പ്രകാശവർഷത്തിന് കീഴിൽ പാവ പിടിച്ചുനിന്നെങ്കിലും മറ്റുള്ളവർക്ക് ആ കൊടുംചൂടിൽനിന്ന് രക്ഷനേടാനായി കട്ടി കൂടിയ ഹെൽമറ്റുകൾ ധരിക്കേണ്ടിവന്നു.

▶ ഫോണോഗ്രാഫിക് മേശയുടെ മുകളിലെ പാവ

എംപയർ സ്റ്റേറ്റ് ബിൽഡിങ്ങിന് മുകളിൽ 1936-ൽ RCA അവരുടെ പരീക്ഷണനേട്ടങ്ങൾ പൊതുജനങ്ങൾക്കുമുന്നിൽ പ്രദർശിപ്പിച്ചു. 1937-ൽ അമേരിക്കൻ ടെലിവിഷൻ ഷെർലക് ഹോംസ് കഥയെ ഉപജീവിച്ച് ശ്രദ്ധേയമായ നാടകങ്ങൾ സംപ്രേഷണം ചെയ്തു. ഒരു ചലച്ചിത്രവും ടി.വിയിലൂടെ പൊതുജനമധ്യത്തിലെത്തി. 1939-ൽ ടെലിവിഷനിൽ കൊമേഴ്സ്യൽ സ്പോൺസർഷിപ്പും ആരംഭിച്ചു. ഇതോടെ കായികവിനോദങ്ങളുടെ സംപ്രേഷണവും വ്യാപകമായി സ്പോൺസർ ചെയ്യപ്പെട്ടു.

▶ കൊമേഴ്സ്യൽ സ്പോൺസർഷിപ്പിന്റെ ആരംഭം

രണ്ടാംലോകമഹായുദ്ധം ആരംഭിച്ചതോടെ 1939 സെപ്റ്റംബർ ഒന്നാം തീയതി ഉച്ചയ്ക്ക് ഒരു മണിക്ക് മിക്കി മൗസ് കാർട്ടൂൺ സംപ്രേഷണം ചെയ്തുകൊണ്ടിരുന്നപ്പോൾ പ്രദർശനം നിലച്ചു. യുദ്ധക്കെടുതികൾ നിറഞ്ഞാടിയ ആറ് ദുരിതവർഷങ്ങൾ പിന്നിട്ടു. 1946 ജൂൺ ഏഴാംതീയതി ടെലിവിഷൻ സംപ്രേഷണം പുനരാരംഭിച്ചു. അതേ മിക്കി മൗസിന്റെ തുടർന്നുള്ള ഭാഗങ്ങൾതന്നെയാണ് ആദ്യമായി പ്രദർശിപ്പിച്ചത്. ടെലിവിഷൻ സാങ്കേതികവിദ്യ വികസിപ്പിച്ചതിനുപിന്നിൽ ഇന്ത്യയ്ക്കും ലോകടെലിവിഷൻ ഭൂപടത്തിൽ ശ്രദ്ധേയമായ സ്ഥാനമുണ്ട്.

▶ ടെലിവിഷൻ പുനരാരംഭിച്ചപ്പോൾ അതേ മിക്കി മൗസ് തുടർന്നു

### ആദ്യ ടെലിവിഷൻ കാണാനായി ആൾക്കൂട്ടം

ചരിത്രത്തിലാദ്യമായി ടെലിവിഷൻ കണ്ടുപിടിച്ചതിന്റെ പൂർണ്ണമായ ക്രെഡിറ്റ് ബ്രിട്ടീഷ് പൗരനായ എഞ്ചിനീയർ ജോൺ ലോഗി ബയേർഡിന് അവകാശപ്പെട്ടതാണ്. തടികൊണ്ട് ചട്ടക്കൂടുകൾ നിർമ്മിച്ച പെട്ടിയുടെ ഒരുവശത്തായി ചെറിയ സ്ക്രീനും ട്രാൻസിസ്റ്ററുമായി ഒരു വലിയ ഉപകരണമായിരുന്നു ബയേർഡ് രൂപപ്പെടുത്തിയത്. ടെലിവിഷൻ എന്ന് അതിന് നാമകരണം ചെയ്തു. ഈ കണ്ടുപിടിത്തത്തിന് ഒരു നൂറ്റാണ്ട് തികയുകയാണ്. 1926 ജനുവരി 26-ന് ബയേർഡ് ആദ്യമായി ടെലിവിഷൻ ഒരു സ്റ്റേഷനറി കടയുടെ മുന്നിൽ പ്രദർശിപ്പിച്ചു. ആദ്യകാലങ്ങളിൽ ടിവിയുടെ ആദ്യ രൂപം മെനഞ്ഞെടുത്തപ്പോൾ കാണികളിൽ ചിലർ ബയേർഡിനെ ഭ്രാന്തനെന്ന് മുദ്ര കുത്തി പരിഹസിച്ചിരുന്നു. അവരുൾപ്പെടെ വലിയൊരു ആൾക്കൂട്ടം ബയേർഡിന്റെ കണ്ടുപിടിത്തത്തിലെ അത്ഭുതം ദർശിക്കാനായി വന്നെത്തിയിരുന്നു. നിരവധി ശാസ്ത്രജ്ഞർ പല കാലങ്ങളിലായി നടത്തിയ പരീക്ഷണങ്ങളായിരുന്നു ബയേർഡിന്റെ വിജയത്തിനാധാരം. അലക്സാണ്ടർ ബെയിൻ, ഫ്രെഡറിക് ബേക് വെൽ, ജിയോവാനി കാസ്, വില്ലോബിസ്മിത്ത്, ഗോട്ട്ലീബ് നിപ്കോവ്, കോൺസ്റ്റാന്റിൻ പെർസ്കി, ലിഡി ഫോറസ്റ്റ്, ആർതർ കോൺ, അഗസ്റ്റാ ബിസ്സിരി തുടങ്ങിയ ശാസ്ത്രജ്ഞരുടെ കണ്ടുപിടിത്തങ്ങളുടെ പിൻബലം ബയേർഡിന് ഊർജ്ജം പകർന്നു.



Fig 1.1.13 ജോൺ ലോഗി ബയേർഡ് നിർമ്മിച്ച ആദ്യ ടെലിവിഷൻ ഉപകരണവുമായി

## Summarised Overview

കേരളത്തിൽ പത്രപ്രവർത്തനം തുടങ്ങിയത് ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായാണ്. ആഗോളതലത്തിൽ അച്ചടിയുടെ കണ്ടുപിടിത്തം, ആദ്യത്തെ വൃത്താന്തപത്രങ്ങൾ, പത്ര പ്രവർത്തകരുടെ ചരിത്രം മുതലായ ചരിത്രവസ്തുതകൾ വിശകലനംചെയ്യുന്ന കേരളപത്രപ്രവർത്തനചരിത്രം എന്ന ഗ്രന്ഥത്തിലെ ആദ്യത്തെ ലേഖനമാണ് 'പത്രത്തിന്റെ ആവിർഭാവം'. അക്കാദമികഗവേഷണത്തിനായി തയ്യാറാക്കിയ ഗ്രന്ഥമാണിത്. അതുകൊണ്ടുതന്നെ ലേഖനത്തിന് ആധികാരികത ഉറപ്പിച്ചുപറയാൻ കഴിയും. പുതുപ്പള്ളി രാഘവന്റെ ഈ കൃതി സ്വാതന്ത്ര്യസമര ചരിത്രത്തിന്റെയും സാമൂഹ്യപരിഷ്കരണത്തിന്റെയും ചരിത്രരേഖകൾ കൂടിയാണ്.

പത്രങ്ങളുടെ പ്രാഥമികരൂപം ആർക്കും കൗതുകമുണർത്തുന്ന തരത്തിലുള്ളവയായിരുന്നു. കൈയ്യെഴുത്ത് പ്രതിയിൽ തുടങ്ങിയ പത്രപ്രവർത്തനത്തിന്റെ ചരിത്രം വിപ്ലവകരമായ വഴിയിലൂടെ ഇന്ന് ഡിജിറ്റൽ മീഡിയയിൽ എത്തിനിൽക്കുകയാണ്. ചൈനയിലാണ് ലോകത്തെ ആദ്യത്തെ പത്രം ആരംഭിക്കുന്നത്. പെക്കിങ് ഗസറ്റ് എന്നായിരുന്നു ആദ്യത്തെ വൃത്താന്തപത്രത്തിന്റെ നാമധേയം. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾവരെ ഈ പത്രം നിലനിന്നിരുന്നു. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ അധിനിവേശത്തിനുശേഷമാണ് ഇന്ത്യയിൽ ആദ്യമായി പത്രം അച്ചടിച്ചത്. കൽക്കട്ടയിൽനിന്നുള്ള ബംഗാൾ ഗസറ്റ് ആയിരുന്നു ഇന്ത്യയിലെ ആദ്യത്തെ പത്രം. ജെയിംസ് അഗസ്റ്റസ് ഹിക്കി ആയിരുന്നു പ്രസാധകനും പത്രാധിപരും. അധികാരികളുടെ അഴിമതികളെ പത്രം തുറന്നെതിർത്തു. അതോടെ പത്രത്തിന് വിലക്ക് വീഴുകയും ചെയ്തു. ഇത് വകവയ്ക്കാതെ അദ്ദേഹത്തിന്റെ വിമർശനങ്ങൾ കൂടുതൽ ശക്തമായപ്പോൾ പ്രസ്സ് പിടിച്ചെടുക്കുകയും ഹിക്കിയെ അവർ ജയിലിലടക്കുകയും ചെയ്തു. തുടർന്ന് 1780-ൽ ഇന്ത്യയിലെ രണ്ടാമത്തെ പത്രമായ 'ഇന്ത്യ ഗസറ്റ്' പ്രസിദ്ധീകരിച്ചു. തുടർന്ന് 'ബംഗാൾ ജേണൽ' എന്ന പത്രവും നിലവിൽവന്നു ആദ്യത്തെ മാസികയായി പുറത്തുവന്നത് കൽക്കട്ട ക്രോണിക്കളാണ്.

ബാബ്തീസ്റ്റ് മിഷനറിമാർ പത്രപ്രവർത്തനത്തിലേക്ക് കടന്നുവന്നത് പത്രങ്ങളുടെ പുരോഗതിക്ക് സാക്ഷ്യം വഹിച്ചു. പക്ഷേ ക്രിസ്തുമതപ്രചാരണം ആയിരുന്നു പത്രത്തിലൂടെ മിഷ്ണറിമാർ ലക്ഷ്യംവെച്ചത്. മാത്രമല്ല അവർ ഇതരസമുദായങ്ങളെ പത്രത്തിലൂടെ വിമർശിച്ചുകൊണ്ട് രംഗത്തുവന്നിരുന്നു. 1878-ൽ സുബ്രഹ്മണ്യഅയ്യരുടെ നേതൃത്വത്തിൽ ദി ഹിന്ദുവിന്റെ പ്രസിദ്ധീകരണം തുടങ്ങി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെയും രാജ്യത്തിന്റെ ദേശാഭിമാനത്തിന്റെയും പൂർത്തീകരണത്തിനായി ഹിന്ദു വലിയ പങ്കാണ് വഹിച്ചത്.

ദൃശ്യമാധ്യമം എന്ന നിലയിൽ ജനങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ടെലിവിഷന്റെ ജനനത്തിലെ വിവിധ ഘട്ടങ്ങൾ പ്രതിപാദിക്കുകയാണ് ടെലിവിഷൻ : ആമുഖം എന്ന ലേഖനത്തിലൂടെ. അച്ചടിമാധ്യമങ്ങൾ ആയിരുന്നു തലമുറകളോളം നമ്മുടെ സാംസ്കാരികവിനിമയോപാധി. പടിപടിയായാണ് അറിവും ആശയങ്ങളും ഒരു നേർരേഖയിൽ എന്നപോലെ കൈമാറിയത്. മാധ്യമത്തിലൂടെ പകർന്നുനൽകുന്ന സന്ദേശത്തേക്കാൾ മാധ്യമം തന്നെയാണ് പ്രധാനം. മാധ്യമപഠനസിദ്ധാന്തങ്ങൾ പ്രയോഗത്തിൽ എത്തിച്ച മക്‌ലൂഹൻ എന്ന സൈദ്ധാന്തികന്റെ ചിന്തകളിലും നിഗമനങ്ങളിലുമാണ് ലേഖനം ഊന്നൽ നൽകുന്നത്.

ആധുനികസാംസ്കാരികജീവിതത്തിൽ ആധിപത്യം പുലർത്തിയ ഒരു മാധ്യമമാണ് ടെലിവിഷൻ. അതുകൊണ്ടുതന്നെ എല്ലാ മേഖലകളിലും ഗ്രാമഗ്രാമാന്തരങ്ങൾതോറും ടെലിവിഷന്റെ സാന്നിധ്യം വളരെ പെട്ടെന്നാണ് വ്യാപകമായത്. ജനങ്ങൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ശീലമായി ടെലിവിഷൻ മാറിയത് നാം കണ്ടു. വിഡ്ഢിപ്പെട്ടി എന്ന അപരനാമം ഇതിന് കൽപ്പിച്ചിട്ടുണ്ടെങ്കിലും വിജ്ഞാനപ്രദമായ പലമേഖലകളും ടെലിവിഷനുകൾ കൈകാര്യം ചെയ്യുന്നു

ണ്ട്. അസംതൃപ്തജനവിഭാഗങ്ങളും തൊഴിൽരഹിതരും വിനോദം ആഗ്രഹിക്കുന്ന ജനതയും ടെലിവിഷനുകളിൽ അഭയം തേടുന്നു. ജോൺ എൽ ബയേർഡാണ് ടെലിവിഷൻ കണ്ടെത്താനായി അടിസ്ഥാനപരമായ സംഭാവനകൾ നൽകിയത്. തുടർന്നുള്ള ഗവേഷണങ്ങൾ എല്ലാം ഇതിന്റെ ചുവട് പിടിച്ചായിരുന്നു. ഹൈ ഡെഫിനിഷൻ സംവിധാനം നിരാകരിക്കപ്പെട്ടുവെങ്കിലും ചരിത്രത്തിൽ എന്നും ബയേർഡിന്റെ സംഭാവന വിസ്മരിക്കാനാവാത്തതാണ്. ടെലിവിഷന്റെ കണ്ടുപിടിത്തമായ ബന്ധപ്പെട്ട വിവിധ ഘട്ടങ്ങൾ ലേഖനത്തിൽ അനാവരണം ചെയ്യപ്പെടുന്നു. റേഡിയോ കണ്ടുപിടിക്കാനായി ഡേവിഡ് സർനോഫ് അവലംബിച്ച രീതിതന്നെയാണ് ടെലിവിഷന്റെ സാങ്കേതികവികസനത്തിനും സഹായകരമായത്.

1936-ൽ നടന്ന ബെർലിൻ ഒളിമ്പിക്സിന്റെ ടെലിവിഷൻ സംപ്രേഷണം ജനങ്ങളെ ആകെ ആകർഷിച്ചു. അതൊരു ചരിത്രസംഭവമായി. 1937-ൽ അമേരിക്കൻ ടെലിവിഷൻ നാടകങ്ങൾ സംപ്രേഷണം ചെയ്തു. രണ്ടാംലോകമഹായുദ്ധത്തോടെ മിക്കി മൗസ് കാർട്ടൂൺ സംപ്രേഷണം വ്യാപകമായി ജനപിന്തുണ നേടി.

## Assignments

1. ആശയവിനിമയം സാംസ്കാരികവും സർഗാത്മകവും വൈജ്ഞാനികവുമായ മേഖലകളിലേക്ക് വ്യാപിക്കുന്നത് എങ്ങനെ എന്ന് വിശദീകരിക്കുക.
2. വിനിമയ മാധ്യമങ്ങൾ എപ്രകാരമാണ് സമൂഹത്തെ സ്വാധീനിക്കുന്നത്.
3. ആശയവിനിമയ മാധ്യമത്തിന് ഉദാഹരണങ്ങൾ എഴുതുക.
4. അച്ചടിവിനിമയത്തിന്റെ വിവിധ ഘട്ടങ്ങൾ
5. ഇലക്ട്രോണിക് മാധ്യമങ്ങളെക്കുറിച്ച് എഴുതുക.
6. ടെലിവിഷൻ ചരിത്രം, ഉല്പത്തിവികാസം വിശദമാക്കുക.
7. വിവരസാങ്കേതിക വിദ്യയും മാധ്യമങ്ങളും
8. മാധ്യമങ്ങൾ വിനിമയം ചെയ്യുന്ന സാംസ്കാരിക രാഷ്ട്രീയം
9. സത്യാനന്തര മാധ്യമ പ്രവർത്തന രീതി

## Suggested Reading


1. ജെ.വി. വിളനിലം, മാധ്യമങ്ങളും ആനുകാലിക സാമൂഹികപ്രശ്നങ്ങളും കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. മാധ്യമങ്ങളും മലയാള സാഹിത്യവും, കേരളസർവ്വകലാശാല പ്രസിദ്ധീകരണം,
3. ഇ.എം.എസ്. നമ്പൂതിരിപ്പാട്, നമ്മുടെ ഭാഷ കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. വി.കെ. ആദർശ്, ഇനി വായന-ഇ-വായന, ഡി. സി. ബുക്സ്, കോട്ടയം.
5. അരുൺകുമാർ.കെ ഇന്റർനെറ്റ്, ഇൻഫോ കൈരളി.
6. ഡോ.കെ.കെ. കുറുപ്പ്, കേരള ചരിത്രപഠനങ്ങൾ, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.


## Reference


1. ഡോ. അച്യുത് ശങ്കർ എസ്സ്. നായർ, കമ്പ്യൂട്ടർ പരിചയവും പ്രയോഗവും, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. റോബി ജെഫ്രി, ഇന്ത്യയിലെ പത്രവിപ്ലവം, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഡോ.ജെ.വി. വിളനിലം, ആലോകം മുതൽ ഇ-ലോകം വരെ, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. പുതുപ്പള്ളി രാഘവൻ, കേരള പത്രപ്രവർത്തന ചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ
5. ഭാസുരേന്ദ്ര ബാബു, മലയാളികളുടെ മാധ്യമ ലോകം, സിത്താര ബുക്സ്, തിരുവനന്തപുരം.
6. എം.വി. തോമസ്, ഭാരതീയ പത്രചരിത്രം, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# അച്ചടിമാധ്യമങ്ങളും സന്ദേശനിർമ്മിതിയും

## BLOCK-02

SGOU

**Unit 1**

# അച്ചടിമാധ്യമങ്ങളും സന്ദേശനിർമ്മിതിയും

## Learning Outcomes

- അച്ചടിയുടെ സാംസ്കാരിക പ്രാധാന്യം പരിശോധിക്കുന്നു
- മലയാളത്തിലെ അച്ചടിമാധ്യമങ്ങൾ വിശദീകരിക്കുന്നു
- ക്രിസ്ത്യൻ മിഷനറിമാരെക്കുറിച്ച് മനസ്സിലാക്കുന്നു
- ചോംസ്കിയുടെ ധൈഷണികമായ പൊതുസ്വഭാവം വിശദീകരിക്കുന്നു
- മാധ്യമസിദ്ധാന്തത്തിന്റെ ഭാഗമായി പ്രചാരണമാതൃകകൾ പരിശോധിക്കുന്നു
- അമേരിക്കയുടെ സാമ്രാജ്യത്വനിലപാടുകളെ ശക്തമായി എതിർക്കുന്ന ചോംസ്കിയുടെ ദാർശനികവ്യക്തിത്വം വിശകലനം ചെയ്യുന്നു
- അഫ്ഗാനിസ്ഥാനിലെ അമേരിക്കൻ അധിനിവേശം ചർച്ച ചെയ്യുന്നു
- മാധ്യമങ്ങളുടെ സിദ്ധാന്തവത്കരണത്തെക്കുറിച്ചും നിർവഹണത്തിന്റെ വിശദീകരണങ്ങളെക്കുറിച്ചും വിശകലനം ചെയ്യുന്നു
- വികസനരാജ്യങ്ങളിലെയും വികസ്വരരാജ്യങ്ങളിലെയും മാധ്യമങ്ങളുടെ അജണ്ടയെക്കുറിച്ച് ചർച്ച ചെയ്യുന്നു
- മാധ്യമങ്ങളുടെ സമ്മതിനിർമ്മാണകർത്തവ്യങ്ങൾ വിശകലനം ചെയ്യുന്നു
- വാർത്തകളുടെ അഞ്ച് അരിപ്പകൾ എന്താണെന്ന് വിശദീകരിക്കുന്നു
- ആധുനികത്വത്തിൽനിന്ന് ഉത്തരാധുനികത്വത്തിലേക്കുള്ള മലയാള മാധ്യമ സംസ്കാരത്തിന്റെ വികാസം രേഖപ്പെടുത്തുന്നു
- ഖരരൂപത്തിൽ ആരംഭിച്ച മാധ്യമപ്രവർത്തനം ഇന്ന് ദ്രവരൂപത്തിലേക്ക് രൂപാന്തരം പ്രാപിച്ചതിന്റെ വിശദാംശങ്ങൾ വിവരിക്കുന്നു
- പത്രപ്രവർത്തനം വിപണിവൽക്കരിക്കപ്പെട്ട ലോകത്തിലേക്ക് എത്തിയതിന്റെ ചരിത്രം വിശദീകരിക്കുന്നു
- ആദ്യകാല പത്രപ്രവർത്തനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുന്നു
- പത്രപ്രവർത്തനത്തിന്റെ അഞ്ച് ഘട്ടങ്ങൾ വിശദമായി പരിശോധിക്കുന്നു
- ശ്രദ്ധേയമായ മാധ്യമഅക്കാദമിക് പഠനമായ 'സോഷ്യൽ മീഡിയ റീഡർ' എന്ന ഗ്രന്ഥത്തെക്കുറിച്ച് വിശദീകരിക്കുന്നു
- മാധ്യമങ്ങൾക്ക് മേലുള്ള വായനക്കാരുടെ ഇടപെടലുകൾ പരിശോധിക്കുന്നു

## Background

ആധുനികഭാഷാശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന നോം ചോംസ്കി ഇന്ന് ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും പ്രശസ്തനായ എഴുത്തുകാരനാണ്. ആശയങ്ങളുടെ ചരിത്രത്തിൽ ഡാർവിനും ഡെക്കാർത്തെയ്ക്കുമൊപ്പം നമ്മുടെ ചിന്താരീതിയെ ആകെ മാറ്റിമറിച്ച സൈദ്ധാന്തികനാണ് ചോംസ്കി. സാമ്രാജ്യത്വ അനുകൂല പ്രത്യയശാസ്ത്രങ്ങളുടെ പ്രചരണവേലയ്ക്കായി അമേരിക്കൻ ബുദ്ധിജീവികൾ നടത്തുന്ന ശ്രമങ്ങളെ തുറന്നുകാട്ടാൻ നോം ചോംസ്കി എന്നും മുന്നിലുണ്ടായിരുന്നു. ഇക്കൂട്ടരുടെ സാമ്രാജ്യത്വനിലപാടുകളെ ചോംസ്കി ശക്തമായി

നേരിടുകയും ധീരമായി തന്റെ കാഴ്ചപ്പാടുകൾ വെളിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വിയറ്റ്നാം യുദ്ധത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ച അമേരിക്കൻ ബുദ്ധിജീവികളിൽ ഏറ്റവും മുന്നിലാണ് ചോംസ്കിയുടെ സ്ഥാനം. ഈ വിഷയത്തിൽ അമേരിക്കൻ ബുദ്ധിജീവികളുടെ പക്ഷപാതപരമായ കാഴ്ചപ്പാടിനെ അദ്ദേഹം തുറന്നുകാട്ടുന്നുണ്ട്.

കേരളത്തിലെ മാധ്യമപ്രവർത്തനചരിത്രശാഖ അത്ര പ്രബലമൊന്നുമല്ല. മലയാള പത്രപ്രവർത്തനത്തിന്റെ വിവിധഘട്ടങ്ങൾ പരിശോധിച്ചുകഴിഞ്ഞാൽ ഒന്നര നൂറ്റാണ്ട് തികയാത്ത മാധ്യമചരിത്രമാണ് നമുക്കുള്ളത് എന്ന് കാണാൻ കഴിയും. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ബ്രിട്ടീഷ് കൊളോണിയൽ ഭരണവാഴ്ചയ്ക്കെതിരെ പോരാടാനായി തുടങ്ങിയ പത്രങ്ങളാണ് ബഹുഭൂരിപക്ഷവും. നാടിനുവേണ്ടി തുടങ്ങിയ പത്രപ്രവർത്തനം പിൽക്കാലത്ത് നിശ്ചിത ഉപഭോക്താക്കൾക്ക് മുന്നിലേക്ക് എത്തുന്ന വെറുമൊരു ഉൽപ്പന്നം എന്ന നിലയിലേക്ക് മാറുന്ന കാഴ്ചയാണ് രണ്ട് ദശകങ്ങളായി നമുക്ക് കാണുവാൻ കഴിയുന്നത്. സാംസ്കാരികവിപണിയിൽ വിൽക്കാവുന്ന ഒരു ഉൽപ്പന്നം എന്ന നിലയിൽ ഇന്നത് വിവിധരൂപങ്ങളിലായി വിജയം കണ്ടിട്ടുണ്ട്.

ആദ്യകാലത്ത് ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടത്തിനെതിരെ ദേശീയ സ്വാതന്ത്ര്യസമരപോരാളികൾ ശക്തമായി രംഗത്തുവന്ന വേളയിലാണ് അത്തരം വാർത്തകളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് മാധ്യമങ്ങൾ ജനകീയ പിന്തുണ ഉറപ്പാക്കിയത്. പക്ഷേ ഇന്ന് വായനക്കാരെ ആകർഷിക്കാനുള്ള വിവിധമാർഗങ്ങൾ കണ്ടെത്തി ആധുനികമനുഷ്യനെ തൃപ്തിപ്പെടുത്തുന്ന ഉൽപ്പന്നമായി പത്രം മാറി എന്ന അവസ്ഥയ്ക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്. ഉത്തരാധുനികകാലത്ത് മലയാളത്തിൽ അച്ചടിമാധ്യമരംഗവും ദൃശ്യമാധ്യമരംഗവും  വിപണിയുടെ പിന്തുണയോടെ വ്യാപകമായി വായനക്കാരെ/കാണികളെ  ആകർഷിച്ചിട്ടുണ്ട്. ഇതിന്റെ നവരൂപങ്ങളാണ് ദൃശ്യമാധ്യമങ്ങളിൽ കാണാൻ കഴിയുന്നത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യദശകത്തോടെ നവമാധ്യമങ്ങൾ വായനക്കാരുടെയും പത്രമുടമകളുടെയും ഒരു തിരുത്തൽശക്തിയായി രംഗപ്രവേശം ചെയ്തു. ഈ സ്വതന്ത്രമാധ്യമങ്ങൾ മലയാളത്തിൽ മാത്രമല്ല എല്ലാ ഭാഷകളിലെയും വാർത്തകളുടെ ഉള്ളടക്കത്തിലെയും പത്രപ്രവർത്തനശൈലിയിലെയും പരിഷ്കരണം സംബന്ധിച്ച് പുതിയ നയങ്ങൾ സ്വീകരിക്കുവാനായി നിർബന്ധിതരായി.

പത്രപ്രവർത്തനത്തിന്റെ ആദ്യകാലംമുതൽ സമൂഹമാധ്യമങ്ങളുടെ ഇടപെടലുകൾവരെയുള്ള കാലഘട്ടം സൈദ്ധാന്തികമായും ചരിത്രപരമായും വിശകലനം നടത്തുകയാണ് ലേഖകൻ ചെയ്യുന്നത്. കല്ലച്ചുകളിൽ തുടങ്ങി ചെറിയ കാലത്തിനുള്ളിൽ വികാസം പ്രാപിച്ചു എങ്കിലും സമകാലിക പത്രപ്രവർത്തനത്തിന്റെ നേട്ടങ്ങളും ന്യൂനതകളും  വിശദീകരിക്കുകയാണിവിടെ.

## Keywords

ആദ്യകാല അച്ചടിമാധ്യമങ്ങൾ - മിഷനറിമാരുടെ സംഭാവന - ആദ്യകാല പത്രപ്രവർത്തകർ - സംഭാവനകൾ - സ്വാതന്ത്ര്യാനന്തര പത്രധർമ്മം - അധികാരവും അച്ചടിമാധ്യമങ്ങളും - ബഹുജനമാധ്യമങ്ങളുടെ പൊതുസമ്മതി

## Discussion

### അച്ചടിയുടെ സാംസ്കാരികപ്രാധാന്യം

മനുഷ്യപുരോഗതിയുടെ എല്ലാ വശങ്ങളെയും ഒരുപോലെ സ്പർശിക്കുന്ന മേഖലയാണ് അച്ചടിവിദ്യ. ആശയവിനിമയരംഗത്ത് എത്രത്തോളം ഇടപെടലുകൾ നടത്താൻ ഈ സാങ്കേതികവിദ്യയിലൂടെ കഴിയുമെന്ന് മനുഷ്യൻ തിരിച്ചറിഞ്ഞത് നൂറ്റാണ്ടിന്റെ അന്ത്യത്തോടെയാണ്. ലോകത്ത് വിവിധയിടങ്ങളിലായി അലയടിച്ച നവോത്ഥാന പ്രസ്ഥാനത്തിന് അടിത്തറ പാകിയത് പ്രാഥമികമായും അച്ചടിമാധ്യമമാണ് എന്ന് വിലയിരുത്തേണ്ടിവരും. ലിപികളും ഭാഷാചിഹ്നങ്ങളും പരസ്പരം വിനിമയം ചെയ്യുവാനായി വിഭിന്നമാർഗങ്ങൾ തേടുകയായിരുന്ന ആധുനികമനുഷ്യന് ഒരു പച്ചത്തുരുത്തായിരുന്നു അച്ചടിവിദ്യയുടെ കണ്ടെത്തൽ. മനുഷ്യന്റെ അടിസ്ഥാനവികസനത്തിന് സാംസ്കാരികമായ അടിത്തറ നൽകുക എന്നുള്ളതായിരുന്നു അച്ചടിവിദ്യയുടെ ദൗത്യം. സാംസ്കാരികവിനിമയത്തിനുള്ള ആദ്യവേദിയായി അച്ചടിവിദ്യ മാറിയത് വളരെ പെട്ടെന്നായിരുന്നു. ഗ്രന്ഥങ്ങളും ആനുകാലികങ്ങളും മനുഷ്യനെ സ്വാധീനിച്ചതോടെ സാമൂഹ്യ വളർച്ചയുടെ തോത് അതിവേഗം ഉയരത്തിലെത്തുന്ന കാഴ്ചയ്ക്കും നാം സാക്ഷിയായി. മാത്രമല്ല വാർത്താവിനിമയം, പാക്കേജിംഗ്, തപാൽ സ്റ്റാമ്പുകൾ, മുദ്രപ്പത്രങ്ങൾ, കടലാസ് നിർമിതനാണയങ്ങൾ, ബഹുവർണചിത്രങ്ങൾ, ഫോട്ടോകൾ എന്നിവയുടെ പകർപ്പുകൾ തുടങ്ങി ആധുനികസമൂഹത്തിനാവശ്യമായ എന്തിനും അച്ചടിയുടെ സഹായം ആവശ്യമാണ്.

> ▶ വികസനത്തിന് സാംസ്കാരികമായ അടിത്തറ നൽകുകയായിരുന്നു അച്ചടിവിദ്യയുടെ ദൗത്യം

സാക്ഷരതയെയും സാമൂഹിക അവബോധത്തെയും ഉയർത്തിക്കൊണ്ടുവരുന്നതിൽ അച്ചടിമാധ്യമം പ്രധാനപങ്കുവഹിച്ചു. അധികാരശക്തികളുടെ ജീർണ്ണതകൾക്കെതിരെ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിനുള്ള ഏറ്റവും പ്രധാനമാർഗ്ഗം അച്ചടിമാധ്യമമായിരുന്നു. സമൂഹത്തിന്റെ സംസ്കാരം ഉയർത്തുവാനും ചരിത്രം രേഖപ്പെടുത്തുവാനും സാഹിത്യകൃതികളെ രൂപപ്പെടുത്തിയത് പ്രസാധന സംരംഭങ്ങളാണ്. അച്ചടി വ്യാപകമായതോടെ സാഹിത്യകൃതികളും വ്യാപകമാകാൻ തുടങ്ങി. 15-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ പ്രചരിച്ച അച്ചടി വിദ്യ 16-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇന്ത്യയിൽ പ്രചരിച്ചു.

> ▶ അധികാരശക്തികളുടെ ജീർണ്ണതകൾക്കെതിരെ പൊതുജനാഭിപ്രായം രൂപപ്പെടുത്താൻ

### മലയാളത്തിലെ ആദ്യത്തെ അച്ചടി മാധ്യമങ്ങൾ

വൈജ്ഞാനികരംഗത്തും ഭാഷാസാഹിത്യരംഗത്തും വേഗത്തിൽ ചലനമുണ്ടാക്കിയ ഒരു സംഭവമാണ് അച്ചടിവിദ്യയുടെ ആവിർഭാവം. പത്രമാസികകളുടെ പ്രസാധനം, ഗദ്യഭാഷയുടെ വികാസം തുടങ്ങിയവ ഇതിന്റെ പരിണതഫലമാണ്. സാംസ്കാരികരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ അതുകൊണ്ടുണ്ടായി. പോർച്ചുഗീസുകാരുടെ വരവോടെയാണ് അച്ചടിയും തുടങ്ങുന്നത്. വൈദികവിഷയങ്ങൾ നാട്ടുഭാഷയിൽ പഠിപ്പിക്കുവാൻ വേണ്ടിയാണ് ജെസ്യൂട്ട് പുരോഹിതന്മാർ ഭാഷാ ലിപികളിൽ മുദ്രണം നടപ്പാക്കുന്നതിനുവേണ്ടി ശ്രമിച്ചത്. ജോനാസ് ഗോൺ സാൽവസ് എന്ന സ്പാനിഷ് മിഷനറിയാണ് ആദ്യമായി കേരളത്തിൽ മലയാളി ലിപികൾ അച്ചടിച്ചത് എന്നാണ് വിശ്വസി

ക്കുന്നത്. പോർച്ചുഗീസുകാർ കൊച്ചിയിലും വൈപ്പിൻ കോട്ടയിലും അച്ചടിശാലകൾ സ്ഥാപിച്ചു. ഡച്ചുകാരുടെകാലത്ത് പ്രസിദ്ധീകരിച്ച കേരളത്തിലെ സസ്യങ്ങളെക്കുറിച്ചുള്ള 'ഹോർത്തൂസ് മലബാറിക്കസ്' എന്ന പുസ്തകത്തിൽ സസ്യനാമങ്ങൾ ലത്തീൻ, അറബിക്, സംസ്കൃതം എന്നീ ഭാഷകൾക്ക് പുറമെ മലയാള അക്ഷരത്തിലും കൊടുത്തിരുന്നു. കൊച്ചിയിലെ ഡച്ച് ഗവർണറായിരുന്ന ഹെൻട്രിക് വാൻ റീഡ് ആണ് ഈ ഗ്രന്ഥം തയ്യാറാക്കിയത്. മലബാറിന്റെ ഉദ്യാനം എന്നാണ് ഗ്രന്ഥനാമത്തിന്റെ അർത്ഥം. ഇട്ടി അച്യുതൻ എന്ന വൈദ്യൻ ഗ്രന്ഥരചനയിൽ വാൻറീഡിനെ സഹായിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യമായി മലയാള ലിപി അച്ചടിച്ചത് ഈ കൃതിയിലാണെന്ന് കരുതപ്പെടുന്നു.

▶ ആദ്യമായി മലയാളി ലിപി അച്ചടിച്ചത് ഹോർത്തൂസ് മലബാറിക്കസ്

കൊച്ചിയിൽ 1576-ൽ ജോൺ ഗൊൺസാൽവസ് എന്ന സ്പെയിൻകാരൻ ഒരു അച്ചടിശാല സ്ഥാപിക്കുകയും, അതിനടുത്തകൊല്ലം അവിടെനിന്നും ക്രിസ്തീയ വേദോപദേശം എന്ന ഒരു കൃതി പ്രസിദ്ധീകരിക്കുകയും ചെയ്തുവെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പക്ഷേ ഗ്രന്ഥത്തിന്റെ തെളിവുകൾ ഒന്നും അവശേഷിപ്പിച്ചിട്ടില്ല. 'തിരുവിതാംകൂറിലെ ക്രൈസ്തവസഭാചരിത്രം' എന്ന പുസ്തകമെഴുതിയ ജി.ടി. മെക്കൻസിയാണ് ഈ വിവരം രേഖപ്പെടുത്തിയത്. ഗൊൺസാൽവസിന്റെ ഈ പുസ്തകം കണ്ടുകിട്ടുകയാണെങ്കിൽ മലയാളലിപിയിൽ കേരളത്തിൽ അച്ചടിച്ച ആദ്യത്തെ ഗ്രന്ഥമായിരിക്കുമത്. ഭാരതീയ ലിപിയിൽ അച്ചടിക്കപ്പെട്ട ആദ്യകൃതി വേദോപദേശ ഗ്രന്ഥമായ 'ഡോക്ട്രീന ക്രിസ്റ്റീന' ആണ്. 1539-ൽ പോർത്തുഗീസ് ഭാഷയിൽ യുവാൻ ബാരോസ് പ്രസിദ്ധീകരിച്ച വേദപാഠത്തിന്റെ ഏതാനും ഭാഗങ്ങൾ വിശുദ്ധഫ്രാൻസിസ് സേവ്യർ തർജ്ജമ ചെയ്തതാണ് ഈ കൃതി. 1556-ൽ ഗോവയിൽ ഇത് അച്ചടിച്ചുവെന്നു പറയപ്പെടുന്നുണ്ടെങ്കിലും അതിന്റെ പകർപ്പോ മറ്റു തെളിവുകളോ അവശേഷിച്ചിട്ടില്ല. എന്നാൽ 1578-ൽ കൊല്ലത്ത് തങ്കശ്ശേരിയിൽ ദിവ്യരക്ഷകന്റെ കലാലയത്തിൽനിന്നും ഈ കൃതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹാർവാർഡ് യൂണിവേഴ്സിറ്റി ലൈബ്രറിയിൽ വേദപാഠത്തിന്റെ ചില ഭാഗങ്ങളുടെ പകർപ്പ് സൂക്ഷിച്ചിട്ടുണ്ട്. കേരളത്തിൽ അച്ചടിച്ച ആദ്യത്തെ മലയാള ഗ്രന്ഥമായി അറിയപ്പെടുന്നത് കോട്ടയത്തെ സി.എം.എസ്. പ്രസ്സിൽ നിന്ന് 1824-ൽ പ്രസിദ്ധീകരിച്ച 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയ കഥകൾ' എന്ന ബാലസാഹിത്യകൃതിയാണ്.

▶ ഡോക്ട്രീന ക്രിസ്റ്റീനയുടെ അച്ചടി

മലയാളഭാഷയിൽ വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുവും തയ്യാറാക്കുന്നതിന് താത്പര്യം കാണിച്ചത് ജെസ്യൂട്ട് മിഷനറിമാരായിരുന്നു. മലയാളത്തിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം തയാറാക്കിയത് 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വാരാപ്പുഴ മെത്രാപോലീത്ത ആയിരുന്ന ഡോ. ആഞ്ചലോസ് ഫ്രാൻസിസ് ആണ്. അർണോസ് പാതിരിയാണ് 18-ാം നൂറ്റാണ്ടിൽ ആദ്യത്തെ നിഘണ്ടു തയ്യാറാക്കിയത്. മലയാളഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ പുസ്തകം ഫാദർ ക്ലെമെൻറ് രചിച്ച 'സംക്ഷേപവേദാർത്ഥം' ആണ്. ക്രിസ്തുമതതത്വങ്ങൾ പൂർണമായും വിവരിക്കുന്ന ഈ പുസ്തകം 1772-ൽ റോമിലാണ് മുദ്രണം ചെയ്തതെന്ന് വിശ്വസിക്കുന്നു. വിദേശ മിഷനറിമാരെ പിന്തുടർന്നുകൊണ്ട് നാട്ടുകാരായ പാതിരിമാരും മലയാളഭാഷയിൽ കൃതികൾ

രചിക്കുകയുണ്ടായി. കരിയാറ്റിൽ ഔസേപ്പ് മെത്രാന്റെ വേദതർക്കം, മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമായ പാറേമ്മാക്കൽ തോമാകത്തനാരുടെ 'വർത്തമാന പുസ്തകം' എന്നിവ ഇതിന് ഉദാഹരണമാണ്. 19-ാം നൂറ്റാണ്ടിൽ ബെഞ്ചമിൻ ബെയിലിയും ഹെർമൻ ഗുണ്ടർട്ടും മലയാളം കൃതികളുടെ അച്ചടിയിൽ സജീവമായി ഇടപെട്ടവരാണ്. 1846- ൽ ബെയിലി ഒരു ഇംഗ്ലീഷ് മലയാളം നിഘണ്ടു പ്രസിദ്ധപ്പെടുത്തി. ജർമ്മൻകാരനും, ബാസൽ മിഷൻ പ്രവർത്തകനുമായ ഹെർമൻ ഗുണ്ടർട്ട് മലയാളം ഇംഗ്ലീഷ് നിഘണ്ടു (1872) പ്രസിദ്ധപ്പെടുത്തി. വ്യാകരണം, ചരിത്രം, വേദശാസ്ത്രം എന്നീ വിഷയങ്ങളിലും അദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. തലശ്ശേരിയിൽനിന്നാണ് ഇവ ഗുണ്ടർട്ട് പ്രസിദ്ധീകരിച്ചിരുന്നത്.

> ▶ ഗുണ്ടർട്ടിന്റെ മലയാളം ഇംഗ്ലീഷ് നിഘണ്ടു


രാജ്യസമാചാരം

1847-ൽ ഹെർമൻ ഗുണ്ടർട്ട് എഡിറ്റ് ചെയ്ത് തലശ്ശേരിയിൽനിന്ന് പ്രസിദ്ധീകരിച്ച രാജ്യസമാചാരമാണ് ആദ്യത്തെ മലയാളം പത്രം. ക്രിസ്ത്യൻ മതമൂല്യങ്ങൾ പ്രചരിപ്പിക്കുന്ന പശ്ചിമോദയം 1847 ഒക്ടോബറിനും 1857 ജൂണിനും ഇടയിൽ തലശ്ശേരിയിൽനിന്ന് പ്രസിദ്ധീകരിച്ചു. മറ്റു പല ആദ്യകാലമലയാളപത്രങ്ങളും ക്രിസ്ത്യൻമിഷനറിമാർ പ്രസിദ്ധീകരിച്ചിരുന്നു. 1848 നവംബർ മുതൽ കോട്ടയത്തെ ചർച്ച് മിഷൻ സൊസൈറ്റി പ്രസിദ്ധീകരിച്ച ജ്ഞാനനിക്ഷേപവും പട്ടികയിൽ ഉണ്ട്. എന്നാൽ ഗദ്യസാഹിത്യത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രയോജനം ചെയ്തത് ചില സാഹിത്യ മാസികകളാണ്. വിദ്യാവിലാസിനി (1881), വിദ്യാവിനോദിനി (1889), ഭാഷാപോഷിണി (1892), രസികരഞ്ജിനി (1903), മംഗളോദയം (1908) എന്നീ മാസികകളും, കേരളപത്രിക (1884), മലയാളി (1886), മലയാള മനോരമ (1890) എന്നീ വൃത്താന്തപത്രങ്ങളുമാണ് മലയാള ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്ക് നിർണായകമായ പങ്കുവഹിച്ചത്. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സർഗാത്മക സാഹിത്യസൃഷ്ടികളും മലയാളഗദ്യത്തെ വികസിപ്പിക്കുകയും നിരവധി എഴുത്തുകാരെ കണ്ടെത്തി വളർത്തിക്കൊണ്ടുവരുകയും ചെയ്തു. മലയാളപത്രപ്രവർത്തനം അടുത്ത അര നൂറ്റാണ്ടിനിടയിൽ അമ്പതോളം പ്രസിദ്ധീകരണങ്ങൾക്കു സാക്ഷ്യം വഹിച്ചു. എന്നാൽ ഇവയിൽ പലതും കുറച്ചു വർഷങ്ങൾക്കകം നിലച്ചുപോവുകയും ചെയ്തു.

> ▶ ഗദ്യസാഹിത്യത്തിന്റെ വളർച്ചയ്ക്ക് സഹായിച്ച സാഹിത്യ മാസികകൾ

വിദ്യാഭ്യാസപ്രസിദ്ധീകരണമായ വിദ്യാസംഗ്രഹം 1864-ൽ ആദ്യമായി പ്രസിദ്ധീകരിച്ചു. 1876-ൽ ആരംഭിച്ച ക്രിസ്തീയപത്രികയായ സത്യനാദ കാഹളം, 1878 മുതൽ ബാസൽ മിഷൻ സൊസൈറ്റി പ്രസിദ്ധീകരിച്ച കേരളോപകാരി, 1887-ൽ പ്രസിദ്ധീകരണം ആരംഭിച്ച നസ്രാണി ദീപിക, മലയാള മനോരമ, മലയാളി, വെസ്റ്റേൺ സ്റ്റാർ, തിരുവിതാംകൂറിലെ കേരള താരക, കൊച്ചിയിലെ കേരള മിത്രം, സത്യനാദം, മലബാറിലെ കേരള പത്രിക, കേരള സഞ്ചാരി എന്നിവയാണ് ആദ്യകാല പ്രമുഖ മലയാളപത്രങ്ങൾ.

> ▶ ആദ്യകാല മലയാളപത്രങ്ങൾ

## ജ്ഞാനമണ്ഡലത്തിൽ സൃഷ്ടിച്ച ഉണർവ്

ജീവിതത്തിന്റെ നാനാമേഖലകളിലും മാധ്യമങ്ങളുടെ സ്വാധീനം

ശക്തമാണ്. ആദ്യകാല മാധ്യമസന്ദേശങ്ങളുടെ സ്വാധീനം മനുഷ്യരിൽ അറിവ്, വിശ്വാസസമ്പ്രദായങ്ങൾ, മനോഭാവം എന്നിവയിൽ മാറ്റങ്ങളുണ്ടാക്കുന്നു. സാംസ്കാരികമായ അഭിവൃദ്ധി വികസിപ്പിച്ചതോടൊപ്പം മാധ്യമങ്ങൾ വായനക്കാരനെ ബൗദ്ധികമായും വൈകാരികമായും സ്വാധീനിക്കുന്നു.

▶ അച്ചടിവിദ്യ ആരംഭം

## ക്രിസ്ത്യൻമിഷനറിമാരുടെ സംഭാവന

വർത്തമാന പത്രങ്ങളുടെ ചരിത്രത്തിൽ ക്രിസ്ത്യൻമിഷനറിമാരുടെ പങ്ക് വളരെ പ്രധാനമാണ്. മതപ്രചാരണം ലക്ഷ്യമിട്ടാണെങ്കിലും


THE TREASURY OF KNOWLEDGE.

ജ്ഞാനനിക്ഷേപം.

ജ്ഞാനനിക്ഷേപം

അച്ചടിവിദ്യ ആദ്യമായി കേരളത്തിൽ കൊണ്ടുവന്നത് മിഷനറിമാരാണ്. മതമൂല്യങ്ങൾ പ്രചരിപ്പിക്കുകയും മതബോധനം ലക്ഷ്യമാക്കിയും പശ്ചിമോദയം പത്രം 1847 ഒക്ടോബറിനും 1857 ജൂണിനും ഇടയിൽ തലശ്ശേരിയിൽനിന്ന് പ്രസിദ്ധീകരിച്ചു. മറ്റു പല ആദ്യകാലമലയാളപത്രങ്ങളും ക്രിസ്ത്യൻ മിഷനറിമാർ പ്രസിദ്ധീകരിച്ചിരുന്നു. 1848 നവംബർ മുതൽ കോട്ടയത്തെ ചർച്ച് മിഷൻ സൊസൈറ്റി പ്രസിദ്ധീകരിച്ച ജ്ഞാനനിക്ഷേപവും ചരിത്രത്തിലുണ്ട്.

▶ ജ്ഞാനനിക്ഷേപത്തിന്റെ അച്ചടി

പോർച്ചുഗീസുകാരെപ്പോലെ ഡച്ചുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരുമായ മിഷനറിമാരെല്ലാം ഇവിടെ പ്രവർത്തിച്ചത് മതപരിഷ്കരണ ദൗത്യത്തിന്റെ പാശ്ചാത്തലത്തിലായിരുന്നു. ഇത്തരം പരിഷ്കാരങ്ങൾക്ക് അനുകൂലമായ ഒരു സംഘം ഇവിടുത്തെ നസ്രാണികൾക്കിടയിൽത്തന്നെയുണ്ടായിരുന്നു. ഇത് മിഷനറിമാർക്ക് ഏറെ സഹായകരമായി. അങ്ങനെ പ്രേഷിതവൃത്തിയോടൊപ്പം മിഷനറിമാർ ഏർപ്പെട്ട വൈജ്ഞാനികപ്രവർത്തനങ്ങൾ കേരളത്തിന്റെ സാംസ്കാരിക വിദ്യാഭ്യാസമേഖലകളിൽ വലിയ ചലനങ്ങളുണ്ടാക്കി. പതിനെട്ടാംനൂറ്റാണ്ടിൽ വാരാപ്പുഴയിൽ വന്ന് പ്രേഷിതവൃത്തിയിലേർപ്പെട്ട പൗളിനോസ് പാതിരി സിദ്ധരൂപത്തിന് പരിഭാഷ തയ്യാറാക്കി തൃപ്പാപ്പൂർ വലിയ രാജാവിനു സമർപ്പിച്ചു. അമ്പഴക്കാട്ടും വാരാപ്പുഴയിലും താമസിച്ചിരുന്ന ക്രിസ്ത്യൻമിഷനറിമാർ വ്യാകരണങ്ങളും നിഘണ്ടുക്കളും തയ്യാറാക്കിയിരുന്നു. 1699-ൽ ജർമ്മൻ മിഷനറിയായ അർണ്ണോസു പാതിരി മലയാള വ്യാകരണവും മലയാളനിഘണ്ടുവും എഴുതി. പതിനെട്ടാംനൂറ്റാണ്ടിൽ ഫാദർ പിയാനിസ് പാതിരി വിദേശമിഷനറിമാർക്കായി ഒരു മലയാള നിഘണ്ടു തയ്യാറാക്കി. 1799-ൽ റോബർട്ട് ഡ്രമ്മണ്ട് ബോംബയിൽനിന്ന് ഒരു മലയാളവ്യാകരണം പ്രസിദ്ധപ്പെടുത്തി. റവറന്റ് ബഞ്ചമിൻ ബെയ്ലി 1846- ൽ ഒരു മലയാളം ഇംഗ്ലീഷ് ഡിക്ഷണറി പ്രസിദ്ധപ്പെടുത്തി. 1821-ൽ ബെയ്ലിയാണ് സി.എം.എസ്. പ്രസ് സ്ഥാപിച്ചത്.

▶ വിദ്യാഭ്യാസമേഖലയിൽ ഉണ്ടായ പുരോഗതി

## ഹെർമൻ ഗുണ്ടർട്ട്

ക്രിസ്ത്യൻമിഷനറിമാരിൽ എടുത്തുപറയേണ്ട മറ്റൊരു പേര് ഹെർമൻ ഗുണ്ടർട്ടിന്റേതാണ്. ജർമ്മൻകാരനായ ഗുണ്ടർട്ട് ബാസൽ മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വടക്കേമലബാറിൽ താമസിച്ചു. ഗുണ്ടർ

ട്ടിന്റെ പ്രസിദ്ധമായ മലയാളം-ഇംഗ്ലീഷ് നിഘണ്ടു 1872 ൽ പ്രകാശിതമായി. ഇതുകൂടാതെ വ്യാകരണം, ചരിത്രം, വേദശാസ്ത്രം തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ മുഴുകിയ ഗുണ്ടർട്ട് കുട്ടികൾക്കുവേണ്ടി നിരവധി പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. രാജ്യസമാചാരം(1847 ജൂൺ), പശ്ചിമോദയം(1847 ഒക്ടോബർ) തുടങ്ങിയ മലയാളത്തിലെ ആദ്യകാല പത്രമാസികകൾ തലശ്ശേരിയിൽനിന്നും പ്രസിദ്ധീകരിച്ചതും ഹെർമൻ ഗുണ്ടർട്ടാണ്. 18 ഭാഷകളിൽ അറിവുണ്ടായിരുന്ന അദ്ദേഹത്തിന് മലയാള ഭാഷയിൽ തികഞ്ഞ അവഗാഹമുണ്ടായിരുന്നു. മലയാളം-ഇംഗ്ലീഷ് നിഘണ്ടു ഉൾപ്പെടെ ഇരുപതിലധികം കൃതികൾ രചിച്ചിട്ടുണ്ട്. മിഷനറിമാരുടെ ഇത്തരം വൈജ്ഞാനികപ്രവർത്തനങ്ങൾ തദ്ദേശീയരായ പണ്ഡിതന്മാർക്ക് വലിയ പ്രോത്സാഹനവും പ്രചോദനവുമായി. അവർ സ്വന്തം നിലയിൽ പുസ്തകങ്ങൾ രചിക്കുന്നതിനു തയ്യാറായി. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമായ വർത്തമാനപ്പുസ്തകം പാറേമ്മാക്കൽ തോമാകത്തനാർ പ്രസിദ്ധീകരിക്കുന്നതും ഇക്കാലത്താണ്. കരിയാറ്റിൽ മല്പാനോടൊപ്പം 1778 നും 1786 നും ഇടയ്ക്ക് റോമിലേക്ക് നടത്തിയ യാത്രയുടെ വിവരണമാണ് വർത്തമാനപ്പുസ്തകം. 18-ാം ശതകത്തിലെ മധ്യകേരളത്തിലെ നസ്രാണി സമൂഹത്തിൽ പ്രചാരത്തിലിരുന്ന വാമൊഴി ഭാഷ ഇതിൽ ധാരാളമായി ഉപയോഗിച്ചിരിക്കുന്നു.



വർത്തമാനപ്പുസ്തകം

- തോമാകത്തനാരുടെ വർത്തമാനപ്പുസ്തകം
- ജർമ്മൻ മിഷനറിയായ ഹെർമൻ ഗുണ്ടർട്ടിന്റെ സംഭാവനകൾ



ഹെർമൻ ഗുണ്ടർട്ട്

ഭാഷാവ്യാകരണ രംഗത്തുമാത്രമായി ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല മിഷനറിമാരുടെ പ്രവർത്തനങ്ങൾ. കേരളത്തിൽ പാശ്ചാത്യ വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുന്നതും മിഷനറിമാരാണ്. റിങ്കൾട്ടാബ് എന്ന പേർഷ്യൻ മിഷനറി തിരുവനന്തപുരം നാഗർകോവിൽ പ്രദേശങ്ങളിൽ സ്കൂളുകൾ സ്ഥാപിച്ച് വിദ്യാഭ്യാസം നൽകി. ലണ്ടൻ മിഷൻ സൊസൈറ്റിയുടെ പ്രവർത്തകനായ ഡോക്ടർ റീഡ് 1817ൽ കേരളത്തിൽ എത്തി. സാധാരണ വിദ്യാലയങ്ങളും തൊഴിൽ പരിശീലനത്തിനുള്ള വിദ്യാലയങ്ങളും സ്ഥാപിച്ചു. 1821-ൽ സി. എം. എസ്. മിഷനറിമാർ കോട്ടയത്ത് ഒരു ഗ്രാമർ സ്കൂൾ സ്ഥാപിച്ചു. അവരുടെ ഭാര്യമാരുടെ നേതൃത്വത്തിൽ കോട്ടയത്തു പെൺകുട്ടികൾക്ക് മാത്രമായി ഒരു പള്ളിക്കൂടവും സ്ഥാപിച്ചു. ബെയ്‌ലി, ബേക്കർ, ഫെൻ തുടങ്ങിയവർ കോട്ടയത്തു താമസിച്ചു പ്രവർത്തിച്ച ആദ്യകാല സി. എം. എസ്. മിഷനറിമാരാണ്.

- വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു

1818-ൽ റവറന്റ് ജെ. ഡാസൺ എന്ന ഇംഗ്ലീഷ് മിഷനറി മട്ടാഞ്ചേരിയിൽ ഒരു വിദ്യാലയം ആരംഭിച്ചു. ബാസൽ ഇവാഞ്ചലിക്കൽ മിഷന്റെ ആഭിമുഖ്യത്തിൽ 1848-ൽ കോഴിക്കോട്ട് കല്ലായിയിലും, 1856-ൽ തലശ്ശേരിയിലും സ്കൂളുകൾ സ്ഥാപിച്ചതോടെ കേരളത്തിന്റെ പ്രധാന കേന്ദ്രങ്ങളിലെല്ലാം പാശ്ചാത്യ രീതിയിലുള്ള വിദ്യാഭ്യാസത്തിന് തുടക്കമായി. ഈ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കേരളത്തിന്റെ അക്കാലത്തെ ഭരണാധികാരികൾക്കും തികഞ്ഞ പ്രചോദനമായിത്തീർന്നു. 1817ൽ റാണി ഗൗരിപാർവ്വതീഭായി അന്നത്തെ ദിവാനായിരുന്ന കേണൽ മൺറോയുടെ സഹായത്തോടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നടപ്പിലാക്കി. നാട്ടിൽ എല്ലാഭാഗങ്ങളിലും സ്കൂളുകൾ സ്ഥാപിച്ചുകൊണ്ട് അധ്യാപകരെ നിയമിച്ചു. അവർക്കു സർക്കാർ ശമ്പളവും നൽകിയതോടെ വിദ്യഭ്യാസം സർക്കാരിന്റെ ഉത്തരവാദിത്വമാണെന്ന തത്വം അംഗീകൃതമായി.

▶ മിഷനറിമാരും വിദ്യാഭ്യാസവും

## പൊതുജനാഭിപ്രായം എന്ന ആശയം

പതിനേഴാംനൂറ്റാണ്ടിൽ ഫ്രാൻസിലാണ് പൊതുജനാഭിപ്രായം എന്ന ആശയം രൂപം കൊള്ളുന്നത്. സമൂഹത്തെ ബാധിക്കുന്ന പൊതുപ്രശ്നങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തുന്നതിന് വേദി സംഘടിപ്പിക്കുക, പ്രചാരണം, വോട്ടിടൽ മുതലായ പ്രക്രിയകൾക്ക് നേതൃത്വം നൽകുക എന്നിങ്ങനെയുള്ള നടപടികൾക്കാണ് സാമൂഹ്യപരിഷ്കർത്താക്കൾ രംഗത്തിറങ്ങിയത്. ഇരുപത്തിയൊന്നാംനൂറ്റാണ്ടിൽ, മാധ്യമങ്ങളുടെ ഇടപെടലിന്റെ ഭാഗമായി നടത്തിയ പൊതുജനാഭിപ്രായം ഏവരെയും സ്വാധീനിച്ചതായി പരക്കെ കരുതുന്നു. പൊതുജനാഭിപ്രായത്തെക്കുറിച്ച് ചെങ്കുളത്ത് വലിയകുഞ്ഞിരാമ മേനോൻ പറയുന്നത് ഇങ്ങനെയാണ്. ഞാൻ പത്രപ്രവർത്തനത്തിൽ ഇറങ്ങിയ കാലത്ത് ഈ ജില്ലയിൽ പൊതുജനാഭിപ്രായം എന്ന ഒന്നുണ്ടായിരുന്നോ എന്നു തന്നെ സംശയമായിരുന്നു,ഏതെങ്കിലും ഒരു ദിക്കിലെ ഒരു പ്രമാണിയുടെയോ, ഒരു ഉദ്യോഗസ്ഥൻെറയോ അഭിപ്രായതിനുസരിച്ചായിരുന്നു ജനങ്ങളുടെ അഭിപ്രായവും നിന്നിരുന്നത്. അതിന് എതിരായി അഭിപ്രായങ്ങൾ ആലോചിക്കാനുള്ള അറിവ് ആളുകൾക്കുമുണ്ടായിരുന്നില്ല. ചുരുക്കം ചിലർക്കുണ്ടായിരുന്നെങ്കിൽത്തന്നെ അത് വെളിയിൽ പറയുവാൻ അവർക്ക് ധൈര്യം ഉണ്ടായിരുന്നില്ല.

▶ പൊതുജനാഭിപ്രായത്തിന് മുൻതൂക്കം

## കണ്ടത്തിൽ വർഗീസ് മാപ്പിള


കണ്ടത്തിൽ വർഗീസ് മാപ്പിള

മലയാള മനോരമ ദിനപ്പത്രത്തിന്റെ സ്ഥാപകനായ കണ്ടത്തിൽ വർഗീസ് മാപ്പിള സാമൂഹ്യപ്രശ്നങ്ങളിൽ സജീവമായി ഇടപെടലുകൾ നടത്തിയ മാധ്യമ ഉടമയായിരുന്നു. 1881-ൽ അദ്ദേഹം കേരളമിത്രം വാരികയുടെ പത്രാധിപർ ആയി. 1888-ൽ അദ്ദേഹം മലയാള മനോരമ പത്രം പ്രസിദ്ധീകരിച്ചു. പുലയർക്ക് വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയായിരുന്നു വറുഗീസ് മാപ്പിളയുടെ ആദ്യമുഖപ്രസംഗം. 1893-ൽ ഫെബ്രുവരി 11 ന് എഴുതിയ മുഖപ്രസംഗത്തിൽ അക്കാലത്തെ പത്രങ്ങളിലെ ഭാഷയെപ്പറ്റി എഴുതു

ന്നു. കേരളത്തിലെ എല്ലാവർക്കും മനസ്സിലാകുന്ന തരത്തിലുള്ള ഒരു ഗദ്യഭാഷ രൂപപ്പെടുത്തിയെടുക്കുവാൻ ബോധപൂർവ്വം ശ്രമിച്ച ഗദ്യലേഖകനായും അദ്ദേഹത്തെ വിശേഷിപ്പിക്കാം. കവി, ലിപി പരിഷ്കർത്താവ്, ഗദ്യകാരൻ എന്നിങ്ങനെ നിരവധിമേഖലകളിൽ പ്രവർത്തിച്ചു. പത്തൊമ്പതാംനൂറ്റാണ്ടിലെ പ്രമുഖസാംസ്കാരിക പ്രവർത്തകനായിരുന്നു കണ്ടത്തിൽ വർഗീസ് മാപ്പിള. അദ്ദേഹത്തിന്റെ സാംസ്കാരിക പ്രവർത്തനഫലമായി കേരളവർമ്മ വലിയ കോയിത്തമ്പുരാൻ അദ്ധ്യക്ഷനായി 1892-ൽ കോട്ടയത്തുചേർന്ന 'കവിസമാജം' കേരളത്തിലെ ആദ്യത്തെ സാഹിത്യസഭയായിരുന്നു. പിന്നീട് 'ഭാഷാപോഷിണി' എന്ന സാഹിത്യമാസികയുടെ പിറവിക്കു കാരണമായതും ഈ സംഘടനയായിരുന്നു. മലയാളത്തിലെ ഗദ്യസാഹിത്യത്തിന്റെ വികാസത്തിൽ ഭാഷാപോഷിണിക്ക് നിർണ്ണായകപങ്കുണ്ട്. ആധികാരികതയും ഗവേഷണസ്വഭാവമുള്ളതുമായ, സാഹിത്യസംബന്ധമായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന ആദ്യത്തെ സാഹിത്യമാസികയാണ് ഭാഷാപോഷിണി. ആദ്യകാലത്ത് ത്രൈമാസികയായിട്ടായിരുന്നു പ്രസിദ്ധീകരണം.

▶ പുലയർക്ക് വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത-കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ ആദ്യമുഖപ്രസംഗം

ആദ്യകാല മുഖപ്രസംഗങ്ങളെ ഒരു പത്രാധിപരെന്ന നിലയിൽ അടയാളപ്പെടുത്തുകയാണ് കണ്ടത്തിൽ വർഗീസ് മാപ്പിള. കലഹിനീദമനകം (ഷേക്സ്പിയറുടെ ടെയ്മിംഗ് ഓഫ് ദ ഷ്റൂ നാടകത്തിന്റെ സ്വതന്ത്ര വിവർത്തനം) ദർപ്പവിച്ഛേദം ആട്ടക്കഥ (യദുകുലരാഘവം), വിസ്മയജനനം പത്തുവൃത്തം, യോഷാഭൂഷണം, കീർത്തനമാല, എബ്രായക്കുട്ടി, ഇഷ്ടസഹോദരീ വിലാപം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ.

## ചെങ്കുളത്ത് വലിയ കുഞ്ഞിരാമമേനോൻ

ആദ്യമായി മലബാറിൽനിന്നു ഒരു വാർത്താപത്രിക പ്രസിദ്ധീകരിച്ചത് കുഞ്ഞിരാമമേനോനാണ്. 1884-ൽ 'കേരളപത്രിക' എന്ന പത്രം സ്ഥാപിച്ച അദ്ദേഹം 48 വർഷം അതിന്റെ പത്രാധിപരായിരുന്നു. ടി.എം. അപ്പുനെടുങ്ങാടി, കെ.ടി. വർഗ്ഗീസ്, കണ്ണമ്പ്ര വലിയ ഉണ്ണിനായർ എന്നിവരുടെ സഹായത്തോടെയാണ് കേരളപത്രിക തുടങ്ങിയത്. കൽക്കത്തയിലെ ആനന്ദബസാർ പത്രികയുടെ മാതൃകയിൽ ഒരു പത്രസ്ഥാപനം ആയിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. 1895-ൽ ലണ്ടനിൽ നടന്ന അഖിലലോകപത്രാധിപ സമ്മേളനത്തിലേക്ക് അദ്ദേഹം ക്ഷണിക്കപ്പെട്ടിട്ടുണ്ട്. അഴിമതിക്കെതിരെ ശക്തമായി, തൂലിക ചലിപ്പിച്ചു. 'സാഹിത്യ ചരിത്ര സംഗ്രഹത്തിൽ' ആർ. നാരായണപ്പണിക്കർ കേരളപത്രികയെക്കുറിച്ച് എഴുതിയത് ഇങ്ങനെയാണ്. 'ആ പത്രത്തിന്റെ ഓരോ ലക്കവും വിറയ്ക്കുന്ന കൈകളോടും തുടിക്കുന്ന ഹൃദയത്തോടും കൂടിയാണ് ഉദ്യോഗസ്ഥർ വായിക്കാറുണ്ടായിരുന്നത്.' സമ്പന്നമായ ശൈലിയായിരുന്നു അദ്ദേഹത്തിന്റേത്.

▶ 'കേരളപത്രിക' എന്ന പത്രം സ്ഥാപിച്ചു

## സി.വി. കുഞ്ഞിരാമൻ

സാമൂഹ്യ അനാചാരങ്ങൾക്കെതിരെ തൂലിക പടവാളാക്കി പൊരുതിയ ആദ്യകാല പത്രപ്രവർത്തകനായിരുന്നു കുഞ്ഞിരാമൻ. 1911 ൽ കെ സുകുമാരനുമായി ചേർന്ന് അദ്ദേഹം കേരളകൗമുദി പത്രം ആരംഭിച്ചു. ആദ്യം സ്വന്തം നാടായ കൊല്ലം ജില്ലയിലെ മയ്യനാടുനിന്നും

▶ കേരളകൗമുദി പത്രം ആരംഭിച്ചു

പിന്നീട് തിരുവനന്തപുരത്തുനിന്നും കേരള കൗമുദി പ്രസിദ്ധീകരണം തുടർന്നു. തിരണ്ടുകുളി, പുലകുളി, താലികെട്ട് തുടങ്ങിയ ജാതീയ സമ്പ്രദായങ്ങൾക്കെതിരെ അദ്ദേഹം കഥകളുമെഴുതി. മലയാളരാജ്യം പത്രത്തിന്റെ പത്രാധിപരായും പ്രവർത്തിച്ചു.

## സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

▶ തിരുവിതാംകൂറിൽ നിന്നും നാടുകടത്തൽ

തിരുവിതാംകൂറിൽ വ്യാപകമായ ക്രമക്കേടുകൾക്കെതിരെ ശക്തമായി പൊരുതിയ സാംസ്കാരികപരിഷ്കർത്താവായിരുന്നു സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. കേരളദർപ്പണം പത്രാധിപരായി തുടക്കം കുറിച്ചു. വക്കം അബ്ദുൽ ഖാദർ മൗലവിയുടെ ഉടമസ്ഥതയിൽ തുടങ്ങിയ പത്രമായ സ്വദേശാഭിമാനിയുടെ പത്രാധിപരുടെ സ്ഥാനം 1906-ൽ രാമകൃഷ്ണപിള്ള ഏറ്റെടുത്തു. നിർഭയമായി പത്രം നടത്തുകയും അഴിമതികളും മറ്റും പുറത്തുകൊണ്ടുവരികയും ചെയ്തു. ഇതേത്തുടർന്ന് അദ്ദേഹത്തെ തിരുവിതാംകൂറിൽനിന്നും നാടുകടത്തി. എന്നാൽ ജാതിവ്യവസ്ഥയ്ക്ക് അനുകൂലമായ സവർണ്ണനിലപാടായിരുന്നു രാമകൃഷ്ണപിള്ള സ്വീകരിച്ചത് എന്ന ആക്ഷേപവും നിലനിൽക്കുന്നുണ്ട്. 'മതനിരപേക്ഷവാദിയായിരുന്ന സ്വദേശാഭിമാനിയുടെ എഴുത്തുകളിൽ പുരോഗമന വീക്ഷണവും ജനാധിപത്യ മൂല്യങ്ങളും തെളിഞ്ഞുനിന്നു. രാജ ഭക്തിയല്ല രാജി ഭക്തിയാണ് വേണ്ടതെന്ന് അദ്ദേഹം എടുത്തുപറഞ്ഞു. (പത്ര ചരിത്രത്തിന്റെ 100 വർഷങ്ങൾ - ഡോ. അനിൽ കുമാർ വടവാതൂർ)

## കേസരി ബാലകൃഷ്ണപിള്ള

ആധുനികകാലത്തെ ധീരനായ ചിന്തകനും ശ്രദ്ധേയനായ സാഹിത്യവിമർശകനും പത്രപ്രവർത്തകനുമായിരുന്നു ബാലകൃഷ്ണപിള്ള. നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിലും കേസരി അറിയപ്പെടുന്നു. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു. 1922 മെയ് 14നു 'സമദർശിയുടെ' പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള ധനസമാഹരണത്തിനായി അദ്ദേഹം തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4 മുതൽ 'പ്രബോധകൻ' പത്രത്തിന്റെ അച്ചടി ആരംഭിച്ചു. പത്രം അച്ചടിക്കുന്നതിനുവേണ്ടി അദ്ദേഹം ഒരു അച്ചടിശാല വിലയ്ക്കു വാങ്ങി. അതാണ് ശാരദ പ്രസ്സ്. പക്ഷേ മാസങ്ങൾക്കകം അധികാരികൾ പ്രബോധകന്റെ


കേസരി
THE KESARI
Published Every Wednesday

കേസരി - പത്രം

▶ കേസരിയുടെ പ്രബോധകൻ പത്രത്തിന്റെ അച്ചടി

ലൈസൻസ് റദ്ദ് ചെയ്തു. 1930 ൽ സെപ്റ്റംബർ 10-ാം തീയതി പ്രബോധകന്റെ പ്രവർത്തനം നിലച്ചെങ്കിലും ദിവസങ്ങൾക്കകം ബാലകൃഷ്ണപിള്ള 'കേസരി' എന്ന പേരിൽ ഒരു പത്രം പ്രസിദ്ധീകരിച്ച് അധികാരികളെ ഞെട്ടിച്ചു. 1931 ഫെബ്രുവരി 19-ാം തീയതി കോടതി അലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തി. 1935 ഏപ്രിൽ മാസത്തോടെ കേസരി പത്രത്തിന് തിരശീലവീണു. വൈകാതെ ബാലകൃഷ്ണപിള്ള

വലിയ കടബാധ്യതയിൽപ്പെട്ട് ജീവിതം പ്രതിസന്ധിയിലായി. ഒടുവിൽ അദ്ദേഹത്തിന് ശാരദാ പ്രസ് വിൽക്കേണ്ടിവന്നു.

### കെ പി കേശവമേനോൻ

ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതാവും പ്രമുഖസ്വാതന്ത്ര്യ സമരസേനാനിയുമായിരുന്നു കെ.പി. കേശവമേനോൻ. അറിയപ്പെടുന്ന ഗാന്ധിയൻ കൂടിയായിരുന്ന കേശവമേനോൻ 1923-ൽ മാതൃഭൂമി പത്രം സ്ഥാപിച്ചു. മലബാറിൽ ദേശീയ പ്രസ്ഥാനത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമമായിരുന്നു പത്രത്തിന്റേത്. സാമൂഹ്യപരിഷ്കരണത്തിന്റെ ശക്തമായ പ്രതിധ്വനിയായി മാതൃഭൂമി പത്രം മാറി. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തതിനെത്തുടർന്ന് ആറ് മാസം ജയിൽ ശിക്ഷയനുഭവിച്ചു. കേശവമേനോൻ മികച്ച എഴുത്തുകാരനായിരുന്നു. യാത്രാവിവരണമായ 'ബിലാത്തിവിശേഷം', ആത്മകഥയായ 'കഴിഞ്ഞ കാലം' എന്നിവയ്ക്ക് മലയാളസാഹിത്യത്തിൽ സവിശേഷസ്ഥാനമുണ്ട്


മാതൃഭൂമി

മാതൃഭൂമി - പത്രം

▶ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തു

### മുഖപ്രസംഗങ്ങളിലെയും ഉള്ളടക്കത്തിലെയും നിലപാടുകൾ

ഓരോ കാലഘട്ടത്തിലെയും പത്രങ്ങൾ അതത്കാലത്തെ സാമൂഹ്യപ്രശ്നങ്ങൾ അവതരിപ്പിക്കുന്ന രീതിയായിരുന്നു അവലംബിച്ചിരുന്നത്. എന്നാൽ വിവിധ മലയാളദിനപത്രങ്ങളുടെ നയപരമായ നിലപാടുകൾ വ്യത്യസ്തമാണ്. എന്നാൽ വിപണിവൽക്കരിക്കപ്പെട്ട സമൂഹത്തിൽ അധികവും ലാഭേച്ഛമാത്രം ലക്ഷ്യമാക്കിയ പത്രങ്ങൾ ആയിരുന്നു പ്രസിദ്ധി നേടിയത്. ഇക്കൂട്ടർ ഭരണകൂടത്തെ പിന്തുണച്ചുകൊണ്ട് നിരന്തരം മുഖപ്രസംഗങ്ങൾ എഴുതുക പതിവായിരുന്നു. മുഖപ്രസംഗങ്ങൾ വായിക്കുമ്പോൾ തന്നെ പത്രങ്ങളുടെ നയങ്ങൾ വായനക്കാരന് ഗ്രഹിക്കാൻ കഴിയും. മാത്രമല്ല ഉള്ളടക്കങ്ങളും അവർ വളച്ചൊടിച്ചു പ്രസിദ്ധീകരിച്ചു. വികസ്വരരാജ്യങ്ങളിലെ മാധ്യമങ്ങൾ സാമൂഹിക അസമത്വത്തിനും അഴിമതിക്കുമെതിരെ പോരാടുന്നതിൽ മുന്നിലുണ്ടായിരുന്നു.

▶ ഉള്ളടക്കങ്ങൾ വളച്ചൊടിയ്ക്കുന്ന മാധ്യമങ്ങൾ

### സ്വാതന്ത്ര്യാനന്തരം പത്രധർമ്മത്തിൽ വന്ന മാറ്റങ്ങൾ

ഇന്ത്യയിൽ ദേശീയപ്രക്ഷോഭം ശക്തമായ ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ പ്രചാരത്തിൽവന്ന പത്രങ്ങൾ പിൽക്കാലത്ത് അവസരവാദപരമായ നിലപാടുകൾ സ്വീകരിക്കുന്ന കാഴ്ചയ്ക്ക് നാം സാക്ഷ്യം വഹിച്ചു. അടിയന്തരാവസ്ഥയെ അനുകൂലിച്ചും പ്രതികൂലിച്ചും പത്രങ്ങൾ നിലപാട് സ്വീകരിച്ചു. 1952-ൽ സ്ഥാപിക്കപ്പെട്ട പ്രസ് കമ്മീഷനും 1965-ൽ നിലവിൽ വന്ന പ്രസ് കൗൺസിലും പിൽക്കാലത്ത് പത്രസ്വാതന്ത്ര്യത്തെ ഉറപ്പ് വരുത്തിയിട്ടുണ്ട്. എന്നാൽ ഇന്ന് വാർത്തകൾ ഒരു ഉൽപ്പന്നമായി മാറിക്കഴിഞ്ഞു. ഉപഭോക്താവിന്റെ താല്പര്യങ്ങൾക്കനുസരിച്ച് വാർത്തകളുടെ സ്വഭാവം മാറിക്കൊണ്ടിരിക്കും.

▶ വാർത്തകളുടെ സ്വഭാവം മാറിക്കൊണ്ടിരിക്കും

രാജ്യത്ത് നടക്കുന്ന സംഭവങ്ങളെ കഥകളുടെ രൂപത്തിലും കഥകളെ വാർത്തകളുടെ രൂപത്തിലേക്കും മാറ്റി പ്രതിഷ്ഠിച്ച് ഇന്ന് മാധ്യമലോകം പലതരം പരീക്ഷണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്.

## വാൾട്ടർ ലിപ്മാനും പൊതുജനാഭിപ്രായവും (1922)

വാൾട്ടർ ലിപ്മാന്റെ 'പൊതുഅഭിപ്രായം' ജനാധിപത്യം, മാധ്യമങ്ങൾ, പൊതു ധാരണയുടെ സങ്കീർണതകൾ എന്നിവയെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യത്തെ ആഴത്തിൽ സ്വാധീനിച്ച അടിസ്ഥാനകൃതിയായി ഇന്നും നിലകൊള്ളുന്നു. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വളർന്നുവന്ന ബഹുജനമാധ്യമരംഗത്ത്, പൊതുജനാഭിപ്രായവും രാഷ്ട്രീയവ്യവഹാരങ്ങളും രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങളുടെ പങ്കിനെക്കുറിച്ചുള്ള സമകാലികചർച്ചകളിൽ ലിപ്മാന്റെ ഉൾക്കാഴ്ചകൾ പ്രതിധ്വനിച്ചു.

▶ പൊതുഅഭിപ്രായം എന്ന കൃതി

വ്യക്തികൾ അവരുടെ ചുറ്റുമുള്ള ലോകത്തെ നേരിട്ട് മനസ്സിലാക്കുന്നില്ല. പകരം മാധ്യമങ്ങൾ നൽകുന്ന പ്രതീതിയെ അടിസ്ഥാനമാക്കി ഒരു 'കപട-പരിസ്ഥിതി' നിർമ്മിക്കുന്നു എന്ന ആശയമാണ് ലിപ്മാന്റെ തീസിസിന്റെ കേന്ദ്രആശയം. വസ്തുനിഷ്ഠമായ സത്യത്തിൽനിന്ന് വ്യതിചലിച്ചേക്കാവുന്ന ലോകത്തെക്കുറിച്ചുള്ള ആത്മനിഷ്ഠമായ ധാരണ സൃഷ്ടിക്കുന്നതിലൂടെ, ചിഹ്നങ്ങളിലൂടെയും സ്റ്റീരിയോടൈപ്പുകളിലൂടെയും മനുഷ്യമനസ്സ് യാഥാർത്ഥ്യത്തെ ഫിൽട്ടർ ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നുവെന്ന് അദ്ദേഹം വാദിക്കുന്നു.

▶ 'കപട-പരിസ്ഥിതി' നിർമ്മിക്കുന്നു എന്ന ആശയം

ഈ പ്രതീകാത്മക പ്രതിനിധാനങ്ങൾ നിർമ്മിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും, സംഭവങ്ങൾ, പ്രശ്നങ്ങൾ, വ്യക്തികൾ എന്നിവയോടുള്ള പൊതുധാരണകളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിലും മാധ്യമങ്ങളുടെ നിർണായകപങ്ക് ലിപ്മാന്റെ വിശകലനം എടുത്തുകാണിക്കുന്നു. 'സമ്മതത്തിന്റെ നിർമ്മാണം' എന്ന ആശയം അദ്ദേഹം അവതരിപ്പിക്കുന്നു. പൊതു വ്യവഹാരങ്ങൾ രൂപപ്പെടുത്തുന്നതിലും പ്രത്യേക രാഷ്ട്രീയ അജണ്ടകൾക്ക് പിന്തുണ സമാഹരിക്കുന്നതിലും മാധ്യമസ്ഥാപനങ്ങൾ എങ്ങനെ കാര്യമായ സ്വാധീനം ചെലുത്തുന്നു എന്ന് അദ്ദേഹം ഊന്നിപ്പറയുന്നു.

▶ 'സമ്മതത്തിന്റെ നിർമ്മാണം' എന്ന ആശയം

സങ്കീർണമായ വിഷയങ്ങളിൽ അറിവോടെയുള്ള തീരുമാനങ്ങൾ എടുക്കാനുള്ള ശരാശരി പൗരന്മാരുടെ കഴിവിനെക്കുറിച്ചുള്ള ആശങ്കകൾ ഉയർത്തിക്കൊണ്ട്, ബഹുജന ആശയവിനിമയത്തിന്റെ പശ്ചാത്തലത്തിൽ ലിപ്മാൻ ജനാധിപത്യത്തിന്റെ പരിമിതികളെ പരിചിന്തനം ചെയ്യുന്നു. വിവരങ്ങളുടെ അപാരമായ വളർച്ചയും മാധ്യമ സ്ഥാപനങ്ങളിൽ അന്തർലീനമായ പക്ഷപാതവും പൊതുജനധാരണയെ വളച്ചൊടിക്കുകയും തെറ്റായ അഭിപ്രായങ്ങളിലേക്കും തെറ്റായ നയതിരഞ്ഞെടുപ്പുകളിലേക്കും നയിക്കുമെന്നും അദ്ദേഹം വാദിക്കുന്നു.

ഈ വെല്ലുവിളികളോടുള്ള പ്രതികരണമായി, ആധുനികസമൂഹത്തിന്റെ സങ്കീർണതകളിലൂടെ കടന്നുപോകാൻ ആവശ്യമായ വൈദഗ്ധ്യവും ഉൾക്കാഴ്ചയും ഉള്ള വിദ്യാസമ്പന്നരായ ഉന്നതർ ഉൾപ്പെടുന്ന ഒരു 'അദൃശ്യ സർക്കാർ' എന്ന ആശയം ലിപ്മാൻ നിർദ്ദേശിക്കുന്നു. നയരൂപീകരണക്കാരെ ഉപദേശിക്കുന്നതിനും പൊതു വ്യവഹാരങ്ങൾ

രൂപപ്പെടുത്തുന്നതിനും കൂടുതൽ യുക്തിസഹവും അറിവുള്ളതുമായ ഭരണരീതി വിഭാവനം ചെയ്യുന്നതിനും ആയി വിദഗ്ധർ നയിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപിക്കണമെന്ന് അദ്ദേഹം വാദിക്കുന്നു.

ലിപ്മാന്റെ ആശയങ്ങൾ ചർച്ചകൾക്കും വിവാദങ്ങൾക്കും വഴിയൊരുക്കുമ്പോൾ, മാധ്യമങ്ങൾ, പൊതുജനാഭിപ്രായം, ജനാധിപത്യം എന്നിവയുടെ ചലനാത്മകതയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകൾ ഇന്നത്തെ ഡിജിറ്റൽ യുഗത്തിലും വളരെ പ്രസക്തമാണ്. സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകൾ, എക്കോ ചേമ്പറുകൾ, അൽഗോരിതമിക് ഫിൽട്ടറിംഗ് മെക്കാനിസങ്ങൾ എന്നിവയുടെ ഉയർച്ച പൊതുവ്യവഹാരത്തിന്റെ കൃത്രിമത്വത്തെയും വളച്ചൊടിക്കലിനെയുംകുറിച്ചുള്ള ആശങ്കകൾ തീവ്രമാക്കുന്നു. 'പൊതുഅഭിപ്രായം' എന്നത് മാധ്യമങ്ങൾ, ജനാധിപത്യം, പൊതുബോധം എന്നിവ തമ്മിലുള്ള സങ്കീർണ്ണമായ ബന്ധത്തെക്കുറിച്ചു ചിന്തോദ്ദീപകമായി പ്രവർത്തിക്കുന്നു. ലോകത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങളുടെപങ്ക് വിമർശനാത്മകമായി പരിശോധിക്കാൻ ലിപ്മാന്റെ കൃതി നമ്മെ വെല്ലുവിളിക്കുകയും സമകാലികസമൂഹത്തിന്റെ സങ്കീർണ്ണതകൾ സ്വാംശീകരിക്കുന്നു. പ്രതിജ്ഞാബദ്ധമായ പൗരത്വത്തിന്റെയും നൈതികതയുള്ള മാധ്യമ സാക്ഷരതയുടെയും പ്രാധാന്യം അടിവരയിടുകയുംചെയ്യുന്നു.

> ▶ പൊതുവ്യവഹാരത്തിന്റെ കൃത്രിമത്വത്തെയും വളച്ചൊടിക്കലും

ഇരുപതാംനൂറ്റാണ്ടിലെ ഏറ്റവും സ്വാധീനമുള്ള പത്രപ്രവർത്തകൻ എന്ന പേരിൽ അറിയപ്പെട്ട വാൾട്ടർ ലിപ്മാൻ ആധുനികപത്രപ്രവർത്തനത്തിന്റെ പിതാവ് എന്നും വിളിക്കപ്പെട്ടു. ജനാധിപത്യത്തിന്റെ അടിസ്ഥാനപ്രശ്നം വാർത്തകളുടെ കൃത്യതയും ഉറവിടങ്ങളുടെ സംരക്ഷണവുമായിരുന്നു എന്ന് അദ്ദേഹം എഴുതി. വികലമായ വാർത്തകൾ അന്തർലീനമാണെന്ന് അദ്ദേഹം വാദിച്ചു. വസ്തുതകൾ നിർവചിക്കുന്നതിനുമുമ്പ് ആളുകൾ അവരുടെ മനസ്സ് മുൻവിധിയോടെ ചിട്ടപ്പെടുത്തിയിരുന്നു, അതേസമയം നിഗമനങ്ങളിൽ എത്തുന്നതിനു മുമ്പ് വസ്തുതകൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക എന്നതാണ് യഥാർത്ഥ ആദർശമെന്നും അദ്ദേഹം വാദിച്ചു.

> ▶ ആധുനിക പത്രപ്രവർത്തനത്തിന്റെ പിതാവ്

2003-ലെ ഇറാഖ് യുദ്ധത്തിന് തൊട്ടുമുമ്പ്, അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ഡബ്ല്യു. ബുഷ് ഭരണകൂടവും അതിന്റെ സഖ്യകക്ഷികളും ചില രഹസ്യാന്വേഷണറിപ്പോർട്ടുകൾ ഉദ്ധരിച്ചു. ഇറാഖിന് രാസ, ജൈവ ആയുധങ്ങളുടെ ശേഖരം ഉണ്ടെന്നും ആണവായുധങ്ങൾ വികസിപ്പിക്കുന്നതിനുള്ള തീവ്ര പരീക്ഷണത്തിലാണെന്നും ഈ റിപ്പോർട്ടുകൾ ഉറപ്പിച്ചു. ഈ അവകാശവാദങ്ങൾ മുഖ്യധാരാമാധ്യമങ്ങൾ വ്യാപകമായി അവതരിപ്പിക്കുകയാണ് ചെയ്തത്. രാഷ്ട്രീയനേതാക്കൾ പലരും ഇതിൽ ആശങ്കപ്പെട്ടു പ്രതികരിക്കുകയും പൊതുജന ധാരണകൾ രൂപപ്പെടുത്തുകയും സൈനിക ഇടപെടലിനുള്ള പിന്തുണ നേടുകയും ചെയ്തു.

> ▶ ഇറാഖ് യുദ്ധവും ആണവായുധ പരിശോധനയും

എന്നാൽ ഇറാഖ് ആക്രമണത്തിനും തുടർന്നുള്ള അധിനിവേശത്തിനുംശേഷം, ഇതിനു വേണ്ടുന്ന തെളിവുകളൊന്നും കണ്ടെത്തിയില്ല. ആരോപണവിധേയമായ ആയുധങ്ങൾ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടത് ഇന്റലിജൻസിന്റെ വിശ്വാസ്യതയെക്കുറിച്ചും തെറ്റിദ്ധ

രിപ്പിക്കുന്ന വിവരങ്ങൾ പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്കിനെക്കുറിച്ചും ചോദ്യങ്ങൾ ഉയർത്തി.

പൊതുജനാഭിപ്രായത്തെയും മാധ്യമ സ്വാധീനത്തെയും കുറിച്ചുള്ള വാൾട്ടർ ലിപ്മാന്റെ വിശകലനത്തിന്റെ നിരവധി പ്രധാന വശങ്ങൾ ഇറാഖ് യുദ്ധത്തിന്റെ കേസ് വ്യക്തമാക്കുന്നു. യുദ്ധത്തിന് പൊതുജന പിന്തുണ ശേഖരിക്കാനുള്ള ബുഷ് ഭരണകൂടത്തിന്റെ ശ്രമങ്ങൾ, ഇന്റലിജൻസിന്റെ കൗശലപൂർവ്വമായ അവതരണത്തിലൂടെയും സദ്ദാം ഹുസൈന്റെ ഭരണകൂടം ഉയർത്തിയ ഭീഷണികളിലൂടെയും പൊതുജനാഭിപ്രായം അവർ ആഗ്രഹിച്ചതുപോലെ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ് വാസ്തവം. ഈ വിവരണങ്ങൾ പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങൾ നിർണായക പങ്ക് വഹിച്ചു. ദേശീയ സുരക്ഷയും വലിയ നാശം വിതയ്ക്കാൻ കഴിയുന്ന പലതരം ആയുധശേഖരം ഉയർത്തുന്ന ഭീഷണിയെ അഭിമുഖീകരിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് ചർച്ചകൾ രൂപപ്പെടുത്തി.

▶ പൊതുജനാഭിപ്രായവും മാധ്യമവും

ഇറാഖിലെ സാഹചര്യത്തെക്കുറിച്ചുള്ള പൊതുജനങ്ങളുടെ ധാരണ രൂപപ്പെട്ടത് സർക്കാരും ചില 'പ്രമുഖ' മാധ്യമങ്ങളും തമ്മിൽ ഉണ്ടാക്കിയിരുന്ന ഒരു അവിശുദ്ധ ബന്ധം മൂലമാണ്. വ്യക്തമായ തെളിവുകളുടെ അഭാവം ഉണ്ടായിരുന്നിട്ടും, ഇറാഖിന്റെ കൈവശം ഉണ്ട് എന്ന് കരുതിയ നാശകാരികളായ ആയുധ ശേഖരത്തിന്റെ ഉൻമൂലനശേഷിയുടെ വിവരണം വ്യാപകമായ സ്വീകാര്യതയും വിശ്വസ്തതയും നേടുകയുണ്ടായി. സൈനികനടപടിയുടെ ആവശ്യകതയെക്കുറിച്ചുള്ള പൊതുമനോഭാവങ്ങളെയും ധാരണകളെയും ഇത് സ്വാധീക്കുകയുണ്ടായി. ലഭ്യമായ വിവരങ്ങൾ വിമർശനാത്മകമായി വിലയിരുത്തുന്നതിലും ഔദ്യോഗികവിവരണങ്ങളെ വെല്ലുവിളിക്കുന്നതിലും പരാജയപ്പെട്ടത്, ജനാധിപത്യഭരണത്തിന്റെ പരിമിതികളെയാണ് സൂചിപ്പിക്കുന്നത്. സമകാലികരാഷ്ട്രീയത്തിന്റെ സങ്കീർണതകൾ മനസ്സിലാക്കുന്നതിനും ജനാധിപത്യസമൂഹങ്ങളിൽ ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനും സ്വതന്ത്ര പത്രപ്രവർത്തനം, വിമർശനാത്മകചിന്ത, മാധ്യമസാക്ഷരത എന്നിവയുടെ പ്രാധാന്യം ഇത് ഉയർത്തിക്കാട്ടുന്നു.

▶ പൊതുജനങ്ങൾ തെറ്റിദ്ധരിപ്പിക്കപ്പെടുന്നു

## പ്രോപഗണ്ട രാഷ്ട്രീയം

പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുക, ധാരണകൾ രൂപപ്പെടുത്തുക, നിർദ്ദിഷ്ട അജണ്ടകൾക്കോ പ്രത്യയശാസ്ത്രങ്ങൾക്കോ വേണ്ടിയുള്ള പിന്തുണ സമാഹരിക്കുക എന്നീ ലക്ഷ്യങ്ങളോടെ രാഷ്ട്രീയപ്രവർത്തകർ നേതാക്കന്മാർ എന്നിവർ വിവരങ്ങളോ ആശയങ്ങളോ വിവരണങ്ങളോ ബോധപൂർവം പ്രചരിപ്പിക്കുന്നതിനെയാണ് രാഷ്ട്രീയത്തിലെ പ്രോപഗണ്ട എന്ന് സൂചിപ്പിക്കുന്നത്. സർക്കാരുകൾ, രാഷ്ട്രീയ പാർട്ടികൾ, താൽപ്പര്യഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവർ അവരുടെ താൽപ്പര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും അധികാരം ഏകീകരിക്കുന്നതിനും പൊതുവ്യവഹാരത്തിന്മേൽ നിയന്ത്രണം നിലനിർത്തുന്നതിനും ഉപയോഗിക്കുന്ന ഒരു രീതിയാണിത്.

▶ സംഘടിതമായ ആശയപ്രചാരണം

അത് കൃത്രിമമോ ഊതിവീർപ്പിച്ചതോ ആയ വിവരങ്ങൾ ആയിരിക്കും അവതരിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. യാഥാർഥ്യത്തെ പക്ഷപാതപരമോ വികലമോ ആയ വീക്ഷണത്തിലൂ

ടെ അവതരിപ്പിക്കുന്നതിനായി വിവരങ്ങൾ കൈകാര്യം ചെയ്യുന്നത് പ്രോപഗണ്ടയിൽ പലപ്പോഴും ഉൾപ്പെടുന്നു. ഇതിൽ സെലക്ടീവ് റിപ്പോർട്ടിംഗ്, മുൻവിധിയുള്ള വിശ്വാസങ്ങളെ ശക്തിപ്പെടുത്തുന്നതോ പ്രചാരകന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതോ ആയ രീതിയിൽ ഉൾപ്പെടുത്താം. പ്രേക്ഷകർക്കിടയിൽ ഭയം, ദേഷ്യം, സ്പർദ്ധ എന്നിവയോ ദേശസ്നേഹം അല്ലെങ്കിൽ ഐക്യദാർഢ്യം എന്നിവ ഉണർത്താനോ ഇടവരുത്തുന്ന വൈകാരികമായ ആഹ്വാനങ്ങളെയാണ് പ്രചരണം നടത്തുന്നവർ പതിവായി ആശ്രയിക്കുന്നത്. ആളുകളുടെ യുക്തിസഹമായ കഴിവുകളേക്കാൾ അവരുടെ വികാരങ്ങളെ ഉണർത്തുന്നതിനാണ് പ്രചാരകർ ശ്രമിക്കുന്നത്. പ്രധാനസന്ദേശങ്ങളും മുദ്രാവാക്യങ്ങളും ശക്തിപ്പെടുത്തുന്നതിന് പ്രചരണത്തിൽ ഉപയോഗിക്കുന്ന ഒരു സാധാരണസാങ്കേതികതയാണ് ആവർത്തനം. ലളിതവും അവിസ്മരണീയവുമായ വാക്യങ്ങൾ വ്യക്തികളുടെ സാമീപ്യം ഉറപ്പാക്കുന്നതിലൂടെ, പ്രചാരകർ ലക്ഷ്യമിടുന്നത് പ്രത്യേകആശയങ്ങളുമായോ മൂല്യങ്ങളുമായോ പരിചയവും സമ്പർക്കവും ഉണ്ടാക്കി എടുക്കുക എന്നതാണ്.

▶ ആശയപ്രചാരണത്തിലൂടെ ജനശ്രദ്ധ പിടിച്ചെടുക്കുന്ന രീതി

എതിരാളികളുടെയോ ലക്ഷ്യമാക്കുന്ന ഗ്രൂപ്പുകളുടെയോ പൈശാചികവൽക്കരണവും മനുഷ്യത്വരഹിതമാക്കലും പലപ്പോഴും പ്രചാരണത്തിൽ ഉൾപ്പെടുന്നു. എതിരാളികളെ വില്ലന്മാരായോ സമൂഹത്തിന് ഭീഷണിയുള്ളവരായോ ചിത്രീകരിക്കുന്നതിലൂടെ, പ്രചാരകർ സ്വന്തം പ്രവർത്തനങ്ങളെ ന്യായീകരിക്കാനും അവരുടെ ലക്ഷ്യത്തിന് പിന്തുണ നേടാനും ശ്രമിക്കുന്നു. തങ്ങളുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കാനും വിയോജിപ്പുള്ള ശബ്ദങ്ങളെ അടിച്ചമർത്താനും മാധ്യമങ്ങളെ കൈകാര്യം ചെയ്യാനും പ്രചാരകർ ശ്രമിക്കുന്നതു സ്ഥിരം ഏർപ്പാടാണ്. തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കാൻ സോഷ്യൽമീഡിയ ബോട്ടുകളെയും ട്രോളുകളെയും അവർ ഉപയോഗിക്കുന്നു.

▶ തെറ്റായ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നു

പ്രതീകങ്ങളും ചിത്രങ്ങളും പ്രചാരണത്തിൽ നിർണായകപങ്ക് വഹിക്കുന്നു. അർത്ഥം അറിയിക്കുന്നതിനും വൈകാരികപ്രതികരണങ്ങൾ ഉയർത്തുന്നതിനുമുള്ള ശക്തമായ ഉപകരണങ്ങളായി ഇവ പ്രവർത്തിക്കുന്നു. പതാകകളും മുദ്രാവാക്യങ്ങളും മുതൽ ഐക്കണിക് ഇമേജറികളും ചിഹ്നങ്ങളുംവരെ, പ്രചാരകർ അവരുടെ സന്ദേശങ്ങൾ ശക്തിപ്പെടുത്തുന്നതിനും പിന്തുണയ്ക്കുന്നവർക്കിടയിൽ ഐക്യത്തിന്റെയോ വ്യക്തിത്വത്തിന്റെയോ ഒരു ബോധം സൃഷ്ടിക്കുന്നതിനും ദൃശ്യസൂചനകളായി ഉപയോഗിക്കുന്നു.

▶ എതിരാളികളുടെ മനോധൈര്യം തകർക്കാൻ ശ്രമിക്കുന്നു

എതിരാളികളുടെ മനോവീര്യവും പ്രതിരോധശേഷിയും തകർക്കാൻ മനഃശാസ്ത്രപരമായ പോരാട്ടത്തിന്റെ ഒരു രൂപമായും പ്രചരണം ഉപയോഗിക്കാം. തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ച്, സംശയംവിതച്ച്, ഭിന്നതവളർത്തി, എതിരാളികളുടെ മനോധൈര്യം തകർക്കാനും ചെറുത്തുനിൽക്കാനുള്ള അവരുടെ കഴിവിനെ ദുർബലപ്പെടുത്താനും പ്രചാരകർ ശ്രമിക്കുന്നു.

രാഷ്ട്രീയത്തിലെ പ്രചാരണം എന്നത് പൊതുജനാഭിപ്രായം രൂപപ്പെടുത്തുകയും രാഷ്ട്രീയ ആഖ്യാനങ്ങളെ നയിക്കുകയും ചരിത്രത്തിന്റെ ഗതിയെ സ്വാധീനിക്കുകയും ചെയ്യുന്ന വ്യാപകവും സ്വാധീനമുള്ളതു

മായ ഒരു ശക്തിയാണ്. പ്രചാരണവിദ്യകൾ അനുനയിപ്പിക്കുന്നതിനും അണിനിരത്തുന്നതിനുമുള്ള ശക്തമായ ഉപകരണങ്ങളാകുമെങ്കിലും, ജനാധിപത്യഭരണത്തിനും മാധ്യമസത്യസന്ധതയ്ക്കും സത്യാന്വേഷണത്തിനും കാര്യമായ വെല്ലുവിളികൾ ഉയർത്തി, കൃത്രിമം കാണിക്കാനും വഞ്ചിക്കാനും അവയെ ഉപയോഗിക്കാം. പൗരന്മാരെന്ന നിലയിൽ, ജാഗരൂകരായിരിക്കുകയും വിവരസ്രോതസ്സുകളെ വിമർശനാത്മകമായി വിലയിരുത്തുകയും നമ്മുടെ ധാരണകളും വിശ്വാസങ്ങളും രൂപപ്പെടുത്തുന്നതിൽ പ്രചാരണത്തിന്റെ വഞ്ചനാപരമായ സ്വാധീനത്തിനെതിരെ ജാഗ്രത പാലിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സമകാലിക ഇന്ത്യൻരാഷ്ട്രീയത്തിൽ, മാധ്യമവിവരണങ്ങളിൽ പ്രചരണവും കൃത്രിമത്വവും ഉണ്ടാകുന്ന സംഭവങ്ങൾ അസാധാരണമല്ല. വിവിധ രാഷ്ട്രീയപാർട്ടികളും താൽപ്പര്യ ഗ്രൂപ്പുകളും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിന് അതിന്റെ വ്യാപ്തിയും സ്വാധീനവും ഉപയോഗിച്ച്, ഇന്ത്യൻരാഷ്ട്രീയത്തിലെ പ്രചരണകാമ്പെയ്നുകളുടെ ശക്തമായ ഉപകരണമാക്കി സോഷ്യൽമീഡിയ മാറിയിരിക്കുന്നു.

► പൗരന്മാർ ജാഗരൂകരായിരിക്കണം

വിവിധ വാർത്താചാനലുകളിലെ പ്രൈം ടൈം ചർച്ചകൾ പലപ്പോഴും ആർപ്പുവിളികളിലേക്കും സെൻസേഷണലിസത്തിലേക്കും ഇറങ്ങുന്നു. വ്യത്യസ്തരാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെ പ്രതിനിധീകരിക്കുന്ന പാനലിസ്റ്റുകൾ കാര്യമായ ചർച്ചകളിൽ ഏർപ്പെടുന്നതിനുപകരം വ്യക്തിപരമായ ആക്രമണങ്ങളിലും ചെളിവാരിയെറിയലിലും ഏർപ്പെടുന്നു. സംവാദത്തിനും വിശകലനത്തിനും സൗകര്യമൊരുക്കുന്നതിനുപകരം പ്രചാരണത്തിന്റെ സെൻസേഷണലിസം സംഭാവന നൽകുന്നു.

വാർത്താതലക്കെട്ടുകളുടെയും ദൃശ്യങ്ങളുടെയും കൃത്രിമത്വം ഇപ്പോൾ അതിസാധാരണമാണ്. സെലക്ടീവ് എഡിറ്റിംഗും തെറ്റായ അവതരണവും ഒരു പ്രത്യേക വിവരണത്തിനോ അജണ്ടക്കോ അനുയോജ്യമാകുന്ന തരത്തിൽ വാർത്താ തലക്കെട്ടുകളും ദൃശ്യങ്ങളും കൊടുക്കുന്നത് മാധ്യമങ്ങൾ പതിവാക്കിയിട്ടുണ്ട്. വസ്തുതകളെ തെറ്റായി ചിത്രീകരിക്കുകയും തെറ്റായി എഡിറ്റ് ചെയ്യുകയും ചെയ്യുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ ചിത്രങ്ങൾ ക്രോപ്പ് ചെയ്യുകയോ സന്ദർഭത്തിൽനിന്ന് ഉദ്ധരണികൾ എടുക്കുകയോ പൊതുബോധത്തെ സ്വാധീനിക്കാൻ അർദ്ധസത്യങ്ങൾ അവതരിപ്പിക്കുകയോ ചെയ്യാം.

► മാധ്യമങ്ങളും തലക്കെട്ടും

രാഷ്ട്രീയ പാർട്ടികൾ പലപ്പോഴും ട്വിറ്റർ ട്രെൻഡുകളും ഹാഷ്ടാഗ് കാമ്പെയ്നുകളും ആരംഭിക്കുന്നത് അവരുടെ സന്ദേശങ്ങളെ പ്രചരിപ്പിക്കാനും ഓൺലൈൻ സംഭാഷണങ്ങളിൽ ആധിപത്യം സ്ഥാപിക്കാനും ഉപയോഗിക്കുന്നു. ഈ കാമ്പെയ്നുകൾ പൊതുവ്യവഹാരങ്ങളെ സ്വാധീനിക്കുന്നതിനും ചില വീക്ഷണങ്ങൾക്കുള്ള വ്യാപകമായ പിന്തുണയെക്കുറിച്ചുള്ള ഒരു ധാരണ സൃഷ്ടിക്കുന്നതിനും വിയോജിപ്പുള്ള ശബ്ദങ്ങളെ പാർശ്വവത്കരിക്കുന്നതിനുംവേണ്ടി തന്ത്രപരമായായിരിക്കും രൂപകല്പന ചെയ്യുന്നത്.

► പ്രചാരണത്തിന്റെ സെൻസേഷണലിസം

പിന്തുണയ്ക്കുന്നവരുമായി ഇടപഴകുന്നതിനും ഉള്ളടക്കം പങ്കിടുന്നതിനും പ്രചാരണം വർധിപ്പിക്കുന്നതിനും രാഷ്ട്രീയപാർട്ടികളും അനുബന്ധഗ്രൂപ്പുകളും സജീവമായ ഫേസ്ബുക് പേജുകളും ഗ്രൂ

പ്പുകളും പരിപാലിക്കുന്ന രീതി സാർവർത്രികമാണ്. സമാന ചിന്താഗതിക്കാരായ വ്യക്തികൾ പരസ്പരം അവരുടെ വിശ്വാസങ്ങളടങ്ങിയ പോസ്റ്റുകൾ, മനപ്പൂർവം എതിരാളികളെ താറടിച്ചു കാണിക്കുന്നതിനു വേണ്ടി തയ്യാറാക്കുന്ന തെറ്റായ വിവരങ്ങൾ എന്നിവ വലിയ തോതിൽ പങ്കിടുകയും, രാഷ്ട്രീയ പ്രവർത്തനത്തിനായി അണികളെ സജ്ജരാക്കി നിറുത്തുന്നതിനുവേണ്ടിയുള്ള മാർഗ്ഗമായും ഈ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നു.

▶ എതിരാളികളെ താറടിച്ചു കാണിക്കാൻ ഉപയോഗിക്കുന്നു

ഫോർവേഡ് ചെയ്യുന്ന വാട്ട്സ്ആപ്പ് സന്ദേശങ്ങൾ ഇന്ത്യയിൽ വ്യാപകമായ പ്രചാരണങ്ങളും തെറ്റായ വിവരങ്ങളും പ്രചരിപ്പിക്കുന്നതിനുള്ള ശക്തമായ ഉപകരണമായി ഉയർന്നുവന്നിരിക്കുന്നു. പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുന്നതിനും എതിരാളികളെ അപകീർത്തിപ്പെടുത്തുന്നതിനും വോട്ടർമാർക്കിടയിൽ ഭയമോ ധ്രുവീകരണമോ സൃഷ്ടിക്കുന്നതിനുമായി രാഷ്ട്രീയപാർട്ടികളും അവരുടെ അനുയായികളും ഫോർവേഡ് ചെയ്ത സന്ദേശങ്ങളും വീഡിയോകളും റീലുകളും പലപ്പോഴും പ്രചരിപ്പിക്കാറുണ്ട്.

▶ വോട്ടർമാർക്കിടയിൽ ധ്രുവീകരണം

രാഷ്ട്രീയപാർട്ടികൾ അവരുടെ സ്ഥാനാർത്ഥികളെയും നയങ്ങളെയും അംഗീകരിക്കുന്നതിന് സോഷ്യൽ മീഡിയ ഇൻഫ്ളുവൻസുമാർ, ബ്ലോഗർമാർ, സെലിബ്രിറ്റികൾ എന്നിവരുമായി പതിവായി സഹകരിക്കുന്നു. ഇവരിലൂടെ പ്രേക്ഷകരിലേക്ക് എത്താനും അവരുടെ രാഷ്ട്രീയസ്പോൺസർമാർക്ക് അനുകൂലമായി പൊതുജനാഭിപ്രായം ഉണ്ടാക്കിയെടുക്കാനും അവരുടെ സോഷ്യൽ മീഡിയാപ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നു. കൂടാതെ, പ്രത്യേക ജനസംഖ്യാശാസ്ത്രങ്ങൾ ലക്ഷ്യമിടുന്നതിനും, തിരഞ്ഞെടുപ്പുകളിലും പ്രധാന രാഷ്ട്രീയസംഭവങ്ങളിലും തങ്ങളുടെ സന്ദേശമയയ്ക്കൽ വർദ്ധിപ്പിക്കുന്നതിനുമായി പണം നൽകിയുള്ള സോഷ്യൽമീഡിയ ക്യാമ്പെയ്നുകളിൽ രാഷ്ട്രീയപാർട്ടികൾ വൻതോതിൽ നിക്ഷേപം നടത്തുന്നു.

▶ രാഷ്ട്രീയപാർട്ടികളുടെ സോഷ്യൽ മീഡിയ ഉപയോഗം

രാഷ്ട്രീയഎതിരാളികളെയും വിമർശകരെയും ട്രോളുന്നതും ഓൺലൈൻമാധ്യമങ്ങൾ വഴി ഉപദ്രവിക്കുന്നതും ഭീഷണിപ്പെടുത്തുന്നതും ഇന്ന് സർവസാധാരണമാണ്. വ്യത്യസ്ത രാഷ്ട്രീയപാർട്ടികളുടെ പിന്തുണക്കാർ വിയോജിപ്പുള്ള വീക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന അല്ലെങ്കിൽ അവരുടെ നേതാക്കളെ വിമർശിക്കുന്ന വ്യക്തികൾക്കെതിരെ കൂട്ടായ ആക്രമണങ്ങളിൽ ഏർപ്പെടുന്നു. തുറന്ന സംവാദങ്ങളെയും സ്വതന്ത്ര നിരീക്ഷണങ്ങളെയും നിരുത്സാഹപ്പെടുത്തുന്ന, ശത്രുതാപരമായ ഒരു നവമാധ്യമ സംസ്കാരം ഇന്ന് തികച്ചും പ്രതിലോമകരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നുണ്ട് എന്നത് വാസ്തവമാണ്.

▶ നേതാക്കൾക്ക് വേണ്ടി കൂട്ടായ ആക്രമണങ്ങൾ നടത്തുന്നു

ജനാധിപത്യസ്ഥാപനങ്ങളുടെ സമഗ്രതയ്ക്കും വിവരങ്ങളുടെ സ്വതന്ത്രമായ ഒഴുക്കിനും വെല്ലുവിളി ഉയർത്തുന്ന, സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രചാരണവും മാധ്യമ കൃത്രിമത്വവും എങ്ങനെ വ്യാപകമാണെന്ന് ഈ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നു. ഡിജിറ്റൽ മീഡിയയുഗത്തിൽ, ജനാധിപത്യപ്രക്രിയയെ സംരക്ഷിക്കുന്നതിനും സുതാര്യതയുടെയും ഉത്തരവാദിത്തത്തിന്റെയും തത്വങ്ങൾ ഉയർത്തിപ്പിടിക്കാനും സ്വതന്ത്രപത്രപ്രവർത്തനം, മാധ്യമസാക്ഷരത, റിപ്പോർട്ടിംഗിൽ ധാർമ്മികനിലവാരം എന്നിവയുടെ ആവശ്യകത എന്നത്തേക്കാളും നിർണായകമാണ്.

▶ സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തിലുള്ള മാധ്യമ കൃത്രിമത്വം

## പബ്ലിക് റിലേഷൻസ് (പിആർ)

മാധ്യമങ്ങൾ വഴി പബ്ലിക് റിലേഷൻസ് (പിആർ) അഥവാ പൊതുബന്ധം ഉണ്ടാക്കിയെടുക്കാനുള്ള പരിശ്രമങ്ങൾ ഇന്ന് സർവസാധാരണമാണ്. സംഘടനകൾ, വ്യക്തികൾ, ഉൽപ്പന്നങ്ങൾ, ആശയങ്ങൾ എന്നിവ പ്രതിച്ഛായ വർധിപ്പിക്കലിലൂടെ ഒരു പോസിറ്റീവ് ഇമേജ് സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. വിവിധപങ്കാളികളുമായി ബന്ധം വളർത്തുക, മീഡിയ ചാനലുകൾ വഴി തന്ത്രപരമായി ആശയവിനിമയം നടത്തുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. പബ്ലിക് റിലേഷൻസിന്റെയും മീഡിയയുടെയും ആശയങ്ങൾ പലതരത്തിൽ വിഭജിക്കുന്നുവെന്ന് കാണാം.

▶ ആശയവിനിമയ രീതി

പബ്ലിക് റിലേഷൻസ് പ്രൊഫഷണലുകൾ അവരുടെ ക്ലയന്റുകളുടെയോ ഓർഗനൈസേഷനുകളുടെയോ ലക്ഷ്യങ്ങളോടും ആശയങ്ങളോടും യോജിക്കുന്ന സന്ദേശങ്ങൾ കൈമാറാൻ മീഡിയ ചാനലുകളെ തന്ത്രപരമായ ആശയവിനിമയ ഉപകരണങ്ങളായി ഉപയോഗിക്കുന്നു. മാധ്യമകവറേജ് നേടുന്നതിനും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിനുമായി ശ്രദ്ധേയമായ വിവരണങ്ങൾ, പ്രസ് റിലീസുകൾ, മീഡിയ പിച്ചുകൾ എന്നിവ തയ്യാറാക്കുന്നത് ഇതിൽ ഉൾപ്പെടുന്നു.

▶ മീഡിയ കവറേജിനായി തന്ത്രങ്ങൾ

മീഡിയ റിലേഷൻസ് അഥവാ മാധ്യമബന്ധങ്ങൾ പബ്ലിക് റിലേഷൻസിന്റെ ഒരു പ്രധാനഘടകമാണ്. മാധ്യമപ്രവർത്തകർ, എഡിറ്റർമാർ തുടങ്ങിയവരെ സ്വാധീനിച്ച് വശത്താക്കി അനുകൂലമായ മാധ്യമകവറേജ് ഉറപ്പാക്കാനും പ്രശസ്തിയിലേക്ക് പടിപടിയായി കയറിപോകാനും ഇന്ന് പലരും തന്ത്രങ്ങൾ മെനയുന്നു. പിആർ പ്രാക്ടീഷണർമാർ അവരുടെ ക്ലയന്റുകളുടെ പ്രവർത്തനങ്ങളുടെയും സംരംഭങ്ങളുടെയും കൃത്യവും സന്തുലിതവുമായ കവറേജ് ഉറപ്പാക്കുന്നതിന് പുതിയ ആശയങ്ങൾ അവതരിപ്പിക്കുന്നു.

▶ പബ്ലിക് റിലേഷൻസും മീഡിയ റിലേഷൻസും

പ്രതിസന്ധിഘട്ടങ്ങളിലോ വലിയ ഭീഷണി ഉള്ള സമയങ്ങളിലോ, പബ്ലിക് റിലേഷൻസ് പ്രൊഫഷണലുകൾ മാധ്യമപ്രതികരണങ്ങൾ കൈകാര്യം ചെയ്യുന്നതിലും അവരുടെ ക്ലയന്റുകളുടെ പ്രശസ്തിക്ക് കേടുപാടുകൾ കുറയ്ക്കുന്നതിലും നിർണായകപങ്ക് വഹിക്കുന്നു. അവർ പ്രതിസന്ധിയിൽ ആശയവിനിമയപദ്ധതികൾ വികസിപ്പിക്കുകയും മീഡിയ ചാനലുകളിലുടനീളം സന്ദേശമയയ്ക്കലുകൾ ഏകോപിപ്പിക്കുകയും ആശങ്കകൾ പരിഹരിക്കുന്നതിനും പങ്കാളികളുടെ വിശ്വാസം നിലനിർത്തുന്നതിനുമുള്ള വക്താക്കളായി പ്രവർത്തിക്കുകയും ചെയ്യുന്നു.

▶ ആശങ്കകൾ പരിഹരിക്കുന്നു

പബ്ലിക് റിലേഷൻസിൽ പ്രധാനസന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും ടാർഗെറ്റ് പ്രേക്ഷകരുമായി ഇടപഴകുന്നതിനും പ്രസ് റിലീസുകൾ, ബ്ലോഗ് പോസ്റ്റുകൾ, സോഷ്യൽ മീഡിയ അപ്ഡേറ്റുകൾ, മൾട്ടിമീഡിയ അസറ്റുകൾ എന്നിവപോലുള്ള ആകർഷകമായ ഉള്ളടക്കം സൃഷ്ടിക്കുന്നതും ഉൾപ്പെടുന്നു. പിആർ പ്രൊഫഷണലുകൾ ഉള്ളടക്കം വിതരണം ചെയ്യുന്നതിനും അവരുടെ ക്ലയന്റുകളുടെ ദൃശ്യപരതയും ചിന്താനേതൃത്വവും അതത് വ്യവസായങ്ങളിൽ വർദ്ധിപ്പിക്കുന്നതിനും മീഡിയചാനലുകളെ സ്വാധീനിക്കുന്നു.

▶ പിആർ പ്രൊഫഷണലുകൾ മീഡിയ ചാനലുകളെ സ്വാധീനിക്കുന്നു

മീഡിയ ലാൻഡ്സ്കേപ്പിൽ ഓർഗനൈസേഷനുകളെയും വ്യക്തികളെയും തന്ത്രപരമായി സ്ഥാപിക്കുന്നതിലൂടെ പ്രതിച്ഛായ നിർമ്മാണത്തിനും പ്രശസ്തിനേടലിനും പബ്ലിക് റിലേഷൻസ് സംഭാവന ചെയ്യുന്നു. പി.ആർ പ്രാക്ടീഷണർമാർ ദൃശ്യപരത വർദ്ധിപ്പിക്കുന്നതിനും പുതുകൂട്ടുകെട്ടുകൾ വളർത്തുന്നതിനും, സജീവമായ മീഡിയ ഔട്ട്റീച്ചിലൂടെയും പ്രശസ്തി-നിർമ്മാണസംരംഭങ്ങളിലൂടെയും നെഗറ്റീവ് പബ്ലിസിറ്റി പരിഹരിക്കുന്നതിനും പ്രവർത്തിക്കുന്നു.

▶ ദൃശ്യപരത വർദ്ധിപ്പിക്കുന്നു

ആശയവിനിമയലക്ഷ്യങ്ങൾ കൈവരിക്കുന്നതിലെ സ്വാധീനവും ഫലപ്രാപ്തിയും അടിസ്ഥാനമാക്കിയാണ് പബ്ലിക് റിലേഷൻസ് ശ്രമങ്ങൾ വിലയിരുത്തപ്പെടുന്നത്. അവരുടെ പ്രചാരണതന്ത്രങ്ങളുടെ വിജയം വിലയിരുത്തുന്നതിനും ഭാവിതന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനും മാധ്യമകവറേജ്, വികാരവിശകലനം, പ്രേക്ഷക ഇടപഴകലിന്റെ തോത് എന്നിവ മനസ്സിലാക്കുന്നതിന് പി ആർ പ്രൊഫഷണലുകൾ മീഡിയ നിരീക്ഷണവും ഉപകരണങ്ങളും ഉപയോഗിക്കുന്നു.

▶ ആശയവിനിമയലക്ഷ്യങ്ങൾ കൈവരിക്കുന്നു

മീഡിയ ചാനലുകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിലൂടെ, പബ്ലിക് റിലേഷൻസ് പ്രാക്ടീഷണർമാർക്ക് ബ്രാൻഡ് പ്രശസ്തി വർധിപ്പിക്കാനും, പങ്കാളികളുമായി വിശ്വാസം വളർത്താനും, പരസ്പരബന്ധിതവും ഡിജിറ്റൽലോകത്ത് ടാർഗെറ്റ് പ്രേക്ഷകരുമായി അർത്ഥവത്തായ ഇടപഴകൽ നടത്താനും കഴിയുന്നു.

## അച്ചടിമുതലാളിത്തത്തിന്റെ രാഷ്ട്രീയം

അച്ചടിമാധ്യമങ്ങൾ അധികാരശ്രേണിയിലെയും കോർപ്പറേറ്റ് മൂലധനശക്തികളുടെയും സേവകരായി അധഃപ്പതിച്ച കാലമാണിതെന്ന് മാധ്യമനിരീക്ഷകർ കണ്ടെത്തുന്നു. കോർപ്പറേറ്റ് മാധ്യമങ്ങൾ എന്നും ലാഭേച്ഛയിൽമാത്രം ഊന്നൽ കൊടുത്തുകൊണ്ട് തങ്ങളുടെ സാമ്രാജ്യം വികസിപ്പിക്കുകയാണ്. ഇവർ അധികാരത്തിന്റെ ദല്ലാളുമാരായി മാറുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്.

▶ അച്ചടിമാധ്യമങ്ങളും ലാഭേച്ഛയും

## *ബഹുജനമാധ്യമങ്ങളുടെ രാഷ്ട്രീയസമ്പദ്ഘടനയെക്കുറിച്ച് ഹെർമന്റെയും ചോംസ്കിയുടെയും കാഴ്ചപ്പാട്*

നിർമ്മാണ സമ്മതം: എഡ്വേർഡ് എസ്. ഹെർമൻ, നോം ചോംസ്കി എന്നിവരുടെ 'സമ്മതനിർമ്മാണം' ("Manufacturing Consent") സമൂഹത്തിലെ ബഹുജനമാധ്യമങ്ങളുടെ സങ്കീർണമായ പ്രവർത്തനങ്ങളെക്കുറിച്ച് ആഴത്തിലുള്ള വിശകലനങ്ങൾ നല്കുന്ന മാധ്യമപഠനരംഗത്തെ ഒരു പ്രധാനകൃതിയായി നിലകൊള്ളുന്നു. ഈ സൂക്ഷ്മവിശകലനം മാധ്യമ വസ്തുനിഷ്ഠതയുടെ പുറംമേനിയിലൂടെ കടന്നുപോകുന്നു. ഇത് വിവര ഭൂപ്രകൃതിയെ രൂപപ്പെടുത്തുന്ന രാഷ്ട്രീയ, സാമ്പത്തിക, സാമൂഹികശക്തികളുടെ സങ്കീർണമായ ഇടപെടൽ വെളിപ്പെടുത്തുന്നു. സൂക്ഷ്മമായ ഗവേഷണത്തിലൂടെയും നിശിതമായ വിമർശനത്തിലൂടെയും, ഹെർമനും ചോംസ്കിയും, വിയോജിപ്പുള്ള ശബ്ദങ്ങളെ മാറ്റിനിർത്തിക്കൊണ്ട് കോർപ്പറേറ്റ്, സർക്കാർ അജണ്ടകളുമായി യോജിപ്പിക്കുന്ന വിവരണങ്ങൾ ശാശ്വതമാക്കിക്കൊണ്ട്, പ്രബലരായ വരേണ്യവർഗങ്ങളുടെ താൽപ്പര്യങ്ങൾക്കായി ബഹുജനമാധ്യമചാനലുകൾ സേവിക്കുന്ന സംവിധാനങ്ങൾ അനാവരണം ചെയ്യുന്നു. പ്രചാരണമാ

▶ വരേണ്യവർഗങ്ങളുടെ താൽപ്പര്യങ്ങൾക്കായി ബഹുജന മാധ്യമചാനലുകൾ

തൃക (propaganda model) എന്ന ആശയം അവതരിപ്പിക്കുന്നതിലൂടെ, മാധ്യമസ്ഥാപനങ്ങൾ, വിവരങ്ങളുടെ നിഷ്പക്ഷപ്രചാരകരിൽ നിന്ന കന്ന്, സാമൂഹികനിയന്ത്രണത്തിന്റെ ഉപകരണങ്ങളായി എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. നിലവിലുള്ള അധികാരഘടനകളെ ഉയർത്തിപ്പിടിക്കാൻ ജനങ്ങൾക്കിടയിൽ സമ്മതം ഉണ്ടാക്കുന്നത് എങ്ങനെയെന്ന് രചയിതാക്കൾ വ്യക്തമാക്കുന്നു.

ഹെർമനും ചോംസ്കിയും തങ്ങളുടെ പഠനത്തിൽ, മാധ്യമകുത്രിമത്വത്തിന്റെ ചരിത്രപരമായ പരിണാമം കണ്ടെത്തുകയും മാധ്യമ ഉടമസ്ഥതയുടെ കേന്ദ്രീകരണസ്വഭാവം തുറന്നുകാട്ടുകയും ചെയ്യുന്നു. പരസ്യവരുമാനത്തിന്റെ വ്യാപകമായ സ്വാധീനം അവർ പരിശോധിക്കുന്നു. അത് പലപ്പോഴും എഡിറ്റോറിയൽ തീരുമാനങ്ങൾ നിർദ്ദേശിക്കുകയും പത്രപ്രവർത്തനസമഗ്രതയിൽ വീഴ്ചകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. കൂടാതെ, സർക്കാരുകളും കോർപ്പറേറ്റ് സ്ഥാപനങ്ങളും പ്രയോഗിക്കുന്ന സെൻസർഷിപ്പിന്റെയും അജണ്ട-ക്രമീകരണത്തിന്റെയും സൂക്ഷ്മമായ രൂപങ്ങളിലേക്ക് ഈ പുസ്തകം വെളിച്ചം വീശുന്നു. വിയോജിപ്പുകളെ തടയുകയും മുഖ്യധാരാമാധ്യമങ്ങളിലെ ശബ്ദവൈവിധ്യത്തെ പരിമിതപ്പെടുത്തുകയും ചെയ്യുന്നതു അവർ തുറന്നുകാട്ടുന്നു. നിരങ്കുശമായ വിശകലനത്തിലൂടെ, ഹെർമനും ചോംസ്കിയും മാധ്യമ ഉള്ളടക്കത്തെ വിമർശനാത്മകമായി പരിശോധിക്കുകയും വിവരങ്ങളുടെ ബദൽ സ്രോതസ്സുകൾ തേടാനും പൊതുവ്യവഹാരങ്ങളെ രൂപപ്പെടുത്തുന്ന നിലവിലുള്ള വിവരണങ്ങളെ വെല്ലുവിളിക്കാനും വായനക്കാരെ പ്രേരിപ്പിക്കുന്നു.

▶ പരസ്യവരുമാനത്തിന്റെ വ്യാപകമായ സ്വാധീനം

മാധ്യമവസ്തുനിഷ്ഠത എന്ന നിലവിലുള്ള സങ്കൽപ്പത്തെ ഈ മാതൃക വെല്ലുവിളിക്കുന്നു. മാധ്യമസ്ഥാപനങ്ങൾ വരേണ്യതാൽപ്പര്യങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള വഴികളായി പ്രവർത്തിക്കുന്ന ഒരു സംവിധാനമാണെന്നുള്ള തുറന്നുകാട്ടലാണ് ഈ പുസ്തകം. കോർപ്പറേറ്റ് സ്ഥാപനങ്ങളായാലും സർക്കാർ സ്ഥാപനങ്ങളായാലും ശക്തരായ ഉന്നതരുടെ അജണ്ടകൾക്ക് അനുസൃതമായി പൊതുധാരണ രൂപപ്പെടുത്തുന്നതിന് മാധ്യമവിവരണങ്ങൾ എങ്ങനെ ശ്രദ്ധാപൂർവ്വം രൂപപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുവെന്ന് പ്രചാരണമാതൃകയിലൂടെ ഹെർമനും ചോംസ്കിയും അവതരിപ്പിക്കുന്നു.

▶ മാധ്യമസ്ഥാപനങ്ങൾ വരേണ്യ താൽപ്പര്യങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള വഴികളായി പ്രവർത്തിക്കുന്നു

പക്ഷപാതരഹിതമായ അവകാശവാദങ്ങൾ ഉണ്ടെങ്കിലും, മാധ്യമസ്ഥാപനങ്ങൾ വിശാലമായ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തികഘടനകളിൽ ആഴത്തിൽ ഉൾച്ചേർന്നിരിക്കുന്നു എന്ന തിരിച്ചറിവാണ് പ്രചാരണമാതൃകയുടെ കേന്ദ്രം. സത്യത്തിന്റെയും നിഷ്പക്ഷതയുടെയും കാവൽക്കാരായി നിൽക്കുന്നതിനുപകരം, നിലവിലുള്ള അധികാരബലതന്ത്രത്തെ (പവർ ഡൈനാമിക്സിനെ) ശക്തിപ്പെടുത്തുകയും തൽസ്ഥിതി നിലനിർത്തുകയും ചെയ്യുന്നതിന് ഉതകുന്ന തരത്തിലുള്ള വിവരങ്ങളുടെ വ്യാപനത്തിനാണ് പലപ്പോഴും മുൻഗണന നൽകുന്നത്. ചില പ്രത്യേക വാർത്തകൾ റിപ്പോർട്ട് ചെയ്യുക, വിമർശനാത്മക വീക്ഷണങ്ങൾ ഒഴിവാക്കുക എന്നിവയിലൂടെ, മാധ്യമ സ്ഥാപനങ്ങൾ വിയോജിപ്പുള്ള ശബ്ദങ്ങളെ പാർശ്വവത്കരിക്കുന്നു. എന്നാൽ അതിനിടയിൽ അതിവിദഗ്ദ്ധമായി ആധിപത്യപ്രത്യയശാസ്ത്രങ്ങളെ സൂക്ഷ്മമായി നിലനിർത്തുകയും ചെയ്യുന്നു. മാത്രമല്ല, എഡിറ്റോറിയൽ

തീരുമാനങ്ങളെ സ്വാധീനിക്കുന്നതിൽ മീഡിയ ഉടമസ്ഥതയുടെയും പരസ്യവരുമാനത്തിന്റെയും പങ്ക് ഈ മോഡൽ എടുത്തുകാണിക്കുന്നു, കോർപ്പറേറ്റ് താൽപ്പര്യങ്ങൾ മീഡിയ കവറേജിന്റെ ഉള്ളടക്കത്തെയും സ്വരത്തെയും എങ്ങനെ രൂപപ്പെടുത്തുന്നുവെന്ന് ഈ പുസ്തകം അടിവരയിടുന്നു. ചുരുക്കത്തിൽ, സാമൂഹികനിയന്ത്രണത്തിന്റെ ഉപകരണമായി മാധ്യമങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിനും വരേണ്യതാൽപ്പര്യങ്ങളുടെ ആധിപത്യം ശക്തിപ്പെടുത്തുന്നതിനുമുള്ള ശക്തമായ ചട്ടക്കൂടാണ് പ്രചാരണമാതൃകയെന്നും ഈ പഠനം വെളിവാക്കുന്നു.

▶ വരേണ്യതാല്പര്യങ്ങളെ ശക്തിപ്പെടുത്തുന്ന മാതൃക

പൊതുജനാഭിപ്രായവും സമ്മതവും രൂപപ്പെടുത്തുന്ന, ബഹുജനമാധ്യമ ചാനലുകളിലൂടെയുള്ള വിവരങ്ങളുടെ വ്യാപനത്തെ സ്വാധീനിക്കുന്ന അഞ്ച് നിർണായക അരിപ്പകൾ (ഫിൽട്ടറുകൾ) പ്രചാരണമാതൃകയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഫിൽട്ടറുകൾ, ഹെർമനും ചോംസ്കിയും വിവരിച്ചതുപോലെ, എഡിറ്റോറിയൽ പക്ഷപാതങ്ങൾ എങ്ങനെ നിലനിൽക്കുന്നു എന്നതിനെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകുന്നു.

**വലിപ്പം, ഉടമസ്ഥാവകാശം, ലാഭം ക്രമപ്പെടുത്തൽ:** പ്രധാന മീഡിയ ഔട്ട്ലെറ്റുകളൊക്കെ പ്രധാനമായും ലാഭാധിഷ്ഠിതസ്ഥാപനങ്ങളാണ്. അവരുടെ ഉടമസ്ഥരുടെയും, പലപ്പോഴും വലിയ കോർപ്പറ്റുകളുടെയും അതിന്റെ നിക്ഷേപകരെയും നിയന്ത്രിക്കുന്ന സാമ്പത്തികതാൽപ്പര്യങ്ങളുമായി പൊരുത്തപ്പെടേണ്ടിവരിക സാധാരണമാണ്. വിവിധ തട്ടിലുള്ള പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ ബഹുജനആശയവിനിമയ സാങ്കേതികവിദ്യകൾക്ക് വേണ്ടിവരുന്ന ഗണ്യമായ നിക്ഷേപം ഈ പ്രവർത്തനങ്ങൾക്ക് അത്യാവശ്യമാണ്.

**ബിസിനസ്സ് ചെയ്യാനുള്ള പരസ്യ ലൈസൻസ്:** മുഖ്യധാരാമാധ്യമങ്ങൾക്കുള്ള വരുമാനത്തിന്റെ ഒരു പ്രധാന ഭാഗം നേരിട്ടുള്ള വിൽപ്പനയോ സബ്സ്ക്രിപ്ഷനുകളോ അല്ല. മറിച്ച് പരസ്യത്തിൽ നിന്നാണത് ലഭിക്കുന്നത്. തൽഫലമായി, പരസ്യദാതാക്കൾ ഗണ്യമായ സ്വാധീനം മാധ്യമങ്ങളിൽ ചെലുത്തുന്നു. വാണിജ്യപരമായ ലാഭത്തിന്, പരസ്യദാതാക്കളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ മുൻഗണനകളുമായി പൊരുത്തപ്പെടുവാൻ മാധ്യമസ്ഥാപനങ്ങൾ പലപ്പോഴും അവരുടെ ഉള്ളടക്കം ക്രമീകരിക്കുന്നു. ഇത് തൊഴിലാളിവർഗത്തെ പ്രതിനിധീകരിക്കുന്ന ബദൽ ശബ്ദങ്ങളുടെ തകർച്ചയിലേക്ക് നയിക്കുകയും പത്രവ്യവസായത്തിന്റെ അപചയത്തിന് കാരണമാവുകയും ചെയ്തു.

▶ പരസ്യദാതാക്കൾ ഗണ്യമായ സ്വാധീനം മാധ്യമങ്ങളിൽ ചെലുത്തുന്നു

**സോഴ്സിംഗ് മാസ് മീഡിയ ന്യൂസ്:** തങ്ങളുടെ പ്രവർത്തനങ്ങൾക്ക് സബ്സിഡി നൽകുന്നതിന് ബ്യൂറോക്രസികളെ ബഹുജനമാധ്യമങ്ങൾ പതിവായി ആശ്രയിക്കുന്നു, അതുവഴി വാർത്താഉറവിടങ്ങളിലേക്ക് പ്രത്യേക പ്രവേശനം നേടുന്നു. സ്വകാര്യ, സർക്കാർ സ്രോതസ്സുകളെ ആശ്രയിക്കുന്നത് എഡിറ്റോറിയൽ വക്രീകരണത്തിന് ഇടയാക്കും. കാരണം തുടർച്ചയായ വിവരങ്ങൾ ലഭിക്കുന്ന ഇടങ്ങളുമായുള്ള ബന്ധം നിലനിർത്തുന്നതിന് മാധ്യമസ്ഥാപനങ്ങൾ മുൻഗണന നൽകുന്നു.

**രൂക്ഷവിമർശനം:** പരാതികൾ, വ്യവഹാരങ്ങൾ, അല്ലെങ്കിൽ നിയമനിർമ്മാണ നടപടികൾ എന്നിവയുൾപ്പെടെ, മീഡിയ ഉള്ളടക്കം വഴി ഉണ്ടാകുന്ന പ്രതികൂല പ്രതികരണങ്ങളെ Flak എന്ന് സൂചിപ്പിക്കുന്നു. പരസ്യവരുമാനത്തിന്റെ നഷ്ടം അല്ലെങ്കിൽ നിയമപരമായ ചെലവുകൾ പോലെയുള്ള ഫ്ളാക്കിന്റെ അനന്തരഫലങ്ങൾ, തർക്കകരമെന്ന് കരുതുന്ന ചില വസ്തുതകളോ അഭിപ്രായങ്ങളോ റിപ്പോർട്ടുചെയ്യുന്നതിന് തടസ്സമായി പ്രവർത്തിക്കും. അഭിപ്രായരൂപീകരണത്തിൽ ശക്തമായവർ, എഡിറ്റോറിയൽ തീരുമാനങ്ങളെയും ഉള്ളടക്കത്തെയും കൂടുതൽ സ്വാധീനിക്കുന്നതിന്, മാധ്യമ ഔട്ട്ലെറ്റുകളിൽ സമ്മർദ്ദം ചെലുത്തുവാൻവേണ്ടി ഫ്ളാക്ക് സംഘടിപ്പിച്ചേക്കാം.

> ▶ മീഡിയ ഉള്ളടക്കം വഴി ഉണ്ടാകുന്ന പ്രതികൂല പ്രതികരണങ്ങൾ Flak എന്ന് പറയുന്നു

**കമ്മ്യൂണിസ്റ്റ് വിരുദ്ധത/ഭീകരതയ്ക്കെതിരായ യുദ്ധം:** 1988 ലെ പുസ്തകത്തിന്റെ പതിപ്പിൽ കമ്മ്യൂണിസം എതിർക്കപ്പെടേണ്ടതാണ് എന്ന് തിരിച്ചറിഞ്ഞ ഈ ഫിൽട്ടർ പൊതുവ്യവഹാരങ്ങൾ രൂപപ്പെടുത്തുന്നതിൽ പ്രത്യയശാസ്ത്രപരമായ വിവരണങ്ങളുടെ പങ്ക് എടുത്തുകാണിക്കുന്നു. ശീതയുദ്ധത്തിന്റെ അവസാനത്തോടെ, 'ഭീകരതയ്ക്കെതിരായ യുദ്ധം' കമ്മ്യൂണിസ്റ്റ് വിരുദ്ധതയ്ക്ക് പകരമായി ഒരു പ്രബലമായ സാമൂഹികനിയന്ത്രണ സംവിധാനമായി ഉയർന്നുവന്നതായി ചോംസ്കി വാദിക്കുന്നു. ഈ പ്രത്യയശാസ്ത്ര ചട്ടക്കൂട് മാധ്യമ കവറേജിനെ സ്വാധീനിക്കുന്നു. ദേശീയ സുരക്ഷയുടെയും തീവ്രവാദവിരുദ്ധതയുടെയും നിലവിലുള്ള വിവരണങ്ങൾക്ക് അനുസൃതമായി ചില നയങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നു.

ഈ ഫിൽട്ടറുകൾ ഒന്നിച്ച്, പൊതുജനങ്ങൾക്ക് അവതരിപ്പിക്കുന്ന വിവരങ്ങളെ സ്വാധീനിക്കുകയും യാഥാർത്ഥ്യത്തെക്കുറിച്ചുള്ള കൂട്ടായ ധാരണകൾ രൂപപ്പെടുത്തുകയും ചെയ്യുന്നതിലൂടെ, ബഹുജനമാധ്യമങ്ങളുടെ പ്രകൃതിയിൽ എഡിറ്റോറിയൽ പക്ഷപാതങ്ങൾ ഉണ്ടാക്കുന്നതിന് ഇടയാക്കുന്നു.

സാമൂഹികവും സാംസ്കാരികവും പ്രത്യശാസ്ത്രപരവുമായ രാഷ്ട്രീയപശ്ചാത്തലം കണക്കിലെടുത്ത് അവികസിതരാജ്യങ്ങളിലെ പത്രപ്രവർത്തനം സമ്മിശ്രരൂപത്തിലാണ്. അമേരിക്കയിലെയോ യൂറോപ്പിലെയോ പത്രപ്രവർത്തനംപോലെ ഒരു പ്രൊഫഷണൽ മേഖല എന്ന നിലയിൽ അതിന്റെ സമകാലികചരിത്രവും കീഴ്വഴക്കവും ഭാവിയും വേർതിരിച്ച് അനുഭവങ്ങളുടെ അർത്ഥപൂർണ്ണമായ ഒരു സഞ്ചയമാക്കി മാറ്റാൻ അവികസിതരാജ്യങ്ങളിൽ പ്രയാസമാണ്. ചോംസ്കിയുടെ അഭിപ്രായമാണിത്. സാമ്പത്തിക അരക്ഷിതാവസ്ഥയാണ് വികസ്വരരാജ്യങ്ങളിലെ പത്രങ്ങൾ നേരിടുന്ന പ്രധാനപ്രശ്നം.

> ▶ അനുഭവങ്ങളുടെ അർത്ഥപൂർണ്ണമായ ഒരു സഞ്ചയമാക്കി മാറ്റാൻ പ്രയാസമാണ്

## മാധ്യമങ്ങൾ നിർമ്മിക്കുന്ന പൊതുസമ്മതിയും മേൽക്കോയ്മകളും

വികസിത-വികസ്വരരാജ്യങ്ങളിൽ അധികാരകേന്ദ്രങ്ങൾ മാധ്യമങ്ങളെ സ്വാധീനിച്ച് കീഴ്പ്പെടുത്തുന്നു. എങ്കിലും ഈ പ്രതിസന്ധിയെ അതിജീവിക്കുന്ന മാധ്യമങ്ങൾ ഇന്ത്യയെ പോലെയുള്ള രാജ്യങ്ങളിൽ നിരവധിയുണ്ട്. വികസ്വരരാജ്യത്തിന്റെ മാധ്യമമുന്നേറ്റത്തിന് ചരിത്രപരമായ അനുഭാവമോ അനുകൂലമായ ചട്ടങ്ങളുടെ ഏകീകരണമോ ദൃഢീകരണമോ ഒരു വലിയ രാഷ്ട്രീയമാറ്റമോ കാരണമാകാം. ഇത്

നിലവിലുള്ള രാഷ്ട്രീയ-സാമൂഹ്യാവസ്ഥയിൽ ഗണ്യമായ മാറ്റം സൃഷ്ടിക്കുന്നു. വികസിതരാജ്യങ്ങളിൽ സ്ഥിതി വ്യത്യസ്തമാണ്. ചോംസ്കിയും ഹെർമനും ചേർന്ന് രചിച്ചതും മാധ്യമപഠനത്തിന് വഴിത്തിരിവായതുമായ ഗ്രന്ഥം 'മാനുഫാക്ചറിംഗ് കൺസന്റ്' അഥവാ 'സമ്മതികർത്തവ്യത്തിൽ' ആധുനിക ഇന്ത്യൻചരിത്രപശ്ചാത്തലത്തിലെ പത്രപ്രവർത്തനത്തിന്റെ പങ്കിനെയും കർത്തവ്യത്തെയുംക്കുറിച്ചുമുള്ള സിദ്ധാന്തവൽക്കരണം വിശദമാക്കുന്നുണ്ട്.

- സമ്മതികർത്തവ്യം ഒരു വഴിത്തിരിവാണ്

SGOU

# വിശദപഠനം

## ചോംസ്കിയും മാധ്യമരംഗവും : 'പ്രചാരണ പദ്ധതി മാതൃക'യുടെ പ്രസക്തി - എൻ. റാം.



നോം ചോംസ്കി

ഇരുപതാംനൂറ്റാണ്ടിലെ ഏറ്റവും ശ്രദ്ധേയനായ രാഷ്ട്രീയചിന്തകനും ഭാഷാശാസ്ത്രജ്ഞനുമായ നോം ചോംസ്കി ഇന്നു ജീവിച്ചിരിക്കുന്ന ഏറ്റവും പ്രശസ്തനായ സൈദ്ധാന്തികനാണ്. കഴിഞ്ഞ നൂറ്റാണ്ടിലെ ശ്രദ്ധേയനേട്ടങ്ങളിലൊന്നായ പ്രജനകവ്യാകരണം (Generative Grammer) എന്ന ഭാഷാശാസ്ത്രത്തിന്റെ ജനയിതാവാണ് ചോംസ്കി. വൈജ്ഞാനികശാസ്ത്ര (Cognitive Science) ശാഖയിലും അദ്ദേഹം തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. അറുപതുകളിൽ ലോകജനതയുടെ വിമർശനങ്ങൾക്ക് വിധേയമായ വിയറ്റ്നാം യുദ്ധത്തിന്റെ ആസൂത്രകരായ അമേരിക്കൻ ഭരണകൂടത്തെ ചോംസ്കി ശക്തമായി ചോദ്യംചെയ്തു. യു.എസ്. പൗരൻ കൂടിയായ ചോംസ്കിയ്ക്കെതിരെ കോർപ്പറേറ്റ് മാധ്യമങ്ങൾ വിലക്കുകൾവരെ ഏർപ്പെടുത്തി. മാധ്യമസിദ്ധാന്തത്തിലെ സുപ്രധാനമായ ആശയങ്ങളെ വിശകലനം ചെയ്തുകൊണ്ടുള്ള ഗ്രന്ഥങ്ങൾ രചിച്ച മഹാപ്രതിഭയാണ് ചോംസ്കി. ആധുനികഭാഷാശാസ്ത്രത്തിന്റെ പിതാവ് എന്ന ബഹുമതി നേടിയ ചിന്തകനായ ചോംസ്കിയുടെ മാധ്യമസിദ്ധാന്തത്തെ വിശകലനം ചെയ്യുകയാണ് ഇന്ത്യൻ പത്രപ്രവർത്തകനായ എൻ. റാം.

> ▶ പ്രജനകവ്യാകരണം എന്ന ഭാഷാശാസ്ത്രത്തിന്റെ രചയിതാവ്

'വിയറ്റ്നാമിലെ കൂട്ടക്കൊലയ്ക്ക് പിന്നിൽ ഇത്തരം സമീപനങ്ങളുണ്ട്, നമ്മൾ നിർഭയമായി ആർജ്ജവത്തോടെ ഇവരെ നേരിട്ടു. അല്ലെങ്കിൽ വിയറ്റ്നാമിലും തൊട്ടുമുമ്പിലുള്ള ഒഴിവാക്കാൻ കഴിയാത്ത ഒട്ടേറെ വിയറ്റ്നാമുകളിലും 'ഒരാത്യന്തിക പരിഹാരത്തി'ലേക്ക് നമ്മുടെ സർക്കാർ നമ്മെ നയിക്കുമായിരുന്നു. അമേരിക്കയുടെ വിയറ്റ്നാം അധിനിവേശവിഷയത്തിൽ ചോംസ്കിയുടെ വിശകലനത്തിന്റെ കാതൽ ഇങ്ങനെയായിരുന്നു.

> ▶ വിയറ്റ്നാം അധിനിവേശത്തിന്റെ വിഷയം

അഫ്ഗാൻ പ്രശ്നത്തിലെ അമേരിക്കൻ ഇടപെടലിൽ വിയോജിപ്പ് പ്രകടിപ്പിച്ച ചോംസ്കി ഐക്യരാഷ്ട്രസമിതിക്ക് മുന്നിൽ സൃഷ്ടിപരമായ ബദലുകൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. വ്യവസ്ഥാപിതമായ വിഷയങ്ങളെയും ഉറവിടങ്ങളെയും ആശ്രയിക്കുന്ന വിദഗ്ധ അക്കാദമിക്കായ ചോംസ്കിയുടെ ശ്രദ്ധേയമായ വിശകലനങ്ങളെ പലപ്പോഴും മുഖ്യധാരാസ്തുതിപാഠകരും സമാനനിലപാടുകളുള്ള ചരിത്രകാരന്മാരും തള്ളിക്കളയുന്നു. ചോംസ്കിയുടെ ഇത്തരം അക്കാദമികപ്രവർത്തനങ്ങൾ, സാമൂഹികവും രാഷ്ട്രീയവുമായ ചിന്തകളിലുള്ള സംഭാവനകൾ രാഷ്ട്രീയവിശകലനങ്ങൾ തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ ആയിരിക്കണം അദ്ദേഹത്തിന്റെ മാധ്യമരംഗത്തെ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടത്.

> ▶ ചോംസ്കി ഐക്യരാഷ്ട്രസമിതിക്ക് മുന്നിൽ സൃഷ്ടിപരമായ ബദലുകൾ മുന്നോട്ട് വയ്ക്കുന്നു

## മാധ്യമങ്ങളുടെ പങ്കിന്റെ സിദ്ധാന്തവത്കരണവും മാധ്യമനിർവഹണത്തിന്റെ വിശകലനവും

ജനാധിപത്യസമൂഹത്തിൽ മർമ്മപ്രധാനമായ സ്ഥാനമാണ് നാം മാധ്യമങ്ങൾക്കു നൽകിയിട്ടുള്ളത്. വിദ്യാഭ്യാസത്തോടൊപ്പംതന്നെ ജനാധിപത്യവ്യവസ്ഥിതിയോട് അടുപ്പം നിൽക്കുന്ന ചിന്തയാണ് നൽകിവരുന്നത്. ഒരു ജനാധിപത്യസമൂഹത്തിലെ വാർത്താമാധ്യമങ്ങളുടെ പങ്കിനെയും കർത്തവ്യനിർവഹണത്തെയും സ്വാംശീകരിച്ച പല സിദ്ധാന്തങ്ങളും നിലവിലുണ്ട്. വാർത്തകളെ യാഥാർത്ഥ്യമായും സത്യസന്ധമായും പക്ഷപാതങ്ങളില്ലാതെയും റിപ്പോർട്ട് ചെയ്യുകയും വൈവിധ്യവും വ്യത്യസ്തവുമായ കാഴ്ചപ്പാടുകളെ അവതരിപ്പിക്കുകയും അനാവശ്യ നിയന്ത്രണങ്ങളില്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുകയും ചെയ്യുന്ന മാധ്യമങ്ങൾ അമേരിക്കൻരാജ്യങ്ങളിലുണ്ട്. പ്രതികൂല കാലാവസ്ഥയിലും ജനാധിപത്യ സമൂഹത്തിൽ പ്രവർത്തിക്കുന്ന ഇത്തരം വാർത്താമാധ്യമങ്ങളുടെ പങ്ക് ഗൗരവമായി കാണേണ്ടിയിരിക്കുന്നു. വാർത്തകളെ പക്ഷപാതങ്ങളില്ലാതെ റിപ്പോർട്ട് ചെയ്യാൻ ശ്രമിക്കുന്ന വൈവിധ്യവും വ്യത്യസ്തവുമായ കാഴ്ചപ്പാടുകളെ സ്വതന്ത്രമായി വായനക്കാരനുമുമ്പിൽ സമർപ്പിക്കുന്ന മാധ്യമങ്ങളാണ് അമേരിക്കയെപ്പോലുള്ള രാജ്യങ്ങളിലേത് എന്നും പ്രതികൂലമായ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന ജനാധിപത്യത്തിന്റെയും പൊതുതാൽപര്യത്തിന്റെയും കാവൽനായ്ക്കൾ ആണ് അവയെന്നും ഈ സിദ്ധാന്തങ്ങളെക്കുറിച്ചുള്ള പാഠപുസ്തകഭാഷ്യങ്ങൾ അവകാശപ്പെടുന്നു.

> ▶ പൊതുതാൽപര്യത്തിന്റെ കാവൽനായ്ക്കൾ

മാധ്യമങ്ങളുടെ സ്വതന്ത്രമായ നിലപാടുകളെ സംബന്ധിക്കുന്നതും, അവയുടെ കർത്തവ്യങ്ങളെയും പങ്കുകളെയും കുറിച്ചുമുള്ള തന്റെ ധാരണയെ ചോംസ്കി സ്വാധീനിച്ചത് എങ്ങനെയാണെന്ന് ലേഖകൻ വെളിപ്പെടുത്തുന്നു. പ്രചാരണമാതൃകയുടെ സമ്മതിനിർമ്മാണത്തിന്റെ സ്വാധീനത്തെ സംബന്ധിച്ച് വിശദമാക്കുന്നതിനുമുമ്പ് ആധുനിക ഇന്ത്യൻചരിത്രത്തിന്റെ പശ്ചാത്തലത്തിലാണ് അദ്ദേഹം ഇത് വെളിപ്പെടുത്തുന്നത്.

സാമാന്യജനത്തിന്റെ പട്ടിണി, അന്യവൽക്കരണം, അവകാശനിഷേധം തുടങ്ങിയ മർമപ്രധാനവിഷയങ്ങളിൽ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതു സംബന്ധിച്ച് സമയോചിതവും പ്രസക്തവുമായ വിവരവിനിമയം ഗുണപരമായ മാറ്റം വരുത്തുന്നു എന്ന തിരിച്ചറിവിലൂടെ പ്രൊഫഷണൽ പത്രപ്രവർത്തനം പ്രശംസ അർഹിക്കുന്നു. സാമൂഹ്യവളർച്ചയ്ക്കായി അതത് രാജ്യത്ത് നിലവിലിരിക്കുന്ന രാഷ്ട്രീയസംവിധാനത്തെയും കീഴ്‌വഴക്കങ്ങളെയും ആശ്രയിച്ച് സ്വതന്ത്രമായ നിലപാടുകൾ സ്വീകരിക്കുന്ന പത്രങ്ങളുടെ പങ്കുമായി ബന്ധപ്പെട്ടാണ് അത് തീരുമാനിക്കുന്നത്. സാമൂഹികവും സാംസ്കാരികവും പ്രത്യയശാസ്ത്രപരമായ ഒരു രാഷ്ട്രീയപശ്ചാത്തലവും കണക്കിലെടുത്ത് അവികസിത രാജ്യങ്ങളിലെ പത്രപ്രവർത്തനം സമ്മിശ്രമാണ് എന്ന് പറയാം. അമേരിക്കയിലെയോ യൂറോപ്പിലെയോ പത്രപ്രവർത്തനംപോലെ ഒരു പ്രൊഫഷണൽമേഖല എന്ന നിലയിൽ അതിന്റെ സമകാലികചരിത്രവും കീഴ്‌വഴക്കവും ഭാവിയും വേർതിരിച്ച് അനുഭവങ്ങളുടെ അർത്ഥപൂർണ്ണമായ ഒരു സഞ്ചയമാക്കി മാറ്റാൻ അവികസിതരാജ്യങ്ങളിൽ പ്രയാസമാണ്.

> ▶ അവികസിത രാജ്യങ്ങളിലെ പത്രപ്രവർത്തനം സമ്മിശ്രമാണ്

> ▶ ആവിഷ്കാരസ്വാതന്ത്ര്യത്തിനുനേരെ ഭരണകൂടങ്ങൾ നടത്തുന്ന കടന്നാക്രമണങ്ങൾ

വികസ്വരരാജ്യങ്ങളിൽ അപരിഷ്കൃതമായ നിലയിൽ പ്രവർത്തിക്കുന്ന ആവിഷ്കാര സ്വാതന്ത്ര്യത്തെ ദർശിക്കാൻ കഴിയുമെന്ന പ്രത്യേകതയുമുണ്ട്. ഇത് ഭരണവ്യവസ്ഥയ്ക്ക് അസുഖകരമായ ഒരു ഐക്യരൂപം പ്രദാനം ചെയ്യുന്നു. ജനങ്ങളുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിനുനേരെ ഭരണകൂടങ്ങൾ നടത്തുന്ന കടന്നാക്രമണങ്ങൾ ആക്രമണത്തിന്റെ തീഷ്ണത ഇത്തരത്തിൽ പത്രത്തിന്റെ ഉൾക്കാമ്പിനുള്ള പ്രശംസയാണ്. വികസ്വരരാജ്യത്തിന്റെ മുന്നേറ്റം ചരിത്രപരമായ അനുഭവമോ അനുകൂലമായ ചട്ടങ്ങളുടെ ഏകീകരണമോ ദൃഢീകരണമോ ഒരു വലിയ രാഷ്ട്രീയമാറ്റമോ ആകാം. ഇത് നിലവിലുള്ള അവസ്ഥയിൽ ഗണ്യമായ മാറ്റം സൃഷ്ടിക്കുന്നു.

> ▶ ഇന്ത്യയിലെ മാധ്യമവളർച്ച അസന്തുലിതമായ അവസ്ഥയിൽ എത്തിനിൽക്കുന്നു

പ്രാദേശികതയും സാമൂഹിക സാമ്പത്തിക അസമത്വവുമാണ് ഇന്ത്യയിലെ മാധ്യമവളർച്ച അസന്തുലിതമായ അവസ്ഥയിൽ എത്തിനിൽക്കുന്നത്. ഇന്ത്യൻ മാധ്യമങ്ങളുടെ ശക്തമായ വേരുകൾ സമൂഹത്തിൽ ആഴ്ന്നിറങ്ങിയതുകൊണ്ടാണ് പരിമിതമായ സാഹചര്യത്തിലും അതിന് മാധ്യമഭൂപടത്തിൽ കേന്ദ്രസ്ഥാനം നേടാൻ കഴിഞ്ഞത്. ഇത്തരം സാഹചര്യത്തിൽ നമ്മുടെ മാധ്യമലോകത്തിന്റെ സവിശേഷതകൾ ലേഖനത്തിൽ ഊന്നിപ്പറയുന്നുണ്ട്.

> ▶ ഒരു പ്രത്യേക കൊളോണിയലിസത്തെ പൈശാചികത്വത്തോടെ മറ്റൊരിടത്തേക്ക് പറിച്ചുനടുന്നു

ഭാഗികമായി സ്വതന്ത്രമായ പത്രത്തിന്റെ രണ്ട് പ്രധാനകർത്തവ്യങ്ങളായ വിശ്വാസയോഗ്യവിവരദായകപ്രതികൂല വിമർശനകർത്തവ്യങ്ങൾ ഒരുമിച്ച് പരിഗണിക്കപ്പെടുന്നത് രണ്ട് കാരണങ്ങളാലാണ്. രണ്ടാമത്തെ കർത്തവ്യത്തിന്റെ മുൻഉപാധിയാണ് ആദ്യത്തേത്. നിയമാനുസൃതമായ ഭരണത്തിന്റെ കീഴ്വഴക്കവുമായി ബന്ധപ്പെട്ട് ഒന്നാമത്തെ കർത്തവ്യത്തിന് ഇന്ത്യയിൽ ചിലതൊക്കെ ചെയ്യുവാനുണ്ട്. അതായത് ഒരു പ്രത്യേകകൊളോണിയലിസത്തെ പൈശാചികത്വത്തോടെ മറ്റൊരിടത്തേക്ക് പറിച്ചുനടുവാൻ കഴിയുന്നു.

> ▶ സ്വതന്ത്രമാധ്യമങ്ങളുടെ ഫലപ്രദമായ ഇടപെടൽ

രണ്ടാമത്തെ കർത്തവ്യം 'കാവൽനായ' സങ്കല്പവുമായി ബന്ധപ്പെട്ടതാണ്. ഭരണനിർവഹണം മെച്ചപ്പെടുത്തുന്നതിനായി പൊതുവിൽ രാഷ്ട്രീയമായോ അന്യായമായോ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നതിനെപ്രതിരോധിക്കാനുള്ള സ്വതന്ത്രമാധ്യമങ്ങളുടെ ഫലപ്രദമായ ഇടപെടൽ ആണത്. ഈ രണ്ട് കർത്തവ്യങ്ങളുടെ അടിസ്ഥാനത്തിൽ സ്വതന്ത്രപത്രപ്രവർത്തനത്തിന്റെ ശക്തിയെ സംബന്ധിക്കുന്ന ചർച്ച നിരന്തരമായി അരങ്ങേറുന്നതുകൊണ്ട് പത്രലോകത്തിന്റെ ശേഷി കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുന്നു.

> ▶ നൂതനമായ സാങ്കേതികവിദ്യയുടെ ഉപയോഗം

വിദ്യാഭ്യാസസംബന്ധമായ കർത്തവ്യത്തെ ഇന്ത്യൻമാധ്യമങ്ങൾ ചിട്ടയോടെയും ഭാവനാപൂർവ്വമായും ഏറ്റെടുത്താൽ സമൂഹത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും. ഇന്ത്യയിൽ അന്വേഷണാത്മകപത്രപ്രവർത്തനത്തിന് നീണ്ടകാലത്തെ പാരമ്പര്യം ഉള്ളതിനാൽ ആധുനികമാർഗ്ഗങ്ങളിലൂടെ നൂതനമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മെച്ചപ്പെടുത്തിയാൽ പത്രപ്രവർത്തനത്തിന്റെ ശേഷി ഗണ്യമായി ഉയർത്താൻ കഴിയും.

അജണ്ടാനിർമ്മാണവുമായി ബന്ധപ്പെട്ട നാലാമത്തെ കർത്തവ്യത്തിൽ സൂചിപ്പിക്കുന്നത് ഭംഗിയായി ഉത്തരവാദിത്വം നിർവഹിക്കുന്ന സ്വതന്ത്രപത്രപ്രവർത്തനത്തെക്കുറിച്ചാണ്. അന്വേഷണാത്മകപത്രപ്ര

▶ വിശ്വാസയോഗ്യവിമർശനാത്മകവിദ്യാഭ്യാസ കർത്തവ്യങ്ങളുടെ ധർമ്മം

വർത്തനവുമായി ബന്ധപ്പെട്ട അജണ്ടാനിർമ്മാണ കർത്തവ്യത്തിനാണ് ഇത് ഊന്നൽ നൽകുന്നത്. ഇതിന്റെ ധർമ്മം ഉരുത്തിരിഞ്ഞത് വിശ്വാസയോഗ്യവിമർശനാത്മകവിദ്യാഭ്യാസ കർത്തവ്യങ്ങളിൽ നിന്നാണ്. ഈ ഉത്തരവാദിത്വം ഗൗരവമായി നിർവഹിച്ചാൽ മാധ്യമലോകത്തിന് മെച്ചപ്പെട്ട കാര്യശേഷി ആർജിക്കാൻ കഴിയും.

ഇനി സമ്മതിനിർമ്മാണകർത്തവ്യത്തെ വിശദീകരിക്കുന്നത് എങ്ങനെയെന്ന് നോക്കാം. ആധുനിക ഇന്ത്യൻചരിത്രപശ്ചാത്തലത്തിലെ പത്രപ്രവർത്തനത്തിന്റെ പങ്കിനെയും കർത്തവ്യത്തെയുംകുറിച്ചുള്ള സിദ്ധാന്തവൽക്കരണത്തെക്കുറിച്ച് ചോംസ്കിയും ഹെർമനും ചേർന്ന് രചിച്ച വിഖ്യാതമായ ഒരു പഠനഗ്രന്ഥമുണ്ട്. മാധ്യമപഠനത്തിൽ വഴിത്തിരിവായ 'മാനുഫാക്ചറിംഗ് കൺസന്റ്' എന്ന പ്രശസ്ത ഗ്രന്ഥത്തിലൂടെ 'സമ്മതിയുടെ നിർമ്മാണം' എന്ന സങ്കല്പം വിശകലനം ചെയ്യുന്നു. 'മീഡിയ മോണോപൊളി' എന്ന ഗ്രന്ഥത്തെ അതിന്റെ ജനാധിപത്യവിരുദ്ധഘടനയുടെ പശ്ചാത്തലത്തിൽ വായിച്ചെടുക്കുമ്പോൾ പ്രചാരണപദ്ധതി മാതൃകയുടെ മഹത്വം തിരിച്ചറിയുന്നു. മുഖ്യധാര അമേരിക്കൻമാധ്യമങ്ങളും മറ്റ് ടെലിവിഷൻശൃംഖലകളും ചോംസ്കിക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തിയത് പ്രചാരണപദ്ധതി മാതൃകയുടെതന്നെ പ്രയോഗതലത്തിലെ ഉദാഹരണമായി കണക്കാക്കാം. ന്യൂയോർക്ക് ടൈംസ് ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങൾ ചോംസ്കിയുടെ രചനകൾക്ക് നിരോധനമേർപ്പെടുത്തിയിരുന്നു.

▶ 'മീഡിയ മോണോപൊളി' എന്ന ഗ്രന്ഥത്തിലെ ചർച്ച

## പ്രചാരണപദ്ധതിയുടെ മാതൃക

ഭരണകൂടങ്ങളെയും സ്വകാര്യസംരംഭങ്ങളെയും നിയന്ത്രിക്കുന്ന താല്പര്യങ്ങൾക്ക് പിന്തുണ വർദ്ധിപ്പിക്കുവാൻ പ്രവർത്തിക്കുന്ന അധികാരശക്തി എന്ന നിലയ്ക്കാണ് ചോംസ്കിയും ഹെർമനും പ്രചാരണ മാതൃക ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഈ മാതൃകയുടെ തെരഞ്ഞെടുപ്പ്, ഊന്നലുകൾ, തിരസ്കാരങ്ങൾ എന്നിവയെ പലപ്പോഴും മെച്ചപ്പെട്ട നിലയിലും ചില അവസരങ്ങളിൽ വിസ്മയകരമായ വ്യക്തതയോടെയും ഉൾക്കാഴ്ചയോടെയും വിശകലനം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നും ലേഖനത്തിൽ വിശദീകരിക്കുന്നു. തങ്ങൾ സൃഷ്ടിക്കുന്ന വാർത്ത പക്ഷപാതരഹിതമാണെന്ന അവകാശവാദങ്ങളുമായി വരുന്ന ഉന്നത പത്രപ്രവർത്തകരുടെ നിലപാടുകൾക്കും വാദത്തിനും പൊതുവേ ബുദ്ധിജീവികളുടെ പിന്തുണ ലഭിക്കാറുണ്ട്. പക്ഷേ പൊതുസമൂഹം എന്തു കാണണം, എങ്ങനെ ചിന്തിക്കണം എന്നൊക്കെ തീരുമാനിക്കാനും ബഹുജനാഭിപ്രായത്തെ പ്രചാരണതന്ത്രങ്ങളിലൂടെ കൈകാര്യം ചെയ്യാനും സ്വതന്ത്രമാധ്യമങ്ങൾക്ക് സാധിക്കും. മാധ്യമവിഷയങ്ങളുടെ സ്വഭാവം നിർണ്ണയിക്കുവാനും വായനക്കാർ എന്ത് ചിന്തിക്കണമെന്നും എന്ത് കാണണമെന്നും തീരുമാനിക്കാനുമുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തുന്നത് അധികാരശക്തികളായിരിക്കും. ബഹുജനാഭിപ്രായത്തെ പ്രചരണതന്ത്രങ്ങളിലൂടെ കൈകാര്യം ചെയ്യാനായി അധികാരകേന്ദ്രങ്ങൾക്ക് കഴിയുന്ന അവസരത്തിൽ നിലവിലുള്ള വ്യവസ്ഥയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള പ്രാമാണികകാഴ്ചപ്പാടുകൾ യാഥാർത്ഥ്യത്തിൽനിന്ന് വളരെ അകലെയായിട്ടാണ് നിലകൊള്ളുന്നത്.

▶ പ്രചാരണതന്ത്രങ്ങളിലൂടെ മാധ്യമങ്ങൾ ജനങ്ങളെ നിയന്ത്രിക്കുന്നുണ്ട്

## വാർത്തകളുടെ അഞ്ച് അരിപ്പകൾ

അമേരിക്കയിൽ വാർത്തകൾ കൈകാര്യം ചെയ്യുമ്പോൾ അഞ്ച് ഘടകങ്ങൾ അല്ലെങ്കിൽ അരിപ്പകൾ ഉപയോഗിച്ചുകൊണ്ടാണ് പ്രചാരണപദ്ധതി പ്രവർത്തിക്കുന്നത്. കേന്ദ്രീകൃത ഉടമസ്ഥത, അവകാശം, വലിപ്പം, ഉടമസ്ഥന്റെ സ്വത്ത്, ലാഭത്തിന്റെ വിന്യാസം തുടങ്ങിയവയാണ് ഒന്നാമത്തെ അരിപ്പ. ഭാരിച്ച മുതൽമുടക്കി രംഗത്ത് വരുന്ന മുൻനിരയിലുള്ള മാധ്യമങ്ങൾ ഏതാനും കുടുംബങ്ങളിലും കോർപ്പറേഷനുകളിലും നിയന്ത്രണം കേന്ദ്രീകരിക്കുന്നു. പരസ്യവരുമാനത്തോടുള്ള ആശ്രിതത്വം മാധ്യമങ്ങളെ സ്വാധീനിക്കുന്നത് സംബന്ധിച്ചതാണ് രണ്ടാമത്തെ അരിപ്പ. ഭരണകൂടവും കോർപ്പറേറ്റുകളും അധികാരദല്ലാളുമാരുടെ സാമ്പത്തികപിന്തുണയോടെ പ്രവർത്തിക്കുന്ന വിദഗ്ധർ വഴി നൽകുന്ന വിവരങ്ങളിൽ മാധ്യമങ്ങൾ അർപ്പിക്കുന്ന വിശ്വാസമാണ് മൂന്നാമത്തെ അരിപ്പ. മാധ്യമങ്ങളെ നിലയ്ക്കു നിർത്താനായി സർക്കാരും വിവരങ്ങൾ ശേഖരിച്ച വ്യക്തികളും നടത്തുന്ന രൂക്ഷവിമർശനങ്ങളാണ് നാലാമത്തെ അരിപ്പ. മാധ്യമങ്ങളിൽനിന്ന് തങ്ങൾക്കു നേരെ ഉയരുന്ന വിമർശനങ്ങളെ കത്തുകൾ, ടെലഗ്രാം, ഇമെയിലുകൾ, പെറ്റീഷൻ, ഹർജി, പരാതികൾ, ഭീഷണിയും ശിക്ഷണനടപടിയും തുടങ്ങിയ പ്രതിലോമകരമായ പ്രതികരണങ്ങളിലൂടെ നേരിടുന്ന സ്ഥിതിയുണ്ട്. കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രത്യയശാസ്ത്രവും ദേശീയമതവും നിയന്ത്രണഉപാധിയും എന്ന നിലയിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധതയും സമന്വയിക്കുന്നതാണ് അഞ്ചാമത്തെ അരിപ്പ.

> ▶ പ്രചാരണ പദ്ധതിയ്ക്ക് വാർത്തകളുടെ അഞ്ച് അരിപ്പകൾ

പ്രചാരണമാതൃകയിൽ ഈ അഞ്ച് ഘടകങ്ങളും പരസ്പരം പ്രവർത്തിക്കുന്നു. രൂപമാറ്റത്തെ സംബന്ധിച്ച സങ്കല്പം രസതന്ത്രത്തിൽ നിന്നും കടമെടുത്തുകൊണ്ട് 'വാർത്തയുടെ അസംസ്കൃതവിഭവം തുടർച്ചയായുള്ള അരിപ്പകളിലൂടെ കടന്ന് അവസാനം ശുദ്ധമായ അച്ചടിയോഗ്യമായ ഭാരം അവശേഷിപ്പിക്കുന്നു' എന്ന് ചോംസ്കിയും ഹെർമനും വിശദീകരിക്കുന്നു. പ്രചാരണമാതൃകയുടെ രണ്ട് സവിശേഷതകൾ പ്രധാനമാണ്. വളരെ അദൃശ്യവും നിഗൂഢവുമായ രീതിയിൽ പ്രവർത്തിക്കുന്നതുകൊണ്ട് പദ്ധതി ഫലപ്രദവും പ്രബലവുമാണ്. രണ്ടാമത്തേത് സൈദ്ധാന്തികമായി ഉയർന്ന മൂല്യവും അതുപോലെ തന്നെ വിശദീകരണശേഷിയും ഉണ്ടെങ്കിലും ഈ മാതൃകയ്ക്ക് അമേരിക്കൻ മാധ്യമങ്ങളുടെ പ്രകടനം വിലയിരുത്താനാണ് ചോംസ്കിയും ഹെർമനും പ്രയത്നിച്ചത്.

> ▶ പ്രചാരണമാതൃകയുടെ രണ്ട് സവിശേഷതകൾ

## മാതൃകയ്ക്ക് ഇന്ത്യയിലെ പ്രസക്തി

ഭരണകൂടനിയന്ത്രണത്തിലുള്ള ടെലിവിഷന്റെയും റേഡിയോയുടെയും പ്രചാരണപരമായ പങ്ക് ശക്തമായി വിമർശിക്കപ്പെടുന്ന ഒരു സാഹചര്യം ഇന്ത്യയിലുണ്ട്. കാലാകാലങ്ങളായി സമ്മതിയുടെ നിർമ്മാണം എന്ന കർത്തവ്യം നിർവഹിക്കാൻ ഇന്ത്യയിലെ പത്രങ്ങൾക്ക് കഴിയുന്നുണ്ട്. 1990 നും 93 നും ഇടയിൽ അയോധ്യയുമായി ബന്ധപ്പെട്ട വലതുപക്ഷ ഹിന്ദുത്വത്തിന്റെ ആക്രമണോത്സുകമായ സാമുദായികധ്രുവീകരണശ്രമത്തിൽ ഹിന്ദി ഇംഗ്ലീഷ് ഭാഷാപത്രങ്ങളുടെ നിർണായകമായ ഇടപെടൽ അതിലൊന്നാണ്. രണ്ടാമതായി സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ ഫലങ്ങൾ ഉയർത്തിയ വിവാദങ്ങളിൽ

> ▶ ഭരണകൂടനിയന്ത്രണത്തിലുള്ള മാധ്യമങ്ങളുടെ പങ്ക് ശക്തമായി വിമർശിക്കപ്പെടുന്നു

പ്രചാരണ മാതൃകകൾ വഹിച്ച പങ്ക് ഇങ്ങനെ പ്രധാനപ്പെട്ട രണ്ട് ഉദാഹരണങ്ങളിലൂടെ ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

സെപ്റ്റംബർ 11 ഉം അനന്തരസംഭവങ്ങളെയും ടെലിവിഷനും അച്ചടിമാധ്യമങ്ങളും വിശകലനം ചെയ്തത് പ്രചാരണസിദ്ധാന്തമാതൃകയുടെ പ്രധാന ഉദാഹരണമായി കാണാം. അമേരിക്കയിൽനിന്നും പടച്ച വാർത്തകൾ കാരണം അവരുടെ സൈനികമായ കളിയിൽ വീഴാൻ ഇന്ത്യ പ്രകടിപ്പിച്ച ഉത്സാഹവും പിന്തുണയും സർക്കാർ നിയന്ത്രണത്തിലുള്ള ടെലിവിഷനുകളിലും മുഖ്യധാരാപത്രങ്ങളിലും ശക്തമായി പ്രതിഫലിക്കുകയായിരുന്നു.

- ഭരണകൂടപിന്തുണ മുഖ്യധാരാപത്രങ്ങളിലും

പ്രചാരണപദ്ധതിയുടെ ഭാഗമായി ഇന്ത്യയിൽ നടന്ന ചില പ്രശ്നങ്ങളിൽ മാതൃകയുടെ നിർവഹണത്തിനായി ഏതൊക്കെ അരിപ്പകൾ പ്രവർത്തിച്ചു എന്നുള്ളത് കൃത്യമായി മനസ്സിലാക്കുവാൻ കൂടുതൽ ഗവേഷണങ്ങൾ നടത്തേണ്ടതുണ്ട്. അയോധ്യയുടെ വിഷയത്തിലും ദരിദ്രരായ അഫ്ഗാനിസ്ഥാനിലെ നിരപരാധികളെ ബോംബ് വർഷിച്ചു കൊന്നൊടുക്കുന്ന യു. എസിന് പിന്തുണ നൽകുന്ന കാര്യത്തിലും 'സമ്മതിയുടെ ഉത്പാദനം' നടന്നത് എങ്ങനെയാണെന്ന് അന്വേഷിക്കേണ്ടതുണ്ട്. ചോംസ്കിയും ഹെർമനും, അമേരിക്കയിൽ പ്രവർത്തിക്കുന്നതായി തിരിച്ചറിഞ്ഞ 5 അരിപ്പകളോ അവയിൽ ചിലതോ ഇന്ത്യൻ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

- 'സമ്മതിയുടെ ഉത്പാദനം' ഇന്ത്യൻ പശ്ചാത്തലത്തിൽ

**വിദേശനയത്തിനെതിരെ പോരാടിയത് രാജ്യദ്രോഹമോ?**

അമേരിക്കൻ ഭരണാധികാരികളുടെ ശക്തനായ വിമർശകനായിരുന്നു നോം ചോംസ്കി. യുഎസ് പൗരനായ ഒരാൾക്ക് സർക്കാരിന്റെ വിദേശനയങ്ങളെ വിമർശിക്കാൻ കഴിയുമോ. തീർച്ചയായും കഴിയും. തന്റെ രാജ്യം ശരിയോ തെറ്റോ? നയങ്ങളിൽ ശരികളുടെ അഭാവം ഉണ്ടെങ്കിൽ തിരുത്തണം; തെറ്റാണെങ്കിൽ ഇടപെടലുകളിലൂടെ ശരിയാക്കുമെന്നും അദ്ദേഹം പറയുന്നു.

'അമേരിക്കയെ വെറുക്കുന്നു' എന്ന് തുറന്നുപറഞ്ഞാൽ, വിമർശനം സഹിക്കാൻ കഴിയാത്തവർക്ക് യുക്തിസഹമായ മറുപടി നൽകുന്നതിനുപകരം വിമർശനത്തെ രാജ്യത്തോടുള്ള വെല്ലുവിളിയായി ചിത്രീകരിച്ച് അവരെ ഒറ്റപ്പെടുത്തുന്നത് മൂഢമായ നിലപാടാണെന്നാണ് ചോംസ്കിയുടെ പക്ഷം.

# വിശദപഠനം

## ഖരത്തിൽനിന്ന് ദ്രവത്തിലേക്ക്
## - ഡോ. പി. കെ. രാജശേഖരൻ

ആധുനികകാലത്തുനിന്നും പത്രപ്രവർത്തനം ഉത്തരാധുനികകാലത്തേക്ക് സഞ്ചരിക്കുമ്പോൾ ഉണ്ടായ മാറ്റങ്ങൾ പരിശോധിക്കുകയാണിവിടെ. എല്ലാ മേഖലയിലുമുള്ള മാറ്റങ്ങൾക്ക് സമാനമായി മാധ്യമരംഗത്തും പുതിയ പ്രവണതകൾ പിടിമുറുക്കി. ദേശത്തെയും ഭാഷയെയും സ്വത്വത്തെയുംക്കുറിച്ചുള്ള പുതിയ ഒരു ബോധത്തിൽ നിന്നും രൂപമെടുത്തതാണ് കേരളത്തിലെ പത്രപ്രവർത്തനം. കൊളോണിയൽ കാലഘട്ടത്തിലെ വിദ്യാഭ്യാസത്തിലൂടെ കടന്നുവന്ന ആധുനികബോധത്തിന്റെ ഭാഗമായിരുന്നു അത്. മലയാളിസ്വത്വം കേരളീയസംസ്കാരം ഇന്ത്യൻദേശീയത, ശാസ്ത്രീയത, യുക്തിബോധം, മാനവികത തുടങ്ങിയ ആശയധാരകൾ സമൃദ്ധമായി ഊട്ടിയുറപ്പിച്ച് നവീനമായ ഒരു പാതയിലൂടെ മലയാളിസമൂഹത്തെ രാഷ്ട്രീയവും ജാതീയവും മതപരവുമായ വിഭിന്നതകൾക്കിടയിലും രൂപപ്പെടുത്തിയെടുത്തു. വായനക്കാർ, പത്രപ്രവർത്തകർ, വാർത്താഖ്യാനം തുടങ്ങിയ ഖരസങ്കൽപ്പങ്ങൾ പുതുമണ്ഡല നിർമ്മാണത്തിൽ സുപ്രധാനപങ്കു വഹിച്ചിരുന്നു. പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾവരെയുള്ള ചരിത്രം പരിശോധിച്ചാൽ ആ ഖരരൂപങ്ങൾ നിർവഹിച്ച അവബോധരൂപവൽക്കരണത്തിന്റെ സ്വഭാവം വ്യക്തമാകും.

> ▶ പുതുമണ്ഡല നിർമ്മാണത്തിൽ ഖരസങ്കൽപ്പങ്ങൾ സുപ്രധാനപങ്കു വഹിച്ചു

സമകാലികമായ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ അന്നുണ്ടായിരുന്ന ഖരരൂപം ഇന്ന് ഉരുകി ദ്രവത്വമായി മാറിയിരിക്കുന്നു. ഇന്ന് പത്രപ്രവർത്തകൻ അവബോധ നിർമ്മാതാവല്ല. ആധുനികത്വത്തിന്റെ ആ ഘട്ടം പുതിയൊരു മാറ്റത്തിന് വഴി തുറന്നിരിക്കുന്നു. ആധുനികത്വത്തിന്റെ വഴികളിലൂടെ വ്യത്യസ്തമായി പിന്തുടർന്ന ശൈലി ഉച്ചസ്ഥായിയിൽ മുഖ്യധാരയും ഔദ്യോഗികപ്രതിനിധാനവുമായി തീർന്ന് സമൂഹത്തിന്റെ കേന്ദ്രഭാഗത്തു നിൽക്കുന്ന സ്ഥാപനവും വൻകിടവ്യവസായവുമായി മാറിയ ഖരം ഇന്ന് ഉരുകിക്കഴിഞ്ഞതായി ലേഖകൻ കുറിക്കുന്നു.

> ▶ വൻകിടവ്യവസായവുമായി മാറിയ ഖരം ഇന്ന് ഉരുകിക്കഴിഞ്ഞു

സാമൂഹികയാഥാർത്ഥ്യങ്ങൾക്കുമേലുള്ള വസ്തുനിഷ്ഠമായ ആഖ്യാനമാണ് പത്രപ്രവർത്തനം എന്ന നിഷ്കളങ്കയഥാർഥ്യവാദത്തിലാണ് ഇരുപതാംനൂറ്റാണ്ടിന്റെ അന്ത്യംവരെയും മലയാളപത്രപ്രവർത്തനം ഉറച്ചുനിന്നത്. ഏകകാഴ്ചപ്പാടിനും ഏകവീക്ഷണത്തിനും പരമപ്രാധാന്യം കൽപ്പിക്കുന്ന വീക്ഷണത്തെ ഉത്തരാധുനികസങ്കല്പങ്ങൾ വൈവിധ്യം, വ്യത്യസ്തത, ബഹുസ്വരത എന്നിവയെ മുൻനിർത്തി തിരസ്കരിക്കുന്നു. സ്വത്വം, നീതി, ലൈംഗികത തുടങ്ങിയവയെക്കുറിച്ചെല്ലാം വ്യത്യസ്തമായ അഭിപ്രായങ്ങൾ രൂപപ്പെട്ടുകഴിഞ്ഞ ഈ വേദിയിൽ വസ്തുനിഷ്ഠത അപ്രസക്തമായിത്തീരുകയാണ്. എല്ലാ മേഖലയിലും പരിവർത്തനത്തിന്റെ നവീനമായ ആശയങ്ങൾ കടന്നുവരുന്നതുപോലെ പത്രപ്രവർത്തനവും മാറ്റത്തിന് വിധേയമാവുകയാണ്. ഇത്തരം മാറ്റങ്ങളും ആശയപരമായ വ്യത്യസ്തതകളും സിദ്ധാന്ത

> ▶ പത്രപ്രവർത്തനം മാറ്റത്തിന് വിധേയമാവുന്നു

വൽക്കരിക്കുകയാണ് മാധ്യമപഠനത്തിന്റെ അപഗ്രഥനം. ചരിത്രരചന യുടെ മുഖ്യധർമ്മവും ഇതുതന്നെ.

പുലർച്ചെ വരുന്ന പത്രം കാത്തിരുന്നു വായിക്കുന്ന, അതനുസരിച്ചു നീങ്ങുന്ന നിശ്ചലവായനക്കാരെ മാത്രമല്ല, കമ്പ്യൂട്ടറിലൂടെയോ മൊ ബൈൽ ഫോണിലൂടെയോ വാർത്തകൾ ഗ്രഹിക്കുന്ന ചലിക്കുന്ന വാ യനക്കാരെകൂടി നാം ഇന്ന് സൃഷ്ടിച്ചുകഴിഞ്ഞു. മാധ്യമങ്ങൾ നൽകുന്ന വാർത്തകളോടുള്ള വിയോജിപ്പുകൾ വായനക്കാർ ശക്തമായിത്തന്നെ രേഖപ്പെടുത്തുന്ന കാലമാണിത്. മാധ്യമങ്ങൾ നൽകുന്ന വാർത്തകളെ ചോദ്യം ചെയ്യുന്ന പ്രവണത വളരെയധികം വർദ്ധിച്ചിരിക്കുന്ന കാലഘ ട്ടമാണിത്. ഇന്ന് വായനക്കാർ സമൂഹമാധ്യമങ്ങളിലൂടെ പരമ്പരാഗത പത്രപ്രവർത്തനത്തിന് ബദൽ നിർമ്മിക്കുക എന്ന ദൗത്യത്തോടൊപ്പം പത്രനിലപാടുകളെ വിചാരണയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. സമകാലികമായ ജീവിതത്തിന്റെ ഘടനാപരമായ അവസ്ഥതന്നെ ദ്രവത്വമായി മാറിയിരിക്കുന്നു. മാധ്യമസൈദ്ധാന്തികനായ സിഗ്മണ്ട് ബൗമൻ ഈ ദ്രവാവസ്ഥയെ നിർവചിച്ചിരിക്കുന്നത് നോക്കാം. 'ഇന്ന് നാം ഒരു സ്ഥിരം വിപ്ലവത്തിന്റെ സാഹചര്യങ്ങളിലാണ് ജീവിക്കുന്ന ത്. ഇപ്പോൾ സമൂഹം ജീവിക്കുന്ന രീതിയാണ് വിപ്ലവം. മനുഷ്യസമൂ ഹത്തിന്റെ സാധാരണസ്ഥിതിയായി വിപ്ലവം മാറിയിരിക്കുന്നു'. സർവ്വ വും ചുറ്റിത്തിരിയുന്ന ഈ അവസ്ഥയെയാണ് പത്രപ്രവർത്തനത്തിലെ ഉത്തരാധുനികതയായി നാം നിരീക്ഷിക്കുന്നത്.

> ▶ ഇന്ന് നാം ഒരു സ്ഥിരം വിപ്ലവത്തിന്റെ സാഹചര്യങ്ങളിലാണ് ജീവിക്കുന്നത്

വാർത്തയുടെയും വിവരങ്ങളുടെയും സത്യാത്മകത്വം, വസ്തു നിഷ്ഠത, ആധികാരികത തുടങ്ങിയ വ്യവസ്ഥാപിതഗുണങ്ങളെ ആപേക്ഷികവും സാങ്കല്പികവുമായ പല വീക്ഷണങ്ങളിൽ സുപ്ര ധാനമാക്കുന്ന ഉത്തരാധുനികമാധ്യമാന്തരീക്ഷം നമ്മുടെ പത്രപ്രവർ ത്തനത്തെ ഒരു ഹിമയുഗത്തിൽ കൊണ്ടുവന്നു നിർത്തിയിരിക്കുന്ന തായി ലേഖകൻ സമർത്ഥിക്കുന്നു. ആഗോളീകരണത്തിനുശേഷം മൂലധനത്തിന്റെ സ്വതന്ത്രമായ വരവോടെ ഉത്തരാധുനികഘട്ടത്തി ന്റെ സ്വഭാവസവിശേഷതകൾ നമ്മുടെ കേരളത്തിലേക്കും കടന്നുവ ന്നു. ഉത്തരാധുനികത്വം എന്ന സാമൂഹിക അവസ്ഥയുടെ സാംസ്കാ രിക ആവിഷ്കാരമാണ് ഉത്തരാധുനികത. സാഹിത്യത്തിൽ മാത്രമല്ല സിനിമകളിലും മറ്റ് കലാരൂപങ്ങളിലും സംഗീതത്തിലും ഉത്തരാധു നികത്വഭാവുകത്വം സജീവസാന്നിധ്യമാണ്. കേരളീയജീവിതത്തിന്റെ നാനാതുറകളിൽ സാമൂഹിക സങ്കല്പത്തിലും ആശയാഭിലാഷങ്ങളി ലും സാംസ്കാരികമണ്ഡലത്തിലും കമ്പോള ഉപഭോഗശീലങ്ങളിലും രാഷ്ട്രീയപരിഗണനകളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന ദ്രവീകരണം മാധ്യമങ്ങളിലും പ്രതിഫലിച്ച് അവയെയും പരിവർത്തനവിധേയമാ ക്കുന്നുണ്ട്.

> ▶ ഉത്തരാധുനികഘട്ടത്തിന്റെ സ്വഭാവസവിശേഷതകൾ കേരളത്തിലും

മലയാളപത്രപ്രവർത്തനത്തിന്റെ ചരിത്രപരമായ സവിശേഷത ഒരേ സമയംതന്നെ ഉൽപാദകനും ഉൽപ്പന്നവും ആയിരിക്കുക എന്നതാണ്. ആധുനികത്വത്തിന്റെ ഉൽപ്പന്നമായിരുന്നു നമ്മുടെ പത്രപ്രവർത്തനം. മനുഷ്യന്റെ പുരോഗതി, യുക്തി, ആധികാരികത തുടങ്ങിയ ആധുനി കത്വാശയങ്ങൾ അത് കേരളീയസമൂഹത്തിൽ പ്രതിഫലിപ്പിച്ചു. സാമൂ ഹികനവീകരണ ലക്ഷ്യങ്ങളും വിജ്ഞാനസദസ്സുകളും രാഷ്ട്രീയ ഉദ്ദേ ശങ്ങളും ആയി ഖരരൂപം ആർജിച്ചുനിന്ന മലയാളപത്രപ്രവർത്തനം

> ▶ മലയാളപത്രപ്രവർത്തനം വിവിധഘട്ടങ്ങളിലൂടെ ഉരുകലുകൾക്ക് വിധേയമായി

വിവിധ ഘട്ടങ്ങളിലൂടെയാണ് ഉരുകലുകൾക്ക് വിധേയമായത്. സാമൂഹികമോ രാഷ്ട്രീയമോ സാങ്കേതികമോ ആയ പുതിയ ആവിർഭാവങ്ങളും പ്രതിസന്ധികളുമാണ് ഉരുകലിന്റെയും രൂപപ്പെടലിന്റെയും ഘട്ടങ്ങൾ സൃഷ്ടിച്ചത്. അത്തരം അഞ്ചുഘട്ടങ്ങൾ മലയാള പത്രപ്രവർത്തനത്തിൽ ഉണ്ടായിട്ടുണ്ട്.

യൂറോപ്യൻ സാമ്രാജ്യത്വാധിനിവേശത്തിന്റെ ഭാഗമായി ക്രിസ്തുമത പ്രചാരണ ലക്ഷ്യവുമായി ആനുകാലികങ്ങളും വർത്തമാനപത്രങ്ങളും കടന്നുവന്നതാണ് ഒന്നാമത്തെ ഘട്ടം. 1847ലെ 'രാജ്യസമാചാര'വും 'പശ്ചിമോദയ'വും 'ജ്ഞാനനിക്ഷേപ'വുമെല്ലാം ഈ ഘട്ടത്തിൽ ഉണ്ടായവയാണ്. വാർത്തകൾക്കുവേണ്ടിയുണ്ടായ യഥാർത്ഥവർത്തമാനപത്രങ്ങളുടേതാണ് രണ്ടാംഘട്ടം. 'കേരളമിത്രം', 'കേരളപത്രിക' എന്നിവയാണ് ആദ്യത്തെ മലയാളപത്രങ്ങളായി രേഖപ്പെടുത്തേണ്ടത്. സ്വാതന്ത്ര്യലബ്ധിവരെ നീളുന്ന രണ്ടാംഘട്ടത്തിലാണ് 'ദീപിക', 'മലയാള മനോരമ', 'സ്വദേശാഭിമാനി', 'കേരളകൗമുദി', 'മലയാളരാജ്യം', 'മലയാളി', 'മാതൃഭൂമി', 'സമദർശി' തുടങ്ങിയവയെല്ലാം ആരംഭിച്ചത്. എല്ലാം ദേശീയപ്രക്ഷോഭവുമായി ബന്ധപ്പെട്ടിട്ടുള്ള പേരുകൾ തന്നെയാണ്.

> ▶ വാർത്തകൾക്കുവേണ്ടിയുണ്ടായ യഥാർത്ഥവർത്തമാനപത്രങ്ങളുടെതാണ് രണ്ടാംഘട്ടം

രാജ്യം സ്വതന്ത്രമായ കാലംമുതൽ അടിയന്തരാവസ്ഥവരെയുള്ള കാലഘട്ടമാണ് പത്രപ്രവർത്തനത്തിന്റെ മൂന്നാംഘട്ടം. ദേശീയതയുടെയും സ്വാതന്ത്ര്യസമരത്തിന്റെയും അന്തരീക്ഷത്തിലൂടെ കടന്നുപോയ മാധ്യമങ്ങൾ സ്ഥാപനങ്ങളായി മാറിയത് ഈ ഘട്ടത്തിലാണ്. 90 കളിൽ കേബിൾ ടിവി ആവിർഭവിച്ചതുവരെയുള്ള നാലാംഘട്ടത്തിൽ പത്രങ്ങളിൽ പലതും കോർപ്പറേറ്റ് സ്ഥാപനങ്ങളായി രൂപാന്തരം പ്രാപിച്ചു. പത്രങ്ങൾക്ക് കുത്തകയുണ്ടായിരുന്ന സുവർണ്ണകാലഘട്ടത്തിൽ വായനക്കാർ അദൃശ്യസമൂഹമായിരുന്നു. കമ്പോളം അവരെ ടാർജറ്റ് ചെയ്യാൻ തുടങ്ങുമ്പോൾ തന്നെ കേബിൾ ടിവി വ്യാപകമാവുകയും ആ ഘട്ടം അവസാനിക്കുകയും ചെയ്തു.

> ▶ നാലാംഘട്ടം കേബിൾ ടിവിയുടെ ആവിർഭാവം

ഏറ്റവും ഒടുവിൽ പത്രപ്രവർത്തനത്തിന്റെ സമാനമായ ആഖ്യാനവുമായി രംഗപ്രവേശം ചെയ്ത ഓൺലൈൻമാധ്യമത്തിന്റെ വ്യാപനം. സ്ഥാപനങ്ങൾ മാത്രമല്ല വ്യക്തികളും ചെറിയ സംഘങ്ങളും എല്ലാം നടത്തുന്ന വിനിമയവിപ്ലവമാണ് ഓൺലൈൻമാധ്യമം. അത് അച്ചടിമാധ്യമത്തിന്റെ കുത്തകയെ തകർത്തെറിഞ്ഞുകൊണ്ടിരിക്കുകയാണ്. വരുംവർഷങ്ങളിൽ അച്ചടിമാധ്യമങ്ങൾക്ക് വലിയൊരു പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിക്കേണ്ടിവരും. ഇപ്പോൾ നവമാധ്യമം മുദ്രണമാധ്യമത്തെ പുനർമാധ്യമീകരണത്തിന് വിധേയമാക്കുകയാണ്. പഴയ മാധ്യമങ്ങളെ പുനർരൂപകൽപ്പനയ്ക്ക് നിർബന്ധിതമാക്കുന്നതും നവമാധ്യമത്തിലേക്ക് പഴയ മാധ്യമം സ്വയം പരിഷ്കരിച്ച് കടന്നുവരുന്നതുമായ പ്രക്രിയയാണ് പുനർമാധ്യമീകരണം എന്ന് പറയുന്നത്. നവമാധ്യമം ചെലുത്തുന്ന സ്വാധീനത്തിന്റെ ഫലമായാണ് ഇങ്ങനെ സംഭവിക്കുന്നത്. ഈ പ്രക്രിയയെ മാധ്യമരൂപാന്തരണം എന്ന് വിളിക്കാവുന്നതാണ്. അച്ചടിമാധ്യമത്തെയും പത്രപ്രവർത്തനത്തെയും വാർത്താഖ്യാനത്തെയും സംബന്ധിച്ചുള്ള ഖരരൂപങ്ങൾ ഉരുകിത്തുടങ്ങിയ കാലഘട്ടമാണിത്. ഈ പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിക്കുന്നതിനായി പത്രങ്ങൾ ഓൺലൈൻ മാധ്യമസംവിധാനം

തുടങ്ങിയത് കൊണ്ട് തീരുന്നില്ല. മാറിക്കൊണ്ടിരിക്കുന്ന ആശയകാലാവസ്ഥയാണ് പത്രപ്രവർത്തനത്തിന് അഭിമുഖീകരിക്കാനുള്ളത്. ആധുനികത്വത്തിന്റെ യുക്തിബോധവും പുരോഗതിവിശ്വാസവും ഭാവനയും തിരസ്കരിക്കുന്ന തലമുറകളെയാണ് പത്രപ്രവർത്തനത്തിന് ഇനി നേരിടാനുള്ളത്. വസ്തുനിഷ്ഠതയുടെ വക്താക്കളാണ് പത്രപ്രവർത്തകർ എന്ന് ഇക്കൂട്ടർ അംഗീകരിക്കുന്നില്ല. ഇ - ലോകത്തെ ഉത്തരാധുനികത്വത്തെ നേരിടുക എന്നുള്ളതാണ് പത്രപ്രവർത്തനം നിലവിൽ നേരിടുന്ന പ്രതിസന്ധി.

- ഇ-ലോകത്തെ ഉത്തരാധുനികത്വത്തെ നേരിടുക എന്നുള്ളതാണ് പത്രപ്രവർത്തനം നിലവിൽ നേരിടുന്ന പ്രതിസന്ധി

അമേരിക്കൻ അക്കാദമീഷ്യനായ ജേയ് റോസന്റെ 'സോഷ്യൽ മീഡിയ റീഡറി'ൽ ഓഡിയൻസിനെക്കുറിച്ച് വിശദീകരിക്കുന്നു. എഴുതുന്ന വായനക്കാർ ക്യാമറ കയ്യിലെടുക്കുന്ന കാണികൾ ലോകത്തോട് സംസാരിക്കാൻ നേരത്തെ അണുമാത്രമായ സാഹചര്യം ഉള്ളവർ പരസ്പരം ബന്ധപ്പെടാനും ആശയവിനിമയത്തിന്റെ ഗുണം കിട്ടാനും ലളിതമാർഗ്ഗങ്ങൾ മാത്രം ഉണ്ടായിരുന്നവരാണ്. എല്ലാവരും സംസാരിക്കുകയാണെങ്കിൽ ആരു കേൾക്കും എന്ന് ചോദ്യങ്ങൾ ഉന്നയിക്കുന്ന ഒട്ടേറെ മാധ്യമപ്രവർത്തകരെ തങ്ങൾക്ക് മനസ്സിലാവുന്നതായി ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു. സംസാരിക്കുന്നവരുടെ പെരുപ്പം അതാണ് ഇന്നത്തെ പ്രശ്നം. ഓഡിയൻസ് എന്ന് അറിയപ്പെട്ടിരുന്നവരും ഏകപക്ഷീയവും മത്സരിക്കാൻ അധികം പേരില്ലാത്തതുമായ ഒരു മാധ്യമവ്യവസ്ഥയുടെ ഒരു വശത്ത്  കുറച്ച് സ്ഥാപനങ്ങൾമാത്രം ഉച്ചത്തിൽ സംസാരിക്കുകയും ശേഷിച്ചവരത്രയും പരസ്പരം അകന്ന് ഏകാന്തതയിൽ കേട്ടിരിക്കുകയും ചെയ്തിരുന്ന ഒരു പ്രക്ഷേപണഘടനയിലും നിലനിന്നിരുന്ന ആൾക്കൂട്ടം ഇന്ന് അത്തരമൊരു അവസ്ഥയിലൂടെയല്ല കടന്നുപോകുന്നത്. ഇതും റോസെൻ നിരീക്ഷിക്കുന്നതാണ്.

- ഓഡിയൻസിനെക്കുറിച്ച് ജേയ് റോസന്റെ നിരീക്ഷണങ്ങൾ

'ഓഡിയൻസ് എന്ന് മുമ്പ് അറിയപ്പെട്ടിരുന്ന ആളുകൾ പൊതുസമൂഹം സൃഷ്ടിച്ച യാഥാർത്ഥ്യങ്ങളും ഭാവനാസൃഷ്ടികൾ അല്ലാത്തവരും കൂടുതൽ ശേഷിയുള്ളവരും അപ്രവചനീയരും ആണ്. മാധ്യമപ്രവർത്തകരെ, നിങ്ങൾ അവരെ സ്വാഗതം ചെയ്യുക തന്നെ ചെയ്യണം. നിങ്ങൾ അങ്ങനെ ചെയ്താലും ഇല്ലെങ്കിലും ഞങ്ങൾ ഇവിടെയുണ്ടെന്ന് നിങ്ങൾ അറിയണം.' ജേയ് റോസന്റെ ഗ്രന്ഥത്തിലെ ലേഖനം അവസാനിക്കുന്നത് ഇങ്ങനെയാണ്. ദ്രവകാലത്തിന്റെ പ്രഖ്യാപനമാണ് ഇത്. മാധ്യമപ്രവർത്തനത്തിൽ മാത്രമല്ല സാമൂഹികാവസ്ഥയിലും ആശയലോകത്തും ഭാവനാഘടനയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന ദ്രവീകരണമാണിത്.

- ജേയ് റോസന്റെ ലേഖനം ദ്രവകാലത്തിന്റെ പ്രഖ്യാപനമാണ്

ഉത്തരാധുനികത്വത്തിന്റെ ഫലമായ  ദ്രവത്വത്തിലാണ് മലയാളപത്രപ്രവർത്തനവും. വ്യത്യസ്തതകളെയും ബഹുസ്വരതകളെ സംബന്ധിച്ച പുതിയ സാമൂഹികവിവേകം പുലർത്താൻ പത്രപ്രവർത്തകസമൂഹം തുടക്കമിട്ടിരിക്കുന്നു. സാമൂഹികവിവേകവും ഇലക്ട്രോണിക് സാങ്കേതികവിദ്യയും സമന്വയിച്ച് രൂപപ്പെടുത്തിയ ദ്രവത്വം ഒട്ടേറെ ഖരസങ്കല്പങ്ങളെ അലിയിച്ചിരിക്കുന്നു. മാധ്യമാധിപത്യം നിലനിൽക്കുന്ന ഉത്തരാധുനികസമൂഹത്തിൽ ഉത്തമം എന്ന മട്ടിൽ വേർതിരിക്കാൻ കഴിയാത്ത ഉപഭോഗസംസ്കാരം സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ആഴത്തിൽ വേരോടിയിരിക്കുന്നു. സത്യത്തിനും അർത്ഥത്തിനും ആധുനികത്വകാലഘട്ടത്തിൽ ഉണ്ടായിരുന്ന സ്ഥിരത്വം ഇപ്പോൾ നിലവിലില്ല.

- വാർത്തകളെ ഉത്തമമെന്ന് വേർതിരിക്കാനാവാത്ത അവസ്ഥ

**കേരളമെന്ന പേരും ആദ്യപത്രങ്ങളും**

കേരളം രൂപംകൊള്ളുന്നതിന് വളരെക്കാലം മുമ്പുതന്നെ കേരളമെന്ന നാമധേയം ഉണ്ടായിരുന്നുവെന്നു അനുമാനിക്കുന്നു. അല്ലെങ്കിലെങ്ങനെയാണ് കേരളത്തിനു മുമ്പുള്ള പ്രസിദ്ധീകരണങ്ങളുടെ പേരുകളിൽ കേരളമുണ്ടായത് എന്നതാണ് ചോദ്യം. ഐക്യകേരളം വരുന്നതിനും എട്ടുപതിറ്റാണ്ട് മുമ്പ് 1879 ൽ പുറത്തിറങ്ങിയ പ്രസിദ്ധീകരണത്തിന്റെ പേര് തന്നെ 'കേരളോപകാരി' എന്നായിരുന്നു. പിന്നെ എത്രയെത്ര കേരളനാമധേയപത്രങ്ങൾ. ആദ്യമലയാള വാർത്താപ്രസിദ്ധീകരണമായി കരുതുന്ന ആദ്യത്തെ പ്രസിദ്ധീകരണവും 1847 ലെ രാജ്യസമാചാരവും പശ്ചിമോദയവും 1848 ലെ ജ്ഞാനനിക്ഷേപവും പ്രസിദ്ധീകരിച്ച ബാസൽമിഷൻകാർ തന്നെയാണ് കേരളോപകാരിയുടെയും പിന്നിൽ.

പത്തൊമ്പതാം നൂറ്റാണ്ടിൽതന്നെയാണ് 'കേരളദർപ്പണം' (1899) എന്ന പേരിൽ ഒരു പത്രം ഇറങ്ങുന്നത്. രണ്ടു വർഷം കഴിഞ്ഞു പുറത്തിറങ്ങിയതാണ് 'കേരളപഞ്ചിക' പിന്നെയും രണ്ടു വർഷംകഴിഞ്ഞിറങ്ങിയ 'മലയാളിയിൽ കേരളൻ' എന്ന പേരിൽ ലേഖനങ്ങളെഴുതിയ ഒരാൾ പിന്നെ ആ പേരിൽതന്നെയുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ പത്രാധിപരായി. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. കേരളദർപ്പണവും കേരളപഞ്ചികയും മലയാളിയും കേരളനുമെല്ലാം മലയാളിയുടെ നാട് കേരളമാണ് എന്ന ദീർഘദൃഷ്ടിയിൽ നിന്നുണ്ടായതാവുമെന്ന കാര്യത്തിൽ സംശയമുണ്ടാകില്ല.




ആദ്യത്തെ മലയാളപത്രം - കേരളോപകാരി

## ഉപസംഹാരം

മലയാളം പത്രപ്രവർത്തനത്തിലെ പ്രാരംഭദശമുതൽ ഉത്തരാധുനികകാലംവരെയുള്ള ചരിത്രത്തെ വിവിധഘട്ടങ്ങളിലൂടെ വിശകലനം ചെയ്യുകയാണ് ലേഖകനായ പി. കെ. രാജശേഖരൻ. മാധ്യമങ്ങളുടെ ചരിത്രവും പത്രപ്രവർത്തനവും സൈദ്ധാന്തികമായ അറിവുകളുടെ പിൻബലത്തോടെ ലേഖനത്തിൽ അവതരിപ്പിക്കുകയാണ്. പത്രപ്രവർ

- ഖരാവസ്ഥയിൽ വിഹരിച്ചിരുന്ന മാധ്യമങ്ങളുടെ ദ്രവീകരണാവസ്ഥ

ത്തനത്തിന്റെയും പത്രവ്യാപാരത്തിന്റെയും ഓൺലൈൻമാധ്യമങ്ങളുടെയും വികാസപരിണാമങ്ങളുടെ ഘട്ടങ്ങൾ വിശദമായി ചർച്ചചെയ്യുന്ന ഈ ലേഖനത്തിന്റെ കാതൽ ഖരാവസ്ഥയിൽ വിഹരിച്ചിരുന്ന മാധ്യമങ്ങളുടെ നിലവിലുള്ള ദ്രവീകരണാവസ്ഥയിലേക്കുള്ള സഞ്ചാരം തന്നെയാണ്.

## Summarised Overview

നോം ചോംസ്കിയുടെ മാധ്യമസിദ്ധാന്തത്തിലെ കാതലായ ആശയങ്ങൾ വിശകലനം ചെയ്തുകൊണ്ടുള്ള എൻ. റാമിന്റെ ലേഖനമാണ് പഠനവിഷയം. ആശയങ്ങളുടെ ചരിത്രത്തിൽ ഡാർവിനും ഡെക്കാർത്തെയ്ക്കുമൊപ്പം നിലവിലുള്ള ചിന്താരീതിയെ ആകെ മാറ്റിമറിച്ച സൈദ്ധാന്തികനാണ് ചോംസ്കി. ആധുനികഭാഷാശാസ്ത്രത്തിന്റെ പിതാവ് എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്. അമേരിക്കയുടെ സാമ്രാജ്യത്വ നിലപാടുകളിൽ ശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ച ചിന്തകനായിരുന്നു ചോംസ്കി.

വിയറ്റ്നാം യുദ്ധത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ച അമേരിക്കൻ ബുദ്ധിജീവികളിൽ ഏറ്റവും മുന്നിലാണ് ചോംസ്കിയുടെ സ്ഥാനം. ഈ വിഷയത്തിൽ അമേരിക്കൻ ബുദ്ധിജീവികളുടെ പക്ഷപാതപരമായ നിലപാടുകളെ ചോംസ്കി ശക്തമായി എതിർത്തു. ഭീകരതയ്ക്കെതിരെ പുതിയ യുദ്ധം എന്ന പേരിൽ അഫ്ഗാനിസ്ഥാനിൽ അമേരിക്ക നടത്തിയ സൈനിക ഇടപെടലിനോട് വിയോജിപ്പ് പ്രകടിപ്പിച്ച ചോംസ്കി ഐക്യരാഷ്ട്രസമിതിക്ക് മുന്നിൽ സൃഷ്ടിപരമായ ബദലുകൾ മുന്നോട്ട് വയ്ക്കുന്നുണ്ട്.

സമൂഹത്തിൽ മാധ്യമങ്ങളുടെ പങ്കിന്റെ സിദ്ധാന്തവൽക്കരണവും മാധ്യമ നിർവഹണത്തിന്റെ വിശകലനവും ഗ്രന്ഥങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. ജനാധിപത്യസമൂഹത്തിൽ വാർത്താമാധ്യമങ്ങളുടെ പങ്കിനെയും കർത്തവ്യനിർവഹണത്തെയും സ്വീകരിച്ച പല സിദ്ധാന്തങ്ങളും നിലനിൽക്കുന്നുണ്ട്. മാധ്യമങ്ങളുടെ സ്വതന്ത്രമായ നിലപാടുകളെ സംബന്ധിക്കുന്ന അവയുടെ കർത്തവ്യങ്ങളെയും പങ്കുകളെയുംകുറിച്ച് തന്റെ ധാരണയെ ചോംസ്കി സ്വാധീനിച്ചത് എങ്ങനെയാണെന്ന് ലേഖകൻ വെളിപ്പെടുത്തുന്നു. 'പ്രചാരണമാതൃക', 'സമ്മതിയുടെ നിർമ്മാണം' എന്നിവയുടെ സ്വാധീനത്തെ സംബന്ധിച്ച് ലേഖനത്തിൽ വിശദീകരിക്കുന്നു. രാജ്യത്ത് നിലവിലിരിക്കുന്ന രാഷ്ട്രീയസംവിധാനത്തെയും കീഴ്വഴക്കത്തെയും ആശ്രയിച്ചാണ് പത്രങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ പങ്ക് രൂപപ്പെടുന്നത്.

കേവലം സ്വതന്ത്രമായ പത്രത്തിന്റെ രണ്ട് പ്രധാനകർത്തവ്യങ്ങളായ വിശ്വാസയോഗ്യവിവരദായകപ്രതികൂലവിമർശനകർത്തവ്യങ്ങൾ ഇവിടെ വിശദീകരിക്കുന്നു. ഇത്തരം കർത്തവ്യങ്ങൾ വികസനരാജ്യങ്ങളിലും വികസ്വരരാജ്യങ്ങളിലും പ്രവർത്തിക്കുന്ന മാധ്യമങ്ങൾ വ്യത്യസ്തമായ രീതിയാണ് അവലംബിക്കുന്നത്. അജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട കർത്തവ്യം ഉത്തരവാദിത്വം ഭംഗിയായി നിർവഹിക്കുന്ന ഒരു സ്വതന്ത്രപത്രത്തിന് സമൂഹത്തിൽ ഏറ്റെടുക്കുവാൻ കഴിയുന്ന കർത്തവ്യമാണിത്. വാർത്തകളെ വാർത്തകളുടെ പ്രധാനപ്പെട്ട അഞ്ച് ഘടകങ്ങളെ അരിപ്പകൾ എന്നാണറിയപ്പെടുന്നത്. ചോംസ്കി ഇത് വിശദമായി പരിശോധിക്കുന്നുണ്ട്. പ്രചാരണമാതൃക ഇന്ത്യയിൽ എത്രമാത്രം പ്രസക്തമാണെന്നും ലേഖനം വിശകലനം ചെയ്യുന്നുണ്ട്.

സമകാലികപത്രപ്രവർത്തനരംഗത്തെ ചരിത്രത്തിലൂടെ അടയാളപ്പെടുത്തുന്ന ലേഖനമാണ്

ഡോ. പി. കെ. രാജശേഖരന്റെ ഖരത്തിൽനിന്ന് ദ്രവത്തിലേക്ക് എന്നത്. പത്രപ്രവർത്തനം, വാർത്താഖ്യാനം തുടങ്ങിയ ഖരസങ്കൽപ്പങ്ങൾ പൊതുമണ്ഡലത്തിന്റെ നിർമ്മാണത്തിൽ വലിയ പങ്കുവഹിക്കുകയും പരിവർത്തനങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്തിട്ടുണ്ട്. ഇന്ന് ആ ഖരരൂപം ദ്രവത്വമായിത്തീർന്നിരിക്കുന്നു. ആധുനികത്വത്തിന്റെ ഘട്ടം മറ്റൊന്നിന് വഴിമാറിയിരിക്കുന്നു. കേരളത്തിൽ ബ്രിട്ടീഷ് കൊളോണിയലിസത്തിനെതിരെ നടത്തിയ ദേശീയസ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായാണ് മിക്ക വൃത്താന്തപത്രങ്ങളും പ്രസിദ്ധീകരണം ആരംഭിച്ചത്. ദേശീയതയുടെ ഭാഗമായി തുടങ്ങിയ പത്രപ്രവർത്തനം വികാസം പ്രാപിച്ച് ഇന്ന് വൻകിടവ്യവസായമായിത്തീർന്നിരിക്കുന്നു.

സത്യാത്മകമായതും വസ്തുനിഷ്ഠവുമായ വാർത്താഖ്യാനങ്ങളും വായനക്കാർക്ക് മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ച് ഇന്ന് പത്രപ്രവർത്തനത്തിന്റെ ആവിഷ്കാരസങ്കല്പം പാടെ മാറിയിരിക്കുന്നു. വാർത്ത ഒരു ഉല്പന്നമാണെന്നും അത് നിശ്ചിതഉപഭോക്താക്കൾക്ക് വിൽക്കാനുള്ളതാണെന്നുമുള്ള വിപണിതത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് പത്രസ്ഥാപനങ്ങൾ മുന്നോട്ടുപോകുന്നത്. ഉത്തരാധുനികത്വം എന്ന സാമൂഹികാവസ്ഥയുടെ സാംസ്കാരികാവിഷ്കാരമാണ് ഉത്തരാധുനികത. എല്ലാ കലാരൂപങ്ങളിലും സജീവമായ ഉത്തരാധുനികത്വം പത്രമേഖലയിലും സമകാലികമായ പരിവർത്തനങ്ങൾ കൊണ്ടുവന്നു.

അച്ചടിയുടെ ചരിത്രത്തെക്കുറിച്ചും, അച്ചടിമാധ്യമങ്ങളെക്കുറിച്ചും സൂചിപ്പിച്ചുകൊണ്ട് മലയാള പത്രപ്രവർത്തന ചരിത്രത്തിലേക്ക് കടക്കുന്നു. മലയാളപത്രപ്രവർത്തനത്തിന്റെ ചരിത്രം പരിശോധിച്ചുകഴിഞ്ഞാൽ പൊതുവേ അഞ്ച് ഘട്ടങ്ങളായി അതിനെ അടയാളപ്പെടുത്താം. ആദ്യമായി യൂറോപ്യൻസാമ്രാജ്യത്വ അധിനിവേശത്തിന്റെ ഭാഗമായി ക്രിസ്തുമതപ്രചാരണലക്ഷ്യവുമായി കടന്നുവന്ന ക്രിസ്ത്യൻ മിഷനറിമാരുടെ ആനുകാലികങ്ങളിൽ തുടങ്ങിയ വർത്തമാനപത്രങ്ങൾവരെയുള്ളതാണ് ഒന്നാംഘട്ടം. യഥാർത്ഥവർത്തമാന പത്രങ്ങളാണ് രണ്ടാം ഘട്ടം. കേരളമിത്രം, കേരള പത്രിക എന്നിവയായിരുന്നു തുടക്കം. തുടർന്ന് ദീപിക, മലയാള മനോരമ, സ്വദേശാഭിമാനി, കേരളകൗമുദി, മലയാളരാജ്യം, മലയാളി, മാതൃഭൂമി, സമദർശി തുടങ്ങിയവയെല്ലാം ആദ്യകാലത്തെ പത്രങ്ങൾ ആയിരുന്നു. സ്വാതന്ത്ര്യലബ്ധിമുതൽ അടിയന്തരാവസ്ഥവരെയുള്ളതാണ് പത്രപ്രവർത്തനത്തിലെ മൂന്നാംഘട്ടം. ദൃശ്യമാധ്യമങ്ങളിലേക്ക് കടക്കുന്ന നാലാംഘട്ടത്തിന്റെ ഒടുവിൽ കേബിൾ ടിവിയുടെ വ്യാപനത്തോടെ പത്രപ്രവർത്തനചരിത്രത്തിന് പുതിയ ദിശാബോധം കൈവരികയായിരുന്നു. ഓൺലൈൻ മാധ്യമങ്ങളുടെയും സമൂഹമാധ്യമങ്ങളുടെയും കാലമായ ഇന്ന് പത്രപ്രവർത്തനത്തിന്റെ അഞ്ചാംഘട്ടത്തിലൂടെയാണ് നാം നീങ്ങുന്നത്. ആദ്യകാലത്ത് ഉണ്ടായിരുന്ന ഖരരൂപങ്ങൾ ഉരുകിയൊലിച്ച് ദ്രവകാലത്തിലേക്ക് പോകുന്ന കാഴ്ചയാണ് പത്രപ്രവർത്തനത്തിൽ ഇന്ന് കാണുന്നത്.

## Assignments

1. അച്ചടിയുടെ ചരിത്രം വിശകലനം ചെയ്യുക.
2. മലയാളത്തിലെ ആദ്യകാല പത്രമാസികകളെക്കുറിച്ച് വിവരിക്കുക.
3. മിഷണറിമാരുടെ സംഭാവനകൾ ചർച്ച ചെയ്യുക.
4. പൊതുജനാഭിപ്രായം എന്ന ആശയം അപഗ്രഥിക്കുക.
5. പൊതുജനാഭിപ്രായത്തെക്കുറിച്ചുള്ള വാൾട്ടർ ലിപ്മാന്റെ നിഗമനങ്ങൾ ക്രോഡീകരിക്കുക.

6. പ്രോപഗണ്ട രാഷ്ട്രീയം വിശദീകരിക്കുക.
7. പ്രചാരണ പരിപാടികൾക്ക് സോഷ്യൽ മീഡിയയെ ഉപയോഗിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.
8. ബഹുജനമാധ്യമങ്ങളുടെ രാഷ്ട്രീയ സമ്പദ്ഘടനയെക്കുറിച്ച് ഹെർമന്റെയും ചോംസ്കി യുടെയും കാഴ്ചപ്പാടുകൾ വിശദീകരിക്കുക.
9. വാർത്തകളുടെ അഞ്ച് അരിപ്പകൾ ഏതൊക്കെയാണെന്ന് വിലയിരുത്തുക.
10. ആധുനികകാലത്തുനിന്നും പത്രപ്രവർത്തനം ഉത്തരാധുനിക കാലത്തേക്ക് വന്നപ്പോ ഴുണ്ടായ മാറ്റങ്ങൾ പരിശോധിക്കുക.
11. ഖരാവസ്ഥയിൽ നിന്ന് ദ്രാവകാവസ്ഥയിലേക്ക് മാറിയ മാധ്യമപ്രവർത്തനത്തെ വിശദീകരിക്കുക.
12. പത്രപ്രവർത്തനത്തിന്റെ അഞ്ച് ഘട്ടങ്ങൾ വിശദമാക്കുക.

## Suggested Reading


1. കെ.എം. ഗോപി., ആദിമുദ്രണം: ഭാരതത്തിലും മലയാളത്തിലും, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ
2. പി.കെ. രാജശേഖരൻ, മലയാളിയുടെ മാധ്യമ ജീവിതം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം


## Reference


1. അനിൽകുമാർ വടവാതൂർ, പത്രചരിത്രത്തിന്റെ 100 വർഷങ്ങൾ (1848-1948) മീഡിയ ഹൗസ് & സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം
2. ഇ.വി. രാമകൃഷ്ണൻ, അച്ചടി മുതൽ ആഗോളത വരെ - ഭാഷാദേശം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. മലയാള പത്രപ്രവർത്തനം: പ്രാരംഭസ്വരൂപം ജി. പ്രിയദർശനൻ; കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ
4. ടി.കെ. സന്തോഷ് കുമാർ, പോസ്റ്റ് ട്രൂത്ത് ടെലിവിഷൻ; ഡി.സി.ബുക്സ്, കോട്ടയം

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# ഇലക്ട്രോണിക് മാധ്യമങ്ങളും വിനിമയത്തിന്റെ രാഷ്ട്രീയവും

## BLOCK-03

# Unit 1

# ഇലക്ട്രോണിക് മാധ്യമങ്ങളും വിനിമയത്തിന്റെ രാഷ്ട്രീയവും

## Learning Outcomes

- ജീവിതത്തിന്റെ സമസ്തമേഖലകളിലും സ്വാധീനം ചെലുത്തിയ ടെലിവിഷന്റെ ചരിത്രം വിശദീകരിക്കുന്നു
- ഒരു സാംസ്കാരികസാങ്കേതികവിദ്യയായ ടെലിവിഷന്റെ സവിശേഷതകൾ മനസിലാക്കുന്നു
- ജീവിതത്തെ തീവ്രമായി സ്വാധീനിച്ച മാധ്യമമാണ് ടെലിവിഷൻ എന്നതിന്റെ കാരണങ്ങൾ വിശദീകരിക്കുന്നു
- ടെലിവിഷനിൽ ചരിത്രത്തിലുള്ള സ്ഥാനം നിർണയിക്കുന്നു
- ടെലിവിഷന് വികേന്ദ്രീകൃതമായ സമൂഹത്തെ സൃഷ്ടിക്കാൻ കഴിയുന്നു എന്ന വാദത്തിന്റെ കാരണങ്ങൾ തേടുന്നു
- ചരിത്രത്തെ അന്തിമമായി നിർണയിക്കുന്നത് ശാസ്ത്രസാങ്കേതികവിദ്യകൾ ആണെന്ന വാദം പരിശോധിക്കുന്നു
- ഇലക്ട്രോണിക് മാധ്യമങ്ങളെക്കുറിച്ചുള്ള മക്‌ലൂഹന്റെ വാദങ്ങൾ വിശദീകരിക്കുന്നു
- ബ്രോഡ്കാസ്റ്റിംഗിന്റെ ചരിത്രം പരിശോധിക്കുന്നു
- ഇലക്ട്രോണിക് മാധ്യമങ്ങൾ ഭരണവർഗ്ഗം അനുകൂലമാക്കുന്നതിന്റെ പ്രവർത്തനരീതികൾ പരിശോധിക്കുന്നു
- സാമൂഹ്യമാറ്റത്തിനായി ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിക്കുന്നതിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നു
- പ്രാദേശികഭാഷകളിലേക്ക് ചാനലുകൾ വന്നപ്പോൾ ഉണ്ടായ മാറ്റങ്ങൾ പരിശോധിക്കുന്നു
- ടെലിവിഷൻ ചാനലുകൾക്ക് ഇന്റർനെറ്റ് വെല്ലുവിളിയാകുന്നത് വസ്തുനിഷ്ഠമായി വിശദീകരിക്കുന്നു
- എല്ലാ മാധ്യമങ്ങളും രാഷ്ട്രീയതാൽപര്യം നിലനിർത്തുന്നതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുന്നു
- ഗോസിപ്പുകൾക്ക് പ്രാധാന്യം നൽകുന്ന പത്രപ്രവർത്തനശൈലിയെ വിമർശിക്കുന്നു

## Background

ഇരുപതാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ മനുഷ്യജീവിതത്തെ അസാമാന്യമാം വിധത്തിൽ സ്വാധീനിച്ച ഇലക്ട്രോണിക് മാധ്യമമാണ് ടെലിവിഷൻ. മനുഷ്യ ജീവിതത്തിന് ഇലക്ട്രോണിക്സ് നൽകിയ വശ്യമായ ഒരു സാംസ്കാരിക സാങ്കേതികവിദ്യയാണ് ടെലിവിഷൻ. സാങ്കേതികമുന്നേറ്റത്തിന്റെ ചരിത്രത്തിൽ മനുഷ്യൻ കണ്ടെത്തിയ കൗതുകകരമായ മാധ്യമമാണല്ലോ ടെലിവിഷൻ. വിജ്ഞാനത്തിനും വിനോദത്തിനും മനുഷ്യൻ കണ്ടെത്തിയ ഉപാധി. എല്ലാ വിഭാഗം ജനതയെയും ഒരേ ചരടിൽ കോർത്തിണക്കിക്കൊണ്ട് ടെലിവിഷന്റെ മാസ്മരികലോകം അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

സാമൂഹ്യജീവിയായ മനുഷ്യൻ പകലന്തിയോളം പണിയെടുത്തശേഷം ടെലിവിഷന്റെ മുന്നിലേക്ക് അഭയം പ്രാപിക്കുന്ന ഒരു സംസ്കാരമാണ് നമ്മുടേത്. സാധാരണയായി ജീവിതത്തിനിടയിലെ ഭൗതികവും നൈമിഷികവുമായ ഒരു പ്രക്രിയയായി ടെലിവിഷനെ വരവേൽക്കുന്ന ജനതയാണ് നമുക്കുമുന്നിലെ കാണികൾ. വൈകാരികമായി, ടെലിവിഷൻ കാണുന്നത് ഒരു കുടുംബത്തിന്റെ ബന്ധം ശക്തിപ്പെടുത്താൻ സഹായിക്കുമെന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നു. കുടുംബത്തോടൊപ്പമോ പ്രിയപ്പെട്ടവരോടൊപ്പമോ സമയം ചെലവഴിക്കുന്നത് കൊണ്ട് പരസ്പരം ആശയവിനിമയം ചെയ്യാനും സന്തോഷം പങ്കുവെയ്ക്കാനും കഴിയുന്നു.

സാധാരണക്കാർക്കിടയിൽ ടെലിവിഷൻ ജീവിതത്തെ മോശമായ തലത്തിൽ സ്വാധീനിച്ചിരിക്കുന്നു എന്ന ഒരു ധാരണ പൊതുവേ നിലനിൽക്കുന്നുണ്ട്. എന്നാൽ വിജ്ഞാനംപകരുന്ന മാധ്യമമാണ് ടെലിവിഷൻ എന്ന് ചില സൈദ്ധാന്തികരും വാദിക്കുന്നു. കാല്പനികമായ ലോകത്തേക്കുള്ള സഞ്ചാരമാണ് ടെലിവിഷൻ നൽകുന്നത് എന്ന് ഒരു വിഭാഗം വാദിക്കുന്നുണ്ട്. ടെലിവിഷൻകാഴ്ച സമൂഹത്തിൽ സൃഷ്ടിക്കുന്ന അധികാരഘടനയെക്കുറിച്ചും സാങ്കേതികവിദ്യയെക്കുറിച്ചും സൈദ്ധാന്തികമായി വിശദീകരിക്കുകയാണ് ലേഖനത്തിലൂടെ.

ഇന്ത്യയിലെ പ്രമുഖപത്രപ്രവർത്തകനും ദൃശ്യമാധ്യമപ്രക്ഷേപണരംഗത്തെ സംരംഭകനുമായ ശശികുമാറുമായി മാധ്യമപ്രവർത്തകനായ ജോൺ ബ്രിട്ടാസ് നടത്തിയ അഭിമുഖത്തിൽ ഇന്ത്യയിലെ ടെലിവിഷൻ മാധ്യമരംഗത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നു. മലയാളികൾക്കായി ഒരുക്കിയ കേരളത്തിലെ ആദ്യത്തെ സ്വകാര്യ ടെലിവിഷൻ ചാനൽ സംരഭമായിരുന്നു ഏഷ്യാനെറ്റ്. മൂന്നു പതിറ്റാണ്ടുകളായി മലയാളികളെ വിനോദത്തിന്റെയും വാർത്തയുടെയും ലോകത്തേക്ക് കൈപിടിച്ചുയർത്തിയ മാധ്യമപ്രവർത്തകനാണ് ശശികുമാർ. എന്നാൽ തന്റെ ദൗത്യം പൂർത്തിയാക്കിയതോടെ ഏഷ്യാനെറ്റിനോട് ശശികുമാർ വിടപറയുകയാണുണ്ടായത്.

മലയാളം ടെലിവിഷൻചാനൽ ദൂരദർശന്റെ കുത്തകയായിരുന്ന കാലത്താണ് ഏഷ്യാനെറ്റ് കേബിൾ വിഷൻ എന്ന സംരംഭം മലയാളികൾക്കിടയിലേക്ക് കടന്നുവരുന്നത്. വൈവിധ്യമാർന്നതും കൗതുകമുണർത്തുന്നതുമായ വിനോദപരിപാടികളിലൂടെ മലയാളികളെ വിസ്മയിപ്പിച്ച പ്രക്ഷേപകനായിരുന്നു ശശികുമാർ. എല്ലാ മേഖലകളിലും ഉള്ള പ്രമുഖരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ പരിപാടികളും ദൃശ്യമാധ്യമചർച്ചകളും സംവാദങ്ങളും ടെലിവിഷൻ ചാനലുകൾ വഴി ജനങ്ങളിലെത്തിക്കുക എന്നത് ശശികുമാറിന്റെ വലിയൊരു ദൗത്യം ആയിരുന്നു. ഇന്ന് കേരളത്തിലെ സ്വകാര്യചാനലുകൾ വളരെയേറെ മുന്നിൽ നിൽക്കുന്നു എന്നുള്ളത് അഭിമാനാർഹമായ സംഗതിയാണ്. എന്നാൽ ചാനൽ സ്ഥാപിച്ച് കേരളത്തിന്റെ മുക്കിലും മൂലയിലും എത്തിച്ചശേഷം അദ്ദേഹം വിടവാങ്ങുകയാണ് ചെയ്തത്.

ഏഷ്യാനെറ്റ് ചാനൽ നിലവിൽ വന്നതിനുശേഷം നിരവധി മലയാളം ടെലിവിഷൻ ചാനലുകൾ കേരളത്തിൽ ആരംഭിച്ചു. വിപണിയുടെ പിൻബലത്തോടെ എല്ലാ ചാനലുകൾക്കും ഇടമൊരുക്കുകയായിരുന്നു മലയാളിസമൂഹം. ശശികുമാർ മലയാളികൾക്ക് പരിചിതമല്ലാത്ത എന്നാൽ നമ്മുടെ അഭിരുചിക്കിണങ്ങിയ വിനോദ പരിപാടികൾ ഏഷ്യാനെറ്റിലൂടെ അവതരിപ്പിക്കുകയും അത് സാധാരണക്കാരിലേക്ക് എത്തിക്കുകയും ചെയ്തു. രണ്ടു ദശാബ്ദക്കാലം കഴിഞ്ഞതോടെ മലയാളികളുടെ ഭവനങ്ങളിൽ ഏറ്റവും മുന്നിലെത്തിയ ചാനൽ ആയിരുന്നു ഏഷ്യാനെറ്റ്. എന്നാൽ ചാനൽ ഉടമസ്ഥതയുടെ പങ്കാളികളുമായി അഭിപ്രായവ്യത്യാസം ഉടലെടുത്തതോടെയാണ് ശശികുമാർ ഏഷ്യാനെറ്റ് ഉപേക്ഷിച്ച് മാധ്യമവിദ്യാഭ്യാസ രംഗത്തേക്ക് ചുവടുറപ്പിച്ചത്.

## Keywords

അച്ചടിമാധ്യമങ്ങൾ - മാർഷൽ മക്ലൂഹൻ - ഇലക്ട്രോണിക് മാധ്യമങ്ങൾ - ഗ്ലോബൽ വില്ലേജ് - ശീതമാധ്യമം - ഉഷ്ണമാധ്യമം - ദൃശ്യബിംബം - ബ്രോഡിലാർഡ് - വിനോദം - ഉത്തമം - അധമം

## Discussion

> ▶ ഇ-മാധ്യമങ്ങളുടെ സാമൂഹിക ഇടപെടൽ

### ഇലക്ട്രോണിക് മാധ്യമങ്ങളും വിനിമയത്തിന്റെ രാഷ്ട്രീയവും

1832-ൽ സാമുവൽ മോഴ്സ് ടെലിഗ്രാഫ് കണ്ടുപിടിച്ചു. 1844-ൽ, ആദ്യത്തെ വിജയകരമായ ടെലിഗ്രാഫ് ലൈൻ അമേരിക്കയിൽ സ്ഥാപിക്കപ്പെട്ടു, 1850-കളിൽ വടക്കേഅമേരിക്കയെയും യൂറോപ്പിനെയും ബന്ധിപ്പിക്കുന്ന അറ്റ്ലാന്റിക്കിലുടനീളം ടെലിഗ്രാഫ് കേബിളുകൾ സ്ഥാപിച്ചു. വൈകാതെ റേഡിയോയും ടെലിവിഷനും വ്യാപകമായി. ഇലക്ട്രോണിക് മാധ്യമങ്ങൾ ഈ രംഗത്ത് നടത്തിയ സാമൂഹിക ഇടപെടൽ നാനാമേഖലകളിലേക്കും വ്യാപിച്ചു. ഇതോടെ വിനിമയമാധ്യമങ്ങൾ സർക്കാരിന്റെ വീഴ്ചകളെ പുറത്തുകൊണ്ടുവന്നു.

> ▶ കോർപ്പറേറ്റ് മാധ്യമങ്ങൾ എന്നും ലാഭേച്ഛയിൽ മാത്രം ഊന്നൽ

### അച്ചടിമാധ്യമങ്ങളും അറിവിന്റെ കുത്തകവൽക്കരണവും

അടുത്തകാലത്തായി ടെലിവിഷന് സമൂഹത്തിലുണ്ടായ സ്വാധീനം ഒറ്റപ്പെട്ട സംഭവമല്ല. ഇലക്ട്രോണിക്സിന്റെ വികാസവുമായി ബന്ധപ്പെട്ട ചില വസ്തുതകൾ വ്യാഖ്യാനിക്കാം. സാധാരണക്കാർക്കിടയിൽ പ്രചരിക്കുന്ന അല്ലെങ്കിൽ വിശ്വസിക്കുന്ന ചില കെട്ടുകഥകൾക്കപ്പുറത്ത് ഇലക്ട്രോണിക്സിനെ മുൻനിർത്തി ചില സിദ്ധാന്തങ്ങൾ ഉണ്ടായിട്ടുണ്ട്. ചരിത്രത്തെ അന്തിമമായി നിർണയിക്കുന്നത് ശാസ്ത്രസാങ്കേതികമുന്നേറ്റങ്ങളാണ്. ഇലക്ട്രോണിക്സ് വിപ്ലവത്തിലൂടെ ഘടനാപരമായ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട് എന്നൊരു ധാരണ പൊതുവേ നിലനിൽക്കുന്നുണ്ട്. ഇത് മേൽപ്പറഞ്ഞ ചില സിദ്ധാന്തങ്ങൾ മുഖേന പ്രചരിക്കുന്ന വസ്തുതകളാണ്. വികേന്ദ്രീകൃതമായ ഒരു സമൂഹത്തെ സൃഷ്ടിക്കാൻ ഇലക്ട്രോണിക്സിന് കഴിയുമെന്ന് സൈദ്ധാന്തികർ പറയുന്നുണ്ട്. വ്യവസായത്തിന്റെയും വാണിജ്യത്തിന്റെയും വളർച്ചയ്

> ▶ ശാസ്ത്രസാങ്കേതികവളർച്ചയുടെ മുന്നേറ്റമാണ് വ്യവസായവളർച്ചയ്ക്കാവശ്യം

ക്കും ഇത് ആവശ്യമാണ്. അതുകൊണ്ട് ബൗദ്ധികമേഖലയ്ക്ക് പുറത്ത് ഇലക്ട്രോണിക്സിന്റെ പ്രചാരണം ഏറ്റെടുത്തിരിക്കുന്നത് പരസ്യക്കമ്പനികളും എക്സിക്യൂട്ടീവുകളും എൻജിനീയർമാരും ഇക്കൂട്ടർക്ക് പിന്തുണ പ്രഖ്യാപിക്കുന്ന കുറച്ച് ഔദ്യോഗികപ്രമുഖരുമാണ്.

വിവാദവിഷയങ്ങൾ കൈകാര്യം ചെയ്യാൻ സാങ്കേതികമായ പരിമിതി ടെലിവിഷനെ അനുവദിക്കുന്നില്ല എന്നാണ് മാധ്യമസൈദ്ധാന്തികനായ മാർഷൽ മക്ലൂഹന്റെ അഭിപ്രായം. ടെലിവിഷന് ഒരിക്കലും ജനങ്ങളെ ഉത്തേജിപ്പിക്കാനും ഇളക്കിമറിക്കാനും സാധ്യമല്ലെന്ന് അദ്ദേഹം പറയുന്നു. ദൈനംദിനജീവിതത്തിൽ ഉണ്ടാകുന്ന സുപ്രധാന സംഭവങ്ങളെക്കുറിച്ചുള്ള ടിവി ഡോക്യുമെന്ററികൾ ഇഴഞ്ഞുനീങ്ങുന്നതും തണുപ്പൻമട്ടിലുള്ളതും ആയിരിക്കും എന്നും മക്ലൂഹൻ കൂട്ടിച്ചേർക്കുന്നു. ടെലിവിഷൻ ഇമേജിന് അത് ആവിഷ്കരിക്കുന്ന വസ്തുവിനെക്കുറിച്ചും പശ്ചാത്തലത്തെക്കുറിച്ചും വളരെ ചുരുങ്ങിയ വിവരങ്ങളെ നൽകാൻ കഴിയൂ. സ്ക്രീനിലെ ഒരു ലോങ്ങ് ഷോട്ടിന്റെ ചെറിയൊരു ഭാഗം നൽകുന്ന വിശദാംശമേ ടെലിവിഷൻ സ്ക്രീനിലെ ക്ലോസപ്പ് ദൃശ്യത്തിന് നൽകാനാവൂ.

- ടിവി ഡോക്യുമെൻററികൾ തണുപ്പൻ മട്ടിലുള്ളതായിരിക്കും

ക്ലോസപ്പുകളുടെ മാധ്യമമാണ് ടെലിവിഷൻ. ടെലിവിഷൻ നിറംപിടിപ്പിച്ച ദൃശ്യങ്ങളിലേക്ക് പ്രേക്ഷകരെ ആകർഷിക്കുന്നു. ഈ മാധ്യമത്തിന് പ്രേക്ഷകരെ പ്രകോപിപ്പിക്കാൻ കഴിയാത്തത് അഗാധമായ അനുഭവങ്ങൾ വിനിമയം ചെയ്യുന്നതുകൊണ്ടാണ്. അതേസമയം അഗാധമായ അനുഭവങ്ങൾ പ്രേക്ഷകരെ തണുപ്പിക്കുകയാണ് ചെയ്യാറുള്ളത് എന്ന് മക്ലൂഹൻ പറയുന്നു. ഇതിന്റെ സാങ്കേതികമായ സവിശേഷതകളെ മുൻനിർത്തി ചില മുൻവിധികൾ രൂപവൽക്കരിക്കുകയും അതിൽനിന്ന് കാര്യങ്ങൾ നോക്കികാണുകയും ചെയ്യുന്ന രീതിയാണ് മക്ലൂഹൻ അവലംബിക്കുന്നത്. ഇക്കാരണത്താലാണ് ക്യൂബക്കാരെ അവിടത്തെ ടെലിവിഷൻ തണുപ്പന്മാരാക്കിയതായി മക്ലൂഹൻ അഭിപ്രായപ്പെടുന്നത്.

- ക്യൂബക്കാരെ തണുപ്പന്മാരാക്കിയതായി മക്ലൂഹൻ

ചരിത്രത്തിന്റെ മറുവശത്ത് രൂപംകൊണ്ടതല്ല ടെലിവിഷൻ സാങ്കേതികവിദ്യ. ചരിത്രത്തിന്റെ നിശ്ചിതമായ ഒരു ദശാസന്ധിയിൽ രൂപംകൊള്ളുകയും പ്രായോഗികമാക്കുകയും ചെയ്യുന്നത് ടെലിവിഷനാണ്. ആദ്യം സാങ്കേതികവിദ്യ പിന്നെ വ്യവഹാരം എന്ന ക്രമത്തിലാണ് നാം ടെലിവിഷനെ പഠിക്കുന്നത്. ഇത് ചരിത്രവിരുദ്ധമായ പ്രവൃത്തിയാണ്. ടെലിവിഷനെക്കുറിച്ചുള്ള വില്യംസിന്റെ നിരീക്ഷണങ്ങൾ ആരംഭിക്കുന്നത് ഈ ആശയത്തിൽനിന്നാണ്. ടെലിവിഷൻ ടെക്നോളജി ആൻഡ് കൾച്ചറൽ ഫോറം എന്ന റെയ്മണ്ട് വില്യംസിന്റെ പുസ്തകം ശാസ്ത്രസാങ്കേതികനിർണ്ണയവാദത്തെയും ഉപയോഗവാദത്തെയും മറികടക്കുന്നു. സമൂഹത്തിന്റെ ആവശ്യകതകൾക്കും അകത്താണ് സാങ്കേതികവിദ്യകൾ രൂപംകൊള്ളുന്നത്. ഒരു സാങ്കേതികവിദ്യയുടെ പിറവി ജീവിതത്തിന്റെ ഭൗതികരംഗങ്ങളിൽ മുൻകൂട്ടി നിശ്ചയിക്കപ്പെടുന്നുണ്ട്. സാങ്കേതികവിദ്യയെ രൂപപ്പെടുത്തുന്ന ആവശ്യകതകളും അഭിലാഷങ്ങളും സമൂഹത്തിന്റെ അധികാരത്തിൽനിന്നാണ് ഉയർന്നുവരുന്നത്. സമൂഹത്തിന്റെ അധികാരഘടനയിൽനിന്നാണ് സാങ്കേതികവിദ്യയെ ഇവിടെ രൂപപ്പെടുത്തുന്നത്. സാങ്കേതികവിദ്യയെ

- സമൂഹത്തിന്റെ അധികാരത്തിൽ സാങ്കേതികവിദ്യയുടെ ആവശ്യങ്ങളുയരുന്നു

ഏകപക്ഷീയമായി എടുത്തുപയോഗിക്കാൻ കഴിയില്ല. സാങ്കേതികവിദ്യയെ രൂപപ്പെടുത്തുന്ന സാമൂഹ്യാവസ്ഥയും ചില വൈരുദ്ധ്യങ്ങളുമാണ് ഈ മാധ്യമത്തിന്റെ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത്.

ആധുനികജീവിതത്തിലുണ്ടായ പുത്തൻവിന്യാസങ്ങളും വെട്ടിപ്പിടുത്തങ്ങളും ചലനങ്ങളും അകന്നുപോക്കുകളും ഒക്കെയാണ് ടെലിഗ്രാഫി, ഫോട്ടോഗ്രാഫി, ചലച്ചിത്രം, റേഡിയോ തുടങ്ങിയ മാധ്യമങ്ങൾ. ഒടുവിൽ ടെലിവിഷന്റെ രൂപവൽക്കരണത്തെ അനിവാര്യമാക്കിയതും ഈ മാധ്യമങ്ങൾ തന്നെയാണ്. ഒരു ദേശത്തുനിന്നും മറ്റൊരു കേന്ദ്രത്തിലേക്ക് സന്ദേശങ്ങൾ കൈമാറാനും പരസ്പരബന്ധം നിലനിർത്താനുമായിരുന്നു ഈ മേഖലകളിൽ ആദ്യം മാധ്യമങ്ങൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ വികസനത്തിന്റെ രണ്ടാംഘട്ടമായതോടെ ഈ രീതിയിൽ മാറ്റം വന്നു. ഒരു കേന്ദ്രത്തിൽനിന്നും മറ്റൊരു കേന്ദ്രത്തിലേക്ക് വിനിമയം ചെയ്യുന്നതിന് പകരം ഒരു സ്ഥലത്തുനിന്നും വിവിധഇടങ്ങളിലേക്ക് സന്ദേശങ്ങൾ അയയ്ക്കുന്ന രീതി വിദഗ്ധർ കൊണ്ടുവന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ വികസിച്ച ഈ വിനിമയരീതിയെയാണ് ബ്രോഡ്കാസ്റ്റിംഗ് എന്ന് വിശേഷിപ്പിക്കുന്നത്.

> ▶ ഒരു സമൂഹത്തിലേയ്ക്ക് സന്ദേശങ്ങൾ കൈമാറാൻ ബ്രോഡ്കാസ്റ്റിംഗ്

വ്യവസായികവിപ്ലവത്തെത്തുടർന്നു വിപുലവും വികേന്ദ്രീകൃതവുമായ മനുഷ്യജീവിതത്തെ തങ്ങളുടെ അധികാരപരിധിക്കുള്ളിൽ നിയന്ത്രിക്കേണ്ടത് എന്നും, ഭരണവർഗത്തിന്റെ ആവശ്യമായിരുന്നു. ഈ ആവശ്യത്തെ തൃപ്തിപ്പെടുത്തുവാൻ പരമ്പരാഗത അധികാരസ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ല. അധികാരകേന്ദ്രീകരണത്തിന്റെ പുത്തൻ സാഹചര്യങ്ങളിലൂടെ മുന്നേറാനായി ഭരണവർഗത്തിന് കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിലാണ് പത്രസ്ഥാപനങ്ങൾ ഉയർന്നുവന്നത്. ഔദ്യോഗികമാർഗങ്ങളെ മാത്രം ആശ്രയിക്കാതെ തങ്ങൾക്ക് ഹിതകരമായ രീതിയിൽ ഭരണവർഗം സ്വകാര്യ മേഖലയിലെ ബൂർഷ്വാസിയെ ആശ്രയിക്കുകയായിരുന്നു. ദൈനംദിനസംഭവങ്ങളെ സമഗ്രമായി വിലയിരുത്താനും അനന്തരം അവ ജനങ്ങൾക്കുമുന്നിൽ അവതരിപ്പിക്കാനും സദാ സന്നദ്ധമായ ഒരു വിനിമയസംവിധാനം ഉയർന്നുവരേണ്ടത് ആധുനികസമൂഹത്തിന്റെ അധികാരഘടനയുടെ നിലനിൽപ്പിന് അനിവാര്യമായിരുന്നു. ഇത് പരിഹരിച്ചത് പത്രസ്ഥാപനങ്ങളും ബ്രോഡ്കാസ്റ്റിംഗ് സ്ഥാപനങ്ങളുമായിരുന്നു.

> ▶ ഭരണവർഗം തങ്ങൾക്ക് ഹിതകരമായ രീതിയിൽ ബൂർഷ്വാസിയെ മാധ്യമലോകത്തേയ്ക്ക് കൊണ്ടുവന്നു

ടെലിവിഷനെ ആകർഷകമായ ഒരു മാധ്യമമാക്കി മാറ്റിയത് ശാസ്ത്രജ്ഞരല്ല പകരം സാങ്കേതികവിദഗ്ധരാണ്. കേവലം സാങ്കേതികമായ സവിശേഷതകളുടെ പിൻബലത്തിലല്ല. പകരം സാംസ്കാരികരൂപമായി ടെലിവിഷൻ വളരുന്നത് വാണിജ്യപരമായ കാരണങ്ങളാലാണ്. സാങ്കേതികമായി റേഡിയോയുടെ തുടർച്ചയും വികാസവുമായാണ് ടെലിവിഷൻ വളർന്നുവന്നത്. വാണിജ്യപരമായി റേഡിയോയും ടെലിവിഷനും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. 1920 കളിൽ അമേരിക്കയിലും ബ്രിട്ടനിലും ആരംഭിച്ച ബ്രോഡ്കാസ്റ്റിംഗ് വ്യവസായത്തിന്റെ ഭാഗമായാണ് ടെലിവിഷൻ നിത്യജീവിതത്തിലേക്ക് കടന്നുവന്നത്.

> ▶ ടി.വി.യും റേഡിയോയും വാണിജ്യപരമായി പരസ്പരബന്ധിതമാണ്

പ്രാഥമികമായി ഒരു വിനിമയോപാധി എന്ന നിലയിലും അതിലുപരി ഒരു സാംസ്കാരികരൂപം എന്ന നിലയിലും ടെലിവിഷന് മറ്റ് മാധ്യമ

ങ്ങളെക്കാൾ ഏറെ പ്രചാരം ലഭിക്കാൻ കാരണം കണ്ടെത്തണമെങ്കിൽ ഇതിന്റെ ആദ്യഘട്ടത്തിലേക്ക് പോകേണ്ടിയിരിക്കുന്നു. വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹികോപകരണങ്ങളുടെ തുടർച്ചയായി ടെലിവിഷൻ ജനങ്ങളെ സ്വാധീനിച്ചുകൊണ്ട് സ്വീകരണമുറികളിൽ എത്തുകയായിരുന്നു. വ്യവസായമുതലാളിത്തത്തിന്റെ വികാസത്തോടെ ഉയർന്നുവന്ന അണുകുടുംബങ്ങളാണ് ബ്രോഡ്കാസ്റ്റിംഗ് വ്യവസായത്തെ വളർത്തിയത്. സമൂഹത്തിൽനിന്ന് അകന്നുനിൽക്കുമ്പോഴും തങ്ങൾ സമൂഹത്തിന്റെ ഒപ്പം തന്നെയുണ്ടെന്ന് തെളിയിക്കുന്ന നിരവധി സന്ദർഭങ്ങളുണ്ട്.

▶ ബ്രോഡ് കാസ്റ്റിംഗ് മേഖല വളർത്തിയ അണുകുടുംബം

രണ്ടാംലോകമഹായുദ്ധത്തിനുശേഷം പാശ്ചാത്യരാജ്യങ്ങളിൽ റേഡിയോ വ്യവസായം ശക്തി പ്രാപിക്കുകയായിരുന്നു. തൊഴിൽശാലകളിൽനിന്നുള്ള ഉയർന്ന വരുമാനങ്ങളും ആനുകൂല്യങ്ങളും മറ്റും അണുകുടുംബങ്ങളെ കൂടുതൽ സ്ഥാപനവൽക്കരിച്ചു. ഈ സാഹചര്യത്തിലാണ് ടെലിവിഷൻവ്യവസായം അരങ്ങ് കയ്യടക്കിയത്. ടെലിവിഷന് ലഭിച്ച ജനപ്രീതി സാങ്കേതികശാസ്ത്രത്തിന്റെ ആഘോഷത്തുടർച്ചയല്ല എന്ന് തെളിയിക്കുന്ന തരത്തിലായിരുന്നു. നിലവിലുള്ള അധികാരഘടനയിലെ വൈരുദ്ധ്യങ്ങൾ അതിരുവിടുമ്പോഴാണ് ടെലിവിഷൻ ഒരു വിപ്ലവമാധ്യമമായി പരിവർത്തിക്കുന്നത്. സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വങ്ങൾക്കും വൈരുദ്ധ്യങ്ങൾക്കും പരിഹാരം കണ്ടെത്തുന്നതിനായി ഉയർന്നുവരുന്ന സാമൂഹ്യരാഷ്ട്രീയ പ്രക്ഷോഭങ്ങളിലൂടെ മാത്രമേ ടെലിവിഷനെ വിമോചനത്തിനുള്ള ആയുധമായി മാറ്റാനാകൂ എന്നും ലേഖകൻ വിലയിരുത്തുന്നു.

▶ വിമോചനത്തിനുള്ള ആയുധമായി ടെലിവിഷനെ മാറ്റാനുള്ള മാർഗ്ഗം

# വിശദപഠനം

## ശശികുമാറുമായുള്ള അഭിമുഖം - ബ്രിട്ടാസ്

ഇന്ത്യയിലെ പ്രമുഖപത്രപ്രവർത്തകരിൽ ഒരാളായ ശശികുമാർ ഒരു മികച്ച സംരംഭകൻ എന്ന രീതിയിൽ വളരെ വേഗം പ്രശസ്തിയാർജിക്കുകയായിരുന്നു. മാധ്യമവ്യാപാര മേഖലയിലെ സ്വകാര്യവൽക്കരണം സാർവത്രികമായതോടെ യാതൊരു സാമ്പത്തിക അടിത്തറയും ഇല്ലാതിരുന്ന ശശികുമാർ എന്ന മാധ്യമപ്രവർത്തകൻ കേരളത്തിലെ ആദ്യത്തെ സ്വകാര്യടെലിവിഷൻ സംരംഭകനായി രംഗത്തുവരികയായിരുന്നു. ശശികുമാർ എന്ന മാധ്യമപ്രവർത്തകനെ എല്ലാ അർത്ഥത്തിലും ചികഞ്ഞെടുത്ത് അവതരിപ്പിക്കുകയാണ് അഭിമുഖകാരൻ ചെയ്തിരിക്കുന്നത്. ആധുനിക മാധ്യമപ്രവർത്തനത്തിന്റെ മികച്ച ഒരു പ്രതീകമായിട്ടാണ് ശശികുമാറിനെ അവതരിപ്പിച്ചിരിക്കുന്നത്. അദ്ദേഹത്തിൽനിന്നും പുറത്തെടുക്കാനുള്ള എല്ലാ അനുഭവങ്ങളും അറിവുകളും ശേഖരിച്ച് രേഖപ്പെടുത്തുകയാണ് ഇവിടെ. സ്വകാര്യ ടെലിവിഷൻ ചാനൽ സംരംഭത്തിന് പ്രത്യയശാസ്ത്രം ഉണ്ടാകണം എന്ന് അദ്ദേഹം വിശ്വസിക്കുന്നു.

▶ ചാനലിന് പ്രത്യയശാസ്ത്രം ഉണ്ടാകണം

ചാനൽ ആരംഭിച്ചപ്പോൾ നവോത്ഥാനം എന്ന ആശയം ഉണ്ടായിരുന്നതായി അദ്ദേഹം വെളിപ്പെടുത്തുന്നു. അത് കുറേയൊക്കെ ചെയ്തു കഴിഞ്ഞതായും പറയുന്നുണ്ട്. പക്ഷേ വിട്ടുവീഴ്ചകൾ വേണ്ടിവരുന്നതുകൊണ്ട് ഇത്തരം സംരംഭങ്ങൾക്ക് പൂർണ്ണമായും ഒരു നിലപാടിൽ ഉറച്ചുനിൽക്കാൻ കഴിയില്ല. കാരണം കമ്പോളം ഇന്ന് ദൃശ്യമാധ്യമങ്ങളിൽ മാത്രമല്ല എല്ലാ മേഖലകളെയും കീഴ്പ്പെടുത്തിയിരിക്കുന്ന കാലമാണ്. ഇക്കാരണത്താൽ തന്നെ മാധ്യമസ്ഥാപനങ്ങളിൽ മാത്രമല്ല എല്ലായിടത്തും ഇത്തരം വൈരുദ്ധ്യങ്ങൾ പ്രകടമാകുന്നുണ്ട് എന്ന് ശശികുമാർ വെളിപ്പെടുത്തുന്നു. ഈ പ്രവണതയെ അതിജീവിക്കാനുള്ള കരുത്ത് മാധ്യമസ്ഥാപനങ്ങൾ ആർജ്ജിക്കുന്നതിൽ എത്രകണ്ടു വിജയിക്കുന്നു എന്ന് ഈ മാധ്യമപ്രവർത്തകനും സന്ദേഹം പ്രകടിപ്പിക്കുന്നുണ്ട്. ചാനൽ വ്യാപാരങ്ങളോട് വിടപറയുമ്പോൾ സ്വകാര്യടെലിവിഷൻമേഖല കൂടുതൽ കമ്പോളവൽക്കരിക്കുകയാണ് ഉണ്ടായതെന്ന് ശശികുമാർ കൂട്ടിച്ചേർക്കുന്നു. പുതിയ മേഖലയിലേക്ക് പ്രവേശിക്കുമ്പോൾ, വരുന്ന തലമുറകൾ മാധ്യമങ്ങളെ എങ്ങനെ ഉൾക്കൊള്ളുന്നു, മാധ്യമം അവരെ എങ്ങനെ ഉപയോഗിക്കുന്നു എന്നെല്ലാമുള്ള അന്വേഷണങ്ങൾ മാധ്യമവിദ്യാഭ്യാസത്തിലേക്ക് കടക്കുമ്പോൾ മനസ്സിൽ ഉണ്ടായിരുന്ന ആശയങ്ങളായിരുന്നു. മാധ്യമരംഗത്ത് പ്രൊഫഷണൽ വിദ്യാഭ്യാസപരിശീലനത്തിന്റെ അഭാവം പരിഹരിക്കാനായിട്ടാണ് പുതിയ മേഖലയിലേക്ക് കടന്നത്.

▶ സ്വകാര്യടെലിവിഷൻ ചാനൽ മേഖല കൂടുതൽ കമ്പോളവല്ക്കരിക്കുന്നു

ഇന്ത്യയിലെ പ്രമുഖമാധ്യമപ്രവർത്തകൻ എന്ന നിലയിൽ ചിരപ്രതിഷ്ഠ നേടിയ ശശികുമാർ ഒരു സ്വകാര്യചാനൽ സംരംഭം തുടങ്ങാൻ വേണ്ടിയാണ് കേരളത്തിലേക്ക് വന്നത്. ഒരു സ്വകാര്യചാനൽ തുടങ്ങുമ്പോൾ അതിനൊരു പ്രത്യയശാസ്ത്രം ഉണ്ടാകും എന്ന് ശശികുമാർ പറയുന്നു. സ്വന്തം ആശയങ്ങൾ ചാനലിൽ പ്രതിഫലിക്കും. പക്ഷേ കമ്പോളം ഒരു വിലങ്ങുതടിയായി ഈ ചിന്തയെ പരാജയപ്പെടുത്തി

ക്കൊണ്ടിരിക്കുന്നത് വലിയൊരു വെല്ലുവിളിയാണ്. അതിന്റെ വൈരുദ്ധ്യങ്ങൾ എല്ലാ ചാനലിലും പ്രത്യക്ഷമാണെന്ന് അദ്ദേഹം പറയുന്നു. ചാനൽവിജയത്തിന്റെ പിന്നിൽ വിപണിയുമായി ബന്ധപ്പെട്ട വസ്തുതകൾ തന്നെയാണ് എന്ന് അനുഭവത്തിൽനിന്നും അദ്ദേഹം പഠിച്ചു. സിനിമയുടെ വിവിധവശങ്ങൾ വിൽക്കുക എന്നതിനോടൊപ്പം ഒരു സീരിയൽ സംരംഭം ആരംഭിക്കുക എന്ന ദൗത്യം കൂടി അദ്ദേഹം നിർവഹിച്ചു. അതിന്റെ ഭാഗമായാണ് സ്ത്രീ എന്ന പേരിൽ മലയാളത്തിൽ മെഗാസീരിയൽ സംരംഭം ആരംഭിക്കുന്നത്. അത് വിജയിച്ചതോടെയാണ് ചാനൽ സാമ്പത്തികമായി മെച്ചപ്പെട്ടത്. പക്ഷേ അത്തരമൊരു നിലവാരത്തകർച്ചയിലേക്ക് തരംതാഴുന്നതിൽ ശശികുമാറിന് കുറ്റബോധമുണ്ടായിരുന്നു.

▶ സ്ത്രീ എന്ന പേരിൽ മെഗാ ടെലി സീരിയൽ വിപണിയിലേയ്ക്ക്

വാർത്തകൾക്ക് വലിയ വിപണിമൂല്യമുണ്ടെന്ന് ശശികുമാർ അഭിപ്രായപ്പെടുന്നു. ഏഷ്യാനെറ്റ് വാർത്താചാനൽ തുടങ്ങിയശേഷമാണ് കേരളത്തിൽ ന്യൂസിന് വലിയ വ്യാപാരസാധ്യതയുണ്ടെന്ന് മറ്റു ചാനലുകൾ തിരിച്ചറിഞ്ഞത്. ഫിനാൻഷ്യൽ ന്യൂസ്, മാർക്കറ്റ് ന്യൂസ്, പൊളിറ്റിക്കൽ ന്യൂസ്, ഇന്റർനാഷനൽ ന്യൂസ്, ന്യൂസ് റിലേറ്റഡ് പ്രോഗ്രാമിങ്ങുകൾ, ഇൻഫർമേറ്റീവ് പ്രോഗ്രാമിങ്, ഇങ്ങനെ വൈവിധ്യമുള്ള തരത്തിൽ വാർത്തകൾ വിപണിയിലെത്തിക്കാം.

ഏഷ്യാനെറ്റ് ചാനൽ തുടങ്ങുമ്പോൾ ദൂരദർശൻ മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. അന്ന് ദൂരദർശന്റെ പരസ്യവരുമാനം 18 കോടി രൂപയോ മറ്റോ ആയിരുന്നു. തങ്ങൾ സ്ഥാപനം തുടങ്ങുമ്പോൾ വലിയ മൂലധനമൊന്നും കയ്യിലില്ലായിരുന്നു എന്ന് അദ്ദേഹം പറയുന്നു. അങ്ങനെ ഒരു സാഹചര്യത്തിൽ സാമ്പത്തികമായി സ്വകാര്യചാനൽപദ്ധതി വിജയിക്കുമോ എന്നതിൽ പലരും സംശയം പ്രകടിപ്പിച്ചുതുടങ്ങി. പുതിയ നിക്ഷേപകർ എത്തുമ്പോൾ വിപണി വികസിക്കും എന്ന ആത്മവിശ്വാസമായിരുന്നു തന്നെ മുന്നോട്ടുനയിച്ചത് എന്ന് അദ്ദേഹം പറയുന്നുണ്ട്. അതുകൊണ്ടുതന്നെ പുതിയ ചാനലുകൾ കേരളത്തിലേക്ക് കടന്നുവരുന്നതിൽ അത്ഭുതപ്പെടേണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

▶ സ്വകാര്യചാനൽ വിജയിക്കുമോ എന്ന് പലർക്കും സംശയമായിരുന്നു

താൻ ടെലിവിഷൻ പഠിച്ചതും വളർന്നതും ദൂരദർശനിലാണെന്ന് അദ്ദേഹം വിശദീകരിക്കുന്നുണ്ട്. പക്ഷേ അവിടെയെല്ലാം വിരസമായ പരിപാടികൾ ആയിരുന്നു. എന്നാൽ ഒരു പബ്ലിക് ബ്രോഡ്കാസ്റ്റ് ഫിലോസഫി ദൂരദർശന് സ്വന്തമായിരുന്നു. പ്രാദേശികസിനിമകൾ ഈ ചാനലിലൂടെ കാണാൻ കഴിയും എന്നത് ഒരു നേട്ടമായിരുന്നു എന്ന് ശശികുമാർ പറയുന്നു. പക്ഷേ പ്രേക്ഷകർക്ക് അതിൽനിന്ന് ഒരു മാറ്റം ആവശ്യമാണെന്ന് തോന്നി. അങ്ങനെയാണ് ഒരു പുതിയ സ്വകാര്യചാനലിന്റെ ചിന്തയിലേക്ക് അദ്ദേഹം കടക്കുന്നത്.

ആദ്യഘട്ടങ്ങളിൽ പ്രോഗ്രാമുകളെല്ലാം സിനിമയിലെ രംഗങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ആരംഭിക്കുന്നത്. ഒരു സിനിമയിൽനിന്നും 20 പ്രോഗ്രാമുകൾ എങ്കിലും ഉണ്ടാക്കാം അതല്ലാതെതന്നെ മുഴുവൻ സിനിമയായിട്ടുതന്നെ കാണിക്കാം. പാട്ടുകൾ, സ്റ്റണ്ട് സീനുകൾ, കോമഡി, ട്രാജഡി എന്നിങ്ങനെ വ്യത്യസ്തമായി അത് പ്രയോജനപ്പെടുത്താൻ കഴിയും എന്നുള്ളത് വ്യാവസായികാടിസ്ഥാനത്തിൽ

വലിയൊരു നേട്ടമാണെന്ന് ശശികുമാർ അഭിപ്രായപ്പെടുന്നു. സ്വകാര്യ ചാനലുകൾ എല്ലാം പരസ്യത്തെ ആശ്രയിച്ചാണ് നടത്തിക്കൊണ്ടുപോരുന്നത് ഇത് വൻവിജയമായി തീർന്നപ്പോൾ ദൂരദർശനും സമാനമായ രീതി അവലംബിച്ചുകൊണ്ട് സാധാരണക്കാർക്ക് ആസ്വദിക്കാൻ പറ്റുന്ന രീതിയിലുള്ള പ്രോഗ്രാമുകളിലേക്ക് മാറി.

മാധ്യമവിപണി വളരെ അപകടകരമാണെന്ന വിശ്വാസമാണ് ശശികുമാറിനുള്ളത്. പക്ഷേ ലാഭമില്ലാതെ ഇത് നടത്തിക്കൊണ്ട് പോകാൻ കഴിയില്ല എന്നതുതന്നെയാണ് യാഥാർഥ്യം. പത്രങ്ങൾക്ക് അൻപതുശതമാനം വരുമാനം പരസ്യങ്ങളിൽ നിന്നുള്ളതാണ്. ടെലിവിഷൻ കാഴ്ചക്കാർ എന്ന് പറയുന്നതിന് പകരം ടി.വി ഉപഭോക്താക്കൾ എന്ന തലത്തിലേക്ക് മാറിയിരിക്കുന്നു. അടിയന്തരാവസ്ഥപോലുള്ള ഘട്ടങ്ങളിൽ ജനങ്ങളോടൊപ്പമാണ് പുരോഗമനസ്വഭാവമുള്ള പത്രങ്ങൾ നിലകൊണ്ടത്. മാധ്യമം, സോപ്പ് അല്ലെങ്കിൽ ഫ്രിഡ്ജ് പോലെതന്നെ ഉല്പന്നമായി മാറിയാൽ അത് അപകടകരമാണെന്നും ശശികുമാർ മുന്നറിയിപ്പ് നല്കുന്നു. എന്നാൽ ആഗോള വൽക്കരണത്തിന്റെയും വർഗീയവൽക്കരണത്തിന്റെയും ദശാബ്ദങ്ങളിൽ മാധ്യമങ്ങൾ ഈ അപകടാവസ്ഥയെ തരണം ചെയ്യുന്നത് വലിയ വെല്ലുവിളിയായിത്തീർന്നിരിക്കുന്നു. വരിക്കാരെമാത്രം ആശ്രയിച്ചുകൊണ്ട് ഒരു ചാനൽ നടത്തിക്കൊണ്ടുപോകാൻ കഴിയില്ലെന്ന് ശശികുമാർ അടിവരയിട്ടുപറയുന്നു. ഗവൺമെന്റിന്റെ പിന്തുണയില്ലാതെ ഒരു സ്വകാര്യചാനലിന് നിലനിൽപ്പില്ല. മനുഷ്യൻ ഒരു സാമൂഹ്യജീവി എന്ന നിലയിൽ ചാനലുകൾക്ക് പ്രതിബദ്ധതവേണമോ എന്നുള്ള അഭിമുഖകാരന്റെ ചോദ്യത്തിന് ശശികുമാർ ഇങ്ങനെ മറുപടി പറയുന്നു.

> ▶ മാധ്യമം സോപ്പ് പോലെ ഒരു ഉല്പന്നമായി മാറിയാൽ അപകടകരം

'എല്ലാ മാധ്യമങ്ങളും പൊളിറ്റിക്കൽ ആണല്ലോ. ഓരോ പൊളിറ്റിക്കൽ പോയിൻറ് ഓഫ് വ്യൂ ആണല്ലോ, നാച്ചുറൽ അല്ല. ഈ പൊളിറ്റിക്സ് ഒരു മോശസംഭവമാണെന്ന് ധാരണ അടുത്തകാലത്ത് വന്നിട്ടുണ്ട്. അത് വളരെ ഡെയിഞ്ചറസ് ആണ്. അത് എൻഡിഒകാർ ഉണ്ടാക്കുന്ന പ്രശ്നമാണെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. പൊളിറ്റീഷ്യൻസ് എന്ന് പറഞ്ഞാൽ മോശമാണോ? പൊളിറ്റീഷ്യൻസ് ആണല്ലോ റെപ്രസെന്റേറ്റീവ്സ് ഓഫ് ദ പീപ്പിൾ. അതിനു കാരണം പഴയ കോൺഗ്രസ് രീതിയിലുള്ള ഹൈ ക്ലാസ് പൊളിറ്റിക്സ് മാറിയിട്ട് ശരിക്കും ജനങ്ങളെ പ്രതിഫലിപ്പിക്കുന്ന പൊളിറ്റിക്സ് ആയപ്പോൾ ഈ ഹൈക്ലാസ് സൊസൈറ്റി എന്ന് പറയുന്നവർക്ക് ഇടപെടാൻ പറ്റാത്ത രീതിയിലുള്ള പോളിറ്റീഷ്യൻസാണ് ഇതിനിടയിലേക്ക് വരുന്നതെന്ന് ഒരു ധാരണ ഉണ്ട്. അത് പക്ഷേ ടോട്ടലി അൺ ഡെമോക്രാറ്റിക് വ്യൂ പോയിൻറ് ആണ്. ഇതാണ് നമ്മുടെ ജീവിതം. ഇതാണ് ഫാക്ട് ഓഫ് ഔവർ ലൈഫ്.'

> ▶ പൊളിറ്റിക്കൽ പോയിൻറ് ഓഫ് വ്യൂ

അച്ചടി മാധ്യമപ്രവർത്തകനായിരുന്ന ശശികുമാർ ഒരു ന്യൂസ് കാസ്റ്റർ ന്യൂസ് പ്രസന്റർ ആയി മാറി, പിന്നീട് പിടിഐയിലേക്ക് വന്നു. പിന്നെ സംരംഭകനായി. ഈ പ്രക്രിയകളിൽ ഏറ്റവും ഇഷ്ടപ്പെട്ട സ്റ്റേജ് ഏതാണെന്ന് ചോദ്യത്തിന് മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നതാണ് ഇഷ്ടം എന്നായിരുന്നു മറുപടി. ശശികുമാർ പറയുന്ന ഒരു വസ്തുത ശ്രദ്ധേയമാണ്. സ്വകാര്യചാനലുകൾ അല്ലെങ്കിൽ മറ്റ് മാധ്യമങ്ങൾ

> ▶ നഗരകേന്ദ്രീകൃതമായ പരിപാടികൾക്കാണ് അവർ പ്രാധാന്യം

ഉപരിവർഗ്ഗതാല്പര്യങ്ങൾക്ക് അനുസരിച്ചാണ് നയങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളതത്രെ. പട്ടിണിപ്പാവങ്ങളെ അവർ കാണാറില്ല എന്നാണ് ശശികുമാർ നിരീക്ഷിക്കുന്നത്. ഈ മാധ്യമങ്ങൾ ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിലേക്ക് സഞ്ചരിക്കാറില്ല. ആ ദൗത്യം ദൂരദർശൻ മാത്രമാണ് നിർവഹിക്കുന്നത്. ദരിദ്രനെ പ്രതിനിധീകരിച്ച് ചാനലുകൾ പ്രോഗ്രാമുകൾ ചിട്ടപ്പെടുത്താറില്ല. നഗരകേന്ദ്രീകൃതമായ പരിപാടികൾക്കാണ് അവർ പ്രാധാന്യം നൽകുന്നത്.

ഇപ്പോൾ ഒരു സ്വകാര്യ ചാനൽ തുടങ്ങുകയാണെങ്കിൽ കാര്യങ്ങൾ എങ്ങനെയായിരിക്കും എന്ന ചോദ്യത്തിന് ശശികുമാർ വിദഗ്ധമായി മറുപടി പറയുന്നു. ഇപ്പോൾ ചാനൽ രണ്ടാഴ്ച ടെലികാസ്റ്റ് ചെയ്യാൻ 25 ലക്ഷം രൂപ കൊടുത്താൽ മതി എന്നുള്ളതാണ്. ആദ്യകാലത്ത് ഈ തുക ഒന്നിനും തികയില്ലായിരുന്നു. ഇന്ന് ട്രാൻസ്പോണ്ടർ ഡർബാറിൽ വളരെ ചെലവ് കുറഞ്ഞ ഒന്നായി മാറിയിട്ടുണ്ട്. പരസ്യമില്ലാതെ ചാനൽ നടത്തിക്കൊണ്ടുപോകാൻ താല്പര്യമില്ലെങ്കിൽ മറ്റൊരു വഴിയുണ്ട്. വരിക്കാരെ കണ്ടെത്തി അതിലൂടെ വരുമാനം ശേഖരിക്കുക എന്നുള്ളതാണ് സമാന്തരമായ മറ്റൊരു വഴി എന്നും ശശികുമാർ പറയുന്നു.

> ▶ ഗ്രാമങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നത് ദൂരദർശൻ മാത്രമാണ്

മലയാള ടെലിവിഷൻചാനൽ ചരിത്രത്തിലെ ഒരു പ്രധാനനാഴികക്കല്ലാണ് ശശികുമാറിന്റെ രംഗപ്രവേശം. മലയാളികൾ ആദ്യമായി അദ്ദേഹത്തെ കാണുന്നത് ദൂരദർശന്റെ ഇംഗ്ലീഷ് വാർത്താഅവതാരകൻ അല്ലെങ്കിൽ മണിമാറ്റേഴ്സ് അവതാരകൻ എന്ന നിലയിലാണ്. തൊണ്ണൂറുകളുടെ ആദ്യപാദത്തിൽ വലിയ സ്വപ്നപദ്ധതികളുമായി ഒഴിഞ്ഞ കീശയുമായി എത്തിയ ശശികുമാറിന് ആകെയുണ്ടായിരുന്നത് ഇച്ഛാശക്തി മാത്രമാണ്. കേബിൾ ചാനൽ എന്ന നിലയിൽ കേന്ദ്രീകൃതമായി ആരംഭിച്ച ഏഷ്യാനെറ്റ് ചാനൽ വളരെ വേഗം കേരളം മാത്രമല്ല ആഗോളതലത്തിലും മലയാളികളുടെ മുന്നിലേക്കെത്തുകയായിരുന്നു. സാധാരണക്കാരനോടൊപ്പംനിന്ന ഏഷ്യാനെറ്റ് ചാനലിന്റെ നയപരിപാടികൾ രൂപപ്പെടുത്താനായി കേരളത്തിലെ പ്രമുഖസാംസ്കാരിക പ്രവർത്തകരെ അണിനിരത്തുന്നതിൽ അദ്ദേഹം വിജയിച്ചു. എന്നാൽ ചാനൽ കയ്യൊഴിഞ്ഞതോടെ അദ്ദേഹം രൂപപ്പെടുത്തിയ ആശയങ്ങളെല്ലാം പാലിക്കപ്പെടാൻ ചാനലിന് കഴിയാതെ വന്നു.

> ▶ മലയാള ടെലിവിഷൻചാനൽ ചരിത്രത്തിലെ നാഴികക്കല്ല്

**ഒരു സംഘം സാംസ്കാരികപ്രമുഖരുമായി ശശികുമാർ**

സ്വകാര്യചാനൽ തുടങ്ങുവാനാണ് ശശികുമാർ പിടിഎയിൽനിന്നും ജോലി ഉപേക്ഷിച്ച് തിരുവനന്തപുരത്ത് എത്തിയത്. വരുമ്പോൾ വലിയൊരു സംഘം സാംസ്കാരിക പ്രവർത്തകരും ഒപ്പമുണ്ടായിരുന്നു. അതിൽ ചലച്ചിത്രപ്രവർത്തകരും സാഹിത്യകാരന്മാരും പത്രപ്രവർത്തകരും ഉണ്ടായിരുന്നു. പി ഭാസ്കരൻ, സക്കറിയ, വി കെ മാധവൻകുട്ടി, ബി ആർ പി ഭാസ്കർ, ചിന്ത രവി, ടി എൻ ഗോപകുമാർ, കെ ജയചന്ദ്രൻ ഇങ്ങനെ നിരവധി എഴുത്തുകാരും മാധ്യമപ്രമുഖരും ചാനലിന്റെ രൂപകൽപ്പനകളിൽ സജീവപങ്കാളികളായിരുന്നു. വൈകുന്നേരങ്ങളിൽ ചാനൽ നടത്തിപ്പുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യാനായി ഇവർ സക്കറിയയുടെ വീട്ടിൽ ഒരുമിച്ചുകൂടുമായിരുന്നു. ഇതിൽനിന്നും പുതുമയേറിയ ആശയങ്ങൾ അവർ കണ്ടെത്തി. ഇടയ്ക്കിടെ എത്തുന്ന അതിഥികളും ചർച്ചകളിൽ പങ്കുചേർന്നു. ഇങ്ങനെ ജനകീയമായ ഇടപെടലുകളിലൂടെയാണ് കേരളത്തിലെ ആദ്യത്തെ സ്വകാര്യചാനലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയത്. പ്രശസ്തമായ 'എന്റെ കേരളവും' 'കണ്ണാടി' യും 'പത്രവൃത്താന്ത'വുമെല്ലാം.

## Summarised Overview

ഇരുപതാംനൂറ്റാണ്ടിലെ അവസാനത്തോടെ ലോകത്തിലെ ഭൂരിപക്ഷം മേഖലയിലെയും ജനവിഭാഗത്തെ വ്യാപകമായി സ്വാധീനിച്ച ഒരു മാധ്യമമാണ് ടെലിവിഷൻ. ഇലക്ട്രോണിക് മാധ്യമങ്ങളിൽ ഏറ്റവും ജനകീയമായി മാറിയ ടെലിവിഷന് കാണികളെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ മീഡിയയ്ക്ക് നേട്ടങ്ങളും വീഴ്ചകളും കണ്ടെത്താനാകും. ടെലിവിഷൻ ജീവിതത്തെ അഗാധമായി സ്വാധീനിച്ചിരിക്കുന്നു എന്നതാണ് പൊതുവേയുള്ള വിലയിരുത്തൽ. അതേസമയം ടെലിവിഷനെ കാല്പനികമായ ഗൃഹാതുരതയോടെ ആവേശപൂർവം ആശ്ലേഷിക്കുകയും ചെയ്യുന്നു. ടെലിവിഷൻ ഉൾപ്പെടെയുള്ള 'ഇലക്ട്രോണിക്സ് വിപ്ലവം' സാമൂഹികമാറ്റത്തെ സംബന്ധിച്ച ചില മിഥ്യകളും പ്രചരിപ്പിക്കുന്നുണ്ട്. എങ്ങനെയായാലും ടെലിവിഷനെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും ഈ മാധ്യമത്തെ ചരിത്രത്തിന് പുറത്തുനിർത്തുകയാണ് ചെയ്യാറുള്ളത്.

ഇലക്ട്രോണിക്സിനെ അടിസ്ഥാനമാക്കി ചില സിദ്ധാന്തങ്ങളും ഉയർന്നുവരുന്നുണ്ട്. ഇലക്ട്രോണിക്സ് വിപ്ലവത്തിലൂടെ സമൂഹത്തിൽ ഘടനാപരമായ വ്യതിയാനം സംഭവിക്കുന്നു എന്ന പ്രചാരണം നിലനിൽക്കുന്നുണ്ട്. ഇലക്ട്രോണിക്സിന്റെ വികാസം സാങ്കേതികമാണെന്ന വാദവുമുണ്ട്. ശാസ്ത്രസാങ്കേതികമുന്നേറ്റങ്ങളാണ് ചരിത്രത്തെ അന്തിമമായി നിർണയിക്കുന്നത് എന്നാണ് ഒരു വാദം. ശാസ്ത്രജ്ഞരും പരീക്ഷണശാലകളും മാത്രം ഉൾപ്പെടുന്ന ശുദ്ധവും അരാഷ്ട്രീയവുമായ മേഖലയിലാണ് ശാസ്ത്രവും സാങ്കേതികവിദ്യകളും വികസിക്കുന്നത് എന്നാണ് സൈദ്ധാന്തികനായ മാർഷൽ മക്‌ലൂഹൻ അഭിപ്രായപ്പെടുന്നത്. എന്നാൽ മാധ്യമവ്യവഹാരങ്ങളെ നിർണയിക്കുന്നത് അതിന്റെ സാങ്കേതികവിദ്യകൾക്ക് പകരം പ്രയോക്താവിന്റെ ഇച്ഛാനുസരണം ഏകപക്ഷീയമായി അത് വികസിക്കുന്നു എന്നതാണ് മറ്റൊരു വാദം.

ഭരണവർഗത്തിന്റെ ആവശ്യാനുസരണം മനുഷ്യജീവിതത്തെ തങ്ങളുടെ അധികാരപരിധിക്കുള്ളിൽ നിയന്ത്രിച്ചുനിർത്തേണ്ടതുണ്ടായിരുന്നു. ഇതിനായി വ്യവസായ വിപ്ലവത്തെ അനുകൂലമാക്കി മാറ്റാൻ പലവിധത്തിലുള്ള മാർഗ്ഗങ്ങൾ തേടുകയും പരിഹാരമാർഗമായി അവർ ഇലക്ട്രോണിക്സ് വിപ്ലവത്തെ പ്രയോജനപ്പെടുത്തുകയും ചെയ്തു. ആദ്യകാലത്ത് അമേരിക്ക/ബ്രിട്ടൻ തുടങ്ങിയ വികസിതരാജ്യങ്ങളാണ് ഇലക്ട്രോണിക് മാധ്യമങ്ങളെ പരിചയപ്പെടുത്തിയതെങ്കിലും പിൽക്കാലത്ത് മൂന്നാംലോക രാജ്യങ്ങൾ ഉൾപ്പെടെയുള്ള സമൂഹം ഇലക്ട്രോണിക് മാധ്യമരംഗത്ത് മുന്നേറുന്ന കാഴ്ചയ്ക്ക് നാം സാക്ഷ്യം വഹിച്ചു. മൂലധനശക്തികൾ ഇത്തരം മാധ്യമങ്ങൾ കയ്യടക്കാനായി മത്സരിക്കുന്നത് പതിവ് കാഴ്ചയായി. എങ്കിലും ടെലിവിഷൻ രംഗത്ത് ഉണ്ടായ മുന്നേറ്റങ്ങൾക്ക് പിന്നിൽ വ്യക്തമായ സാമൂഹികരാഷ്ട്രീയകാരണങ്ങൾ ഉണ്ടായിരുന്നു എന്ന് കണ്ടെത്താനാകും.

മൂന്നു പതിറ്റാണ്ടുകളായി മലയാളികളെ വിനോദത്തിന്റെയും വാർത്തയുടെയും ലോകത്തേക്ക് കൈപിടിച്ചുയർത്തിയ കേരളത്തിലെ ആദ്യത്തെ സ്വകാര്യസംരംഭകനായ മാധ്യമപ്രവർത്തകനാണ് ശശികുമാർ. ഏഷ്യാനെറ്റ് എന്ന ഈ സ്വകാര്യചാനൽ മലയാളിയുടെ ഹൃദയമിടിപ്പ് മനസ്സിലാക്കുകയും അവർക്ക് എന്ത് പരിപാടികൾ വേണമെന്ന് അന്വേഷിക്കുകയും അതെല്ലാം ഒരു ചാനലിന്റെ കീഴിൽ അണിനിരത്തുകയും ചെയ്ത കലയുടെ ഉപാസകനാണ് ശ്രീ ശശികുമാർ. വേണ്ടവിധത്തിൽ തന്റെ ദൗത്യം പൂർത്തിയാക്കിയതോടെ ഏഷ്യാനെറ്റിനോട് ശശികുമാർ വിടപറയുകയാണുണ്ടായത്.

മലയാള ടെലിവിഷൻ സംപ്രേക്ഷണരംഗത്ത് പുതുമയേറിയ നിരവധി പരിപാടികൾ പ്രോത്സാഹിപ്പിച്ചുകൊണ്ടാണ് ഏഷ്യാനെറ്റ് ആദ്യമായി കേരളത്തിലേക്ക് കടന്നത്. പിന്നെ അത് സാ

വധാനം കേരളത്തിന് പുറത്തേക്ക് സഞ്ചരിച്ചു. മറുനാടൻ മലയാളികളുടെ പ്രധാനപ്പെട്ട ചാനലായി ഏഷ്യാനെറ്റ് മാറുകയായിരുന്നു. ടെലിവിഷൻ മേഖലയിലെ കേരളത്തിലെ ആദ്യത്തെ സ്വകാര്യചാനൽ സംരംഭകൻ എന്ന നിലയിൽ മാത്രമല്ല മുതിർന്ന ഒരു മാധ്യമപ്രവർത്തകൻ എന്നതുകൂടി പരിഗണിച്ചുകൊണ്ടാണ് ജോൺ ബ്രിട്ടാസ് ചോദ്യങ്ങൾ ഉന്നയിക്കുന്നത്

ചാനൽ തുടങ്ങുമ്പോൾ തനിക്ക് ഉണ്ടായിരുന്ന ആശയങ്ങൾ പ്രാവർത്തികമാക്കാൻ ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട് എന്നാണ് അദ്ദേഹം അഭിമുഖത്തിൽ പറയുന്നത്. കേരളത്തിൽ ദൂരദർശൻ മാത്രം മലയാളത്തിൽ പ്രോഗ്രാം ചെയ്യുന്ന കാലമായിരുന്നു. ഈ സാഹചര്യത്തിലാണ് ഒരു സ്വകാര്യടെലിവിഷൻചാനൽ മലയാളികൾക്കിടയിലേക്ക് എത്തുന്നത്. ഈ മേഖലയിലെ സാഹചര്യവും ടെലിവിഷൻ മാധ്യമങ്ങളുടെ പ്രവർത്തനരീതികളും തന്റെ വിശ്വാസപ്രമാണങ്ങളും ജോൺ ബ്രിട്ടാസുമായി പങ്കുവയ്ക്കുകയാണ് ശശികുമാർ.

കയ്യിൽ ഒരു കാശും ഇല്ലാതെയാണ് ശശികുമാർ ചാനൽ തുടങ്ങാനായി രംഗത്തിറങ്ങിയത്. ഇക്കാലത്താണെങ്കിൽ 25 ലക്ഷം രൂപയുണ്ടെങ്കിൽ രണ്ടാഴ്ച സുഖമായി ഒരു ചാനൽ നടത്താം എന്നാണ് പറയുന്നത്. 10 – 15 വർഷംമുമ്പ് തയ്യാറാക്കിയ അഭിമുഖമായതുകൊണ്ട് കണക്കുകളിൽ വ്യത്യസ്തമായ തുകകൾ വരാം. പരസ്യകമ്പനികളിൽനിന്നുള്ള വരുമാനംവഴിയാണ് ഈ ചാനൽ വിജയിപ്പിച്ചതെന്ന് ശശികുമാർ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ഇന്ന് ഈ സ്വകാര്യചാനൽ ഏത് നിലവാരത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് കാണികൾ വിലയിരുത്തട്ടെ.

# Assignments

1. അച്ചടിമാധ്യമങ്ങളിലെ അറിവിന്റെ കുത്തകവൽക്കരണത്തിൽ മാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനമെന്ത്?
2. മാർഷൽ മക്ലൂഹന്റെ മാധ്യമസങ്കല്പം വിവരിക്കുക?
3. ഇലക്ട്രോണിക് മാധ്യമങ്ങൾ ആധുനിക സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനമെന്ത്?
4. ഗ്ലോബൽ വില്ലേജ് എന്ന ആശയത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക?
5. മാധ്യമം തന്നെ സന്ദേശം എന്ന കാഴ്ചപ്പാട് മക്ലൂഹൻ അവതരിപ്പിച്ചതെങ്ങനെ?
6. ശീതമാധ്യമങ്ങൾ, ഉഷ്ണമാധ്യമങ്ങൾ ഇവ വിവരിക്കുക?
7. ഇലക്ട്രോണിക് മാധ്യമങ്ങൾ രസലോകത്തിലേക്കുള്ള പരിവർത്തനത്തിൽ വഹിച്ച പങ്കെന്ത്?
8. ഇലക്ട്രോണിക് മാധ്യമങ്ങൾ സമൂഹത്തിന്റെ സാംസ്കാരിക ഘടനയെ രൂപപ്പെടുത്തുന്നതിൽ എത്രത്തോളം സഹായിച്ചിരിക്കുന്നു?
9. കഥപറച്ചിലിനുള്ള ശക്തമായ മാധ്യമമാണ് സിനിമ വിലയിരുത്തുക?
10. തിയോഡോർ അഡോർണോയുടെ മാധ്യമനിലപാട് വ്യക്തമാക്കുക?
11. ജീൻ ബൗ ഡ്രില്ലാർഡിന്റെ ആശയങ്ങൾ ക്രോഡീകരിക്കുക?
12. വിനോദത്തിന്റെ അതിപ്രസരം മാധ്യമങ്ങളെ എത്രത്തോളം സ്വാധീനം ചെലുത്തുന്നുണ്ട്?

13. ഉത്തമം, അധമം എന്നിങ്ങനെയുള്ള വേർതിരിവ് മാധ്യമമേഖലയിൽ എത്രത്തോളമുണ്ട്. വിവരിക്കുക?
14. ഇലക്ട്രോണിക് മാധ്യമങ്ങളുടെ രാഷ്ട്രീയ സമ്പദ്വ്യവസ്ഥയുടെ സവിശേഷതകൾ വിവരിക്കുക?
15. ടെലിവിഷന്റെ അധികാരവും സാങ്കേതിക വിദ്യയേയും കുറിച്ച് ഷിബു മുഹമ്മദിന്റെ കാഴ്ചപ്പാടുകൾ വിശദീകരിക്കുക?
16. സ്വകാര്യചാനലുകളും ദൂരദർശനും ജനങ്ങളെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ട്. ശശികുമാറിന്റെ അഭിപ്രായങ്ങൾ വിവരിക്കുക?

## Suggested Reading


1. സി. എസ്. വെങ്കിടേശ്വരൻ, ടെലിവിഷൻ പഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. ഷാജി ജേക്കബ്, ഫേസ്ബുക്ക്, കൈരളി ബുക്സ്, കണ്ണൂർ.
3. പി.പി. രവീന്ദ്രൻ, സംസ്കാരത്തിന് ഒരു ആമുഖം, ഡി.സി. ബുക്സ്, കോട്ടയം.


## Reference


1. ജോൺ ബ്രിട്ടാസ്, മറയില്ലാതെ(ശശികുമാറുമായുള്ള അഭിമുഖം), മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. ഷിബു മുഹമ്മദ്, ടെലിവിഷൻ ചരിത്രവും രാഷ്ട്രീയവും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
3. വിജയകൃഷ്ണൻ, ബൈജു ചന്ദ്രൻ, സണ്ണിജോസഫ്, എ. പ്രഭാകരൻ, ദൃശ്യശ്രാവ്യമാധ്യമങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. Marshal Mc Luhan - *The Gutenberg Galaxy*.
5. Edward S. Herman - *Noam Chomsky*.
6. Jean Baudrillard - *Simulacra and Simulation.*

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# നെറ്റ്‌വർക്ക് മാധ്യമങ്ങളും ഡിജിറ്റൽ പൊതുമണ്ഡലവും

## BLOCK-04

SGOU

# Unit 1

# നെറ്റ്‌വർക്ക് മാധ്യമങ്ങളും ഡിജിറ്റൽ പൊതുമണ്ഡലവും

## Learning Outcomes

- മൊബൈൽ ആപ്പ് എന്ന സോഫ്റ്റ്‌വെയറിനെക്കുറിച്ച് അറിയുന്നു
- മൊബൈൽ ആപ്പ് സേവനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു
- ഫേസ്ബുക്ക് ഉപയോഗത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ അപഗ്രഥിക്കുന്നു
- ചാറ്റ് ബോക്സിലൂടെ ബന്ധപ്പെടുന്നതിന്റെ വിശ്വാസ്യത പരിശോധിക്കുന്നു
- ഡിജിറ്റൽ മാധ്യമങ്ങളിലെ പെരുമാറ്റശീലങ്ങളെക്കുറിച്ചുള്ള വിദഗ്ധരുടെ ഉദ്ധരണികൾ വ്യാഖ്യാനിക്കുന്നു
- ഇന്ത്യയുടെ ആപ്പായ ക്ലബ്ബ് ഹൗസിനെക്കുറിച്ച് വിശദീകരിക്കുന്നു
- സമൂഹമാധ്യമങ്ങൾവഴി സ്ത്രീകൾ നേരിടുന്ന അസ്വാതന്ത്ര്യപ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നു
- സ്ത്രീസമൂഹം പൊതുഇടങ്ങളിൽ നേരിടുന്ന അഭിപ്രായസ്വാതന്ത്ര്യത്തിന്റെ തടസ്സങ്ങളെക്കുറിച്ച് വിലയിരുത്തുന്നു
- സൈബറിടങ്ങളിലെ സ്ത്രീവിരുദ്ധതയെക്കുറിച്ച് വിശദമായി ചർച്ചചെയ്യുന്നു
- ഡിജിറ്റൽ പൊതുമണ്ഡലത്തെ പുരുഷമേധാവിത്വവും വരേണ്യവത്കരണവും ചർച്ച ചെയ്യുന്നു.
- ഡിജിറ്റൽ പൊതുമണ്ഡലത്തിലെ പ്രശ്നങ്ങൾ ലേഖനത്തിൽ ചർച്ച ചെയ്യുന്നു

## Background

നമ്മുടെ പുതുതലമുറയുടെ ഗതിവിഗതികൾ നിശ്ചയിക്കാനായി ഡിജിറ്റൽ മാധ്യമങ്ങൾ ചെലുത്തിയ സ്വാധീനം വളരെ വലുതായിരുന്നു. യുവതിയുവാക്കൾക്കു മാത്രമല്ല മുതിർന്ന തലമുറക്കാർക്കുപോലും ഒഴിവാക്കാനാവാത്ത ഒരു ദൗർബല്യമായി നവമാധ്യമങ്ങൾ ഉൾപ്പെടുന്ന ഡിജിറ്റൽമാധ്യമങ്ങൾ മാറിയിരിക്കുന്നു. മൊബൈൽ ആപ്പുകൾ സമൂലമായ മാറ്റങ്ങളാണ് സമീപകാലത്ത് പുതുതലമുറയിൽ സൃഷ്ടിച്ചത്. ദിനാരംഭം മുതൽ എല്ലാ തലമുറകളിലുംപെട്ടവർ നിരന്തരമായി മൊബൈൽ ആപ്പുകളുടെ സ്വാധീനവലയത്തിലാകുന്നു. മൊബൈൽആപ്പുകൾ വ്യക്തിയുടെ ദിനചര്യയിൽ നിർണ്ണായകമായ സമയം അപഹരിക്കുന്നു.

ഇന്ത്യയുടെ നിലവിലുള്ള സ്ഥിതി പരിശോധിക്കുകയാണെങ്കിൽ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം ആകെ ജനസംഖ്യയുടെ 34 ശതമാനത്തോളം ആണ്. സാക്ഷരത നേടിയവരിൽ ഏകദേശം പകുതിയോളം ജനങ്ങൾ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഗുണകരമായ രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ പൗരന്മാരുടെ അഭിപ്രായസ്വാതന്ത്ര്യം രേഖപ്പെടുത്താൻ ഉതകുന്ന ഒരു ആപ്ലിക്കേഷൻ എന്ന നിലയിൽ സമൂഹമാധ്യമങ്ങൾ വലിയ പ്രാധാന്യം അർഹിക്കുന്നു. എന്നാൽ കുറ്റകൃത്യങ്ങൾക്കു വേണ്ടി നിഷ്പ്രയാസം ദുരുപയോഗം ചെയ്യാൻ സാധിക്കുന്നു എന്നതാണ് സാമൂഹ്യമാധ്യമത്തിന്റെ മറുവശം. വ്യാജവാർത്തകളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നതിനും വ്യക്തിഹത്യ നടത്തുന്നതിനും സാമുദായികസ്പർദ്ധ വർധിപ്പിക്കുന്നതിനും സമൂഹമാധ്യമങ്ങളിലൂടെ അനായാസം

സാധിക്കുന്നു എന്നതാണ് ഇതിന്റെ ന്യൂനതകളിൽ ചിലത്. എന്നാൽ ഇന്ന് ഭരണകൂടം സമൂഹ മാധ്യമങ്ങളുടെമേൽ പലവിധത്തിലുള്ള നിയന്ത്രണങ്ങളും കൊണ്ടുവരുന്നുണ്ട്. ഭാവിയിൽ സമൂഹമാധ്യമങ്ങളുടെ സ്വതന്ത്രമായ ആശയങ്ങളുടെ ആവിഷ്കാരം പരിമിതപ്പെടുത്താനും വ്യക്തി സ്വകാര്യത ഉറപ്പു വരുത്താനും നിയമങ്ങൾ കൊണ്ടുവന്നാൽ അതിൽ അത്ഭുതപ്പെടാനാവില്ല. എന്നാൽ ഇന്ന് സമൂഹം മൊബൈൽ ആപ്പുകൾ ഉപയോഗിക്കുന്നതിന്റെ സാങ്കേതികവും വൈകാരികവുമായ വിവിധവശങ്ങൾ പരിശോധിക്കുകയാണ് കെ.എം വേണുഗോപാലിന്റെ 'ആപ് ജലധിയിൽ കൗമാര ഭാവന' എന്ന ലേഖനത്തിലൂടെ.

ആൻഡ്രോയിഡ് ഉപകരണങ്ങളിലെ പല ആപ്പുകളും ഗൂഗിൾ പ്ലേ സേവനങ്ങളുടെ ഉപയോഗത്തെ ആശ്രയിച്ചിരിക്കുന്നു. കൂടാതെ ആപ് പാക്കേജിന് ഉപയോക്താവ് ഒരു ഗൂഗിൾ അക്കൗണ്ട് ഉപയോഗിക്കുകയും ഗൂഗിളിന്റെ സേവനനിബന്ധനകൾ അംഗീകരിക്കുകയും വേണം. ഒരു ആൻഡ്രോയിഡ് ഉപകരണത്തിൽ ഗൂഗിൾ പ്ലേ സേവനങ്ങൾ വിതരണം ചെയ്യുന്നതിന് ഗൂഗിളിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. ഇത് ഗൂഗിളിന്റെ ആൻഡ്രോയിഡ് സംവിധാനങ്ങളുമായി പൊരുത്തപ്പെടാത്ത ആൻഡ്രോയിഡ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിൽനിന്ന് ഉപകരണ നിർമ്മാതാക്കളെ കരാർപ്രകാരം കമ്പനി വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

ഇന്ന് ഡിജിറ്റൽ പൊതുമണ്ഡലത്തിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ അവലോകനം ചെയ്യുകയാണ് 'ഡിജിറ്റൽ പൊതുമണ്ഡലത്തിലെ രാഷ്ട്രീയഹിംസകൾ' എന്ന ഡോ. മീന ടി. പിള്ളയുടെ ലേഖനം. നിലവിലുള്ള ആൺകോയ്മയുടെയും വരേണ്യതയുടെയും കടന്നുകയറ്റത്തെ പ്രതിരോധിക്കുകയാണ് ലേഖിക. മാധ്യമ സാക്ഷരതയിലും രാഷ്ട്രീയബോധത്തിലും മുന്നിലാണെങ്കിലും കേരളത്തിലെ സമകാലിക ഡിജിറ്റൽ പൊതുമണ്ഡലത്തിൽ പുരുഷമേധാവിത്വം നിലനിർത്താൻ പല ശ്രമങ്ങളും നടത്തുന്നുണ്ട്. ഇന്ന് ഓഫ്‌ലൈൻ അധികാരശ്രേണികളായ വർഗ്ഗം, ലിംഗഭേദം തുടങ്ങിയവയുടെ പ്രതിഫലനം ഓൺലൈനിലും കാണുന്നതായി മനസ്സിലാകുന്നു. വിമർശനത്തിന്റെയും വിയോജിപ്പിന്റെയും ഏതുശ്രമങ്ങളും പുതുനിരീക്ഷണ വ്യവസ്ഥകൾക്കും സൈബർ ഫാസിസത്തിനും വിധേയമാക്കപ്പെടുന്നുണ്ട്. ഡിജിറ്റൽ പൊതുമണ്ഡലത്തിലെ ഇടപെടലുകളെ മാന്യവും ജനാധിപത്യപരവുമാക്കി മാറ്റേണ്ടതിന്റെയും ലിംഗഭേദമില്ലാതെയുള്ള പരസ്പരബഹുമാനത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായ ഒന്നായി ഡിജിറ്റൽപൊതുമണ്ഡലത്തെ ഉയർത്തേണ്ടതിന്റെയും ആവശ്യകത ചൂണ്ടിക്കാട്ടുകയുമാണ് ലേഖിക.

നമ്മുടെ ഡിജിറ്റൽ പൊതുമണ്ഡലത്തിലെ ഇടപെടലുകളെ എങ്ങനെയെല്ലാം മാന്യവും ജനാധിപത്യപരവുമാക്കി മാറ്റാമെന്നും, പരസ്പര ബഹുമാനത്തിൽ, ചുരുങ്ങിയത് പരസ്പര സഹിഷ്ണുതയിലെങ്കിലും അധിഷ്ഠിതമായ ഒന്നായി എങ്ങനെ അതിനെ ഉയർത്താമെന്നും ചിന്തിക്കേണ്ടസമയമാണിത്. സമൂഹമാധ്യമങ്ങളിൽ ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്ന സ്ത്രീവിരുദ്ധതയെയും ജെൻഡർ അധിക്ഷേപത്തെയും തുറന്നുകാട്ടുകയാണ് ലേഖനത്തിലൂടെ ചെയ്യുന്നത്. ഉദാഹരണമായി പറഞ്ഞാൽ പൊതുവെ കാണപ്പെടുന്ന സൈബർ ബുള്ളിയിംഗ്, ബോഡിഷെയിമിംഗ് പോലുള്ള നെഗറ്റീവായ പ്രവണതകൾ സമൂഹശ്രദ്ധയിലേക്ക് കൊണ്ടുവരേണ്ട സാഹചര്യമാണിത്. സ്ത്രീവിരുദ്ധതയും വിദ്വേഷഭാഷണങ്ങളുമാണിപ്പോഴും അവിടെ നിറഞ്ഞുനില്ക്കുന്നത്. സ്വതന്ത്രമായ അഭിപ്രായപ്രകടനത്തിന് അനന്തമായ സാധ്യതകളുള്ള സമൂഹമാധ്യമങ്ങൾ ഇന്ന് എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ബൗദ്ധികമായ തലങ്ങളിലൂടെ ഒരു വിഭാഗത്തെ അധിക്ഷേപിക്കാനും അവഹേളിക്കാനും വ്യാപകമായ ശ്രമങ്ങൾ ഇന്ന് സർവസാധാരണമാണ്. കാലങ്ങളായി ചിന്തിച്ചുറപ്പിച്ചിരിക്കുന്ന പിന്തിരിപ്പനായ ആശയങ്ങൾ ഉൾകൊണ്ട് സമൂഹമാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നവരാണ് ഏറെയും. ഡിജിറ്റൽ പൊതുഇടങ്ങളിലെ പൊതുവായ ഈ രീതികൾ അവലോകനം ചെയ്യുകയാണ് ഡോ. മീന ടി. പിള്ള ഈ ലേഖനത്തിൽ.

## Keywords

വെർച്വൽ വിനിമയം - ന്യൂസ് പോർട്ടലുകൾ - സമൂഹ മാധ്യമങ്ങൾ - ഓൺലൈൻ ചാനലുകൾ - ഇന്റർനെറ്റ് - സൈബർ സ്പേസ് - ഒ.ടി.ടി. - മാധ്യമസംസ്കാരം - ജനപ്രിയ സംസ്കാരം - ആപ് ജലധി - ഡിജിറ്റൽ പൊതുമണ്ഡലം - ആഗോളവിനിമയശൃംഖല

## Discussion

### വിവരസാങ്കേതികവിദ്യ - കേരളം

ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ സംസ്ഥാന സമ്പദ്ഘടയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്ന പ്രധാന മേഖലകളിൽ ഒന്നാണ് വിവരവിനിമയസാങ്കേതികവിദ്യ. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ വിവരസാങ്കേതികവിദ്യയുടെ തന്ത്രപ്രധാന പ്രാധാന്യം തിരിച്ചറിഞ്ഞ സർക്കാർ സംസ്ഥാനത്തെ, ഒരു ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഈ മേഖലയിൽ ഒരുക്കുന്നതിനുമായി നടപടികൾ എടുത്തിട്ടുണ്ട്. വിവരവിനിമയസാങ്കേതികവിദ്യ പദ്ധതികൾ, ഇ-ഗവേണൻസ് ഇനിഷിയേറ്റീവ്സ്, ഇ-സാക്ഷരത പരിപാടികൾ എന്നിവ നടപ്പാക്കുന്നതിനും ഐ.റ്റി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും സംസ്ഥാനത്തെ മുൻപന്തിയിലാക്കുന്നതിന് ഈ നയങ്ങൾ സഹായിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തിൽ ദേശീയ തലത്തിൽ 32 ദശലക്ഷം കണക്ഷനോടുകൂടി ഏറ്റവും കൂടുതൽ മൊബൈൽ പെന്ട്രേഷനും, 20 ശതമാനം കുടുംബങ്ങളെ ബ്രോഡ്ബാന്റ് കണക്ഷനിലൂടെയും, 15% മൊബൈൽ കണക്ഷനിലൂടെയും വിപുലപ്പെടുത്തി വിവരശാക്തീകരണ സമ്പദ്വ്യവസ്ഥയായി സംസ്ഥാനത്തെ മാറ്റുന്നതിൽ മുഖ്യ പങ്ക് വഹിച്ച ഘടകങ്ങളാണ്. മേൽപ്പറഞ്ഞവ ഇന്ത്യയിൽ വേഗത്തിൽ വളർന്നു വരുന്ന ഒരു ഡിജിറ്റൽ സംസ്ഥാനം കൂടിയാണ് കേരളം. കഴിഞ്ഞ കുറച്ചു പതിറ്റാണ്ടുകളായുള്ള വരുമാന വളർച്ചയുടേയും കയറ്റുമതിയുടെയും കണക്കുകൾ പരിശോധിക്കുമ്പോൾ ഇൻഡ്യയിലെ ഇൻഫർമേഷൻ ടെക്നോളജി വ്യവസായത്തിന് നല്ല ഒരു ട്രാക്ക് റെക്കോർഡ് ആണ് ഉള്ളത്. ഇത് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. വിവരസാങ്കേതിക സേവനങ്ങളിൽ ഇന്ത്യ ലോകത്തിന്റെ നേതൃനിരയിൽ നിലനിൽക്കുമ്പോഴും, ഐ റ്റി ഉല്പാദന മേഖലയിൽ വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

> ▶ കേരളത്തെ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കേരള (ഐ.ഐ.ഐ.റ്റി.എം.കെ), ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റിഐ.എൽ), ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി.ഫോസ്), കേരള സ്റ്റാർട്ട് അപ് മിഷൻ എന്നിവയാണ് സംസ്ഥാനത്ത് വിവരസാങ്കേതിക പദ്ധതികൾ നടപ്പാക്കുന്ന, വിവരസാങ്കേതികവകുപ്പിന് കീഴിൽ പ്രവർത്തി

ക്കുന്ന പ്രധാന ഏജൻസികൾ. സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും നേട്ടമുണ്ടാക്കുന്ന തരത്തിലാണ് സംസ്ഥാന സർക്കാർ ഐ.റ്റി വ്യവസായ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ഇതിനായി ഒരു ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയാണ് സ്വീകരിച്ചിരിക്കുന്നത്. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവ ഹബ്ബുകളായും മറ്റ് ജില്ലകൾ സ്പോക്കുകളായും പ്രവർത്തിക്കുന്നു.

▶ ആഗോളവിനിമയ ശൃംഖല

ടെലിഫോൺ, ഇൻറർനെറ്റ് മുതലായ ആശയവിനിമയസംവിധാനങ്ങളിലൂടെ മനുഷ്യർക്ക് പരസ്പരം ബന്ധപ്പെടാൻ കഴിയുന്ന തരത്തിലുള്ള ഒരു ശൃംഖല ആഗോളതലത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ നെറ്റ്‌വർക്കിനെയാണ് ആഗോളവിനിമയശൃംഖല എന്ന് നാം വിളിക്കുന്നത്. സാങ്കേതികവിദ്യയുടെ വിപ്ലവകരമായ കുതിച്ചുചാട്ടം എന്ന നിലയിലാണ് ഇൻറർനെറ്റ് ശൃംഖലയെ സമൂഹം കാണുന്നത്. ഇന്ന് ആഗോളതലത്തിൽതന്നെ പരസ്പരം ആശയവിനിമയം ചെയ്യാൻ മാത്രമല്ല എല്ലാ ഡിജിറ്റൽസാങ്കേതികവിദ്യകളും കൈമാറ്റം ചെയ്യാനുമുള്ള സംവിധാനം നമുക്കുണ്ട്. ചലച്ചിത്രം, വീഡിയോ ശേഖരങ്ങൾ, മറ്റ് സോഫ്റ്റ്‌വെയറുകൾ തുടങ്ങി എല്ലാ ഡിജിറ്റൽരേഖകളും അതതിടങ്ങളിൽ ഇരുന്നുകൊണ്ടുതന്നെ കൈമാറ്റം ചെയ്യാൻ കഴിയുന്നു എന്നത് നമ്മുടെ കാലത്തിന്റെ പ്രധാനനേട്ടമായി കാണുന്നു. വായനക്കാരെ ആകർഷിക്കാനായി ബ്ലോഗ് എന്ന വ്യക്തിഗത വെബ് പേജ് സ്വന്തം കലാസൃഷ്ടികളും കഴിവുകളും പ്രകടിപ്പിക്കാനുള്ള ഡിജിറ്റൽ ഇടമെന്ന രീതിയിൽ വ്യാപകമായി ഉപയോഗിച്ചുവരുന്നു

▶ വെർച്വൽ വിനിമയവും വിനോദവും

ഇന്നത്തെ ഡിജിറ്റൽയുഗത്തിൽ, വെർച്വൽവിനിമയവും വിനോദവും ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. ഇന്ത്യയിൽ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെയും സാങ്കേതികവിദ്യയുടെയും വളർച്ചയിലൂടെ, ആശയവിനിമയം, വിനോദം എന്നിവയിൽ വലിയ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. വാട്ട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം തുടങ്ങിയ വെർച്വൽ കമ്മ്യൂണിക്കേഷൻ പ്ലാറ്റ്ഫോമുകൾ ജനങ്ങൾ ഇന്ന് വ്യാപകമായി ഉപയോഗിക്കുന്നു. ഉറക്കം എഴുന്നേല്ക്കുന്നയിടം മുതൽ ഈ വിനിമയരീതികളുടെ തടവറയിലാണ് ആബാലവൃദ്ധം ജനങ്ങളും. വ്യക്തികൾക്ക് താങ്ങാനാവുന്ന വിലയുള്ള സ്മാർട്ട്ഫോണുകളുടെയും ഇന്റർനെറ്റ് ഉപകരണങ്ങളുടെയും വ്യാപകമായ ലഭ്യതയോടെ, വിദൂരപ്രദേശങ്ങളിൽ ജീവിക്കുന്ന ആളുകൾക്കു പോലും സുഹൃത്തുക്കളുമായും കുടുംബാംഗങ്ങളുമായും എളുപ്പത്തിൽ ബന്ധം നിലനിർത്താൻ കഴിയുന്നു. ആശയവിനിമയരംഗത്തെ ജനാധിപത്യവൽക്കരണം ഭൂമിശാസ്ത്രപരമായ തടസ്സങ്ങളെ മറികടക്കുകയും മുമ്പെങ്ങുമില്ലാത്തവിധം അനുഭവങ്ങളും ആശയങ്ങളും വിവരങ്ങളും പങ്കിടാൻ വ്യക്തികളെ പ്രാപ്തരാക്കുകയും ചെയ്തു. ഇന്ത്യയിൽ സോഷ്യൽ നെറ്റ്‌വർക്കിംഗിനും കമ്മ്യൂണിറ്റി ബിൽഡിംഗിനുമുള്ള ഇടങ്ങളായി വെർച്വൽ കമ്മ്യൂണിക്കേഷൻ പ്ലാറ്റ്ഫോമുകൾ ഉയർന്നുവന്നിട്ടുണ്ട്. ഓൺലൈൻ ഫോറങ്ങളും താൽപ്പര്യാധിഷ്ഠിത ഗ്രൂപ്പുകളും സന്ദേശമയയ്ക്കാനുപയോഗിക്കുന്ന ആപ്പുകളും വീഡിയോ കോളുകളും വരെ ആളുകൾക്ക് സമാന ചിന്താഗതിക്കാരായ വ്യക്തികളുമായി ബന്ധപ്പെടാനും ശാരീരിക സാമീപ്യം പരിഗണിക്കാതെ അർത്ഥവത്തായ ബന്ധങ്ങൾ സ്ഥാപിക്കാനും അവസരം നല്കി. ഇത്

▶ സമാനചിന്താഗതിക്കാർ സംഗമിക്കുന്ന ഇടങ്ങൾ

വ്യക്തിത്വവും സൗഹൃദവും വളർത്തിയെടുക്കുന്നതിനും ജനകീയ പിന്തുണ ആഗ്രഹിക്കുന്ന വ്യക്തികൾക്കു പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങൾക്കും ഐക്യദാർഢ്യവും പിന്തുണയും തേടുന്നതിനും കാരണമാകുന്നു.

നെറ്റ്ഫ്ളിക്സ്, ആമസോൺ പ്രൈം, ഡിസ്നി ഹോട്ട് സ്റ്റാർ തുടങ്ങിയ ഡിജിറ്റൽ സ്ട്രീമിംഗ് സേവനങ്ങളുടെ വ്യാപനം ഇന്ത്യയിലെ വിനോദമേഖലയെ മാറ്റിമറിച്ചു. മൂവികൾ, വെബ് സീരീസ്, ഒറിജിനൽ പ്രൊഡക്ഷനുകൾ എന്നിവയിൽ വ്യാപിച്ചുകിടക്കുന്ന ഉള്ളടക്കത്തിന്റെ വൈവിധ്യമാർന്ന ശ്രേണിയിൽ, ഈ പ്ലാറ്റ്ഫോമുകൾ ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത തിരഞ്ഞെടുപ്പും സൗകര്യവും വാഗ്ദാനം ചെയ്യുന്നു. വൈവിധ്യമാർന്ന അഭിരുചികൾക്കും മുൻഗണനകൾക്കും അനുസൃതമായി ആർക്കും അവരുടെ പ്രിയപ്പെട്ട സിനിമകളും വീഡിയോകളും എപ്പോൾ വേണമെങ്കിലും എവിടെയും ഇരുന്നു ഒന്നിലധികം ഉപകരണങ്ങളിൽ ആസ്വദിക്കാനാകും. വെർച്വൽ ആശയവിനിമയവും വിനോദപ്ലാറ്റ്ഫോമുകളും ഉള്ളടക്കസൃഷ്ടിയും ഉപയോക്തൃ ഇടപഴകലും ജനാധിപത്യവൽക്കരിച്ചിട്ടുണ്ട്. ഇത് ഒരാളുടെ സർഗ്ഗാത്മകവൈഭവം പ്രകടിപ്പിക്കാനും ആഗോളതലത്തിൽ പ്രേക്ഷകരുമായി ബന്ധപ്പെടാനും പ്രാപ്തമാക്കുന്നു. യൂട്യൂബ്, ടിക്ക്-ടോക്ക്, ഇൻസ്റ്റാഗ്രാം എന്നിവപോലുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ കലാകാരന്മാർക്കും സ്വാധീനം ചെലുത്തുന്നവർക്കും ഉള്ളടക്കസ്രഷ്ടാക്കൾക്കും(കന്റണ്ട് റൈറ്റർ) അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനും ആരാധകവൃന്ദത്തെ ഉണ്ടാക്കാനും പറ്റിയ ഇടമാണ്. ഈ ജനാധിപത്യവൽക്കരണം പരമ്പരാഗത മാധ്യമശ്രേണിയെ തടസ്സപ്പെടുത്തി, വൈവിധ്യമാർന്ന ശബ്ദങ്ങളും വിവരണങ്ങളും ഉയർന്നുവരാൻ അനുവദിക്കുന്നു.

- വെർച്വൽ ആശയവിനിമയവും വിനോദപ്ലാറ്റ്ഫോമുകളും

ഇന്ത്യയിൽ, ഇന്റർനെറ്റ് ആക്സസിലും ഡിജിറ്റൽസാക്ഷരതയിലും അസമത്വം നിലനിൽക്കുന്നു. ഇത് ഡിജിറ്റൽ വിപ്ലവത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ പൂർണ്ണപങ്കാളിത്തം പരിമിതപ്പെടുത്തുന്നു. മാത്രമല്ല, ഡാറ്റാസ്വകാര്യത, സൈബർ സുരക്ഷ, തെറ്റായ വിവരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഉപയോക്താക്കളുടെ അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിന് ജാഗ്രതയുള്ള നിയന്ത്രണവും സാങ്കേതികപരിഹാരങ്ങളും ആവശ്യമാണ്. സാംസ്കാരിക മാനദണ്ഡങ്ങളും മൂല്യങ്ങളും സ്വത്വങ്ങളും രൂപപ്പെടുത്തുന്നതിൽ വെർച്വൽ ആശയവിനിമയവും വിനോദവും ഒരു പ്രധാന പങ്ക് വഹിക്കുന്നു. വൈറൽ മീമുകളും ട്രെൻഡിംഗ് ഹാഷ്ടാഗുകളും മുതൽ പ്രാദേശിക ഉള്ളടക്കവും ഭാഷാധിഷ്ഠിത കമ്മ്യൂണിറ്റികളുംവരെ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഇന്ത്യൻ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സമ്പന്നമായ വൈവിധ്യത്തെ പ്രതിഫലിപ്പിക്കുന്നു. സാംസ്കാരിക വിനിമയങ്ങളും കലാപരമായ ആവിഷ്കാരങ്ങളും സാമൂഹികപ്രസ്ഥാനങ്ങളും ഒത്തുചേരുന്ന, സാമൂഹികമനോഭാവങ്ങളെയും പെരുമാറ്റങ്ങളെയും സ്വാധീനിക്കുന്ന വെർച്വൽ മെൽറ്റിംഗ് പോട്ടുകളായി അവ പ്രവർത്തിക്കുന്നു.

- മൂല്യങ്ങളും സത്വങ്ങളും രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക്

ഈ പങ്കാളിത്ത സംസ്കാരം ഉള്ളടക്ക സ്രഷ്ടാക്കളും (കന്റണ്ട് റൈറ്റർ) അവരുടെ പ്രേക്ഷകരും തമ്മിലുള്ള സജീവമായ ഇടപഴകലും

ആശയവിനിമയവും പ്രോത്സാഹിപ്പിക്കുന്നു. ഇന്ത്യൻ ഉപയോക്താക്കൾ ഉള്ളടക്കം ഉൾക്കൊള്ളുകയും വിലയിരുത്തുകയും മാത്രമല്ല, സ്വന്തം അഭിപ്രാങ്ങൾ തുറന്നു പ്രകടിപ്പിക്കുകയും ചെയ്യുന്നു. അവരുടെ പ്രിയപ്പെട്ട സ്രഷ്ടാക്കളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പ്രതികരണ വീഡിയോകളോ ഉള്ളടക്കമോ സൃഷ്ടിക്കുന്നതിലൂടെ സജീവമായി അവരും പങ്കെടുക്കുന്നു. ഉപയോക്താക്കൾ സൃഷ്ടിച്ച ഉള്ളടക്കത്തിലൂടെയുള്ള വ്യക്തികളുടെ ശാക്തീകരണം ഇന്ത്യൻ മാധ്യമരംഗത്തെ ജനാധിപത്യവൽക്കരിച്ചു. മുമ്പ് പാർശ്വവൽക്കരിക്കപ്പെട്ട ശബ്ദങ്ങൾക്ക് ഇപ്പോൾ അവരുടെ കാഴ്ചപ്പാടുകളും അനുഭവങ്ങളും പങ്കിടാൻ ഒരു പ്ലാറ്റ്ഫോം ഉണ്ട് എന്ന സ്ഥിതിയായി. കൂടുതൽ വൈവിധ്യമാർന്ന ഒരു മാധ്യമ അന്തരീക്ഷം ഇത് സംഭാവന ചെയ്യുന്നു. മാത്രമല്ല, ഈ സ്രഷ്ടാക്കൾക്ക് കാര്യമായ അനുയായികൾ സമ്പാദിച്ചു, പലപ്പോഴും പരമ്പരാഗത മാധ്യമ ഔട്ട്ലെറ്റുകളെ അവർ മറികടക്കുന്നു. അവരുടെ സ്വാധീനം വിനോദത്തിനപ്പുറം വ്യാപിക്കുന്നു. കാരണം അവർ പലപ്പോഴും സാമൂഹിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുകയും ഉപഭോക്തൃ സ്വഭാവത്തെ സ്വാധീനിക്കുകയും ചെയ്യുന്നു. പല ഇന്ത്യൻ സ്രഷ്ടാക്കൾക്കും, ഉപയോക്താക്കൾ സൃഷ്ടിച്ച പ്രതികരണങ്ങൾ വഴി ഒരു വരുമാന സ്രോതസ്സായി ഓൺലൈൻ മാധ്യമങ്ങൾ മാറിയിരിക്കുന്നു. ബ്രാൻഡ് പങ്കാളിത്തം, സ്പോൺസർ ചെയ്ത ഉള്ളടക്കം, പരസ്യ വരുമാനം എന്നിങ്ങനെയുള്ള വിവിധ ധനസമ്പാദന മാർഗങ്ങളിലൂടെ, ഈ വ്യക്തികൾ അവരുടെ സർഗ്ഗതാല്പര്യത്തെ ഒരു പ്രായോഗിക തൊഴിൽ സാധ്യതയാക്കി മാറ്റി. ഉപയോക്താക്കൾ സൃഷ്ടിച്ച ഉള്ളടക്കത്തിന്റെ ഉയർച്ച വ്യക്തികളെ ശാക്തീകരിക്കുക മാത്രമല്ല, പരമ്പരാഗത മാധ്യമ മാതൃകകളെ തടസ്സപ്പെടുത്തുകയും ചെയ്തു. പ്രേക്ഷകർ കൂടുതലായി ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് തിരിയുന്നതിനാൽ, പരമ്പരാഗത മാധ്യമ സ്ഥാപനങ്ങൾക്ക് ഡിജിറ്റൽ യുഗത്തിൽ പ്രസക്തമായി തുടരുന്നതിന് അവരുടെ തന്ത്രങ്ങൾ പലതരത്തിൽ മാറ്റി പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുത്തേണ്ടി വന്നിട്ടുണ്ട്.

▶ സാമൂഹിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുകയും ഉപഭോക്തൃ സ്വഭാവത്തെ സ്വാധീനിക്കുകയും ചെയ്യുന്നു

വെർച്വൽ ആശയവിനിമയവും വിനോദവും ഇന്ത്യയിലെ സാമൂഹികബന്ധത്തിനും സാംസ്കാരിക ആവിഷ്കാരത്തിനും സാമ്പത്തികനവീകരണത്തിനും ശക്തമായ ഉത്തേജകമായി ഉയർന്നുവന്നിരിക്കുന്നു. ശാക്തീകരണത്തിനും ഇടപഴകലിനും അവർ വലിയ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, ഉത്തരവാദിത്തമുള്ള ഉപയോഗം, ധാർമ്മികസമ്പ്രദായങ്ങൾ എന്നിവ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ, സാംസ്കാരികവൈവിധ്യം പ്രോത്സാഹിപ്പിക്കുന്നതിനും ഡിജിറ്റൽയുഗത്തിൽ പൗരന്മാരെ ശാക്തീകരിക്കുന്നതിനും ഇന്ത്യയ്ക്ക് വെർച്വൽ ആശയവിനിമയവും വിനോദവും പ്രയോജനപ്പെടുത്താനാകും. ആഗോളതലത്തിൽ ഇൻറർനെറ്റ് സാങ്കേതികവിദ്യയിലൂടെ വിവിധതരത്തിലുള്ള പരസ്പരവിനിമയസംവിധാനങ്ങൾ നിലവിൽ വന്നുകഴിഞ്ഞു. അതിൽ മുഖ്യമായ കറൻസി, നാനാതരത്തിലുള്ള അറിവുകൾ, ദൃശ്യശേഖരങ്ങൾ തുടങ്ങിയവ ഇന്ന് ഡിജിറ്റലായി പരസ്പരം കൈമാറ്റം ചെയ്യാൻ കഴിയുന്നു. കൂടാതെ ആഗോളതലത്തിൽ വെർച്വലായി സംഘടിപ്പിക്കുന്ന സമ്മേളനങ്ങൾ ഇന്ന് സർവസാധാരണമാണ്. അറിവുകളും സാങ്കേതികവിദ്യകളും കൈമാ

റ്റം ചെയ്യുവാനായി നിരവധി ആപ്പുകൾ നമുക്ക് ഇൻസ്റ്റാൾ ചെയ്യാൻ ഇന്ന് കഴിയും. ഇൻറർനെറ്റ് ഇടങ്ങളിലെ സ്ഥിരംസങ്കേതങ്ങളിൽ കുടു ങ്ങുന്നവരാണ് പുതുതലമുറയിൽ അധികവും. ഇക്കൂട്ടർ ഡിജിറ്റൽ ഇട ങ്ങളിലൂടെ പുതിയ കൂട്ടുകാരെ കണ്ടെത്തുന്നു. ഇവർ രസമുള്ള വീ ഡിയോ ക്ലിപ്പുകൾ പരസ്പരം അയച്ച് ആനന്ദം കണ്ടെത്തുന്നു. ഇത് കളിയായി കൈകാര്യം ചെയ്യുന്നവരുമുണ്ട്. ഇൻറർനെറ്റിലൂടെയുള്ള വിനോദം വളരെ പ്രധാനപ്പെട്ട ഘടകമാണ്. ഗെയിമുകളുടെ പ്രളയമാ ണ് സമകാലിക ഡിജിറ്റൽ ഇടങ്ങൾ. ബൗദ്ധികമായി നിലവാരം പുലർ ത്തുന്ന കളികളും ലളിതമായ മാർഗ്ഗങ്ങളിലൂടെയുള്ള കളികളും ഇന്ന് ഇൻറർനെറ്റിൽ വ്യാപകമാണ്. ഇതൊരു പ്രതിസന്ധിയായി സമൂഹം കാണുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. ശൈശവകാലം മുതൽ ഗെയി മുകളിലേക്ക് കടന്നു കൂടുന്ന പുതിയ തലമുറ കൗമാരപ്രായവും കഴി ഞ്ഞാവും ഇതിൽനിന്നും പുറത്തുകടക്കുന്നത്.

> ▶ ഗെയിമുകളുടെ പ്രളയമാണ് ഡിജിറ്റൽ ഇടങ്ങൾ

## ന്യൂസ് പോർട്ടലുകൾ

ഇന്റർനെറ്റിന്റെ ആവിർഭാവം ആളുകൾ വാർത്തകൾ വായിക്കുന്ന തിലും ഉപയോഗിക്കുന്ന രീതിയിലും വിപ്ലവം സൃഷ്ടിച്ചു, ഇത് ഓൺ ലൈൻ ന്യൂസ് പോർട്ടലുകളുടെ ഉദയത്തിലേക്ക് നയിച്ചു. വാർത്ത കൾ വളരെവേഗത്തിൽ വായനക്കാരിൽ എത്തിക്കുന്നതിനു വേണ്ടി ഡിജിറ്റൽ സാങ്കേതികവിദ്യയനുസരിച്ച് രൂപപ്പെടുത്തിയതാണ് ന്യൂസ് പോർട്ടലുകൾ. ഇതിൽ ഓരോ വിഭാഗങ്ങളിലെയും വാർത്താസ്രോത സ്സുകൾ പ്രദർശിപ്പിക്കുന്നതിന് പ്രത്യേക താളുകളുണ്ടാകും. പുതിയ വാർത്തകൾ എത്തുമ്പോൾ ഏറ്റവും വേഗത്തിൽ വായനക്കാരിൽ എത്തിക്കുക എന്നുള്ളതാണ് ന്യൂസ് പോർട്ടലുകളുടെ മുഖ്യദൗത്യം. സാധാരണയായി ഉപയോക്താവിന് പ്രദർശിപ്പിക്കപ്പെടേണ്ട പേജു കൾ സ്വയംക്രമീകരിക്കാൻ സാധിക്കും. അച്ചടിമാധ്യമങ്ങൾ തുടരുന്ന നയങ്ങൾ തന്നെയാണ് ഓൺലൈൻ ന്യൂസ് പോർട്ടലുകളും പിന്തുട രുന്നത്. ഉള്ളടക്കങ്ങളുടെ വൈവിധ്യവും പോർട്ടലിന്റെ ലക്ഷ്യവും ഉപയോക്താവിനെ അനുസരിച്ചാണ് ചിട്ടപ്പെടുത്തുന്നത്. 1980 ജൂലൈ ഒന്നിന് ബ്രസീലിൽ ആരംഭിച്ച 'Columbus Dispatch' ആണ് ലോകത്തെ ആദ്യത്തെ ന്യൂസ് പോർട്ടൽ. 'ദാറ്റ്സ് മലയാളം' ആണ് മലയാളത്തിലെ ആദ്യത്തെ ന്യൂസ് പോർട്ടൽ. ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ, വാർത്താപോർട്ടലുകൾ വൈവിധ്യമാർന്ന ഉള്ളടക്കവും തത്സമയഅപ് ഡേറ്റുകളും സംവേദനാത്മകസവിശേഷതകളും വാഗ്ദാനം ചെയ്യുന്ന വിവരങ്ങളുടെ സുപ്രധാനസ്രോതസ്സുകളായി ഉയർന്നുവന്നിട്ടുണ്ട്.

> ▶ ഇന്റർനെറ്റിന്റെ ആവിർഭാവം വാർത്തകൾ വായിക്കുന്നതിലും ഉപയോഗിക്കുന്ന രീതിയിലും വിപ്ലവം സൃഷ്ടിച്ചു

ഇന്ത്യയിൽ വാർത്താപോർട്ടലുകളുടെ വ്യാപനം 1990 കളുടെ അവ സാനത്തിലും 2000 ത്തിന്റെ തുടക്കത്തിലും ഇന്റർനെറ്റ് യുഗത്തിന്റെ ആവിർഭാവത്തോട് അനുബന്ധിച്ച് കണ്ടെത്താനാകും. തുടക്കത്തിൽ, ഈ പോർട്ടലുകൾ പരമ്പരാഗതമാധ്യമ ഔട്ട്ലെറ്റുകളുടെ ഡിജിറ്റൽ വിപുലീകരണങ്ങളായി പ്രവർത്തിച്ചു. വാർത്താലേഖനങ്ങളും ഫോ ട്ടോഗ്രാഫുകളും ഇടയ്ക്കിടെയുള്ള മൾട്ടിമീഡിയ ഉള്ളടക്കവും മാത്രം നൽകി ആയിരുന്നു തുടക്കം. സംവേദനാത്മകസവിശേഷതകൾ, വീ ഡിയോ സ്ട്രീമിംഗ്, സോഷ്യൽ മീഡിയ സംയോജനം, വ്യക്തിഗതമാ ക്കിയ വാർത്താഫീഡുകൾ എന്നിവ ഡിജിറ്റൽപ്രേക്ഷകരുടെ മുൻഗണ നകൾ നിറവേറ്റുന്നു.

> ▶ ഇന്ത്യയിൽ വാർത്താപോർട്ടലുകളുടെ വ്യാപനം

NDTV: NDTV (ന്യൂ ഡൽഹി ടെലിവിഷൻ ലിമിറ്റഡ്) ദേശീയഅന്തർദേശീയവാർത്തകളുടെ സമഗ്രമായ കവറേജ്, ആഴത്തിലുള്ള വിശകലനം, അന്വേഷണാത്മകപത്രപ്രവർത്തനം എന്നിവയ്ക്ക് പേരുകേട്ട ഇന്ത്യയിലെ പ്രമുഖ വാർത്താപോർട്ടലുകളിൽ ഒന്നാണ്. വീഡിയോ ഉള്ളടക്കത്തിലും മൾട്ടിമീഡിയ സ്റ്റോറിടെല്ലിംഗിലും ശക്തമായ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, ഇന്ത്യയിലും വിദേശത്തുമുള്ള ദശലക്ഷക്കണക്കിന് കാഴ്ചക്കാർക്ക് വാർത്തകളുടെയും വിവരങ്ങളുടെയും വിശ്വസനീയമായ ഉറവിടമായി NDTV സ്വയം സ്ഥാപിച്ചു. പ്രമുഖ ഇംഗ്ലീഷ് പത്രമായ ദി ഹിന്ദുവും അതിന്റെ ഓൺലൈൻ പോർട്ടലിലൂടെ സാന്നിധ്യം വിപുലീകരിച്ചു. ഹിന്ദുവിന്റെ വെബ്സൈറ്റ് രാഷ്ട്രീയം, ബിസിനസ്സ്, കായികം, സംസ്കാരം എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന വിഷയങ്ങൾ ഉൾക്കൊള്ളുന്ന വിപുലമായ വാർത്താലേഖനങ്ങൾ, അഭിപ്രായങ്ങൾ, ഫീച്ചർ സ്റ്റോറികൾ എന്നിവ വാഗ്ദാനം ചെയ്യുന്നു. പത്രപ്രവർത്തനധാർമ്മികതയോടും എഡിറ്റോറിയൽ സമഗ്രതയോടുമുള്ള അതിന്റെ പ്രതിബദ്ധത ഇന്ത്യയിലും ഇന്ത്യൻ പ്രവാസികൾക്കിടയിലും വിശ്വസ്തരായ വായനക്കാരെ അതിന് നേടിക്കൊടുത്തു. രാജ്യത്തെ ഏറ്റവും വലിയ പ്രചാരമുള്ള പത്രങ്ങളിലൊന്നായ ടൈംസ് ഓഫ് ഇന്ത്യ അതിന്റെ വാർത്താപോർട്ടലിനൊപ്പം ശക്തമായ ഓൺലൈൻ സാന്നിധ്യവുമുണ്ട്. ഉപയോക്തൃ-സൗഹൃദ ഇന്റർഫേസ്, മൾട്ടിമീഡിയ ഉള്ളടക്കം, തത്സമയ അപ്ഡേറ്റുകൾ എന്നിവ ഫീച്ചർ ചെയ്യുന്ന ടൈംസ് ഓഫ് ഇന്ത്യയുടെ വെബ്സൈറ്റ് ഏറ്റവും പുതിയ വാർത്തകൾ, വിനോദം, ജീവിതശൈലി, കായികകവറേജ് എന്നിവയിലൂടെ ദശലക്ഷക്കണക്കിന് സന്ദർശകരെ ആകർഷിക്കുന്നു.

▶ പ്രമുഖ പത്രങ്ങൾ ഓൺ ലൈൻ പോർട്ടലിലൂടെ സാന്നിധ്യം വിപുലീകരിച്ചു

ഇന്ത്യയിലെ വാർത്താപോർട്ടലുകൾ മാധ്യമരംഗത്ത് അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അവ വിവരങ്ങളിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിക്കുന്നു, സിറ്റിസൺ ജേർണലിസത്തെ പ്രോത്സാഹിപ്പിക്കുന്നു, പരമ്പരാഗതമാധ്യമശ്രേണികളെ വെല്ലുവിളിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ശബ്ദങ്ങൾ, ബദൽവീക്ഷണങ്ങൾ, താഴെത്തട്ടിലുള്ള ആക്ടിവിസം എന്നിവയ്ക്ക് അവർ പ്ലാറ്റ്ഫോമുകൾ നൽകി, പൊതുവ്യവഹാരങ്ങളിൽ പങ്കെടുക്കാനും സ്ഥാപനങ്ങളെ ഉത്തരവാദിത്തത്തോടെ നിലനിർത്താനും പൗരന്മാരെ പ്രാപ്തരാക്കുന്നു. കൂടാതെ, വാർത്താപോർട്ടലുകൾ വാർത്താഉപഭോഗത്തിൽ കൂടുതൽ സുതാര്യത, സംവേദനക്ഷമത എന്നിവ സുഗമമാക്കി, ഉള്ളടക്കവുമായി ഇടപഴകാനും അഭിപ്രായങ്ങൾ പങ്കുവയ്ക്കാനും തത്സമയം വാർത്തകളിൽ സംഭാവന നൽകാനും പ്രേക്ഷകരെ പ്രാപ്തരാക്കുന്നു. ഉയർന്ന സാക്ഷരതാനിരക്കിനും സജീവരാഷ്ട്രീയബോധത്തിനും പേരുകേട്ട കേരളത്തിൽ, പൊതുജനാഭിപ്രായവും രാഷ്ട്രീയവ്യവഹാരവും രൂപപ്പെടുത്തുന്നതിൽ വാർത്താ പോർട്ടലുകൾ നിർണായകപങ്ക് വഹിക്കുന്നു. 'മനോരമ ഓൺലൈൻ', 'മാതൃഭൂമി', 'ഏഷ്യാനെറ്റ് ന്യൂസ്' തുടങ്ങിയ വെബ്സൈറ്റുകൾ പ്രാദേശികവാർത്തകൾ, രാഷ്ട്രീയം, സംസ്കാരം, സാമൂഹിക-സാമ്പത്തികപ്രശ്നങ്ങൾ എന്നിവയുടെ വിപുലമായ കവറേജ് നൽകുന്നു. മലയാളം സംസാരിക്കുന്ന പ്രേക്ഷകരുടെ തനതായ ഭാഷാപരവും സാംസ്കാരികവുമായ അഭിരുചികൾ നിറവേറ്റുന്നതിൽ ശ്രദ്ധിക്കുന്നു. ഈ പോർട്ടലുകൾ സംസ്ഥാനത്തിനകത്തും ആഗോള മലയാളി പ്രവാസലോകത്തും കേരളീയർക്ക് ഒഴിച്ചുകൂടാനാവാത്ത

▶ പൊതുജനാഭിപ്രായവും രാഷ്ട്രീയവ്യവഹാരവും രൂപപ്പെടുത്തുന്നതിൽ വാർത്താ പോർട്ടലുകളുടെ പങ്ക്

വിവരസ്രോതസ്സുകളായി മാറിയിരിക്കുന്നു, ഇത് മാധ്യമവിദഗ്ദ്ധരും രാഷ്ട്രീയമായി ഇടപെടുന്നവരുമായ സമൂഹമെന്ന കേരളത്തിന്റെ ഖ്യാതി ദൃഢമാക്കുന്നു.

കേരളത്തിലുൾപ്പെടെ ഇന്ത്യയിൽ വാർത്താപ്രചരണത്തിനും അഭിപ്രായരൂപീകരണത്തിനും നാഗരിക ഇടപെടലിനും സ്വാധീനമുള്ള പ്ലാറ്റ്ഫോമുകളായി ന്യൂസ് പോർട്ടലുകൾ ഉയർന്നുവന്നിട്ടുണ്ട്. ഇന്ന് എല്ലാ അച്ചടിമാധ്യങ്ങളും ന്യൂസ്പോർട്ടലുകളും ഒപ്പം പ്രസിദ്ധീകരിക്കുന്നു. സാങ്കേതികമുന്നേറ്റങ്ങൾക്കും മാറിക്കൊണ്ടിരിക്കുന്ന പ്രേക്ഷക മുൻഗണനകൾക്കും മറുപടിയായി അവ വികസിക്കുകയും നവീകരിക്കുകയും ചെയ്യുന്നതിനാൽ, വാർത്താപോർട്ടലുകൾ രാജ്യത്തിന്റെ മാധ്യമരംഗത്ത് ഒഴിച്ചുകൂടാനാവാത്ത കളിക്കാരായി നിലനിൽക്കും. പൊതുവ്യവഹാരം രൂപപ്പെടുത്തുന്നതിലും ജനാധിപത്യമൂല്യങ്ങൾ വികസിപ്പിക്കുന്നതിലും, ഉത്തരവാദിത്തബോധമുള്ള പൗരന്മാരെ വളർത്തിയെടുക്കുന്നതിലും ന്യൂസ് പോർട്ടലുകൾ വലിയ സംഭാവന നൽകുന്നു.

> ▶ വാർത്താ പോർട്ടലുകൾ മാധ്യമരംഗത്ത് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്

## ഓൺലൈൻ ചാനലുകൾ

ടെലിവിഷൻമാധ്യമം ശക്തിപ്രാപിച്ച വേളയിൽതന്നെ ഓൺലൈൻ ചാനലുകൾ രംഗത്ത് വന്നു. ഇരുപതാംനൂറ്റാണ്ടിന്റെ അവസാനശതകത്തോടെ ഓൺലൈൻ ചാനലിന് തുടക്കംകുറിച്ചു. അമേരിക്കയിലും യൂറോപ്പിലുമായിരുന്നു ആദ്യഘട്ടങ്ങളിലെ ഓൺലൈൻ ചാനലുകൾ പ്രവർത്തനം ആരംഭിച്ചത്. ഇരുപത്തിയൊന്നാംനൂറ്റാണ്ടോടെ സ്വതന്ത്രമായ ഉള്ളടക്കങ്ങളോടെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഓൺലൈൻ യൂട്യൂബ് വീഡിയോ ചാനലുകൾ ആരംഭിച്ചു. ഡിജിറ്റൽ സാങ്കേതികവിദ്യ ശക്തിപ്രാപിച്ചതോടെ യാതൊരു മുതൽമുടക്കുമില്ലാതെ ആർക്കുവേണമെങ്കിലും യഥേഷ്ടം യൂട്യൂബ് ചാനലുകൾ ആരംഭിക്കാൻ കഴിയും എന്നതാണ് ഇന്നത്തെ അവസ്ഥ. ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ, ഓൺലൈൻ ചാനലുകൾ ലോകമെമ്പാടും ആശയവിനിമയം, വിനോദം, വിവരവിതരണം എന്നിവയുടെ ആണിക്കല്ലായി മാറിയിരിക്കുന്നു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ മുതൽ സ്ട്രീമിംഗ് സേവനങ്ങൾ വരെ, ഉള്ളടക്ക ഉപഭോഗത്തിനും ആശയവിനിമയത്തിനും ഇന്റർനെറ്റ് ധാരാളം മാർഗങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഓൺലൈൻ ചാനലുകളുടെ സ്വാധീനവും പ്രാധാന്യവും വിമർശനാത്മകമായി പരിശോധിക്കേണ്ടതുണ്ട്.

> ▶ മുതൽമുടക്കില്ലാതെ യഥേഷ്ടം യൂട്യൂബ് ചാനലുകൾ ആരംഭിക്കാൻ കഴിയും

ആഗോളതലത്തിൽ ഓൺലൈൻ ചാനലുകൾ വിപ്ലവം സൃഷ്ടിച്ചു. ഫേസ്ബുക്കിന്റെ സ്ഥാപകനായ മാർക്ക് സക്കർബർഗിന്റെ അഭിപ്രായത്തിൽ, 'ഇന്റർനെറ്റ് നാളത്തെ ആഗോളഗ്രാമത്തിന്റെ നഗരചത്വരമായി മാറുകയാണ്.' ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, ടിറ്റർ തുടങ്ങിയ സോഷ്യൽ മീഡിയ ഭീമന്മാർ ഭൂമിശാസ്ത്രപരമായ അതിരുകൾ മറികടന്നു, വ്യക്തികളെ അവരുടെ ചിന്തകളും അനുഭവങ്ങളും സംസ്കാരങ്ങളും ലോകവുമായി പങ്കിടാൻ പ്രാപ്തരാക്കുന്നു. മാത്രമല്ല, നെറ്റ്ഫ്ളിക്സ്, ആമസോൺ പ്രൈം വീഡിയോ, യൂട്യൂബ് എന്നിവ പോലുള്ള സ്ട്രീമിംഗ് സേവനങ്ങൾ ജനാധിപത്യവൽക്കരിക്കപ്പെട്ട വിനോദമാണ് പകരുന്നു നൽകുന്നത്. വൈവിധ്യമാർന്ന അഭിരുചികൾക്കും മുൻഗണ

> ▶ ഇന്റർനെറ്റ് നാളത്തെ ആഗോളഗ്രാമത്തിന്റെ നഗരചത്വരമായി മാറുകയാണ്

നകൾക്കും അനുസൃതമായി വിപുലമായ ഉള്ളടക്കം അവ വാഗ്ദാനം ചെയ്യുന്നു. നെറ്റ്ഫ്ളിക്സിന്റെ സഹസ്ഥാപകനായ റീഡ് ഹേസ്റ്റിംഗ്സ് പറയുന്നതുപോലെ, 'ഞങ്ങൾ സ്ക്രീൻ സമയത്തിനായി മത്സരിക്കുന്നു, അത് വീഡിയോ ഗെയിമുകൾക്കെതിരെയാണെങ്കിലും, അത് സിനിമകൾ കാണുന്നതിന് എതിരെയാണെങ്കിലും, പരമ്പരാഗത ലീനിയർ ടിവിയെ അത് എതിർക്കുന്നു.'

ഇന്ത്യയിൽ, ഇന്റർനെറ്റ് നുഴഞ്ഞുകയറ്റവും സ്മാർട്ട്ഫോൺ സ്വീകാര്യതയും വർധിപ്പിക്കുന്നതിലൂടെ ഓൺലൈൻ ചാനലുകൾ അതിവേഗ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. 624 ദശലക്ഷത്തിലധികം ഇന്റർനെറ്റ് ഉപയോക്താക്കളുള്ള ഇന്ത്യ ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്കായുള്ള ലാഭകരമായ വിപണിയെ പ്രതിനിധീകരിക്കുന്നു. ഇൻഫോസിസിന്റെ സഹസ്ഥാപകനായ നന്ദൻ നിലേകനി നിരീക്ഷിക്കുന്നതുപോലെ, 'ഇന്ത്യ ഒരു വലിയ ഡിജിറ്റൽ സമ്പദ്വ്യവസ്ഥയാണ്. ഫേസ്ബുക്ക്, വാട്ട്സ്ആപ്പ്, യൂട്യൂബ് എന്നിവ പോലുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ ദൈനംദിനജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു, ആശയവിനിമയം, വിനോദം, വാണിജ്യം എന്നിവ സുഗമമാക്കുന്നു. കൂടാതെ, ജിയോസാവൻ, ഹോട്ട്സ്റ്റാർ, എംഎക്സ് പ്ലെയർ തുടങ്ങിയ ഹോംഗ്രൗൺ പ്ലാറ്റ്ഫോമുകൾ ഇന്ത്യൻ ഡിജിറ്റൽ ലാൻഡ്സ്കേപ്പിലെ മികച്ച കളിക്കാരായി ഉയർന്നുവന്നിട്ടുണ്ട്. ഇത് ഇന്ത്യൻ പ്രേക്ഷകരുടെ തനതായ മുൻഗണനകൾ മാറ്റിമറിച്ചു മുന്നേറുന്നു. എന്നിരുന്നാലും, ഓൺലൈൻ ചാനലുകളുടെ വ്യാപനം തെറ്റായ വിവരങ്ങൾ, സ്വകാര്യത, ഡിജിറ്റൽ വിഭജനം എന്നിവയെക്കുറിച്ചുള്ള ആശങ്കകളും ഉയർത്തിയിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മുൻ ഗവർണർ രഘുറാം രാജൻ മുന്നറിയിപ്പ് നൽകുന്നതുപോലെ, 'ഡിജിറ്റൽ വിഭജനം ഒരു സാമൂഹിക വിഭജനമായി മാറുന്നില്ലെന്ന് നമ്മൾ ഉറപ്പാക്കേണ്ടതുണ്ട്.'

> ▶ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യ ഘടകം

കേരളത്തിൽ, പ്രവാസികളെ ബന്ധിപ്പിക്കുന്നതിലും സാംസ്കാരിക വിനിമയം പ്രോത്സാഹിപ്പിക്കുന്നതിലും ഓൺലൈൻ ചാനലുകൾ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. വാട്ട്സ്ആപ്പ്, ഫേസ്ബുക്ക് പോലുള്ള പ്ലാറ്റ്ഫോമുകൾ ലോകമെമ്പാടുമുള്ള കേരളീയർക്ക് വെർച്വൽ മീറ്റിംഗ് തട്ടകങ്ങളായി പ്രവർത്തിക്കുന്നു. ഇത് സമൂഹബോധവും ഗൃഹാതുരത്വവും വളർത്തുന്നു. ലുലു ഗ്രൂപ്പ് ഇന്റർനാഷണലിന്റെ ചെയർമാൻ എം.എ.യൂസഫലി സൂചിപ്പിച്ചതുപോലെ, 'സോഷ്യൽ മീഡിയ ലോകത്തെ മലയാളികൾ ഒരു ചെറിയ ഇടമാക്കി'. കൂടാതെ, കേരളത്തിലെ ഊർജ്ജസ്വലമായ വിനോദവ്യവസായം കൂടുതൽ പ്രേക്ഷകരിലേക്ക് എത്താൻ ഓൺലൈൻ ചാനലുകളെ സ്വീകരിച്ചു. ആമസോൺ പ്രൈം വീഡിയോ, സീ-ഫൈവ്, ഹോട്ട് സ്റ്റാർ എന്നിവ പോലുള്ള ഒ.ടി.ടി പ്ലാറ്റ്ഫോമുകൾ ലോകമെമ്പാടുമുള്ള പ്രേക്ഷകർക്ക് മലയാളസിനിമയും വെബ്സീരീസുകളും പ്രദർശിപ്പിച്ചിരിക്കുന്നു, ഇത് സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം വർദ്ധിപ്പിക്കുന്നു. സംഗീത ചാനലായ ടി സീരീസ് (T - Series), നഴ്സറി ഗീതങ്ങളുടെ ചാനലായ കൊക്കോമെലൻ (Cocomelon) തുടങ്ങിയ യൂട്യൂബ് ചാനലുകൾ ലോകപ്രശസ്തമാണ്. എംഫോർടെക് (M4tech) ആണ് കേരളത്തിലെ ഏറ്റവും റേറ്റിംഗ് ഉള്ള യൂട്യൂബ് ചാനൽ.

> ▶ ഒ.ടി.ടി പ്ലാറ്റ്ഫോമുകൾ, സിനിമ വെബ് സീരീസ് തുടങ്ങിയവ പ്രദർശിപ്പിക്കുന്നു

ഡിജിറ്റൽ വിഭജനം ഇന്ന് കേരളത്തിൽ നിലനിൽക്കുന്നു. ഗ്രാമീണ മേഖലകൾ വിശ്വസനീയമായ ഇന്റർനെറ്റ് കണക്റ്റിവിറ്റി ആക്സസ് ചെയ്യുന്നതിൽ വെല്ലുവിളികൾ നേരിടുന്നു. ഡിജിറ്റൽ വിഭജനം പരിഹരിക്കുകയും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഓൺലൈൻ വിഭവങ്ങളിലേക്ക് തുല്യമായ പ്രവേശനം ഉറപ്പാക്കുകയും വേണം. ഓൺലൈൻ ചാനലുകൾ നമ്മൾ ആശയവിനിമയം നടത്തുന്ന രീതിയും ഉള്ളടക്കം ഉപയോഗിക്കുന്ന രീതിയും ലോകത്തെ ഗ്രഹിക്കുന്ന രീതിയും പുനഃക്രമീകരിച്ചു. അവർ കണക്റ്റിവിറ്റിക്കും സർഗ്ഗാത്മകതയ്ക്കും വലിയ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, അതുമായി ബന്ധപ്പെട്ട വെല്ലുവിളികളെ അഭിസംബോധന ചെയ്യേണ്ടതും ഡിജിറ്റൽ മേഖലയിൽ ഉൾപ്പെടുത്തലും ഉത്തരവാദിത്തം ഉറപ്പാക്കേണ്ടതും അത്യന്താപേക്ഷിതമാണ്. വേൾഡ് വൈഡ് വെബിന്റെ ഉപജ്ഞാതാവായ ടിം ബെർണേഴ്സ്-ലീ പ്രസ്താവിച്ചതുപോലെ, 'വെബ് സാങ്കേതികമായ ഒന്നിനെക്കാൾ ഒരു സാമൂഹികസൃഷ്ടിയാണ്. ഞാൻ അത് ഒരു സാമൂഹികപ്രഭാവത്തിന് വേണ്ടി രൂപകൽപ്പന ചെയ്തിരിക്കുന്നു-ആളുകളെ ഒരുമിച്ച് പ്രവർത്തിക്കാൻ സഹായിക്കുന്നതിന് വേണ്ടി - അല്ലാതെ ഒരു സാങ്കേതിക കളിപ്പാട്ടമായിട്ടല്ല'.

> ▶ വെബ് സാങ്കേതികമായ ഒന്നിനെക്കാൾ ഒരു സാമൂഹിക സൃഷ്ടിയാണ്

## സമൂഹമാധ്യമങ്ങൾ

ഇന്ന് ഡിജിറ്റൽസമൂഹത്തിൽ ഏറ്റവും കൂടുതൽ ജനങ്ങളുടെ സാന്നിധ്യമുള്ള ഇടമാണ് സമൂഹമാധ്യമങ്ങൾ. ചാറ്റിങ് മുതൽ സ്വന്തം നിലപാടുകൾവരെ രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന ഇടമാണ് സമൂഹമാധ്യമങ്ങൾ. സാധാരണയായി വ്യക്തിഗതവിവരങ്ങൾ പെരുപ്പിച്ചു കാട്ടാനും അതുവഴി ഭാവിജീവിതം കരുപ്പിടിപ്പിക്കാനും ധാരാളമായി ഓൺലൈൻ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കാറുണ്ട്. ആദ്യകാലങ്ങളിൽ ഓർക്കുട്ട് പോപ്പുലറായ ഒരു മാധ്യമമായിരുന്നു. ഫേസ്ബുക്ക്, വാട്സ്ആപ്പ്, എക്സ് (ട്വിറ്റർ), ഇൻസ്റ്റാഗ്രാം തുടങ്ങിയവ നിലവിലുള്ള സമൂഹമാധ്യമങ്ങളിൽ മുൻനിരയിൽ നിൽക്കുന്നവയാണ്. സ്വന്തം ആദർശങ്ങളും വിശ്വാസങ്ങളും വ്യക്തിഗതവിവരങ്ങളും മുഖപുസ്തകത്തിലൂടെ (ഫേസ്ബുക്ക്) പങ്കുവെയ്ക്കപ്പെടുന്നുണ്ട്. സോഷ്യൽ മീഡിയ ആശയവിനിമയം ഒരു സ്വതന്ത്രസ്ഥാപനമായി നിലകൊള്ളുന്നു, പരമ്പരാഗത ഭൗതിക അതിരുകൾക്കപ്പുറം ബന്ധങ്ങളും സംഭാഷണങ്ങളും കമ്മ്യൂണിറ്റികളും വളർത്തുന്നു. വ്യത്യസ്തമായ ശബ്ദങ്ങളും വീക്ഷണങ്ങളും വർധിപ്പിച്ചുകൊണ്ട് സ്വതന്ത്രമായി സ്വയം പ്രകടിപ്പിക്കാൻ ഇത് വ്യക്തികളെ പ്രാപ്തരാക്കുന്നു. ഫേസ്ബുക്കിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഷെറിൽ സാൻഡ്ബെർഗ് എടുത്തുകാണിച്ചതുപോലെ, 'ആളുകൾ ഏതെങ്കിലും തരത്തിലുള്ള ഉള്ളടക്കം സുഹൃത്തുക്കളിലൂടെയും അവർക്കറിയാവുന്നവരും വിശ്വസിക്കുന്നവരുമായ ആളുകളിലൂടെയും പുറത്തുവരുമ്പോൾ അത് പങ്കിടുകയും വായിക്കുകയും പൊതുവായി അതിൽ കൂടുതൽ ഇടപഴകുകയും ചെയ്യുന്നു.'

> ▶ സോഷ്യൽ മീഡിയ ആശയവിനിമയം ഒരു സ്വതന്ത്ര സ്ഥാപനമായി നിലകൊള്ളുന്നു

മാത്രമല്ല, സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ സാമൂഹികമാറ്റത്തിനുള്ള ഉത്തേജകമായി പ്രവർത്തിക്കുന്നു. സാമൂഹ്യബന്ധങ്ങളിൽ അടിത്തട്ടിൽ വരെ പുതു ചലനങ്ങൾ സൃഷ്ടിക്കുന്നു. അതിസമ്മർദ്ദമുണ്ടാക്കുന്ന നൈതിക പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായ ഒരു അവബോധം സാധാരണ ജനങ്ങളിൽ വരെ വളർത്തുന്നു. പാർശ്വവൽക്കരിക്കപ്പെട്ട സമൂ

ഹങ്ങൾക്ക് അവരുടെ അവകാശങ്ങൾക്കായി വാദിക്കാനും പിന്തുണ സമാഹരിക്കാനും അവർ ഒരു വേദി നൽകുന്നു. അറബ് വസന്തവും BlackLivesMatter പ്രസ്ഥാനങ്ങളും സാമൂഹിക മാറ്റത്തെ ഉത്തേജിപ്പിക്കുന്നതിൽ സോഷ്യൽ മീഡിയ ആശയവിനിമയത്തിന്റെ പരിവർത്തന സാധ്യതയെ ഉദാഹരണമാക്കുന്നു.

സോഷ്യൽ മീഡിയയിലൂടെയുള്ള ആശയവിനിമയത്തിന്റെ സവിശേഷത അതിന്റെ വേഗത, സംവേദനക്ഷമത, പ്രവേശനക്ഷമത എന്നിവയാണ്. തത്സമയ ഇടപെടലുകൾ ഇത് സുഗമമാക്കുന്നു. സംഭാഷണങ്ങളിൽ ഏർപ്പെടാനും വിവരങ്ങൾ പങ്കിടാനും തൽക്ഷണം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും വ്യക്തികളെ അനുവദിക്കുന്നു. മാത്രമല്ല, സോഷ്യൽ മീഡിയയുടെ മൾട്ടിമീഡിയ സ്വഭാവം മൂലം ടെക്സ്റ്റ്, ഇമേജുകൾ, വീഡിയോകൾ, ലൈവ് സ്ട്രീമുകൾ എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന ഉള്ളടക്ക ഫോർമാറ്റുകളുടെ വ്യാപനം സാധ്യമാക്കുന്നു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴിയൊരുക്കുന്ന വ്യക്തിപരമായ സമീപനം ഉപയോക്തൃ ഇടപഴകൽ വർദ്ധിപ്പിക്കുകയും സമാന ചിന്താഗതിക്കാരായ വ്യക്തികൾക്കിടയിൽ സമൂഹബോധം വളർത്തുകയും ചെയ്യുന്നു. നല്ല വശങ്ങൾ നിരവധി ഉണ്ടെങ്കിലും, സോഷ്യൽ മീഡിയ വഴിയുള്ള ആശയവിനിമയം തെറ്റായ വിവരങ്ങൾ, സൈബർ ഭീഷണിപ്പെടുത്തൽ, സ്വകാര്യതാ ലംഘനങ്ങൾ എന്നിവയുൾപ്പെടെ വിവിധ തരത്തിലുള്ള ദുരുപയോഗങ്ങൾ സാധ്യമായ ഒരിടമാണ്. വ്യാജ വാർത്തകളുടെയും ഗൂഢാലോചന സിദ്ധാന്തങ്ങളുടെയും വൈറൽ പ്രചരണം പൊതു വ്യവഹാരത്തിനും സാമൂഹിക ഐക്യത്തിനും കാര്യമായ ഭീഷണി ഉയർത്തുന്നു. മാത്രമല്ല, സൈബർ ഭീഷണിയും ഓൺലൈൻ ഉപദ്രവവും അതിനു വിധേയരാകുന്നവരിൽ വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും, മാനസിക ക്ലേശത്തിലേക്കും ആത്മഹത്യയിലേക്കും നയിക്കുകയും ചെയ്യുന്ന അനവധി ഉദാഹരണങ്ങൾ ദിനംപ്രതി പുറത്തു വരുന്നുണ്ട്.

▶ സോഷ്യൽ മീഡിയയുടെ മൾട്ടിമീഡിയ സ്വഭാവം വൈവിധ്യമാർന്ന ഉള്ളടക്ക ഫോർമാറ്റുകളുടെ വ്യാപനം സാധ്യമാക്കുന്നു

കൂടാതെ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വലിയ അളവിലുള്ള ഉപയോക്തൃ ഡാറ്റ ശേഖരിക്കുന്നു. ഇത് സ്വകാര്യതയെയും ഡാറ്റ സുരക്ഷയെയും കുറിച്ചുള്ള ആശങ്കകൾ ഉയർത്തുന്നു. സോഷ്യൽ മീഡിയ പ്രൊഫൈലുകളിൽ നിന്ന് ശേഖരിക്കുന്ന വ്യക്തിഗത വിവരങ്ങൾ രാഷ്ട്രീയ കൃത്രിമത്വത്തിനും ടാർഗെറ്റുചെയ്ത പരസ്യത്തിനും എത്രത്തോളം ഉപയോഗപ്പെടുത്താമെന്ന് 'കേംബ്രിഡ്ജ് അനലിറ്റിക്ക അഴിമതി' തുറന്നുകാട്ടി. സോഷ്യൽ മീഡിയ ആശയവിനിമയം സ്വതന്ത്ര സ്വഭാവവും ദുരുപയോഗം ചെയ്യാനുള്ള സാധ്യതയും ഉൾക്കൊള്ളുന്നു. പരസ്പരബന്ധം, ആവിഷ്കാരം, ശാക്തീകരണം എന്നിവയ്ക്കായി ഇത് അഭൂതപൂർവമായ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും, പ്ലാറ്റ്ഫോം ദാതാക്കൾ, നയരൂപകർത്താക്കൾ, ഉപയോക്താക്കൾ എന്നിവരിൽ നിന്നുള്ള കൂട്ടായ ശ്രമങ്ങളിലൂടെ പരിഹരിക്കേണ്ട കാര്യമായ വെല്ലുവിളികളും ഇത് അവതരിപ്പിക്കുന്നു. ഒരു സോഷ്യൽ മീഡിയ പണ്ഡിതനായ ദനാ ബോയിഡ് പ്രസ്താവിച്ചതുപോലെ, 'വ്യക്തിയും അവരെ സേവിക്കുന്ന സ്ഥാപനങ്ങളും തമ്മിലുള്ള അധികാര സന്തുലിതാവസ്ഥയെക്കുറിച്ച് നാം പുനർവിചിന്തനം നടത്തേണ്ടതുണ്ട്.'

▶ ഉപയോക്തൃ ഡാറ്റ ശേഖരണം വഴി സ്വകാര്യതയും ഡാറ്റ സുരക്ഷയും ആശങ്ക ഉയർത്തുന്നു

## പത്രം, റേഡിയോ, ടെലിവിഷൻ : സൈബർ സ്പേസിലേക്കുള്ള മാറ്റം

### പത്രങ്ങൾ:

പത്രങ്ങളിൽനിന്നും ഓൺലൈൻ ന്യൂസ് പോർട്ടലിലേക്ക് വാർത്താരംഗം വികസിച്ചപ്പോൾ വാർത്തകളിലെ ഉള്ളടക്കത്തിന് മാറ്റം വരുത്തുവാൻ കോർപ്പറേറ്റ് പത്രസ്ഥാപനഉടമകൾ നിർബന്ധിതരായി. സൈബർ മാധ്യമങ്ങളിൽ ഓൺലൈൻ റേഡിയോ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മാർഗങ്ങൾ ലളിതമായപ്പോൾ റേഡിയോചാനലുകൾ വ്യാപകമായി. വളരെ സ്വതന്ത്രമായി വിനോദത്തിന് പ്രാമുഖ്യം കൊടുത്തുകൊണ്ട് ധാരാളം റേഡിയോ ചാനലുകൾ ആരംഭിക്കുകയുണ്ടായി. സംഗീതം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഫോൺ ഇൻ പരിപാടികൾ വളരെ വേഗം ജനകീയമായി മാറി. ഒരു ഓൺലൈൻ റേഡിയോ സ്റ്റേഷൻ എങ്ങനെ ആരംഭിച്ച് വേഗത്തിൽ പണം സമ്പാദിക്കാം എന്ന ലക്ഷ്യത്തോടെ ആളുകൾ മുന്നോട്ടുവരികയും ചെയ്തു. ആധുനിക ഇന്റർനെറ്റ് റേഡിയോ സ്റ്റേഷനുകൾ എങ്ങനെ വരുമാനം ഉണ്ടാക്കുന്നു എന്നു നോക്കാം. വെബ്സൈറ്റുകളും മോണിറ്റൈസ് ചെയ്ത മൊബൈൽ ആപ്പുകളും ഓഡിയോ പരസ്യങ്ങളും ഡിജിറ്റൽ പ്രക്ഷേപകർക്ക് വരുമാനം ഉണ്ടാക്കിക്കൊടുക്കുന്നു. യൂട്യൂബ് ചാനലുകൾ സ്വതന്ത്രമായ നിലപാടുകളുമായി പ്രേക്ഷകരെ പിടിച്ചെടുത്തതോടെ നിലവിലുള്ള മുഖ്യധാരദൃശ്യമാധ്യമങ്ങൾ വാർത്തകളിൽ മാറ്റം വരുത്തുവാൻ പുതിയ നയങ്ങൾ സ്വീകരിക്കുകയായിരുന്നു.

> ▶ വിനോദത്തിന് പ്രാധാന്യമുള്ള റേഡിയോ ചാനലുകൾ ജനകീയമായി

ആശയവിനിമയ ചരിത്രത്തിന്റെ തിളങ്ങുന്ന ഏടുകളിൽ, ബഹുജന മാധ്യമങ്ങളുടെ പരിണാമം മനുഷ്യരാശിയുടെ പരസ്പരബന്ധത്തിനും വിവര വിതരണത്തിനും വേണ്ടിയുള്ള അന്വേഷണത്തിന്റെ തെളിവായി നിലകൊള്ളുന്നു. പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിവയുടെ ഉത്ഭവം മുതൽ സൈബർ ഇടത്തിലേക്കുള്ള പരിവർത്തനം വരെ, ഓരോ മാധ്യമവും സമൂഹത്തിൽ മായാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ട്. ഡിജിറ്റൽ മേഖലയിലേക്കുള്ള അവരുടെ പരിവർത്തനവും ആഗോള ആശയവിനിമയത്തിലെ അഗാധമായ സ്വാധീനവും എന്തെന്ന് മനസ്സിലാക്കാൻ മാധ്യമങ്ങളുടെ പരിവർത്തനയാത്രയെ അനുധാവനം ചെയ്യണം. 'ഫോർത്ത് എസ്റ്റേറ്റ്' എന്ന് പലപ്പോഴും വാഴ്ത്തപ്പെടുന്ന പത്രങ്ങൾ, പത്രപ്രവർത്തനത്തിന്റെയും പൊതു വ്യവഹാരത്തിന്റെയും ആണിക്കല്ലായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോഴും പ്രവർത്തിക്കുന്നു. 15-ാം നൂറ്റാണ്ടിൽ അച്ചടിശാലയുടെ ആവിർഭാവത്തോടെ, പത്രങ്ങൾ പെരുകുകയും പൊതുജനാഭിപ്രായം രൂപപ്പെടുത്തുകയും വാർത്തകൾ ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു. തോമസ് ജെഫേഴ്സൺ സൂചിപ്പിച്ചതുപോലെ, 'എല്ലാവരുടെയും ഒരേയൊരു സുരക്ഷിതത്വം ഒരു സ്വതന്ത്ര മാധ്യമത്തിൽ മാത്രമാണ്.'

> ▶ ഫോർത്ത് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന പത്രങ്ങൾ

ഡിജിറ്റൽ യുഗത്തിൽ, പത്രങ്ങൾ വലിയ മാറ്റങ്ങൾക്കു വിധേയമായി. അച്ചടിയിൽ നിന്ന് ഓൺലൈൻ പതിപ്പുകളിലേക്ക് അവ ചുവടു മാറി. ന്യൂയോർക്ക് ടൈംസ്, ദി ഗാർഡിയൻ, ഹഫ്പോസ്റ്റ് തുടങ്ങിയ ഡിജിറ്റൽ ജേണലിസം പ്ലാറ്റ്ഫോമുകളുടെ ഉയർച്ച തത്സമയ വാർത്താ വിതരണത്തിന്റെയും സംവേദനാത്മക കഥപറച്ചിലിന്റെയും ഒരു പുതിയ

യുഗത്തെ അറിയിച്ചു. ഇന്ന്, ഭൂമിശാസ്ത്രപരമായ തടസ്സങ്ങളെയും സമയ പരിമിതികളെയും മറികടന്ന് ഒരു ബട്ടണിന്റെ ഒരു ക്ലിക്കിലൂടെ വായനക്കാർക്ക് വാർത്താ ലേഖനങ്ങളും അഭിപ്രായ ഭാഗങ്ങളും മൾട്ടി മീഡിയ ഉള്ളടക്കവും ലഭ്യമാകും. ഡിജിറ്റൽ യുഗത്തിൽ, പ്രാദേശിക, ദേശീയ അതിർത്തികൾക്കപ്പുറത്തേക്ക് പത്രങ്ങൾ അവരുടെ പ്രേക്ഷ കരുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിച്ചു. ഓൺലൈൻ എഡിഷനുകൾ പത്രങ്ങളെ ആഗോള പ്രേക്ഷകരിലേക്ക് എത്തിക്കാനും ഭൂമിശാസ് ത്രപരമായ തടസ്സങ്ങൾ ഇല്ലാതാക്കാനും വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള വായനക്കാരുമായി ബന്ധപ്പെടാനും സഹായിക്കുന്നു. ഈ ആഗോള വ്യാപനം വിവരങ്ങളുടെ ജനാധിപത്യവൽക്കരണം വർദ്ധി പ്പിക്കുകയും കൂടുതൽ പരസ്പരബന്ധിതമായ ഒരു ലോകത്തെ വളർ ത്തുകയും ചെയ്യുന്നു.

> ▶ ഡിജിറ്റൽ യുഗം പ്രാദേശിക-ദേശീയ അതിർത്തികൾക്കപ്പുറത്ത് പത്രങ്ങളെ എത്തിച്ചു

പരമ്പരാഗത അച്ചടി പത്രങ്ങളെ അപേക്ഷിച്ച് ഡിജിറ്റൽ ജേണലി സം പ്ലാറ്റ്ഫോമുകൾ വായനക്കാർക്ക് കൂടുതൽ സംവേദനാത്മകവും ആഴത്തിലുള്ളതുമായ അനുഭവം പ്രദാനം ചെയ്യുന്നു. അഭിപ്രായ വി ഭാഗങ്ങൾ, സോഷ്യൽ മീഡിയ സംയോജനം, മൾട്ടിമീഡിയ ഘടക ങ്ങൾ എന്നിവ പോലുള്ള സവിശേഷതകൾ വായനക്കാരെ തത്സമയം ഉള്ളടക്കവുമായി ഇടപഴകാനും അവരുടെ അഭിപ്രായങ്ങൾ പങ്കുവെ ക്കാനും നടന്നുകൊണ്ടിരിക്കുന്ന ചർച്ചകളിൽ പങ്കെടുക്കാനും അനുവ ദിക്കുന്നു. ഈ സംവേദനാത്മക ഇടപഴകൽ വാർത്താ ഉപഭോഗത്തെ നിഷ്ക്രിയമായ അനുഭവത്തിൽ നിന്ന് സജീവമായ അനുഭവത്തിലേ ക്ക് മാറ്റുന്നു. ആശയ വിനിമയത്തിന്റെയും പരസ്പര സംഭാഷണത്തി ന്റെയും ഭാഗമാകാൻ വായനക്കാരെ ഇത് പ്രാപ്തരാക്കുന്നു. മാറുന്ന ഉപഭോക്തൃ ശീലങ്ങളോടും സാങ്കേതിക പുരോഗതികളോടും പൊരു ത്തപ്പെടാനുള്ള പത്രങ്ങളുടെ കഴിവിനെ ഓൺലൈൻ പതിപ്പുകളിലേ ക്കുള്ള മാറ്റം പ്രതിഫലിപ്പിക്കുന്നു. എല്ലാവരും തൽക്ഷണത്തിൽ ലഭി ക്കുന്ന വാർത്താ സംതൃപ്തി ആഗ്രഹിക്കുന്ന ഒരു കാലഘട്ടത്തിൽ, ഡിജിറ്റൽ ജേണലിസം പ്ലാറ്റ്ഫോമുകൾ അവരുടെ സ്മാർട്ട്ഫോണുക ളിലും ടാബ്‌ലെറ്റുകളിലും ലാപ്ടോപ്പുകളിലും വാർത്തകൾ ഉപയോഗി ക്കുന്ന വായനക്കാർക്ക് സൗകര്യവും പ്രവേശനക്ഷമതയും നൽകുന്നു. ഇത്തരത്തിലുള്ള പൊരുത്തപ്പെടുത്തൽ, വർദ്ധിച്ചുവരുന്ന ഡിജിറ്റൽ കേന്ദ്രീകൃത ലോകത്ത് പത്രങ്ങൾ പ്രസക്തവും സുസ്ഥിരവുമാണെന്ന് ഉറപ്പാക്കുന്നു. പോഡ്കാസ്റ്റുകൾ, വീഡിയോകൾ, ഇൻഫോഗ്രാഫിക് സ്, ഇന്ററാക്ടീവ് ഫീച്ചറുകൾ എന്നിവയുൾപ്പെടെ പരമ്പരാഗത ലേഖ നങ്ങൾക്കപ്പുറം വൈവിധ്യമാർന്ന ഉള്ളടക്ക ഫോർമാറ്റുകൾ ഡിജിറ്റൽ ജേണലിസം പ്ലാറ്റ്ഫോമുകൾ ഉൾക്കൊള്ളുന്നു. ഉള്ളടക്ക ഫോർമാറ്റു കളുടെ ഈ വൈവിധ്യവൽക്കരണം വായനക്കാർക്കിടയിൽ വ്യത്യസ് തമായ മുൻഗണനകളും താൽപ്പര്യങ്ങളും നൽകുന്നു, ഇടപഴകലും നിലനിർത്തലും വർദ്ധിപ്പിക്കുന്നു. ഉദാഹരണത്തിന്, വീഡിയോകളി ലൂടെയും ഇൻഫോഗ്രാഫിക്സിലൂടെയും ദൃശ്യമായ കഥപറച്ചിൽ, വിശാലമായ പ്രേക്ഷകരെ ആകർഷിക്കുന്ന, ആകർഷകവും എളുപ്പം മനസ്സിലാക്കാവുന്നതുമായ രീതിയിൽ സങ്കീർണ്ണമായ വിവരങ്ങൾ വരെ ഫലപ്രദമായി കൈമാറാൻ കഴിയും.

> ▶ പരമ്പരാഗത ലേഖനങ്ങളിൽ നിന്ന് വൈവിധ്യമാർന്ന ഉള്ളടക്ക ഫോർമാറ്റുകൾ ഉള്ള ഡിജിറ്റൽ ജേർണലിസം

ഡിജിറ്റൽ യുഗം ഡാറ്റാധിഷ്ഠിത ജേണലിസത്തിന്റെ ആവിർഭാവ ത്തിന് സഹായകമായി. വാർത്താ സ്റ്റോറികളിലെ സ്ഥിതിവിവരക്കണ

ക്കുകളും ട്രെൻഡുകളും പാറ്റേണുകളും കണ്ടെത്തുന്നതിന് പത്രങ്ങൾ ഡാറ്റാ അനലിറ്റിക്സിന്റെയും ദൃശ്യവൽക്കരണ ഉപകരണങ്ങളുടെയും ശക്തി ഉപയോഗിക്കുന്നു. സംവേദനാത്മക ഡാറ്റാ ദൃശ്യവൽക്കരണ ങ്ങളിലൂടെയും അന്വേഷണാത്മക റിപ്പോർട്ടുകളിലൂടെയും, സങ്കീർ ണമായ വിഷയങ്ങളെക്കുറിച്ച് വായനക്കാർക്ക് ആഴത്തിലുള്ള ധാരണ നൽകാനും സ്ഥാപനങ്ങളെ ഉത്തരവാദിത്വത്തിലാക്കാനും പത്രങ്ങൾ ക്ക് കഴിയും. ഈ ഡാറ്റാധിഷ്ഠിത സമീപനം പത്രപ്രവർത്തനത്തി ലുള്ള സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നു. ഓൺലൈൻ പതിപ്പുകളിലേക്കുള്ള മാറ്റം പരമ്പരാഗത പരസ്യ വരുമാനത്തിനപ്പുറം നൂതനമായ ധനസമ്പാദന തന്ത്രങ്ങൾ വിജയകരമായി നടപ്പിലാക്കാൻ പത്രങ്ങളെ പ്രേരിപ്പിച്ചു. സബ്സ്ക്രിപ്ഷൻ മോഡലുകൾ, പേവാളുകൾ, അംഗത്വ പ്രോഗ്രാമുകൾ, സ്പോൺസർ ചെയ്ത ഉള്ളടക്കം എന്നിവ യാണ് ഡിജിറ്റൽ ലാൻഡ്സ്കേപ്പിൽ പത്രങ്ങൾ വരുമാനം ഉണ്ടാക്കുന്ന ചില വഴികൾ. വരുമാന സ്ട്രീമുകൾ വൈവിധ്യവത്കരിക്കുന്നതിലൂ ടെ, പത്രങ്ങൾക്ക് ഗുണനിലവാരമുള്ള പത്രപ്രവർത്തനം നിലനിർത്താ നും എഡിറ്റോറിയൽ സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാനും വികസിച്ചു കൊണ്ടിരിക്കുന്ന മാധ്യമ ആവാസവ്യവസ്ഥയിൽ സാമ്പത്തികമായി ലാഭകരമായി തുടരാനും കഴിയും.

▶ ഡാറ്റാധിഷ്ഠിത ജേർണലിസം-സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നു

## റേഡിയോ:

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ റേഡിയോ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന മാധ്യമമായി ഉയർന്നു. എഫ് ഡി ആറിന്റെ ഫയർസൈഡ് ചാറ്റുകൾ മുതൽ ഓർസൺ വെല്ലസിന്റെ 'വാർ ഓഫ് ദ വേൾഡ്സ്' പ്രക്ഷേപണം വരെ, പൊതുജനാഭിപ്രായവും സാംസ്കാ രിക മാനദണ്ഡങ്ങളും രൂപപ്പെടുത്തുന്നതിൽ റേഡിയോ ഒരു പ്രധാന പങ്ക് വഹിച്ചു. ഡിജിറ്റൽ യുഗത്തിൽ, ഇന്റർനെറ്റ് റേഡിയോയുടെയും പോഡ്കാസ്റ്റിംഗിന്റെയും ആവിർഭാവത്തോടെ റേഡിയോ പരിധികളി ല്ലാതെ സൈബർസ്പേസുമായി സംയോജിപ്പിച്ചിരിക്കുന്നു. സ്പോട്ടി ഫൈ, ആപ്പിൾ മ്യൂസിക്, പണ്ടോറ എന്നിവ പോലുള്ള പ്ലാറ്റ്ഫോമുകൾ ശ്രോതാക്കൾക്ക് ഓഡിയോ ഉള്ളടക്കം, ക്യൂറേറ്റ് ചെയ്ത പ്ലേലിസ്റ്റു കൾ, വ്യക്തിഗതമാക്കിയ ശുപാർശകൾ എന്നിവയുടെ വിപുലമായ ലൈബ്രറി വാഗ്ദാനം ചെയ്യുന്നു. പോഡ്കാസ്റ്റുകൾ, ആഗോള പ്രേ ക്ഷകരുമായി അവരുടെ കഥകളും വൈദഗ്ധ്യവും കാഴ്ചപ്പാടുകളും പങ്കിടാൻ വ്യക്തികളെ ശാക്തീകരിക്കുന്നു. ഒരു ശ്രവ്യമാധ്യമത്തിന്റെ പരിമിതികൾ, മാറിവരുന്ന സാഹചര്യത്തിൽ ഈ മാധ്യമത്തെ പ്രതി സന്ധിയിലാക്കുന്നുണ്ട്. എന്നാൽ, പരിമിതികൾക്കൊപ്പം സാധ്യതക ളുമുണ്ട്. കേൾക്കുന്ന ശബ്ദത്തിന് മുഖമില്ല എന്നത് ശ്രോതാക്കളുടെ ഭാവനയെ വികസിപ്പിക്കുന്നു. കാഴ്ച, സങ്കല്പങ്ങൾക്ക് തടസ്സമാകു ന്നില്ല. എന്നാൽ കാഴ്ചയുടെ ലോകം സാധ്യമാക്കാൻ കഴിയില്ല എന്ന ത് പരിമിതിയുമാണ്. അതുകൊണ്ടാണ് ഒരുകാലത്ത് മലയാളിയുടെ ദിനരാത്രങ്ങളെ ശബ്ദമുഖരിതമാക്കിയിരുന്ന റേഡിയോ, ടെലിവിഷന്റെ വരവോടെ കുടുംബാംഗമല്ലാതായി തീർന്നത്. എങ്കിലും, ദിനചര്യകളെ തടസ്സപ്പെടുത്താതെ പ്രവൃത്തി സമയം അപഹരിക്കാതെ ഒപ്പം നിന്ന് വിനോദവും വിജ്ഞാനവും പകരുന്ന ഒരു സുഹൃത്തായി ഇന്നും റേഡിയോ രംഗത്തുണ്ട്. പ്രത്യേകിച്ചും വാഹനങ്ങളിലും മറ്റും റേഡി

▶ വിനോദത്തിനും വിജ്ഞാനത്തിനും റേഡിയോ

യോ സ്ഥാപിക്കുന്ന പ്രവണത കൂടിവരുന്നുണ്ട്.

പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ പങ്കുവഹിക്കുന്നതിനോടൊപ്പം സാംസ്കാരിക വിനിമയവും സ്വത്വവും വളർത്തിയെടുക്കുന്നതിലും റേഡിയോ ഒരു പ്രധാന പങ്ക് വഹിച്ചു. 'ദി ലോൺ റേഞ്ചർ' പോലുള്ള ഐതിഹാസിക റേഡിയോ നാടകങ്ങളുടെ ആവിർഭാവം മുതൽ എയർവേവിൽ റോക്ക് എൻ റോളിന്റെ പിറവി വരെ, സാംസ്കാരിക പ്രസ്ഥാനങ്ങൾക്കും കലാപരമായ ആവിഷ്കാരത്തിനും റേഡിയോ ഒരു ഉത്തേജകമായി പ്രവർത്തിച്ചു. അലൻ ഫ്രീഡ്പ്ര എന്ന പ്രശസ്തനായ ഡി.ജെ അഭിപ്രായപ്പെട്ടതുപോലെ, 'റോക്ക് ആൻഡ് റോൾ നിരവധി അരുവികളെ ഉൾക്കൊള്ളുന്ന സംഗീത നദിയാണ്: റിഥം ആൻഡ് ബ്ലൂസ്, ജാസ്, റാഗ് ടൈം, കൗബോയ് ഗാനങ്ങൾ, നാടൻ പാട്ടുകൾ, നാടോടി ഗാനങ്ങൾ തുടങ്ങിയവ പ്രകൃതിദുരന്തങ്ങളുടെയും അടിയന്തര സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ സമൂഹങ്ങൾക്ക് സുപ്രധാന വിവരങ്ങളും ആശ്വാസവും പ്രദാനം ചെയ്യുന്ന പ്രതിസന്ധി ഘട്ടങ്ങളിൽ റേഡിയോ ഒരു ജീവനാഡിയായി പ്രവർത്തിച്ചു. പ്രശസ്ത ബ്രോഡ്കാസ്റ്റ് ജേണലിസ്റ്റ് എഡ്വേർഡ് ആർ. മുറോ വാചാലമായി പ്രസ്താവിച്ചതുപോലെ, 'ഈ ഉപകരണത്തിന് പഠിപ്പിക്കാൻ കഴിയും, അത് പ്രകാശിപ്പിക്കാൻ കഴിയും; അതെ, അതിന് പ്രചോദനം നൽകാനും കഴിയും. എന്നാൽ മനുഷ്യർക്ക് അത് ഉപയോഗിക്കാൻ ദൃഢനിശ്ചയമുള്ളിടത്തോളം മാത്രമേ അത് ചെയ്യാൻ കഴിയൂ. അല്ലാത്തപക്ഷം, അത് ഒരു പെട്ടിയിലെ വയറുകളും ലൈറ്റുകളും മാത്രമാണ്.'

> ▶ സാംസ്കാരികവിനിമയം, സ്വത്വം പൊതുജനാഭിപ്രായം എന്നിവ രൂപപ്പെടുത്തുന്നതിന് റേഡിയോ പ്രധാന പങ്ക് വഹിക്കുന്നു

ഡിജിറ്റൽ യുഗത്തിൽ, ഇന്റർനെറ്റിന്റെ വിപുലമായ വ്യാപ്തിയും സംവേദനാത്മക കഴിവുകളും പ്രയോജനപ്പെടുത്തി റേഡിയോ സൈബർസ്പേസിലേക്ക് പരിധികളില്ലാതെ പരിവർത്തനം ചെയ്തു. ഐഹേർട്ട് റേഡിയോ, റ്റ്യൂൺ ഇൻ, റേഡിയോ ഡോട്ട് കോം പോലുള്ള ഇന്റർനെറ്റ് റേഡിയോ പ്ലാറ്റ്ഫോമുകൾ ലോകമെമ്പാടുമുള്ള തത്സമയ സ്ട്രീമുകൾ, പോഡ്കാസ്റ്റുകൾ, ക്യൂറേറ്റ് ചെയ്ത പ്ലേലിസ്റ്റുകൾ എന്നിവയുടെ വൈവിധ്യമാർന്ന ശ്രേണിയിലേക്ക് ശ്രോതാക്കൾക്ക് പ്രവേശനം നൽകുന്നു. സംരംഭകനും മാധ്യമ മുതലാളിയുമായ മാർക്ക് ക്യൂബൻ ഉചിതമായി സൂചിപ്പിച്ചതുപോലെ, 'റേഡിയോ ഓഡിയോ ഉള്ളടക്കത്തിന്റെ ആത്യന്തിക ആംപ്ലിഫയറാണ്, ഇന്റർനെറ്റ് ആത്യന്തിക ഡെലിവറി മെക്കാനിസമാണ്. 'പോഡ്കാസ്റ്റിംഗ്' പ്രത്യേകിച്ച്, ഓഡിയോ ഉള്ളടക്ക സൃഷ്ടിയുടെ മേഖലയിൽ ഒരു ജനാധിപത്യവൽക്കരണ ശക്തിയായി ഉയർന്നുവന്നിട്ടുണ്ട്. 'സീരിയൽ' പോലെയുള്ള യഥാർത്ഥ ക്രൈം പോഡ്കാസ്റ്റുകൾ മുതൽ 'നിങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ' പോലുള്ള വിദ്യാഭ്യാസ ഷോകൾ വരെ പോഡ്കാസ്റ്റുകൾ വൈവിധ്യമാർന്ന താൽപ്പര്യങ്ങളെയും പ്രേക്ഷകരെയും തൃപ്തിപ്പെടുത്തുന്നു. സ്പോർട്സ് കമന്ററി, മ്യൂസിക് ഷോകൾ മുതൽ അഭിമുഖങ്ങൾ, കാലാവസ്ഥാ പ്രവചനങ്ങൾ, കാർഷിക വിവരങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഉള്ളടക്കം സംപ്രേക്ഷണം ചെയ്യുന്നതിനുള്ള പ്രധാന ഘടകമാണ് റേഡിയോ. ഈ ഓരോ വശവും ഡിജിറ്റൽ ലോകത്ത് എങ്ങനെ രൂപാന്തരപ്പെട്ടുവെന്നതും ശ്രദ്ധേയമാണ്.

> ▶ റേഡിയോ ഓഡിയോ ഉള്ളടക്കത്തിന്റെ ആത്യന്തിക ആംപ്ലിഫയറാണ്

1. **സ്പോർട്സ് ബ്രോഡ്കാസ്റ്റിംഗ്:**

പരമ്പരാഗതമായി, തത്സമയ സ്പോർട്സ് കമന്ററിക്കുള്ള ഒരു പ്രാഥമിക മാധ്യമമാണ് റേഡിയോ. ശ്രോതാക്കൾക്ക് തത്സമയം ഒരുമിച്ച് ഗെയിമുകളുടെയും മത്സരങ്ങളുടെയും വിശകലനവും റേഡിയോയിലൂടെയാണ് പണ്ട് ലഭിച്ചുകൊണ്ടിരുന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ ആവിർഭാവത്തോടെ, ഓൺലൈൻ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലൂടെയും സമർപ്പിത സ്പോർട്സ് ആപ്ലിക്കേഷനുകളിലൂടെയും സ്പോർട്സ് പ്രക്ഷേപണം അതിന്റെ വ്യാപനം വിപുലീകരിച്ചു. സ്പോർട്സ് ഉള്ളടക്കം ഉപയോഗിക്കുന്നതിൽ കൂടുതൽ വഴക്കവും സൗകര്യവും അനുവദിക്കുന്ന സ്മാർട്ട്ഫോണുകളിലും ടാബ്ലെറ്റുകളിലും കമ്പ്യൂട്ടറുകളിലും ആരാധകർക്ക് ഇപ്പോൾ തത്സമയ സംപ്രേക്ഷണം, പുനഃസംപ്രേക്ഷണം, പ്രധാനവാർത്തകൾ എന്നിവ എളുപ്പം ലഭ്യമാണ്.

> ▶ ഡിജിറ്റൽ സാങ്കേതികവിദ്യകൾ സ്പോർട്സ് കമന്ററികൾക്ക്

2. **സംഗീത ഷോകൾ:**

മ്യൂസിക് ഷോകളിലൂടെയും ഡി ജെ സെറ്റുകളിലൂടെയും സംഗീതം പ്രോത്സാഹിപ്പിക്കുന്നതിനും വളർന്നുവരുന്ന കലാകാരന്മാരെ ഉയർത്തിക്കാട്ടുന്നതിനും  റേഡിയോ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഡിജിറ്റൽ ലോകത്ത്, സ്പോട്ടിഫൈ, ആപ്പിൾ മ്യൂസിക്, പണ്ടോറ തുടങ്ങിയ സ്ട്രീമിംഗ് സേവനങ്ങളാൽ സംഗീതലോകം വിപ്ലവകരമായി മാറിയിരിക്കുന്നു. ഈ പ്ലാറ്റ്ഫോമുകൾ വ്യക്തിഗതമാക്കിയ പ്ലേലിസ്റ്റുകൾ, അൽഗോരിതം അടിസ്ഥാനമാക്കിയുള്ള ശുപാർശകൾ, വ്യക്തിഗത അഭിരുചികൾക്കും മുൻഗണനകൾക്കും അനുസൃതമായി പാട്ടുകളുടെ വിശാലമായ ലൈബ്രറികളിലേക്കുള്ള പ്രവേശനം എന്നിവ വാഗ്ദാനം ചെയ്യുന്നു. മാത്രമല്ല, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ കലാകാരന്മാർക്ക് അവരുടെ ആരാധകരുമായി നേരിട്ട് ഇടപഴകാനും അവരുടെ സംഗീതം പ്രോത്സാഹിപ്പിക്കാനും സമർപ്പിതരായ അനുയായികളെ സൃഷ്ടിക്കാനും അവസരങ്ങൾ നൽകുന്നു.

> ▶ റേഡിയോയിലൂടെ കായികവിവരങ്ങൾ, സംഗീതപരിപാടികൾ, സിനിമ, അഭിമുഖങ്ങൾ- പ്രക്ഷേപണം ചെയ്യുന്നു

3. **സിനിമയും അഭിമുഖങ്ങളും:**

സിനിമാ നിർമ്മാതാക്കൾ, അഭിനേതാക്കൾ, മറ്റ് വ്യവസായ പ്രൊഫഷണലുകൾ എന്നിവരുമായുള്ള റേഡിയോ അഭിമുഖങ്ങൾ ശ്രോതാക്കൾക്ക് സിനിമാ ലോകത്തെ ഉൾക്കാഴ്ചകൾ നൽകി. ഡിജിറ്റൽ മേഖലയിൽ, സിനിമയെയും വിനോദത്തെയും കുറിച്ചുള്ള ആഴത്തിലുള്ള അഭിമുഖങ്ങൾക്കും ചർച്ചകൾക്കുമുള്ള ഒരു ജനപ്രിയ മാധ്യമമായി പോഡ്കാസ്റ്റുകൾ ഉയർന്നുവന്നിട്ടുണ്ട്. യൂട്യൂബ്, റ്റ്വിച്ച് പോലുള്ള പ്ലാറ്റ്ഫോമുകൾ ഉള്ളടക്ക സ്രഷ്ടാക്കൾക്ക് തത്സമയ അഭിമുഖങ്ങളും ചർച്ചകളും ഹോസ്റ്റുചെയ്യാനും ആഗോള പ്രേക്ഷകരിലേക്ക് എത്തിച്ചേരാനും കമ്മ്യൂണിറ്റി ഇടപഴകൽ പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങളും വാഗ്ദാനം ചെയ്യുന്നു.

> ▶ പോഡ്കാസ്റ്റുകൾ ജനപ്രിയ മാധ്യമമായി ഉയരുന്നു

4. **കാലാവസ്ഥ പ്രവചനം:**

റേഡിയോ പരമ്പരാഗതമായി കാലാവസ്ഥാ പ്രവചനങ്ങളുടെയും അപ്ഡേറ്റുകളുടെയും ഉറവിടമായി പ്രവർത്തിക്കുന്നു. പ്രത്യേകിച്ചും മറ്റ് തരത്തിലുള്ള മാധ്യമങ്ങളിലേക്കുള്ള പ്രവേശനം പരിമിതമായേക്കാവുന്ന ഗ്രാമപ്രദേശങ്ങളിൽ. ഡിജിറ്റൽ യുഗത്തിൽ, സമർപ്പിത വെബ്സൈറ്റുകൾ, മൊബൈൽ ആപ്പുകൾ, സോഷ്യൽ മീഡിയ ചാനലുകൾ എന്നിവയിലൂടെ കാലാവസ്ഥാ പ്രവചനം കൂടുതൽ കൃത്യവും ലഭ്യവുമാണ്. ഈ പ്ലാറ്റ്ഫോമുകൾ തത്സമയ കാലാവസ്ഥാവിവരങ്ങൾ, സംവേദനാത്മക മാപ്പുകൾ, കഠിനമായ കാലാവസ്ഥാ മുന്നറിയിപ്പുകൾ എന്നിവ നൽകുന്നു. തീരുമാനങ്ങൾ എടുക്കാനും മാറുന്ന സാഹചര്യങ്ങൾക്കായി തയ്യാറെടുക്കാനും ഉപയോക്താക്കളെ പ്രാപ്തരാക്കുന്നു. കൂടാതെ, സ്മാർട്ട് സ്പീക്കറുകളുടെയും വോയ്സ്-ആക്ടിവേറ്റഡ് അസിസ്റ്റന്റുകളുടെയും വർദ്ധനവ് റേഡിയോയെ ഡിജിറ്റൽ ഇക്കോസിസ്റ്റത്തിലേക്ക് സംയോജിപ്പിക്കുന്നതിന് കൂടുതൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ആമസോൺ എക്കോ, ഗൂഗിൾ ഹോം എന്നിവ പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച്, ശ്രോതാക്കൾക്ക് റേഡിയോ സ്റ്റേഷനുകളും പോഡ്കാസ്റ്റുകളും വ്യക്തിഗതമാക്കിയ ഓഡിയോ ഉള്ളടക്കവും ലളിതമായ വോയ്സ് കമാൻഡുകൾ ഉപയോഗിച്ച് ആക്സസ് ചെയ്യാൻ കഴിയും, അവർ മീഡിയ ഉപയോഗിക്കുന്ന രീതിയിൽ വിപ്ലവം സൃഷ്ടിക്കുന്നു.

- ഡിജിറ്റൽ യുഗത്തിലെ കാലാവസ്ഥാ പ്രവചനം

5. **വ്യക്തിവൽക്കരണത്തിന്റെ ശക്തി:**

സൈബർസ്പേസിലേക്ക് റേഡിയോയുടെ സംയോജനത്തിന്റെ പ്രധാന നേട്ടങ്ങളിലൊന്ന് വ്യക്തിഗതമാക്കലിന്റെ ശക്തിയാണ്. സ്ട്രീമിംഗ് സേവനങ്ങളും പോഡ്കാസ്റ്റിംഗ് പ്ലാറ്റ്ഫോമുകളും വ്യക്തിഗത മുൻഗണനകളും ശ്രവണശീലങ്ങളും അടിസ്ഥാനമാക്കിയുള്ള ഉള്ളടക്കനിർദ്ദേശങ്ങൾ ക്രമീകരിക്കുന്നതിന് അൽഗോരിതങ്ങളും ഉപയോക്തൃ ഡാറ്റയും പ്രയോജനപ്പെടുത്തുന്നു. സ്പോട്ടിഫൈയുടെ സഹസ്ഥാപകനും സി ഇ ഒയുമായ ഡാനിയൽ എക് വിശദീകരിക്കുന്നതുപോലെ, 'നിങ്ങൾ എത്രത്തോളം കേൾക്കുന്നുവോ അത്രയധികം ഞങ്ങൾ നിങ്ങളെക്കുറിച്ച് പഠിക്കണമെന്നും നിങ്ങളുടെ അനുഭവം കൂടുതൽ വ്യക്തിപരമാക്കണമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.' വ്യക്തിഗതമാക്കിയ ഈ സമീപനം ഉപയോക്തൃ സംതൃപ്തി വർദ്ധിപ്പിക്കുക മാത്രമല്ല, ടാർഗെറ്റുചെയ്ത പ്രേക്ഷകരിലേക്ക് എത്തുന്നതിന് ഉള്ളടക്ക സ്രഷ്ടാക്കൾക്കും പരസ്യദാതാക്കൾക്കും പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഡാറ്റാ അനലിറ്റിക്സിൽ നിന്ന് ലഭിച്ച ഉൾക്കാഴ്ചകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ, ഡിജിറ്റൽ യുഗത്തിലെ റേഡിയോ കേവലം ബഹുജന ആശയവിനിമയത്തിന്റെ ഒരു മാധ്യമം മാത്രമല്ല, ഉള്ളടക്കം കണ്ടെത്തുന്നതിനും പ്രേക്ഷകരുടെ ഇടപഴകലുകൾക്കുമുള്ള ഒരു വേദിയായി മാറുന്നു. ചുരുക്കത്തിൽ, റേഡിയോയുടെ സൈബർസ്പേസിലേക്കുള്ള മാറ്റം, ആശയവിനിമയത്തിന്റെയും സാംസ്കാരിക ആവിഷ്കാരത്തിന്റെയും ശക്തമായ ഒരു മാധ്യമമെന്ന നിലയിൽ അതിന്റെ പാരമ്പര്യത്തിന്റെ തുടർച്ചയെ പ്രതിനിധീകരിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യകളും പ്ലാറ്റ്ഫോമുകളും സ്വീകരിക്കു

ന്നതിലൂടെ, ലോകമെമ്പാടുമുള്ള ശ്രോതാക്കളെ ബന്ധിപ്പിക്കുകയും അവരുടെ കഥകൾ ലോകവുമായി പങ്കിടാൻ ഉള്ളടക്ക സ്രഷ്ടാക്കളെ ശാക്തീകരിക്കുകയും ചെയ്യുന്ന, മാറിക്കൊണ്ടിരിക്കുന്ന ഒരു മീഡിയ ലാൻഡ്സ്കേപ്പിൽ റേഡിയോ പ്രസക്തവും അനുയോജ്യവുമായി തുടരുന്നു. മാർഷൽ മക്‌ലൂഹന്റെ അഭിപ്രായത്തിൽ 'മാധ്യമം സന്ദേശമാണ്'-ഡിജിറ്റൽ യുഗത്തിൽ, റേഡിയോയുടെ സന്ദേശം മുമ്പത്തേക്കാൾ ഉച്ചത്തിലും ദൂരത്തും പ്രതിധ്വനിക്കുന്നു.

▶ മാധ്യമം സന്ദേശമാണ്

## ടെലിവിഷൻ:

1990കളോടെ ടെലിവിഷൻ സംപ്രേഷണരംഗത്തേക്ക് സ്വകാര്യ ചാനലുകൾ കടന്നുവന്നു. ഇത് പരിപാടികളുടെ വൈവിധ്യത്തിന് കാരണമായി. സ്‌പോർട്സ്, സംഗീതം, ചലച്ചിത്രം തുടങ്ങി പ്രത്യേക വിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്ന ചാനലുകൾ ലഭ്യമായി. 'ഇന്ത്യയുടെ ആകാശം സ്വതന്ത്രമാക്കപ്പെട്ടു' എന്നാണ് ഈ സ്വകാര്യവത്കരണത്തെ വിശേഷിപ്പിച്ചത്. എന്നാൽ, ചാനലുകൾ തമ്മിലുള്ള മത്സരത്തിന് ഇതുവഴി തെളിച്ചു. പരിപാടികളുടെ നിർമ്മാണത്തിലും അവതരണത്തിലും കച്ചവടക്കണ്ണുകൾ പ്രവർത്തിച്ചു. പരസ്യമാണ് മുഖ്യ വരുമാനമാർഗ്ഗം എന്നത് പരസ്യങ്ങൾക്ക് കൂടുതൽ ഇടം നല്കുന്ന പ്രവണതയിലേക്കു നയിച്ചു. പരസ്യക്കമ്പനികൾ ദൃശ്യമാധ്യമത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സ്ത്രീശരീരങ്ങളെ കച്ചവടച്ചരക്കാക്കി. ചാനലുകൾ ഇതിനെ പ്രോത്സാഹിപ്പിച്ചു. ഒരു വ്യവസായമെന്ന നിലയിൽ ലാഭം മുഖ്യലക്ഷ്യമായതോടെ വിനോദിപ്പിക്കുക എന്നതായി മുഖ്യധർമ്മം. വാർത്തകൾ സൃഷ്ടിക്കപ്പെടുകയും വശീകരിക്കുന്നതരത്തിലാക്കുകയും (Sensational) ചെയ്തു. ദൃശ്യമാധ്യമങ്ങൾ ധാർമ്മികതയിൽ നിന്നും മൂല്യബോധത്തിൽ നിന്നും അകലുന്നു എന്നും സാമൂഹിക ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞു മാറുന്നു എന്നതും അവയ്ക്കെതിരെയുള്ള വിമർശനങ്ങളാണ്.

▶ ടെലിവിഷന്റെ സ്വകാര്യവത്കരണം

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ടെലിവിഷൻ ബഹുജനങ്ങളുടെ ആശയവിനിമയത്തിൽ വിപ്ലവം സൃഷ്ടിച്ചു, ദൃശ്യ കഥപറച്ചിലിന്റെ സുവർണ്ണ കാലഘട്ടം ആരംഭിച്ചു. ചന്ദ്രനിലിറങ്ങുന്നത് മുതൽ ബെർലിൻ മതിലിന്റെ പതനം വരെ, ടെലിവിഷൻ ചരിത്രപരമായ സംഭവങ്ങളെ ലോകമെമ്പാടുമുള്ള സ്വീകരണമുറികളിലേക്ക് കൊണ്ടുവന്നു. ഫെഡറൽ കമ്മ്യൂണിക്കേഷൻസ് കമ്മീഷന്റെ മുൻ ചെയർമാനായിരുന്ന ന്യൂട്ടൺ മിനോവ്, 'ടെലിവിഷൻ ഒരു വലിയ തരിശുഭൂമിയാണ്' എന്ന് അഭിപ്രായപ്പെട്ടു. ഡിജിറ്റൽ യുഗത്തിൽ, നെറ്റ്ഫ്ളിക്സ്, ആമസോൺ പ്രൈം വീഡിയോ തുടങ്ങിയ സ്ട്രീമിംഗ് സേവനങ്ങൾക്കൊപ്പം ടെലിവിഷൻ ആവശ്യാനുസരണം, മൾട്ടി-പ്ലാറ്റ്ഫോം അനുഭവമായി പരിണമിച്ചു. സ്മാർട്ട് ടിവികൾ മുതൽ സ്മാർട്ട്ഫോണുകൾ വരെയുള്ള ഒട്ടനവധി ഉപകരണങ്ങളിലുടനീളം കാഴ്ചക്കാർക്ക് അവരുടെ പ്രിയപ്പെട്ട ഷോകൾ കാണാനും സ്‌പോർട്സ് ഇവന്റുകൾ തത്സമയം പ്രക്ഷേപണം ചെയ്യാനും ഒറിജിനൽ ഉള്ളടക്കം കണ്ടെത്താനും കഴിയും. സ്മാർട്ട് ടി വികളുടെയും സ്ട്രീമിംഗ് സ്റ്റിക്കുകളുടെയും വളർച്ച പരമ്പരാഗത ടെലിവിഷനും ഓൺലൈൻ ഉള്ളടക്ക ഉപഭോഗവും തമ്മിലുള്ള അതിരുകൾ ഒരു പരിധി വരെ ഇല്ലാതാക്കി.

▶ ടെലിവിഷൻ ഒരു വലിയ തരിശുഭൂമിയാണ്

പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിവ സൈബർ സ്പേസിലേക്കുള്ള പരിവർത്തനം ബഹുജനമാധ്യമ ഉപഭോഗത്തിലും ഉൽപ്പാദനത്തിലും ഒരു മാതൃകാപരമായ മാറ്റത്തെ പ്രതിനിധീകരിക്കുന്നു. മാധ്യമ ഭീമൻ റൂപർട്ട് മർഡോക്ക് സൂക്ഷ്മമായി നിരീക്ഷിച്ചതുപോലെ, 'ലോകം വളരെ വേഗത്തിൽ മാറിക്കൊണ്ടിരിക്കുകയാണ്. വലുത് ചെറുതിനെ അല്ല തോൽപ്പിക്കാൻ പോകുന്നത്. വേഗതകുറഞ്ഞതിനെ തോൽപ്പിക്കുന്നതു വേഗമേറിയായിരിക്കും.' പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിവ സൈബർ സ്പേസിലേക്കുള്ള മാറ്റം ആശയവിനിമയത്തിന്റെയും കണക്റ്റിവിറ്റിയുടെയും ഒരു പുതിയ യുഗത്തെ വിനിമയം ചെയ്യുന്നു. മാർഷൽ മക്‌ലൂഹൻ പ്രഖ്യാപിച്ചതുപോലെ, 'മാധ്യമം സന്ദേശമാണ്.' വിവരങ്ങൾ കൈമാറുന്ന മാധ്യമങ്ങൾ എല്ലാം തന്നെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ രൂപപ്പെടുത്തുന്നുവെന്ന് ഓർക്കുക. ഡിജിറ്റൽ യുഗത്തിൽ, നവീകരണം, അനുരൂപീകരണം, സത്യത്തിനും ബന്ധത്തിനുമുള്ള ശാശ്വതമായ അന്വേഷണങ്ങൾ എന്നിവയാൽ നയിക്കപ്പെടുന്ന മാധ്യമങ്ങളുടെ യാത്ര തുടരുന്നു.

▶ ആശയവിനിമയത്തിന്റെയും കണക്റ്റിവിറ്റിയുടെയും ഒരു പുതിയ യുഗം

## സ്മാർട്ട് ഫോൺ

ഒരു പരമ്പരാഗത മൊബൈൽ ഫോണിന്റെ പ്രവർത്തനക്ഷമതയും ആധുനിക കമ്പ്യൂട്ടിംഗ് കഴിവുകളും സംയോജിപ്പിക്കുന്ന ഒരു മൊബൈൽ ഉപകരണമാണ് സ്മാർട്ട്ഫോൺ. ഇതിന് സാധാരണയായി ഒരു ടച്ച്സ്ക്രീൻ ഇന്റർഫേസ് ഉണ്ട്. വെബ് ബ്രൗസിംഗ്, ഇമെയിൽ, സോഷ്യൽ മീഡിയ, മൾട്ടിമീഡിയ പ്ലേബാക്ക്, സ്ട്രീമിംഗ് എന്നിവ പോലുള്ള വിപുലമായ ആപ്ലിക്കേഷനുകളും സേവനങ്ങളും ആക്സസ് ചെയ്യാൻ ഉപയോക്താക്കളെ അനുവദിക്കുന്നു. സ്മാർട്ട്ഫോണുകളിൽ അന്തർനിർമ്മിത ക്യാമറകൾ, ജി പി എസ് നാവിഗേഷൻ, വോയ്സ് കോളുകൾ, ടെക്സ്റ്റ് മെസേജിംഗ്, ഇന്റർനെറ്റ് സംവിധാനത്തിലൂടെ സന്ദേശമയയ്ക്കുന്ന ആപ്പുകൾ എന്നീ ആധുനികസംവിധാനങ്ങളുൾപ്പെടെ വിവിധ ആശയവിനിമയരീതികൾക്കുള്ള പിന്തുണയും ഉണ്ട്.

▶ സ്മാർട്ട് ഫോണുകളിൽ വിപുലമായ ആപ്ലിക്കേഷനുകളും സേവനങ്ങളുമുണ്ട്

## എന്താണ് സ്മാർട്ട്ഫോൺ?

1991-ഓടു കൂടിയാണ് മൊബൈൽ കമ്പ്യൂട്ടിങ്ങ് പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഫോണുകളെ കുറിച്ചുള്ള ആശയങ്ങൾ ഉയർന്നുവന്നത്. ആദ്യ സ്മാർട്ട് ഫോണായ ഐ ബി എം സിമോൺ പേഴ്സണൽ കമ്മ്യൂണിക്കേറ്റർ 1994-ൽ വിപണിയിലെത്തി. ഇത്തരം ഫോണുകൾക്ക് സ്മാർട്ട് ഫോണുകൾ എന്ന വിശേഷണം നൽകിയത് 1997-ൽ എറിക്സൺ കമ്പനിയാണ്.

▶ ആദ്യമായി സ്മാർട്ട് ഫോണുകൾ അവതരിപ്പിച്ചത് എറിക്സൺ കമ്പനിയാണ്

സ്മാർട്ട്ഫോണുകളുടെ ആദ്യപതിപ്പായ Perosnal Digital Assistant ഉപകരണങ്ങൾ വാണിജ്യ രംഗത്തു പ്രവർത്തിച്ചിരുന്നവർക്ക് വേണ്ടി പ്രത്യേകം രൂപകൽപ്പന ചെയ്തവയായിരുന്നു. ഫീച്ചർ ഫോണുകളേക്കാൾ വലിയ സ്ക്രീൻ, കാൽക്കുലേറ്റർ, കലണ്ടർ, ഈ മെയിലുകൾ വായിക്കാനും മറുപടി അയക്കാനുമുള്ള സൗകര്യം-ഇവയൊക്കെ ആയിരുന്നു പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് ഉപകരണങ്ങളുടെ മേന്മ. ആദ്യകാല പേഴ്സണൽ ഡിജിറ്റൽ ഉപകരണങ്ങളിൽ സിം കാർഡ് സൗകര്യം ഉണ്ടായിരുന്നില്ല. തന്മൂലം ആശയവിനിമയോപാധി ആയി ആദ്യകാല പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റുകളെ കണ

> ▶ പേർസണൽ ഡിജിറ്റൽ അസിസ്റ്റൻഡ് ഉപകരണങ്ങൾ

ക്കാക്കാനാവില്ല. കാലക്രമേണ പാം, മൈക്രോസോഫ്ട് എന്നിങ്ങനെയുള്ള കമ്പനികൾ അവരുടേതായ ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിച്ച് പ്രവർത്തിക്കുന്ന പി.ഡി.ഏകൾ വിപണിയിറക്കി. ആദ്യകാല ഉപകരണങ്ങളെക്കാൾ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെക്കുന്നതും ഉപയോഗിക്കാൻ എളുപ്പമുള്ളതുമായ ഉപകാരണങ്ങളായിരുന്നു ഇവ.

## സ്മാർട്ട്ഫോണുകൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത്?

ലോകത്തുള്ള സ്മാർട്ട് ഫോണുകളിൽ 86 ശതമാനം ഉപകരണങ്ങളിലും ഗൂഗിൾ കമ്പനിയുടെ ലിനക്സ് കേന്ദ്രീകൃത ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ആണുപയോഗിച്ചു വരുന്നത്. ഏകദേശം പന്ത്രണ്ട് ശതമാനം ഉപകരണങ്ങളിൽ ആപ്പിളിന്റെ ഐ.ഓ.എസ് ഓപ്പറേറ്റിംഗ് സിസ്റ്റവും ഉപയോഗിച്ച് വരുന്നു. മറ്റു ചെറുകിട സ്മാർട്ട് ഫോൺ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളാണ് സാംസങിന്റെ ടിസൻ, യോള കമ്പനിയുടെ സെയിൽഫിഷ് ഒ എസ് എന്നിവ. സ്മാർട്ട്ഫോണുകൾ സെല്ലുലാർ നെറ്റ്വർക്കുകളിൽ പ്രവർത്തിക്കുന്നു. ഇത് ഉപയോക്താക്കളെ കോളുകൾ ചെയ്യാനും വാചക സന്ദേശങ്ങൾ അയയ്ക്കാനും മൊബൈൽ ഡാറ്റ അല്ലെങ്കിൽ വൈ-ഫൈ കണക്ഷനുകൾ വഴി ഇന്റർനെറ്റ് ലഭ്യമാക്കാനും അനുവദിക്കുന്നു. അവ, മേൽ വിവരിച്ചപോലെ iOS (Apple), Android (Google), അല്ലെങ്കിൽ Windows (Microosft) പോലുള്ള ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിൽ പ്രവർത്തിക്കുന്നു. ഉപകരണവുമായി ഇടപഴകുന്നതിനും ആപ്ലിക്കേഷനുകൾ പ്രവർത്തിപ്പിക്കുന്നതിനുമുള്ള ഇന്റർഫേസ് നൽകുന്നു. പ്രവർത്തനക്ഷമതയും ഉപയോക്തൃ അനുഭവവും മെച്ചപ്പെടുത്തുന്നതിനായി സ്മാർട്ട്ഫോണുകൾ സെൻസറുകൾ, ക്യാമറകൾ, ജിപിഎസ്, മറ്റ് ഹാർഡ്‌വെയർ ഘടകങ്ങൾ എന്നിവയും ഉൾക്കൊള്ളുന്നു.

സ്മാർട്ട് ഫോൺ പ്രോസസറുകൾ ദിനംപ്രതി ശക്തിയേറിയതും കാര്യക്ഷമതയുള്ളതും ആയി തീരുന്ന കാഴ്ചയാണ് നിലവിലുള്ളത്. ഇന്നത്തെ ഒരു ശരാശരി സ്മാർട്ട് ഫോണിന് രണ്ടായിരങ്ങളിലെ ഒരു ലാപ്ടോപ് കംപ്യൂട്ടറിനേക്കാൾ പ്രവർത്തനശേഷി ഉണ്ട്.

> ▶ സ്മാർട്ട്ഫോണുകൾ സെല്ലുലാർ നെറ്റ്വർക്കുകളിൽ പ്രവർത്തിക്കുന്നു

പണ്ടുകാലത്തെ ഫോണുകളെ അപേക്ഷിച്ചു ഇപ്പോൾ വിപണിയിലിറങ്ങുന്ന സ്മാർട്ട്ഫോണുകളിലെ ക്യാമറ അത്യന്തം ഗുണമേന്മയേറിയതും മികച്ച പ്രകടനം കാഴ്ചവെക്കുന്നതുമാണ്.ഇന്ന് വിപണിയിലുള്ള വിലകൂടിയ സ്മാർട്ട്ഫോണുകളിലെ ക്യാമറ വെച്ചെടുക്കുന്ന ചിത്രങ്ങളും വീഡിയോകളും ഒരു സാധാരണ ഡിജിറ്റൽ ക്യാമറയെ വെല്ലുന്ന ഫലം നൽകുന്നു.

## എന്തുകൊണ്ടാണ് സ്മാർട്ട്ഫോണുകൾ ജനപ്രിയമായത്?

സ്മാർട്ട്ഫോണുകൾ അവയുടെ വൈദഗ്ധ്യം, സൗകര്യം, കണക്റ്റിവിറ്റി എന്നിവ കാരണം സർവ്വവ്യാപിയായി മാറിയിരിക്കുന്നു. സുഹൃത്തുക്കളുമായും കുടുംബാംഗങ്ങളുമായും ബന്ധം നിലനിർത്തുന്നത് മുതൽ ജോലികൾ നിയന്ത്രിക്കുക, എവിടെയായിരുന്നാലും വിവരങ്ങൾ ലഭ്യമാക്കുക, മൾട്ടിമീഡിയ ഉള്ളടക്കം ഉപയോഗിച്ച് സ്വയം രസിക്കുക എന്നിങ്ങനെ ഉപയോക്താക്കളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്ന നിരവധി സവിശേഷതകളും കഴിവുകളും സ്

മാർട്ട്ഫോണുകൾ വാഗ്ദാനം ചെയ്യുന്നു. കൂടാതെ, സ്മാർട്ട്ഫോണുകൾ പദവി പ്രതീകം ആയും ബാഹ്യമോടി പ്രദർശന സാധ്യതയായും മാറിക്കൊണ്ടിരിക്കുന്നു. ഏറ്റവും പുതിയ മോഡലുകൾക്കും സാങ്കേതിക കണ്ടുപിടുത്തങ്ങൾക്കും വേണ്ടിയുള്ള ഡിമാൻഡ് അനുദിനം വർദ്ധിക്കുന്നു. സ്മാർട്ട് ഫോൺ ഡിസ്പ്ളേ വളരെയധികം നൂതനമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. പണ്ടുകാലത്തെ ഫോണുകളെ അപേക്ഷിച്ചു വ്യക്തതയും മിഴിവാർന്നതുമായ ദൃശ്യങ്ങൾ പ്രദർശിപ്പിക്കാൻ പ്രാപ്തമാണ് ഇന്നത്തെ സ്മാർട്ട് ഫോൺ ഡിസ്പ്ളേകൾ. ആപ്പിൾ കമ്പനിയുടെ റെറ്റിന ഡിസ്പ്ലേ സാങ്കേതികവിദ്യ ഈ രംഗത്തു വലിയ മാറ്റങ്ങൾക്ക് വഴി വെച്ചു. നിശ്ചിത ഇഞ്ചിൽ പ്രദർശിപ്പിക്കാവുന്ന ബിന്ദുക്കളുടെ എണ്ണം മുന്നൂറ് എന്ന മാന്ത്രിക സംഖ്യ ആപ്പിൾ റെറ്റിന ഡിസ്പ്ലേയിലൂടെ അവതരിപ്പിച്ചു. ഇത് മനുഷ്യരുടെ കണ്ണിന് ബിന്ദുക്കളെ പരസ്പരം വേർതിരിച്ചു കാണാൻ പറ്റാത്തത്രെയും അളവിലായതിനാൽ ദൃശ്യങ്ങളുടെ വ്യക്തത മുൻകാല ഡിസ്പ്ലേകളെ അപേക്ഷിച്ചു വളരെ കൂടുതലായി തീർന്നു. ഇത്തരം ഉയർന്ന നിലവാരമുള്ള സ്മാർട്ട്ഫോൺ ഡിസ്പ്ലേകൾ വലിപ്പം കുറഞ്ഞ ഉപകരണങ്ങളിൽ മികച്ച ദൃശ്യ വിരുന്നൊരുക്കാൻ സഹായകമായി.

> ▶ സ്മാർട്ട് ഫോൺ ഡിസ്പ്ളേയിൽ നൂതന മാറ്റങ്ങൾ

## സ്മാർട്ട്ഫോണുകളുടെ ഉപയോഗങ്ങൾ:

**ആശയവിനിമയം:** ലോകമെമ്പാടുമുള്ള കോൺടാക്റ്റുകളുമായി തത്സമയ ആശയവിനിമയം സുഗമമാക്കുന്നതിന്, കോളുകൾ ചെയ്യാനും വാചക സന്ദേശങ്ങൾ അയയ്ക്കാനും വാട്ട്സാപ്പ്, മെസ്സഞ്ചർ, ഐമെസേജ് പോലുള്ള തൽക്ഷണ സന്ദേശമയയ്ക്കൽ ആപ്പുകളിൽ ഏർപ്പെടാനും സ്മാർട്ട്ഫോണുകൾ ഉപയോക്താക്കളെ പ്രാപ്തമാക്കുന്നു. വെബ് ബ്രൗസറുകളും ഇന്റർനെറ്റ് കണക്റ്റിവിറ്റിയും ഉപയോഗിച്ച്, സ്മാർട്ട്ഫോണുകൾ ഉപയോക്താക്കളെ വെബ്സൈറ്റുകൾ ബ്രൗസ് ചെയ്യാനും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ആക്സസ് ചെയ്യാനും വീഡിയോകൾ സ്ട്രീം ചെയ്യാനും ഓൺലൈനിൽ ഷോപ്പുചെയ്യാനും അനുവദിക്കുന്നു, ഇത് അവരുടെ വിരൽത്തുമ്പിൽ ധാരാളം വിവരങ്ങളും വിനോദങ്ങളും നൽകുന്നു.

> ▶ തൽക്ഷണ സന്ദേശമയക്കാൻ സ്മാർട്ട് ഫോണുകൾ

ഇമെയിൽ ക്ലയന്റുകൾ, കലണ്ടറുകൾ, നോട്ട് എടുക്കൽ ആപ്പുകൾ, ഡോക്യുമെന്റ് എഡിറ്റർമാർ എന്നിവയുൾപ്പെടെയുള്ള ഉൽപ്പാദനക്ഷമത ഏറിയ നിരവധി ടൂളുകളുടെയും ആപ്പുകളുടെയും ഒരു നിരതന്നെ സ്മാർട്ട്ഫോണുകൾ വാഗ്ദാനം ചെയ്യുന്നു. കർത്തവ്യങ്ങൾ നിർവഹിക്കാനും സന്ദർശനത്തിനുള്ള സമയം, സ്ഥലം എന്നിവ ആസൂത്രണം ചെയ്യാനും വിദൂരമായി പ്രോജക്റ്റുകളിൽ സഹകരിക്കാനും ഉപയോക്താക്കളെ പ്രാപ്തരാക്കുന്നു. സ്ട്രീമിംഗ് സംഗീതം, വീഡിയോകൾ കാണുന്നത് മുതൽ ഗെയിമുകൾ കളിക്കാനും ഇ-ബുക്കുകൾ വായിക്കാനും വരെ, സ്മാർട്ട്ഫോണുകൾ അനന്തമായ വിനോദ ഓപ്ഷനുകൾ നൽകുന്നു. എപ്പോൾ വേണമെങ്കിലും എവിടെയും ആസ്വദിക്കാൻ കഴിയുന്ന പോർട്ടബിൾ മൾട്ടിമീഡിയ ഉപകരണങ്ങളായി അവ പ്രവർത്തിക്കുന്നു. സ്മാർട്ട്ഫോണുകളിലെ ജി പി എസ് പ്രവർത്തനം, ഗൂഗിൾ മാപ്സ്, ആപ്പിൾ മാപ്സ്, വേസ് തുടങ്ങിയ മാപ്പിംഗ് ആപ്പുകൾ ഉപയോഗിച്ച് റൂട്ടുകൾ നാവിഗേറ്റ് ചെയ്യാനും ലൊക്കേഷനുകൾ കണ്ടെത്താനും ദിശകൾ നേടാനും ഉപയോക്താക്കളെ പ്രാപ്തമാക്കുന്നു.

> ▶ സ്മാർട്ട്ഫോണുകൾ: നവമാധ്യമ സംസ്കാരം രൂപപ്പെടുത്തുന്നു

> ▶ സ്മാർട്ട്ഫോണുകൾ ഉപഭോഗ ശീലങ്ങളെ മാറ്റുന്നു

സ്മാർട്ട്ഫോണുകളുടെ യുഗത്തിൽ, മാധ്യമങ്ങളുമായുള്ള നമ്മുടെ ബന്ധവും സംസ്കാരവും അഗാധമായ പരിവർത്തനത്തിന് വിധേയമായിട്ടുണ്ട്. പോക്കറ്റ് വലിപ്പമുള്ള ഈ ഉപകരണങ്ങൾ നമ്മുടെ ഉപഭോഗ ശീലങ്ങളെ രൂപപ്പെടുത്തുക മാത്രമല്ല ആധുനിക സമൂഹത്തിന്റെ ഘടനയെ സ്വാധീനിക്കുകയും ചെയ്യുന്ന ശക്തമായ ഉപകരണങ്ങളായി മാറിയിരിക്കുന്നു. ഒരു പുതിയ മാധ്യമ സംസ്കാരത്തിന്റെ ആവിർഭാവത്തിന് സ്മാർട്ട്ഫോണുകൾ എങ്ങനെ സഹായിച്ചുവെന്ന് നമുക്ക് നോക്കാം.

1. **വിവരങ്ങളിലേക്കുള്ള തൽക്ഷണ ലഭ്യത:**

> ▶ അറിവിന്റെ ജനാധിപത്യവൽക്കരണം

സ്മാർട്ട്ഫോണുകൾ നമ്മുടെ വിരൽത്തുമ്പിൽ ധാരാളം വിവരങ്ങളിലേക്ക് തൽക്ഷണ ലഭ്യത നൽകുന്നു. പുതു വാർത്തകളുടെ ലഭ്യത മുതൽ വിദ്യാഭ്യാസ ഉറവിടങ്ങൾ വരെ, ഉപയോക്താക്കൾക്ക് തത്സമയം അറിയുവാനും നിലവിലെ എല്ലാ വിഷയങ്ങളുടെയും പുതിയ പ്രവണതകൾ അപ്പപ്പോൾ മനസ്സിലാക്കാനും ഇടപഴകാനും കഴിയും. ഇത് അറിവിലേക്കുള്ള പ്രവേശനത്തെ ജനാധിപത്യവൽക്കരിച്ചു. സമൂഹത്തിൽ കൂടുതൽ അറിവുള്ളവരൂടലെടുത്തു. ഏതു അന്താരാഷ്ട്ര പ്രശ്നങ്ങളും സാധാരണക്കാർക്കും ലഭ്യമാകുന്ന തരത്തിൽ ശാക്തീകരിക്കപ്പെട്ട പങ്കാളികളായി വ്യക്തികൾ മാറുന്നു, പ്രാപ്തരാകുന്നു.

2. **സോഷ്യൽ മീഡിയ സ്വാധീനം:**

> ▶ സോഷ്യൽ മീഡിയയും സ്മാർട്ട് ഫോണും

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ സ്മാർട്ട്ഫോൺ സംസ്കാരത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. ഞങ്ങൾ എങ്ങനെ ആശയവിനിമയം നടത്തുന്നു, ഉള്ളടക്കം ഉപയോഗിക്കുന്നു എന്നത് നാം അറിയാതെ തന്നെ നമ്മുടെ തീരുമാനമായി മാറുന്നു. ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, റ്റിറ്റർ എന്നിവ പോലുള്ള ആപ്പുകൾ ഉപയോഗിച്ച് ഉപയോക്താക്കൾക്ക് അവരുടെ ചിന്തകളും അനുഭവങ്ങളും സർഗ്ഗാത്മകതയും ആഗോള പ്രേക്ഷകരുമായി പങ്കിടാനാകുന്നു. സ്മാർട്ഫോണുകൾ നമ്മുടെ ശരീരത്തിന്റെ ഭാഗമായതു പോലെ കാര്യമായ സ്വാധീനം ചെലുത്തുന്നു. ട്രെൻഡുകൾ, അഭിപ്രായങ്ങൾ, ഉപഭോക്തൃ പെരുമാറ്റം എന്നിവ അവ രൂപപ്പെടുത്തുന്നു.

3. **ഡിജിറ്റൽ ഉള്ളടക്ക ഉപഭോഗം:**

> ▶ ഇമ്മേഴ്സീവ് മൾട്ടി മീഡിയ അനുഭവങ്ങൾ ആസ്വദിക്കാനാകുന്നു

സ്ട്രീമിംഗ് സിനിമകളും സംഗീതവും മുതൽ ഇ-ബുക്കുകൾ വായിക്കുന്നതും ഗെയിമുകൾ കളിക്കുന്നതും വരെ നാം ഡിജിറ്റൽ ഉള്ളടക്കം ഉപയോഗിക്കുന്നതിൽ സ്മാർട്ട്ഫോണുകൾ വലിയ വിപ്ലവം സൃഷ്ടിച്ചു. ഉയർന്ന മിഴിവുള്ള സ്ക്രീനുകളും വേഗതയേറിയ ഇന്റർനെറ്റ് കണക്റ്റിവിറ്റിയും ഉപയോഗിച്ച്, ഉപയോക്താക്കൾക്ക് യാത്രയ്ക്കിടയിലും ഇമ്മേഴ്സീവ് മൾട്ടിമീഡിയ അനുഭവങ്ങൾ ആസ്വദിക്കാനാകുന്നു. നെറ്റ്ഫ്ളിക്സ്, സ്പോട്ടിഫൈ, യൂ ട്യൂബ് എന്നിവ പോലുള്ള സ്ട്രീമിംഗ് സേവനങ്ങൾ വൈവിധ്യമാർന്ന അഭിരുചികളും മുൻഗണനകളും നൽകുന്ന വിനോദ വ്യവസായത്തിലെ പ്രബല ശക്തികളായി മാറിയിരിക്കുന്നു.

#### 4. സിറ്റിസൺ ജേണലിസവും ഉപയോക്താക്കൾ സൃഷ്ടിച്ച ഉള്ളടക്കവും:

ഡിജിറ്റൽ ഭൂമികയിൽ സ്രഷ്ടാക്കളും സംഭാവകരും ആകാൻ സ്മാർട്ട്ഫോണുകൾ വ്യക്തികളെ പ്രാപ്തരാക്കുന്നു. ക്യാമറകളും വീഡിയോ റെക്കോർഡിംഗ് കഴിവുകളും ഉപയോഗിച്ച്, ബ്രേക്കിംഗ് ന്യൂസ് ഇവന്റുകൾ മുതൽ വ്യക്തിഗത സ്റ്റോറികൾ വരെ ആർക്കും ചെയ്യാൻ കഴിയുന്നു. പ്രാധാന്യമുള്ള നിമിഷങ്ങൾ പകർത്താനും പങ്കിടാനും ആർക്കും ഇന്ന് കഴിയുന്നു. വിവരങ്ങൾ രേഖപ്പെടുത്തുന്നതിലും പ്രചരിപ്പിക്കുന്നതിലും സിറ്റിസൺ ജേണലിസ്റ്റുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പലപ്പോഴും അതുല്യമായ കാഴ്ചപ്പാടുകളും ഉൾക്കാഴ്ചകളും നൽകുവാൻ ഇന്ന് സ്മാർട്ട് ഫോൺ വഴി പലർക്കും കഴിയുന്നു.

- ▶ സ്മാർട്ട്ഫോണിന്റെ ഉപയോഗം

ബ്രേക്കിംഗ് ന്യൂസ് കവറേജിൽ സിറ്റിസൺ ജേർണലിസ്റ്റുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പലപ്പോഴും സംഭവങ്ങളുടെ തത്സമയ അപ്ഡേറ്റുകളും ദൃക്സാക്ഷി വിവരണങ്ങളും അവർ നൽകുന്നു. പരമ്പരാഗത മാധ്യമ സ്ഥാപനങ്ങൾ അവർക്കു എത്തിച്ചേരാനും കവർ ചെയ്യാനും പറ്റാത്ത ചില സാഹചര്യങ്ങളിൽ, അത്തരം പരിമിതികൾ മറികടക്കുന്നതിനായി ഇപ്പോൾ സിറ്റിസൺ ജേർണലിസ്റ്റുകളെ ആശ്രയിക്കുന്നു. പ്രതിസന്ധികൾ, ദുരന്തങ്ങൾ, അടിയന്തരാവസ്ഥകൾ എന്നിവയെക്കുറിച്ച് വിലപ്പെട്ട അറിയിപ്പുകൾ നൽകാനും സ്മാർട്ട് ഫോൺ കൊണ്ട് സിറ്റിസൺ ജേർണലിസ്റ് കൾക്ക് കഴിയുന്നു. ഈ ഗ്രാസ്റൂട്ട്, റിപ്പോർട്ടിംഗ് സങ്കീർണ്ണമായ പ്രശ്നങ്ങളൊന്നും കൂടാതെ കൂടുതൽ സൂക്ഷ്മവും സമഗ്രവുമാക്കുന്നു എന്നതും അതിപ്രധാനമാണ്.

- ▶ സിറ്റിസൺ ജേർണലിസവും ഗ്രാസ്റൂട്ട് റിപ്പോർട്ടിംഗും

മുഖ്യധാരാ മാധ്യമകവറേജിൽ അവഗണിക്കപ്പെടുകയോ പ്രതിനിധീകരിക്കപ്പെടുകയോ ചെയ്തേക്കാവുന്ന അതുല്യമായ കാഴ്ചപ്പാടുകളും ഉൾക്കാഴ്ചകളും നൽകാനുള്ള കഴിവാണ് സിറ്റിസൺ ജേണലിസത്തിന്റെ പ്രധാന ശക്തികളിലൊന്ന്. അവരുടെ വ്യക്തിപരമായ അനുഭവങ്ങൾ, സാംസ്കാരിക പശ്ചാത്തലങ്ങൾ, പ്രാദേശിക അറിവുകൾ എന്നിവയെ ആസ്പദമാക്കി, പൗര പത്രപ്രവർത്തകർ സംഭവങ്ങളുടെയും പ്രശ്നങ്ങളുടെയും കൂടുതൽ ആധികാരികവും സൂക്ഷ്മവുമായ ചിത്രീകരണം വാഗ്ദാനം ചെയ്യുന്നു. ഈ വൈവിധ്യമാർന്ന ശബ്ദങ്ങൾ പൊതു സംവാദത്തെ സമ്പന്നമാക്കുകയും പ്രേക്ഷകർക്കിടയിൽ സഹാനുഭൂതിയും ധാരണയും വളർത്തുകയും ചെയ്യുന്നു. സിറ്റിസൺ ജേണലിസം പരമ്പരാഗത മാധ്യമങ്ങൾക്ക് പകരമല്ല, മറിച്ച് പത്രപ്രവർത്തന കവറേജ് വർദ്ധിപ്പിക്കാനും സമ്പന്നമാക്കാനും കഴിയുന്ന ഒരു പൂരക ശക്തിയായായിരിക്കുന്നു ഇന്ന്. പല വാർത്താ ഓർഗനൈസേഷനുകളും സിറ്റിസൺ ജേണലിസ്റ്റുകളുമായി സഹകരിക്കുന്നു. അവരുടെ ദൃക്സാക്ഷി വിവരണങ്ങളും ഫോട്ടോകളും വീഡിയോകളും അവരുടെ റിപ്പോർട്ടിംഗിൽ ഉൾപ്പെടുത്തുന്നു. വൈവിധ്യമാർന്ന ശബ്ദങ്ങളും വീക്ഷണങ്ങളും വർധിപ്പിക്കുമ്പോൾ ഈ സഹകരണ സമീപനം വാർത്താ കവറേജിന്റെ വിശ്വാസ്യതയും കൃത്യതയും ശക്തിപ്പെടുത്തുന്നു.

- ▶ വ്യക്തികൾ വാർത്തകൾ സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു

ഡിജിറ്റൽ യുഗത്തിൽ പൗരന്മാരുടെ ഈ പത്രപ്രവർത്തനവും

ശക്തമായ ചേരികളായി ഉയർന്നുവരുന്നു. ഇത് മാധ്യമരംഗത്തെ ജനാധിപത്യവൽക്കരിക്കുകയും വൈവിധ്യമാർന്ന ശബ്ദങ്ങളും കാഴ്ചപ്പാടുകളും സൃഷ്ടിക്കുകയും ചെയ്യുന്നു. വാർത്തകളും വിവരങ്ങളും സൃഷ്ടിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും സജീവ പങ്കാളികളാകാൻ വ്യക്തികളെ പ്രാപ്തരാക്കുന്നതിലൂടെ, സ്മാർട്ട്ഫോണുകൾ വ്യക്തികൾക്ക് മാധ്യമങ്ങളുമായി ഇടപഴകുന്നതിലും പൊതുവ്യവഹാരങ്ങൾ രൂപപ്പെടുത്തുന്നതിലും വലിയ വിപ്ലവം ആണ് സൃഷ്ടിച്ചത്. സിറ്റിസൺ ജേർണലിസത്തിന്റെ അവസരങ്ങളും വെല്ലുവിളികളും പലതാണ്. ധാർമ്മിക നിലവാരം ഉയർത്തിപ്പിടിക്കുക, മാധ്യമ സാക്ഷരത പ്രോത്സാഹിപ്പിക്കുക, സിറ്റിസൺ റിപ്പോർട്ടർമാരും പരമ്പരാഗത മാധ്യമ സ്ഥാപനങ്ങളും തമ്മിലുള്ള സംഭാഷണവും സഹകരണവും പ്രോത്സാഹിപ്പിക്കുക എന്നത് അതിൽ പ്രധാനമാണ്.

▶ സിറ്റിസൺജേർണലിസം നേരിടുന്ന വെല്ലുവിളികൾ

## സ്മാർട്ട്ഫോൺ സംസ്കാരത്തിന്റെ വെല്ലുവിളികൾ:

സ്മാർട്ട്ഫോണുകൾ നിരവധി ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും അവ പല വെല്ലുവിളികളും ആശങ്കകളും ഉയർത്തുന്നു. ഡിജിറ്റൽ ആസക്തി, വിവരങ്ങളുടെ അമിതഭാരം, സ്വകാര്യത ലംഘനങ്ങൾ, സൈബർ ഭീഷണിപ്പെടുത്തൽ തുടങ്ങിയ പ്രശ്നങ്ങൾ സ്മാർട്ട്ഫോൺ സംസ്കാരത്തിൽ വ്യാപകമാണ്. നിരന്തരമായ കണക്റ്റിവിറ്റിയും ബന്ധം നിലനിർത്താനുള്ള സമ്മർദ്ദവും മാനസികാരോഗ്യത്തെയും ക്ഷേമത്തെയും ബാധിക്കുകയും സമ്മർദ്ദം, ഉത്കണ്ഠ, സാമൂഹികമായ ഒറ്റപ്പെടൽ എന്നിവയിലേക്ക് നയിക്കുകയും ചെയ്യും.

▶ സ്മാർട്ട്ഫോൺ-ദൂഷ്യവശങ്ങൾ

### പുതിയ മാധ്യമ ഉപഭോഗ ശീലങ്ങൾ:

സ്മാർട്ട്ഫോണുകൾ നമ്മുടെ മാധ്യമ ഉപഭോഗ ശീലങ്ങളെ പുനർരൂപകൽപ്പന ചെയ്തു. പരമ്പരാഗതവും ഡിജിറ്റൽ മീഡിയയും തമ്മിലുള്ള അതിർവരമ്പുകൾ മാഞ്ഞു പോയതോടെ പല പ്രശ്നങ്ങളും ഉടലെടുത്തു. സ്ട്രീമിംഗ് സേവനങ്ങൾ, പോഡ്കാസ്റ്റുകൾ, മൊബൈൽ ആപ്പുകൾ എന്നിവയുടെ വളർച്ചയോടെ, ഉപയോക്താക്കൾക്ക് അവർ എങ്ങനെ, എപ്പോൾ, എവിടെ ഉള്ളടക്കം ഉപയോഗിക്കുന്നു എന്നതിൽ കൂടുതൽ തിരഞ്ഞെടുപ്പുകളും നിയന്ത്രണവും ഉണ്ടായി. ആവശ്യാനുസരണം വ്യക്തിഗതമാക്കിയ അനുഭവങ്ങളിലേക്കുള്ള ഈ മാറ്റം സ്മാർട്ട്ഫോൺ യുഗത്തിലെ മാധ്യമ സംസ്കാരത്തിന്റെ മാറുന്ന സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു.

▶ സ്മാർട്ട്ഫോൺ ഉപഭോക്താക്കൾ തെരഞ്ഞെടുപ്പിലുള്ള ശ്രദ്ധ

### സ്മാർട്ട്ഫോണുകളോടുള്ള ആസക്തി:

അമിതമായ സ്മാർട്ട്ഫോൺ ഉപയോഗം ആസക്തിയിലേക്ക് നയിച്ചേക്കാം. കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർ വരെ ലിംഗഭേദമില്ലാതെ നിത്യ ജീവിതത്തിലെ ഒരു പതിവ് ശീലമായി സ്മാർട്ട്ഫോണുപയോഗത്തിൽ അടിപ്പെട്ടു. അറിയിപ്പുകളുടെ ഒച്ച കേൾക്കുമ്പൾ തന്നെ നിരന്തരം പരിശോധിക്കാനും വായിക്കാനും ഉള്ള ഒരു ആസക്തി എല്ലാവരിലും കൂടിക്കൂടി വരുന്നു. സോഷ്യൽ മീഡിയ ഫീഡുകളിലൂടെ സ്ക്രോൾ ചെയ്യൽ, മൊബൈൽ ഗെയിമുകൾ കളിക്കൽ തുടങ്ങിയ നിർബന്ധിത ക്രിയകളാൽ വ്യക്തിസ്വഭാവം ചഞ്ചലമാകുകയും അത്,

▶ സ്മാർട്ട്ഫോണുകളോടുള്ള ആസക്തി ആരോഗ്യത്തെ തകർക്കുന്നു

മാനസികാരോഗ്യത്തെയും ഉൽപ്പാദനക്ഷമതയെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

### ഏകാഗ്രതയില്ലായ്മ:

സ്മാർട്ട്ഫോണുകൾ ശ്രദ്ധ വ്യതിചലിപ്പിക്കുകയും പ്രധാനപ്പെട്ട ജോലികൾ, സംഭാഷണങ്ങൾ, യഥാർത്ഥ ലോകത്തിലെ സാധാരണ ഇടപെടലുകൾ എന്നിവയിൽ നിന്ന് ശ്രദ്ധ തിരിക്കുകയും ചെയ്യും. അറിയിപ്പുകൾ, അവധാനപൂർവ്വമായി ചെയ്യേണ്ട കാര്യങ്ങൾ, നിരന്തരമായ കണക്റ്റിവിറ്റി എന്നിവ ശ്രദ്ധയെ തടസ്സപ്പെടുത്തുകയും വൈജ്ഞാനികമായ ഇടപെടലുകളെ സാരമായി ബാധിക്കുകയും ചെയ്യും.

- വൈജ്ഞാനികമായ കാര്യങ്ങൾ അവഗണിക്കുന്നു

### സ്വകാര്യത നേരിടുന്ന പ്രശ്നങ്ങൾ, ആശങ്കകൾ:

സ്മാർട്ട്ഫോണുകളുടെ ലൊക്കേഷൻ, ബ്രൗസിംഗ് ചരിത്രം, ആപ്പ് ഉപയോഗം എന്നിവയുൾപ്പെടെ വലിയ അളവിലുള്ള വ്യക്തിഗത ഡാറ്റ ശേഖരിക്കുന്നതു സ്വകാര്യതയെയും ഡാറ്റ സുരക്ഷയെയും കുറിച്ചുള്ള ആശങ്കകൾ ഉയർത്തുന്നു. അനധികൃത ഇടപെടലുകൾ, ഡാറ്റാ ലംഘനങ്ങൾ, നിരീക്ഷണം എന്നിവ ഉപയോക്താവിന്റെ സ്വകാര്യതയ്ക്കും രഹസ്യസ്വഭാവത്തിനും അപകടസാധ്യതകൾ സൃഷ്ടിക്കുന്നു. സ്മാർട്ട്ഫോണുകളിലെ സോഷ്യൽ മീഡിയയും സന്ദേശമയയ്ക്കൽ ആപ്പുകളും സൈബർ ഭീഷണിയും ഉപദ്രവവും ഓൺലൈൻ ദുരുപയോഗവും എളുപ്പമാക്കുന്നു. വ്യക്തികൾക്ക് മറ്റുള്ളവരെ സ്വയം വെളിപ്പെടുത്താതെ തന്നെ ഉപദ്രവിക്കാൻ കഴിയുന്നു. അല്ലെങ്കിൽ വ്യാജ അക്കൗണ്ടുകളിലൂടെ എളുപ്പത്തിൽ ഉന്നം വെയ്ക്കാനും ശല്യപ്പെടുത്തുവാനും കഴിയും. ഇത് വൈകാരികമായി വലിയ ക്ലേശവും മാനസികമായ അസ്വസ്ഥതയും ഉണ്ടാക്കുന്നു.

- ഓൺലൈൻ ദുരുപയോഗം

### ആരോഗ്യ ആഘാതങ്ങൾ:

നീണ്ട നേരത്തുള്ള നിരന്തരമായ സ്മാർട്ട്ഫോൺ ഉപയോഗം ശാരീരിക ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. കണ്ണിന്റെ ആയാസം, കഴുത്ത്, പുറം വേദന, ഉറക്കത്തിന്റെ തടസ്സം (നീല വെളിച്ചം എക്സ്പോഷർ, രാത്രി ഫോൺ ഉപയോഗം എന്നിവ കാരണം) വിവിധ ആരോഗ്യ പ്രശ്നങ്ങൾക്ക് ഇത് കാരണമാകുന്നു.

സ്മാർട്ട്ഫോണുകൾ നിരവധി ആനുകൂല്യങ്ങളും സൗകര്യങ്ങളും നൽകുമ്പോൾ, അവയുടെ പോരായ്മകളും ദുരുപയോഗങ്ങളും ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. സ്മാർട്ട്ഫോണുകൾ ഉത്തരവാദിത്തത്തോടെ ഉപയോഗിക്കുന്നതിലൂടെയും സ്ക്രീൻ സമയം നിയന്ത്രിക്കുന്നതിലൂടെയും ഡിജിറ്റൽ ക്ഷേമത്തിന് മുൻഗണന നൽകുന്നതിലൂടെയും, ഉപയോക്താക്കൾക്ക് സ്മാർട്ട്ഫോൺ സാങ്കേതികവിദ്യയുടെ നല്ല വശങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും.

- ആരോഗ്യകരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു

### ഫോൺരഹിത ദിനങ്ങൾ:

മാനസിക ക്ഷേമത്തിനായി ഡിജിറ്റൽ ഡിറ്റോക്സ് സ്വീകരിക്കുന്ന ഇന്നത്തെ ഹൈപ്പർകണക്റ്റഡ് ലോകത്ത്, സ്മാർട്ട്ഫോണുകൾ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരി

ക്കുന്നു. സാങ്കേതികവിദ്യയിൽ നിന്ന് വിച്ഛേദിക്കുന്നതിനും നമുക്ക് ചുറ്റുമുള്ള ലോകവുമായും വീണ്ടും ബന്ധപ്പെടാനുള്ള ഒരു ഉപാധിയായി 'ഫോൺ രഹിത ദിനങ്ങൾ' എന്ന ആശയം പ്രചാരം നേടിയിട്ടുണ്ട്. ഈ നിയുക്ത ദിനങ്ങൾ നിരന്തരമായ അറിയിപ്പുകൾ, സോഷ്യൽ മീഡിയ അപ്ഡേറ്റുകൾ, ഡിജിറ്റൽ അശ്രദ്ധകൾ എന്നിവയിൽ നിന്ന് ഇടവേള എടുക്കുന്നതിനും മാനസിക ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനും മനഃസാന്നിധ്യം വളർത്തുന്നതിനും വിലയേറിയ അവസരം നൽകുന്നു. ഫോൺ രഹിത ദിനങ്ങൾ സാങ്കേതികവിദ്യയുടെ നിരന്തരമായ ഉപയോഗത്തിൽ നിന്ന് വളരെ ആവശ്യമായ വിശ്രമം പ്രദാനം ചെയ്യുന്നു. ഇത് വ്യക്തികളെ അവരുടെ തലച്ചോറിലെ കോശങ്ങൾക്ക് വിശ്രമിക്കാനും ഉന്മേഷം വീണ്ടെടുക്കുവാനും സാധ്യമാക്കുന്നു. സ്ക്രീനുകളിൽ നിന്നുള്ള വെളിച്ചം നിരന്തരമായി നോക്കുന്നതിലൂടെ കണ്ണുകൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടും പ്രയാസവും കുറക്കാനും കഴിയും. സ്മാർട്ട്ഫോണുകളിൽ നിന്ന് മാറുന്നതിലൂടെ, വ്യക്തികൾക്ക് മറ്റുള്ള പല പ്രധാന കാര്യങ്ങളിലും കൂടുതൽ ശ്രദ്ധയും സാന്നിധ്യവും വളർത്തിയെടുക്കാൻ കഴിയും. ഡിജിറ്റൽ ഉപകരണങ്ങളുമായി നിരന്തരം ബന്ധിപ്പിക്കുന്നതിനുപകരം, ആളുകൾക്ക് അവരുടെ ചുറ്റുപാടുകളിൽ പൂർണ്ണമായും മുഴുകാനും പ്രകൃതിയുടെ സൗന്ദര്യത്തെ ആസ്വദിക്കാനും ഏകാന്തതയുടെ നിമിഷങ്ങൾ ആസ്വദിക്കാനും തങ്ങളുമായും മറ്റുള്ളവരുമായും ആഴത്തിലുള്ള ബന്ധം വളർത്തിയെടുക്കാനും കഴിയും.

- ഫോൺ രഹിത ദിനങ്ങൾ വിശ്രമം പ്രദാനം ചെയ്യുന്നു

അമിതമായ സ്മാർട്ട്ഫോൺ ഉപയോഗം സമ്മർദ്ദം, ഉത്കണ്ഠ, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയുണ്ടാക്കുന്നുണ്ടെന്നു പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. ഫോൺ രഹിത ദിനങ്ങൾ, സമ്മർദം ലഘൂകരിക്കാനും അവരുടെ ജീവിതത്തിൽ സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കാനും മറ്റു വ്യക്തികളുമായി നിരന്തരം ബന്ധം നിലനിർത്താനും ഡിജിറ്റൽ മേഖലയിൽ പ്രവർത്തിക്കാനുള്ള സമ്മർദ്ദത്തിൽ നിന്ന് ഒരു മോചനം നേടാനും ഇടയാക്കുന്നു. സ്മാർട്ട്ഫോണുകൾ പുറപ്പെടുവിക്കുന്ന നീല വെളിച്ചം ഉറക്കത്തെ തടസ്സപ്പെടുത്തുകയും ശരീരത്തിന്റെ സ്വാഭാവിക താളത്തിൽ ഇടപെടുകയും മാനസിക പിരിമുറുക്കങ്ങളിലേക്കും ഉറക്കമില്ലായ്മയിലേക്കും നയിക്കുകയും ചെയ്യും. ഉറക്കസമയം സ്ക്രീനുകളിൽ നിന്ന് അൺപ്ലഗ് ചെയ്യുന്നതിലൂടെയും ഫോൺ രഹിത ദിവസങ്ങൾ നിശ്ചയിക്കുന്നതിലൂടെയും വ്യക്തികൾക്ക് ഉറക്കത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും മൊത്തത്തിലുള്ള ആരോഗ്യം മെച്ചപ്പെടുത്താനും കഴിയും. ഫോൺരഹിത ദിനങ്ങൾ ഡിജിറ്റൽ ഗ്രൈൻഡിൽ നിന്ന് മോചനം നേടാനും മനഃസാന്നിധ്യം വളർത്തിയെടുക്കാനും ഇന്നത്തെ സാങ്കേതികവിദ്യാധിഷ്ഠിത ലോകത്ത് മാനസിക ക്ഷേമത്തിന് മുൻഗണന നൽകാനുമുള്ള വിലപ്പെട്ട അവസരം നൽകുന്നു. ഡിജിറ്റൽ ഡിറ്റോക്സ് സ്വീകരിക്കുന്നതിലൂടെയും സ്മാർട്ട് ഫോണുകളിൽ നിന്നുള്ള പതിവ് ഇടവേളകൾ നമ്മുടെ ജീവിതത്തിൽ ഉൾപ്പെടുത്തുന്നതിലൂടെയും, നമുക്ക് നമ്മുടെ സമയവും ഊർജവും ശ്രദ്ധയും വീണ്ടെടുക്കാൻ കഴിയും.

- സ്മാർട്ട്ഫോണുകളിലെ നീല വെളിച്ചം ഉറക്കത്തെ തടസ്സപ്പെടുത്തും

> **അതിവേഗഇന്റർനെറ്റിനായി കെ ഫോണുമായി കേരളം**
>
> സംസ്ഥാനത്ത് അതിവേഗകണക്ടിവിറ്റിയുമായി കെ ഫോൺ ഉടൻ യാഥാർഥ്യമാകുമെന്നാണ് കേരള സർക്കാരിന്റെ പ്രഖ്യാപനം. കേരള സംസ്ഥാന വൈദ്യുതിവകുപ്പാണ് (കെ.എസ്.ഇ.ബി.) ഫോണിന്റെ ചുമതല വഹിക്കുന്നത്. സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ ഫോൺ. സുശക്തമായ ഒപ്റ്റിക്കൽ ഫൈബർശൃംഖല സംസ്ഥാനത്താകെ സ്ഥാപിക്കുന്ന പദ്ധതിയിലൂടെ അതിവേഗ ഇന്റർനെറ്റ് കണക്ഷൻ സംസ്ഥാനത്തെ വീടുകളിലും, 30,000 ത്തോളം ഓഫീസുകളിലും നൽകുമെന്നും കെ.എസ്.ഇ.ബി ഔദ്യോഗികഫേസ്ബുക്ക് പേജിൽ വ്യക്തമാക്കുന്നു.
>
> ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ 20 ലക്ഷത്തോളം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ സഹായകമാകും. സംസ്ഥാന സർക്കാരിന്റെയും മറ്റ് സ്വകാര്യ ടെലികോം സർവ്വീസ് പ്രൊവൈഡറിന്റെയും നിലവിലുള്ള ബാന്റ് വിഡ്ത്ത് പരിശോധിച്ച് അതിന്റെ അപര്യാപ്തത മനസ്സിലാക്കുകയും അത് പരിഹരിച്ച് ഭാവിയിലേക്ക് ആവശ്യമായ ബാന്റ് വിഡ്ത്ത് സജ്ജമാക്കുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്നും കെ.എസ്.ഇ.ബി വിശദീകരിക്കുന്നു.

## അതിവേഗ ഇന്റർനെറ്റ്, ഒ ടി ടി (Over The Top) മാധ്യമ സംസ്കാരം

സമൂഹം ഇന്ന് സാംസ്കാരിക-സാങ്കേതിക വിനിമയസംവിധാനത്തിന് ആധുനികമായ മാർഗങ്ങൾ അവലംബിക്കേണ്ട അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുകയാണ്. ഫൈവ് ജി സാങ്കേതികവിദ്യയിലുള്ള ഫോണാണ് ഏറ്റവും ഒടുവിൽ വിപണിയിലെത്തിയത്.

> ▶ ഫൈവ്-ജി ഫോൺ - ഏറ്റവും പുതിയത്

ലോകത്തുള്ള സ്മാർട്ട് ഫോണുകളിൽ 86 ശതമാനം ഉപകരണങ്ങളിലും ഗൂഗിൾ കമ്പനിയുടെ ലിനക്സ് കേന്ദ്രീകൃത ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ആണ് ഉപയോഗിച്ചു വരുന്നത്.

### അതിവേഗ ഇന്റർനെറ്റ്

ഒരു വലിയ കമ്പനി അല്ലെങ്കിൽ വളർന്നുവരുന്ന ബിസിനസ്സ്, ഒരു സ്റ്റാർട്ട്-അപ്പ് അല്ലെങ്കിൽ സർക്കാർ സ്ഥാപനം എന്നിങ്ങനെ എല്ലാ ബിസിനസുകൾക്കും അതിന്റെ ജീവനക്കാർക്കും പങ്കാളികൾക്കും ഉപഭോക്താക്കൾക്കും വിവരങ്ങൾപങ്കിടുന്ന ലോകത്ത് തടസ്സമില്ലാതെ പ്രവർത്തിക്കാനുള്ള കഴിവ് നൽകുന്ന വേഗതയേറിയതും വിശ്വസനീയവും സുരക്ഷിതവുമായ ഇന്റർനെറ്റ് ആക്സസ് ആവശ്യമാണ്. ഇത്തരം ആവശ്യങ്ങൾക്കായാണ് അതിവേഗ ഇന്റർനെറ്റ് രംഗത്തുവന്നത്.

> ▶ വിവരങ്ങൾ തടസ്സമില്ലാതെ കിട്ടുന്നതിനായി

## OTT (Over The Top)

> ▶ ഒ ടി ടി സ്ട്രീമിംഗ് ജനകീയമായ നെറ്റ്‌വർക്കായി മാറുന്നു

കലാപരമായ മേന്മകൊണ്ട് ടെലിവിഷൻ കാഴ്ച സമ്പൂർണ്ണമായ ഡിജിറ്റൽ പതിപ്പിലേക്ക് പറിച്ചുനടുന്നതിന്റെ ഭാഗമായി ആധുനികരീതിയിലുള്ള വീഡിയോ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലേക്ക് കാണികൾ ചേക്കേറി. ഈ മാർഗ്ഗത്തിലേക്കുള്ള ഏറ്റവും പുതിയ സാങ്കേതികവിദ്യയാണ് ഒ ടി ടി (ഓവർ-ദി-ടോപ്പ്). വലിയ സ്ക്രീനുകൾ ഉപയോഗിച്ചുകൊണ്ട് വീടുകളിൽ ഇരുന്ന് കുടുബാംഗങ്ങളോടും സുഹൃത്തുക്കളോടുമൊപ്പം ഒ ടി ടി വഴി പുതിയ സിനിമകൾ കാണുന്നത് ഇന്ന് പതിവ് കാഴ്ചയാണ്. ഒ ടി ടി സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകൾ ജനകീയമായ ഒരു നെറ്റ്‌വർക്കായി മാറിയിരിക്കുന്നു. ഒ ടി ടി കളുടെ വ്യത്യസ്ത ഉപയോഗങ്ങൾ ഇന്ന് വർധിച്ചുവരികയാണ്.

> ▶ ഒ ടി ടി സേവനങ്ങൾ ഉപഭോക്താക്കളിലേക്ക്

'ഓവർ-ദി-ടോപ്പ്' (ഒ ടി ടി) എന്ന പദം ഉത്ഭവിച്ചത് കേബിൾ അല്ലെങ്കിൽ സാറ്റലൈറ്റ് ടെലിവിഷൻ ദാതാക്കളെ പോലുള്ള പരമ്പരാഗത വിതരണ ചാനലുകളെ മറികടക്കുന്ന ഉള്ളടക്ക ഡെലിവറി സേവനങ്ങളെ വിവരിക്കുന്നതിനായി ടെലികമ്മ്യൂണിക്കേഷൻസ്, മീഡിയ ഡിസ്ട്രിബ്യൂഷൻ എന്നീ മേഖലകളിൽ നിന്നാണ്. ഒ ടി ടി സേവനങ്ങൾ ഇന്റർനെറ്റ് വഴി വീഡിയോ, ഓഡിയോ, മറ്റ് മീഡിയ ഉള്ളടക്കം എന്നിവ നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നു, സ്മാർട്ട്ഫോണുകൾ, ടാബ്‌ലെറ്റുകൾ, സ്മാർട്ട് ടിവികൾ, ഗെയിമിംഗ് കൺസോളുകൾ എന്നിവയുൾപ്പെടെയുള്ള വിപുലമായ ഉപകരണങ്ങളിൽ ഉള്ളടക്കം ആക്സസ് ചെയ്യാൻ അവരെ പ്രാപ്തരാക്കുന്നു.

**ഒ ടി ടി യുടെ ഉത്ഭവം:**

> ▶ ഓവർ-ദി-ടോപ്പ്-ഒ ടി ടി യുടെ ആരംഭം

പരമ്പരാഗത കേബിൾ അല്ലെങ്കിൽ സാറ്റലൈറ്റ് ടെലിവിഷൻ വിതരണ ചാനലുകളെ മറികടന്ന് നിലവിലുള്ള ഇന്റർനെറ്റ് ഇൻഫ്രാസ്ട്രക്ചറിന് മുകളിൽ വീഡിയോ ഉള്ളടക്കം വിതരണം ചെയ്യുന്ന സമ്പ്രദായത്തിൽ നിന്നാണ് 'ഓവർ-ദി-ടോപ്പ്' എന്ന പദം ഉത്ഭവിച്ചത്. തുടക്കത്തിൽ, ഒ ടി ടി സേവനങ്ങൾ പ്രധാനമായും നെറ്റ്ഫ്ളിക്സ് പോലുള്ള വീഡിയോ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളുമായി ബന്ധപ്പെട്ടിരുന്നു. ഇത് കേബിളിന്റെയോ സാറ്റലൈറ്റ് സബ്സ്ക്രിപ്ഷന്റെയോ ആവശ്യമില്ലാതെ ഇന്റർനെറ്റിലൂടെ സിനിമകളിലേക്കും ടിവി ഷോകളിലേക്കും ആവശ്യാനുസരണം ആക്സസ് വാഗ്ദാനം ചെയ്യുന്നു.

**ഒ ടി ടി യുടെ ഉപയോഗം:**

> ▶ ഒ ടി ടിയുടെ ഉപയോഗം സ്വാതന്ത്ര്യത്തോടെയുള്ള തിരഞ്ഞെടുപ്പിന് വഴിതെളിച്ചു

വീഡിയോ സ്ട്രീമിംഗ് സേവനങ്ങൾ: നെറ്റ്ഫ്ളിക്സ്, ആമസോൺ പ്രൈം വീഡിയോ, ഡിസ്നി പ്ലസ് എന്നിവ പോലുള്ള ഒ ടി ടി പ്ലാറ്റ്ഫോമുകൾ ആളുകൾ ടെലിവിഷനും സിനിമകളും ഉപയോഗിക്കുന്ന രീതിയിൽ വിപ്ലവം സൃഷ്ടിച്ചു. ഈ സേവനങ്ങൾ ആവശ്യാനുസരണം ഉള്ളടക്കം, ഒറിജിനൽ പ്രോഗ്രാമിംഗ്, എക്സ്ക്ലൂസീവ് റിലീസുകൾ എന്നിവയുടെ വിപുലമായ ശേഖരം വാഗ്ദാനം ചെയ്യുന്നു. ഇത് ഉപഭോക്താക്കൾക്ക് അവർ എന്ത്, എപ്പോൾ, എവിടെ കാണുന്നുവെന്നതിൽ പൂർണ സ്വാതന്ത്ര്യത്തോടെയുള്ള തിരഞ്ഞെടുപ്പിന് സാധ്യമാക്കുന്നു.

ഒ ടി ടി (ഓവർ-ദി-ടോപ്പ്) മീഡിയയിലെ വർദ്ധിച്ചുവരുന്ന ട്രെൻഡു

കൾക്കൊപ്പം വിപുലീകരിക്കപ്പെട്ട വിനോദത്തിന്റെ പുതിയ വഴികൾ ഇന്റർനെറ്റ് വാഗ്ദാനം ചെയ്യുന്നു. ഡിജിറ്റൽ മീഡിയ വിപുലീകരണത്തിന്റെ ഒരു പ്രധാന ഉപോൽപ്പന്നമായി ഒ ടി ടി പ്ലാറ്റ്ഫോമുകൾ ഉയർന്നുവന്നിട്ടുണ്ട്. ആഗോള ഒ ടി ടി വിപണി 2026-ഓടെ 86.80 ബില്ല്യണിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് 14.3% ന്റെ സംയുക്ത വാർഷിക വളർച്ചാനിരക്ക് (CAGR) പ്രകടിപ്പിക്കുന്നു. ഓൺലൈൻ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളുടെ പെട്ടെന്നുള്ള വളർച്ചയുടെ കാരണം താരതമ്യേന വിലകുറഞ്ഞതും താങ്ങാനാവുന്നതുമായ ഇന്റർനെറ്റ് ആക്സസ്സും വിലകുറഞ്ഞ സ്മാർട്ട്ഫോണുകളുടെ ലഭ്യതയുമാണ്. വേഗത കൂടിയ, വിലകുറഞ്ഞ ഇന്റർനെറ്റ് കണക്ഷൻ സാധ്യമായതോടെ കുറഞ്ഞ നിരക്കിലുള്ള, സബ്സ്ക്രിപ്ഷൻ അടിസ്ഥാനമാക്കിയുള്ള ഒ ടി ടി പ്ലാറ്റ്ഫോമുകൾ, പരമ്പരാഗത പേ ടിവി ചാനലുകൾ വർഷങ്ങളായി ആധിപത്യം പുലർത്തിയിരുന്ന സങ്കീർണ്ണവും രേഖീയവും ലംബവുമായ സംയോജിത ടെലിവിഷൻ വിതരണ വ്യവസായത്തെ സാവധാനത്തിൽ എന്നാൽ എന്നെന്നേക്കുമായി തകർത്തു.

▶ ഒ ടി ടി പ്ലാറ്റ്ഫോമുകൾ പേ ടി വി ചാനലുകളുടെ മേൽ ആധിപത്യം നേടി

മനുഷ്യസ്വഭാവത്തിന്റെ അടിസ്ഥാനസവിശേഷതകളിൽ വലിയ പരിണാമങ്ങൾ സംഭവിച്ചിട്ടില്ല എങ്കിലും സ്വത്വത്തെക്കുറിച്ചുള്ള നമ്മുടെ ബോധതലങ്ങളിലും ബന്ധങ്ങളുടെ തീവ്രതയിലും ഭാവന ഉപയോഗിക്കുന്ന ശൈലികളിലും ഡിജിറ്റൽ സാങ്കേതികവിദ്യ മാറ്റം വരുത്തിയിട്ടുണ്ട്. ഹോവാർഡ് ഗാർഡിനേറും കേറ്റ് ഡേവിസും ചേർന്ന് എഴുതിയിട്ടുള്ള 'ദി ആപ് ജനറേഷൻ' എന്ന ഗ്രന്ഥത്തിൽ പുതിയ ഗവേഷണഫലങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഹാർഡ്‌വെയറിലും സോഫ്റ്റ്‌വെയറിലും പൊതുവേ ഉൾപ്പെട്ട് ജീവിക്കുന്ന തലമുറയുടെ യഥാർത്ഥജീവിതം എന്തെന്ന പഠനത്തിന് എന്നും പ്രസക്തിയുണ്ട്. സാങ്കേതികവിദ്യ മനുഷ്യനെ നിർവചിക്കാൻ തുടങ്ങുന്നതു മുതൽ മനുഷ്യജീവിതത്തിന് നമ്മുടെ ബോധത്തിൽ ഉണ്ടായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ വേണം ആപ്പ് അവബോധത്തെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ. ആപ്പുകളിൽ മുങ്ങിയുള്ള മനുഷ്യജീവിതം അവരുടെ പൊതുബോധത്തെ രൂപപ്പെടുത്തി മനുഷ്യന്റെ ഭാവി നിർണയിക്കുമ്പോൾ ആപ്പിനുള്ളിലെ ജീവിതം ഏതുതരത്തിലെല്ലാം സ്വാധീനം ചെലുത്തും എന്ന് പരിശോധിക്കേണ്ടതാണ്.

> ▶ സ്വത്വത്തെക്കുറിച്ചുള്ള ബോധത്തിൽ മാറ്റം വരുത്തി

സമൂഹമാധ്യമങ്ങളിൽ ഏറ്റവും ലളിതമായി സാധാരണക്കാർക്ക് കൈകാര്യം ചെയ്യാനാവുന്ന ജനകീയമായ ആപ്പാണ് ഫേസ്ബുക്ക്.

ഏത് പ്രായത്തിലുള്ളവർക്കും ഫേസ്ബുക്ക് അംഗത്വമെടുക്കാവുന്നതാണ് എന്നതാണ് വലിയ നേട്ടം. സ്വയം അവതരിപ്പിക്കുക എന്നതാണ് എഫ്ബിയിൽ അംഗങ്ങളാകുന്നവരുടെ ദൗത്യം. സ്വന്തം പ്രൊഫൈലുകൾ പൊലിപ്പിച്ച് പ്രദർശിപ്പിക്കുക എന്നുള്ളതാണ് ഫേസ്ബുക്കിലെ രീതി. പലരും തങ്ങളുടെ വ്യക്തിവിവരങ്ങൾ വളരെ പ്രകടമായ രീതിയിൽ തന്നെയാണ് എഫ്ബിയിൽ രേഖപ്പെടുത്താറുള്ളത്. അതുകൊണ്ടുതന്നെ പൊയ്മുഖങ്ങളെ തിരിച്ചറിയാനുള്ള സാധ്യത വിരളമാണ് എന്നതാണ് സമൂഹമാധ്യമങ്ങളിലെ ജനകീയ ആപ്പായ ഫേസ്ബുക്കിന്റെ പ്രശ്നം. അംഗങ്ങൾ അതിഥികളാകുന്ന പൊതുചടങ്ങുകൾ, പിറന്നാൾ ആഘോഷങ്ങളുടെ പൊലിപ്പുകൾ, വിവാഹച്ചടങ്ങുകൾ, പുസ്തകപ്രകാശനങ്ങൾ തുടങ്ങിയ സദസ്സുകളുടെ ഫോട്ടോകൾ സ്റ്റാറ്റസ് ആയി നൽകുക എന്നുള്ളതാണ് ഫേസ്ബുക്ക് ഉപയോഗത്തിന്റെ രീതി.

▶ ഫേസ് ബുക്കിൽ പ്രൊഫൈലുകൾ പൊലിപ്പിച്ചു കാട്ടുന്നു

സാധാരണയായി ഫേസ്ബുക്ക് ചാറ്റ് ബോക്സ് ഉപയോഗിക്കുമ്പോൾ വർഷങ്ങൾ കഴിഞ്ഞാൽപോലും മറുവശത്തുള്ള ആളിനെ മനസ്സിലാക്കണമെന്നില്ല. ഒരാളെക്കുറിച്ചുള്ള ശരിയായ വിവരമാണോ ഫേസ്ബുക്കിൽ കൊടുത്തിരിക്കുന്നത് എന്ന് ഉറപ്പിച്ചുപറയാനാകില്ല. എങ്കിലും നേരിട്ട് പറയാനാകാത്ത പല കാര്യങ്ങളും ചാറ്റ് ബോക്സിലൂടെ അവതരിപ്പിക്കാനുള്ള ധൈര്യം അംഗങ്ങൾക്ക് ഉണ്ടാകുന്നു. അദൃശ്യമായ ഈ വെർച്ചൽസൗഹൃദങ്ങളിൽ ഇടയ്ക്ക് രണ്ട് ഗാഡ്ജെറ്റുകൾ അവരെ മറയ്ക്കുകയോ അല്ലെങ്കിൽ മറവു നൽകി എന്ന പ്രതീതി സൃഷ്ടിക്കുകയോ ചെയ്യുന്നു. സൗഹൃദസമൃദ്ധിയിൽ ഇവർ നൽകുന്ന പ്രതീതി ഇങ്ങനെയാണ്. Everything is great and we are all friends and nothing is wrong here. മൊബൈലിലെ ഒരു ടച്ച് അല്ലെങ്കിൽ മൗസിലെ ഒരു ക്ലിക്ക് മാത്രമാണ് ലൈക്ക്. അത് ശാശ്വതസൗഹൃദമായി കരുതുന്നവർക്ക് കാര്യങ്ങൾ അത്ര ലളിതമല്ല എന്ന് ബോധ്യപ്പെടുമ്പോഴാണ് നിരാശയുണ്ടാകുന്നത്. സോഷ്യൽ സൈറ്റിലെ അക്കൗണ്ടിലുള്ള ബന്ധസാധ്യതകളിൽ നിന്ന് ഇവരുടെ പ്രകൃതത്തിലെ സങ്കീർണതകളും സാഹസയാത്രകൾക്കുള്ള താൽപര്യവും മനസ്സിലാകും. ഒറ്റ, വിവാഹിതർ എന്നിവ കൂടാതെതന്നെ അത് സങ്കീർണമാണ്. ക്ഷണമോ നിരാസമോ എന്ന് വ്യക്തമാകാത്ത ഈ സാധ്യത ഏകാകികളെ പെട്ടെന്ന് ആകർഷിക്കുന്നു.

▶ യഥാർത്ഥ സത്വം തിരിച്ചറിയാതെയുള്ള വെർച്വൽ സൗഹൃദങ്ങൾ

ശീലങ്ങൾ സംസ്കാരത്തിന്റെ വലിയ പൽചക്രങ്ങൾ ആണെന്ന് വില്യം ജെയിംസ് പറഞ്ഞിട്ടുണ്ട്. മനുഷ്യനെ മുന്നോട്ടോ പിന്നോട്ടോ കൊണ്ടുപോകാൻ കഴിവുള്ള നിഷ്ഠയാണ് ദിനചര്യ. കുട്ടിക്കാലത്ത് ശീലങ്ങൾ ഉണ്ടാക്കിയെടുക്കാനും ദുശ്ശീലങ്ങളിൽ മാറ്റം വരുത്താനും എളുപ്പം കഴിയും. എന്നാൽ ചൊട്ടയിലെ ശീലങ്ങളിലൂടെ അഴിക്കാനാവാത്തവിധം നമ്മുടെ ഭാവി തുന്നിയെടുക്കുകയാണ് ചെയ്യാറുള്ളത്. ഡിജിറ്റൽ ശീലങ്ങൾ പലവിധത്തിലുണ്ട്. സാധാരണയായി ചില സ്ഥിരംസങ്കേതങ്ങളിൽ മനസ്സുറപ്പിക്കാതെ കറങ്ങി നടക്കുന്നവരാണ് കൂടുതൽ അംഗങ്ങളും. പ്രത്യക്ഷമായ ബന്ധങ്ങൾ ഒന്നുമില്ലാത്ത ചിലയിടങ്ങളിൽ പ്രത്യേകതാളത്തിൽ സന്ദർശനം നടത്തി ഡിജിറ്റൽ സംഗീതിക നിർമ്മിക്കുന്നവരുണ്ട്. അവിടെയെല്ലാം സ്വന്തം കൂട്ടുകാർ ഉണ്ടോ എന്നൊക്കെ തിരഞ്ഞുനടക്കുന്നവരാണിക്കൂട്ടർ. ചെറിയരീതിയിലുള്ള ഭാവി പരിപാടികളൊക്കെ സൂചിപ്പിച്ച് തിരിച്ചുവന്നുള്ള സഞ്ചാരം ഭാവ

▶ ശീലങ്ങൾ സംസ്കാരത്തിന്റെ വലിയ പൽചക്രങ്ങൾ

നയുടെ ആവശ്യമില്ലാത്ത ഒരു കറങ്ങിനടപ്പായി കാണാം. ഒരു വിഭാഗം ആൾക്കാർ ജോലി അല്ലെങ്കിൽ തങ്ങളുടെ കലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇവയെല്ലാം വികസിപ്പിച്ചെടുക്കുന്നതിനായി പതിവായി സമൂഹമാധ്യമങ്ങളിൽ നിശ്ചിതസമയം ചിലവഴിക്കാറുണ്ട്.

ഡിജിറ്റൽ സാങ്കേതികവിദ്യയിലെ പെരുമാറ്റശീലങ്ങളെക്കുറിച്ച് പഠിച്ച അമേരിക്കൻ സോഷ്യോളജിസ്റ്റ് ആണ് ഷെറി ടർക്കിൾ. ഡിജിറ്റൽ ഓൺലൈൻ പ്ലാറ്റ്ഫോമുകളെ 'സ്വത്വത്തിന്റെ കളിക്കളങ്ങൾ' എന്നാണ് അവർ വിശേഷിപ്പിച്ചത്. ഒരാൾക്ക് യഥാർത്ഥസ്വത്വം മറച്ചുവെച്ച് ആ സ്വത്വവുമായി ഒരു സാദൃശ്യവും ഇല്ലാത്ത ഒരാളായി മാറാൻ ഡിജിറ്റൽ മാധ്യമത്തിലൂടെ കഴിഞ്ഞിരുന്നു. ബാഹ്യലോകത്തിന്റെ ബുദ്ധിമുട്ടിക്കുന്ന ഇടപെടലുകൾ ഇല്ലാതെ പരിശ്രമമില്ലാതെ നമ്മുടെ രൂപവും ആകാരവും എല്ലാം വ്യാജമായി സൃഷ്ടിക്കാൻ ഇതിലൂടെ കഴിയുന്നു. സ്ത്രീക്ക് പുരുഷനോ പുരുഷന് സ്ത്രീയോ ആകാനുള്ള സ്വാതന്ത്ര്യം ഇതിലുണ്ട്. കണ്ണിന്റെ, തലമുടിയുടെ, ശരീരഭാരത്തിന്റെ അങ്ങനെ എല്ലാം ഏതു രീതിയിൽ വേണമെങ്കിലും നിർണയിക്കാനുള്ള സ്വാതന്ത്ര്യം ഇത് കൈകാര്യം ചെയ്യുന്നവർക്ക് ലഭിക്കുന്നു.

- ഷെറി ടർക്കിളിന്റെ നിരീക്ഷണങ്ങൾ

ലോകപ്രശസ്തരായ എഴുത്തുകാരും ശാസ്ത്രജ്ഞരും സാങ്കേതികവിദഗ്ധരും രാഷ്ട്രീയപ്രമുഖരും ഭരണാധികാരികളും തൊഴിലാളികളും വിദ്യാർത്ഥികളും എന്ന് വേണ്ട എല്ലാ വിഭാഗം ജനതയെയും ഉൾക്കൊള്ളുന്ന ജനകീയസ്വഭാവമുള്ള ആപ്പാണ് ഫേസ്ബുക്ക്. എല്ലാവർക്കും മെസഞ്ചറിൽ ഫോൺ ഉപയോഗിക്കാനുള്ള സംവിധാനവും ഇതിലുണ്ട്. സാമൂഹിക സാംസ്കാരികപ്രവർത്തകർക്ക് തങ്ങളുടെ ആശയങ്ങൾ വിശദീകരിക്കാനായി, തങ്ങളുടെ കലാസൃഷ്ടികൾ അവതരിപ്പിക്കാൻ ഫേസ്ബുക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്.

- എല്ലാ വിഭാഗക്കാർക്കും ഉപയോഗിക്കാൻ പറ്റുന്ന ജനകീയ സ്വഭാവം ഫേസ്ബുക്കിനുണ്ട്

അന്താരാഷ്ട്രപ്രശസ്തരായ എഴുത്തുകാരും രാഷ്ട്രീയനേതാക്കളും ചിന്തകരും തങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കാനായി ഉപയോഗിക്കുന്നത് നേരത്തെ ട്വിറ്റർ എന്നറിയപ്പെട്ടിരുന്ന എക്സ് പ്ലാറ്റ്ഫോമുകളാണ്. വാട്ട്സ്ആപ്പ് കൂട്ടായ്മ, ഇൻസ്റ്റഗ്രാം, പിന്റെറെസ്റ്റ് തുടങ്ങിയ ആപ്പിൽ അംഗത്വം നേടുന്നവർ സാധാരണയായി ഫേസ്ബുക്കിൽനിന്നും ഒഴിഞ്ഞു നിൽക്കുന്നുണ്ട്. ഇതിനിടെ കമ്മ്യൂണിറ്റി ആപ്പായ ക്ലബ്ബ് ഹൗസും കടന്നുവന്നു. ഈ ഓഡിയോ അധിഷ്ഠിത സോഷ്യൽ മീഡിയ ആപ്പ് തരംഗമായി മാറുകയായിരുന്നു. ഓഡിയോ ലൈവ് റൂമുകളിലൂടെ ശബ്ദം അടിസ്ഥാനമാക്കിയുള്ള ലൈവ് പ്ലാറ്റ്ഫോമാണിത്. 5000 ആളുകൾവരെയുള്ള ഓഡിയോ ലൈവ് റൂമുകളുണ്ടാകും. ഇന്ന് ലോകം ചർച്ച ചെയ്യുന്ന ഈ സമൂഹമാധ്യമകൂട്ടായ്മക്ക് പിന്നിലുള്ളത് ഒരു ഇന്ത്യൻ വംശജനാണ്. രോഹൻ സേത്ത്. ക്ലബ് ഹൗസിൽ ഒരു റൂം തുറന്നുകഴിഞ്ഞാൽ ഈ കൂട്ടായ്മയിലേക്ക് ഓഡിയൻസിനെ ക്ഷണിക്കാവുന്ന സൗകര്യമുണ്ട്. ശബ്ദത്തിലൂടെ മാത്രം ആശയവിനിമയം ചെയ്യാൻ കഴിയുന്ന ആപ്പ് ആണിത്. അപ്പപ്പോൾ ആളെ കൂട്ടുകയും ഒരു നിശ്ചിതസമയം കഴിഞ്ഞാൽ റൂം അടച്ചുപോകാൻ കഴിയുകയും ചെയ്യുന്ന സൗകര്യം ഇതിലുണ്ട്. ഒരു വിഷയം അവതരിപ്പിക്കാനും അത് ചർച്ച ചെയ്യാനും ശ്രോതാക്കൾക്ക് പ്രാസംഗികരായി മാറാനുമുള്ള അവസരം ഈ ആപ്പ് നൽകുന്നുണ്ട്.

- ആശയങ്ങൾ പങ്കുവയ്ക്കാനായി എക്സ്

ഇന്ന് പുറംലോകത്തേക്ക് നോക്കിയിരിക്കുന്ന ചെറുപ്പക്കാരുടെ തലമുറയെ ഡിജിറ്റൽ ആപ്പ് തലമുറ എന്ന് പറയാവുന്നതാണ്. തങ്ങളുടെ ജീവിതരേഖ തന്ത്രപരമായി മെനഞ്ഞെടുത്ത് അവതരിപ്പിക്കാനുള്ള സൗകര്യവും സംവിധാനങ്ങളും ആപ്പുകളിലുണ്ട്. മികച്ച ജോലി കരസ്ഥമാക്കാനുള്ള എളുപ്പവഴിയായി ഇതിനെ ഉപയോഗിക്കുന്നവരുണ്ട്. ഉയർന്നമാർക്കുകൾ കരസ്ഥമാക്കുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകൾവരെ ഇതിൽ പ്രദർശിപ്പിക്കുന്നുണ്ട്. മാത്രമല്ല സാമൂഹികസേവനത്തിന്റെയും കാരുണ്യ പ്രവർത്തനത്തിന്റെയും സർട്ടിഫിക്കറ്റുകൾ പ്രദർശിപ്പിക്കുന്നവർ ഏറെയാണ്. ഒരാളുടെ സ്വത്വം വെളിപ്പെടുത്തുന്നതുതന്നെ അയാൾ എന്ത് നിർമ്മിക്കുന്നു എന്നതനുസരിച്ചിരിക്കും. പ്രായോഗികമായി നേടാവുന്ന കാര്യങ്ങൾക്ക് മുൻതൂക്കം നൽകുക എന്നതാണ് പുതിയ തലമുറ സമൂഹ മാധ്യമങ്ങളിലൂടെ ചെയ്യുന്നത്. തികച്ചും യാന്ത്രികമായ ഒരു ശൈലിയാണ് പുതുതലമുറ ആപ്പുകളിൽ പ്രയോഗിക്കുന്നത്. മികച്ച വരുമാനമുള്ള നല്ല ജോലി, നല്ല ജീവിതപങ്കാളി തുടങ്ങിയ സ്വപ്നങ്ങളാണ് പ്രായോഗികമായി ചിന്തിക്കുന്ന ഈ തലമുറയുടെ ലക്ഷ്യം. പഴയ തലമുറയുടെ നിരാശാബോധമോ ദാർശനിക പ്രശ്നങ്ങളോ ഇല്ലാത്തവരാണ് നവതലമുറ അഥവാ ന്യൂജനറേഷൻ.

- ദാർശനിക പ്രശ്നങ്ങളില്ലാത്ത നവതലമുറ

യുവതലമുറക്ക് കരിയറിൽ കേന്ദ്രീകരിച്ചുള്ള ജീവിതവീക്ഷണംഉള്ളതുകൊണ്ട് അതിനുവേണ്ട വിശ്വാസ്യത ഉണ്ടാക്കുക എന്നുള്ളതാണ് അവരുടെ ജീവിതലക്ഷ്യം. 1967 ൽ അമേരിക്കയിലെ ബിരുദധാരികളിൽ 86 ശതമാനം ജീവിതത്തിൽ അർത്ഥപൂർണ്ണമായ ഒരു ദർശനം രൂപപ്പെടുത്തുന്നത് പ്രധാനമായി കണ്ടു. 2012- ൽ അത് 46 ശതമാനം ആയി. സമുദായബോധം കുറയുകയും വ്യക്തിബോധം ശക്തമാവുകയും ചെയ്തു. തൊഴിലാളിസമൂഹങ്ങൾ സഭാസമൂഹങ്ങൾ തുടങ്ങി പൊതുജനപങ്കാളിത്തമുള്ള സമൂഹങ്ങളിൽ ആളു കുറയുകയും ചെയ്തു. വ്യക്തി ധാർമികമായി സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ആ സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിൽ സ്വന്തംധർമ്മം കണ്ടെത്തുകയും ചെയ്തു. കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ രൂപപ്പെട്ട ഉള്ളിലേക്ക്നോക്കുന്ന കണ്ണല്ല അപരകേന്ദ്രിതമായ ദർശനമാണ് ഇന്നുള്ളത്. അപരന്റെ ജീവിതത്തിലല്ല ജീവിതനിലവാരത്തിലുള്ള താല്പര്യമാണിത് സൂചിപ്പിക്കുന്നത്. വ്യക്തികളിൽ കുടിയിരിക്കുന്ന ആത്മീയതയുടെ അളവ് അറിയാനായി മനഃശാസ്ത്രജ്ഞൻ ചെയ്യുന്ന എൻ പി ഐ എന്ന ടെസ്റ്റിൽ ചെറുപ്പക്കാരുടെ അഭിമാനബോധം രണ്ട് ദശകങ്ങളായി വർദ്ധിച്ചതായി നാം കണ്ടു. വ്യക്തിബോധം ഏറുമ്പോൾ സ്വയം കേന്ദ്രീകരിക്കുന്നു. സാമൂഹികമുന്നേറ്റങ്ങളിലും സമൂഹത്തിലെ കാരുണ്യകൂട്ടായ്മകളിലും യുവാക്കളുടെ എണ്ണം കൂടിയതുതന്നെ സ്വന്തം പ്രൊഫൈലുകളുടെ തിളക്കം വർദ്ധിപ്പിക്കാൻവേണ്ടി മാത്രമാണ് എന്നാണ് ലേഖകന്റെ നിരീക്ഷണം.

- സ്വന്തം തിളക്കം വർധിപ്പിക്കാനായി കാരുണ്യക്കൂട്ടായ്മകൾ

കൗമാരകാലം ആത്മരതിയുടെതാണ്. സെൽഫികൾ ഡിജിറ്റൽയുഗത്തിലെ പ്രധാനശൈലിയായി മാറി. ചെറുപ്പക്കാരെ കേന്ദ്രീകരിച്ച് അരങ്ങേറുന്ന റിയാലിറ്റി ഷോകളും സമാനമായ പരിപാടികളും വ്യക്തിബോധത്തിന്റെ കേന്ദ്രത്തിൽ പ്രശസ്തിയെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. യൂട്യൂബിലൂടെ പലരും താരപദവിയിലേക്ക് എത്തുകയും ധനാഗമമാർഗങ്ങൾ വർദ്ധിപ്പിക്കുകയുംചെയ്തു. സ്ഥിരമായി വെർച്വൽ ലോകങ്ങളുടെ ബന്ധനത്തിൽ കഴിയുന്നവർ സ്വന്തം ആഗ്ര

ഹങ്ങൾ എന്തെന്ന്പോലും അറിയാറില്ല. പിൽക്കാലജീവിതത്തിൽ നിരാശ നിറയുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഡിജിറ്റൽ ലോകത്തിന്റെ ആത്മരതിയുടെ അളവ് ക്രമാതീതമായി വർദ്ധിക്കുകയായിരുന്നു. സമൂഹമാധ്യമങ്ങളിലെ 80 ശതമാനത്തോളം സ്റ്റാറ്റസുകളും സ്വയം പുകഴ്ത്തലുകളുടെതായിരുന്നു. സമാനചിന്താഗതിക്കാർ പരസ്പരം സൃഷ്ടിക്കുന്ന ബന്ധങ്ങൾ ദൃഢമാക്കാനായി ആപ്പ് യുഗത്തിലെ സാധ്യതകൾ പരമാവധി ഉപയോഗിക്കുന്നുണ്ട്. വേണ്ടപ്പെട്ടവരുമായി ബന്ധം ഉറപ്പിക്കുന്ന മാധ്യമങ്ങൾക്കിടയിൽ താല്പര്യമില്ലാത്ത ബന്ധങ്ങളും കടന്നുവരുന്നുണ്ട്. ഒരു ടെക്സ്റ്റ് സന്ദേശത്തിന്റെ കൈയകലത്തിൽ വേണ്ടപ്പെട്ടവരുമായി ആശയവിനിമയം ചെയ്യുന്നത് ഹൃദയബന്ധം ഊട്ടിയുറപ്പിക്കാൻ കാരണമാകുന്നു. സായാഹ്നങ്ങളിൽ പലയിടങ്ങളിൽ ഉള്ള കൂട്ടുകാരെ സംഘടിപ്പിച്ചു പദ്ധതികൾ തീരുമാനിച്ചു മുന്നോട്ടുപോകുന്നവർക്ക് മൊബൈൽ ഫോൺ ഇല്ലാത്തപ്പോൾ അനാഥത്വവും ഒറ്റപ്പെടലും ഉണ്ടാകുന്നു. ഹൈപ്പർ കോഡിനേഷൻ കൗമാരം നേരിടുന്ന പ്രതിസന്ധിയാണ്. അവരെ ഡിജിറ്റൽലഹരിയിൽനിന്നും മുക്തമാക്കാൻ എളുപ്പത്തിൽ കഴിയാറില്ല. ഒരു ദശകംമുമ്പ് സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ നടത്തിയ കഥകളുടെ പഠനത്തിൽ രസകരമായ ചില വിവരങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഡിജിറ്റൽകാലത്തിനുമുമ്പ് വിദ്യാർത്ഥികളുടെ കഥകളിൽ മാധ്യമങ്ങൾ കടന്നു വരില്ലായിരുന്നു. ദിനപത്രം, റേഡിയോ, ടെലിവിഷൻ തുടങ്ങിയവ കഥാഗതിയിൽ മാറ്റം വരുത്തിയിരുന്നില്ല. എന്നാൽ ഡിജിറ്റൽ മീഡിയയുടെ ഇടപെടലിൽ ബന്ധങ്ങൾ ശിഥിലമാകുന്ന സന്ദർഭങ്ങൾ പുതിയ കഥകളിലുണ്ട്. സാങ്കേതികവിദ്യ കൊണ്ടുവരുന്ന വിപത്തുകളെക്കുറിച്ച് അവർ ബോധവാൻമാരാണ്. പുതിയ കഥയിൽ അവരുടെ ഛായയിലുള്ള കഥാപാത്രങ്ങൾ മാത്രമേ കാണുന്നുള്ളൂ. മൂന്ന് ദശകങ്ങൾക്കുമുമ്പ് സ്കൂൾ വിദ്യാർത്ഥികൾ എഴുതുന്ന കഥകളിൽ 30 ശതമാനം കഥാപാത്രങ്ങൾ അവരുടെതല്ലാത്ത ഛായയിൽ ആയിരുന്നു. മറ്റുള്ളവരുടെ കാഴ്ചപ്പാടിൽനിന്നും ചിന്തിക്കാനാവാത്ത മാനസികാവസ്ഥയിൽ നമ്മുടെ കൗമാരങ്ങളും എത്തിക്കൊണ്ടിരിക്കുന്നു.

- സ്വയം പുകഴ്ത്തലുകളുടെ സ്റ്റാറ്റസുകൾ

ബന്ധങ്ങൾ നിലനിർത്താനുള്ള വഴിയല്ല ആപ്പ് എന്നാണ് ഷെറിടർക്കിൾ പറയുന്നത്. നിരവധി കാര്യങ്ങൾ ഒരുമിച്ചു ചെയ്യാൻ ആപ്പുകൾ സഹായിക്കുന്നുവെങ്കിലും ബന്ധങ്ങൾ ഗാഢമാക്കാൻ കഴിയില്ല എന്ന് അവർ സ്ഥാപിക്കുന്നു. ഹൈക്കുവിന്റെ സ്ഥാനമാണ് ട്വീറ്റുകളുടെത്. രണ്ടുപേരുടെ സങ്കീർണമായ വികാരവിചാരങ്ങൾ പങ്കുവെക്കാനായി ട്വിറ്റർ അഥവാ എക്സിന് കഴിയുമോ എന്നുള്ളത് സംശയമാണ്. ആളുകളെ ശല്യപ്പെടുത്താതെ ആശയങ്ങൾ വെളിപ്പെടുത്താൻ സഹായകമാകുന്നു എന്ന ഗുണമാണ് ടെക്സ്റ്റ് മെസ്സേജുകൾക്കുള്ളത്. ബന്ധങ്ങൾ അവസാനിപ്പിക്കുന്നതും ഇപ്പോൾ ടെക്സ്റ്റിലൂടെയാണ്. മുഖത്ത് നോക്കി വേർപിരിയേണ്ടിവന്ന പഴയ തലമുറയുടെ ജീവിതാനുഭവം കൗമാരക്കാർക്ക് പ്രയാസമുണ്ടാക്കുന്നു. ഡിജിറ്റൽമാധ്യമത്തിലൂടെ എത്തുന്ന സന്ദേശങ്ങളുടെയും അപ്ഡേറ്റുകളുടെയും ബഹളത്തിനിടയിൽ മുഖംനോക്കി സംസാരിക്കാനായി യുവത്വങ്ങൾക്ക് സമയംകിട്ടാറില്ല. സന്ദേശങ്ങൾ കൈമാറുക മാത്രമല്ല ഇവിടെ നടക്കാറുള്ളത്. സന്ദേശത്തിന്റെ ഉള്ളടക്കത്തെയും രൂപത്തെയും പരിഷ്കരിക്കുന്നുമുണ്ട്. അതിൽ സർഗാത്മകതയുടെ അംശങ്ങളുണ്ട്. ജനാധിപത്യത്തിന്റെ

- പുതുതലമുറയ്ക്ക് മുഖം നോക്കി സംസാരിക്കാൻ സമയം ലഭിക്കാറില്ല

പ്രകാശം എത്താത്ത സ്ഥലങ്ങളിൽ ഓൺലൈൻ സമുദായങ്ങൾ ഒറ്റപ്പെടലിനെ ഇല്ലായ്മ ചെയ്യുന്നുണ്ട്. എവിടെയും വെറുക്കപ്പെട്ട ഗ്രൂപ്പുകൾ ഉണ്ടാകുന്നത് വികാരപരിസ്ഥിതിക്ക് ഗുണമല്ല.

▶ വംശീയാധിക്ഷേപങ്ങൾ വർദ്ധിക്കുന്നു

വംശീയാധിക്ഷേപങ്ങൾ നിറഞ്ഞതും ലൈംഗികാധിക്ഷേപം ഉള്ളതുമായ പെരുമാറ്റങ്ങൾ ഓൺലൈനിൽ വർദ്ധിക്കുന്നു. സ്ത്രീകളെ അപമാനിക്കുന്ന വിളിപ്പേരുകൾ ചില ഓൺലൈൻഗെയിംസമുദായങ്ങളിൽ നൽകുന്നുണ്ട്. ഓൺലൈൻ സെക്സിനു പകരം വെർചൽ പണം വാഗ്ദാനം ചെയ്യുകയും വെർച്ചൽലോകത്തും പുറത്തും അവരെ പിന്തുടരുകയും ചെയ്യുന്നവർ വിദേശങ്ങളിലുണ്ട്.

▶ യുവത്വം ഭാവനാത്മകമായി ആപ്പ് ഉപയോഗിക്കുന്നു

കലാവിഷ്കാരത്തിന് ആപ്പുകൾ ഉപയോഗിക്കുകയും അതുവഴി പണവും പ്രശസ്തിയും സമ്പാദിക്കുകയും ചെയ്യുന്നവർ ഇന്ന് ധാരാളമുണ്ട്. പുതിയ പരീക്ഷണങ്ങൾ നടത്തുവാനും അത് ആസ്വാദകരിലേക്ക് എത്തിക്കുവാനും അവസരം നൽകുന്ന ആപ്പുകൾ അവരുടെ ഇന്ദ്രിയഭാവനയെ പ്രചോദിപ്പിക്കുന്നു. ആപ്പ് പരിസ്ഥിതി കലാനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നു. ശാസ്ത്രം, വ്യവസായങ്ങൾ, ഹോബികൾ, കളികൾ എന്നീ മേഖലകളിൽ യുവത്വം ഭാവനാത്മകമായി ആപ്പ് ഉപയോഗിക്കുന്നുണ്ട്. ചെലവ് കുറഞ്ഞ രീതിയിൽ വീഡിയോസിനിമകൾ നിർമ്മിക്കാനും സമാനമായ കലാരൂപങ്ങൾ ആവിഷ്കരിക്കാനും ഇന്ന് ആപ്പുകളിൽ ആധുനികരീതിയിലുള്ള സാങ്കേതികവിദ്യ ലഭ്യമാണ്. എന്തായാലും ഇന്ന് ഡിജിറ്റൽമാധ്യമങ്ങൾ ഭാഷയുടെ വളർച്ചയ്ക്ക് സംഭാവന നൽകുന്നുണ്ട് എന്നുള്ളത് നിഷേധിക്കാനാവില്ല.

## ഉപസംഹാരം

ഡോ. കെ. എം. വേണുഗോപാൽ 2014-ൽ എഴുതിയ ലേഖനമാണിത്. സൈബർ മേഖല അനുദിനം വികസിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും വേഗത്തിൽ വളരുന്ന ഡിജിറ്റൽ പൊതുമണ്ഡലത്തിൽ പത്തുവർഷം മുൻപ് നാം ഉപയോഗിച്ചിരുന്ന ആപ്പുകളോ സമൂഹ്യമാധ്യമങ്ങളുടെ സങ്കല്പങ്ങളോ അല്ല സമകാലികമായി നാം കൈകാര്യം ചെയ്യുന്നത്. ഓരോദിവസവും പുതിയ ആപ്പുകളും മറ്റ് സാങ്കേതികവിദ്യകളും ഐ ടി വിദഗ്ധർ കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ അവസ്ഥയിൽനിന്ന് ലേഖനത്തിലെ ഉള്ളടക്കത്തിലേക്ക് പ്രവേശിക്കുന്നതാകും ഉചിതം.

**വൈറലാകുന്ന വ്യാജവാർത്തകൾ**

സാങ്കേതികവിദ്യകളുടെ വളർച്ച സമൂഹത്തിന്റെ നന്മകൾക്ക് വേണ്ടിയായിരുന്നു. ഇരുപത്തിയൊന്നാംനൂറ്റാണ്ടിന്റെ രണ്ടാംശതകത്തോടെ സംസ്കാരം, പരിസ്ഥിതി, കല, രാഷ്ട്രീയം ഇങ്ങനെ എല്ലാ മേഖലകളിലും നൂതനമായ ആശയങ്ങളിൽ പലതും ഉരുത്തിരിഞ്ഞുവന്നത് സമൂഹമാധ്യമങ്ങളിലൂടെയാണ്. പക്ഷേ ഇത്തരം സൈബർ ഇടങ്ങൾ സാമൂഹ്യവിരുദ്ധരുടെ ഇടപെടലുകൾ മൂലം മലിനമാകുന്നുണ്ട്. ഇക്കൂട്ടരാണ് മുൻ നിശ്ചയിച്ച പദ്ധതികളിലൂടെ സമൂഹമാധ്യമങ്ങളിൽ വ്യാജവാർത്തകൾ സൃഷ്ടിക്കു

ന്നത്. ഒരുപക്ഷേ ഇവർ വ്യാജമായി നിർമ്മിക്കുന്നതിൽ പലതും വൈകാരികമായ വിഷയങ്ങൾ ആയിരിക്കും. രാഷ്ട്രീയനേട്ടങ്ങൾക്ക് വേണ്ടിയും വ്യാജവാർത്തകൾ പടച്ചുവിടുന്നവരുണ്ട്. യുഎസ് പ്രസിഡന്റായിരുന്ന ഡൊണാൾഡ് ട്രംപിന്റെ വിജയത്തിന് കാരണം വ്യാജവാർത്തകൾ പ്രചരിച്ചതാണെന്ന് ആരോപണമുണ്ടായിരുന്നു. നമ്മുടെ രാജ്യത്തും സമൂഹമാധ്യമങ്ങളിൽ വ്യാജവാർത്തകൾ ഇപ്പോഴും പ്രചരിപ്പിക്കപ്പെടുന്നുണ്ട് .

ചില രാഷ്ട്രീയ സംഘടനകൾ സോഷ്യൽ മീഡിയയിലൂടെ വ്യാജവാർത്തകളുടെ നിർമ്മിതി ഏറെക്കാലമായി തുടരുകയാണ്. വിലയ്ക്കെടുക്കപ്പെട്ട പേജുകൾ, ന്യൂസ് പോർട്ടലുകൾ എന്ന മട്ടിൽ പെയ്ഡ് വാർത്തകൾക്കുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകൾ തുടങ്ങിയ സൈബറിടങ്ങളിലൂടെ ആയിരക്കണക്കിന് വ്യാജപ്രൊഫൈലുകൾ സംഘടനകൾക്ക് വേണ്ടി കണ്ടന്റ് ജനറേറ്റ് ചെയ്യുന്ന പ്രവണത വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കൂട്ടർ ശമ്പളം കൊടുത്തുതന്നെ വിദഗ്ധരെ നിയമിച്ച് വ്യാജവാർത്തകൾ സൃഷ്ടിക്കുകയും അത് നിമിഷം നേരം കൊണ്ട് വൈറലാക്കുകയും ചെയ്യുന്നു. അടുത്ത ദിവസങ്ങളിൽ ഈ വാർത്തകൾ സംബന്ധിച്ച് തിരുത്ത് വരുമ്പോഴേക്കും ലക്ഷക്കണക്കിന് ആളുകളിലേക്ക് ഇത് ഷെയർ ചെയ്തിട്ടുണ്ടാവാം. കോവിഡ് വൈറസ് ലോകത്തെ നിശ്ചലമാക്കിയപ്പോൾ അതിനിടെ പ്രചരിച്ച വ്യാജവാർത്തകൾ വൈറലായത് നമ്മുടെയും അനുഭവമായിരുന്നു. നമ്മുടെ രാജ്യത്ത് അടുത്ത കാലത്തുണ്ടായ വർഗീയകലാപങ്ങളുടെ മൂലകാരണങ്ങളിലൊന്ന് വ്യാജവാർത്തകളായിരുന്നു. വൈകാരികമായി അനുഭവപ്പെടുന്ന ഏതു വാർത്തകൾ നമ്മുടെ വിരൽത്തുമ്പിൽ എത്തിയാലും നാം സംയമനം പാലിക്കണം. യാതൊരു കാരണവശാലും ഈ വാർത്തകൾ ഷെയർ ചെയ്യരുത്. ഇത്തരം ഘട്ടങ്ങളിൽ അടിയന്തരമായി ചെയ്യേണ്ടത് ഇതാണ്:വാർത്തയുടെ ഉള്ളടക്കം പരിശോധിക്കുന്നതിനായി വീണ്ടും വിശ്വാസയോഗ്യമായ മറ്റു ചില വാർത്താ സ്രോതസ്സുകളിലേക്കുകൂടി നാം പ്രവേശിക്കണം. വാർത്ത സത്യമാണോ വ്യാജമാണോ എന്നത് ഉറപ്പിക്കണം. സമാനമായ പ്രതിരോധപ്രവർത്തനങ്ങളിലൂടെ മാത്രമേ ഇത്തരം നശീകരണപ്രവണതകൾ അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ.

# വിശദപഠനം

## ഡിജിറ്റൽ പൊതുമണ്ഡലത്തിലെ രാഷ്ട്രീയഹിംസകൾ

ഡോ. മീന ടി. പിള്ള

ഡിജിറ്റൽപൊതുമണ്ഡലത്തെ ക്രിയാത്മകമായ തലത്തിൽ വിഭാവനം ചെയ്യേണ്ടത് ഏത് രീതിയിലാണ് എന്ന് കേരളത്തിലെ പൗരസമൂഹം ആലോചിക്കേണ്ട കാലമാണ് ആഗതമായിരിക്കുന്നത്. നമ്മുടെ പൊതുമണ്ഡലം എന്നത് ഒരു ഇടം മാത്രമല്ല, മറിച്ച് ഒരു ജനാധിപത്യസമൂഹത്തിന്റെ ആത്മപരിശോധനകളും സ്വയംഭരണവും അടക്കം പല പ്രക്രിയകളുടെയും കൂടിച്ചേരൽകൂടിയാണ്. പൊതുവായ പ്രശ്നങ്ങൾ ചർച്ചചെയ്യാനും ആലോചിക്കാനും തീരുമാനങ്ങളിലെത്താനുമായി പല തരത്തിലുള്ള സ്വകാര്യവ്യക്തികളുടെ സംഗമഭൂമിയാണ് ഒരു പൊതുമണ്ഡലം. നമ്മുടെ ഡിജിറ്റൽ പൊതുമണ്ഡലത്തിലെ ഇടപെടലുകളെ എങ്ങനെയെല്ലാം ശാസ്ത്രീയവും ജനാധിപത്യപരവുമാക്കി മാറ്റാമെന്നും, പരസ്പരബഹുമാനത്തിലും പരസ്പരസഹിഷ്ണുതയിലും അധിഷ്ഠിതമായ കാലാവസ്ഥയിലേക്ക് എങ്ങനെ ഉയർത്താമെന്നും ചിന്തിക്കേണ്ട സമയമായി എന്ന ആശയമാണ് ലേഖനം മുന്നോട്ടുവയ്ക്കുന്നത്. മലയാളികളുടെ സാമൂഹികഇടത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഭീതിജനകമായ പ്രവണത 'പൊളിറ്റിക്കൽ ഷെയ്മിംഗ്' അഥവാരാഷ്ട്രീയാവഹേളനം എന്നു വിളിക്കാവുന്ന ഒരു സംസ്കാരമാണ് എന്നു പറയാം. എന്നാൽ യുക്തിപരമായ ഭാഷണങ്ങളുടെ ഇടവും പരസ്പരബഹുമാനത്തോടെ തമ്മിലിടപെടാനുള്ള സ്ഥലവുമായൊക്കെയാണ് നാം പൊതുമണ്ഡലത്തെ രൂപപ്പെടുത്തിയെടുക്കേണ്ടത്. ഏറ്റവും ഉച്ചത്തിൽ സംസാരിക്കുന്നവർക്കും, അധിക്ഷേപിച്ചു പരാജയപ്പെടുത്തുന്നവർക്കും കീഴടങ്ങേണ്ട ഒരു ഇടമല്ലിത്. വൈവിധ്യങ്ങൾ തമ്മിലുള്ള തുല്യതയെ അംഗീകരിക്കുന്ന ഒരിടമാവണം പൊതുമണ്ഡലമെന്നത് ആ സങ്കല്പത്തിന്റെതന്നെ മൗലികധാരണകളിലൊന്നാണ്. ആദർശാത്മകമായി നോക്കിയാൽ, ചില പ്രത്യേകഅവകാശങ്ങൾക്ക് പാത്രമായതുകൊണ്ടോ, മറ്റുള്ളവരെക്കാൾ ഉയർന്ന ബൗദ്ധികനിലവാരം പുലർത്തുന്നു എന്നു സ്വയം അഹങ്കരിക്കുന്നതുകൊണ്ടോ, മുന്തിയ സാമൂഹിക-സാംസ്കാരിക മൂലധനങ്ങളുള്ളതുകൊണ്ടോ ആർക്കും അവിടെ മേൽക്കൈ ലഭിച്ചുകൂടാ, അവരുടെ വീക്ഷണങ്ങൾക്ക് അധികസാധുതയും ലഭിച്ചുകൂടാ. പലപല സമരങ്ങളിൽക്കൂടി കീഴാളപ്രതിസമൂഹങ്ങൾ അവരുടേതായ ഇടങ്ങൾ മുഖ്യധാരാപൊതുമണ്ഡലത്തിനു സമാന്തരമായി രൂപപ്പെടുത്തുന്നുണ്ട്. അതേസമയം ഏതൊരു പൊതുഇടത്തേയും അഭിസംബോധന ചെയ്യുമ്പോൾ തുല്യതയും വൈവിധ്യവും പുലർത്തേണ്ടതായ ഒരു കരുതൽ എല്ലാവരിലും ഉണ്ടായിരിക്കേണ്ടതാണ്.

> ▶ ഡിജിറ്റൽ ഇടപെടലുകളെ എങ്ങനെ ജനാധിപത്യപരമാക്കി മാറ്റാം

ഇത്തരം വേദികളെ ഗൗരവമായി നിരീക്ഷിച്ചാൽ, സ്വന്തം ആശയങ്ങളെ അടിച്ചേൽപ്പിക്കാനുള്ള പ്രവണത ഇതിനുപിന്നിൽ ഒളിഞ്ഞുകിടപ്പുണ്ടെന്ന് കാണാം. മറ്റുള്ളവരെക്കാൾ എന്തുകൊണ്ടും ഉയർന്ന ബൗദ്ധികനിലവാരം പുലർത്തുന്നു എന്നു സ്വയം ചിന്തിച്ചുറപ്പിച്ചതുകൊണ്ടും, മുന്തിയ സാമൂഹിക-സാംസ്കാരികതകളുണ്ടെന്ന് അവകാ

ശപ്പെട്ടുകൊണ്ടും ആർക്കും അവിടെ മേൽക്കൈ ലഭിച്ചുകൂടാ, മാത്രമല്ല ഒരിക്കലും അവരുടെ വീക്ഷണങ്ങൾക്ക് അധികസാധുതയും ലഭിച്ചുകൂടാ. പലപല സമരങ്ങളിൽക്കൂടി കീഴാളപ്രതിസമൂഹങ്ങൾ അവരുടേതായ ഇടങ്ങൾ മുഖ്യധാരാപൊതുമണ്ഡലത്തിനു സമാന്തരമായി രൂപപ്പെടുത്തുന്നുണ്ട്. എന്നാൽ ഏതൊരു പൊതുവിടത്തേയും വിഭാവനം ചെയ്യുമ്പോൾ തുല്യതയും വൈവിധ്യവും അതിന്റെ അടിത്തറതന്നെയായി മാറേണ്ടിയിരിക്കുന്നു. അതിതീവ്രവും ആക്രമണപരവുമായ സ്വരം വെച്ചുപുലർത്തുന്നവർ ഇത്തരമിടങ്ങളിലെ പുതിയ ശബ്ദങ്ങളെ ഭീഷണിപ്പെടുത്തി നിശ്ശബ്ദരാക്കുന്ന ഒരു പ്രവണത ഇന്ന് പല സാമൂഹ്യമാധ്യമങ്ങളിലും കാണാനാകും. ഒരുവശത്ത്, സംഭാഷണം ഇത്രയും സ്വതന്ത്രവും ഇടനിലക്കാരില്ലാത്തതുമാകുന്ന മറ്റൊരു വേദിയുമില്ല. ഇന്റർനെറ്റ് ലഭ്യതയുള്ള ആർക്കും ഒരു പ്രൊഫൈൽ നിർമ്മിച്ച് സൂക്ഷ്മപരിശോധനകളോ സാങ്കേതികപ്രതിബന്ധങ്ങളോ ഇല്ലാതെ സ്വതന്ത്രമായി എഴുതുകയോ ബ്ലോഗ് ചെയ്യുകയോ ട്വീറ്റ് ചെയ്യുകയോ കമന്റ് ചെയ്യുകയോ ആവാം എന്നതാണ് നിലവിലുള്ള അവസ്ഥ.

- കീഴാള സമൂഹം ഇടങ്ങൾ കണ്ടെത്തുന്നുണ്ട്

സ്വന്തമായ അഭിപ്രായം രേഖപ്പെടുത്താനായി വേണ്ടവിധത്തിൽ മുന്നോട്ടുവരുന്ന സ്ത്രീകൾക്ക് പിന്തുണ ഇല്ലാത്ത നാടാണിത്. സ്ത്രീകൾക്ക് മാത്രമല്ല ന്യൂനപക്ഷങ്ങൾക്കും എൽ ജി ബി ടി സമൂഹത്തിനും പുരുഷന്മാരുടെ ഭാഗത്തുനിന്നും തിക്തമായ അനുഭവങ്ങളാണ് ഉണ്ടാകാറുള്ളത്. സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം എല്ലാ വിഭാഗങ്ങൾക്കും ഉണ്ടെന്നിരിക്കെ അതിനുള്ള സാധ്യതകൾ നിലനിർത്തുകയാണ് വേണ്ടത്. അപരന്റെ സ്വാതന്ത്ര്യത്തിന് വിഘാതമാകാതെ എങ്ങനെയെല്ലാം ഇത് വിനിയോഗിക്കാം എന്നത് പരിശോധിക്കേണ്ടതാണ്.

- സ്ത്രീകൾക്ക് പിന്തുണ ലഭിക്കുന്നില്ല

## പൊതു-സ്വകാര്യ ഇട സങ്കല്പങ്ങൾ

സാമൂഹികഇടങ്ങളിൽ മാറിയ പരിതസ്ഥിതിയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുമ്പോൾ കരുതലുകൾ ആവശ്യമായി വരുന്നു. അപരന്റെ വ്യക്തിത്വത്തെ ഇകഴ്ത്തി അവരിൽ ആധിപത്യം സ്ഥാപിക്കാനായി ശ്രമിക്കുന്നവർ വലിയ വെല്ലുവിളിയാണ് ഇത്തരം ഇടങ്ങളിൽ ഉയർത്തിക്കൊണ്ടിരിക്കുന്നത്. ഈ വേദികളിലെ പൊതു-സ്വകാര്യത സങ്കൽപ്പങ്ങൾക്ക് വ്യതിയാനം വന്ന കാലമായതിനാൽ അഭിപ്രായം രേഖപ്പെടുത്തുമ്പോൾ പുലർത്തേണ്ട ജാഗ്രതകൾ എന്തെല്ലാമാണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഫെമിനിസത്തിന്റെ രണ്ടാം തരംഗത്തിൽ ഉയർന്നുവന്ന 'സ്വകാര്യമായവയും രാഷ്ട്രീയമാണ്' (Personal is political)എന്ന മുദ്രാവാക്യംപോലും ഉൾക്കൊള്ളാൻ കഴിയാത്ത സാമൂഹികസാഹചര്യം നിലനിൽക്കുന്ന നാടാണ് നമ്മുടേത്. സമകാലികാവസ്ഥയിൽ ഈ രണ്ടു സങ്കൽപ്പങ്ങളും കൃത്യമായി നിർവചിക്കാൻ കഴിയാത്ത സങ്കീർണമായ ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. സ്വകാര്യ മണ്ഡലത്തിന്റെ കഠോരതകളാൽ മർദ്ദിതരായി തുടരുന്ന ഒരു വിഭാഗം സ്ത്രീകൾക്ക് സൈബർഇടങ്ങൾ നൽകുന്ന സ്വാതന്ത്ര്യം വിലമതിക്കാനാവാത്തതാണ്. ഈ വിഭാഗക്കാർക്ക് വൈജ്ഞാനികവും രാഷ്ട്രീയവുമായ വിജ്ഞാനം ആർജിക്കുന്നതിനും സ്ഥലം എന്ന സങ്കൽപ്പത്തെപ്പോലും വെർചൽ ആയി നിർണയിക്കാനുമുള്ള സാധ്യതകളാണ് സൈബറിടങ്ങൾ നൽകുന്നത്. ദൈനംദിനജീവിതത്തിന്റെ

- 'സ്വകാര്യമായവയും രാഷ്ട്രീയമാണ്' എന്ന മുദ്രാവാക്യം ഉൾക്കൊള്ളുന്നില്ല

രാഷ്ട്രീയത്തിൽ സ്വതന്ത്രമായ ആശയങ്ങൾ പങ്കുവയ്ക്കാനുള്ള സാധ്യതകൾ ഇതിലൂടെ സ്ത്രീകൾക്ക് കൈവന്നു.

ഇത്തരത്തിലുള്ള ഒരു മാറ്റം മുന്നോട്ടുവച്ചത് ഒരുപക്ഷേ സ്ത്രീകൾ കൂടുതലായി പങ്കാളികളാകുന്ന ഒരു പൊതുമണ്ഡലം യാഥാർത്ഥ്യമായേക്കാമെന്നുള്ള വാഗ്ദാനം നിലനിൽക്കുന്നതുകൊണ്ടാണ്. ദൈനംദിനജീവിതത്തെ പ്രത്യയശാസ്ത്രപരമായി സൂക്ഷ്മപരിശോധന നടത്താനും രാഷ്ട്രീയമായി നേരിടാനുമായി അവർ ചാറ്റ് റൂമുകൾ ഉപയോഗിച്ചുതുടങ്ങി. ഒരു പുതുതലമുറ ഫേസ്ബുക്കിലൂടെയും ടിറ്ററിലൂടെയും ദൈനംദിനജീവിതത്തിന്റെ സൂക്ഷ്മചരിത്രങ്ങൾ രചിക്കുവാൻ തുടങ്ങി. പലരുടെയും ലിംഗപരമായ ആശങ്കകളിൽ ഊന്നിയാണ് സദാചാരപോലീസിങ്ങിന് എതിരെയുള്ള വലിയൊരു വിമത ചർച്ച കേരളത്തിൽ ഉയർന്നുവന്നത്. സ്ത്രീകളുടെ ഭൗതികമായ ചലന സാധ്യതകൾ സെൻസർ ചെയ്യപ്പെട്ട കേരളത്തിൽ ഇത്തരത്തിലുള്ള ഒരു വെർച്വൽചലന സാധ്യത പ്രാവർത്തികമാകുന്നത് നാം കണ്ടു.

ദൈനംദിനജീവിതത്തിൽ സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ടിരുന്ന ബഹുസ്വരമായ ജനാധിപത്യവേദികളിൽ വെർച്വൽ മാധ്യമങ്ങളിലൂടെ ഇടപെടാൻ കഴിഞ്ഞു എന്നുള്ളത് എടുത്തുപറയേണ്ട സംഗതിയാണ്. തങ്ങളെ ബന്ധനസ്ഥരാക്കിയിരിക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും തന്ത്രങ്ങളെയും അട്ടിമറിക്കാനും സ്വത്വരൂപീകരണങ്ങളെ എതിർക്കാനും ഇതിനെല്ലാമുപരി നിരന്തരമായി വിമർശനാത്മകസമീപനം സ്വീകരിക്കാനും ഇത്തരം വെർച്വൽവേദികൾ സാധ്യമാക്കിക്കൊടുത്തു. ഇത്തരമൊരു സാഹചര്യത്തിൽ സ്വകാര്യ-പൊതു വിഭജനങ്ങൾക്കിടയിൽ കല്പിക്കപ്പെടുന്ന ഉറച്ച ദ്വന്ദ്വങ്ങളെ നിരസിക്കുന്ന ഒന്നായി സൈബറിടത്തെ സൈദ്ധാന്തികമായി നിരീക്ഷിക്കുന്നത് നന്നായിരിക്കും. മേൽക്കോയ്മ പ്രത്യയശാസ്ത്രങ്ങളെയും അധികാരശ്രേണികളെയും അട്ടിമറിക്കുന്ന അർത്ഥങ്ങൾ നിർമ്മിക്കുകയും അവയ്ക്കിടം നൽകുകയും ചെയ്യുന്ന ഒരു മൂന്നാമിടമാണ് സൈബർലോകം എന്ന് ഈ ലേഖനത്തിലൂടെ ചൂണ്ടിക്കാണിക്കപ്പെടുന്നു.

- ▶ സ്ത്രീകൾക്ക് വെർച്വൽ മാധ്യമങ്ങളിൽ ഇടപെടാൻ കഴിഞ്ഞു

നേരത്തെ സൂചിപ്പിച്ചതുപോലെ ഡിജിറ്റൽ പൊതുഇടങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന ചില പ്രവണതകൾ ഉണ്ട്. അതെക്കുറിച്ച് ലേഖനത്തിൽ ഇങ്ങനെ കുറിക്കുന്നു. 'ഭൗതികസ്ഥലങ്ങളിൽ തങ്ങളുടെ വിദ്വേഷം വിളമ്പാൻ പറ്റാത്തവർക്ക് ഇത്തരത്തിൽ ചേക്കേറാനും മറ്റുള്ളവരുടെ വിധികർത്താക്കളാകാനും അന്യരെപ്പറ്റി ഹീനമായ തരത്തിൽ അഭിപ്രായങ്ങളുന്നയിക്കാനുമുള്ള അവകാശവും അധികാരവുമുള്ള ഇടങ്ങളാണോ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നു നമ്മൾ ഇനിയെങ്കിലും ആലോചിക്കേണ്ടിയിരിക്കുന്നു. ചരിത്രപരവും സാംസ്കാരികവുമായ ആധിപത്യങ്ങൾ സൃഷ്ടിച്ച ദ്വന്ദങ്ങൾക്കപ്പുറത്തേയ്ക്ക് അറിവുകളെയും പ്രക്രിയകളെയും കൊണ്ടുപോകാൻ പ്രാപ്തമാണ് സൈബർ പൊതുമണ്ഡലമെന്ന സങ്കല്പം. മനസ്സും ശരീരവും തമ്മിലുള്ള വിഭജനത്തെ തിരുത്തിയെഴുതിയ സൂസൻ ബോർഡോയുടെ (Susan Bordo) നിരീക്ഷണങ്ങൾപോലെയോ സാങ്കേതികതയും ജൈവികതയും തമ്മിലുള്ള അതിർവരമ്പുകളെ വെല്ലുവിളിച്ച ഡോണ ഹാരവേയുടെ (Donna J. Haraway) ആശയങ്ങൾപോലെയോ ആണിത്'

- ▶ സൈബർ പൊതുമണ്ഡലം അറിവുകളെ വ്യാപിപ്പിക്കണം

എന്നാൽ ഇതിന്റെ മറുവശംകൂടി പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്, പൂർവ്വാധികം ശക്തമായ നിരീക്ഷണവ്യവസ്ഥകളും, ഓൺലൈൻ-ഓഫ്‌ലൈൻ മർദ്ദനതന്ത്രങ്ങൾ സ്വയം കൈയ്യേല്ക്കുന്ന വരെയുമാണ്. നിലവിലിരിക്കുന്ന പുരുഷാധിപത്യഘടനകളുടെ വിശദാംശങ്ങൾ പരിശോധിച്ചാൽ വെർച്വൽ പൊതുമണ്ഡലത്തിലേക്കും അത് കടന്നുകയറുന്നതായി കണ്ടെത്താനാവും. ഓഫ് ലൈനിലൂടെയുള്ള അധികാരശ്രേണികൾ എന്നറിയപ്പെടുന്ന വർഗ്ഗം, ലിംഗഭേദം തുടങ്ങിയവയുടെ പ്രതിഫലനം ഓൺലൈനിൽ സ്ഥാപിതമായതായി വെളിപ്പെടുന്നു. നാളത്തെ സാങ്കേതികവിദ്യകൾ നിലവിലിരിക്കുന്ന അധികാരശ്രേണികളെ നിലംപരിശാക്കാം എന്ന മാർഷൽ മക്‌ലൂഹന്റെ അഞ്ചു പതിറ്റാണ്ടിനുമുമ്പുള്ള പ്രവചനം പൂർണമായും യാഥാർത്ഥ്യത്തിൽ എത്തിയിട്ടില്ല. ഡിജിറ്റൽ പൊതുമണ്ഡലത്തിന് പലതരത്തിലുള്ള പ്രയോജനങ്ങളും ഉണ്ടായെന്നിരിക്കെ ഡിജിറ്റൽ വിഭജനം അതിൽ പ്രതിഫലിച്ചേക്കാം എന്നും വരേണ്യമായ ചർച്ചകളിലേക്ക് അത് നീളുമെന്നും ഉള്ള വസ്തുത ഇന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

- നാളെയുടെ സാങ്കേതിക വിദ്യകൾ അധികാരശ്രേണികളെ നിലം പരിശാക്കും

സൈബർലോകം നൽകുന്ന ചലനാത്മകതകളെപ്പറ്റിയും ജനാധിപത്യവൽക്കരണം പ്രാവർത്തികമാക്കാനുള്ള അതിന്റെ ശക്തിയെപ്പറ്റിയും നാം വാചാലരാകുമ്പോൾ ഓർക്കേണ്ട മറ്റു ചില സംഗതികളുണ്ട്. പൊതുഇടങ്ങളിലെ ഹിംസയുടെയും അധികാരത്തിന്റെയും ശക്തികൾ സമാനമായ ഒരു മണ്ഡലത്തിന്റെ പ്രവർത്തനത്തെ ആകെ അട്ടിമറിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു. വിയോജിപ്പിന്റെയും വിമർശനങ്ങളുടെയും ഏതുതരത്തിലുള്ള ശ്രമങ്ങളും പുതുതായി രൂപപ്പെട്ട നിരീക്ഷണവ്യവസ്ഥകൾക്കും സൈബർ ഫാസിസത്തിനും വിധേയമാക്കപ്പെടുന്നുണ്ട്.

- പൊതുഇടങ്ങളിലെ ഹിംസയും അധികാരവും

നമ്മുടെ നാട്ടിൽ സമൂഹമാധ്യമങ്ങളിൽ പൊതുവേ കാണപ്പെടുന്ന പ്രവണതകൾ അന്യരുടെ അഭിപ്രായങ്ങളോടും ആശയങ്ങളോടും അസഹിഷ്ണുത പ്രകടിപ്പിച്ചുകൊണ്ട് സ്വയം വിധികർത്താക്കൾ ആയി മാറുന്നതും അവരെ അധിക്ഷേപിച്ചുകൊണ്ട് പോസ്റ്റുകൾ ഇടുന്നു. ഭൗതികഇടത്തിൽനിന്നും ഇതിനെതിരായി പ്രവർത്തിച്ചാൽ നടപടികൾ ഉണ്ടായെന്ന് ഭയന്ന് സ്വാഭാവികമായും പുലഭ്യംപറയൽ പോലുള്ള സംഗതികൾ ഇന്ന് ഒഴിവാക്കപ്പെടുന്നു എന്നൊരു പ്രത്യേകതയുമുണ്ട്. പൊതുഇടങ്ങളിൽ സമാനമായ രീതിയിൽ നടത്താറുള്ള ഹീനമായ അഭിപ്രായങ്ങളും വാക്കുകളും ഉന്നയിക്കാനുള്ള ഇടങ്ങൾ ആണോ ഡിജിറ്റൽമണ്ഡലങ്ങൾ എന്നത് പുനർവിചിന്തനം നടത്തേണ്ട ആവശ്യകതയെക്കുറിച്ച് ലേഖനത്തിൽ ഊന്നിപ്പറയുന്നു. അത്തരത്തിലുള്ള കടന്നുകയറ്റങ്ങളെ പ്രതിരോധിക്കാനായി സമൂഹമാധ്യമ ഇടങ്ങളിലെ സ്ത്രീസമൂഹത്തിന്റെ സമാനമായ കമ്മ്യൂണിറ്റികൾക്ക് കഴിയുന്നുഎന്നുള്ളത് ഒരു നേട്ടമാണ് എന്നതും മറ്റൊരു വസ്തുതയാണ്.

- സൈബർ കടന്നുകയറ്റങ്ങളെ പ്രതിരോധിക്കുന്നു

ഡിജിറ്റൽ പൊതുഇടങ്ങളിൽ കാലാകാലങ്ങളായി സംഭവിക്കുന്ന പൊതുവായ പ്രവണതകൾക്കെതിരെ പ്രതിരോധം തീർക്കുക എന്ന തരത്തിലാണ് ലേഖനം വികസിക്കുന്നത്. നിലവിലുള്ള സൈബർ അതിക്രമങ്ങൾക്കും കടന്നുകയറ്റംപോലെയുള്ള അഭിപ്രായങ്ങൾക്കും വിലക്കുകൾ കൊണ്ടുവരാനുള്ള ചില ശ്രമങ്ങൾ സ്ത്രീകളുടെ കമ്മ്യൂ

- പൊതുവായ പ്രവണതകൾക്കെതിരെ പ്രതിരോധം തീർക്കുക

ണിറ്റിയിൽനിന്നും വികസിച്ചുവരുന്നത് ആശാവഹമാണ്.

സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് സ്വതന്ത്രമായി വിനിമയം ചെയ്യാനായി നിരവധി കൂട്ടായ്മകൾ ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. അതേസമയം കഴിഞ്ഞുപോയ നൂറ്റാണ്ടുകളിലെ സ്വത്വപരമായ പിന്തിരിപ്പൻ ആശയങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ലിംഗഭേദപരമായ ഇത്തരം ആശയങ്ങളുടെ പ്രകാശനം ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ഒളിഞ്ഞും തെളിഞ്ഞും ഇന്നും കാണപ്പെടുന്നു. ഒരു പ്രത്യേക രാഷ്ട്രീയസ്വത്വത്തിലേക്ക് അവരെ ഒതുക്കാനും പുരുഷമേധാവിത്വശക്തികൾ ശ്രമിക്കുന്നു. ലേഖനം ഇങ്ങനെ തുടരുന്നു.'ഷെയ്മിംഗ് പോലെതന്നെ അപലപനീയമായ, പൊളിറ്റിക്കൽ ഷെയ്മിംഗ് അഥവാ രാഷ്ട്രീയാവഹേളനം എന്ന ഒരു സംസ്കാരം വളർന്നുവരുന്നതിലേയ്ക്കാണ് ഇത്തരം പ്രവണതകൾ വിരൽചൂണ്ടുന്നത്. ഇതൊരു തരം മൈക്രോഫാസിസം അഥവാ സൂക്ഷ്മ ഫാസിസം തന്നെയാണ്.ഫാസിസത്തെപ്പറ്റി സംസാരിക്കാൻ മലയാളികൾക്കിഷ്ടമാണ്. പക്ഷേ തങ്ങളുടെ വ്യക്തിഗത സംഭാഷണത്തിൽ കടന്നുവരുന്ന ഫാസിസത്തിന്റെ സൂക്ഷ്മപ്രവർത്തനങ്ങളെ കാണാൻ അവർക്കു കഴിയുന്നില്ല.' ഫ്രാൻസിലെ പ്രമുഖചിന്തകരായ ദെല്യൂസ്, ഗത്താരി എന്നിവർ (Gilles Deleuze, FWplix Guattari) ചൂണ്ടിക്കാണിക്കുന്നതുപോലെ, ഫാസിസമെന്നത് പുറത്തുനിന്നുവരുന്ന ഒന്നല്ല, മറിച്ച് നമ്മുടെ മാനസികഘടനയിൽ ഉൾച്ചേർന്നിരിക്കുന്ന ചില ആഗ്രഹങ്ങളാണ് നിലപാടുകളായി പുറത്തുവരുന്നത്.

▶ പൊളിറ്റിക്കൽ ഷെയിമിംഗ് സൂക്ഷ്മ ഫാസിസം തന്നെ

'പലപ്പോഴും പൊളിറ്റിക്കൽ ഷെയ്മിംഗിന്റെ അന്തർധാരകളിലൊന്നായി സ്ലട്ട്-ഷെയ്മിംഗ് അഥവാ ലൈംഗികാധിക്ഷേപവും നിലനില്ക്കുന്നുവെന്നു പറയേണ്ടിവരും. ഒരു പ്രത്യേകരാഷ്ട്രീയപ്പാർട്ടിയുടെ ഭാഗമായി മാത്രമേ ഒരു സ്ത്രീയ്ക്ക് നിലകൊള്ളാനാകൂ എന്നു പറയുമ്പോൾ ആ പാർട്ടിയുടെ പുരുഷനിയന്ത്രിതധൈഷണികവേദികൾക്ക് സ്വയം അടിയറവെച്ചവളും അതിനാൽ പരുവപ്പെടുത്തപ്പെട്ടവളുമാണ് ആ സ്ത്രീ എന്ന സൂചന ഇത്തരം വാദങ്ങളുടെ ഉപപാഠങ്ങളിലൊന്നായി നമുക്കു കാണാൻ കഴിയും. രീതികളും വാക്കുകളും വ്യത്യസ്തമാണെങ്കിലും സ്ലട്ട്-ഷെയ്മിംഗിന്റെ മറ്റൊരു രൂപമാണ് ഈ വാദമുഖങ്ങളെന്നു പറയേണ്ടിവരും. പാർട്ടി അധിഷ്ഠിതമായ ചിന്താഗതികൾക്ക് തന്റെ ധിഷണയെയും നിലപാടുകളെയും അടിയറവെച്ചവളാണ് രാഷ്ട്രീയധാരകളോടു ചേർന്നുനില്ക്കുന്ന സ്ത്രീകൾ എന്ന ധ്വനിയാണ് രാഷ്ട്രീയാവഹേളനത്തിൽ കാണാൻ കഴിയുന്നത്. ഇതു സ്ത്രീപുരുഷ ഭേദമെന്യെ കേരളത്തിന്റെ പൊതുമണ്ഡലത്തിൽ കാണുന്ന ഒരു പ്രവണതയാണ്. എന്നാൽ ഇന്നും സ്ത്രീകളുൾപ്പെടെ പലരും വിഷലിപ്തപൗരുഷം വമിക്കുന്ന പദപ്രയോഗങ്ങൾ ചർച്ചാവേദികളിൽ വീണ്ടും വീണ്ടും ഉപയോഗിക്കുന്നു എന്നത് നമ്മുടെ കുടിലമനസ്സുകൾക്കുനേരെ പിടിച്ച കണ്ണാടിയാണ്. അപരരെ ധ്വംസിക്കുന്ന തരത്തിൽ ഉന്നയിക്കുന്ന ആരോപണങ്ങളെ സാധൂകരിക്കാൻ ഒരാൾക്ക് യാതൊരു തെളിവും നിരത്തേണ്ടിവരുന്നില്ല എന്നതാണ് രാഷ്ട്രീയാവഹേളന സംസ്കാരത്തിന്റെ മറ്റൊരുവശം.'

▶ ചർച്ചാ വേദികളിൽ സ്ത്രീ വിരുദ്ധപദങ്ങൾ പ്രയോഗിക്കുന്നു

ബോഡി ഷെയ്മിങ് എന്നതുപോലെതന്നെ അപരരെ അവഹേളിക്കാനായി പ്രയോഗിക്കുന്ന ഒരു പ്രവണതയാണ് പൊളിറ്റിക്കൽ ബുള്ളിയിംഗും ഷെയ്മിങ്ങും സമ്മിശ്രമായി ചേർത്ത് പ്രയോഗിക്കുന്നത്. സ്വ

ന്തം സാങ്കല്പികനേട്ടങ്ങളെ പുകഴ്ത്തുകയും അവരുടെ നേട്ടങ്ങളെ അവഹേളിക്കുകയുംചെയ്യുന്ന അധികാരപ്രയോഗമാണ് ഇത്. പതിവായിചെയ്യുന്ന വിദ്വേഷഭാഷണങ്ങൾ ഭാഷയെയും അധികാരശ്രേണിയെയും നെഗറ്റീവ് ആയ തലത്തിൽ ചൂഷണം ചെയ്യുന്നവയാണ്. ലേഖനം ഇങ്ങനെ തുടരുന്നു. ഉത്തേജിപ്പിക്കാവുന്ന ഭാഷണം (Excitable Speech, 1997) എന്ന പുസ്തകത്തിൽ ഫെമിനിസ്റ്റ് തത്വചിന്തകയായ ജൂഡിത്ത് ബട്ട്ലർ (Judith Butler) വിദ്വേഷഭാഷണത്തെ വിളിക്കുന്നത് ഭാഷാപരമായ മുറിവ് (a linguistic injury) എന്നാണ്. ഒരു പേരിനാൽ വിളിക്കപ്പെടുക എന്നതാണ് ഒരാൾ ആദ്യമായി പരിചയപ്പെടുന്ന ഭാഷാപരമായ മുറിവുകളിലൊന്ന്.'' ബട്ട്ലർ ഈ ആശയങ്ങൾ കടമെടുക്കുന്നത് മേരി മെറ്റ്സുഡയുടെ (Mary Matsuda) "മുറിവേല്പിക്കുന്ന വാക്കുകൾ'' (Words that Wound) എന്ന പുസ്തകത്തിൽനിന്നാണ്. വിദ്വേഷഭാഷണങ്ങൾ പ്രകടനാത്മകമാണെന്ന സിസെക്കിന്റെ (Slavoj Žižek) ആശയത്തോടും ഇതു ചേർന്നുനില്ക്കുന്നു. ശ്രോതാക്കളുടെ മുകളിൽ പ്രവർത്തിക്കുന്ന ഒന്നു മാത്രമല്ല വിദ്വേഷഭാഷണം, മറിച്ച് അഭിസംബോധന ചെയ്യപ്പെടുന്നയാളുടെ സാമൂഹികനിലയെ രൂപപ്പെടുത്തുന്ന ഒന്നുംകൂടിയാണത്. കീഴ്ത്തട്ടിലുള്ളവരെ അടിച്ചമർത്തുന്ന ഒന്നാണ് ഇത്തരം ഭാഷണങ്ങൾ.'

> ▶ മേരി മെറ്റ് സുഡയുടെ 'മുറിവേല്പിക്കുന്ന വാക്കുകൾ'

ത്യാഗങ്ങളുടെയും സഹനങ്ങളുടെയും ശ്രമഫലമായി സ്ത്രീകൾ നേടിയെടുക്കുന്ന സാമൂഹികപദവിക്ക് വഴിയൊരുക്കിയത് പുരുഷനാണെന്നൊരു അവകാശവാദം നിലനിൽക്കുന്നുണ്ട്. 'അവൾ തിരിച്ചു വീട്ടിലേയ്ക്കുപോകട്ടെ, എഴുതാതിരിക്കട്ടെ, സംസാരിക്കാതിരിക്കട്ടെ' എന്നു മുദ്ര കുത്തുന്നതരം സ്വഭാവരീതി പുരുഷാധിപത്യ സമൂഹത്തിൽനിന്നും ഉടലെടുക്കുന്നുണ്ട്. ഇങ്ങനെ എല്ലാ തരത്തിലുമുള്ള സ്ത്രീവിരുദ്ധത വികസിക്കുന്ന ദേശമാണ് നമ്മുടെ സംസ്ഥാനം. ഹിംസാത്മകമായ വാദങ്ങൾ ഉന്നയിക്കുന്ന ഒരു വിഭാഗത്തോട് കൂറുപുലർത്തുന്ന ഭൂരിപക്ഷസമൂഹം നമുക്കിടയിലുണ്ട്. പ്രമുഖ ഫെമിനിസ്റ്റ് ആയ സാറ അഹമ്മദ് 2004ൽ എഴുതിയ തന്റെ ഗ്രന്ഥത്തിൽ ചില വാദങ്ങൾ ഉയർത്തുന്നുണ്ട്. തങ്ങൾ പരിശീലിക്കുന്ന പെരുമാറ്റരീതികളെയും ധാരണകളെയും മനുഷ്യർ മറ്റുള്ളവരിലേയ്ക്കു പകർത്തുന്നത് എങ്ങനെയാണെന്നും വൈകാരികമായ ഒരു സംഗതി മറ്റൊരു വികാരത്തിൽ പ്രതിഫലിപ്പിക്കുന്നത് എങ്ങനെയെല്ലാമാണെന്ന് വികാരാത്മകവിനിമയങ്ങൾ (affective economics) എന്ന ഗ്രന്ഥത്തിൽ പറയുന്നു. സാറയുടെ ആശയത്തെക്കുറിച്ച് ഈ ലേഖനത്തിലെ ഒരു ഉദ്ധരണി വീണ്ടും ഇവിടെ ചേർത്തുകൊണ്ട് അവലോകനം ഉപസംഹരിക്കാം. 'ഉദാഹരണമായി അവർ ഉയർത്തിക്കാട്ടുന്നത് ആര്യൻ നേഷൻസ് വെബ്സൈറ്റ് പ്രസിദ്ധീകരിച്ച ഒരു കുറിപ്പാണ്. സ്വന്തം വംശവെറിയെയും വിദ്വേഷത്തെയും സാധൂകരിക്കാനായി തങ്ങളുടേത് വിദ്വേഷമല്ല, മറിച്ച് ദേശസ്നേഹമാണെന്ന് അവർ പ്രസ്താവിക്കുന്ന ഒരു കുറിപ്പ്. അഹമ്മദിനെ സംബന്ധിച്ചിത്തോളം വെറുപ്പെന്ന വികാരം സാമ്പത്തികവും സാമൂഹികവുമായ ഒരു വിനിമയംകൂടിയാണ്. ഇവിടെ ഒരു വ്യക്തി സ്വന്തം അസ്തിത്വത്തെ ഭ്രമാത്മകമായ ഒരു തലത്തിലേയ്ക്ക് ഉയർത്തുകയും, ആ ഭ്രമത്തെ മുറിവേല്പ്പിക്കുന്ന ഒന്നായി അപരരെ കാണുകയും ചെയ്യുന്നു. വേദനയുടെ ഈ വ്യവഹാരത്തിനകത്ത്, അന്യരോടുള്ള

> ▶ ആര്യൻ നേഷൻസ് വെബ് സൈറ്റിന്റെ വംശവെറിയുടെ കുറിപ്പ്

വെറുപ്പ് അവർ പ്രകടനാത്മകമായി സാധൂകരിക്കാൻ ശ്രമിക്കുന്നു. വെറുപ്പിന്റെ ഈ രാഷ്ട്രീയത്തിലേർപ്പെടുമ്പോഴും മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിക്കുമ്പോഴും, തുല്യതാവ്യവഹാരങ്ങൾക്കായി നിലകൊള്ളുന്നവരാണ് തങ്ങളെന്ന് ഇവർ സ്വയം പ്രഖ്യാപിക്കുകയും ചെയ്യുന്നുവെന്നതാണ് ഏറെ രസകരം.

**ഡിജിറ്റൽ ഇടങ്ങളിൽ വനിതകൾക്കായി സമ്പാദ്യങ്ങൾക്ക് അവസരം**

സാമൂഹ്യനീതിക്ക് ഊന്നൽ നൽകിക്കൊണ്ട്, ഇൻറർനാഷണൽ ലേബർ ഓർഗനൈസേഷന്റെ (ILO) സോഷ്യൽ ഫിനാൻസ് പ്രോഗ്രാം രണ്ട് പ്രധാന ലക്ഷ്യങ്ങൾ അഭിസംബോധന ചെയ്തുകൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾക്ക് വരുമാനസ്രോതസ്സുകൾ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളെ ഐക്യരാഷ്ട്രസഭ പിന്തുണയ്ക്കുന്നു. മെച്ചപ്പെട്ട തൊഴിൽ പ്രോത്സാഹിപ്പിക്കുക, അധ്വാനിക്കുന്ന പാവപ്പെട്ടവരുടെ ദുരിതങ്ങൾക്ക് അറുതി വരുത്തുക തുടങ്ങിയവയാണ് ലക്ഷ്യം. മറ്റ് മാർഗ്ഗങ്ങളിലൂടെ, ദീർഘകാല അടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് വിവിധ തരത്തിലുള്ള സാമ്പത്തികസഹായങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകുന്നു. സാമ്പത്തികസേവനദാതാക്കളുടെ (എഫ്എസ്പി) മാനേജർമാരുടെ ശേഷി കാര്യക്ഷമമാക്കുന്നതിനായി ILO ഇടപെടുന്നു. അതിന്റെ ഇൻറർനാഷണൽ ട്രെയിനിംഗ് സെൻററുമായി (ഐടിസി ഐഎൽഒ) സംയുക്തമായി രണ്ട് പതിറ്റാണ്ടുകളായി മാനേജ്മെന്റ് പരിശീലന പാഠ്യപദ്ധതി വികസിപ്പിക്കുകയും സ്ത്രീകളെ പരിശീലിപ്പിക്കുകയും ചെയ്യുന്നു.

ലോകമെമ്പാടും ഉയർന്ന തോതിലുള്ള കുടിയൊഴിപ്പിക്കലിന് സാക്ഷ്യം വഹിക്കുന്ന നൂറ്റാണ്ടാണിത്. നിർബന്ധിതമായി കുടിയൊഴിപ്പിക്കപ്പെട്ട ജനസംഖ്യയുടെ (എഫ്ഡിപി) എണ്ണം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, കൂടാതെ കുടിയൊഴിപ്പിക്കൽപ്രവണത ദീർഘകാലം നീണ്ടുനിൽക്കുകയുംചെയ്യുന്നു. ഈ സാഹചര്യത്തിൽ പൊതുപങ്കാളിത്തത്തിന് കീഴിൽ, നാല് വർഷത്തെ സ്കീമുകളിൽ നിന്ന് (2019-2023) വനിതകൾ പരിശീലനംനേടുകയും ILOയുടെ നെതർലാൻഡ്സിലെ വിദേശകാര്യ മന്ത്രാലയം, മറ്റ് നാല് പങ്കാളികൾ (IFC, UNHCR, UNICEF, WB) എന്നിവരാൽ സംരംഭകരെ സാമ്പത്തികമായി പിന്തുണക്കുകയും ചെയ്യുന്നു. കൂട്ടായ്മയിൽ ഇടപെടുന്ന പ്രാദേശികസ്ഥാപനങ്ങളും വികസനപ്രവർത്തകരുടെ പങ്കാളിത്തത്തിലൂടെ, ഒരു പുതിയ മാതൃക കണ്ടെത്തുന്ന ശ്രമങ്ങളിൽ പങ്കുചേരുന്നു. ഐക്യരാഷ്ട്ര സംഘടനയുടെ പ്രധാനലക്ഷ്യങ്ങളിലൊന്ന് ഡിജിറ്റൽ സേവനങ്ങളിലൂടെ സ്ത്രീസ്വാശ്രയത്വവുംശാക്തീകരണവും കൂടുതൽ സുഗമമാക്കേണ്ടതുണ്ട് എന്ന് തന്നെയാണ്.

## Summarised Overview

സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം ആകെ ജനസംഖ്യയുടെ 34 ശതമാനത്തോളം ആണ്. സാക്ഷരത നേടിയവരിൽ ഏകദേശം പകുതിയോളം ജനങ്ങൾ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നു എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇരുപത്തിയൊന്നാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ലോകജനത ഒന്നടങ്കം ഇൻറർനെറ്റിന്റെ സ്വാധീനവലയത്തിൽപ്പെടുകയുണ്ടായി. ഇൻറർനെറ്റിന്റെ വ്യാപനം മനുഷ്യബന്ധത്തിന്റെ ഒരു പരിവർത്തന കാലഘട്ടമായി അടയാളപ്പെടുത്താം. തുടക്കത്തിൽ അക്കാദമികമായ കാര്യങ്ങൾക്കും സർക്കാർ ഉപയോഗത്തിനും മാത്രമായി പരിമിതപ്പെടുത്തിയിരുന്ന ഇന്റർനെറ്റ്, സാങ്കേതിക മുന്നേറ്റങ്ങൾ ഉണ്ടായപ്പോൾ അതിദ്രുതം ലോകമെമ്പാടും വ്യാപിച്ചു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റിയുടെ വ്യാപനവും കൊണ്ട്, വെർച്വൽ ആശയ വിനിമയവും വിനോദ പ്ലാറ്റ്ഫോമുകളും ആഗോളതലത്തിൽ തന്നെ വലിയ മാറ്റങ്ങൾ കൊണ്ട് വന്നു.

ഇൻറർനെറ്റ് ആക്സസ് കൂടുതൽ വ്യാപകമായപ്പോൾ, ആശയവിനിമയത്തിനുള്ള തടസ്സങ്ങൾ ഇല്ലാതായി. അതിർത്തികൾക്കപ്പുറത്ത് ഉടലെടുക്കുന്ന അഭൂതപൂർവമായ ആശയങ്ങളുടെയും സംസ്കാരങ്ങളുടെയും വിനോദത്തിന്റെയും കൈമാറ്റം എളുപ്പമായി. . വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകൾക്ക് ഭൂമിശാസ്ത്രപരമായ അതിരുകളും സാംസ്കാരിക വ്യത്യാസങ്ങളും മറികടന്ന് തത്സമയം ബന്ധപ്പെടാൻ കഴിയുന്നതിലേക്കു കാര്യങ്ങൾ എളുപ്പമായി. വിനിമയ രീതിയിലെ ഈ ആഗോളവത്കരണം അക്ഷരാർത്ഥത്തിൽ വലിയ വിപ്ലവം സൃഷ്ടിച്ചു മുന്നേറുന്നു. . ഇത് മുമ്പൊരിക്കലും സങ്കൽപ്പിക്കാനാവാത്ത അളവിൽ അറിവും അനുഭവങ്ങളും കാഴ്ചപ്പാടുകളും പരസ്പരം പങ്കിടാൻ സഹായിക്കുന്നു. കൂടാതെ, ഇൻറർനെറ്റിന്റെ വിപുലീകരണം വിർച്വൽ കമ്മ്യൂണിറ്റികളുടെ ആവിർഭാവത്തിന് വഴിയൊരുക്കി. അവിടെ താൽപ്പര്യമുള്ള വ്യക്തികൾക്ക് അവരുടെ ഭൗതിക സ്ഥാനമോ ഔദ്യോഗിക പദവിയോ പരിഗണിക്കാതെ ഒരുമിച്ച് ചേരാനാകും. ഈ ഓൺലൈൻ കമ്മ്യൂണിറ്റികൾ സർഗ്ഗാത്മകതയ്ക്കും സഹകരണത്തിനും സാംസ്കാരിക വിനിമയത്തിനുമുള്ള കേന്ദ്രങ്ങളായി മാറി. ആഗോള വ്യവഹാരത്തെ ഇത് സമ്പന്നമാക്കുകയും കൂട്ടായ സ്വത്വങ്ങളെ രൂപപ്പെടുത്തുകയും ചെയ്യുന്നു.

ഒരു പ്രധാന ആശയവിനിമയ ഉപകരണത്തിൽ നിന്ന് സർവ്വവ്യാപിയായ ആഗോള ശൃംഖലയിലേക്കുള്ള ഇൻറർനെറ്റിന്റെ പരിണാമം, ഭൂഖണ്ഡങ്ങളിലുടനീളം ഉള്ള സമൂഹത്തിനെ ആകമാനം ബന്ധിപ്പിക്കാനും ആശയവിനിമയം നടത്താനും ഒരു പുതുലോകം സൃഷ്ടിക്കാനും വ്യക്തികളെ പ്രാപ്തരാക്കുകയാണ്. ഇന്ന് നാം വസിക്കുന്ന പരസ്പരബന്ധിതമായ ഈ ലോകത്തിന് അത് അടിത്തറയിടുകയും ചെയ്തു. മെച്ചപ്പെട്ട ഇൻറർനെറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവിർഭാവം വെർച്വൽ ആശയവിനിമയത്തിന്റെയും വിനോദ പ്ലാറ്റ്ഫോമുകളുടെയും ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ഉത്തേജനം നൽകി. ആളുകൾ എങ്ങനെ ഇടപഴകുകയും മീഡിയ ഉപയോഗിക്കുകയും ചെയ്യുന്നു എന്നതിൽ അത് വലിയ വിപ്ലവം സൃഷ്ടിച്ചു. ഇൻറർനെറ്റ് പ്രവേശനത്തിനും ഉപഭോഗത്തിനുമുള്ള തടസ്സങ്ങൾ കുറഞ്ഞതോടെ, തൽക്ഷണ സന്ദേശമയയ്ക്കൽ, പൊതു സേവനങ്ങൾ മുതൽ ഓൺലൈൻ ഗെയിമിംഗ് കമ്മ്യൂണിറ്റികൾ, സോഷ്യൽ മീഡിയ നെറ്റ്വർക്കുകൾ, വീഡിയോ സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകൾ വരെ അസംഖ്യം ഉപയോഗ സാധ്യതകൾ ഉയർന്നുവന്നു.

ഈ പ്ലാറ്റ്ഫോമുകൾ വ്യക്തികൾക്ക് തത്സമയസംഭാഷണങ്ങളിൽ ഏർപ്പെടാനും മൾട്ടിമീഡിയ ഉള്ളടക്കം പങ്കിടാനും സഹകരിച്ചുള്ള അനുഭവങ്ങളിൽ പങ്കെടുക്കാനും കഴിയുന്ന വെർച്വൽ ഹബ്ബുകളായി മാറി. സുഹൃത്തുക്കളുമായും കുടുംബാംഗങ്ങളുമായും ബന്ധം സ്ഥാപിക്കുകയോ സമാനചിന്താഗതിക്കാരായ വ്യക്തികളുമായി ഇടപഴകുകയോ അല്ലെങ്കിൽ വി

നോദത്തിന്റെ പുതിയ രൂപങ്ങൾ ആസ്വദിക്കുകയോ ചെയ്യുന്നത് സാധാരണമായി. ശാരീരിക പരിമിതികളെ മറികടക്കുന്ന ഒരു ഡിജിറ്റൽ ലാൻഡ്സ്കേപ്പിൽ ഉപയോക്താക്കൾ മുഴുകാൻ തുടങ്ങി. കൂടാതെ, വെർച്വൽ ആശയവിനിമയത്തിന്റെയും വിനോദ പ്ലാറ്റ്ഫോമുകളുടെയും അഭിവൃദ്ധി ആഗോളതലത്തിൽ സംസ്കാരങ്ങളുടെയും ആശയങ്ങളുടെയും കൈമാറ്റം സുഗമമാക്കി. ഓൺലൈൻ ഇടപെടലുകളിലൂടെ, വ്യക്തികൾ വ്യത്യസ്ത വീക്ഷണങ്ങൾ, ആചാരങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയിൽ പുതിയ ഉൾക്കാഴ്ചകൾ നേടി, അന്തർസംസ്കാരധാരണകൾ ഉണ്ടാക്കിയെടുത്തു.

കൂടാതെ, ഉപയോക്താക്കൾ സൃഷ്ടിച്ച ഉള്ളടക്കത്തിന്റെയും പങ്കാളിത്ത സംസ്കാരത്തിന്റെയും ഉയർച്ച വ്യക്തികളെ അവരുടേതായ രീതിയിൽ സ്രഷ്ടാക്കളും സമൂഹത്തെ സ്വാധീനിക്കുന്നവരുമാകാൻ പ്രാപ്തമാക്കി. യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ഫേസ്ബുക് തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴി ഏതൊരാൾക്കും അവരുടെ സ്വന്തം കഴിവിലൂടെ പുതിയ ഉള്ളടക്കം സൃഷ്ടിക്കാനും പങ്കിടാനുമുള്ള ടൂളുകളും പ്ലാറ്റ്ഫോമുകളും ഉണ്ടായി. കോമഡിസ്കിറ്റുകളും പാചക ട്യൂട്ടോറിയലുകളും മുതൽ സൗന്ദര്യനുറുങ്ങുകളും വിദ്യാഭ്യാസ വീഡിയോകളും വരെ, ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ഉപയോക്താക്കൾ അവരുടെ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള വേദി കണ്ടെത്തുകയും ചെയ്തു. വ്ളോഗുകളും പോഡ്കാസ്റ്റുകളും മുതൽ ലൈവ് സ്ട്രീമുകളും സോഷ്യൽ മീഡിയ പോസ്റ്റുകളും വരെ വിനിയോഗിച്ച്, ഉപയോക്താക്കൾ അവരുടെ കഥകളും കഴിവുകളും അഭിപ്രായങ്ങളും ലോകമെമ്പാടുമുള്ള പ്രേക്ഷകരുമായി പങ്കിട്ടു. ചുരുക്കത്തിൽ, ഇൻറർനെറ്റ് വിപുലീകരണത്താൽ പ്രചോദിതമായ വെർച്വൽ കമ്മ്യൂണിക്കേഷൻ, വിനോദ പ്ലാറ്റ്ഫോമുകളുടെ വ്യാപനം, വിവരങ്ങൾ, വിനോദം, സാമൂഹിക ബന്ധങ്ങൾ എന്നിവയിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിച്ചു. ഡിജിറ്റൽ യുഗത്തിൽ നാം എങ്ങനെ ആശയവിനിമയം നടത്തുന്നു, സഹകരിക്കുന്നു, വിനോദിക്കുന്നു എന്നതിനെ അത് പുനഃക്രമീകരിച്ചുകൊണ്ടിരിക്കുന്നു. മൊബൈൽ ആപ്പുകൾ വഴി യുവതലമുറ ആനന്ദത്തിൽ ആറാടി. മൊബൈൽ ആപ് എന്നത് പ്രധാനമായും ഒരു സോഫ്റ്റ്‌വെയർ പ്രോഗ്രാമാണ്. ആപ്ലിക്കേഷൻ എന്നതിന്റെ ചുരുക്കെഴുത്താണ് ആപ്പ്. ദിനപത്രങ്ങൾ വായിക്കാനും അവരവരുടെ ആചാരമനുസരിച്ച് പ്രാർത്ഥിക്കാനും ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്താനും അവ ഉപയോഗിക്കുന്നു. ഓൺലൈനിൽ സാധനങ്ങൾ വാങ്ങാനും വിൽക്കാനും മാത്രമല്ല വിവിധകളികളിൽ മുഴുകാനും ഇന്ന് ആപ്പുകൾ നിലവിലുണ്ട്. നമുക്കൊരു ആവശ്യം വന്നാൽ എത്രയും പെട്ടെന്ന് അത് പൂർത്തീകരിക്കാനായി ആപ്പുകളുടെ സേവനം ലഭ്യമാകുന്നു.

ഡിജിറ്റൽ മാധ്യമങ്ങൾ ജനതയുടെ സർഗ്ഗശേഷിയെ വികസിപ്പിക്കുന്നതിൽ നിർണായകമായ പങ്കുവഹിക്കുന്നു എന്നത് നിഷേധിക്കാനാവാത്ത വസ്തുതയായിരുന്നു. വാട്സാപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയും യുവാക്കൾ തങ്ങളുടെ കലാഭിരുചിയും സ്വത്വനിർമ്മിതിയും വികസിപ്പിക്കുന്നു. ഫെയ്സ്ബുക്ക് പോലുള്ള ആപ്പിലൂടെ ഒരു വിഭാഗം തങ്ങളുടെ തൊഴിൽ മേഖലയിലേക്ക് കടക്കുന്നതിനുമുമ്പുള്ള പ്രൊഫൈൽ നിർമ്മിതിയിൽ കേന്ദ്രീകരിച്ചു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലെ പുതിയ ആപ്പുകൾ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കംകുറിച്ചു. അപ്പോഴും ഒരു വിഭാഗം നല്ല ജോലി കിട്ടാനുള്ള ഉപാധിയായി ഡിജിറ്റൽമാധ്യമങ്ങളെ ഉപയോഗിച്ചു. തങ്ങളുടെ സാമൂഹിക സേവനത്തിന്റെയും കാരുണ്യപ്രവർത്തനത്തിന്റെയും സാക്ഷ്യപത്രങ്ങൾ അവർ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ പ്രദർശിപ്പിക്കുകയായിരുന്നു. ജീവിതവീക്ഷണം ഉള്ളതുകൊണ്ട് കരിയറിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള യുവതലമുറ അതിനുവേണ്ട വിശ്വാസ്യത ഉണ്ടാക്കുക എന്ന അവരുടെ ജീവിതലക്ഷ്യത്തിലേക്ക് നീങ്ങി. മനുഷ്യർ പരസ്പരമുള്ള ബന്ധങ്ങൾ ദൃഢമാക്കാനും അവസാനിപ്പിക്കാനും തന്ത്രപരമായി ആപ്പുകൾ ഉപയോഗിച്ചിരുന്നു. അതേസമയം വംശീയഅധിക്ഷേപം ഉള്ളതും ലൈംഗിക ആക്ഷേപം ഉള്ളതുമായ പെരുമാറ്റങ്ങൾ ഒരുകാലത്ത് ഓൺലൈനിൽ സജീവമായിരുന്നു. ഓൺലൈൻ സെക്സ് ആസ്വദിക്കാനായി വലിയൊരു വിഭാഗം ജനത മുന്നിലുണ്ടായിരുന്നു.

ഡോ. മീന ടി. പിള്ളയുടെ ഡിജിറ്റൽ പൊതുമണ്ഡലത്തിലെ രാഷ്ട്രീയ ഹിംസകൾ കേരളത്തിലെ ഡിജിറ്റൽപൊതുഇടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ അവലോകനം ചെയ്യുകയാണ് ലേഖനം. നിലവിലുള്ള പുരുഷമേധാവിത്വത്തിന്റെയും വരേണ്യതയുടെയും കടന്നുകയറ്റത്തെ പ്രതിരോധിക്കുകയാണ് ലേഖിക. നാം മാധ്യമസാക്ഷരതയിലും രാഷ്ട്രീയബോധത്തിലും മുന്നിലാണെങ്കിലും കേരളത്തിലെ സമകാലിക ഡിജിറ്റൽ പൊതുമണ്ഡലത്തിൽ പുരുഷാധിപത്യം നിലനിർത്താൻ പല ശ്രമങ്ങളും നടക്കുന്നുണ്ട്. ഇന്ന് ഓഫ്‌ലൈനിൽ വ്യാപകമായി കാണപ്പെടുന്ന സ്ത്രീകൾക്കെതിരായ പൊതു പ്രവണതകൾ എല്ലാംതന്നെ ഓൺലൈനിലും കാണപ്പെടുന്നു. വിമർശനത്തിന്റെ ഏതുശ്രമങ്ങളുമാകട്ടെ പുതിയതരം വ്യവസ്ഥകൾക്കും സൈബർ ഫാസിസത്തിനും വിധേയമാക്കപ്പെടുന്നുണ്ട്. ഡിജിറ്റൽ പൊതുമണ്ഡലത്തിലെ ഇടപെടലുകളെ മാന്യവും ജനാധിപത്യപരവുമാക്കി മാറ്റേണ്ടതിന്റെയും ലിംഗഭേദമില്ലാതെ സഹിഷ്ണുതയിൽ അധിഷ്ഠിതമായ ഒന്നായി ഡിജിറ്റൽ പൊതുമണ്ഡലത്തെ ഉയർത്തേണ്ടതിന്റെയും അനിവാര്യതയെ കുറിച്ച് ചർച്ച ചെയ്യുന്നു.

സമൂഹമാധ്യമങ്ങൾ ഉൾപ്പെടെയുള്ള സൈബർ ഇടങ്ങളിലെ ഇടപെടലുകളെ എങ്ങനെയെല്ലാം മാന്യവും ജനാധിപത്യപരവുമാക്കി മാറ്റാമെന്നും, പരസ്പരബഹുമാനത്തിൽ, ചുരുങ്ങിയത് പരസ്പരസഹിഷ്ണുതയിലെങ്കിലും അധിഷ്ഠിതമായ ഒന്നായി എങ്ങനെ ഉയർത്താമെന്നും ചിന്തിക്കേണ്ട സമയത്തെക്കുറിച്ച് ബോധം ഉണർത്തിക്കേണ്ട അവസരമാണിത്. സാമൂഹ്യഇടങ്ങളിൽ ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്ന സ്ത്രീവിരുദ്ധതയെയും ജെൻഡർ അധിക്ഷേപത്തെയും തുറന്നുകാട്ടുകയാണിവിടെ. സ്ത്രീസമൂഹം വ്യാപരിക്കുന്ന സൈബറിടങ്ങളിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന വിദ്വേഷങ്ങളെയും ആക്രമണങ്ങളെയും നേരിടാനുള്ള മാർഗങ്ങൾ ഏതെല്ലാം വിധത്തിൽ എങ്ങനെയെല്ലാം പ്രയോഗത്തിൽ എത്തിക്കാമെന്ന് ആലോചിക്കാനുള്ള സമയം ആസന്നമായിരിക്കുന്നു. സൈബറിടങ്ങളിലെ സ്വാതന്ത്ര്യം നിഷേധിക്കുന്ന പ്രവണതകൾ ക്കെതിരെയും സ്ത്രീവിരുദ്ധതയുടെ പ്രയോഗങ്ങൾക്കെതിരെയുമുള്ള രാഷ്ട്രീയത്തെക്കുറിച്ച് ചിന്തകരുടെയും ഫെമിനിസ്റ്റുകളുടെയും സിദ്ധാന്തങ്ങളും ലേഖനത്തിൽ ഉദ്ധരിക്കുന്നുണ്ട്. ഈ മേഖലയിൽ പൊതുവേ നാം അനുഷ്ഠിക്കുന്ന ചില പൊതുമര്യാദകൾ ലംഘിക്കപ്പെടുമ്പോഴാണ് പ്രശ്നങ്ങളുയരുന്നത്. 'സ്വകാര്യത' 'പൊതുത്വം' തുടങ്ങിയ സങ്കല്പങ്ങളുടെ പൊതുഇടങ്ങളിലെ വ്യാഖ്യാനങ്ങൾ ഏതെല്ലാം മാനദണ്ഡങ്ങളനുസരിച്ചാണെന്ന് ലേഖനം അന്വേഷിക്കുന്നുണ്ട്.

## Assignments

1. ആഗോള വിനിമയശൃംഖല എന്നതുകൊണ്ടർത്ഥമാക്കുന്നതെന്ത് -വിശദമാക്കുക
2. വെർച്വൽ വിനിമയരംഗത്തെ വിജ്ഞാനപ്രദവും വിനോദകരവുമായ സാധ്യതകളെന്തെല്ലാം - വിലയിരുത്തുക
3. സമൂഹമാധ്യമത്തിന്റെ സ്വതന്ത്ര വ്യവഹാരരീതിയും വിനിമയ സ്വഭാവവും വിലയിരുത്തുക
4. പത്രം, ടെലിവിഷൻ, റേഡിയോ എന്നീ മാധ്യമങ്ങളുടെ സൈബർസ്പേസിലേക്കുള്ള വ്യതിയാനം വിശദീകരിക്കുക
5. ഓൺലൈൻ ചാനലുകളുടെ വ്യവഹാരരീതിയും വിനിമയസ്വഭാവവും വിലയിരുത്തുക
6. ന്യൂസ്പോർട്ടലുകളുടെ വിനിമയസ്വഭാവവും പ്രത്യേകതകളും വ്യവഹാരവും വിശദീകരിക്കുക

7. പുതുമാധ്യമസംസ്കാരത്തിൽ സ്മാർട്ട് ഫോൺ, ഒ.ടി. ടി. പ്ലാറ്റ്ഫോം എന്നിവയുടെ സ്വാധീനം അപഗ്രഥിക്കുക
8. വൈറൽ എന്ന ജനപ്രിയ സംസ്കാരത്തെക്കുറിച്ച് ചർച്ച ചെയ്യുക
9. ഗ്ലോബൽ വില്ലേജിൽ നിന്നും ഡിജിറ്റൽ പൊതുമണ്ഡലത്തിലേക്കുള്ള പരിണാമത്തെപ്പറ്റി ചർച്ച ചെയ്യുക
10. ഡിജിറ്റൽ മുതലാളിത്തത്തിന്റെ രാഷ്ട്രീയ സമ്പദ്ഘടനയെക്കുറിച്ച് വിലയിരുത്തുക

## Suggested Reading


1. ടി.കെ. സന്തോഷ്, കുമാർ മലയാള ടെലിവിഷൻ ചരിത്രം, കേരള മീഡിയ അക്കാദമി, കൊച്ചി.
2. ഷാജി ജേക്കബ്, ജനപ്രിയസംസ്ക്കാരം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. ഡോ. ജോസ് കെ മാനുവൽ, സൈബർ ആധുനികത മലയാളം, ഗ്രീൻ ബുക്സ്, കോട്ടയം
4. പി.പി. രവീന്ദ്രൻ, സംസ്കാരത്തിന് ഒരു ആമുഖം, ഡി.സി. ബുക്സ്, കോട്ടയം.


## Reference


1. കെ.എം. വേണുഗോപാൽ, ആപ് ജലധിയിൽ കൗമാരഭാവന, ഭാഷാപോഷിണി.
2. ഡോ. മീന ടി. പിള്ള, ഡിജിറ്റൽ പൊതുമണ്ഡലത്തിലെ രാഷ്ട്രീയ ഹിംസകൾ, ട്രൂകോപ്പി തിങ്ക്
3. Marshal Mc Luhan - *The Gutenberg Galaxy*.
4. Marshall Mc Luhan - *Understanding Media*.
5. Kelli Fuery - *New Media: Culture and Image*.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

മാധ്യമപഠനം

COURSE CODE: M21ML01DE

SGOU

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-967271-2-3